

# എന്റെ എഴുത്തിന്റെ ചരിത്രം

ജോൺ കച്ചിറമറ്റം

# എന്റെ
# എഴുത്തിന്റെ ചരിത്രം

**ജോൺ കച്ചിറമറ്റം**

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
**കോട്ടയം ജില്ല, കേരള – 686651**
ഫോൺ 04822 261102
Mob: 9447662076

(Malayalam)

# ENTE EZHUTHINTE CHARITHRAM

By

**JOHN KACHIRAMATTAM**

First Edition
31.10.2016

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342, jofra007@yahoo.com
Printed at
Penta offset, Kottayam
Price Rs.150/-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686651

MALANKARA
LIBRARY

# എന്റെ അൻപതു പുസ്തകങ്ങൾ

| വർഷം | പുസ്തകത്തിന്റെ പേര് | പ്രസിദ്ധീകരണ തീയതി | പേജ് |
|---|---|---|---|
| 1966 | എം.ഒ. ജോസഫ് ലഘുചരിത്രം | 1966 | 40 |
| 1986 | എ.കെ.സി.സി. ലഘുചരിത്രം | 1986 | 48 |
| 1998 | ഓശാനാ ഗവേഷണങ്ങളുടെ തനനിറം | 01.09.98 | 84 |
| 2000 | ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും | 31.10.2000 | 556 |
| 2001 | കേരളസഭാരത്നങ്ങൾ | 31.10.2001 | 1180 |
| 2002 | ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ | 28.07.2002 | 268 |
| 2004 | കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം | 03.01.2004 | 268 |
| | പ്രസിഡന്റിന്റെകത്തുകൾ | 10.03.2004 | 172 |
| | പാപ്പായുടെ നാട്ടിൽ | 12.06.2004 | 172 |
| | തച്ചിൽ മാത്തുത്തരകൻ | 31.10.2004 | 276 |
| | തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ | 28.12.2004 | 616 |
| 2006 | നായർ ഈഴവ ഐക്യം | 14.04.2006 | 148 |
| | കേരളസഭാ പ്രതിഭകൾ | 30.05.2006 | 1458 |
| 2007 | വലിയ കപ്പിത്താനും ദേവസഹായം പിള്ളയും | 31.10.2007 | 64 |
| | ഇടിമുഴക്കം കേട്ടതെപ്പോൾ | 31.10.2007 | 88 |
| | നിധീരിക്കലച്ചനും ജാത്യൈകസംഘവും | 28.12.2007 | 84 |
| | കാത്തലിക് ഗ്രീവൻസസ് | 28.12.2007 | 180 |
| 2008 | വിമോചന സമരം ഒരു ആമുഖം | 31.07.2008 | 134 |
| | യേശുക്രിസ്തു മോസ്കോവിലോ? | 31.07.2008 | 66 |
| | അൽമായരും കാലികപ്രശ്നങ്ങളും | 14.10.2008 | 144 |
| | തടവറയിലെ വടക്കനച്ചൻ | 30.12.2008 | 108 |
| | പനമ്പള്ളി പദ്ധതി സത്യമെന്ത് | 30.12.2008 | 132 |
| 2009 | ചവിട്ടുകൊട്ടയിൽ നിന്നുംസത്യം ഉയർത്തെഴുന്നേൽക്കും | 31.10.2009 | 50 |
| 2010 | ശ്രീ. ബി. വെല്ലിംഗ്ടൺ | 28.12.2010 | 388 |
| | വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും | 28.12.2010 | 128 |
| | അണികളെ ആവശ്യമുണ്ട് | 28.12.2010 | 100 |
| | കേരളം ചുവന്നതെങ്ങനെ | 28.12.2010 | 128 |
| 2011 | ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ | 15.03.2011 | 218 |
| | എം.ഒ. ജോസഫ് നെടുങ്കുന്നം | 26.06.2011 | 220 |
| 2012 | സത്യത്തിന് നേരെ കണ്ണടയ്ക്കരുത് | 31.10.2012 | 34 |

| | | | |
|---|---|---|---|
| | സമുദായസ്നേഹികളെ ഉണരുക | 10.03.2012 | 110 |
| | എം.എം. വർക്കി | 20.09.2012 | 364 |
| | അവിസ്മരണീയ വ്യക്തികൾ അപൂർവ്വസംഭവങ്ങൾ - ഒന്നാംഭാഗം | 20.09.2012 | 212 |
| 2013 | ഡോ.എം.എം. ജേക്കബ്ബ് | 15.08.2013 | 60 |
| | ബാരിസ്റ്റർ ജോർജ്ജ് ജോസഫ് | 20.09.2013 | 256 |
| | സാർവ്വത്രിക സൂനഹദോസുകൾ | 18.10.2013 | 144 |
| | ഷറാന്ദായിലെ പൗലോസ് അപ്പസ്തോലൻ | 12.11.2013 | 140 |
| | ഹെന്ദോ ഇന്ത്യയിലെ സഭ | 18.12.2013 | 144 |
| | അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ - രണ്ടാംഭാഗം | 28.12.2013 | 186 |
| | വിദ്യാഭ്യാസ സമരം കേരളത്തിൽ | 30.12.2013 | 200 |
| 2014 | ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം | 01.06.2014 | 132 |
| | സമുദായസംഘടനകളുടെ നാൾവഴികൾ | 05.11.2014 | 116 |
| | കുഞ്ഞിത്തൊമ്മൻ വർഗ്ഗീയവാദിയോ | 28.12.2014 | 56 |
| | എന്റെ കലഹവും സംവാദവും-ഒന്നാംഭാഗം | 28.12.2014 | 166 |
| | എന്റെ കലഹവും സംവാദവും-രണ്ടാംഭാഗം | 28.12.2014 | 166 |
| 2015 | ടി.ജെ. സാർ | 26.01.2015 | 264 |
| | കുടിയേറ്റ മേഖലയിലെ സൂര്യതേജസ്സ് | 29.04.2015 | 192 |
| | മാർകരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും | 26.01.2015 | 68 |
| | അഡ്വ. ജിജി സെബാസ്റ്റ്യൻ | 05.08.2015 | 164 |
| | പുനരൈക്യസ്മരണാകിരണങ്ങൾ | 20.09.2015 | 252 |
| 2016 | എന്റെ എഴുത്തിന്റെ ചരിത്രം | 31.10.2016 | 182 |
| | ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും വിപുലീകരിച്ച പതിപ്പ് | 31.10.2016 | 672 |
| | കുനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ ഒരു പഠനം | 31.10.2016 | 164 |
| | എന്നെ വഴിനടത്തിയവർ | 10.03.2017 | |

**ഡോ. കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ**

1. Homilies and Reflections (Part I)
2. Homilies and Reflections (Part II)
3. Why American youth Turn to Budha
4. Evolution in the human concept of God
5. Re-discovery of India
6. Catholic Eastern Churches
7. Prepare the way of the Lord
8. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
9. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ

# സമർപ്പണം



നിർഭയനായ ചരിത്രകാരൻ മോൺ. തോമസ് വടശ്ശേരിയുടെ
പാവനസ്മരണയ്ക്ക്
(ഉപസംഹാരം പേജ് 181 കാണുക)

## ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാസമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.*

*1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.*

*1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ലഭിച്ചു. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ലും കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ഗുരുപൂജാ അവാർഡും നവജീവപരിഷത്തിന്റെ അത്ലേത്താ ദ ഹെന്ദോ എന്ന പുരസ്കാരവും ചെറുപുഷ്പമിഷൻലീഗിന്റെ കുഞ്ഞേട്ടൻ പുരസ്കാരവും ഫാ മൗറീഷ്യസ് & ഫാ. ആന്റണി കാക്കനാട് മെമ്മോറിയൽ അവാർഡ് 2014-ലും ലഭിച്ചു. ആകെ 26 അവാർഡുകൾ.*

*തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.*

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ ........ 9
ആമുഖം ........ 11
അവതാരിക - റവ. പ്രൊഫ. മാത്യു വാണിശ്ശേരി ........ 12
ആസ്വാദനം-ശ്രീ.ബൻസ് ആളൂക്കാരൻ, തൃശൂർ ........ 15

ഒന്നാംഭാഗം

1. എഴുത്തിന്റെ ചരിത്രം ........ 17
2. പത്രപ്രവർത്തനത്തിൽ ........ 25
3. ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ ........ 29

രണ്ടാംഭാഗം

4. ആദ്യകാല ഗ്രന്ഥങ്ങൾ ........ 34
5. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും ........ 36
6. കേരളസഭാ രത്നങ്ങൾ ........ 43
7 കേരളസഭാരത്നങ്ങൾ - രണ്ടാംഭാഗം ........ 50
8. കേരള സഭാ പ്രതിഭകൾ ........ 51
9. ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ ........ 56
10. ഇടിമുഴക്കം കേട്ടതെപ്പോൾ ........ 58
11. ഷെവ. കുഞ്ഞിത്തൊമ്മൻ വർഗ്ഗീയവാദിയോ? ........ 60
12. തച്ചിൽ മാത്തുത്തരകൻ ........ 64
13. വേലുത്തമ്പിയും കുണ്ടറവിളംബരവും ........ 71
14. എം.എം. വർക്കി ........ 74
15. ബി. വെല്ലിംഗ്ടൺ ........ 78
16. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ........ 81
17. എം.ഒ. ജോസഫ് നെടുങ്കുന്നം ........ 84
18. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും ........ 86
19. തടവറയിലെ വടക്കനച്ചൻ ........ 88
20. അവിസ്മരണീയ വ്യക്തികൾ ഒന്നാംഭാഗം ........ 90
21. അവിസ്മരണീയ വ്യക്തികൾ രണ്ടാംഭാഗം ........ 93
22. ഡോ. കച്ചിറമറ്റം ചരിത്ര സ്മൃതികൾ ........ 93
23. ചരാന്ദായിലെ പൗലോസ് അപ്പസ്തോലൻ ........ 95
24. കുടിയേറ്റ ജനതയുടെ സൂര്യതേജസ്സ് ........ 98
25. ഹൈന്ദോ ഇന്ത്യയിലെ സഭ ........ 101
26. വലിയ കപ്പിത്താനും ദേവസഹായംപിള്ളയും ........ 103
27. ഡോ.എം.എം. ജേക്കബ്ബ് ........ 106
28. ടി.ജെ. സാർ ........ 107
29. അഡ്വ. ജിജി നീലത്തുംമുക്കിൽ ........ 108
30. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം ........ 110

31. സാർവ്വത്രിക സുനഹദോസുകൾ ........ 113
32. കാത്തലിക് ഗ്രീവൻസസ് ........ 116
33. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ ........ 123
34. എന്റെ കലഹവും സംവാദവും-ഒന്നാംഭാഗം ........ 127
35. എന്റെ കലഹവും സംവാദവും-രണ്ടാംഭാഗം ........ 129
36. വിമോചനസമരം ഒരു ആമുഖം ........ 130
37. യേശുക്രിസ്തു മോസ്കോവിലോ ........ 134
38. കേരളം ചുവന്നതെങ്ങനെ? ........ 136
39. നായർ ഈഴവ ഐക്യം ........ 139
40. പാപ്പായുടെ നാട്ടിൽ ........ 144
41. അണികളെ ആവശ്യമുണ്ട് ........ 147
42. അൽമായരും കാലികപ്രശ്നങ്ങളും ........ 148
43. പ്രസിഡന്റിന്റെ കത്തുകൾ ........ 150
44. വിദ്യാഭ്യാസ സമരം കേരളത്തിൽ ........ 152
45. പനമ്പള്ളി പദ്ധതി സത്യമെന്ത്? ........ 154
46. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും ........ 157
47. ചവറ്റുകൊട്ടയിൽ നിന്നും സത്യം ഉയർത്തെഴുന്നേൽക്കും ........ 159
48. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് ........ 161
49. സമുദായ സ്നേഹികളെ ഉണരുക ........ 163
50. സമുദായസംഘടനകളുടെ നാൾവഴികൾ ........ 165
51. പുനരൈക്യസ്മരണാകിരണങ്ങൾ ഒരുപഠനം ........ 169
52. പ്രതികരണങ്ങൾ ........ 172

ഭാഗം മൂന്ന്-അച്ചടിയിലിരിക്കുന്ന ഗ്രന്ഥങ്ങൾ

53. എന്റെ എഴുത്തിന്റെ ചരിത്രം ........ 178
54. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും പരിഷ്കരിച്ച പതിപ്പ് ........ 179
55. കുനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ-ഒരുപഠനം ........ 179
56. എന്നെ വഴിനടത്തിയവർ ........ 180
57. ഉപസംഹാരം ........ 181

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമറ്റം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേറ്റ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥ മാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷക ളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യുക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈറ്റ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 59 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ജോൺ കച്ചിറമറ്റം രചിച്ച 51-ാമത്തെ ഗ്രന്ഥമാണ് എന്റെ എഴുത്തിന്റെ ചരിത്രം. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

# ആമുഖം

# പ്രീതിനോക്കാതെയും പേടികൂടാതെയും

"മാറിനിന്ന് മെത്രാന്മാരെയും സന്യാസസഭാധികാരികളെയും കുറ്റം പറയുന്നത് വലിയൊരുവിനോദമാണിന്ന്. വൈദികരപ്പെറ്റി അൽമായരും അതു തന്നെ ചെയ്യുന്നു. എന്നാൽ ബന്ധപ്പെട്ട അധികാരി നേരെ വന്നാൽ വിമർശകർ ആദരവോടെ കുമ്പിടുകയും ഉള്ളുതുറന്നു സംസാരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. അഭിപ്രായപ്രകടനത്തിനുള്ള ഈ വൈമനസ്യം സഭയ്ക്ക് ദോഷം ചെയ്യുന്നുണ്ട്. സിയാന്നായിലെ വി. കാതറിനോട് ഇവർ ശക്തിക്കും വെളിച്ചത്തിനും പ്രാർത്ഥിക്കണം. ആ വിശുദ്ധ മാർപ്പാപ്പായുടെ മുഖത്തുനോക്കി കാര്യം പറയുവാൻ തന്റേടം കാണിച്ചു."

പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന കർദിനാൾ മാർ ആന്റണി പടിയറ തന്റെ ധ്യാന പ്രസംഗത്തിൽ ഒന്നിൽ പറഞ്ഞതാണിത്. അനുസരണത്തെപ്പറ്റി പ്രതിപാദിക്കുമ്പോഴാണ് ഈ പരാമർശമെന്നത് ശ്രദ്ധേയമാണ്. പറയാനുള്ളത് മുഖത്തുനോക്കി പറയണമെന്നതാണ് പടിയിറ പിതാവിന്റെ നിലപാട്. പ്രീതി നോക്കാതെയും പേടികൂടാതെയും (Without fear on forever) എന്ന് പിതാവ് പലപ്പോഴും ആവർത്തിക്കാറുണ്ട്.

സത്യം അപ്രിയമാണെങ്കിലും പറയണമെന്ന് അദ്ദേഹം ഉൽബോധിപ്പിക്കുന്നു. സത്യം പറയുന്നവരെ അദ്ദേഹത്തിന് ഇഷ്ടമാണുതാനും. വിമർശനങ്ങളുടെ മുമ്പിൽ പതറാതെ അചഞ്ചലനായിരിക്കുന്ന പിതാവിനെനോക്കി പലരും ആശ്ചര്യപ്പെടാറുണ്ട്. പാഞ്ഞുവരുന്ന കൂരമ്പുകളെ അദ്ദേഹം പുഷ്പബാണമായി സ്വീകരിക്കുന്നു. അപ്പോഴൊന്നും കണ്ണുകളിലെ തിളക്കം കുറയുന്നില്ല. ചുണ്ടുകളിലെ പുഞ്ചിരി മായുന്നില്ല. എല്ലാംകേട്ടതിനുശേഷം മറുപടി സൗമ്യമായി ഏതാനും വാക്കുകളിലൊതുക്കുന്നു."

സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായ അത്യുന്നത കർദിനാൾ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് സത്യദീപത്തിൽ ഫാ.ജോർജ് നെല്ലിശ്ശേരി എഴുതിയ ഒരു ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

കർദിനാൾ മാർ ആന്റണി പടിയറയുടെ വാക്കുകൾ ഞാൻ എന്നും വിലമതിക്കുന്നു. ആ ചൈതന്യം ഉൾക്കൊണ്ടാണ് ഞാൻ എഴുതുകയും പറയുകയും ചെയ്തിട്ടുള്ളത്. ഒരു പക്ഷേ പലർക്കും അത് ഇഷ്ടപ്പെട്ടിട്ടുണ്ടാവുകയില്ല. വിമർശനങ്ങളെ കേൾക്കാൻ ഉള്ള സന്മനസ്സ് ഇന്ന് പല അധികാരികൾക്കുമില്ലെന്നതാണ് യാഥാർത്ഥ്യം. വായനക്കാരന്റെയും കേൾവിക്കാരന്റെയും

ഇഷ്ടത്തിന് അനുസരിച്ചല്ല നാം എഴുതുകയും പറയുകയും ചെയ്യേണ്ടത്. ശരിയെന്ന് ഉത്തമബോധ്യമുള്ള കാര്യങ്ങൾ പ്രീതി നോക്കാതെയും പേടി കൂടാതെയും പറയുവാനുള്ള ശക്തി നമുക്ക് ലഭിക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം.

പണ്ട് ഒരു അമ്മ മകനോട് എപ്പോഴും പ്രാർത്ഥിക്കണമെന്ന് പറയുമായിരുന്നു. ഒരു ദിവസം മകൻ അമ്മയോട് ചോദിച്ചു. അമ്മ എപ്പോഴും പ്രാർത്ഥിക്കണമെന്ന് പറയുന്നു എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? അമ്മ മകനോട് പറഞ്ഞു. " എന്റെ ഈശോയെ ഒത്തൊത്തു പറയാൻ എന്നെ പഠിപ്പിക്കണമേ" എന്നുമാത്രം പ്രാർത്ഥിച്ചാൽ മതിയെന്ന്. നമ്മുടെ സമൂഹത്തിൽ പലരും ഒത്തൊത്തു പറഞ്ഞ് അധികാരികളെ സന്തോഷിപ്പിച്ച് കാര്യങ്ങൾ നേടിയെടുക്കുന്നത് കണ്ട ഒരമ്മയാണ് ഈ ഉപദേശം നൽകിയത്. വ്യക്തിപരമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ശൈലി ആവശ്യമാണെന്ന് അമ്മ ധരിച്ചിരിക്കും.

യൂദയായിലെ മരുഭൂമിയിലും പ്രാന്തപ്രദേശങ്ങളിലും അനീതിക്കും അസത്യത്തിനും അധർമ്മത്തിനുമെതിരെ ഉഗ്രമായ താക്കീത് നൽകിക്കൊണ്ട് കടന്നുപോയ സ്നാപകയോഹന്നാനെ അനുകരിക്കാനുള്ള ശക്തിതരണമേയെന്ന് പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന അമ്മമാരാണ് നമുക്ക് ഇന്ന് വേണ്ടത്. യൂദന്മാർ കല്ലെറിയുമെന്ന് ഭയപ്പെട്ട് യൂദയായിലേക്ക് പോകുവാൻ ഭയപ്പെട്ട സഹ ശിഷ്യന്മാരോട് നമുക്ക് അവിടത്തോടൊപ്പം പോയി മരിക്കാം എന്ന് ഉൽഘോഷിച്ച വി. തോമ്മാശ്ലീഹായുടെ വാക്കുകൾ അനുസരിച്ച് ജീവിക്കണമെന്ന് പറഞ്ഞ് പഠിപ്പിക്കുന്ന അമ്മമാരെയാണ് നമുക്കിന്നാവശ്യം.

അതേ മാർ പടിയറ തിരുമേനി പറഞ്ഞതുപോലെ പ്രീതിനോക്കാതെയും പേടികൂടാതെയും പറയാൻ ധൈര്യമുള്ളവരായി വളരുവാൻ ശ്രമിക്കാം.

എന്റെ അൻപതു പുസ്തകവും പേടികൂടാതെയും പ്രീതികൂടാതെയുമാണ് രചിച്ചിട്ടുള്ളത്. ആ പുസ്തകങ്ങളെപ്പറ്റിയാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

ഈ ഗ്രന്ഥത്തിന് പണ്ഡിതോചിതമായ അവതാരികയെഴുതി തന്ന റവ. പ്രൊഫ. മാത്യു വാണിശ്ശേരി അവർകൾക്കും ആസ്വാദനം എഴുതിയ ചരിത്രകാരൻ ശ്രീ. ബൻസ് ആളൂക്കാരൻ (തൃശൂർ) അവർകൾക്കും സ്നേഹനിർഭരമായ നന്ദി രേഖപ്പെടുത്തുന്നു.

ചരിത്രം ചരിത്രമായി തന്നെ നിലകൊള്ളണം. സത്യസന്ധമായി ചരിത്രം രചിച്ച് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

**ജോൺ കച്ചിറമറ്റം**

രാമപുരം
പിഴക്
31.10.2016

# അവതാരിക

ശ്രീ ജോൺ കച്ചിറമറ്റത്തിന്റെ കഴിവും കാരകശക്തിയും കേരളചരിത്രത്തിന്റെ ഇരുൾ പുരണ്ട ഏടുകളിലേയ്ക്കു തിരിഞ്ഞതു കേരളത്തിന്റെ ഭാഗ്യമെന്നു പറയാം. കേരളത്തിന്റെ പൗരാണിക ചരിത്രത്തിലേയ്ക്കു വെളിച്ചം വീശിക്കൊണ്ടു ഇവിടുത്തെ വിവിധ സമുദായങ്ങളുടെയും വിശിഷ്ട വ്യക്തികളുടെയും വസ്തുനിഷ്ടമായ കഥ അനാവരണം ചെയ്യുവാൻ കച്ചിറമറ്റം കാട്ടിയ അധ്വാനവും ഗവേഷണവും മറക്കുവാനോ മറയ്ക്കുവാനോ സാധ്യമല്ല. കേരള ചരിത്രത്തിന്റെ താളുകളിൽ ഒളിഞ്ഞുകിടന്ന സംഭവങ്ങളെയും പ്രത്യേക പ്രതിഭകളുടെ സംഭാവനകളെയും അനന്തര തലമുറയ്ക്കു വിശദീകരിക്കുന്ന കച്ചിറമറ്റം, ഉദാത്തമായ ചരിത്ര പാണ്ഡിത്യത്തിന്റെ ഉടമയാണ്.



**റവ. പ്രൊഫ. മാത്യു വാണിശ്ശേരി**
മരിയ ഭവൻ,
ഷയർവില്ലാസ്
കുടമാളൂർ, കോട്ടയം.

ഒരു സാധാരണ അധ്യാപകൻ, ജീവിതം സേവനവും സേവനം ജീവിതവുമാക്കി അടങ്ങാത്ത ആവേശവും ഒടുങ്ങാത്ത മനഃധൈര്യവുമായി കേരളചരിത്രത്തിന്റെ ഉള്ളുകള്ളികൾ തൊട്ടറിഞ്ഞ ആധികാരിക ചരിത്രകാരനായി മാറി. നമ്മുടെ രാഷ്ട്രീയ സാമുദായിക, സാമൂഹ്യ ചരിത്രം മുഴുവൻ ആഗമനം ചെയ്ത ആഗസ്ത്യ മുനിയായി ഇദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്.

50–ൽ അധികം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയ പ്രഗത്ഭനായ ഈ വ്യക്തി ഓരോ ഗ്രന്ഥവും വിരചിക്കാനുള്ള പ്രേരണ അനാവരണം ചെയ്യുന്നതാണ്, എന്റെ എഴുത്തിന്റെ

ചരിത്രം. ആവശ്യം സൃഷ്ടിയുടെ മാതാവായെന്നു ചുരുക്കം. അതോടൊപ്പം ഓരോ കൃതിയിലേക്കും ടോർച്ച് അടിക്കുന്നുണ്ടുതാനും. കച്ചിറമറ്റത്തിന്റെ കൃതികൾ മുഴുവൻ വായിക്കാനാവാത്തവർക്ക് ഈ പുസ്തകം ഒരു കുറുക്കുവഴിയാണുപോലും. ചരിത്രസത്യങ്ങളെ കുഴിച്ചുമൂടുകയോ വളച്ചൊടിക്കുകയോ ചെയ്യുമ്പോൾ ആവേശപൂർവ്വം അദ്ധ്വാനിച്ചു വസ്തുതകളുടെ ആരും പേരും വെളിച്ചത്തു നിരത്തുന്നതാണ് ഇദ്ദേഹത്തിന്റെ എഴുത്തിന്റെ ചരിത്രം. സത്യത്തിന്റെ പോർവിളിയാണു കച്ചിറമറ്റത്തിന്റെ കൃതികളെല്ലാം. ഓരോ കൃതിയുടെയും സാഹചര്യങ്ങളും സംഭവവും ഒറ്റനോട്ടത്തിൽ കാണാൻ എന്റെ എഴുത്തിന്റെ ചരിത്രം സഹായിക്കുന്നു.

കേരളചരിത്രത്തിന്റെ പഴകിയ താളുകളിൽ തങ്ങിക്കിടന്ന പ്രത്യേക പ്രതിഭകളെ പൊക്കിയെടുത്ത് അവരുടെ പ്രഗത്ഭ സംഭാവനകളെ ഉയർത്തി കാണിക്കുക ലാഘവമായ കാര്യമല്ല.

ശ്രീ കച്ചിറമറ്റത്തിന്റെ ആവേശവും അധ്വാനവുമില്ലായിരുന്നെങ്കിൽ ഒട്ടേറെ കേരളപ്രതിഭകൾ വിസ്മൃതിയിൽ വിലയം പ്രാപിക്കുമായിരുന്നു. അതിനാൽ, ഇദ്ദേഹത്തിന്റെ കൃതികൾ അതുല്യ പ്രാധാന്യമർഹിക്കുന്നു. ജോണിന്റെ പ്രസിദ്ധീകരണങ്ങൾ കേരളീയർക്കു കൈവിളക്കും വരും തലമുറയ്ക്കു വഴിവിളക്കുമാണ്.

അത്യധ്വാനത്തിന്റെയും ഗവേഷണത്തിന്റെയും പ്രതീകമായ ഈ ഗ്രന്ഥകർത്താവ് കേരള ചരിത്രവേദിയിൽ ഒരു അത്ഭുത പ്രതിഭാസമാണ്. അദ്ദേഹത്തിന്റെ നിസ്വാർത്ഥവും ആത്മാർത്ഥവുമായ സേവനത്തിനു മുമ്പിൽ കൈരളിയും കേരളസഭയും പ്രശംസയുടെ പുഷ്പവൃഷ്ഠി നടത്തട്ടെ. ഒട്ടേറെ ചരിത്രഗ്രന്ഥങ്ങളുടെ കർത്തവായ കച്ചിറമറ്റത്തിനു സർവ്വ വിജയങ്ങളും മംഗളങ്ങളും ദീർഘായുസ്സും നന്ദിയോടെ നേരുന്നു.

# ഒരു ആസ്വാദനം



**ബൻസ്**
**ആളൂക്കാരൻ,**
**അരണാട്ടുകര**
**തൃശൂർ**

ചരിത്രകാരനായ ജോൺ കച്ചിറമറ്റം കഴിഞ്ഞ 15 വർഷത്തിനിടയിൽ 50 പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. കച്ചിറമറ്റം-എഴുത്തുകാരനായി തീർന്ന വഴികളെപ്പറ്റിയും ഓരോഗ്രന്ഥവും എഴുതുവാനുണ്ടായ സാഹചര്യങ്ങളെപ്പറ്റിയും ഗ്രന്ഥരചനാരംഗത്തുണ്ടായ നിരവധി പ്രതിസന്ധികളെപ്പറ്റിയും വിശദീകരിച്ചുകൊണ്ടെഴുതിയ ഒരു ഗ്രന്ഥമാണ് "എന്റെ എഴുത്തിന്റെ ചരിത്രം". ഈ ഗ്രന്ഥം വായിക്കുമ്പോൾ തന്റെ ആത്മകഥയുടെ ഒരു ഭാഗമായി വായനക്കാർക്ക് അനുഭവപ്പെടാം.

സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് കച്ചിമറ്റം എഴുത്ത് ആരംഭിച്ചത്. സംഘടനാ പ്രവർത്തനകാലഘട്ടത്തിൽ തന്റെ സമുദായത്തെ ആക്ഷേപിച്ചും അധിക്ഷേപിച്ചും മറ്റിതരസമുദായത്തിൽപ്പെട്ടവരും എന്തിന് സ്വസമുദായത്തിൽപ്പെട്ടവരും സംസാരിക്കുന്നതും എഴുതുന്നതും കച്ചിറമറ്റം ശ്രദ്ധിക്കുകയുണ്ടായി. ഈ ആക്ഷേപങ്ങളിൽ എന്തെങ്കിലും സത്യമുണ്ടോയെന്നറിയാൻ നടത്തിയ ഗവേഷണങ്ങളുടെ ഫലമാണ് അദ്ദേഹം എഴുതിയ ചരിത്രഗ്രന്ഥങ്ങൾ എല്ലാം. ഈ ഗവേഷണ പ്രക്രിയയിൽ തന്നെ സഹായിക്കുവാൻ ആരെങ്കിലും ഉണ്ടോയെന്ന് അദ്ദേഹം അന്വേഷിച്ചില്ല. 50 ഗ്രന്ഥങ്ങൾ രചിക്കുന്നതിന് ലക്ഷക്കണക്കിന് രൂപാ ചിലവായിട്ടുണ്ടാകും. വായനയിലും ചരിത്രത്തിലും താല്പര്യമില്ലാത്ത ഒരു സമൂഹത്തിൽനിന്നും യാതൊരു സഹകരണവും ലഭിക്കുകയില്ലെന്ന വസ്തുത ഗ്രഹിച്ചുകൊണ്ടു തന്നെയാണ് കച്ചിറമറ്റം ഈ സാഹസത്തിന് മുതിർന്നത്. അതുകൊണ്ട് അദ്ദേഹത്തിന് ദുഃഖിക്കേണ്ടി വരില്ല. കത്തോലിക്കാസഭയിലെ വിവിധ സന്യാസിസന്യാസിനികളുടെ പ്രൊവിൻഷ്യൽ ഹൗസുകളും മേജർ-മൈനർ സെമിനാരികളും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളും ആശുപത്രികളും നമ്മുടെ ഇടവകകളും കച്ചിറമറ്റം രചിച്ച ചരിത്രഗ്രന്ഥങ്ങളുടെ ഓരോ കോപ്പി വാങ്ങിയാൽ ഈ ചരിത്ര ഗവേഷണ സംരംഭത്തിന് വലിയ നേട്ടമാകുമായിരുന്നു. അങ്ങനെയൊരു സഹകരണം ഒരുഭാഗത്തുനിന്നും ഉണ്ടാവുകയില്ലെന്ന് എല്ലാവർക്കും അറിയാം.

ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് കച്ചിറമറ്റം തന്റെ രചന അനുസ്യൂതം തുടരുന്നത്. കച്ചിറമറ്റത്തിന്റെ എഴുത്തിന് ഒരു പ്രത്യേകതയുണ്ട്. പ്രമുഖ ചരിത്രകാരനായ എം.ഒ. ജോസഫ് നെടുംകുന്നത്തിന്റെ

കാലടികളെയാണ് കച്ചിറമറ്റം പിന്തുടരുന്നത്. പ്രകാശം പബ്ലിക്കേഷന്റെ സ്ഥാപകനായ ഫാ. ഹോർമിസ് പെരുമാലിൽ ശ്രീ. എം.ഒ. ജോസഫിന്റെ എഴുത്തിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു "സാധാരണക്കാരുടെ തെറ്റുകുറ്റങ്ങൾ വെട്ടിത്തുറന്നുപറയുവാൻ പലരും തുനിഞ്ഞെന്നുവരാം. എന്നാൽ വിത്തപ്രതാപങ്ങൾകൊണ്ട് ഔന്നത്യത്തിലിരിക്കുന്ന വ്യക്തികളുടെ ധർമ്മച്യുതി അവരുടെ മുഖത്തു നോക്കിപ്പറയുവാൻ പലരും ധൈര്യപ്പെട്ടെന്നു വരികയില്ല. ഇക്കാര്യത്തിൽ അരണ്യനാദകർത്താവായ എം.ഒ., സ്നാപകനെപ്പോലെ കർക്കശനും ധീരനും, വീട്ടുവീഴ്ചയില്ലാത്തവനുമായ ഒരു വിമർശകനായിരുന്നു. ഈ അയവില്ലാത്ത മനോഭാവം അദ്ദേഹത്തിന് മിത്രങ്ങളേക്കാൾ ശത്രുക്കളെയും അഭിനന്ദനത്തേക്കാൾ അഭിശംസയെയുമാണ് നേടിക്കൊടുത്തതെന്നും വിസ്മരിച്ചുകൂട. എങ്കിലും അന്തിമവിശകലനത്തിൽ അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ മാനിക്കാനും സമൂഹം സന്നദ്ധമായി."

എം.ഒ.യെപ്പറ്റിയുള്ള ഈ നിഗമനം കച്ചിറമറ്റത്തിന് ചേരുന്നതാണ്. തെറ്റ് ചെയ്യുന്നവരെ കർക്കശമായ ഭാഷയിലാണ് കച്ചിറമറ്റം വിമർശിക്കുന്നത്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ വരെ വരുന്ന തെറ്റായ വസ്തുതകളെ വളരെ രൂക്ഷമായ ഭാഷയിൽ കച്ചിറമറ്റം എതിർത്തുകൊണ്ടിരിക്കുന്നു. കച്ചിറമറ്റത്തിന്റെ രചനകളെല്ലാം അത് വ്യക്തമാക്കുന്നതാണ്. കച്ചിറമറ്റത്തിന്റെ സ്വഭാവത്തിലെ ഒരു സവിശേഷതയാണ് നിർഭയത്വം. അദ്ദേഹത്തിന്റെ ജീവിതത്തിലെ എല്ലാ ചലനങ്ങളിലും ആ നിർഭയത്വം തെളിഞ്ഞു കാണാം.

മെത്രാന്മാർക്കുമാത്രമായി ഒന്നു രണ്ടു ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആ ഗ്രന്ഥങ്ങൾ മെത്രാന്മാർക്കല്ലാതെ മറ്റാർക്കും നൽകിയിട്ടില്ല. അത് ഓപ്പൺ മാർക്കറ്റിൽ വിറ്റിരുന്നുവെങ്കിൽ നല്ല പ്രചാരം ലഭിക്കുമായിരുന്നു. അങ്ങനെയുള്ള പ്രചാരമോ സാമ്പത്തികലാഭമോ നോക്കാതെയാണ് കച്ചിറമറ്റത്തിന്റെ പ്രവർത്തനങ്ങൾ എന്ന് സമൂഹം മനസ്സിലാക്കണം.

ശ്രീകച്ചിറമറ്റം രചിച്ച 50 ഗ്രന്ഥങ്ങളും ഉടനെ പ്രസിദ്ധീകരിക്കുന്ന 4 പുസ്തകങ്ങളും സമുദായചരിത്രത്തിലെ അനർഘനിധികളാണ്. ആ നിധികൾ കണ്ടെത്താൻ ഓരോ ക്രൈസ്തവനും മുന്നോട്ടു വരേണ്ടതാണ്. ഭക്തസംഘടനകളിലൂടെയാണ് കച്ചിറമറ്റം പൊതു പ്രവർത്തനരംഗത്ത് വരുന്നത്. കുടിയേറ്റ കർഷകരുടെ സമുന്നത നേതാവായി അദ്ദേഹം വളർന്നു. ഉടുമ്പേൻചോലയിലും അമരാവതിയിലും ചുരുളികീരിത്തോട്ടിലും മലബാറിലെ കൊട്ടിയൂരും ഗൂഡല്ലൂരും മലയോരകർഷകരുടെ അവകാശപോരാട്ടങ്ങൾക്ക് കച്ചിറമറ്റം നൽകിയ നേതൃത്വം അഭിമാനകരമാണ്. ആ സമരനേതൃത്വത്തിന്റെ പിന്നിലുള്ള ചാലകശക്തിയാണ് ഈ ചരിത്രഗ്രന്ഥരചനയുടെ പിന്നിലുള്ളത്.

ആത്മകഥാരൂപത്തിലുള്ള "എന്റെ എഴുത്തിന്റെ ചരിത്രം" എന്ന ഗ്രന്ഥത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

## ഒന്നാംഭാഗം

# 1. എന്റെ എഴുത്തിന്റെ ചരിത്രം

ഞങ്ങൾ ഏതാനും സുഹൃത്തുക്കൾ ഓരോരുത്തരുടെയും പൊതുപ്രവർത്തനങ്ങളെപ്പറ്റിയും അതിന്റെ ലാഭനഷ്ടങ്ങളെപ്പറ്റിയും ഒരു തുറന്ന ചർച്ച നടത്തുകയായിരുന്നു. വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരായിരുന്നു ഞങ്ങളെല്ലാവരും. നഷ്ടത്തിന്റെ കണക്കേ ഓരോരുത്തർക്കും പറയാനുണ്ടായിരുന്നുള്ളു. വ്യക്തിപരമായ സുഖത്തിന് പുറകെ പോകാതെ കഷ്ടതകൾ സന്തോഷത്തോടെ സഹിച്ച് പ്രവർത്തിച്ച അവർക്ക് നഷ്ടത്തിന്റെ കാര്യം ഓർക്കുമ്പോൾ സന്തോഷമായിരുന്നു. നമ്മുടെ പൊതുപ്രവർത്തനമേഖലകളിൽ സത്യസന്ധമായി നാം പ്രവർത്തിച്ചു. നമ്മുടെ മേൽ ഒരു ആരോപണവും ഉന്നയിക്കാൻ നാം ആരും ഇട നല്കിയിട്ടില്ലാത്തതിൽ നമുക്ക് അഭിമാനിക്കാം എന്ന് എല്ലാവരും പറഞ്ഞു.

അതിനിടയിൽ ഒരു സ്നേഹിതൻ പറഞ്ഞു "നാം എന്തൊക്കെ പറഞ്ഞാലും സത്യം തുറന്നു പറഞ്ഞതിന്റെപേരിൽ കുറേയൊക്കെ എതിർപ്പുകൾ കച്ചിറമറ്റത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്. സത്യം തുറന്നു പറയുകയും എഴുതുകയും ചെയ്തതിന്റെ പേരിലാണ് ആ കഷ്ടപ്പാടുകൾ. എന്നാൽ അദ്ദേഹത്തിന് കുറെയൊക്കെ നേട്ടവുമുണ്ടായിട്ടുണ്ട്. ഇതിനകം നാല്പത്തിയഞ്ചിൽപരം പുസ്തകം രചിച്ചു. അതിന് ഇനി കിട്ടുന്ന റോയൽറ്റി കൊണ്ട് കച്ചിറമറ്റത്തിന് സുഖമായി ജീവിക്കാം-രണ്ടുതലമുറക്കാലമെങ്കിലും സുഭിക്ഷമായി ജീവിക്കാം." എത്ര എത്ര അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അതിൽ നിന്നു കിട്ടിയ ആദായമെത്ര?

ഈ അഭിപ്രായം കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. എന്റെ പുസ്തകമെഴുത്ത് ലാഭകരമായ ഒരു തൊഴിലുംകൂടിയായാണ് അദ്ദേഹം കണ്ടത്. ഞാൻ എന്തുപറഞ്ഞാലും ആരും വിശ്വസിക്കുകയില്ലെന്ന് അറിയാം. എഴുത്തിൽകൂടി എനിക്ക് വലിയ സാമ്പത്തികനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് ഞാൻ പറഞ്ഞു. ആരും വിശ്വസിച്ചില്ല. അവരിൽ ഒരാൾ ചോദിച്ചു. നഷ്ടം സഹിച്ച് ആരെങ്കിലും പുസ്തകം പ്രസിദ്ധീകരിക്കുമോ? അങ്ങനെ പ്രസിദ്ധീകരിച്ചതുകൊണ്ട് എന്തുനേട്ടം? അതിന് എന്തു മറുപടി പറഞ്ഞാലും ആരും വിശ്വസിക്കുകയില്ലെന്ന് എനിക്കു ബോദ്ധ്യമായി. നഷ്ടകച്ചവടത്തിന് ആരെങ്കിലും മുതിരുമോ?

ഒരുദിവസം എന്റെ വീട്ടിലേക്ക് ഞാനവരെ ക്ഷണിച്ചു. ഞാൻ എഴുതി വച്ചിരിക്കുന്ന പുസ്തകങ്ങളുടെ ശേഖരം അവരെ കാണിച്ചു. പത്തടി വീതിയും പതിനൊന്നടി നീളവുമുള്ള ഒരു മുറിയിൽ 6 സ്റ്റാൻഡിൽ നിറയെ പുസ്തകം. അതുകൂടാതെ ആ മുറിയിലേക്ക് കടക്കാൻ പോലും നിവൃത്തിയില്ലാത്തവിധം

പുസ്തകങ്ങൾ അടുക്കിവച്ചിരിക്കുന്നു. ഞാനവരെ രണ്ടാംനിലയിലേക്ക് കൂട്ടിക്കൊണ്ടുപോയി. 20 അടി നീളവും 15 അടി വീതിയുമുള്ള ഒരു മുറിയിലേക്ക് അവരെ കയറ്റി. ആ മുറിയും നിറയെ പുസ്തകങ്ങൾ. ആ മുറിയുടെ ചുറ്റോടുചുറ്റും തീർത്ത സ്ലാബിൽ ഓരോ പുസ്തകം ഇനം തിരിച്ച് വച്ചിരിക്കുന്നു. അവർ ചോദിച്ചു. ഇത് എന്തിനാണ് ഇങ്ങനെ സൂക്ഷിച്ചു വച്ചിരിക്കുന്നത്? ഞാൻ പറഞ്ഞു ആരും വാങ്ങിക്കാത്തതുകൊണ്ട്. ബുക്ക്സ്റ്റാളുകാരെ ഏല്പിച്ചാൽ അവർ വിറ്റുതരുകയില്ലേ. 'വിൽക്കുമായിരിക്കും. വിൽക്കുന്ന തുക ലഭിക്കുകയില്ല. കണക്കും കിട്ടുകയില്ല.'

സഭയെ സംബന്ധിച്ചുള്ളതും സഭാചരിത്രപരമായിട്ടുള്ളതുമായ ഗ്രന്ഥങ്ങളാണ് ഞാൻ രചിച്ചിട്ടുള്ളതെല്ലാം. അതാർക്കും വേണ്ട. ആർക്കെങ്കിലും വേണമെന്ന് താല്പര്യമുണ്ടെങ്കിൽ-വെറുതേ കിട്ടണം. റോയൽറ്റിയൊന്നും വേണ്ട. പുസ്തക പ്രസിദ്ധീകരണത്തിനുവേണ്ടി മുടക്കിയ തുകയുടെ 75 ശതമാനം എങ്കിലും കിട്ടിയാൽ ലക്ഷക്കണക്കിന് രൂപാ വിലമതിക്കുന്ന ഈ പുസ്തകം നിങ്ങൾക്കു തരാം.

എന്റെ പുസ്തക ശേഖരകൂമ്പാരം കണ്ടപ്പോൾ-റോയൽറ്റിയുടെ സ്ഥിതി അവർക്കു ബോദ്ധ്യമായി. എന്തിന് ലക്ഷങ്ങൾ മുടക്കി ഇപ്രകാരം പുസ്തകം പ്രസിദ്ധീകരിക്കുന്നുവെന്നായി അടുത്ത ചോദ്യം.

ക്രൈസ്തവർ വിവിധ മണ്ഡലങ്ങളിൽ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ ഇന്ന് തെറ്റിദ്ധരിക്കപ്പെടുകയാണ്. ഗ്രന്ഥരചന വഴിയും പ്രസംഗങ്ങൾ വഴിയും അതിനെ നേരിടാൻ ആഗ്രഹിക്കുന്നു. സമുദായ നേതാക്കൾ ചെയ്ത കാര്യങ്ങളെയും അവരെയും ആക്ഷേപിക്കുന്നു. സമുദായത്തിനെതിരെ വരുന്ന ആക്ഷേപങ്ങളെപ്പറ്റി പഠിച്ച് മറുപടി പറയാൻ നമുക്ക് ഒരു സംവിധാനമില്ല. ഒരു സംവിധാനം ഉണ്ടാക്കാൻ നാം ശ്രമിക്കുന്നില്ല. എല്ലാത്തിനെയും ഉഗ്രൻ പ്രസ്താവനകൊണ്ട് നേരിടാമെന്ന് വിചാരിച്ച് വിലകുറഞ്ഞ പബ്ലിസിറ്റിക്കുവേണ്ടി പലരും പ്രവർത്തിക്കുന്നു. സമുദായം ഒന്നാകെ നിന്ന് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ഞാൻ ഒറ്റക്കു ചെയ്യുന്നു. കുറെ നഷ്ടങ്ങൾ സഹിക്കാതെ ഒന്നും നടക്കുകയില്ല. ഒരു പുസ്തകം വാങ്ങിക്കുന്നതിന് നമ്മുടെ സഭാസ്ഥാപനങ്ങൾ വരെ താല്പര്യം കാണിക്കുന്നില്ല. രണ്ടു ചാക്ക് സിമന്റ് വാങ്ങിക്കുന്നതിൽ ആണ് അവർക്ക് താല്പര്യം.

എന്റെ ഒരു സുഹൃത്ത് എന്റെ അടുത്ത ഒരു ബന്ധുവിന് ഒരു കത്തെഴുതി. "പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് സമ്പത്ത്മുഴുവൻ ജോൺ നഷ്ടപ്പെടുത്തുകയാണ്. അതിൽ നിന്നും അദ്ദേഹത്തെ പിൻവലിപ്പിക്കണം. കുടുംബം അനാഥമാക്കിയിട്ട് സമുദായത്തെ രക്ഷിക്കാൻ നടന്നാൽ അവസാനം സമുദായവും കുടുംബവും കൂട്ടിനുണ്ടായിരിക്കുകയില്ല. വളരെ ഗൗരവമായ ഒരു പ്രശ്നമാണിത്. എഴുതുന്ന പുസ്തകങ്ങൾ തൂക്കി വിറ്റ് അവസാനം കുടുംബം പുലർത്തേണ്ടി വരും"

അദ്ദേഹം നല്കിയ മറുപടി ഇപ്രകാരമായിരുന്നു. "എത്രയോ ആളുകൾ ലഹരി ഉപയോഗിച്ചും മയക്കുമരുന്നുപയോഗിച്ചും ബീഡിയും സിഗററ്റും വലിച്ചും സാമ്പത്തികമായി തകർന്നിരിക്കുന്നു. വീടും പറമ്പും വിൽക്കേണ്ടി വന്നിരിക്കുന്നു. എത്രയോ പേർ പാപ്പരായിരിക്കുന്നു. ശ്രീ. ജോൺ ഒരു കുപ്പി കള്ള് അടിച്ചോ ഒരു ബീഡിയോ സിഗററ്റോ വലിച്ചോ ഞാൻ കണ്ടിട്ടില്ല. മറ്റുള്ളവർ അങ്ങനെ ചിലവാക്കുന്നതിന്റെ പത്തിലൊന്നുപോലും ജോൺ പുസ്തക രചനയ്ക്ക് ചിലവാക്കുന്നില്ല. ദൈവം ഓരോരുത്തരെ ഓരോ വഴിയെ നടത്തുന്നു. ജോൺ രചിക്കുന്ന പുസ്തകങ്ങൾ എന്നെങ്കിലും സമുദായത്തിന് ഗുണംചെയ്യുമെന്ന് ജോണിനെപ്പോലെ ഞാനും വിശ്വസിക്കുന്നു. ജോണിന്റെ പുസ്തക രചനയെ ദൈവേഷ്ടത്തിന് വിടാം."

എന്റെ എഴുത്തിനോട് പലവിധത്തിലാണ് ജനങ്ങൾ പ്രതികരിക്കുന്നത്. ചിലരുടെ വിശ്വാസം ഇത് വലിയ സാമ്പത്തിക ലാഭമാണെന്ന്. മറ്റു ചിലർ വിശ്വസിക്കുന്നു കുടുംബം തകർക്കാനുള്ള പോക്കാണിതെന്ന്. എനിക്കതിനെപ്പറ്റിയൊന്നും പറയാനില്ല. എന്റെ പല പുസ്തകങ്ങളെയും അഭിനന്ദിച്ചിട്ടുള്ളവർ ചില കാര്യങ്ങൾ തുറന്നെഴുതുന്നതിന്റെ പേരിൽ എന്നെ വിമർശിക്കുന്നു.

ഒരു കാര്യംകൂടി തുറന്നുപറയട്ടെ. 1960കളിലാണ് കർഷക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള സമരത്തിന് നേതൃത്വം കൊടുക്കാൻ ഞാനും സഹപ്രവർത്തകരും ഇറങ്ങി പുറപ്പെട്ടത്. അന്ന് ഞങ്ങൾക്ക് പത്രങ്ങളെല്ലാം വലിയ പിന്തുണ നല്കിയിരുന്നു. കർഷക പ്രശ്നങ്ങളോട് താല്പര്യമില്ലാത്തവരും ഞങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പ്രതീതി ജനിപ്പിച്ചു.

1966-ൽ ദീപികയിൽ ഒരു തൊഴിൽ സമരം നടന്നു. പാലായിൽ നിന്നും ഞങ്ങൾ പലർ ദീപികയിൽ എത്തി പത്രത്തിന് പിന്തുണ നല്കി. സമരം തീർന്നു. അല്ലെങ്കിൽ തീർത്തു. ആ സമരത്തിന് പിൻപിൽ ചില പത്രങ്ങളും അണിനിരന്നിരുന്നു. ആ സന്ദർഭത്തിലാണ് ദീപിക സുഹൃത്തുക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടിയതും ഒരു ദീപിക പ്രചരണസമിതിക്ക് രൂപം കൊടുത്തതും. ഞാൻ അതിന്റെ മുഖ്യപ്രവർത്തകനുമായിരുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് നിരവധി യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിച്ചു.

എന്നോടൊത്ത് മലയോര കർഷക പ്രക്ഷോഭണത്തിൽ പങ്കെടുത്ത ഒരു ജോർജ്ജ് എനിക്ക് ഒരു ഉപദേശം തന്നു. നമ്മളൊക്കെ പൊതുപ്രവർത്തകരാണ്. നമുക്ക് എല്ലാ പത്രക്കാരുടെയും പിന്തുണ വേണം. കച്ചിറമറ്റം ഒരു പത്രത്തിന്റെ പ്രചാരകനായി മാറിയാൽ മറ്റുള്ള പത്രങ്ങൾ കച്ചിറമറ്റത്തിനെ ബോയിക്കോട്ടുചെയ്യും. പൊതുപ്രവർത്തനത്തിലെ ഭാവി ഓർത്തെങ്കിലും കച്ചിറമറ്റം ദീപികയുടെ മാത്രം പ്രചാരകനായി അറിയപ്പെടരുത്. ഒരു പക്ഷേ ഇന്നു നമ്മെ പിന്തുണക്കുന്ന പത്രം നാളെ നമ്മളെ തഴഞ്ഞെന്നു വരാം. ഭാവിയെ ഓർത്ത്

കച്ചിറമറ്റത്തിന്റെ നിലപാട് മാറ്റണം. എല്ലാ പത്രത്തിന്റെയും ആളായി മാറണം.

പ്രായോഗിക പൊതുപ്രവർത്തനത്തിൽ ജോർജ്ജ് പറഞ്ഞ കാര്യം ശരിയാണ്. പക്ഷെ, എനിക്കതനുസരിച്ച് പ്രവർത്തിക്കാൻ സാധിച്ചില്ല. ജോർജ്ജ് അധികം താമസിക്കാതെ ജോലിക്കായി കേരളത്തിന് വെളിയിലേക്കു പോയി. ഇന്ന് വലിയ ഒരു സമ്പന്നനായി തീർന്നിരിക്കുന്നു. കഴിഞ്ഞവർഷം ജോർജ്ജ് അവധിക്കു വന്നപ്പോൾ എന്നെ തിരക്കി. ഞങ്ങൾ കോട്ടയത്ത് വച്ച് പഴയ കാര്യങ്ങൾ സംസാരിച്ചു. എന്റെ മണ്ടത്തരത്തെപ്പറ്റി ജോർജ്ജ് എന്നെ ഒന്നുകൂടി ഓർമ്മിപ്പിച്ചു.

ഞാൻ എന്റെ നിലപാട് തുടർന്നു. എന്റെ ,എഴുത്ത് മുഴുവൻ സമുദായത്തിനും സമുദായനേതാക്കൾക്കും എതിരായി വരുന്ന ആരോപണങ്ങൾ നിഷേധിച്ചു കൊണ്ടുള്ളതാണ്. ക്രൈസ്തവ സംഭാവനകൾ വിലയിരുത്തിക്കൊണ്ടാണ്. അത് ലാഭമോ നഷ്ടമോ ആകട്ടെ. എനിക്ക് പ്രശ്നമില്ല. ലാഭനഷ്ടത്തെപ്പറ്റി ഓരോരുത്തർ അവരുടെ ഭാവന അനുസരിച്ച് വിലയിരുത്തട്ടെ.

ഇനി എന്റെ എഴുത്തിന്റെ ചരിത്രത്തിലേക്ക് കടക്കട്ടെ. കഴിഞ്ഞ കാലത്തെ എഴുത്തിന്റെ ചരിത്രമാണ് ഈ ഗ്രന്ഥത്തിൽ. ഓരോ ഗ്രന്ഥത്തെപ്പറ്റിയും പരാമർശിക്കുമ്പോൾ ഉണ്ടായ പ്രതികരണങ്ങളെ അതാതിടങ്ങളിൽ ഞാൻ രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുവായ കാര്യങ്ങൾ മാത്രമേ ഈ അദ്ധ്യായത്തിൽ ചേർക്കുന്നുള്ളു.

ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിന് സമുദായത്തിൽ നിന്നും നല്ല പ്രശംസ ലഭിച്ചു. കോപ്പികൾ ചിലവായില്ലെങ്കിലും കൂടുതൽ എഴുതുവാൻ പ്രേരണ ലഭിച്ചു. 1480, 1200, 700, 600, 300 പേജുകളുടെ പുസ്തകങ്ങൾ ഒന്നിനുപുറകെ ഒന്നായി പ്രസിദ്ധീകരിച്ചു. 25 പുസ്തകങ്ങൾ രചിച്ചപ്പോൾ ഞാൻ സാമ്പത്തികമായി ക്ഷീണിക്കാൻ തുടങ്ങി. ഇനി എങ്ങനെ മുന്നോട്ടുപോകുമെന്ന ചിന്തയിലായി ഇതിനകം പല അവാർഡുകൾ ലഭിച്ചു. അതനുസരിച്ച് പുസ്തകം വില്പന നടന്നില്ല. 25 പുസ്തകങ്ങൾ ആയപ്പോൾ രണ്ടരലക്ഷം രൂപാ നഷ്ടത്തിലായി. തുടർന്ന് പുസ്തക പരിപാടി ഉപേക്ഷിക്കാൻ ആലോചിച്ചു. മനസ്സില്ലാ മനസ്സോടെ.

## ഫാ. റോബിൻ വടക്കുംചേരിയിൽ

ഫാ. റോബിൻ വടക്കുംചേരിയിൽ മാനന്തവാടി രൂപത ചുരുങ്ങിയ കാലംകൊണ്ട് എന്റെ വലിയ ഒരു സുഹൃത്തായി. എന്റെ പുസ്തകങ്ങളിൽ പലതും അദ്ദേഹം വാങ്ങി വായിക്കുകയും എന്നെ പ്രശംസിക്കുകയും ചെയ്തു. പുസ്തകത്തിന്റെ കോപ്പികൾ എങ്ങനെ പ്രചരിപ്പിക്കാമെന്നുള്ളതിനെപ്പറ്റി പല ആലോചനകൾ അദ്ദേഹം സ്വന്തമായി നടത്തി. ഏറെ താമസിയാതെ അദ്ദേഹം മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ സെക്രട്ടറിയായി നിയമിതനായി. ഒരുദിവസം ഞാൻ തലശ്ശേരി മാനന്തവാടി

രൂപതകളിൽ പോകാനിടയായി. മാനന്തവാടിയിൽ വച്ച് ഫാ. റോബിനെ കണ്ടു. പുസ്തകകാര്യം ആണ് ആദ്യം ചർച്ച ചെയ്തത്. ഞാൻ പറഞ്ഞു ഇപ്പോൾ നല്ല കടത്തിലായി. എഴുത്ത് നിറുത്തുന്നതിനെപ്പറ്റി ചിന്തിക്കാൻ ബാദ്ധ്യ സ്ഥനായി. എന്റെ മക്കൾ അനുഭവിക്കേണ്ട പണം ഞാൻ പുസ്തക പ്രസാധ നത്തിനുവേണ്ടി ചിലവാക്കുന്നത് ശരിയാണോയെന്ന ചിന്ത എന്നെ അലട്ടുന്നു.

ഫാ. റോബിൻ പറഞ്ഞു ഒരിക്കലും എഴുത്ത് നിറുത്തരുത്. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു സെറ്റ് പുസ്തകത്തിന് എത്രരൂപായാകും എന്നു ചോദിച്ചു. 4900 രൂപായാകും ഒരു സെറ്റ് ഒന്നിച്ചെടുക്കുന്നവർക്ക് 3000 രൂപക്ക് കൊടുക്കും എന്നു പറഞ്ഞു. ഈ രൂപതയിൽ 41 സ്കൂളുകളുണ്ട്. 41 സെറ്റ് പുസ്തകം പാഴ്സലായി അയക്കുക. ഒരു ലക്ഷത്തി ഇരുപത്തി മൂവായിരം രൂപാ ഞാൻ അയച്ചു തന്നുകൊള്ളാം. എനിക്ക് ആ വാക്കുകൾ വിശ്വസി ക്കാനായില്ല. ഞാൻ പറഞ്ഞു. ഈ പുസ്തകങ്ങൾ ഒന്നും ലൈബ്രറി ലിസ്റ്റിൽ പെടുത്തിയതല്ല. ഈ പുസ്തകങ്ങൾ സ്കൂളുകളിൽ കൊടുത്താൽ സ്കൂളു കളിൽ നിന്നു പണം ഈടാക്കാൻ സാധിക്കുകയില്ല. അച്ചൻ ആകെപ്പാടെ പ്രയാസത്തിലാകും.

അതിനെപ്പറ്റിയോർത്ത് സാർ വിഷമിക്കേണ്ട. ധൈര്യമായിപ്പൊയ്ക്കോ പുസ്തകം അയക്കുക. ഞാൻ രാമപുരത്ത് എത്തി 41 സെറ്റ് പുസ്തകം പായ്ക്കു ചെയ്ത് പാഴ്സൽ സർവ്വീസിൽ അയച്ചുകൊടുത്തു. ഒരാഴ്ചയ്ക്കകം 123000 രൂപായുടെ ചെക്ക് ലഭിച്ചു. ഞാൻ സ്വപ്നം കാണുന്നതുപോലെ അനുഭ വപ്പെട്ടു. രണ്ടരലക്ഷം രൂപായിൽ നിന്നും ബാദ്ധ്യത നേരെ ഒരു ലക്ഷത്തി ഇരുപത്തിയേഴായിരം ആയി കുറഞ്ഞു. ഒരു മടിയുംകൂടാതെ എഴുത്തു തുടങ്ങി. ഫാ. റോബിൻ ആ സഹായം ചെയ്തില്ലായിരുന്നുവെങ്കിൽ എന്റെ എഴുത്ത് അവിടംകൊണ്ട് നിർത്തുമായിരുന്നു. ഒരുവർഷം മൂന്നും നാലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. കടം 316000 ആയി വർദ്ധിച്ചു. എന്തു ചെയ്യണം. മനസ്സില്ലാ മനസ്സോടെ ഈ പരിപാടി നിർത്താൻ ആലോചിച്ചു.

## ഡോ. കെ.റ്റി. ജോസഫ് കാക്കനാട്

അമേരിക്കയിൽ ഫ്ളോറിഡായിൽ താമസിക്കുന്ന ഡോ. കാക്കനാട്ട് ജോസഫ് 2014 ഒക്ടോബറിൽ എന്നെ വിളിച്ചു നാട്ടിൽ വന്നിട്ടുണ്ടെന്നും ഞാൻ നാളെ രാമപുരത്തിന് വരുന്നുവെന്നും തമ്മിൽ കാണണമെന്നും പറഞ്ഞു. കൃത്യനിഷ്ഠയും കൃത്യബോധവുമുള്ള അദ്ദേഹം കൃത്യസമയത്തുതന്നെ രാമപുരത്തെത്തി. ഫാ. മൗറേലിയസ് സി.എം.ഐ.യുടെയും ഫാ. ആന്റണി കാക്കനാട്ടിന്റെയും പേരിലുള്ള അവാർഡ് നവംബറിൽ നല്കണം. മുരിക്കൻ പിതാവ് വരാമെന്ന് സമ്മതിച്ചു. ഗവർണ്ണർ എം.എം. ജേക്കബ്ബിനെ കൂടി ക്ഷണി ക്കണം. ജേക്കബ്ബ് സാറിനെ കാണാൻ ഒന്നു പോരണം. അദ്ദേഹത്തിന്റെ വാഹ നത്തിൽ ജേക്കബ്ബ്സാറിന്റെ ഭവനത്തിലേക്ക് പോകുന്നവഴി ഞാൻ ഡോ. കാക്ക നാട് ജോസഫ് സാറിനോട് ചോദിച്ചു. ഇക്കൊല്ലത്തെ അവാർഡ് നല്കുന്നത്

ആർക്കാണ്. ആ വിവരം കൂടി ജേക്കബ്ബ് സാറിനോട് പറയണമല്ലോ.

ഇക്കൊല്ലത്തെ അവാർഡ് കച്ചിറമറ്റം സാറിന് തന്നെ. ആ വാക്ക് എനിക്ക് വിശ്വസിക്കാൻ സാധിച്ചില്ല. അദ്ദേഹം പറഞ്ഞു. ഒരു ലക്ഷം രൂപായും ഫലകവുമാണ് അവാർഡ്. ഇത്ര വലിയ അവാർഡിന് ഞാൻ അർഹനാണോ? എന്റെ പുസ്തക പ്രകാശന പദ്ധതിയ്ക്ക് സഹായമരുളുവാൻ ദൈവം ഡോ. കെ.റ്റി. ജോസഫ് സാറിനെ കരുവാക്കുകയാണ് ചെയ്തത്. പ്രൗഢമായ ഒരു സദസ്സിൽ വച്ച് അവാർഡ് നല്കി. ഈ വാർത്ത വന്നപ്പോൾ പലർക്കും സംശയമായി. ഒരു ലക്ഷമെന്നത് ലഭിക്കുമോ? അത് പത്രത്തിൽ കൊടുത്തത് കൊണ്ട് തൃപ്തിപ്പെടുമോ? ഡോ. കാക്കനാടിനെ പരിചയമുള്ള ആരും സംശയിക്കുകയില്ല. വെറും പത്രപരസ്യത്തിന് ഞാൻ ഇതുവരെ കൂട്ടു നിന്നിട്ടില്ലല്ലോ. ഡോ. കാക്കനാട്ടും പത്രപരസ്യത്തിനായി നിന്നുകൊടുക്കുന്ന ആളല്ല. അവാർഡ് ലഭിച്ചു. എന്റെ കടം വീണ്ടും കുറഞ്ഞു.

ഫാ. റോബിൻ 41 സെറ്റ് പുസ്തകം വാങ്ങിയില്ലായിരുന്നുവെങ്കിൽ അന്ന് എന്റെ പുസ്തകമെഴുത്ത് നിൽക്കുമായിരുന്നു. നമ്മുടെ രാജ്യത്ത് കത്തോലിക്കരുടേതായി എത്ര ഇംഗ്ലീഷ് മീഡിയം സ്കൂളുകളും കോളേജുകളുണ്ട്? ആശുപത്രികൾ ഉണ്ട്? മേജർ മൈനർ സെമിനാരികൾ ഉണ്ട്? എത്ര പ്രൊവിൻഷ്യൽ ഹൗസുകളുണ്ട്? അവരൊക്കെ ഓരോ സെറ്റ് പുസ്തകം എടുത്തിരുന്നുവെങ്കിൽ എന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. ചിന്ത വെറുതെയാണെന്നെനിക്കറിയാം.

തച്ചിൽമാത്തുത്തരകനെയും ഷെവലിയർ തര്യതുകുഞ്ഞിത്തൊമ്മനെയും ആക്ഷേപിച്ചുകൊണ്ട് എത്രയെത്ര ലേഖനങ്ങൾ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽകൂടി വന്നു. ആരെങ്കിലും മറുപടി പറഞ്ഞോ? പറഞ്ഞില്ലെന്നു മാത്രമല്ല ആ പ്രശ്നത്തിൽ ഒരു ചെറുവിരൽ അനക്കാനെങ്കിലും ആരെങ്കിലും തയ്യാറായോ?

ക്രിസ്ത്യാനികൾക്കെതിരായി വേലുത്തമ്പിദളവാ ഇറക്കിയ കുണ്ടറ വിളംബരത്തിന്റെ 200-ാം വാർഷികം ആഘോഷിക്കണമെന്ന് കാണിച്ച് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ വന്ന ലേഖനങ്ങളെ ഞാൻ നഖശിഖാന്തം-കുണ്ടറവിളംബരം പൂർണ്ണമായി പ്രസിദ്ധീകരിച്ചുകൊണ്ട് -എതിർത്ത് ഒരു പുസ്തകം രചിക്കേണ്ടി വന്നു.

അടിസ്ഥാനപരമായി കത്തോലിക്കർ അറിഞ്ഞിരിക്കേണ്ട പല വസ്തുതകളുണ്ട്. അത് നമ്മുടെ സ്കൂളുകളിലും കോളേജിലും വേദപാഠ ക്ലാസുകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകരെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്. അത് പഠിക്കാത്തവർ മറ്റുള്ളവർ എഴുതുന്നത് മുഴുവൻ ശരിയാണെന്ന് കരുതി അതിന്റെ അടിസ്ഥാനത്തിൽ പഠിപ്പിക്കും. നമ്മുടെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽവരെ സഭയ്ക്കെതിരായി-സഭയിലെ നേതാക്കൾക്കെതിരായി പല ലേഖനങ്ങളും വരുന്നത് യഥാർത്ഥ ചരിത്രം നമ്മുടെ പത്രാധിപന്മാർ പഠിക്കാ

ത്തതുകൊണ്ടാണ്. ഒരു മിനിമം ചരിത്രമെങ്കിലും നമ്മുടെ സമുദായാംഗങ്ങൾ പഠിച്ചെങ്കിൽ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് സഭയുടെ വിശ്വസ്ത പടയാളികളായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. ഞാൻ രചിച്ച ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും കേരളസഭാരത്നങ്ങൾ ഒന്നും രണ്ടും ഭാഗങ്ങൾ കേരളസഭാ പ്രതിഭകൾ തച്ചിൽമാത്തുത്തരകൻ, ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ, എം.എം. വർക്കി, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, വേലുത്തമ്പിയും കുണ്ടറവിളംബരവും, എം.ഒ. ജോസഫ് നെടുങ്കുന്നം തുടങ്ങിയ ഗ്രന്ഥങ്ങൾ ഒരാവർത്തി വായിച്ചാൽ സഭയെപ്പറ്റി ഏതാണ്ടൊരു അറിവ് ലഭിക്കും. നമ്മുടെ സെമിനാരി വിദ്യാർത്ഥികൾ ഈ പുസ്തകങ്ങൾ നിർബന്ധമായി വായിച്ചു പഠിക്കേണ്ടതാണ്.

ആർക്കും താല്പര്യമില്ലാത്ത വിഷയങ്ങളാണ് ഞാൻ കൈകാര്യം ചെയ്യുന്നത്. ചില സന്ദർഭങ്ങളിൽ രൂക്ഷമായ വിമർശനം ഞാൻ ചില ഗ്രന്ഥങ്ങളിലൂടെ നടത്തിയിട്ടുണ്ട്. അതിൽ ആരും പരിഭവിക്കരുതായിരുന്നു. സമുദായത്തിലെ അംഗങ്ങളെ സഭാകാര്യങ്ങളിൽ ആവേശഭരിതരാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഞാൻ രൂക്ഷവിമർശനം നടത്തിയിട്ടുള്ളത്. വിമർശനത്തിലൂടെ ഞാൻ പറഞ്ഞ കാര്യങ്ങളിൽ തെറ്റ് എന്തെങ്കിലും ഉണ്ടെന്ന് ആരും ചൂണ്ടിക്കാട്ടിയിട്ടുമില്ല.

രണ്ട് പുസ്തകങ്ങൾ മെത്രാന്മാർക്ക് മാത്രം നല്കാനായി തയ്യാറാക്കിയതാണ്. അതിലെ കാര്യങ്ങൾ സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിച്ച് ജനങ്ങളെ പ്രകോപിപ്പിക്കണമെന്ന് ആഗ്രഹിച്ചിട്ടില്ല. മെത്രാന്മാർക്കു നല്കാനായി മാത്രം തയ്യാറാക്കിയ ഗ്രന്ഥങ്ങൾ വായിച്ച് എന്റെ വികാരങ്ങൾ അവർ മനസ്സിലാക്കിയാൽ ഇന്നത്തെ പലപ്രശ്നങ്ങളും പരിഹരിക്കപ്പെടും.

2015 സെപ്റ്റംബർ 20-ന് തിരുവല്ലായിൽവച്ച് നടന്ന പുനരൈക്യവാർഷികസമ്മേളനത്തിൽ വച്ച് എന്റെ 50-ാമത്തെ ഗ്രന്ഥം സീറോ-മലങ്കരസഭയുടെ മേജർ ആർച്ചു ബിഷപ്പു കാർഡിനാൾ ബസേലിയോസ് മാർ ക്ലിമീസ് കാതോലിക്കാബാവ പ്രകാശനം ചെയ്തു. ഈ സന്ദർഭത്തിൽ എന്താണ് ഈ 50 ഗ്രന്ഥങ്ങൾ രചിക്കുവാൻ എന്നെ പ്രേരിപ്പിച്ചതെന്നും എന്റെ പുസ്തക രചനകളോട് സമൂഹം എങ്ങനെ പ്രതികരിച്ചുവെന്നും ഒന്ന് തിരിഞ്ഞുനോക്കുന്നത് ഉചിതമായിരിക്കുമെന്ന് പലരും അഭിപ്രായപ്പെട്ടു.

ഇത്രയധികം പുസ്തകങ്ങൾ രചിക്കുമെന്നോ രചിക്കണമെന്നോ ഞാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. സാഹചര്യങ്ങൾ അതിന് എന്നെ പ്രേരിപ്പിച്ചുവെന്ന് പറയുന്നതായിരിക്കും ശരി. പൊതുപ്രവർത്തനരംഗത്ത് ഞാൻ പ്രവേശിക്കുന്നത് 10-ാമത്തെ വയസിൽ ഭക്തസംഘടനകളിലൂടെയാണ്. സംഘടനാപരമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും ലേഖനങ്ങളും എഴുതിയാണ് ഞാൻ എഴുത്തിന് തുടക്കം കുറിച്ചത്. ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ വിദേശക്രൈസ്തവ മിഷനറിമാരെ നിരോധിക്കാനുള്ള ശ്രമങ്ങൾ കേന്ദ്രസർക്കാർ ആരംഭിച്ചിരുന്നു. പലസ്ഥലങ്ങ

ളിലും ക്രൈസ്തവ പീഢനങ്ങളും തുടർക്കഥയായി നടന്നു. മദ്ധ്യപ്രദേശ് ഗവൺമെന്റ് നിയോഗികമ്മറ്റി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ മതപ്രചരണത്തെ തടയാൻ ശ്രമിച്ചു.

ഇവയ്ക്കെതിരെ ചെറുപുഷ്പമിഷൻ ലീഗിന്റെ നേതൃത്വത്തിൽ വൻപ്രതിഷേധയോഗങ്ങൾ സംഘടിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു. അതോടനുബന്ധിച്ച് ലേഖനങ്ങളും റിപ്പോർട്ടുകളും പത്രത്തിൽകൂടി എഴുതിപ്രസിദ്ധീകരിച്ചിരുന്നു. 19-ാമത്തെ വയസിൽ ഞാൻ കത്തോലിക്കാകോൺഗ്രസ്സിൽ അംഗമായി. ഏറെ താമസിക്കാതെ എ.കെ.സി.സി പാലാരൂപതാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. രൂപതാവർഷികം പഞ്ചദിനപരിപാടികളോടെ വിപുലമായ തോതിൽ ആഘോഷിക്കുവാൻ സാധിച്ചു. കത്തോലിക്കർക്ക് ഒരു സുശക്തമായ നേതൃത്വവും ഒരു പത്രവും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശ്രീ.തോമസ് സെബാസ്റ്റ്യൻ ദീപികപത്രത്തിൽ ഒരു ലേഖനം എഴുതി. പുതിയസംഘടനയോ പത്രമോ ആവശ്യമില്ലന്നും കത്തോലിക്കാകോൺഗ്രസ്സിനെ സജീവമാക്കുകയും ദീപിക പത്രത്തെ പരിപോഷിപ്പിക്കുകയും ചെയ്താൽമതിയെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊണ്ട് ദീപികയിൽ ഒരുചെറുലേഖനം എഴുതി. എന്റെ അഭിപ്രായത്തെ പിന്താങ്ങികൊണ്ട് പലരും പത്രത്തിൽ എഴുതുകയും എനിക്ക് നേരിട്ട് കത്തുകൾ അയക്കുകയും ചെയ്തു. രൂപതാസെക്രട്ടറിയായിരുന്ന കാലത്ത് സമകാലീനപ്രശ്നങ്ങളെ അടിസ്ഥാനമാക്കി പലലേഖനങ്ങളും ഞാൻ പത്രത്തിൽ എഴുതി കൊണ്ടിരുന്നു. രൂപതാതലത്തിലുള്ള എന്റെ പ്രവർത്തനങ്ങൾ കണക്കിലെടുത്തായിരിക്കാം ശ്രീ. പി.സി.അബ്രാഹം പള്ളിവാതുക്കലും ഷെവ. ജോസഫ് വിതയത്തിലും എ.കെ.സി.സി പ്രസിഡന്റായിരുന്ന കാലത്ത് എ.കെ.സി.സിയുടെ വർക്കിംഗ് കമ്മറ്റിയിലേക്ക് എന്നെ പലപ്പോഴും പ്രത്യേകം ക്ഷണിച്ചിരുന്നത്. കത്തോലിക്കാകോൺഗ്രസ്വർക്കിംഗ് കമ്മറ്റിയിൽ സംബന്ധിച്ചിരുന്നവരിൽ ഏറ്റവും പ്രായം കുറഞ്ഞയാൾ ഞാനായിരുന്നു കമ്മറ്റിയിൽ ഉണ്ടായിരുന്നവരിൽ പലരും എന്നെക്കാൾ 30, 40 വയസ്സ് കൂടുതലുള്ളവരും. എം. ഒ. ജോസഫ് നെടുങ്കുന്നം, ഷെവ: വി.സി.ജോർജ്, ഷെവ.ഇ.പി. വർഗീസ്, ഷെവ.ജോസഫ് വിതയത്തിൽ, അഡ്വ.ഇ.എം.ജോസഫ്, തോമസ് സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രായത്തിൽ എന്നേക്കാൾ വളരെ കൂടുതലുള്ള വരായിരുന്നുവെങ്കിലും അവർ എന്നോട് വലിയതാല്പര്യം കാണിച്ചിരുന്നു. ആ നേതാക്കന്മാരുമായിട്ടുള്ള നിരന്തരമായ ഇടപെടലുകൾ -എന്റെ ജീവിതത്തെ തന്നെ തകിടംമറിച്ചുവെന്നുപറയാം. അവരുടെ ലേഖനങ്ങളും എഴുത്തുകളും പ്രസംഗങ്ങളും എന്റെ ജീവിതത്തെ ഗാഢമായി സ്പർശിച്ചു. പല ലേഖനങ്ങളും എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്- അഥവാ എനിക്ക് പ്രചോദനം നൽകിയത് ആ മഹാത്മാക്കളുമായിട്ടുള്ള സമ്പർക്കമായിരുന്നുവെന്നുപറയാം.

# 2. പത്രപ്രവർത്തനത്തിൽ

## 1. എ.കെ.സി.സി.ബുള്ളറ്റിൻ

എ.കെ.സി.സി ബുള്ളറ്റിനിൽ എഡിറ്റോറിയൽ ബോർഡിൻ ഞാൻ 32 വർഷക്കാലം അംഗമായിരുന്നു. അതിൽ 18 വർഷക്കാലം ചീഫ് എഡിറ്ററും 8 വർഷക്കാലം മാനേജിംഗ് എഡിറ്ററുമായിരുന്നു. ബുള്ളറ്റിന്റെ ചീഫ് എഡിറ്റർ ആയിരുന്നപ്പോഴും മാനേജിംഗ് എഡിറ്റർ ആയിരുന്നപ്പോഴും ബുള്ളറ്റിൻ ഇറക്കേണ്ടതിന്റെ പൂർണ്ണചുമതല എനിക്കായിരുന്നു. ഞാൻ ബുള്ളറ്റിന്റെ കാര്യത്തിനായും കത്തോലിക്കാ കോൺഗ്രസ്സു പ്രവർത്തനത്തിനായും ആഴ്ചയിൽ മൂന്നുദിവസം കോട്ടയത്ത് എ.കെ.സി.സി. ഓഫീസിൽ രാത്രി ചിലവഴിക്കേണ്ടിവന്നിരുന്നു. എന്റെ എഴുത്തിന്റെ ചരിത്രം പൂർണ്ണമായും ആരംഭിക്കുന്നത് ബുള്ളറ്റിന്റെ ചാർജ്ജ് വഹിക്കുമ്പോഴാണ്.

ഒരുവർഷം 11 ലക്കം ബുള്ളറ്റിൻ പ്രസദ്ധീകരിക്കും. അങ്ങനെ 26 വർഷം 286 ലക്കങ്ങൾ എന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ പുറത്തിറങ്ങി. ഓരോ വർഷത്തെയും ബുള്ളറ്റിൻ കൂട്ടി ബയിന്റ് ചെയ്തു കോട്ടയത്തെ എ.കെ.സി.സി. ഓഫീസിൽ ഭദ്രമായി വച്ചിട്ടുണ്ട്. ഒരു വർഷത്തെ ബുള്ളറ്റിൽ ശരാശരി 400 പേജ് വരും. 26 വർഷത്തെ ബുള്ളറ്റിൽ മൊത്തം 10400 പേജ്വരും ഞാൻ ഭാഗികമായി സഹകരിച്ച് തയ്യാറാക്കിയ 6 വർഷത്തെ ബുള്ളറ്റിൽ വേറെയും ഉണ്ട്.

എന്റെ 50-ാ മത്തെ പുസ്തകമാണല്ലോ ഇക്കഴിഞ്ഞ സെപ്റ്റംബർ 20-ന് പ്രസദ്ധീകരിച്ചത്. ആ അൻപത് പുസ്തകങ്ങൾ രചിക്കുന്നതിനേക്കാൾ കൂടുതൽ സമയം ഞാൻ ചിലവഴിച്ചത് 26 വർഷത്തെ ബുള്ളറ്റിൽ തയ്യാറാക്കുന്നതിനായിരിക്കും 2003- ൽ ബുള്ളറ്റിൻ പ്രസദ്ധീകരണം ചില കാരണങ്ങളാൽ നിന്നുപോയി. അപ്പോൾ ആർച്ച് ബിഷപ്പു മാർ ജോസഫ് പൗവ്വത്തിൽ പറയുകയുണ്ടായി "സമകാലീനപ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് നിരന്തരം പ്രസദ്ധീകരിച്ചു കൊണ്ടിരുന്ന ബുള്ളറ്റിൻ എങ്കിലും തുടർന്ന് പ്രസദ്ധീകരിച്ചിരുന്നുവെങ്കിൽ" എന്ന്.

എന്തെല്ലാമായിരുന്നു ബുള്ളറ്റിനിൽ പ്രസദ്ധീകരിച്ചിരുന്നത് എന്ന് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ അത്ഭുതം തോന്നും. അന്നെഴുതിയ പ്രധാനമുഖപ്രസംഗങ്ങൾ ചേർത്തു ഞാൻ ഒരു പുസ്തകമായി പ്രസദ്ധീകരിച്ചു. 650 ഓളം പേജുകൾ ഉണ്ട്. മുഖപ്രസംഗങ്ങൾക്കുപുറമേ ഞാൻ എ.കെ.സി.സി.പ്രസിഡന്റായിരുന്ന കാലത്ത് സംഘടനാപ്രവർത്തകർക്ക് എഴുതിയിരുന്ന പ്രസിഡന്റിന്റെ കത്തുകളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. 8 വർഷത്തിനിട

യിൽ ഞാൻ എഴുതിയ 67 കത്തുകളാണ് ആ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. പ്രസിഡന്റിന്റെ കത്തുകൾ എന്ന ഗ്രന്ഥത്തിന് പ്രൊഫ.മാത്യു ഉലകംതറ എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"ഞാനൊരു ബാലനശക്തനെന്നാകിലും മാനിയാമെന്നുടെ താതനെയോർക്കണം" എന്നു യുദ്ധരംഗത്തുനിന്നു വിളിച്ചു പറഞ്ഞ് എതിരാളികളിൽ ഭീതിയും അണികളിലാവേശവുമുയർത്തിയ അഭിമന്യുവിന്റെ ധർമ്മമാണ് ഈ കത്തുകളിലൂടെ ശ്രീ കച്ചിറമററം നിർവ്വഹിക്കുന്നത്. ആരെല്ലാം എന്തെല്ലാം അവകാശവാദങ്ങളുമായി മുന്നോട്ടു വന്നാലും ഈ ഗ്രന്ഥങ്ങളുടെ രചനയിലൂടെ ശ്രീ ജോൺ കച്ചിറമററം നിർവ്വഹിച്ച സമുദായ സേവനം നിസ്തുലമായിരുന്നുവെന്ന് ചരിത്രകൗതുകമുള്ള ഭാവി ഗവേഷകരെങ്കിലും സമ്മതിക്കുമെന്നാണെന്റെ വിശ്വാസം."

കത്തോലിക്കാ കോൺഗ്രസ്സ് ബുള്ളറ്റിൽ പ്രസദ്ധീകരിച്ച കാലഘട്ടത്തിലെ സഭയുടെയും സമുദായത്തിന്റെയും രാജ്യത്തിന്റെയും ചരിത്രം വ്യക്തമാക്കുന്നവിധത്തിലുള്ള വിശകലനങ്ങൾ ഞാൻ നടത്തിയിരുന്നു. സമുദായത്തിന്റെ അഭിമാനഭാജനങ്ങളായ പൂർവ്വകാലസൂരികളെ അനുസ്മരിച്ച് എഴുതിയലേഖനങ്ങൾ കേരളസഭാരത്നങ്ങൾ എന്ന ഗ്രന്ഥവും കേരളസഭാപ്രതിഭകൾ എന്ന ഗ്രന്ഥവും രചിക്കുവാൻ എനിക്ക് പ്രചോദനമായി. ഞാൻ എ.കെ. സി.സി പ്രസിഡന്റോ സെക്രട്ടറിയോ ആയിരുന്നകാലത്ത് ദിവംഗതരായിട്ടുള്ള എല്ലാവരുടെയും മൃതദേഹസംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുവാനും അവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാനും അവരെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ബുള്ളറ്റിനിൽ ചേർക്കുവാനും ശ്രമിച്ചിട്ടുണ്ട്. സഭയ്ക്ക് എതിരായി വന്നിട്ടുള്ള എല്ലാ ആരോപണങ്ങൾക്കും മറുപടി പറയാനും ഞാൻ ബുള്ളറ്റിൻ ഉപയോഗിച്ചിട്ടുണ്ട്. ബുള്ളറ്റിന്റെ ആദ്യകാലപത്രാധിപരായിരുന്ന ജെയിംസ് കണ്ടത്തിലിന്റെയും എം. ഒ. ജോസഫിന്റെയും കാലടികൾ പിന്തുടർന്ന് ആണ് ബുള്ളറ്റിൻ ഞാൻ തയ്യാറാക്കിയത്. ഇന്ന് ആ ബുള്ളറ്റിൻ ഒരു ചരിത്രരേഖയായി നിലകൊള്ളുമെന്ന് എനിക്കുറപ്പുണ്ട്. അതൊക്കെ സംരക്ഷിച്ചു വയ്ക്കുവാൻ ഇന്നത്തെ സംഘടനാനേതാക്കൾ ശ്രമിക്കുമെന്ന് വിശ്വസിക്കുന്നു.

ഞാൻ ബുള്ളറ്റിൻ തയ്യാറാക്കിയത് മുഴുവൻ കോട്ടയത്തെ കത്തോലിക്കാകോൺഗ്രസ് ഓഫീസിൽ ഇരുന്നു രാത്രിയിലാണ്. സ്കൂൾ കഴിഞ്ഞ് ഞാൻ 4 മണിക്ക് കോട്ടയത്തിന് പുറപ്പെടും. അഞ്ചര മണിക്ക് ഓഫീസിൽ എത്തും സംഘടനാപരമായി ചെയ്യേണ്ടകാര്യങ്ങൾ പൂർത്തിയാക്കിയതിനുശേഷം എഴുത്തിലേക്കുകടക്കും രാത്രി 10 മണിയാകുമ്പോൾ തട്ടുകടയിൽ എത്തി എന്തെങ്കിലും ഭക്ഷണം കഴിച്ച് വെളുപ്പിനെ മൂന്നുമണിവരെ ഇരുന്ന് എഴുതും, മൂന്നരമണിയാകുമ്പോൾ കഞ്ഞിക്കുഴി ഓഫീസിൽ നിന്നു ട്രാൻസ്പോർട്ട് ആഫീസിലേക്ക് നടക്കും. ഓട്ടോറിക്ഷാപിടിച്ച് യാത്ര ചെയ്യുവാൻ സാമ്പത്തികം അനുവദിക്കുകയില്ല. 4 മണിക്കുള്ള ബസ്സിൽ കയറി പാലായിൽ ഇറങ്ങി തൊടുപുഴ

ബസ്സിൽ കയറി പിഴകിൽ 5.30 –ന്എത്തും. വീട്ടിൽ ചെന്ന് വീട്ട്കാര്യങ്ങൾ എല്ലാംനോക്കിയതിനുശേഷം സ്കൂളിലേക്ക് യാത്ര. ആഴ്ചയിൽ മൂന്നുദിവസം ഈ വിധത്തിൽ പ്രവർത്തിച്ചാണ് ബുള്ളറ്റിൻ തയ്യാറാക്കിയത്. എന്റെ 50 പുസ്തകങ്ങളേക്കാൾ വിലപ്പെട്ടത് ഞാൻ തയ്യാറാക്കിയ ബുള്ളറ്റിനുകൾ ആയിരിക്കുമെന്നാണ് എന്റെ വിശ്വാസം.

കത്തോലിക്കാകോൺഗ്രസ് ഭാരവാഹിയെന്നനിലയിൽ കേരളത്തിലുടനീളം യാത്രചെയ്യേണ്ടി വന്നിട്ടുണ്ട്. കേരളത്തിന് പുറത്തും ഭാരതത്തിന് പുറത്തും ധാരാളം യാത്രചെയ്തു പ്രസംഗിക്കേണ്ടി വന്നിട്ടുണ്ട്. അതിനിടയിൽ പത്രങ്ങളിലും കത്തോലിക്കാപ്രസിദ്ധീകരണങ്ങളിലും നിരവധി ലേഖനങ്ങൾ എഴുതേണ്ടി വന്നിട്ടുണ്ട്. ഇന്ന് പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ ഇതൊക്കെ എങ്ങിനെ സംഭവിച്ചുവെന്ന് വിചാരിച്ചു അത്ഭുതപ്പെട്ടുപോകും.

(1969 –2013)

## 2. കേരളസഭാ മാസികയിൽ

ഞാൻ പല പ്രദ്ധീകരണങ്ങളുടെയും പത്രാധിപസമിതിയിൽ അംഗമായിരുന്നിട്ടുണ്ടെങ്കിലും എന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തിൽ പ്രസദ്ധീകരിച്ചവ രണ്ട് എണ്ണമാണ്. അതിൽ ഒന്ന് എ.കെ.സി.സി.ബുള്ളറ്റിനും മറ്റൊന്ന് ഇരിങ്ങാലക്കുട രൂപതയിലെ ആളൂർ നിന്നും പ്രസദ്ധീകരിക്കുന്ന കേരളസഭാ മാസികയുമാണ്. അതിൽ കേരള സഭാമാസികയെപ്പറ്റി അല്പം കുറിക്കാം. ആളൂർ ബി.എൽ .എം.മായി 1967 മുതൽ ഞാൻ ബന്ധപ്പെട്ടിരുന്നു. ബി.എൽ.എംന്റെ ആഭിമുഖ്യത്തിൽ നടന്നുവന്ന കേരളസഭാ സെമിനാറിൽ 2002 വരെ ഞാൻ സജീവമായി പങ്കുകൊള്ളുകയും പല പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു.  ആ പ്രബന്ധങ്ങളിൽ പലതും സെമിനാർ പ്രബന്ധങ്ങളിൽ ഉൾപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസദ്ധീകരിച്ചിരുന്നു കേരളസഭാമാസികയുടെ ആഭിമുഖ്യത്തിലായിരുന്നു കേരളസഭാസെമിനാർ നടന്നിരുന്നത്. കേരളസഭാമാസികയിൽ ഞാൻ മിക്കപ്പോഴും ലേഖനം എഴുതികൊണ്ടിരുന്നു. 1989–ൽ കേരളസഭാമസികയുടെ സാരഥി ഫാ.ജോസ് അക്കരക്കാരൻ മരണമടഞ്ഞു തുടർന്ന് കേരളസഭാമാസികയുടെ ചീഫ് എഡിറ്ററായി ഞാൻ ചുമതലയേറ്റു. ഫാ. തോമസ് വാഴപ്പള്ളി, ഫാ. ആന്റണി ഇരിമ്പൂർ, ഫാ.ജോൺ മേലേപ്പുറം, ഫാ. പോളികണ്ണൂക്കാടൻ (ഇപ്പോഴത്തെമെത്രാൻ ) സി. ലീനിറ്റ് എഫ്.സി.സി., റവ. ഡോ. മഞ്ഞിളി, പ്രൊഫ. കെ.എം.മാത്യു, ജോസഫ് കോയിക്കര, പ്രൊഫ. റോസ് വില്യംസ് തുടങ്ങിയവർ കേരളസഭാമാസികയുടെ പത്രാധിപസമിതിയംഗങ്ങളായും പ്രവർത്തിച്ചിരുന്നു. ഒരു വ്യാഴവട്ടക്കാലം മാസികയുടെ മുഖ്യപത്രാധിപർ എന്ന നിലയിൽ മാസികക്കുവേണ്ട മാറ്റർ കളക്ട് ചെയ്ത് എല്ലാ മാസവുംപുറത്തിറക്കേണ്ട ഉത്തരവാദിതം എനിക്കായിരുന്നു. മാസത്തിൽ ഒന്നു രണ്ടു ദിവസം ഞാൻ രാത്രി ആളൂർ വരേണ്ടിയിരുന്നു. ആവശ്യത്തിന് മാറ്റർ

ലഭിക്കാതെ വരുമ്പോൾ മാറ്റർ തയ്യാറാക്കേണ്ട ചുമതലയും എനിക്കായിരുന്നു. 4 മണിയ്ക്ക് ക്ലാസ്കഴിഞ്ഞാണ് ഞാൻ ആളൂർ വരിക. 7 മണിയോടെ ആളൂർ എത്തും. രാത്രിരണ്ടുമണിവരെ മാസികയുടെ പണിപൂർത്തീകരിച്ചതിനുശേഷം കല്ലേറ്റുംകര റെയിൽവ്വേ സ്റ്റേഷനിൽ എത്തി അങ്കമാലിക്ക് യാത്ര ചെയ്യും. അങ്കമാലിയിൽനിന്നും ട്രാൻസ്പോർട്ട് ബസിൽ കയറി രാവിലെ 5 മണിക്ക് രാമപുരത്ത് എത്തും. ഇങ്ങനെ ഒന്നു രണ്ടു ദിവസം മാസത്തിൽ ഞാൻ പോകുമായിരുന്നു. എങ്കിലും 12 വർഷക്കാലവും ഒരു ലക്കം പോലും മുടക്കാതെ പ്രസിദ്ധീകരിക്കാൻ സാധിച്ചു. ഏതെങ്കിലും ഒരു വിഷയത്തെ കേന്ദ്രീകരിച്ചായിരിക്കും ഓരോ ലക്കവും പ്രസദ്ധീകരിക്കുക. 2002-ൽ ആ സ്ഥാനം ഞാൻ ഉപേക്ഷിക്കുകയും ചെയ്തു.

(1989-2002)

# 3. സ്മരണികകൾ

## 1. മാർപാപ്പാസന്ദർശനസ്മരണിക

മാർപാപ്പായുടെ കേരളസന്ദർശനത്തിനോടനുബന്ധിച്ച് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ക്രൗൺ നാലിലൊന്ന് സൈസിൽ 608 പേജുള്ള ഒരു സ്മരണിക പ്രകാശനം ചെയ്തു. അതിലെ 248 പേജ് മാറ്റർ ഞാൻ തന്നെ എഴുതിയതാണ്. അതിലെ പല ഭാഗങ്ങളും മറ്റുപലരുടെ പേരിൽ പ്രസദ്ധികരിച്ചു. എനിക്ക് ചുരുങ്ങിയത് 10 പുസ്തങ്ങൾ രചിക്കാനുള്ള മാറ്റർ എഴുതി മറ്റുള്ളവരുടെ പേരിൽ മാർപാപ്പാസന്ദർശന സ്മരണികകയിൽ ചേർക്കുകയുണ്ടായി. എ.കെ.സി.സി. ബുള്ളറ്റിൻ രജത ജൂബിലി സ്മരണിക 1973-ൽ പ്രസിദ്ധീകരിച്ചു. അതിന്റെ എഡിറ്റോറിയൽ ബോർഡിലും ഞാൻ അംഗമായിരുന്നു.

## 2. മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ധി

അതേ സമയം ഒരു ഡസനിലധികം സ്മരണികൾക്ക് നേതൃത്വം നൽകുവാനും എനിക്കു സാധിച്ചിട്ടുണ്ട്. മാർകരിയാറ്റിമെത്രാഭിഷേക ദ്വിശതാബ്ധി സ്മരണിക അതിൽ ഒന്നാണ്. വിദ്യാഭ്യാസ സമര ചരിത്ര സ്മരണിക, ഉറുമ്പുകാവ് പള്ളി ജൂബിലി സ്മരണിക, കടനാട് ഹൈസ്കൂൾ ജൂബിലി സ്മരണിക, രാമപുരം കോളേജ് സ്മരണിക തുടങ്ങിയവ അതിൽ പ്രാധാന്യം അർഹിക്കുന്നതാണ്. ചരിത്രപരമായ പ്രാധാന്യം ഉൾക്കൊള്ളുന്ന സ്മരണികകൾ ആണ് എല്ലാം തന്നെ. ഏതാണ്ട് 12 സ്മരണികകളുടെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്.

നിരവധി സ്മരണികകളിലേക്ക് ഈ കാലയളവിൽ ലേഖനങ്ങൾ എഴുതി കൊടുക്കുകയും ചെയ്തിട്ടുണ്ട്.

# 3. ഡോ കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ

## ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ

എന്റെ പ്രിയസഹോദരൻ റവ:ഡോ അഗസ്റ്റിൻ കച്ചിറമറ്റം 59-ാ മത്തെ വയസ്സിൽ 1993 മാർച്ച് 27-ന് ദിവംഗതനായി. ഡോ. അഗസ്റ്റിൻ പാലാരൂപതക്കു വേണ്ടിയാണ് വൈദിക പട്ടമേറ്റത്. മദ്രാസ്, ബൽഗാം മഞ്ചക്കോസ് (ആഫ്രിക്ക) നൂയോർക്ക്, ഡെൻവർ (യു.എസ്.എ.) എന്നീ രൂപതകളിലും പ്രവർത്തിക്കുകയുണ്ടായി. അദേഹം കേരളത്തിലും മറ്റുരൂപതകളിലും ആയിരുന്നപ്പോൾ നടത്തിയ പ്രസംഗങ്ങൾ എല്ലാം എഴുതിവച്ചിരുന്നു. പലയൂണിവേഴ്സിറ്റികളിലും പ്രമുഖസ്ഥാപനങ്ങളിലും അവതരിപ്പിച്ച പ്രബന്ധങ്ങൾ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്നു. അദേഹത്തിന്റെ മരണശേഷം പുസ്തകകുമ്പാരങ്ങളും ഫയലുകളും പരിശോധിച്ചപ്പോൾ ഈ വിലപ്പെട്ട സാധനങ്ങൾ കണ്ടെത്താൻ സാധിച്ചു. പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ, പ്രൊഫ. മാത്യു ഉലകംതറ, ഫാ.ജെ.തച്ചിൽ, എന്റെ ഗുരുനാഥൻ ടി.ജെ.ജോസഫ് മുണ്ടയ്ക്കൽ തുടങ്ങിയവരെ ഈ കൈയെഴുത്തു പ്രതികൾ ഞാൻ കാണിച്ചു. അവയിൽ മിക്കതും ഇംഗ്ലീഷ് പ്രസംഗങ്ങളായിരുന്നു 800-ൽ പരം പ്രസംഗങ്ങൾ (Homilies) ഇംഗ്ലീഷിൽ ആയിരുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പുസ്തകങ്ങൾ പ്രസിദ്ധികരിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് അവർ അഭിപ്രായപ്പെട്ടു. ഒൻപതു പുസ്തകങ്ങൾക്കുള്ള മാറ്റർ ആണ് ഉള്ളത്. ഒന്നേമുക്കാൽ ലക്ഷംരൂപയെങ്കിലും ചിലവ് വരുമെന്നു അവർ അഭിപ്രായപ്പെട്ടു. ആ വർഷമാണ് ഞാൻ സ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്നത്. റിട്ടയർമെന്റിന്റെ ഭാഗമായി ഒരു ലക്ഷം രൂപയോളം എനിക്ക് ലഭിച്ചു. അച്ചന്റെ പേരിൽ അമേരിക്കയിൽ വെസ്റ്റേൺ ബാങ്കിൽ 5223 ഡോളർ ഉണ്ടെന്നു റിക്കാർഡിൽ നിന്നും മനസ്സിലാക്കി. അന്ന് അമേരിക്കയിൽ ആയിരുന്ന ഫാ.ജി.ടി. വടക്കേൽ ബാങ്കുകാരുമായി ബന്ധപ്പെടുകയും 5223 ഡോളറിൽ 1000 ഡോളർ ലഭിക്കുകയില്ലാന്നും 4223 ഡോളർ ലഭിക്കുമെന്നും പറഞ്ഞു. അതിനുള്ള ഫാറവും അദേഹം അയച്ചുതന്നു. ഫാറം പൂരിപ്പിച്ച് അയച്ചുകൊടുത്തു. പൂരിപ്പിച്ചതിലുള്ള പിശകുകാരണം അത് തിരിച്ചയച്ചുതന്നു. വീണ്ടും അത് പൂരിപ്പിച്ചയച്ചു. ഫാ.മാത്യു വാണിശ്ശേരി ബാങ്കുമായി ബന്ധപ്പെടുകയും 4223 ഡോളർ ചെക്കുകൾ അയച്ചുതരുകയും ചെയ്തു. ഒരു ലക്ഷത്തോടടുത്ത തുക ഡോളർ

മാറികിട്ടി. അച്ചന്റെ പേരിൽ ഇതിനകം ഒരു ഫൗണ്ടേഷൻ ഞാൻ ആരംഭിക്കുകയും അതിന്റെ ഔപചാരികമായ ഉദ്ഘാടനം 1994 ജനുവരി 8-ാം തീയതി കാർഡിനൽ മാർ ആന്റണി പടിയറ നിർവഹിക്കുകയും ചെയ്തു. ആ സമ്മേളനത്തിൽ വച്ച് രണ്ടു മലയാളം പുസ്തങ്ങകളും മൂന്ന് ഇംഗ്ലീഷ് പുസ്തകങ്ങളും കാർഡിനൽ പ്രകാശനം ചെയ്തു. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ ഒന്നാം ഭാഗം വചന പ്രകാശം രണ്ടാംഭാഗം കുരിശിന്റെ വഴി ഇവ മലയാളത്തിൽ ഉള്ളതായിരുന്നു.The work of Dr. Kachiramattam 4ാം ഭാഗം Why American youth Turn to Buddha (ഇംഗ്ലീഷ്) Evolution in the human concept of god, Re-discovery of India എന്നീ മൂന്ന് ഇംഗ്ലീഷ് ഗ്രന്ഥങ്ങളുമാണ് അന്ന് പ്രകാശനം ചെയ്തത്.

1995 ഫെബ്രുവരി 13 -ന് ചങ്ങനാശ്ശേരിയിൽ വച്ച് മറ്റു 4 ഇംഗ്ലീഷ് പുസ്തകങ്ങളും പ്രസദ്ധീകരിച്ചു. അവ താഴെ പറയുന്നവയാണ് Homilies and Reflection ഒന്നും രണ്ടും ഭാഗങ്ങൾ (വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് ദേവാലയങ്ങളിൽ നടത്തിയ ധർമ്മോപദേശങ്ങളും ധ്യാനങ്ങളും) Catholic Eastern Churches (പൗരസ്ത്യ കത്തോലിക്കാസഭകളെപ്പറ്റി തയ്യാറാക്കിയ പ്രബന്ധം) Prepare the way of the Lord (കത്തോലിക്കാവിശ്വാസസ്ഥിരീകരണത്തിനുവേണ്ടി വിവിധ തലങ്ങളിലുള്ള സഭയുടെ കാഴ്ചപ്പാടുകൾ വിശദീകരിച്ച് കൊണ്ട് ഡെൻവറിൽ നടത്തിയ പ്രഭാഷണങ്ങൾ) ഈ പുസ്തകങ്ങൾ ആർച്ച് ബിഷപ്പു മാർ ജോസഫ് പൗവ്വത്തിൽ ആണ് പ്രകാശനം ചെയ്തത്. കേന്ദ്രമന്ത്രി ശ്രീ.എം.എം. ജേക്കബ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. എല്ലാ പത്രങ്ങളിലും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിലും മേൽ പറഞ്ഞ പുസ്തകങ്ങളെപ്പറ്റി റിവ്യു വന്നു. ഇംഗ്ലീഷ് പുസ്തകങ്ങൾ ഒട്ടും തന്നെ വിറ്റഴിക്കാൻ സാധിച്ചില്ല. വിദേശങ്ങളിൽ ജോലിനോക്കുന്ന മലയാളി വൈദികർക്ക് Homilies and Reflections എന്ന ഗ്രന്ഥം ഏറെ പ്രയോജനപ്പെട്ടു. വിദേശങ്ങളിൽ കുർബ്ബാന മദ്ധ്യേ നടത്തുന്ന പ്രസംഗങ്ങൾ ഏഴുമിനിറ്റിൽ കൂടരുതെന്നാണ് പൊതുധാരണ. അച്ചൻ തയ്യാറാക്കിയ പ്രസംഗങ്ങൾ അഞ്ചുമിനിറ്റിനും ഏഴു മിനിറ്റിനും ഇടയ്ക്ക് പറഞ്ഞു തീർക്കാൻ സാധിക്കുന്നതായിരുന്നു. പുനലൂർബിഷപ്പ് ഡോ.മത്തിയാസ് കാപ്പിൽ ആ രൂപതയിൽ നിന്നു വിദേശങ്ങളിൽ ജോലി നോക്കുന്നവരുടെ ഉപയോഗത്തിനായി Homilies and Reflections ഒന്നും രണ്ടും ഭാഗങ്ങൾ 25 കോപ്പിവീതം വാങ്ങിക്കുകയുണ്ടായി. വിദേശങ്ങളിൽ ജോലി ചെയ്യുന്ന പല വൈദികരും ആ പുസ്തകത്തിന്റെ കോപ്പിവാങ്ങി. മറ്റ് ഇംഗ്ലീഷ് പുസ്തകങ്ങൾ ഒന്നും തന്നെ കാര്യമായി വില്പനനടന്നില്ല എങ്കിലും നിരാശപ്പെടേണ്ടിവന്നില്ല.

## അവതാരിക – കാർഡിനൽ മാർ ആന്റണി പടിയറ

"പ്രഭാഷണങ്ങളിൽ എല്ലാം തന്നെ വിശാലമായലോകപരിചയത്തിന്റെ അലകൾ തെളിഞ്ഞുകാണാം. പരസ്പരം പങ്കുവയ്ക്കുന്നതിലൂടെയാണ്

വളരുക എന്ന് തെളിയിക്കാൻ ഗലിലിയോ കടലിന്റെയും ചാവുകടലിന്റെയും ഉദാഹരണം ചൂണ്ടികാണിക്കുന്നത് നോക്കുക. ഗലിലിയോ കടലിനും ചാവു കടലിനും ഒരേ ഉത്ഭവസ്ഥാനമാണ് ഉള്ളത്. ഗലിലിയാക്കടലിലൂടെ ഒഴുകുന്ന ജലം യോർദ്ദാൻ നദിയിലൂടെ ഒഴുകി ചാവുകടലിൽ പതിക്കുന്നു. ഗലിലിയോ തടാകം ഉണർവ്വുള്ളതാണ്. ധാരാളം മത്സ്യങ്ങൾ അതിൽ ജീവിക്കുന്നുണ്ട്. ജീവന്റെ ലക്ഷണം അതിനുണ്ട്" ആ കടലിലെ വെള്ളം യോർദാൻ നദിയിലൂടെ ഒഴുകി ചാവു കടലിൽ പതിക്കുന്നതോടെ അതിന്റെ ഒഴുക്ക് നിലക്കുന്നു. നിർജിവ മാകുന്നു. ചാവുകടലിൽ മത്സ്യങ്ങൾ പോലും വളരുന്നില്ല. കാരണം അവിടെ ജീവൻ ഇല്ല. ഉപ്പുപോലുള്ള പലതരം മിനറൽസ് അവിടെ അടിഞ്ഞുകിടക്കുന്നു. ചാവുകടൽ ജീവനില്ലാത്ത ജഢം പോലെയാണ്. യോർദ്ദാൻ നദിപോലെ സ്വയം ഒഴുകാൻ -ദാനം ചെയ്യാൻ ഗ്രന്ഥകാരൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

നവീനമായ കാഴ്ചപ്പാടുകൾ ഉളവാക്കുന്നതിൽ ഡോ. കച്ചിറമറ്റം വിജ യിക്കുന്നു. നമ്മുടെ ഇടയന്മാർ എന്ന ലേഖനത്തിൽ അദ്ദേഹം പറയുന്നു. "ഇടയൻ എന്ന് കേൾക്കുമ്പോൾ നാം സാധാരണ ചിന്തിക്കുന്നത് മെത്രാ ന്മാരെപ്പറ്റിയും വൈദികരെപ്പറ്റിയുമൊക്കെയാണല്ലോ. എന്നാൽ തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ചത്തോളം എല്ലാ വ്യക്തികളും ഇടയന്മരാണ് എന്ന യാഥാർത്ഥ്യം മറക്കരുത്. അദ്ധ്യാപകർ വിദ്യാർത്ഥി ലോക ത്തിനും ഡോക്ടർമാരും നഴ്സുമാരും രോഗികൾക്കും വ്യവസായികളും കച്ചവടക്കാരും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർ തങ്ങളുടെ സേവന മർഹിക്കുന്നവർക്കും ഇടയന്മാരാണ് എന്ന് ഗ്രന്ഥകർത്താവ് എടുത്തു പറയുമ്പോൾ ഇടയന്റെ ഉപമയെ സർവ്വസ്പർശമാക്കിത്തീർക്കുന്നു അദ്ദേഹം.

വചന പ്രകാശത്തിലെ നിരവധിഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് തയ്യാ റാക്കിയ അവതാരിക വളരെ അഭിമാനത്തോടെയാണ് ഞാൻ വായിച്ചത്. ഒരു പക്ഷേ കൂടുതൽ എഴുതുവാൻ പടിയറപിതാവിന്റെ വാക്കുകൾ എനിയക്ക് പ്രയോജനമായിയെന്ന് ഞാൻ വിശ്വസിക്കുന്നു.

## പ്രൊഫ. മാത്യു ഉലകംതറ

ഗ്രന്ഥത്തിലോ പത്രം ലേഖനങ്ങൾ വഴിയോ അതൊന്നും പ്രസ ദ്ധീകരിച്ച് പ്രശസ്തിയാർജിക്കാൻ ഡോ.കച്ചിറമറ്റം വ്യഗ്രതകാട്ടിയിരുന്നില്ല. അദ്ദേഹത്തിന്റെ സ്നേഹസമ്പന്നനായ സഹോദരൻ അതെല്ലാം തപ്പിയെടുത്ത് പ്രസദ്ധീകരിക്കണമെന്ന ആഗ്രഹവുമായി രംഗത്തുവന്നപ്പോൾ പലതു കൊണ്ടും ഞാൻ വിസ്മയഭരിതനായിപ്പോയി. എഴുതാനുള്ള കഴിവ് സാമാന്യ ത്തിലധികമുണ്ടായിട്ടും തനിക്കുവേണ്ടി ഒന്നും എഴുതി പ്രസദ്ധീകരിക്കുവാൻ കൂട്ടാക്കാത്ത ശ്രീ. ജോൺ കച്ചിറമറ്റം ജേഷ്ഠന്റെ അമുദ്രാതങ്ങളായ അസംഖ്യം രചനകൾ ശേഖരിച്ച് പകർത്തിയെഴുതി പ്രസദ്ധീകരിക്കാനൊരുങ്ങുന്നു.

ആ രചനകൾക്കുള്ളിലേക്ക് കടന്നപ്പോഴാണ് വിസ്മയം വർധിച്ചത്. എത്രയോ വിപുലമായ വിജ്ഞാനശാഖകളിൽ ഡോ, കച്ചിറമറ്റം അവഗാഹം

നേടിയിരിക്കുന്നു. എത്രയോ വിശാലമാണദ്ദേഹത്തിന്റെ ലോകപരിചയം. ഇതിലൊക്കെ ഉപരി തന്റെ പ്രസംഗത്തിനും ആവശ്യമുള്ള കുറിപ്പുകളും പ്രബന്ധങ്ങളും മുൻകൂട്ടി തയ്യാറാക്കികൊണ്ടുമാത്രം പ്രഭാഷണവേദികളിൽ പ്രവേശിക്കുന്നതിന് അദ്ദേഹം കാണിച്ചിരുന്ന നിഷ്കർഷയാണ് എന്നെ അത്ഭുതപ്പെടുത്തിയത്. ഉള്ള കൈമുതലുകളുമായി പ്രസംഗത്തിന് പോകുകയും വേദിയിൽ കയറിനിന്ന് വായിൽവരുന്നതൊക്കൊ പറയുകയും ചെയ്യുന്നത് പതിവാക്കിയിരുന്ന നമ്മുടെയൊക്കെയിടയിൽ ഓരോ പ്രസംഗവും ഒരു ദൈവവിളിയായി കരുതി ക്ഷമയോടെ പഠിച്ചൊരുങ്ങി നോട്ടെഴുതിതയ്യാറാക്കിയ ശേഷം മാത്രം പ്രസംഗിക്കാനെത്തിയിരുന്ന ഡോ.കച്ചിറമറ്റം ശ്രദ്ധേയമാംവണ്ണം ഒറ്റപ്പെട്ടു നിൽക്കുന്നു. നമ്മുടെ പേരെടുത്ത പ്രസംഗകരിൽ പലരുടെയും പ്രസംഗങ്ങൾ സമാനസന്ദർഭങ്ങളിൽ ഒന്നു തന്നെയായിരിക്കും. അവരുടെ രണ്ടോ മൂന്നോ പ്രസംഗങ്ങൾ കേട്ടാൽ പിന്നെ കേൾക്കേണ്ടി വരികയില്ല, മുമ്പ് കേട്ടതിന്റെ ആവർത്തനമായിരിക്കും അവയൊക്കെ. എന്നാൽ തന്റെ ഓരോ പ്രസംഗവും വ്യത്യസ്തമായിരിക്കണമെന്നു ഡോ.കച്ചിറമറ്റത്തിന് നിർബന്ധമുണ്ടായിരുന്നതുപോലെ തോന്നുന്നു.

എന്റെ മുമ്പിലിരിക്കുന്ന വചനപ്രകാശമെന്ന ഈ പ്രഭാഷണസമാഹാരത്തിൽ വിശ്വാസപ്രമാണങ്ങളിലും അടിസ്ഥാനതത്വങ്ങളിലുമല്ലാതെ മറ്റൊന്നിലും ഒരു ആവർത്തനവും കാണാൻ കഴിയുകയില്ല. വാക്യങ്ങളോ ഉദാഹരണങ്ങളോ ആവർത്തിക്കപ്പെടുന്നില്ല. ആശയങ്ങളിൽ പോലും വ്യത്യസ്തതയുണ്ടായിരിക്കുവാൻ ശ്രദ്ധിച്ചിരിക്കുന്നു".

സുവിശേഷവചനങ്ങൾ വ്യാഖ്യാനിക്കുന്നതിനിടയിൽ കബീർ മുതൽ സ്വാമി വിവേകാനന്ദൻ വരെയുള്ള ഭാരതീയ ഋഷിവര്യന്മാരും, ഷേക്സ്പീയർ മുതൽ ജീൻ പോൾസാർത്രുവരെയുള്ള സാഹിത്യാചാരന്മാരും മഹാത്മാഗാന്ധി മുതൽ എബ്രാഹം ലിങ്കൺ വരെയുള്ള രാഷ്ട്രീയദാർശിനികരുമൊക്കെ ഉദാഹരണങ്ങളായും കഥകളായും കടന്നുവരുന്നത് കാണുമ്പോൾ ഗ്രന്ഥകാരന്റെ പരപ്പേറിയവായനയും സീമയറ്റ സമഭാവനയും ആദരപൂർവ്വം നാമനുസ്മരിച്ചു പോകും. ബൈബിൾ തിയോളജിയുടെ ഊടുവഴികളിലൊന്നും കയറിയിറങ്ങാതെ സാധാരണക്കാരന്റെ ഗ്രഹണശക്തി മേഖലകളിൽത്തന്നെ വർത്തിക്കുവാനേ അദേഹം ശ്രമിക്കുന്നുള്ളു

## ഫാ.ജെ. തച്ചിൽ

"സാധാരണ വൈദികർ ധാരാളം പ്രസംഗങ്ങൾ ചെയ്യുന്നവരാണ്. എന്നാൽ അതെല്ലാം കാറ്റത്തു പറന്ന് പോകുന്ന കരിയില പോലെയാണ്. എത്ര മഹത്തായ ആശയമാണെങ്കിലും. നാവിലും ചെവിയിലും വറ്റിപോകുന്നു. ഡോ. കച്ചിറമറ്റത്തെ സംബന്ധിച്ചടത്തോളം അതെല്ലാം രേഖപ്പെടുത്തി വച്ചിരിക്കുന്നു എന്നത് എന്നെ അത്ഭുതപ്പെടുത്തി. എഴുതുന്ന കാര്യത്തിൽ പൊതുവേ പിന്നോക്കം നിൽക്കുന്ന വൈദീകഗണത്തിൽ എല്ലാം രേഖപ്പെ

ടുത്തിവച്ച കച്ചിറമറ്റം ആസാധാരണൻ തന്നെ.

താൻ പ്രസംഗിച്ച കാര്യങ്ങൾ അസാധാരണങ്ങളാണെന്ന് അദ്ദേഹം കരുതുന്നില്ല. നിങ്ങളുമായി പങ്കുവയ്ക്കുവാൻ അതിഗഹനങ്ങളായ വിഷയങ്ങളൊന്നുമില്ല എന്റെ കൈവശം നിങ്ങൾക്കറിയാവുന്ന, നിങ്ങൾക്ക് സുപരിചിതമായ നിങ്ങൾ പലതവണ കേട്ടുതഴമ്പിച്ചിട്ടുള്ള ഒരു പക്ഷേ പലപ്രാവശ്യം കേട്ടുമുഴിഞ്ഞിട്ടുള്ള ചെറിയകാര്യങ്ങൾ നിങ്ങളുടെ ഓർമ്മമണ്ഡലത്തിലേക്ക് കടത്തിക്കൊണ്ടു വരുവാനാണ് ഞാൻ ശ്രമിക്കുന്നത് എന്ന് ഡോ. കച്ചിറമറ്റം പറയുന്നുണ്ടല്ലോ.

ദുഃഖം ജനിപ്പിക്കുന്ന, അസ്വസ്ഥത പകർത്തുന്ന മരവിച്ച മുഖങ്ങളുടെ പിന്നിലുള്ള കാപട്യത്തിന്റെയും അഭിനയത്തിന്റെയും ചമയലിന്റെയും ദൗർബല്യത്തിൽ നിന്ന് രക്ഷനേടിയ മഹാപ്രേഷിതനായ കച്ചിറമറ്റം തന്റെ രോഗവും വേദനയും ക്ഷീണവും വകവയ്ക്കാതെ ആത്മാക്കളുടെ ഉന്നമനത്തിനായിപൊരുതി.

## Re-discovery of India - മുൻ ഗവർണ്ണർ കെ.എം. ചാണ്ടി

ഡോ.കച്ചിറമറ്റത്തിന്റെ Re - discovery of India എന്ന ഗ്രന്ഥത്തിന് അവതാരികയെഴുതിയത് മുൻഗവർണർ പ്രൊഫ. കെ.എം. ചാണ്ടിയാണ് അവതാരികയിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

Dr. Augustine's speeches exude his pride in our glorious heritage, his confidence in our present strength, his happiness in our achievements and his firm faith in our destiny. Devoid of the usual cynicism fashionable these days, the speeches of Dr. Augustine attempt to present Indian in the proper perspective and I am sure everyone who may have occasion to read the speeches will feel enriched having gained something in his understanding of this great country.

(പ്രസിദ്ധീകരണം 08.01.1994)

### ലഘുലേഖകൾ

ഗ്രന്ഥരചനക്കു പുറമേ സമകാലീന പ്രശ്നങ്ങളെ പ്രതിപാദിക്കുന്ന നിരവധി ലഘുലേഖകൾ അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് താഴെപ്പറയുന്നവയാണ്.

1. ദീപിക സുഹൃത്തുക്കളെ ഉണരുക (1966) - 70000 കോപ്പികൾ
2. നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) - 2000 കോപ്പികൾ
3. വിമോചനസമരം കനക ജൂബിലി (2008) - 1500 കോപ്പികൾ
4. ന്യൂമാൻ കോളേജ് പ്രശ്നം 4 ലേഖനങ്ങൾ (2010) - 1000 കോപ്പികൾ
5. വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും (2010) - 1000 കോപ്പികൾ

## രണ്ടാംഭാഗം

# 4. ആദ്യകാല ഗ്രന്ഥങ്ങൾ

## 1. എം.ഒ. ജോസഫ് ലഘുചരിത്രം

ഞാൻ രൂപതാസെക്രട്ടറിയായിരുന്ന കാലത്താണ് നവജീവപരിഷത് ചരിത്രകാരനായ എം.ഒ.ജോസഫ് നെടുങ്കുന്നത്തിന് അസ്ലേത്താദ്ഹെന്ദോ എന്ന ബഹുമതിനൽകിയത്. കത്തോലിക്കാകോൺഗ്രസ്സ് രൂപതാസമ്മേളനത്തിൽ വച്ച് ആ അവാർഡ് സമ്മാനിക്കുവാനുള്ള അവസരം ഒരുക്കിയത് ഞാനായിരുന്നു. എം.ഒ. ജോസഫിനെപ്പറ്റി കൂടുതൽ പഠിക്കുന്നതിന് അതൊരവസരമായി. എം.ഒ. ജോസഫിനെപ്പറ്റി ദീർഘമായ ഒരു ലേഖനം ഞാൻ തയ്യാറാക്കി. അത് പ്രസിദ്ധീകരിക്കുവൻ ആരും തയ്യാറായില്ല. ആ ലേഖനം തൊഴിലാളിപത്രത്തിൽ പ്രസിദ്ധീകരിക്കുകയും തൊഴിലാളി അത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്റെ പ്രഥമ പുസ്തകം അതാണെന്ന് പറയാം. വളര ചെറിയ ഒരു പുസ്തകം. ഒരു പുസ്തകമെന്ന നിലയിലല്ല ഞാൻ അത് എഴുതിയത് അതങ്ങനെ പുസ്തകമായി എന്നുമാത്രം.

(പ്രസിദ്ധീകരണം 1966)

## 2. എ.കെ.സി.സി.ലഘുചരിത്രം

18 വർഷക്കാലം എ.കെ.സി.സി ജനറൽ സെക്രട്ടറിയായും 8 വർഷക്കാലം പ്രസിഡന്റായും ഞാൻ പ്രവർത്തിച്ചു. 32 വർഷക്കാലം എ.കെ.സി.സി. ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡംഗമായും അതിൽ 18 വർഷക്കാലം ചീഫ് എഡിറ്ററായും 8 വർഷകാലം മാനേജിംഗ് എഡിറ്ററായും പ്രവർത്തിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളം കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകയോഗങ്ങളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ശ്രോതാക്കൾ എന്നോട് പല പ്രാവശ്യം അത് പുസ്തകരൂപത്തിൽ ആക്കണമെന്ന് ആവശ്യപ്പെട്ടു. വളരെ ചെറിയ അക്ഷരത്തിൽ ഡമ്മിഎട്ടിലൊന്ന് സൈസിൽ 40 പേജ് വരുന്ന ഒരു ചെറു പുസ്തകം ഞാൻ തയ്യാറാക്കി. ഒരു പുസ്തകമെന്ന നിലയിൽ അല്ല ഞാനതും തയ്യാറാക്കിയത്. എങ്കിലും അതു പുസ്തകമായി. അതാണ് എന്റെ രണ്ടാമത്തെ പുസ്തകം.

(പ്രസിദ്ധീകരണം 1985)

## 3. ഓശാനാ ഗവേഷണങ്ങളുടെ തനിനിറം

ശ്രീ. ജോസഫ് പുലിക്കുന്നൻ എന്റെ സ്നേഹിതനാണ്. അദേഹത്തിന്റെ പല അഭിപ്രായങ്ങളോടും എനിക്ക് യോജിപ്പില്ല. വിയോജിപ്പുകൾ തുറന്ന് പറയുകയും ചെയ്തു. തന്റെ അഭിപ്രായങ്ങളെ എതിർക്കുന്നവരെ അതിരൂ

ക്ഷമായി വിമർശിക്കുവാനും അവരുടെമേൽ നിരവധി ആക്ഷേപങ്ങൾ ഉന്നയിക്കുവാനും പുലിക്കുന്നൻ ശ്രമിക്കുക സാധാരണമാണ്. കഥാകൃത്തായ സഖറിയ കണ്ണാടികാണ്മോളവും എന്ന കഥ മാതൃഭൂമി ആഴ്ചപതിപ്പിൽ എഴുതി. സഭയെ ആക്ഷേപിക്കുന്ന വിധത്തിലുള്ള ഒരു കഥയായിരുന്നു അത്. ആ കഥയെപ്പറ്റി പത്രമാസികകളിൽ കൂടി വലിയ വിമർശനങ്ങൾ ഉയർന്നു. ഈ സന്ദർഭത്തിൽ ഈ വിഷയത്തെപ്പറ്റി ഒരു സ്വതന്ത്രചർച്ച നടത്തുകയാണെന്നും അതിൽ പങ്കെടുക്കണമെന്നും കാണിച്ച് എനിക്കു ജോസഫ് പുലിക്കുന്നന്റെ ഒരു കത്തു ലഭിച്ചു. സ്വതന്ത്രചർച്ചയായിരിക്കുമെങ്കിൽ ഞാനും യോഗത്തിൽ പങ്കെടുക്കുന്നതാണെന്ന് അറിയിച്ചു. എന്നാൽ യോഗം നടക്കുന്നതിന് നാലഞ്ചുദിവസം മുൻപ് ആ കഥയെപ്പറ്റി വിലയിരുത്തിക്കൊണ്ട് അതിനെ പിന്താങ്ങിക്കൊണ്ട് ഒരു ദീർഘമായ ലേഖനം എനിക്കയച്ചുതന്നു. യോഗത്തിലേയ്ക്ക് ക്ഷണിച്ച എല്ലാവർക്കും ആ ലേഖനത്തിന്റെ കോപ്പി അയച്ചുകൊടുത്തുവെന്ന് അറിഞ്ഞു. സ്വതന്ത്രമായ ചർച്ചക്കെന്ന് പറഞ്ഞ് ക്ഷണിച്ചിട്ട് ക്ഷണിതാവ് തന്നെ ആ കഥയെ പിന്താങ്ങികൊണ്ട് ഒരു ലേഖനം തയ്യാറാക്കി അയച്ചത് ശരിയായ നടപടിയല്ലെന്നും മുൻവിധിയോടുകൂടി നടത്തുന്ന ചർച്ചയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നില്ലന്നും കാണിച്ച് ഞാൻ കത്തയക്കുകയും ആ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ലേഖനം എ.കെ.സി.സി.ബുള്ളറ്റിനിൽ പ്രസദ്ധീകരിക്കുകയും ചെയ്തു. ജോസഫ് പുലിക്കുന്നന് അത് ഇഷ്ടമായില്ല. എന്നെ നഖശിഖാന്തം എതിർത്തുകൊണ്ട്, വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ട്, ഞാൻ ഉന്നയിച്ച ഒരു കാര്യത്തിനും മറുപടി പറയാതെ ഒരു ലേഖനം ഓശാനയിൽ പ്രസിദ്ധീകരിക്കുകയും ആ ലേഖനത്തിന്റെ കോപ്പി അനേകർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. തുടർന്ന് ഞാനും പുലിക്കുന്നനുമായി ലേഖന സമരം തന്നെ നടന്നു. ഞാൻ ഉന്നയിച്ച ഒരു ചോദ്യത്തിനും ഉത്തരം പറയാതെ അരിയെത്രയെന്ന ചോദ്യത്തിന് പയറഞ്ഞാഴി എന്നു പറഞ്ഞതു പോലെ നിരവധി ലേഖനങ്ങൾ എഴുതി. എന്റെ എഴുത്തിലെ കാര്യങ്ങളെപ്പറ്റിയല്ല എന്റെ തുണിക്കടയെപ്പറ്റിയും മറ്റുമാണ് അദേഹം എഴുതിയത്. തുടർന്ന് ഞാൻ എഴുതിയ 12 ലേഖനങ്ങൾ ഉൾപ്പെടുത്തി ഓശാനാഗവേഷണങ്ങളുടെ തനിനിറം എന്ന ഗ്രന്ഥം പ്രസദ്ധീകരിച്ചു. ഞാൻ പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിന് ജനങ്ങളിൽ നിന്നും ലഭിച്ച പ്രോത്സാഹനം വർണ്ണനാതീതമാണ്. ആ പുസ്തകത്തിന് രണ്ടുപതിപ്പുകൾ വേണ്ടിവന്നു.

ഈ പുസ്തക പ്രസദ്ധീകരണം കൊണ്ട് ഉണ്ടായ ഒരുഫലം കൂടി എന്താണെന്ന് പറയട്ടെ. അന്നു വരെ എല്ലാ മെത്രാന്മാരെയും വൈദികരെയും എതിർക്കുന്ന പരിപാടി ഉപേക്ഷിച്ച് എന്റെ നേരെ പുലിക്കുന്നൻ തിരിഞ്ഞു. കുറേനാളത്തേക്ക് മെത്രാന്മാരെയും വൈദികരെയും പുലിക്കുന്നൻ വെറുതെവിട്ടു ഇതാണ് എന്റെ ഈ പുസ്തകപ്രസദ്ധീകരണം കൊണ്ടുണ്ടായ നേട്ടം.

(പ്രസിദ്ധീകരണം 01.09.1998)

## മൂന്നാംഭാഗം - ആധുനികകാല ഗ്രന്ഥങ്ങൾ

# 5. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും

2000-ൽ ഞാൻ എ.കെ.സി.സി പ്രസിഡന്റായിരിക്കുമ്പോഴാണ് 62-ാം വയസ്സിൽ ഒരു പുസ്തകം രചിക്കുകയെന്ന ചിന്തയോടെ പ്രവർത്തിച്ചത്. ആ ലക്ഷ്യത്തോടെ എഴുതിയതാണ് ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥം. അതിനെപ്പറ്റി അല്പം പറയാം.

എല്ലാസമുദായത്തിൽപ്പെട്ട നേതാക്കളും അവരുടെ പ്രസിദ്ധീകരണങ്ങളും കുതിരകയറുന്നത് കത്തോലിക്കന്റെ മേലാണ്. സത്യം എന്തെന്ന് അറിയാതെ മറ്റുള്ളവർ കത്തോലിക്കരെപ്പറ്റി പറയുന്ന ആക്ഷേപങ്ങൾ ശരിയാണെന്ന് വിശ്വസിച്ച് ഇളിഭ്യരായി പലരും ഇരിക്കുന്നതും ഞാൻ മനസിലാക്കിയിട്ടുണ്ട്. അതിലൊന്നാണ് മന്ത്രിയായിരുന്ന ശ്രീനിവാസൻ കത്തോലിക്കാ എം.എൽ. എ.മാരെ നോക്കി നിയമസഭയിൽ നടത്തിയ ഒരു പ്രസംഗം. അദേഹത്തിന്റെ പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം. "ഞങ്ങളൊക്കെ സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ട് ജയിൽവാസം വരെ അനുഭവിച്ചപ്പോൾ നിങ്ങൾ സർ. സി.പിക്ക് മംഗളപത്രം കൊടുക്കുകയാണ് ചെയ്തത്." അതിനു മറുപടി പറയാൻ നിയമസഭയിലെ ഒരു കത്തോലിക്കാ എം.എൽ.എക്കും സാധിച്ചില്ല. അന്നത്തെ രാഷ്ട്രീയസാഹചാര്യങ്ങളെപ്പറ്റിയും മംഗളപത്ര സമർപ്പണത്തെപ്പറ്റിയും കത്തോലിക്കരാണോ എസ്.എൻ.ഡി.പിയാണോ, എൻ.എസ്സ്. എസ്സ് ആണോ ആദ്യം മംഗളപത്രം നൽകിയതെന്ന് ഒന്നും നമ്മുടെ എം. എൽ.എ മാർക്ക് അറിയാൻ പടില്ലായിരുന്നു. അവർ ഒരുനല്ല മറുപടി നൽകിയിരുന്നുവെങ്കിൽ ഇത്തരം വിഢിത്തരങ്ങൾ ശ്രീനിവാസൻ പിന്നീട് പറയുകയില്ലായിരുന്നു. ഈ സന്ദർഭത്തിൽ ആരും ശ്രീനിവാസന് മറുപടി കൊടുക്കാൻ തയ്യാറാകാതിരുന്ന സന്ദർഭത്തിൽ ഞാൻ മംഗളപത്രത്തെപ്പറ്റിയും സ്വാതന്ത്ര്യ സമരത്തിലെ ക്രൈസ്തവ പങ്കാളിത്തത്തെപ്പറ്റിയും ഒരു ലേഖനം എഴുതി. എന്താണ് മംഗളപത്രസമർപ്പണം എന്ന് വിശദികരിച്ചതിനുശേഷം കത്തോലിക്കർ മംഗളപത്രം കൊടുത്തുവെന്ന് പറയുന്നതിന് രണ്ട് മാസം മുൻപ് സി.പിയുടെ വീട്ടിലെത്തി സ്വർണ്ണത്തളികയിൽ മംഗളപത്രം സമർപ്പിച്ചത് ശ്രീനിവസൻ ഉൾപ്പെടുന്ന ഈഴവസമുദായം ആയിരുന്നുവെന്നും അതിനും ഒരു മാസം മുൻപ് എൻ.എസ്സ്. എസ്സ് സി.പി.ക്ക് മംഗളപത്രം സമർപ്പിക്കുകയും സി.പി. യുടെ പ്രതിമ തമ്പാനൂർ സ്ഥാപിക്കുകയും ചെയ്തുവെന്നും തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണപ്രക്ഷോഭണത്തെ നഖശിഖാന്തം എതിർത്തത് എൻ.എസ്സ്.എസ്സും എസ്.എൻ.ഡി.പിയും ആയിരുന്നുവെന്നും ഞാൻ ആ ലേഖ

നത്തിൽ എഴുതിയിരുന്നു. എന്റെ ലേഖനം വായിച്ച പലരും രാഷ്ട്രീയത്തിലെ ക്രൈസ്തവസംഭാവനകൾ എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ഒരു പുസ്തകം തന്നെ രചിക്കണമെന്നഭിപ്രായപ്പെട്ടു.

## ഫാ. ജേക്കബ് ഏറണാട്

എറണാകുളത്തുനിന്നു ഫാ. ജേക്കബ് ഏറണാട് അച്ചൻ എനിക്കെഴുതി "നമ്മൾ തമ്മിൽ പല വിഷയങ്ങളെപ്പറ്റിയും ദീർഘനേരം സംസാരിച്ചിട്ടുണ്ടല്ലോ അപ്പോഴെല്ലാം ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു ക്രൈസ്തവരുടെ സാമൂഹ്യസംസ്കാരികരാഷ്ട്രീയ മണ്ഡലങ്ങളിലെ സംഭാവനകൾ ഉൾപ്പെടുത്തി ഒരു ഗ്രന്ഥം രചിക്കണമെന്ന്. അത് ഇനി താമസിപ്പിക്കരുത്. ഈവകകാര്യങ്ങൾ കൃത്യമായി അറിയാവുന്നത് എം.ഒ. ജോസഫ് നെടുങ്കുന്നത്തിനായിരുന്നു. അദേഹം നമ്മിൽ നിന്നും കടന്നുപോയി. ഇനി ഈ വിഷയം കൈകാര്യം ചെയ്യാൻ കഴിവുള്ള ഒരേ ഒരാൾ കച്ചിറമറ്റമാണ്. ഉടൻ തന്നെ ചെയ്യണം"

ഏതാനും നാളുകൾക്കുശേഷം ഞാൻ എന്റെ സഹോദരൻ ഡോ. കച്ചിറമറ്റം ലിസി ആശുപത്രിയിൽ ഓപ്പറേഷന് വിധേയമായി കഴിഞ്ഞപ്പോൾ അദ്ദേഹത്തോടൊപ്പം ഞാനും ആശുപത്രിയിൽ നിൽക്കേണ്ടിവന്നു. അന്ന് ഏറണാട്ടച്ചൻ ആശുപത്രിയിലെ സ്പിരിച്വൽ ഡയറക്ടറായിരുന്നു. ആ സമയത്ത് അച്ചനുമായി ഈ വിഷയത്തെപ്പറ്റി കൂടുതലായി സംസാരിച്ചു. ഇങ്ങനെയൊരു പുസ്തകം രചിക്കണമെന്ന്. അച്ചൻ വീണ്ടും വീണ്ടും പറഞ്ഞു ഇതിന്റെ സാമ്പത്തികഭാരത്തെപ്പറ്റി പറഞ്ഞപ്പോൾ അച്ചൻ പറഞ്ഞു "കച്ചിറമറ്റം എഴുതി കെ.സി.ബി.സിയേയോ സിറോ- മലബാർ സഭയെയോ ഏല്പിക്കുക. അവർ അച്ചടിച്ച് കൊള്ളും."ഞാൻ പറഞ്ഞു നടപ്പില്ലാത്ത ഒരു കാര്യമാണിത്. ഞാൻ തയ്യാറാക്കുന്ന പുസ്തകം അവർ ആരും പ്രസദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കേണ്ട"

ഏതാനും നാൾ കഴിഞ്ഞപ്പോൾ പാലായിൽ ചേർന്ന ഒരു സമ്മേളനത്തിൽ' രാഷ്ട്രീയരംഗത്തെ ക്രൈസ്തവസംഭാവനകളെപ്പറ്റി ഞാൻ ഒരു പ്രസംഗം ചെയ്തു. പാലാരൂപതാ പാസ്റ്ററൽകൗൺസിൽ ചെയർമാനായിരുന്ന കെ.എം. മത്തായി കയ്യാലയ്ക്കകം ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം എന്നെ വിളിച്ച് മാറ്റി നിർത്തിയിട്ടു പറഞ്ഞു ഇന്നിവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ചേർത്ത് ഒരു പുസ്തകമാക്കണം. അതിന് എന്തുസഹായം വേണമെങ്കിലും ചെയ്തുതരാം. അദ്ദേഹത്തിന്റെ നല്ല മനസിന് ഞാൻ നന്ദിപറഞ്ഞു ഞാൻ മൊത്തം കണക്കുകൂട്ടിയപ്പോൾ 90000 രൂപയെങ്കിലും ചിലവ് വരുമെന്ന് മനസിലായി. ആ സംരംഭത്തിൽ നിന്നും ഞാൻ പിന്മാറി.

ദീപനാളത്തിന്റെ ചീഫ് എഡിറ്റർ ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ. ദീപനാളത്തിലേയ്ക്ക് ഒരു ലേഖനപരമ്പര തയ്യാറാക്കിത്തരണമെന്ന് ആവശ്യപ്പെട്ടു. രാഷ്ട്രീയരംഗത്തെ ക്രൈസ്തവസംഭാവനകൾ വിശദീകരിക്കുന്നതായിരിക്കണമെന്നും പറഞ്ഞു. ഞാൻ സമ്മതിച്ചു. 65 ഓളം ലക്കങ്ങളിൽ ആ പരമ്പര തുടർന്നു. വളരെധികം ആളുകൾ ആ ലേഖനപരമ്പരയെ പ്രശംസിച്ച് എനിക്കെ

ഴുതി. ആ ലേഖനപരമ്പര പുസ്തകരൂപത്തിൽ ആക്കുന്നതിനെപ്പറ്റി പലരും സംസാരിച്ചു. അപ്പോഴും ഒരു തീരുമാനത്തിലെത്താൻ എനിക്ക് ധൈര്യം വന്നില്ല.

1999-ൽ ഫിലാഡൽഫിയായിൽ ചേർന്ന സീറോ-മലബാർ കൺവെൻഷനിൽ എനിക്ക് ക്ഷണം കിട്ടി. കൺവെൻഷന്റെ ഉൽഘാടനസമ്മേളനത്തിൽ 15 മിനിറ്റ് സംസാരിക്കുവാനും പിറ്റേദിവസം ഒരു പ്രബന്ധം അവതരിപ്പിച്ച് സംസാരിക്കുവാനും എനിക്കവസരം ലഭിച്ചു. അവിടെ വച്ച് സംസാരിച്ച പലരും ഇന്നു പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു പുസ്തകം രചിക്കണമെന്ന് അഭിപ്രായപ്പെട്ടു. ഫിലാഡൽഫിയായിൽ നിന്നും ഓലിക്കൽ മാത്യു-ചിന്നമ്മ ദമ്പതികളുടെ ക്ഷണം സ്വീകരിച്ചു ഞാൻ ചിക്കാഗോയിൽ എത്തി. ഞായറാഴ്ച വി. കുർബ്ബാന കാണുവാനായി ചിക്കാഗോ പള്ളിയിൽ എത്തി. ഇപ്പോഴത്തെ ബിഷപ്പു മാർ ജേക്കബ് അങ്ങാടിയത്ത് ആയിരുന്നു അന്ന് ചിക്കാഗോ പള്ളിവികാരി. കുർബ്ബാനമദ്ധ്യേ തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരിക്കും എനിക്കും ഓരോ പ്രസംഗം പറയാൻ അവസരം ലഭിച്ചു. 10 മിനിറ്റാണ് എനിക്കനുവദിച്ചത്. മഹത്തായ ഇന്ത്യൻ സംസ്കാര ത്തെപ്പറ്റിയും അമേരിക്കയുടെ 200 വർഷത്തെ സംസ്കാരിക പൈതൃകത്തെപ്പറ്റിയും ഇന്ത്യയിലെ ക്രിസ്ത്യാനികൾ ദേശീയനവോത്ഥാനരംഗത്ത് നൽകിയസംഭാവനകളെപ്പറ്റിയും ഞാൻ 10 മിനിറ്റിൽ ഒതുക്കി സംസാരിച്ചു. മലയാളികളായ 1000 പേർ എങ്കിലും ആ ദേവാലയത്തിൽ സംബന്ധിച്ചിരുന്നു. കുർബ്ബാനകഴിഞ്ഞ് ദേവാലയത്തിന് പുറത്തുവന്നപ്പോൾ എന്റെ സ്നേഹിതന്മാരിൽ പലരും വന്ന് അഭിനന്ദിച്ചു. ഞങ്ങൾ അമേരിക്കയിൽ എത്തിയിട്ട് അനേക വർഷങ്ങളായെന്നും ഞാൻ പറഞ്ഞ കാര്യങ്ങളെപ്പറ്റിയൊന്നും അവർക്കറിയത്തില്ലന്നും ഇത് ഒരു പുസ്തകരൂപത്തിൽ തയ്യാറാക്കണമെന്നും അഭിപ്രായപ്പെട്ടു. ഈകാര്യങ്ങളെല്ലാം ഉൾപ്പെടുത്തി ഞാൻ ദീപനാളം വാരികയിൽ ഒരു ലേഖനപരമ്പര തയ്യാറാക്കി പ്രസദ്ധീകരിച്ചിരുന്നുവെന്ന് മലയാളി സുഹൃത്തുക്കളോട് പറഞ്ഞു. അവർ പറഞ്ഞു അതിന്റെ കോപ്പി ഞങ്ങൾക്കുവേണം എന്ന്. 600 പേജെങ്കിലും വരും ഒരു ലക്ഷം രൂപായെങ്കിലും ഉണ്ടെങ്കിലേ പുസ്തകമാക്കാൻ സാധിക്കുകയുള്ളുവെന്നും ഞാൻ പറഞ്ഞപ്പോൾ സാമ്പത്തികം പ്രശ്നമല്ലെന്നും ഞങ്ങൾ എല്ലാം വിലകൊടുത്ത് വാങ്ങിക്കൊള്ളാം എന്നുപറഞ്ഞു. ഒരു പക്ഷെ അന്ന് എന്റെ പുസ്തകം തയ്യാറാക്കിയിരുന്നുവെങ്കിൽ നൂറുകണക്കിന് കോപ്പികൾ അവർ വാങ്ങിക്കുമായിരുന്നു അവരുടെ ആവേശം കണ്ടുകൊണ്ടാണ് ഞാൻ നാട്ടിൽ വന്ന് ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥം തയ്യാറാക്കിയത്. അത് പ്രസദ്ധീകരിച്ചതിനുശേഷം പുസ്തകം തയ്യാറായ വിവരം കാണിച്ച് ഞാൻ എല്ലാ മലയാളി സുഹൃത്തുക്കൾക്കും തന്നെ കത്തയച്ചു. ചിക്കാഗോപള്ളി പരിസരത്ത് വച്ച് എന്നോട്പറഞ്ഞ കാര്യങ്ങളൊക്കെ അവർ മറന്നുകാണും. അമേരിക്കയിലെ സുഹൃത്തുക്കൾക്ക് അയച്ച കത്തു കൊണ്ട് യാതൊരുപ്രയോജനവുമുണ്ടായില്ല. ശ്രീ. ജെയിംസ് കുറിച്ചി (ഫിലാഡൽഫിയാ) ശ്രീ. മാത്യു ഓലിക്കൽ ചിക്കാഗോ, ഫാ.ജോൺ മേലേപ്പുറം, വി.എം.

ചാക്കോ വെള്ളിരിങ്ങാട്ട്, ജോസഫ് പൂങ്കുടി എന്നിവർ മാത്രമാണ് പുസ്തകം വാങ്ങിയത്. അമേരിക്കയിലേക്ക് അയച്ച കത്തിന്റെ പോസ്റ്റൽ ചാർജ് പോലും ലഭിച്ചില്ല. ഞാൻ അവരെയാരെയും കുറ്റപ്പെടുത്തുന്നില്ല. ഫിലാഡൽഫിയായിലെയോ ചിക്കാഗോയിലെയോ എന്റെ പ്രസംഗംകഴിഞ്ഞപ്പോൾ എന്റെ പുസ്തകം ഉണ്ടായിരുന്നുവെങ്കിൽ നല്ലൊരു വിഭാഗമാളുകൾ വാങ്ങിക്കുമായിരുന്നു. ആ ആവേശം പിന്നിട് അവർക്കുണ്ടാകാത്തതിൽ എനിക്ക് ദുഃഖമില്ല. അത് സാധാരണസംഭവമാണ്. അത് സ്വാഭാവികം മാത്രം.

## എം.എ. ജോൺ–ഫാ. വടക്കൻ–എം.ജി.എസ്സ്.

ഗ്രന്ഥനിർമ്മിതി എന്ന നിലയിൽ ഞാനെഴുതിയ ആദ്യത്തെ പുസ്തകമാണിത്. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും. ആകെ 560 പേജ്. ഈ പുസ്തകത്തിന്റെ പ്രകാശനത്തെപ്പറ്റി ഞാൻ കാര്യമായി ചിന്തിച്ചില്ല. ശ്രീ എം.എ.ജോൺ മറ്റത്തിൽ (പരിവർത്തനവാദികോൺഗ്രസ്സുകാരൻ) ഈ പുസ്തകത്തിന്റെ ഏതാനും ഭാഗം കാണുകയുണ്ടായി. പുസ്തകത്തിന് നല്ല ഒരു പ്രകാശനകർമ്മം നടത്തണമെന്ന് ജോൺ പറഞ്ഞു. ഇപ്പോൾ തന്നെ നല്ലസംഖ്യ ചിലവാക്കി ഇനി പുസ്തകപ്രസദ്ധീകരണ ചടങ്ങിനുവേണ്ടി പണമൊന്നും മുടക്കാൻ സാധിക്കുകയില്ലായെന്ന് ഞാൻ പറഞ്ഞു. "പ്രമുഖചരിത്രകാരനായ എം.ജി.എസ്സ്.നാരായണനെക്കൊണ്ട് പ്രകാശനം ചെയ്യിക്കണമെന്ന് ജോൺ അഭിപ്രായപ്പെട്ടു. എം.ജി.എസ്സിനെ കൊണ്ടുവരുന്നതിന്റെ സകലചിലവും ഞാൻ വഹിച്ചു കൊള്ളാമെന്ന് ശ്രീ. ജോൺ പറഞ്ഞു, പറയുകമാത്രമല്ല അതുപോലെ പ്രവർത്തിക്കുകയും ചെയ്തു. പുസ്തകം ഏറ്റുവാങ്ങുവാൻ ഫാ. ജോസഫ് വടക്കനെയും ക്ഷണിച്ചു. എം.ജി.എസ്സ്. നാരായണനും ഫാ. വടക്കനും മറ്റുപ്രസംഗികരുമെല്ലാം പുസ്തകത്തിന്റെ ഉള്ളടക്കത്തെ പ്രശംസിച്ചു സംസാരിച്ചു. ആ പുസ്തകം ഞാൻ സമർപ്പിച്ചത് ഇപ്രകാരമായിരുന്നു. "സമൂഹത്തിൽ നിന്നുണ്ടാകുന്ന അവഗണനകളും അവഹേളനങ്ങളും സഹിച്ചു കൊണ്ട് പ്രതിഫലം ഇച്ഛിക്കാതെ രാഷ്ട്രത്തിനും പൊതുനന്മയ്ക്കും വേണ്ടി ത്യാഗപൂർണ്ണമായ ജീവിതം നയിക്കാൻ തയ്യാറായി മുന്നോട്ടു വരുന്ന എല്ലാ നല്ല മനുഷ്യർക്കും" എന്നായിരുന്നു. ആ സമർപ്പണത്തെയും പലരും പ്രശംസിച്ചു.

## അവതാരിക – പ്രൊഫ. മാത്യു ഉലകുംതറ

ആ അവതാരിക ഞാൻ പ്രത്യേകം പ്രിന്റ് ചെയ്ത് സമൂഹത്തിലെ ഉന്നതർക്കെല്ലാം അയച്ചുകൊടുത്തു. ഇതിന്റെ കോപ്പി വിലക്കുവാങ്ങി ഈ സംരംഭത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

ഈ പുസ്തകത്തിന്റെ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

ശ്രീ.ജോൺ കച്ചിറമറ്റത്തിന്റെ ഈ ഗ്രന്ഥം എല്ലാ അർത്ഥത്തിലും ഇതു പ്രതിവാദം തന്നെ. ഈ പ്രതിവാദത്തിനിടയിൽ ചരിത്രത്തിന്റെ കാണാപ്പുറങ്ങൾ പലതും വെളിച്ചത്തുവരുന്നതുകൊണ്ട് ഇതൊരു അമൂല്യമായ ചരിത്ര

രേഖയാണ്. പലതരം കാപട്യങ്ങളെയും അവസരവാദങ്ങളെയും പുറത്തുകൊണ്ടുവരുന്നതിനാൽ ഇതൊരു ധർമ്മ യുദ്ധമാണ്. ജാതിമതാദികൾക്കും വർണ്ണവർഗ്ഗഭേദങ്ങൾക്കും എതിരായി മനുഷ്യസമത്വത്തിനും അധഃസ്ഥിതരുടെ അവകാശലബ്ധിക്കും വേണ്ടിയുള്ള ഒരു മുറവിളിയായി മുഴങ്ങുന്നതിനാൽ ഇതൊരു മനുഷ്യസ്നേഹമഹാ കാഹളമാണ്. അങ്ങനെ പല മാനങ്ങളും മുഖങ്ങളുമുള്ള അമൂല്യമായ ഒരു ഗ്രന്ഥമാണ് ഭാഗ്യവശാൽ ഞാനിപ്പോൾ വായനക്കാരുടെ മുമ്പിലവതരിപ്പിക്കുന്നത്.

കേരളത്തിലെ ക്രിസ്ത്യാനികളോട് പ്രത്യേകിച്ചു കത്തോലിക്കരോട് എനിക്കു പറയാനുള്ളത്, നിങ്ങൾക്ക് അഭിമാനത്തോടെ തലയുർത്തിപ്പിടിച്ചു നടക്കാനാഗ്രഹമുണ്ടെങ്കിൽ ശ്രീ.കച്ചിറമറ്റത്തിന്റെ ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം കുറെയൊക്കെ മനഃപാഠമാക്കി വെയ്ക്കണമെന്നാണ്. ഇതു കേരള ക്രൈസ്തവരുടെ മാനം കാക്കുന്ന ഒരു ഗ്രന്ഥമാണ്. മഹാത്മഗാന്ധി അന്തിക്രിസ്തുവാണെന്നും പറഞ്ഞുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കുചേരാതെ ബ്രിട്ടീഷുകാരുടെ ചെരിപ്പും തുടച്ചുനടന്ന ഒരു വർഗ്ഗമാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ എന്ന ആക്ഷേപം വന്നു മുഖത്തടിക്കുമ്പോൾ, ഏകാധിപതിയും ജനദ്രോഹിയുമായിരുന്ന സർ സി.പി.രാമസ്വാമി അയ്യർക്കു മംഗളപത്രമെഴുതിക്കൊടുത്ത മെത്രാമ്മാരുടെ കുഞ്ഞാടുകളാണു നിങ്ങൾ എന്ന പരിഹാസം വന്നു കാതടപ്പിക്കുമ്പോൾ നിങ്ങളുടെ തല താണു പോകാറില്ലേ? ഇന്ത്യൻ സംസ്കാരത്തെ നശിപ്പിക്കാൻ കടൽകടന്നെത്തിയ വിദേശമതമാണ് ക്രിസ്തുമതമെന്നും, ക്രിസ്ത്യാനികളുടെ കൂറ് ഇന്നും വിദേശമേൽക്കോയ്മയോടാണെന്നുമുള്ള പുതിയ ആരോപണങ്ങളും നിങ്ങളെ വീർപ്പുമുട്ടിക്കുന്നില്ലേ. ക്രൈസ്തവസഭയും പള്ളിയും പട്ടക്കാരുമൊക്കെ എന്നും മുതലാളിത്തിന്റെ മൂടുതാങ്ങുന്നവരാണെന്ന ആരോപണത്തിൽ കുറെയൊക്കെ നേരുണ്ടെന്നു ഗത്യന്തരമില്ലാതെ സമ്മതിച്ച് സ്വയം നാണകൊടാനും നിങ്ങൾക്കിടവന്നിട്ടില്ലേ. എന്നാൽ ഇപ്പറഞ്ഞതൊന്നും നേരല്ലെന്നും സത്യം നേരെ എതിർവശത്താണെന്നും മുൻകാലസംഭവങ്ങൾ ഒന്നൊന്നായി അവതരിപ്പിച്ച് തെളിവുനിരത്തി ശ്രീ.കച്ചിറമറ്റം സ്ഥാപിക്കുമ്പോൾ താണുപോയ നിങ്ങളുടെ തല താനേ ഉയരുന്നതായനുഭവപ്പെടും.

പുതിയശൈലിയിൽ ഞാനൊരു സാക്ഷ്യം പറയട്ടെ. സാമാന്യം വലിയ ഈ പുസ്തകം താഴെ വയ്ക്കാതെതന്നെ ഞാൻ വായിച്ചു തീർത്തു. അറുപതാമദ്ധ്യായം കടന്നു മുന്നോട്ടുപോകുന്തോറും എന്റെ ശ്വാസഗതി മുറുകി. സിരകളിൽ പുതുരക്തപ്രവാഹമുണ്ടായി. നല്ല നോവൽ വായിക്കുമ്പോഴുണ്ടാകുന്ന ഒരു തരം സംത്രാസമെനിക്കനുഭവപ്പെട്ടു. ഇതൊരു നോവലല്ല. അനേകം നോവലുകളുടെ കഥാവസ്തുചരിത്രത്തിൽനിന്നുയർത്തിയെടുത്തവതരിപ്പിക്കുന്ന പരുക്കൻഭാഷയിലുള്ള ഒരു സത്യകഥനമാണ്. എന്നാൽ ഇതിലൊളിഞ്ഞിരിക്കുന്ന സത്യം ആനന്ദഭൈരവിരാഗം പോലെ ആന്തരികകർണ്ണങ്ങൾക്ക് സാന്ത്വനസുഖം നൽകുന്നു.

പുരോഗമനവാദികളുടെ ദൃഷ്ടിയിൽ വെറും വർഗ്ഗീയസംഘടയായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ടുസ്ഥാനത്തിരിക്കുന്ന ഗ്രന്ഥപ്രശസ്തിയോ സാഹിത്യ ഗന്ധമോ ഇല്ലാത്ത ഒരാൾ പറയുന്ന സത്യത്തിനു എന്തു വില? എൻ.എസ്.എസിന്റെയോ എസ്.എൻ. ഡി.പി.യുടെയോ പ്രസിഡണ്ടാണ് പറയുന്നതെങ്കിൽ അതിന് വോട്ടുബാങ്കിന്റെ കനമെങ്കിലുമുണ്ടാകും. ഇവിടെ വോട്ടുബാങ്കുകൾക്ക് വിലപറയാൻ മെത്രാന്മാരോ കേരളകോൺഗ്രസ്സുകളോ ഒക്കെയുള്ളപ്പോൾ കത്തോലിക്കനായ ഒരു സമുദായപ്രവർത്തകന്റെ വാക്കിന് ആരു വിലകൽപ്പിക്കും. ഈ ചോദ്യം മനസ്സിൽ കണ്ടുകൊണ്ടാണ് ശ്രീ. ജോൺ കച്ചിറമറ്റം തന്റെ സത്യമൊഴികൾ താങ്ങിനിറുത്താനുള്ള ഊന്നുവടികൾ തേടുന്നത്. അതിലദ്ദേഹം നൂറുശതമാനം വിജയിക്കുകയും ചെയ്തു.

നായർ സമുദായത്തെയും ഈഴവസമുദായത്തെയുംകാളധികം സാമൂഹിക പരിഷ്കരണ സംരംഭങ്ങളിലേർപ്പെട്ടിട്ടുള്ളതും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിരയിൽനിന്നും പോരാടിയതും ക്രിസ്ത്യാനികളാണ് എന്ന് തെളിയിക്കാൻ അദ്ദേഹം ഉദ്ധരിക്കുന്നത് കുമ്പളത്തു ശങ്കുപ്പിള്ളയുടെയും, സി.നാരാണപിള്ളയുടെയും, എം.എൻ. ഗോവിന്ദൻ നായരുടെയും, എം.കെ. കുമാരന്റെയും, പുതുപ്പള്ളി രാഘവന്റെയുമൊക്കെ വാക്കുകളാണ്. കുമ്പളത്തു ശങ്കുപ്പിള്ളയുടെ ആത്മകഥയിൽനിന്നും, സി.നാരാണപിള്ളയുടെ തിരുവിതാംകൂർ ചരിത്രത്തിൽനിന്നും ആർ.ശങ്കറിന്റെ ജിവചരിത്രത്തിൽനിന്നും മൊക്കെയുള്ള ഉദ്ധരണികൾ അധികമായിപ്പോയെന്നു വല്ല പുസ്തകാഭിപ്രായക്കാരും ചൂണ്ടിക്കാണിച്ചേക്കാം. ഏറെ പണിപ്പെട്ട് ഈ സാക്ഷിമൊഴികൾ ഇത്ര വിസ്തരിച്ച് ആദ്ദേഹം ഹാജരാക്കിയിരുന്നില്ലെങ്കിൽ വർഗ്ഗീയവിദ്വേഷം കുത്തിയിളക്കിയെന്ന കുറ്റത്തിന് ശ്രീ. കച്ചിറമറ്റത്തെ സ്വസമുദായാംഗങ്ങൾതന്നെ തൂക്കുമരം കയറ്റിയേനേ.

അയിത്തോച്ചാടനപരമായ വൈക്കം സത്യാഗ്രഹമുൾപ്പെടെയുള്ള സമരങ്ങളുടെ സൂത്രധാരൻ സ്വാതന്ത്ര്യസമരപ്പോരാളികളിൽ മുമ്പനായിരുന്ന ജോർജ്ജു ജോസഫായിരുന്നുവെന്നും, കേരള സ്വാതന്ത്ര്യസമരത്തിൽ അക്കാമ്മ ചെറിയാൻ, ആനിമസ്ക്രീൻ എന്നീ വീരവനിതകളുടെ നിരയിൽ ഇതരസമുദായങ്ങളിൽനിന്നും ഒരു സ്ത്രീയെയോ പുരുഷനെയോ നിറുത്താനില്ലെന്നും, ടി.എം. വർഗീസ്, എം.എം.വർക്കി മുതലായവർ ഇല്ലായിരുന്നുവെങ്കിൽ തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസമരം നാണക്കേടിൽ കലാശിക്കുമായിരുന്നുവെന്നും മറ്റുമുള്ള വസ്തുതകൾ മഹാരഥന്മാരായ ദൃക്സാക്ഷികളുടെ മൊഴികളിൽതന്നെ ശ്രീ. കച്ചിറമറ്റം രേഖപ്പെടുത്തിയിരിക്കുന്നു.

സി.പി രാമസ്വാമി അയ്യരുടെ കഴുകൻ കണ്ണുകളെ വെട്ടിച്ച പല മാർഗ്ഗങ്ങളുപയോഗിച്ച് തിരുവനന്തപുരത്തെത്തിയ ജനലക്ഷങ്ങൾ മടിയിലൊളിച്ചുവെച്ചിരുന്ന ഗാന്ധിത്തൊപ്പി പെട്ടെന്നെടുത്തണിഞ്ഞ് തിരുവനന്തപുരം നഗരവീഥികളിൽ പാൽക്കടൽതിരമാലകൾ സൃഷ്ടിച്ചുകൊണ്ടൊഴുകിപ്പരന്നു തടിച്ചുകൂടി ഒരു വീരവനിതയുടെ ആജ്ഞയ്ക്കു കാതോർത്തു നിൽക്കുന്നതും

ഇതിഹാസവനിതകളെപ്പോലും അതിശയിക്കുന്ന ധൈര്യത്തോടെ ആ മഹതി ജനങ്ങൾക്കുനേരെ ചൂണ്ടിയിരിക്കുന്ന നിറതോക്കിൽനിന്ന് ആദ്യത്തെ വെടി ഏറ്റുവാങ്ങാൻ തന്റെ മേൽവസ്ത്രം മാറ്റി വിരിമാറു കാണിച്ചുകൊടുക്കുന്നതുമായ രംഗങ്ങൾ ഇന്നും പുളകപ്രസരത്തോടെയല്ലാതെ വായിച്ചുതീർക്കാനാവില്ല. ശ്രീമതി അക്കാമ്മ ചെറിയാൻ സ്റ്റേറ്റു കോൺഗ്രസ്സ് പ്രസിഡന്റ് പദമേറ്റെടുത്തതിനുശേഷമുണ്ടായ ഒരു സംഭവമാണിവിടെ സൂചിപ്പിക്കുന്നത്.

അവർണ്ണസ്ത്രീകളുടെ മാറുമറയ്ക്കൽ പ്രക്ഷോഭണം മുതൽ പുന്നപ്രവയലാർ സമരം വരെയുള്ള എത്ര സമരരംഗങ്ങളാണ് ഇതുപോലെ വായനക്കാരുടെ ശ്വാസഗതി നിയന്ത്രിച്ചുകൊണ്ടുള്ള ഈ ഗ്രന്ഥത്തിൽ അണിനിരക്കുന്നത്.

സ്വന്തമായി സ്ഥാപനങ്ങളോ അധികാരമോ, ധനശേഷിയോ വൈദിക പിന്തുണയോ ഇല്ലാതിരിക്കുന്നിടത്തോളംകാലം ഒരു സമുദായസംഘടനയ്ക്ക് ചരിത്രഗതിയെ നിയന്ത്രിക്കുന്നതിന് പരിമിതമായി മാത്രമേ കഴിയുകയുള്ളു. ആദർശശുദ്ധിയും ആത്മബലവും കൊണ്ടുമാത്രമാണ് പ്രതികരണശേഷി പ്രതിദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു സമുദായത്തിനുള്ളിൽ ഇത്രയെങ്കിലുമൊക്കെ ചെയ്യാൻ കഴിഞ്ഞതെന്ന് ശ്രീ.കച്ചിറമറ്റത്തിനെപ്പോലുള്ള നേതാക്കൾക്കു തീർച്ചയായും അഭിമാനിക്കാം. ദൈനംദിന രാഷ്ട്രീയത്തിന്റെ ഉപരിതല കോളിളക്കത്തിൽപ്പെട്ട് വിസ്മൃതിയിലാണ്ടുപോകാതെ ക്രൈസ്തവ സമുദായത്തിന്റെയും കത്തോലിക്കാ കോൺഗ്രസ്സിന്റെയും അഭിമാനാവഹമായ പൂർവ്വകാലകഥ സമൃദ്ധമായ സ്ഥിതിവിവരക്കണക്കുകളോടെ ഇങ്ങനെ രേഖപ്പെടുത്തിവയ്ക്കാൻ അദ്ദേഹം തയ്യാറായത് എന്തുകൊണ്ടും അഭിനന്ദനീയമാണ്.

ക്രൈസ്തവരായ പൊതുപ്രവർത്തകർ ഇതൊരു പാഠ്യഗ്രന്ഥമായി ഉരുവിട്ടു പഠിക്കേണ്ടതാണ്. ഉന്നതമായ ഒരു പാരമ്പര്യവും മഹത്തായ ഒരു ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ ഇത് അവരെ സഹായിക്കും. പൊതുപ്രവർത്തനമേഖലയ്ക്ക് രുചി കൂട്ടുന്ന ഉപ്പായും അവിടെ പരക്കുന്ന അഴിമതിയുടെ അന്ധകാരത്തിൽ ആദർശശുദ്ധിയുടെ പ്രകാശമായും വ്യാപരിക്കേണ്ടവരാണല്ലോ അവർ. അങ്ങനെയൊരു ചരിത്രമാണവർക്കു പിന്നിലുള്ളതെന്നറിയുന്നത് അവരുടെ ആത്മധൈര്യം വർദ്ധിപ്പിക്കും. അത് അവരിൽ വ്യക്തമായ ദിശാബോധമുളവാക്കും. സ്വാർത്ഥമതികളുടെ കുത്സിതഭത്സനങ്ങൾക്കു വേണ്ടസമയത്തു തക്ക മറുപടി കൊടുക്കാനും ഇതു അവർക്കുപകരിക്കും. ചിത്രമെഴുത്തു കെ.എം.വർഗ്ഗീസ് എഴുതിയ കേരളക്രിസ്ത്യാനികളുടെ രാഷ്ട്രീയ സേവനം എന്ന ഗ്രന്ഥത്തിനുശേഷം ഇത്തരത്തിലൊന്ന് ഇതാദ്യമാണ്."

മംഗളപത്രസമർപ്പണം, കുഞ്ഞിത്തൊമ്മന്റെ ജിറാഫ് കഥ തുടങ്ങിയ അസത്യപ്രചരണങ്ങളാണ് ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥം രചിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

(പ്രസിദ്ധീകരണം 31.10.2000)

# 6. കേരളസഭാ രത്നങ്ങൾ

ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തോട് സമൂഹം കാണിച്ച നല്ല പ്രതികരണം കൂടുതൽ പുസ്തകങ്ങൾ രചിക്കുന്നതിന് പ്രേരണ നല്കി. അങ്ങനെയാണ് 1180 പേജിൽ കേരളസഭാരത്നങ്ങൾ എന്ന ഒരു ഗ്രന്ഥം ഞാൻ രചിച്ചത്. ഞാൻ ഏറ്റം ആദരിക്കുന്ന ശ്രീ.എം.ഒ. ജോസഫ് നെടുങ്കുന്നം ദിവംഗതരായ 100 പേരുടെ ജീവചരിത്രം കേരളസഭാതാരങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പുസ്തകത്തിൽകൂടിയാണ് മൺമറഞ്ഞ മഹാരഥന്മാരെപ്പറ്റി കൂടുതൽ അറിയാൻ ഇടവന്നത്. ഇന്നത്തെപോലെ പ്രിന്റിംഗ് ടെക്നോളജി വികസിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ -ഡി.റ്റി.പി. സമ്പ്രദായം ഇല്ലാതിരുന്ന കാലഘട്ടത്തിലാണ് 100 പേരുടെ ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചത്. കൈകൊണ്ട് അച്ചുനിരത്തിയാണ് പുസ്തകം അച്ചടിക്കാൻ കൊടുക്കുന്നത്. മരണത്തിന്റെ ക്രമമനുസരിച്ചായിരുന്നു മാറ്റർ ചേർത്തിരുന്നത്. ആ പുസ്തകരചനയ്ക്കുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച ബദ്ധപ്പാടുകൾ ഞാൻ ശരിക്കും മനസ്സിലാക്കി. നല്ല ഒരു റഫറൻസ് ഗ്രന്ഥമായിരുന്നു കേരളസഭാ താരങ്ങൾ. 100 പേരുടെ ചരിത്രമാണല്ലോ കേരളസഭാതാരങ്ങൾ എന്ന ഗ്രന്ഥത്തിലുള്ളത്. ആ നൂറുപേരെ പോലെയോ അവരെക്കാൾ കൂടുതലായോ സഭാസേവനം നിർവഹിച്ച നിരവധിയാളുകൾ ആരാലും അറിയപ്പെടാതെ -ആരുടെയും പരിഗണന ലഭിക്കാതെ കടന്നുപോയിട്ടുണ്ട്. അവരെയൊക്കെ തേടിപിടിച്ച് അവരുടെ ജീവചരിത്രം കൂടി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത് ചരിത്രപരമായ ഒരു ആവശ്യമാണെന്ന് എനിക്ക് തോന്നി.

(ആ പുസ്തകത്തിന്റെ ആമുഖത്തിൽ ശ്രീ. എം.ഒ. ജോസഫ് ഇപ്രകാരം എഴുതിയിരിക്കുന്നു. "അതീത ശതകങ്ങളിൽ മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള വീരപുരുഷന്മാർ മറ്റേതുവിഭാഗത്തിലുമെന്നപോലെ ക്രൈസ്തവസമുദായത്തിലും ഉണ്ടായിരുന്നു. അവരുടെ അപദാനങ്ങൾ രേഖപ്പെടുത്തി വയ്ക്കുവാൻ ആരും മുതിർന്നിട്ടില്ലന്നേയുള്ളു. എല്ലാപ്രതിബന്ധങ്ങളെയും തട്ടിനീക്കി ക്രൈസ്തവസമുദായത്തിന് അതിന്റെ വ്യക്തിത്വം നിലനിർത്തുവാൻ സാധിച്ചിട്ടുള്ളത് ഓരോ കാലഘട്ടത്തിലും സമുദായത്തെ നയിച്ചിരുന്ന വീരപുരുഷന്മാരുടെ വൈഭവം ഒന്നുകൊണ്ടുമാത്രമാണെന്നുള്ളത് വിസ്മരിക്കാവതല്ല. പതിനെട്ടാംനൂറ്റാണ്ടിൽതന്നെ പനങ്കുഴക്കൽ കുര്യെപ്പ് കത്തനാർ, മുട്ടത്തുചാക്കോ കത്തനാർ, കാഞ്ഞിരപ്പള്ളിക്കാരൻ കുഞ്ചാക്കോ കത്തനാർ, വരാരപ്പള്ളി ചാക്കോ, കൊരട്ടിക്കാരൻ ഇട്ടിമാണിമാപ്പിള, ആരക്കുഴക്കാരൻ കൊച്ചിട്ടിതരകൻ തുടങ്ങി പ്രഗത്ഭമതികളായ പലസമുദായ

നേതാക്കന്മാരും ജീവിച്ചിരുന്നതായി വർത്തമാനപുസ്തകത്തിൽ നിന്ന് നമുക്കറിയാം. അവരുടെ പേരുകളല്ലാതെ അവരെപ്പറ്റി കൂടുതൽ വിവരങ്ങളൊന്നും ഇന്നത്തെ തലമുറയ്ക്കു ജ്ഞാതമല്ല. സമുദായത്തിന്റെ സുസ്ഥിതിക്കും പ്രശസ്തിക്കുംവേണ്ടി സ്വന്തം ബുദ്ധിശക്തികൊണ്ടും കർമ്മധീരതകൊണ്ടും വിശ്വാസദാർഢ്യംകൊണ്ടും നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിട്ടുള്ള മഹാന്മാരെ ഇങ്ങനെ വിസ്മരിക്കുന്നത് ശരിയല്ലല്ലോ".)

കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്ന പ്രഗത്ഭവ്യക്തികളെങ്കിലും ഇങ്ങനെ വിസ്മൃതരാകരുതെന്ന് കരുതി, അവരെപ്പറ്റി കിട്ടാവുന്ന വിവരങ്ങൾ ശേഖരിച്ചാണ് എം.ഒ. ജോസഫ് 101 പേരുടെ ലഘുചരിത്രം തയ്യാറാക്കി കേരള സഭാതാരങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. അതേ ചിന്തയോടെയാണ് കേരളസഭാരത്നങ്ങൾ 560 പേരുടെ ചരിത്രവും 80 പേരെപ്പറ്റിയുള്ള ഓർമ്മക്കുറിപ്പുകളും ഉൾപ്പെടുത്തി തയ്യാറാക്കാൻ ഞാൻ ശ്രമിച്ചത്. അതിനനുഭവിക്കേണ്ടി വന്ന ബദ്ധപ്പാട് പറഞ്ഞറിയിക്കാൻ പ്രയാസമാണ്. തങ്ങളുടെ പിതാക്കന്മാരെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ച് 114 പേർക്ക് കത്തയച്ചിട്ട് മറുപടി തന്നത് രണ്ടുപേർ മാത്രമാണ്. ചിലരോട് വിവരങ്ങൾ ചോദിക്കുമ്പോൾ അപ്പൻ ഒരു മണ്ടനായിരുന്നുവെന്നും നാടുനന്നാക്കാൻ ഇറങ്ങിപ്പുറപ്പെട്ട സമയത്ത് സ്വന്തം കാര്യങ്ങൾ നോക്കിയിരുന്നുവെങ്കിൽ ഞങ്ങളൊക്കെ രക്ഷപെട്ടു പോകുമായിരുന്നുവെന്ന് പറഞ്ഞ മക്കളെയും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. ദീർഘകാലം സമുദായ സേവനം ചെയ്ത ഒരു മഹാപുരുഷന്റെ ചരിത്രമെല്ലാം ഞാൻ തയ്യാറാക്കി. ജനനതീയതി കൃത്യമായി അറിയാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ മകൻ പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനാണ്. അപ്പന്റെ ജനന തീയതിക്കു വേണ്ടി പലപ്രാവശ്യം അദ്ദേഹത്തെ ടെലഫോണിൽ ബന്ധപ്പെട്ടു. ഉടനെ കണ്ടുപിടിച്ചു തരാമെന്നു പറഞ്ഞെങ്കിലും ലഭിച്ചില്ല. നിരാശപ്പെടാതെ പല പ്രാവശ്യം ബന്ധപ്പെട്ടപ്പോൾ മകൻ പറഞ്ഞു "കച്ചിറമറ്റം സാർ ഇനി എന്നാണ് ............ ഭാഗത്തേക്ക് പോകുന്നത്. ആ പോകുന്ന വഴിക്ക് ...........പള്ളിയിൽ കയറിയാൽ അപ്പന്റെ കല്ലറയിൽ ജനനതീയതി എഴുതിയിട്ടുണ്ട്. അതൊന്ന് നോക്കിയെടുത്താൽമതി എനിക്ക് സമയം കിട്ടിയില്ല" ഞാൻ പിറ്റേന്നു തന്നെ-പള്ളിയിലെ സിമിത്തേരിയിൽ ചെന്ന് കല്ലറ കണ്ടുപിടിച്ച് ജനനതീയതി എഴുതി എടുത്തുകൊണ്ടുപോന്നു. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച ഒരു മകനിൽ നിന്ന് ലഭിച്ച അനുഭവമാണ് മുകളിൽ എഴുതിയിരിക്കുന്നത്. ഇപ്പോൾ വായനക്കാർക്ക് മനസ്സിലാകും മാറ്റർ ശേഖരിക്കാൻ ഞാൻ ഏറ്റ ബദ്ധപ്പാടുകൾ.

ഇതൊക്കെ ഒരു വശം-കേരളസഭാരത്നങ്ങൾ എന്ന ഗ്രന്ഥം രചിക്കാൻ ഉണ്ടായ കാരണം മറ്റൊന്നാണ് ഇന്ത്യൻ രാഷ്ട്രീയത്തിലും തിരുവിതാംകൂർ രാഷ്ട്രീയത്തിലും ജ്വലിച്ചുനിന്ന പലമഹാത്മാക്കളെപ്പറ്റിയും ഇന്നത്തെ തലമുറക്ക് വലിയ അറിവൊന്നുമില്ല. അവരെപ്പറ്റിയുള്ള ലേഖനങ്ങൾ എഴുതി പത്രങ്ങളിലും വാരികകളിലും ഒക്കെ പ്രസിദ്ധീകരിക്കുന്നത് നല്ല ഒരു വഴിയായി

ഞാൻ കണ്ടു. ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ മന്ത്രിയായിരുന്നു ഷെവ. സി.ജെ. വർക്കിയുടെ 100-ാം ജന്മദിനം പ്രമാണിച്ച് പ്രസിദ്ധീകരിക്കുന്നതിനായി ഒരു ലേഖനം എഴുതി കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കു നല്കി. അതേ സമയം എന്റെ സുഹൃത്ത് അഡ്വ. എ.ജി. അഗസ്റ്റിൻ (എറണാകുളം) ഏതാനും പ്രസിദ്ധീകരണങ്ങൾക്ക് ലേഖനം എഴുതി കൊടുത്തു. ആരും ഞങ്ങളുടെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചില്ല. ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഞാനും അഗസ്റ്റിനും പ്രധാന പ്രസിദ്ധീകരണങ്ങൾക്കെല്ലാം ലേഖനം എഴുതിക്കൊടുത്തു. അതും പ്രസിദ്ധീകരിച്ചില്ല. ഞങ്ങൾ ഇരുവരും ആലോചിച്ച് പല മഹാന്മാരെപ്പറ്റിയും ലേഖനങ്ങൾ എഴുതി പല പ്രസിദ്ധീകരണങ്ങൾക്കും നല്കി. സി. അന്തപ്പായി, ആനിമസ്ക്രീൻ, എം.ഒ. ജോസഫ് നെടുങ്കുന്നം, തച്ചിൽ മാത്തുത്തരകൻ തുടങ്ങിയവരെപ്പറ്റി തയ്യാറാക്കിയ ലേഖനങ്ങൾ ഒന്നുംതന്നെ ആരും പ്രസിദ്ധീകരിച്ചില്ല. ഇനി എന്താണ് ചെയ്യേണ്ടത് ഞങ്ങൾ ആലോചിച്ചു. വിസ്മരിക്കപ്പെടുന്ന നമ്മുടെ നേതാക്കന്മാരെ അനുസ്മരിക്കുവാൻ എന്താണ് മാർഗ്ഗം? എം.ഒ. ജോസഫ് ചെയ്തതുപോലെ ഒരു അഞ്ഞൂറ് പേരുടെ ജീവചരിത്രം തയ്യാറാക്കി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചാലോയെന്ന് ആലോചിച്ചു. അതിന് മുടക്കേണ്ടിവരുന്ന ഭീമമായ തുക എങ്ങിനെ കണ്ടെത്തും ഒരു രക്ഷയുമില്ല. നമ്മൾ മാറ്റർ തയ്യാറാക്കണമെങ്കിൽ തന്നെ അനേകായിരം രൂപ ചിലവാക്കേണ്ടിവരും. നമ്മളെക്കൊണ്ട് സാധിക്കുന്ന കാര്യമല്ലിത്. സഭയോ സഭാസ്ഥാപനങ്ങളോ ഈ രംഗത്ത് മുന്നോട്ടുവരട്ടെയെന്നും അഗസ്റ്റിൻ അഭിപ്രായപ്പെട്ടു. എങ്കിലും ഞങ്ങൾ അതിപ്രശസ്തരായ 250 പേരുടെ ലിസ്റ്റ് തയ്യാറാക്കി. സഭയോ സഭാസ്ഥാപനങ്ങളോ ഇത്രയുംപേരുടെ ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ തയ്യാറായി മുന്നോട്ടുവരികയില്ല ഞങ്ങൾക്ക് ബോദ്ധ്യമായി. എന്നുതന്നെയുമല്ല, സഭയെ വിശ്വസ്തതാപൂർവ്വം സേവിച്ച ആളുകൾ സഭയുടെ മുൻപിൽ നിസ്സാരരായിരിക്കും അവരെയൊന്നും ആരും പരിഗണിക്കുകയില്ലായെന്ന് ഞങ്ങൾക്ക് അനുഭവത്തിൽ നിന്നും മനസ്സിലായി. എങ്കിലും ഈ വിഷയം ഞങ്ങളുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. നടക്കാൻ സാദ്ധ്യതയില്ലാത്ത ഈ ആശയം ഉപേക്ഷിക്കുകയാണ് നല്ലതെന്ന് അഗസ്റ്റിൻ പിന്നീട് ഒരിക്കൽ അഭിപ്രായപ്പെട്ടു. ഏതായാലും 1999 മാർച്ച് 16-ന് അഗസ്റ്റിൻ തന്റെ ചിന്തകൾ ഉപേക്ഷിച്ച് നമ്മിൽ നിന്നും അകന്നുപോയി.

എ.ജി. അഗസ്റ്റിന്റെ വേർപാട് എന്നെ നിരാശനാക്കിയില്ല. ഞാൻ ഒറ്റയ്ക്ക് ശ്രമം ആരംഭിച്ചു. മാറ്റർ ശേഖരിക്കാൻ ശ്രമിച്ചപ്പോൾ പലരും എന്നെ നിരുത്സാഹപ്പെടുത്തി. സ്വന്തം പിതാവിന്റെ ജനനതീയതി ലഭിക്കാൻ സിമിത്തേരിയിലേക്ക് പറഞ്ഞുവിട്ട മക്കൾ-സമുദായത്തിനുവേണ്ടി പ്രവർത്തിച്ചതെല്ലാം നഷ്ടകച്ചവടമായി എന്ന് വിശ്വസിക്കുന്ന മക്കൾ-ഇങ്ങനെയുള്ളവരെയാണ് ഞാൻ കണ്ടുമുട്ടിയത്. ഇവിടെ എനിക്ക് കൂടുതൽ സഹായകരമായമത് ഞാൻ

ചീഫ് എഡിറ്ററും മാനേജിംഗ് എഡിറ്ററുമായിരുന്ന കാലത്ത് പ്രസിദ്ധീകരിച്ച എ.കെ.സി.സി. ബുള്ളറ്റിൻ മാത്രമാണ്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കയറിയിറങ്ങി മാറ്റർ ശേഖരിക്കാൻ ഞാൻ ശ്രമിച്ചു. 250 പേരുടെ ചരിത്രമെങ്കിലും പ്രസിദ്ധീകരിക്കണമെന്ന ചിന്തയോടെ ആരംഭിച്ച സംരംഭം ഏറെ വിജയ മായിരുന്നു. 560 പേരുടെ ചരിത്രം ശേഖരിച്ചു 80 പേരെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കാൻ നടത്തിയ ശ്രമം പൂർണ്ണമായില്ല. അതുകൊണ്ട് അവരെ പ്പറ്റിയുള്ള ചെറുവിവരങ്ങൾകൂടി ഉൾപ്പെടുത്തി കേരളസഭാരത്നങ്ങൾ പ്രസിദ്ധീ കരിച്ചു. തയ്യാറാക്കിയ പ്രൂഫുമായി ഞാൻ തലശ്ശേരിയിൽ എത്തി. അഭിവന്ദ്യ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി 1180 പേജുള്ള വലിയ ഗ്രന്ഥം കണ്ട് അത്ഭുതസ്തബ്ധനായി. എങ്ങിനെ ഇത്രയും മാറ്റർ സംഘടിപ്പിച്ചു എന്നു ചോദിച്ചു. ഈ ഗ്രന്ഥത്തിന് ഒരു അവതാരിക എഴുതി തരണമെന്ന് വള്ളോപ്പിള്ളി പിതാവിനോട് അഭ്യർത്ഥിച്ചു. പിറ്റേന്ന് വരാമെന്നും പറഞ്ഞ് ഞാൻ കാസർകോട്ടേയ്ക്ക് യാത്രയായി. പിറ്റേദിവസം ഞാൻ തലശ്ശേരിയിൽ വന്നപ്പോൾ അദ്ദേഹം വളരെ സന്തോഷത്തോടെ അവതാരിക തരികയും എന്നെ മുക്തകണ്ഠം പ്രശംസിക്കുകയും ഇത്രയും മാറ്റർ ശേഖരിച്ചതുതന്നെ ഒരു അത്ഭുതമാണെന്ന് പറയുകയും ചെയ്തു.

## ആർച്ച്ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

ഈ പുസ്തകം പ്രകാശനം ചെയ്തത് ചങ്ങനാശ്ശേരിയിൽ നടന്ന പുസ്ത കമേളയിൽ വച്ച് ആർച്ച്ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ ആണ്. പുസ്തക പ്രകാശനത്തിനെത്തിയ എന്റെ കുടുംബാംഗങ്ങളെ പവ്വത്തിൽതിരുമേനി നല്ലവാക്കുകൾകൊണ്ട് അഭിനന്ദിച്ചു എന്നു തന്നെയുമല്ല. പുസ്തകമേളയുടെ സംഘാടകനും ബുക്ക്സെന്ററിന്റെ ഡയറക്ടറുമായ ഫാ. ജോസഫ് പനക്കേഴത്തിനോട് ഈ പുസ്തകത്തിന്റെ 50 കോപ്പി വാങ്ങി അതിന്റെ വില ഇന്നുതന്നെ കൊടുത്തുവിടണമെന്ന് പറയുകയും ചെയ്തു. എത്ര സന്തോഷ ത്തോടെയാണ് ഞാൻ അവിടെ നിന്ന് പിരിഞ്ഞതെന്ന് പറയുവാൻ വാക്കുകൾ ഇല്ല. പ്രകാശനദിവസം എന്റെ പൗത്രൻ ജോൺസിന്റെ രണ്ടാം ജന്മവാർഷികം വാണിഹോട്ടലിൽവച്ച് ആഘോഷിച്ചതിനുശേഷം മടങ്ങിപ്പോന്നു.

പിന്നീട് ഈ പുസ്തകത്തിന്റെ കോപ്പി പല പിതാക്കന്മാർക്കും കൊടുത്തു. വള്ളോപ്പിള്ളി തിരുമേനിയുടെയും പൗവ്വത്തിൽ തിരുമേനിയുടെയും ചിന്താഗതി ആയിരുന്നില്ല പലർക്കും.

ഭീമമായ ഈ പുസ്തകം കണ്ട് ഒരു പിതാവ് എന്നോടു പറഞ്ഞു "കച്ചിറ മറ്റം എന്തു മണ്ടത്തരമാണ് കാണിച്ചത്. ഇത്രയും വലിയ പുസ്തകത്തിന് എന്തുമാത്രം പണം ചിലവാക്കേണ്ടിവന്നു. കൂടിയാൽ 300 പേജ് ഉള്ള പുസ്തകം പത്തോ അൻപതോ പേരുടെ ചരിത്രം ഉൾക്കൊള്ളിച്ച് പ്രസി ദ്ധീകരിച്ചാൽ മതിയായിരുന്നു"

മറ്റൊരു വൈദിക മേലദ്ധ്യക്ഷൻ പറഞ്ഞു ഇത്രവലിയ ഒരു പുസ്തകം

600-ഓളം പേരുടെ ചരിത്രം തയ്യാറാക്കേണ്ടതില്ലായിരുന്നു. ഏറ്റം പ്രമുഖരായ പത്തോ മുപ്പതോ പേരുടെ സംഭാവനകളെപ്പറ്റി ഒരു പഠനം നടത്തി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ ആ പുസ്തകത്തിന് പണ്ഡിതസദസ്സിൽ നിന്ന് നല്ല പ്രശംസ ഉണ്ടാകുമായിരുന്നു.

ബഹുജനം പലവിധമുള്ളവരാണല്ലോ. നമ്മൾ ചിന്തിക്കുന്നതുപോലെ തന്നെ എല്ലാവരും ചിന്തിക്കണമെന്നില്ലല്ലോ? ഞാൻ അവരോട് ഇത്രമാത്രം പറഞ്ഞു. അതിപ്രഗത്ഭരായവർ എന്നുംജീവിക്കും അവരെ അനുസ്മരിക്കുവാൻ ആരെങ്കിലും ഉണ്ടാകും. എന്നാൽ വിവിധ മേഖലകളിൽ വ്യത്യസ്തമായ രീതിയിൽ മഹത്തായ സംഭാവനകൾ നല്കിയവർ ആരുടെയും പരിഗണന ലഭിക്കാതെ വിസ്മരിക്കപ്പെടും. എന്നോടൊത്ത് അമരാവതിയിൽ കുടിയിറക്കിന് വിധേയരായി കഴിഞ്ഞ അനേകായിരങ്ങൾക്ക് നേതൃത്വം നല്കിയ നേതാക്കളെ അനുസ്മരിക്കാതിരിക്കുവാൻ എനിക്കു സാധിക്കുകയില്ല. ചുരുളി കീരി ത്തോട്ടിൽ പോലീസിന്റെ ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയരായ നേതാ ക്കളെയും കൊട്ടിയൂരിലെ മേൽച്ചാർത്തിനും ഗൂഡല്ലൂരിലെ കുടിയിറക്കിനും എതിരെ ധീരസമരം ചെയ്ത മഹാത്മാക്കളെയും വിസ്മരിക്കുവാൻ എനിക്കു സാധിക്കുകയില്ല. നാം എല്ലാവരും വലിയ ഉന്നതന്മാരെന്ന് കരുതുന്നവരേക്കാൾ കൂടുതൽ കഷ്ടപ്പാടുകൾ അനുഭവിച്ച ത്യാഗപൂർവ്വമായ സേവനം അനുഷ്ഠിച്ച മഹാത്മാക്കൾ നിരവധിയുണ്ട്. അവരെയെല്ലാം നാം വിസ്മരിക്കും.

ഒരു അനുഭവംകൂടി രേഖപ്പെടുത്തട്ടെ. 600-ൽപരം ആളുകളുടെ ചരിത്രം രേഖപ്പെടുത്തിയിട്ട് 250 കോപ്പികൾ പോലും വിറ്റഴിക്കാൻ സാധിച്ചില്ല. 750 രൂപാ മുഖവിലയുള്ള ഈ പുസ്തകം 1180 പേജുള്ള ഈ പുസ്തകം ഞാൻ സമ്മാനമായി നല്കണമെന്ന് ആഗ്രഹിച്ചവരണാധികം. എന്റെ പിതാവിനെപ്പറ്റി ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മക്കൾക്കൊക്കെ ഓരോ കോപ്പി ലഭിക്കാൻ അർഹതയുണ്ട് എന്ന അവകാശം ഉന്നയിച്ചവരുമുണ്ട്.

ഞാൻ ഒരു ദിവസം കോട്ടയത്തിന് സമീപമുള്ള ഒരു റോഡേ നടന്നു പോകുകയായിരുന്നു. എനിക്ക് പരിചയമുള്ളയാൾ എതിരെ നടന്നുവരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു. സാർ വലിയ ഒരു പുസ്തകം എഴുതിയെന്നും എന്റെ പിതാവിനെപ്പറ്റിയും ആ പുസ്തകത്തിൽ ചേർത്തിട്ടുണ്ടെന്നും കേട്ടു. ആ പുസ്തകം ഒന്നുവായിക്കാൻ കിട്ടിയാൽ കൊള്ളാം. ഞാൻ പറഞ്ഞു ആ തണലത്ത് മാറിനിൽക്കാം. ഇതാ പുസ്തകം. പിതാവിനെപ്പറ്റിയുള്ള ലേഖനം വായിച്ചിട്ട് തരിക. പത്തോ പതിനഞ്ചോ മിനിട്ട്. നമുക്ക് ഇവിടെ നിൽക്കാം. ഞാൻ വായിച്ചിട്ട് തിരിച്ച് തന്നാൽ മതിയോ? എന്നായി അടുത്തചോദ്യം. അതുപോരാ ഇപ്പോൾ എന്റെ കയ്യിൽ ഒരു കോപ്പിയെ ഉള്ളു. അതൊരാൾക്ക് കൊടുക്കാൻ കൊണ്ടുപോകുവാ-ഞാൻ പറഞ്ഞു. ആ പ്ലാവിൻചുവട്ടിൽ നിന്ന് പിതാവിനെപ്പറ്റിയുള്ള ഭാഗം വായിച്ചു. തുടർന്നു ചോദിച്ചു. ഞങ്ങളുടെ പിതാവിനെപ്പറ്റിയുള്ള ഇത്രയും കാര്യങ്ങൾ എങ്ങിനെ എവിടെനിന്ന് കിട്ടി.

നന്നായിരിക്കുന്നു. എന്റെ അഭിനന്ദനങ്ങൾ. പുസ്തകം വായിക്കുവാനായി കൊടുത്തുവിടാഞ്ഞതിൽ അല്പം പരിഭവംകൂടി പറഞ്ഞു. ഞങ്ങളുടെ നാലുസഹോദരങ്ങൾക്കും ഓരോ പുസ്തകം തരേണ്ടതാണ്. ഞങ്ങളുടെ പിതാവിനെപ്പറ്റി എഴുതിയത് മക്കൾ അറിയേണ്ടതല്ലെ? പിതാവിനെപ്പറ്റി എഴുതിയതിൽ നന്ദിയുണ്ട്. മക്കൾക്കെല്ലാം ഓരോ കോപ്പി സൗജന്യമായി നല്കാനുള്ള മര്യാദ കാണിക്കാത്തതിൽ പരിഭവവും.

1180 പേജിൽ ഒരു പുസ്തകം രചിച്ചതിന് എത്രരൂപാചിലവായെന്ന് അദ്ദേഹത്തിന് അറിയേണ്ട ആവശ്യമില്ലല്ലോ? മക്കൾ രണ്ടുപേർ കോളേജ് അധ്യാപകൻ-ഒരാൾ കച്ചവടക്കാരൻ. ആ മക്കൾക്കെല്ലാം 500 രൂപ മുടക്കുള്ള പുസ്തകം സൗജന്യമായി നല്കാൻ തയ്യാറാകാത്ത-ഒരു മര്യാദയില്ലാത്തവനായി -എന്നെ അദ്ദേഹം മുദ്രകുത്തിയിട്ട് സ്ഥലം വിട്ടു. ഇതൊക്കെയാണ് എന്റെ അനുഭവങ്ങൾ.

## അവതാരിക- മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

സഭാചരിത്രവും സഭയ്ക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തവരുടെ ചരിത്രവും പരസ്പരം ബന്ധപ്പെട്ടതാണ്. ചരിത്രകാരനും, സഭാസ്നേഹിയുമായ ശ്രീ.ജോൺ കച്ചിറമറ്റം 'കേരളസഭാരത്നങ്ങൾ' എന്ന പേരിൽ 600-ൽ പരം നേതാക്കന്മാരുടെ ചരിത്രം തയ്യാറാക്കിയിരിക്കുന്നു. 1200 പേജുള്ള ബൃഹത്തായ ഈ ഗ്രന്ഥം തയ്യാറാക്കുവാൻ അദ്ദേഹം സഹിച്ച കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും എത്രയധികമാണെന്ന് ഏറെക്കുറെ ഊഹിക്കാവുതാണ്. ചരിത്രരേഖകൾ പരിശോധിച്ചും, ബന്ധപ്പെട്ട ആളുകളുടെ കുടുംബാംഗങ്ങളുമായി സമ്പർക്കം പുലർത്തിയുമാണ് ക്ലേശപൂർണ്ണമായ ഈ ജോലി അദ്ദേഹം പുർത്തിയാക്കിയത്.സമൂഹത്തിന് അദ്ദേഹത്തോട് വലിയ കടപ്പാടുണ്ട് എന്ന കാര്യം മറക്കാതിരിക്കുക. കടപ്പാട് പ്രകടിപ്പിക്കേണ്ടത് ഈ ഗ്രന്ഥം വാങ്ങി ശ്രദ്ധാപൂർവ്വം വായിച്ചുകൊണ്ടാണ്.

## ആശംസ -ബി. വെല്ലിംഗ്ടൺ, മുൻമന്ത്രി

കത്തോലിക്കർ കേരളത്തിൽ ഒരു നിർണ്ണായക ഘടകമാണെങ്കിലും അവർ മഹത്തായ സേവനങ്ങൾ വിവിധ മണ്ഡലങ്ങളിൽ അനുഷ്ഠിച്ചിട്ടുണ്ടെങ്കിലും അവ ശരിയായ വിധം രേഖപ്പെടുത്തുകയോ വിലമതിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ശ്രീ. ജോൺ കച്ചിറമറ്റം കഴിഞ്ഞ വർഷം രചിച്ച ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥമാണ് ക്രൈസ്തവ സംഭാവനകൾ ആധികാരികമായി വിലയിരുത്തപ്പെട്ടിട്ടുള്ള ഏകഗ്രന്ഥം. ആ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന മഹത് സംഭവങ്ങൾക്ക് ചുക്കാൻ പിടിച്ച പ്രഗത്ഭരെയാണ് പ്രധാനമായും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിരിക്കുന്നത്.

## അഭിവാദനം- കെ.വി. ജോസഫ്

ജീവിതത്തിന്റെ നാനാ മേഖലകളിൽ സേവനത്തിന്റെ ഉജ്ജ്വല കാന്തി പരത്തിയ കേരളകത്തോലിക്കരായ മനീഷികളുടെ ഉത്തേജകമായ ജീവിത ചിത്രങ്ങളാണ് അതുല്യ ഗ്രന്ഥമാകുന്ന ഈ ചിത്രശാല ഉൾക്കൊള്ളുന്നത്. സാംസ്കാരിക സാമൂഹിക മണ്ഡലങ്ങളിൽ തിരസ്കരിക്കപ്പെട്ട ചില ഉന്നത ശൃംഗങ്ങളിൽ വെളിച്ചം പായിക്കുകയും പൊന്തമൂടിക്കിടന്ന ചില വിശിഷ്ട സസ്യങ്ങളെ ആവരണവിമുക്തമാക്കുകയും ചെയ്യുക എന്ന വിശിഷ്ട സേവനമാണ് ഈ അതുല്യ ഗ്രന്ഥം വഴി ശ്രീ.കച്ചിറമറ്റം നിർവ്വഹിച്ചിരിക്കുന്നത്.

(പ്രസിദ്ധീകരണം 31.10.2001)

## എന്തുകൊണ്ട് കേരള സഭാരത്നങ്ങൾ?

നമ്മുടെ പ്രിയങ്കരനായ നെഹ്റുവിനെ ബ്രിട്ടീഷുകാർ ജയിലിലടച്ചു. അതുകൊണ്ടാണ് 'ഇന്ത്യയെ കണ്ടെത്തൽ' എന്ന കൃതി രചിക്കാൻ ഇടയായത്. അദ്ദേഹത്തെ കാരാഗൃഹത്തിലടച്ചില്ലായിരുന്നെങ്കിൽ ആ മഹത്തായ കൃതി വെളിച്ചം കാണുകയില്ലായിരുന്നു. പൊഖ്റാൻ ടെസ്റ്റിനുശേഷം അമേരിക്കയും എന്തിന് റഷ്യയും വരെ BARO, ISRO, DRDO തുടങ്ങിയ സ്ഥാപനങ്ങളിൽ ഉപരോധം ഏർപ്പെടുത്തിയിരുന്നു. വാസ്തവത്തിൽ ആ ഉപരോധങ്ങൾ നമ്മെ ഈ രംഗത്ത് സ്വയംപര്യാപ്തരാകാൻ സഹായിക്കുകയാണ് ചെയ്തത്. കാലാവസ്ഥാ പ്രവചനത്തിനും വാർത്താവിനിമയത്തിനും വേണ്ടിയാണ് നമ്മൾ സൂപ്പർകംപ്യൂട്ടറുകൾക്ക് അമേരിക്കയെ സമീപിച്ചത്. ഉപരോധത്തിന്റെ ഭാഗമെന്ന നിലയിൽ അവർ അത് നിരസിച്ചു. ഈ തിരസ്കരണത്തിൽ നിന്നുമാണ് 'പരം' പോലുള്ള സൂപ്പർ കംപ്യൂട്ടറുകൾ വികസിപ്പിച്ചെടുക്കാൻ നമുക്ക് സാധിച്ചത്. റഷ്യപോലും ക്രിയോജനിക് എഞ്ചിനുകൾ തരാൻ വിസമ്മതിച്ചപ്പോഴാണ് നമ്മളിവിടെ സ്വന്തമായി അതു നിർമ്മിച്ചെടുത്തത്. അമേരിക്കയുടെയും റഷ്യയുടെയും ഉപരോധം ആണവ-ബഹിരാകാശ രംഗങ്ങളിലെല്ലാം സ്വയംപര്യാപ്തത നേടുവാൻ നമ്മെ സഹായിച്ചു. ആ ഉപരോധങ്ങൾ നമ്മെ വിജയത്തിലേക്കാനയിച്ചു.

കേരളത്തിലെ പ്രമുഖരായ കത്തോലിക്കാ നേതാക്കന്മാരെപ്പറ്റി പല വിശേഷാൽ സന്ദർഭങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനായി കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് ലേഖനം എഴുതി നല്കുകയുണ്ടായി. അവർ അതൊന്നും തന്നെ പ്രസിദ്ധീകരിച്ചില്ല. ഈ സാഹചര്യത്തിലാണ് അതിനൊരു പരിഹാരമായി കേരള സഭാ രത്നങ്ങൾ ഞാൻ പ്രസിദ്ധീകരിച്ചത്. എന്റെ ലേഖനങ്ങൾ അന്ന് പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ ഈ സാഹസിക സംരംഭത്തിന് ഞാൻ ശ്രമിക്കുകയില്ലായിരുന്നുവെന്നാണ് എന്റെ വിശ്വാസം. യഥാർത്ഥത്തിൽ ആ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാതിരുന്നതുകൊണ്ടാണ് നിരവധിയാളുകളുടെ ചരിത്രം പഠിക്കാനും അത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാനും കഴിഞ്ഞത്.

# 7. കേരളസഭാരത്നങ്ങൾ-രണ്ടാം ഭാഗം

കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം പ്രസിദ്ധീകരിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ ഒട്ടൊക്കെ വേദനാജനകമായിരുന്നു. എങ്കിലും ഇനിയും ധാരാളമാളുകളെ സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ സാധിച്ചു.അതനുസരിച്ച് മൺമറഞ്ഞ മഹാപുരുഷന്മാരെപ്പറ്റിയുള്ള വിവര ശേഖരണവുമായി മുന്നോട്ടുപോയി എന്റെ പിതാവിന്റെ 101-ാം ജന്മദിനത്തിൽ 101 പേരെപ്പറ്റിയുള്ള ഒരു ഗ്രന്ഥം രണ്ടാംഭാഗമായി പ്രസിദ്ധീകരിച്ചു.

## അവതാരിക-മോൺ മാത്യു വെള്ളാങ്കൽ

രണ്ടാംഭാഗത്തിന് അവതാരികയെഴുതിയിരിക്കുന്നത് ഞാൻ ഏറ്റം കൂടുതൽ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മോൺ മാത്യു വെള്ളാങ്കൽ അവർകളാണ്. അദ്ദേഹം അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ കേരളത്തിലെ രൂപതാദ്ധ്യക്ഷന്മാർക്ക് കേരളസഭാരത്നങ്ങൾ തങ്ങളുടെ അജഗണങ്ങൾക്ക് സംലഭ്യമാക്കുവാൻ പല പ്രായോഗിക പരിപാടികളും സ്വീകരിക്കുവാൻ കഴിയുമെന്നാണ് എന്റെ ബോദ്ധ്യം. ബൈബിൾക്വിസ് വഴി ഇന്ന് യുവതലമുറ ബൈബിൾ പഠനത്തിൽ അത്യുത്സുകരാകുന്നുണ്ടല്ലോ. അതുപോലൊരു പദ്ധതി കേരളസഭാരത്നങ്ങളുടെ പ്രചാരണത്തിനായി രൂപപ്പെടുത്തുവാൻ കഴിഞ്ഞേക്കും.

കച്ചിറമറ്റം കൃതികളുടെ ആഴവും പരപ്പും പഠിച്ചുകഴിയുമ്പോൾ അദ്ദേഹം ദശവർഷങ്ങളായി കേരള ക്രൈസ്തവസഭയെപ്പറ്റിയുള്ള ഗവേഷണത്തിലായിരുന്നു എന്ന് അനുവാചകർക്ക് ബോദ്ധ്യമാകും. ഇത്തരത്തിലുള്ള പഠനത്തിൽ നിന്നും പ്രവഹിക്കുന്ന ധാർമ്മിക ഊർജ്ജം ഇന്നത്തെ കാലഘട്ടത്തിന് ഏറ്റം ആവശ്യമായിരിക്കുന്നു.

ജോൺ കച്ചിറമറ്റത്തിന് കേരളസഭാചരിത്രത്തിൽ ഡോക്ടറേറ്റ് ഒരു കത്തോലിക്കാ സർവ്വകലാശാല നല്കുന്നുവെങ്കിൽ, എന്തേ ഇത്രവൈകി എന്നല്ലാതെ മറ്റൊരുവിധത്തിൽ യഥാർത്ഥ ചരിത്രബോധമുള്ള ആരും ചിന്തിക്കില്ല. സഭാ നേതൃത്വം ഇക്കാര്യം കാര്യമായി പരിഗണിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹം എനിക്കുണ്ട്.

ശ്രീ. കച്ചിറമറ്റത്തിന് കേരള സഭയോടുള്ള കടപ്പാട് വളരെ വലുതാണ് എന്ന വള്ളോപ്പള്ളി പിതാവിന്റെ പ്രസ്താവനയ്ക്ക് അടിവരയിട്ടുകൊണ്ട് കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം ബഹുജനസമക്ഷം അവതരിപ്പിക്കുന്നു."

(പ്രസിദ്ധീകരണം 31.10.2004)

# 8. കേരളസഭാപ്രതിഭകൾ

ഞാൻ രചിച്ച ഏറ്റം വലിയ ഗ്രന്ഥമാണ് കേരളസഭാപ്രതിഭകൾ. 1460 പേജുകളുള്ള ഈ ഗ്രന്ഥം തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോഴാണ് ഹൃദയാഘാതത്തെ തുടർന്ന് ഞാൻ ആശുപത്രിയിൽ അഭയം പ്രാപിക്കേണ്ടി വന്നത്. ഈ ബ്രഹത് ഗ്രന്ഥം തയ്യാറാക്കാൻ ഈശ്വരൻ എന്നെ സഹായിച്ചു. എന്റെ 10-ാമത്തെ പുസ്തകമായിരുന്നു കേരളസഭാപ്രതിഭകൾ. ഹൃദയാഘാതം എന്റെ എഴുത്തിനെ ഒട്ടും പിൻപോട്ട് വലിച്ചില്ല.

## ഉപോൽഘാതം - പ്രൊഫ. മാത്യു ഉലകംതറ

ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമദശകങ്ങളിലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദിമദശകങ്ങളിലുമുള്ള കേരള കത്തോലിക്ക സമുദായത്തിന്റെ ചരിത്രം എഴുതപ്പെടാൻ പോകുന്നത് ശ്രീ ജോൺ കച്ചിറമറ്റത്തിലൂടെയായിരിക്കും. ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിലും തുടർന്നുള്ള ജനാധിപത്യഭരണത്തിന്റെ ബാല്യദശയിലും ഇവിടുത്തെ ക്രൈസ്തവർ വഹിച്ച പങ്ക് എന്തായിരുന്നു എന്നു സൂക്ഷ്മമായറിയാൻ അദ്ദേഹത്തിന്റെ "ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും" എന്ന ഗ്രന്ഥത്തെ ആശ്രയിക്കാതെ ഭാവി ചരിത്രകാരന്മാർക്ക് മറ്റൊരു മാർഗ്ഗമില്ല. സ്വതന്ത്ര ഭാരത ചരിത്രത്തിലെ ആദ്യത്തെ അറുപതു കൊല്ലത്തിനുള്ളിൽ കേരള ക്രൈസ്തവർ നേരിട്ട കാർഷിക വിദ്യാഭ്യാസ രാഷ്ട്രീയ പ്രതിസന്ധികളെ ആഴത്തിലപഗ്രഥിക്കുന്നതിന് സ്വാനുഭവനിഷ്ഠമായി അദ്ദേഹമെഴുതിവച്ച മുഖപ്രസംഗങ്ങളുടെയും കത്തുകളുടെയും മറ്റും സമാഹാരങ്ങൾ വായിക്കേണ്ടി വരും. കത്തോലിക്കാ സമുദായാഭ്യുന്നതിക്കും ദേശിയാഭിവൃദ്ധിക്കും വേണ്ടി ജീവിതം ഹോമിച്ച പൂർവ്വസൂരികളുടെ ചരിത്രവും സംഭാവനകളുമറിയാൻ ശ്രീ കച്ചിറമറ്റത്തിന്റെ കേരള സഭാ രത്നങ്ങൾ എന്ന ബൃഹദ്ഗ്രന്ഥമല്ലാതെ മറ്റൊരവലംബമില്ല. സമുദായം ആക്രമിക്കപ്പെടുകയോ അധിക്ഷേപിക്കപ്പെടുകയോ ചെയ്ത സമരമുഖങ്ങളിലെല്ലാം പ്രതിരോധസജ്ജനായി മുൻ നിരയിൽത്തന്നെ കച്ചിറമറ്റം ഉണ്ടായിരുന്നു. കത്തോലിക്ക യുവജന സംഘടനയുടെയോ കർഷക തൊഴിലാളി പാർട്ടിയുടെയോ അഖിലകേരളകത്തോലിക്കാ കോൺഗ്രസിന്റെയോ നേതൃസ്ഥാനം വഹിച്ചു കൊണ്ടോ അല്ലാതെയോ അദ്ദേഹം സാമൂഹ്യ നീതിക്കു വേണ്ടി സ്വരമുയർത്തിപ്പോന്നു. കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ കത്തോലിക്കാ പത്രപ്രവർത്തന ചരിത്രമോ കലാസാംസ്കാരിക രംഗങ്ങളോ അദ്ദേഹത്തിന്റെ കരസ്പർശമേൽക്കാതിരുന്നിട്ടില്ല. പതിനെട്ടു വാദ്യവും ചെണ്ടയ്ക്കു കീഴായിപ്പോകുന്ന കത്തോലിക്കരുടെ സാമൂഹിക ഘടനയിൽ ഇതൊന്നും ആരും ശ്രദ്ധിച്ചിട്ടുണ്ടാവുകയില്ലെന്നു മാത്രം. ശ്രദ്ധിച്ചിട്ടുള്ളവർ തന്നെ സഹാനുഭൂതി

യോടെയല്ല അതു ചെയ്തതെന്നും വരാം. അതും ഈ സാമൂഹിക ഘടനയുടെ സവിശേഷതയാണ്. മറ്റുള്ളവർ അംഗീകരിച്ചാലും ഇല്ലെങ്കിലും "എന്റെ വിശ്വാസം, എന്റെ സഭ, എന്റെ സമുദായം എനിക്കു വലുത്" എന്ന ദൃഢപ്രത്യയത്തോടെ അദ്ദേഹം എതിർപ്പുകളും നഷ്ടങ്ങളും അവഗണിച്ചു കർമ്മ നിരതനായി ജീവിക്കുന്നു.

കഴിഞ്ഞ അര നൂറ്റാണ്ടു കാലവും കച്ചിറമറ്റത്തെ പല രംഗങ്ങളിലും അടുത്തറിയാനും അദ്ദേഹത്തിന്റെ രചനാ സംരംഭങ്ങളിൽ സഹകരിക്കാനും കഴിഞ്ഞിട്ടുള്ള എനിക്ക് ഒട്ടേറെ കാര്യങ്ങളിൽ അദ്ദേഹത്തോടു കടപ്പാടുണ്ട്. ഗദ്യത്തിലെന്ന പോലെ പദ്യത്തിലും അല്പമൊക്കെ രചനാ കൗശലം വശമാക്കിയിട്ടുള്ള എനിക്കു പുറം ലോകത്തു നിന്നു കിട്ടാവുന്ന സ്ഥാനമാനങ്ങളാൽ പ്രലോഭിതനാകാതെ സാഹിത്യ രംഗത്ത് വിശ്വാസ പ്രതിബദ്ധതയോടെ ചുവടുറപ്പിച്ചു നില്ക്കാൻ ധൈര്യം തന്നത് ഒരുപരിധിവരെ ശ്രീ കച്ചിറമറ്റത്തെ പോലുള്ളവരുടെ നിഷ്കളങ്ക സൗഹൃദമാണ്. നിസ്വർത്ഥവും നിരന്തരവുമായ പ്രയത്നവും സാമ്പത്തിക ലാഭ നഷ്ടങ്ങൾ പരിഗണിക്കാതെയുള്ള സേവന വ്രതവും ആദർശ നിഷ്ഠയും ശ്രീ ജോൺ കച്ചിറമറ്റത്തെ സമകാലിക വ്യക്തികളിൽ നിന്നു വേർതിരിച്ചു നിർത്തുന്നു.

സമീപനങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഇതേ ലക്ഷ്യങ്ങളോടു കൂടി പ്രവർത്തിക്കുന്നവർ വേറെയും കത്തോലിക്കരുടെയിടയിലുണ്ട്. വൈദികരും അവൈദികരും സന്യാസികളും കർഷകരും വ്യവസായികളും കലാകാരന്മാരുമൊക്കെ അക്കൂട്ടത്തിലുണ്ടാകാം. മൺമറഞ്ഞു പോയവരെ അനുസ്മരിക്കാൻ ഒരു കച്ചിറമറ്റമുണ്ടായെങ്കിൽ ജീവിച്ചിരിക്കുന്നവരെക്കുറിച്ച് എഴുതിവയ്ക്കാൻ അടുത്ത തലമുറയിൽ ഇങ്ങനെയൊരാൾ ഉണ്ടാകണമെന്നില്ല. ഉണ്ടാവാതിരിക്കാനാണ് സാധ്യത കൂടുതലെന്ന് അനുഭവം പറയുന്നു. അതു കൊണ്ട് ഇന്ന് ജീവിച്ചിരിപ്പുള്ള സമുദായ സ്നേഹികളുടെ ലഘു ജീവചരിത്രങ്ങളടങ്ങുന്ന ഒരു പുസ്തകം കൂടി എഴുതുവാൻ കേരള സഭാ രത്നങ്ങളുടെ പ്രകാശനവേളയിൽ ഞാനദ്ദേഹത്തോടു പറയുകയുണ്ടായി. ആദ്യം ഞങ്ങളിരുവരും ഒരു ഫലിതമായിട്ടേ അതു കരുതിയുള്ളു എങ്കിലും ശ്രീ കച്ചിറമറ്റം അതു പിന്നീട് സഗൗരവം പരിഗണിച്ചു. സമുദായ സംഘടനാരംഗത്തുണ്ടായ തിരിച്ചടികളും ശാരീരികമായി നേരിട്ട അവശതകളും കൊണ്ടു നഷ്ടധൈര്യനാകാതെ അദ്ദേഹം പണിപ്പുരയിൽ കയറി. നൂറുകണിക്കിനു കത്തുകളയച്ചു വിവരങ്ങൾ ശേഖരിച്ചു. ടെലഫോൺ വിളികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പ്രവഹിച്ചു.

പ്രതികരണങ്ങൾ എപ്പോഴും ആശ്വാസ്യമായിരുന്നില്ല സമുദായാംഗങ്ങളുടെ പൊതുവംശസ്വഭാവമറിയാവുന്ന അദ്ദേഹത്തെ അതൊന്നും ഭഗ്നാശനാക്കിയില്ല. രാഷ്ട്രീയാന്തരീക്ഷത്തിൽ നിരന്തരം അസ്വസ്ഥതയും ഭീഷണി സ്വരങ്ങളുമുയർത്തുന്ന ഇതര സമുദായങ്ങളിൽ പോലും ആരും ചെയ്യാനൊരുമ്പടാത്ത ഒരു അസാധാരണ കൃത്യം അദ്ദേഹം ഏറെക്കുറെ പൂർത്തീകരിച്ചിരിക്കു

ന്നു. ഇന്നു ജീവിച്ചിരിക്കുന്ന കത്തോലിക്ക പൊതുപ്രവർത്തകരുടെ ഒരു സംക്ഷിപ്ത ജീവചരിത്രസമാഹാരം അദ്ദേഹം എഴുതിത്തന്നിരിക്കുന്നു. ഒരു പക്ഷേ ഇതിന്റെ മൂല്യമെന്തെന്നു തിരിച്ചറിയുന്നത് വരാൻ പോകുന്ന തലമുറ കളായിരിക്കും. അവർക്കു വേണ്ടിയാണ് അദ്ദേഹം ഈ കഷ്ടങ്ങളെല്ലാം സഹി ക്കുന്നത്. അവർക്കു വേണ്ടിത്തന്നെ ഈ മഹാ പ്രയത്നങ്ങൾക്ക് ഞാൻ അദ്ദേ ഹത്തോടു നന്ദി പറയുന്നു."

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ മഹനീയ വ്യക്തികളെ സംഭാവനചെയ്ത ഒരു സമുദായമാണ് കേര ളത്തിലെ ക്രൈസ്തവരുടേത് – സത്യസന്ധരായ അർപ്പണബോധമുള്ള ആ സമുദായപ്രവർത്തകരെ ആദരിക്കാനോ, അനുസ്മരിക്കാനോ നാം തയ്യാറല്ല. ഇത് നമ്മുടെ സമുദായത്തിന്റെ മാത്രം ഒരു പ്രത്യേകതയാണ്. ഇതെന്നെ വേദനിപ്പിക്കുന്നു. സ്വന്തം സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും അഭ്യുന്ന തിക്കുവേണ്ടി ജീവിതമർപ്പിച്ച തച്ചിൽ മാത്തൂത്തരകൻ, ഷെവ. തര്യതുകുഞ്ഞി ത്തൊമ്മൻ, ഷെവ. ഐ.സി. ചാക്കോ, ബാരിസ്റ്റർ ജോർജ് ജോസഫ്, എം.എം. വർക്കി തുടങ്ങിയ അൽമായ പ്രമുഖരുടെയും നിധീരിക്കൽ മാണിക്കത്തനാർ, ഫാ. പ്ലാസിഡ് സി.എം.ഐ. തുടങ്ങിയ വൈദിക പ്രമുഖരുടെയും സേവന ങ്ങളെ ആദരിക്കുവാനും അതിൽ അഭിമാനംകൊള്ളുവാനും തയ്യാറാകാതെ, സ്ഥാപനങ്ങൾ പടുത്തുയർത്തി സാമ്പത്തിക മേധാവിത്വം നിലനിർത്തുവാൻ ശ്രമിക്കുന്ന ഈ മനോഭാവത്തിൽ ഞാൻ ദുഃഖിക്കുന്നു. മേൽപറഞ്ഞ മഹാ ത്മാക്കൾ മറ്റേതെങ്കിലും സമുദായത്തിലായിരുന്നു ജനിച്ചതെങ്കിൽ അവർക്ക് ഇന്ന് എന്തുമാത്രം സ്മാരകങ്ങൾ ഉയരുമായിരുന്നു!

ആർക്കും താല്പര്യമില്ലാത്ത ഈ പ്രശ്നം എന്നെ ദീർഘനാളുകളായി അലട്ടിക്കൊണ്ടിരുന്നു. അവരുടെ ജീവിതത്തിലെ ശ്രദ്ധേയമായ സംഭവങ്ങൾ ഇന്നത്തെ തലമുറക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണമെന്ന ചിന്ത എന്നിലു ണ്ടായി. പ്രമുഖ ചരിത്രകാരനായിരുന്ന ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നവു മായിട്ടുള്ള സൗഹൃദമാണ് ഈ വഴിക്ക് തിരിയാൻ എന്നെ പ്രേരിപ്പിച്ചത്. മൺമ റഞ്ഞ 750 പ്രമുഖ സമുദായ സേവകരുടെ ചരിത്രം 1500 പേജുകളിലായി രണ്ടു വാല്യങ്ങളിൽ ഞാൻ എഴുതി പ്രസിദ്ധീകരിച്ചു. ദിവംഗതരായവരെപ്പറ്റി മാത്രം എഴുതുക എന്ന ലക്ഷ്യമേ എനിക്കുണ്ടായിരുന്നുള്ളു. അപ്പോഴാണ് പ്രൊഫ. മാത്യു ഉലകംതറ ജീവിച്ചിരിക്കുന്നവരെപ്പറ്റിക്കൂടി എഴുതുന്നത് ഉചി തമായിരിക്കുമെന്നും ഇപ്പോൾ നാമതു ചെയ്തില്ലെങ്കിൽ മറ്റാരും അതു ചെയ്യാ നുണ്ടാവുകയില്ലെന്നും അഭിപ്രായപ്പെട്ടത്. ആ നിർദ്ദേശം ഞാൻ ആദ്യം അവ ഗണിക്കുകയാണ് ചെയ്തത്. ജീവിതകാലം മുഴുവൻ സഭയ്ക്കും സമുദായ ത്തിനുംവേണ്ടി പ്രവർത്തിച്ച് ദിവംഗതരായ മഹാത്മാക്കളുടെ അന്ത്യകാലവും ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപകനേതാവ്, പി.സി. അബ്രാഹം പല്ലാട്ടു കുന്നേലി (കുഞ്ഞേട്ടൻ) നെപ്പോലുള്ള പൊതുപ്രവർത്തകർ നേരിട്ടുകൊണ്ടി രിക്കുന്ന പ്രശ്നങ്ങളും എന്റെ ഓർമ്മയിൽവന്നു. പ്രൊഫ. മാത്യു ഉലകംതറ

വച്ച നിർദ്ദേശം ഞാൻ പുനരാലോചിക്കുകയും അദ്ദേഹവുമായി ഈ പ്രശ്നം ചർച്ച ചെയ്യുകയും ചെയ്തു. ഈ സംരംഭത്തിലേക്ക് ഇറങ്ങിപ്പുറപ്പെട്ടാലുണ്ടാകുന്ന നഷ്ടങ്ങളെപ്പറ്റിയും ഉലകംതറസാർ എന്നേക്കാളും നിശ്ചയമുള്ളയാളാണ്. അത് അദ്ദേഹം തുറന്നുപറയുകയും ചെയ്തു. എങ്കിലും ഇതിനും ആരെങ്കിലുമുണ്ടാകണ്ടേ എന്ന ചോദ്യത്തിന് ഞാൻ പ്രാധാന്യം നൽകി.

എന്റെ ഗ്രന്ഥങ്ങളെല്ലാം ചരിത്രഗ്രന്ഥങ്ങളാണ്. ഔദ്യോഗികസഭ ചെയ്യേണ്ടജോലിയാണിതെന്നും എനിക്കറിയാം. അങ്ങനെയൊരു നീക്കം ഒരിക്കലും ഉണ്ടാവുകയില്ലന്ന നിശ്ചയമുള്ളതിനാൽ ഞാൻ ഈ രംഗത്തേക്ക് കടക്കുകയാണ് ചെയ്തത്. ജനിച്ചുവളർന്ന സമുദായത്തോടുള്ള പ്രതിബദ്ധത എന്നെ അതിന് പ്രേരിപ്പിക്കുന്നു.

മരണമടഞ്ഞവരെപ്പറ്റിയുള്ള മാറ്റർ ശേഖരിക്കുന്നതിനേക്കാൾ പ്രയാസമായിരുന്നു ജീവിച്ചിരിക്കുന്നവരുടെ ചരിത്രം ശേഖരിക്കാൻ. ജീവിച്ചിരിക്കുന്നവരുടെ ചരിത്രത്തോടനുബന്ധിച്ച് അവരുടെ ഫോട്ടോകുടി ചേർക്കണമെന്ന് പലരും അഭിപ്രായപ്പെട്ടു. അത് ക്ലേശകരമായ ജോലിയായിരുന്നു. 412 പേരുടെ ഫോട്ടോ കിട്ടണം. 411 പേരുടെ ഫോട്ടോ മാത്രമേ കിട്ടിയുള്ളു. 411 പേരുടെ ഫോട്ടോകൾ വാങ്ങിക്കുവാൻ അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങൾ വർണ്ണിക്കുക തന്നെ സാദ്ധ്യമല്ല.

വടക്കേ ഇന്ത്യയിലെ ഒരാളെപ്പറ്റിയുള്ള മാറ്റർ ഒരുവിധം സംഘടിപ്പിച്ചു. കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ലഭിച്ച ഒരാളായിരുന്നു. പത്രത്തിൽ വന്ന മാറ്റർ എല്ലാം ശേഖരിച്ച് ആവശ്യത്തിനുള്ള മാറ്റർ ശരിയാക്കി. ഫോട്ടോയ്ക്കുവേണ്ടി ടെലഫോൺ വിളി തുടർന്നു. 24 പ്രാവശ്യം ഞാൻ വിളിച്ചു. വടക്കേ ഇന്ത്യയിലേക്കാണ് വിളിച്ചതെന്നോർക്കണം. ചുരുങ്ങിയത് 24 വിളിക്ക് 200 രൂപ ആകുമല്ലോ? അങ്ങനെ എത്രപേരെ ടെലഫോണിൽ കൂടി ബന്ധപ്പെട്ടിട്ടാണ് 411 പേരുടെ ഫോട്ടോ ചേർക്കാൻ സാധിച്ചതെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ. ഇത്രബന്ധപ്പെട്ട് ഫോട്ടോയ്ക്ക് പുറകെ നടക്കേണ്ട ആവശ്യമെന്താണെന്ന് ചോദിച്ചവരുമുണ്ട്. ഗ്രന്ഥകർത്താവിന്റെ ആവശ്യമാണെന്ന് തോന്നിപ്പോകും.

ഓരോരുത്തരുടെയും വിദ്യാഭ്യാസം, ജോലി, പ്രധാനസംഭവങ്ങൾ ചോദിച്ച് എഴുതിയാൽ അവരിൽ നിന്നും ലഭിക്കുന്ന മറുപടി രസാവഹമായിരിക്കും. ഞാൻ ആർക്കും എഴുതിക്കൊടുക്കുകയില്ല. ആവശ്യമുള്ളവർ വന്ന് ഇന്റർവ്യൂ നടത്തട്ടെ എന്നു പറഞ്ഞവരുമുണ്ട്. 412 പേരെ ഇന്റർവ്യൂ നടത്തണമെങ്കിൽ എത്ര ദിവസം വേണം. അതൊന്നും ആർക്കും പ്രശ്നമല്ല. അങ്ങനെ വിലപേശിയ ഒരാളോട് ഞാൻ പറഞ്ഞു. കിട്ടാൻ എളുപ്പമുള്ള 200 പേരുടെ മാറ്റർ ശേഖരിച്ച് ഒന്നാംഭാഗം പ്രസിദ്ധീകരിക്കും. പോയി ഇന്റർവ്യൂ നടത്തേണ്ടവരുടെ ചരിത്രം രണ്ടാംപതിപ്പിൽ ചേർക്കുമെന്ന് ഞാൻ പറയേണ്ടി വന്നു. എന്റെ ആ കത്ത് ചെന്ന് മൂന്നാംദിവസം എല്ലാവിവരങ്ങളും ഫോട്ടോയും അയച്ചു തന്നു. ഒന്നാംപതിപ്പിൽ ചേർക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞ

പ്പോൾ ആ വാല് ചുരുങ്ങി. എന്തിന് ഈ വലിപ്പം കാണിക്കുന്നുവെന്ന് ചോദിക്കാൻ തോന്നി. മറ്റൊരു വലിയ സാഹിത്യകാരനെ സമീപിച്ചു. അദ്ദേഹത്തിന്റെ ഗമ കാണണമെങ്കിൽ അപ്പോൾ കാണണമായിരുന്നു. ഏതായാലും അദ്ദേഹം സഹകരിച്ചില്ലെങ്കിലും മാറ്റർ കിട്ടാവുന്നിടത്തോളം ശേഖരിച്ച് പുസ്തകത്തിൽ ചേർത്തു. ഈ പുസ്തകം പ്രസിദ്ധീകരിച്ച വിവരം കാണിച്ച് പ്രൊഫ. മാത്യു ഉലകംതറ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 412 പേർക്കും കത്തയച്ചു. നമ്മുടെയൊക്കെ ജീവചരിത്രം ഉൾപ്പെടുത്തി ഏതാണ്ട് 1500 പേജുകളുള്ള ഒരു പുസ്തകം കച്ചിറമറ്റം പ്രസിദ്ധീകരിച്ചു. ആ പുസ്തകം രചിക്കുന്നതിന് ലക്ഷക്കണക്കിന് രൂപാ അദ്ദേഹം ചിലവാക്കിയിട്ടുണ്ടെന്ന് അറിയാമല്ലോ. നമ്മളെപ്പറ്റിയൊക്കെ എഴുതിയിട്ടുള്ള ആ പുസ്തകത്തിന്റെ ചുരുങ്ങിയത് ഒരു കോപ്പിയെങ്കിലും വിലകൊടുത്ത് വാങ്ങിച്ചാൽ ഉപകാരമായിരിക്കും. അതിന് അദ്ദേഹം ഉലകംതറയ്ക്ക് എഴുതിയ കത്തിൽ ഇപ്രകാരം എഴുതി 'എന്നെപ്പറ്റി പലരും പുസ്തകങ്ങളിൽ എഴുതും. ആ കാരണത്താൽ എനിക്ക് ഒരു കോപ്പി സമ്മാനമായി നല്കുവാൻ കച്ചിറമറ്റം ബാദ്ധ്യസ്ഥനാണ് വിലകൊടുത്ത് വാങ്ങാൻ സാധിക്കുകയില്ല."

1450 പേജുകളുള്ള കേരളസഭാപ്രതിഭകൾ ഒരു കോപ്പിക്ക് എനിക്ക് 543 രൂപാ ചിലവു വന്നു. അത് ആരും വിശ്വസിക്കുമെന്ന് തോന്നുന്നില്ല. 500 രൂപാ തന്നിട്ട് പലരും പുസ്തകത്തിന്റെ കോപ്പി വാങ്ങിപ്പോയി. ഈ പുസ്തകരചനയ്ക്കെല്ലാം വേണ്ടിവരുന്ന ചിലവിനെപ്പറ്റി ആരും തിരക്കാറില്ല. എല്ലാവർക്കും കോപ്പി ഫ്രീയായി വേണം. അങ്ങനെ ചിന്തിക്കുന്നവരാണ് അധികവും. 1480 പേജ് മാറ്റർ. എത്ര റീം പേപ്പർ വേണം. ഡി.റ്റി.പി. ചാർജ്ജ് എത്ര? പ്രിന്റിംഗ് ചാർജ്ജ് എത്ര? ബയന്റിംഗ് ചാർജ്ജ് എത്ര? ഇതൊന്നും ഫ്രീ ആഗ്രഹിക്കുന്നവർക്ക് പ്രശ്നമല്ല!

(പ്രസിദ്ധീകരണം 30.05.2006)

# 9. ഷെവലിയാർ ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ

ഞാൻ പ്രൈമറി ക്ലാസ്സിൽ പഠിക്കുമ്പോൾ തുടങ്ങി ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മനെപ്പറ്റി കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ സാഹസികപ്രവർത്ത നങ്ങളും സമുദായസ്നേഹവും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളോടുള്ള കരുതലും എന്നെ ആകർഷിച്ച ഘടകങ്ങളാണ്. കുഞ്ഞിത്തൊമ്മനെപ്പറ്റി കിട്ടാവുന്ന എല്ലാ രേഖകളും ഞാൻ സൂക്ഷിച്ചുവച്ചിരുന്നു.

ഇന്ന് ജീവിച്ചിരിക്കുന്നവരിൽ കുഞ്ഞിത്തൊമ്മനെപ്പറ്റി ഏറ്റം കുടുതൽ ലേഖനങ്ങൾ എഴുതിയിട്ടുള്ളത് ഞാനായിരിക്കും. കുഞ്ഞിത്തൊമ്മനെ ആക്ഷേപിച്ച് പ്രസിദ്ധീകരണങ്ങളിൽ വന്ന എല്ലാ ലേഖനങ്ങളും ശേഖരിച്ച് അതിന് മറുപടി എഴുതിയിട്ടുള്ളതും ഞാനാണ്. കുഞ്ഞിത്തൊമ്മന്റെ 25-ാം ചരമവാർഷികം, ജന്മശതാബ്ധിയാഘോഷം എന്നിവയെല്ലാം കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിലാണ് നടത്തിയത്. ഞാൻ അന്നെല്ലാം കത്തോ ലിക്കാ കോൺഗ്രസ് ഭാരവാഹിയായിരുന്നു. 50-ാം ചരമവാർഷികാവസരത്തിൽ ചെറിയ ഒരു ഹൃദയാഘാതത്തെതുടർന്ന് ഞാൻ ആശുപത്രിയിലായിരുന്നു. 50-ാം ചരമവാർഷികം വിപുലമായി ആഘോഷിക്കണമെന്ന് കാണിച്ച് എ.കെ.സി.സി. കോതമംഗലം രൂപതാസമിതിക്കും കോതമംഗലം രൂപതയിലെ പ്രമുഖരായ വൈദികർക്കും കത്തയച്ചു. യാതൊരു ആഘോഷപരിപാടിയും നടന്നില്ല. ആർക്കും താല്പര്യമില്ല. പിന്നെ എന്തുചെയ്യുമെന്നാണ് അവിടുത്തെ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ ചോദിച്ചത്.

കുഞ്ഞിത്തൊമ്മന്റെ 120-ാം ജന്മദിനത്തിൽ കുഞ്ഞിത്തൊമ്മനെപ്പറ്റി യുള്ള ഒരു ജീവചരിത്രം തയ്യാറാക്കി ഞാൻ പ്രസിദ്ധീകരിച്ചു. കോതമംഗലത്ത് പ്രൗഢമായ സമ്മേളനം ഇലഞ്ഞിക്കൽ ജോർജ്ജ് മാത്യു സംഘടിപ്പിച്ചു. ആ യോഗത്തിൽ വച്ച് കോതമംഗലം മെത്രാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ ബേബി ഇലഞ്ഞിക്കലിന് നല്കിയാണ് പുസ്തക പ്രകാശനം ചെയ്തത്. 100 കോപ്പി അന്ന് ജോർജ്ജ് മാത്യു വില നല്കി വാങ്ങിക്കുകയും ചെയ്തു. യോഗത്തിൽ പ്രസംഗിച്ച ഫാ. ജോസഫ് പുത്തൻകുളം ഇപ്രകാരം പറഞ്ഞു. കോതമംഗലംകാരനായ കുഞ്ഞിത്തൊമ്മന്റെ ജീവചരിത്രം രചിക്കാൻ പാലാക്കാരൻ വേണ്ടിവന്നിരിക്കുന്നു" ഇക്കാര്യം പലരും സൂചിപ്പിച്ചു 2002-ൽ ആണ് പുസ്തകം പ്രകാശനം ചെയ്തത്. പുസ്തകപ്രകാശനത്തിന് മുമ്പായി കോതമംഗലം രൂപതയിലെ എല്ലാ പള്ളി വികാരിമാർക്കും വിവിധ സന്യാസ

സഭകളിലെ സുപ്പീരിയേഴ്സിനെയും പുസ്തകപ്രകാശനം നടക്കുന്ന വിവരം കാണിച്ച് ഞാൻ കത്തെഴുതി. ഏതാണ്ട് 800-ൽപരം കത്ത് എഴുതി. ആ കത്തിൽ ഞാൻ കുഞ്ഞിത്തൊമ്മൻ ജീവചരിത്രഗ്രന്ഥത്തിന്റെ ഒരു കോപ്പി എങ്കിലും വിലക്കുവാങ്ങി സഹായിക്കണമെന്ന് പറഞ്ഞിരുന്നു. എത്രയോ പള്ളികൾക്കും സ്ഥാപനങ്ങൾക്കും കുഞ്ഞിത്തൊമ്മൻ സംഭാവന നല്കിയിട്ടുണ്ട്. അതൊക്കെ ആരോർക്കും. കത്തയച്ചവരിൽ നിന്നും രണ്ടേരണ്ടുപേർ മാത്രം പുസ്തകത്തിന് ഓർഡർ തന്നു. നെയ്യശ്ശേരിയിൽ നിന്നും ഒരു അൽമായൻ പത്രത്തിൽ കണ്ടറിഞ്ഞ് ഒരു പുസ്തകം ഓർഡർ ചെയ്യുകയും ചെയ്തു. സമുദായാംഗങ്ങളുടെ മനോഭാവം എന്താണെന്ന് മനസ്സിലാക്കാൻ ഈ സംഭവം കൊണ്ട് എനിക്കു സാധിച്ചു.

## അവതാരിക- കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ

കാലത്തിന്റെ പ്രയാണത്തിൽ വിസ്മൃതിയിലാണ്ടുപോകുന്ന ധാരാളം മഹാന്മാരുണ്ട്. അത്തരമൊരു മഹത്തായ ജീവിതത്തിനുടമയായിരുന്നു തരിയതു കുഞ്ഞിത്തൊമ്മൻ. വളരുന്ന തലമുറയ്ക്ക് സമുദായസ്നേഹവും ദിശാബോധവും നൽകാൻ ഈ ഗ്രന്ഥത്തിന് സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ശ്രീ ജോൺ കച്ചിറമറ്റം വളരെ ലളിതവും എന്നാൽ ശക്തവുമായ ശൈലിയിലാണ് ഈ ഗ്രന്ഥത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. കടന്നുപോയ ഒരു വലിയ മനുഷ്യനെയും അദ്ദേഹത്തിന്റെ ജീവിത ദർശനങ്ങളെയും പുതിയ തലമുറക്ക് പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

## ആശംസ-ശ്രീ എം.എം. ജേക്കബ്, ഗവർണ്ണർ, മേഘാലയ

അധികാരം സേവനത്തിനുള്ളതാണെന്നും വ്യക്തിപരമായ ലാഭ നഷ്ടങ്ങളല്ല പൊതു സമൂഹത്തിന്റെ നന്മയാണ് നാം ലക്ഷ്യമാക്കേണ്ടതെന്നും മനസ്സിലാക്കാൻ ജോൺ കച്ചിറമറ്റം രചിച്ച കുഞ്ഞിത്തൊമ്മന്റെ ജീവചരിത്രം വായിച്ചാൽ മതി. താൽക്കാലിക ലാഭം നോക്കാതെയും മോഹിക്കാതെയും താൻ വിശ്വസിക്കുന്ന കാര്യങ്ങൾക്കുവേണ്ടി വിജയംവരെ പോരാടാനും അതിനുവേണ്ടി ത്യാഗങ്ങൾ അനുഭവിക്കുവാനും കുഞ്ഞിത്തൊമ്മൻ തയ്യാറായിരുന്നു.

## ഉപോൽഘലതം – ഫാ. ജേക്കബ് ഏറണാട്ട്, എറണാകുളം

പ്രകീർത്തിതനായ ഒരു സമുദായ സ്നേഹിയുടെ -ധീരനും സാഹസികനുമായ ഒരു രാഷ്ട്രീയ പ്രവർത്തകന്റെ – ഷെവ. തരിയതു കുഞ്ഞിത്തൊമ്മന്റെ – ജീവചരിത്രം വളരെ വിശദമായി സമാകർഷകമായി കാഴ്ച വച്ചിരിക്കുകയാണ്. ഈ ഗ്രന്ഥം നമ്മുടെ സമുദായസ്നേഹികൾക്ക് ഒരു കൈക്കുറിപ്പായിരിക്കട്ടെ.

(പ്രസിദ്ധീകരണം 28.07.2002)

# 10. ഇടിമുഴക്കം കേട്ടതെപ്പോൾ

കുഞ്ഞിത്തൊമ്മന്റെ ജീവചരിത്രം ഞാൻ പ്രകാശനം ചെയ്തെങ്കിലും കുഞ്ഞിത്തൊമ്മനെ ആക്ഷേപിച്ച് പലരും (കത്തോലിക്കർപോലും) ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള ലേഖനങ്ങൾക്ക് ആരും മറുപടി എഴുതാത്തതുകൊണ്ട് അതെല്ലാം ശരിയാണെന്ന് വിചാരിക്കുന്നവർ ധാരാളമുണ്ട്.

ഒരു കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ ഇടയലേഖനത്തിന്റെ ഇടിമുഴക്കം എന്ന തലക്കെട്ടിൽ ഒരു കോൺഗ്രസ് നേതാവ് കെ.എം. ചുമ്മാർ ഒരു ലേഖനപരമ്പര ഏഴുലക്കങ്ങളിലായി എഴുതി പ്രസിദ്ധീകരിച്ചു. കുഞ്ഞിത്തൊമ്മനെ സമൂഹമദ്ധ്യത്തിൽ ആക്ഷേപിക്കുക എന്ന ലക്ഷ്യമായിരുന്നു ആ ലേഖനം രചിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആ കൂട്ടത്തിൽ കത്തോലിക്കാ കോൺഗ്രസിനെയും ആക്ഷേപിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തി. ചുമ്മാറിന്റെ ആ ലേഖനത്തെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ ലേഖനം എഴുതി ആ കത്തോലിക്കാ പ്രസിദ്ധീകരണത്തിനുതന്നെ അയച്ചുകൊടുത്തു. അവർ അത് പ്രസിദ്ധീകരിച്ചില്ല. അപ്പോഴാണ് ഇടിമുഴക്കം കേട്ടതെപ്പോൾ എന്ന ഗ്രന്ഥം ഞാൻ പ്രസിദ്ധീകരിച്ചത്.

## അവതാരിക- ജോസ് വിതയത്തിൽ

"ഒരു റിട്ടയാർഡ് അദ്ധ്യാപകനും കോൺഗ്രസ്സ് പ്രവർത്തകനുമായ കെ. എം. ചുമ്മാർ കത്തോലിക്കാ കോൺഗ്രസ്സിനെയും കത്തോലിക്കാ നേതാക്കളെയും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി പോരാടിയ ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മനെയും സർ. സി.പിയുടെ കിരാതഭരണത്തെ ലോകസമക്ഷം വിളംബരം ചെയ്ത മാർ ഇവാനിയോസിനെയും തേജോവധം ചെയ്തുകൊണ്ട് ഒരു കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ ലേഖനം എഴുതിയിരിക്കുന്നു.

താൻ ജനിച്ചുവളർന്ന സമുദായത്തെയും ആ സമുദായത്തിലെ നേതാക്കളെയും തേജോവധം ചെയ്ത് പറയുകയും എഴുതുകയും ചെയ്യുന്നതിൽ സംതൃപ്തി കണ്ടെത്തുന്നവരുണ്ട്. അക്കൂട്ടത്തിൽ ഒരാളാണ് ശ്രീ. കെ.എം. ചുമ്മാർ എന്ന് ഇടയലേഖനത്തിന്റെ ഇടിമുഴക്കം എന്ന ലേഖനപരമ്പര വായിച്ചപ്പോൾ എനിക്കു തോന്നി. സത്യം മറച്ചുവെച്ച് കത്തോലിക്കാ നേതാക്കളെയും കത്തോലിക്കാ കോൺഗ്രസ്സിനെയും ആക്ഷേപിക്കുന്നതിന് അദ്ദേഹം മെനഞ്ഞെടുത്ത കഥകൾ വിചിത്രമാണ്. സർ സി.പിയുടെ പക്ഷം പിടിച്ചു നിന്നവരും സി.പി.യ്ക്ക് മംഗളപത്രം കൊടുത്തവരുമാണ് കത്തോലിക്കാ കോൺഗ്രസ് നേതാക്കളും കുഞ്ഞിത്തൊമ്മനും എന്ന് കെ.എം. ചുമ്മാർ എഴു

തിയിരിക്കുന്നു. അങ്ങനെയുള്ള കത്തോലിക്കാ കോൺഗ്രസ്സിനെയും നേതാക്കളെയും സി.പി. പക്ഷത്തുനിന്നു മാറ്റി സ്റ്റേറ്റ് കോൺഗ്രസ്സ് പക്ഷത്തേക്കു മാറ്റുവാൻ പി.ടി ചാക്കോയുടെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരല്ലാത്ത സ്റ്റേറ്റ് കോൺഗ്രസ്സിലെ ഏതാനും യുവാക്കൾ ആലപ്പുഴെ സംഘം ചേർന്ന് ആലോചിച്ചു തീരുമാനിച്ചുവെന്നാണ് ചുമ്മാറിന്റെ കഥ. ചുമ്മാറിന്റെ ഈ കണ്ടെത്തൽ മുഴുവൻ സത്യവിരുദ്ധമാണെന്ന് സ്ഥാപിച്ചുകൊണ്ടാണ് “ഇടിമുഴക്കം കേട്ടതെപ്പോൾ” എന്ന ഗ്രന്ഥം ശ്രീ. ജോൺ കച്ചിറമറ്റം രചിച്ചിരിക്കുന്നത്. സഭയ്ക്കും സമുദായത്തിനും സമുദായനേതാക്കൾക്കുമെതിരെ സത്യവിരുദ്ധമായ പ്രസ്താവനകളുമായി രംഗത്തെത്തിയ അനേകരെ, ചരിത്രവസ്തുതകൾ നിരത്തിവെച്ച് നേരിട്ട ചരിത്രമാണ് ശ്രീ. ജോൺ കച്ചിറമറ്റത്തിനുള്ളത്. ആ കൈമുതലുമായിട്ടാണ് ജോൺ കച്ചിറമറ്റം ചുമ്മാറിന്റെ ആരോപണങ്ങളെ നേരിട്ടിരിക്കുന്നത്. ചുമ്മാർ കത്തോലിക്കാ കോൺഗ്രസ്സിനെ നേരിടാൻ കൊണ്ടുവന്ന കത്തോലിക്കാ യുവാക്കളായ ശ്രീ. എ.ജെ. ജോൺ (52 വയസ്സ്) പി.ജെ. സെബാസ്റ്റ്യൻ (47 വയസ്സ്) ആർ.വി. തോമസ് (46 വയസ്സ്), കെ. എം. കോര(44 വയസ്സ്) അക്കാമ്മ ചെറിയാൻ(36 1/2 വയസ്സ്) തുടങ്ങിയവർ അക്കാലത്ത് യുവാക്കന്മാരല്ലായെന്ന് അവരുടെ ജനനതീയതി ഉദ്ധരിച്ചുകൊണ്ട് കച്ചിറമറ്റം സ്ഥാപിച്ചിരിക്കുകയാണ്. അതുപോലെതന്നെ എ.ജെ. ജോണും, പി.ജെ. സെബാസ്റ്റ്യനും ആർ.വി. തോമസും, കെ.എം. കോരയും മാത്യു മണിയങ്ങാടനും അന്ന് കത്തോലിക്കാ കോൺഗ്രസ്സ് നേതാക്കളുമായിരുന്നുവെന്ന് കച്ചിറമറ്റം ചരിത്രവസ്തുതകൾ എടുത്തുകാണിച്ച് സ്ഥാപിച്ചിരിക്കുകയാണ്. അങ്ങനെ കെ.എം. ചുമ്മാർ കെട്ടിപ്പൊക്കിയ സത്യസന്ധമല്ലാത്ത കഥ തകർന്നടിഞ്ഞിരിക്കുന്നു. ഷെവ.ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ, അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നതിക്കുവേണ്ടി പരിശ്രമിച്ച കാര്യങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ശോഭ ഈ ഗ്രന്ഥത്തിലൂടെ പ്രകാശപ്പിക്കപ്പെട്ടിരിക്കുകയാണ്. മാർ ഇവാനിയോസ് തിരുമേനി സർ. സി.പി. യുടെ ക്രൈസ്തവവിരുദ്ധമായ നീക്കങ്ങൾ വെളിച്ചത്തുകൊണ്ടുവരുവാൻ നടത്തിയ ധീരമായ നീക്കങ്ങൾ ഓരോന്നായി ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ഈ സത്യം വെളിച്ചത്തുകൊണ്ടുവരുന്നതിൽ കച്ചിറമറ്റം കാണിച്ച ആത്മാർത്ഥതയെ എത്രകണ്ട് അഭിനന്ദിച്ചാലും അധികമാവുകയില്ല.

കഴിഞ്ഞ മൂന്നു ദശാബ്ദങ്ങൾക്ക് മുമ്പ്, സഭയ്ക്കും സഭാനേതൃത്വത്തിനുമെതിരെ വന്നിട്ടുള്ള ആരോപണങ്ങളെ നേരിടാൻ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം എന്ന സമുദായനേതാവ് അശ്രാന്തപരിശ്രമം ചെയ്തിരുന്നു. ഇതേ രംഗത്ത് പ്രവർത്തിച്ച മറ്റൊരു നേതാവാണ് ശ്രീ. എം.എം. വർക്കി. അവരുടെ കാലടികളെ പിന്തുടർന്ന്, അവരിൽനിന്ന് ചൈതന്യം ഉൾക്കൊണ്ട് കഴിഞ്ഞ മൂന്നു വ്യാഴവട്ടക്കാലമായി പ്രവർത്തിക്കുന്ന കച്ചിറമറ്റത്തിന്റെ സേവനങ്ങൾ വിലപ്പെട്ടതാണ്. (പ്രസിദ്ധീകരണം 31.10.2007)

# 11. തര്യതുകുഞ്ഞിത്തൊമ്മൻ വർഗ്ഗീയവാദിയോ?

2014 ഡിസംബറിൽ തര്യത് കുഞ്ഞിത്തൊമ്മൻ വർഗീയവാദിയോ എന്ന ശീർഷകത്തിൽ ഞാൻ ഒരു പുസ്തകം 56 പേജിൽ പ്രസിദ്ധീകരിച്ചു. ഒരു സി.എം.ഐ. വൈദികന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ദൈവശാസ്ത്ര മാസികയിൽ വന്ന ആക്ഷേപങ്ങൾക്കുള്ള മറുപടിയാണ് ഈ ഗ്രന്ഥം. ആ ഗ്രന്ഥത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ.

## ജീവധാരയിലെ ലേഖനത്തെപ്പറ്റി

പ്രമുഖ ദൈവശാസ്ത്രജ്ഞനായ ജോസഫ് കോൺസ്റ്റൻന്റെൻ മണലേൽ സി.എം.ഐ.യുടെ നേതൃത്വത്തിൽ ആരംഭിച്ച ഒരു പ്രസിദ്ധീകരണമാണ് ജീവധാര. ഇപ്പോഴും ആ പ്രസിദ്ധീകരണത്തിന്റെ മുഖ്യപത്രാധിപർ അദ്ദേഹം തന്നെ. ജീവധാരയുടെ ആഗസ്റ്റ് ലക്കം "പങ്കാളിത്തം സമൂഹത്തിലും സഭയിലും ചില നൂതനാഭിമുഖ്യങ്ങൾ" എന്ന വിഷയത്തെപ്പറ്റിയുള്ള പഠനമാണ്. ഈ ലക്കത്തിന്റെ പത്രാധിപർ ടോണി നീലങ്കാവിൽ ആണ് എന്ന് മനസ്സിലാക്കുന്നു. ആഗസ്റ്റ് ലക്കത്തിൽ ഫാ. മാർട്ടിൻ ശങ്കുരിക്കലിന്റെ ഒരു ലേഖനം ഉണ്ട്. ആ ലേഖനത്തെപ്പറ്റി പത്രാധിപക്കുറിപ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. 'ആം ആദ്മി പ്രതിഭാസവും പാർലമെന്റ് തിരഞ്ഞെടുപ്പും ഭാരത രാഷ്ട്രീയത്തിൽ പങ്കാളിത്തത്തിന്റെ വിവിധ മാനങ്ങൾക്കുവേണ്ടിയുള്ള സാമാന്യജനത്തിന്റെ മുറവിളികൾക്ക് സ്വരം കൊടുക്കുന്നുണ്ട്. ഭരണനിയമ സംവിധാനങ്ങളിൽ പാവപ്പെട്ടവർക്കും അശരണർക്കും സ്വരമുയർത്താൻ സാധിക്കാത്ത വർത്തമാന കാലത്തിൽ സ്വരമില്ലാത്തവരുടെ സ്വരമായി അവരുടെ പങ്കാളിത്തം ജനാധിപത്യ പ്രക്രിയയിൽ ഉറപ്പുവരുത്തുവാൻ സഭ പരിശ്രമിക്കണം എന്ന് ഫാ. മാർട്ടിൻ ശങ്കുരിക്കൽ തീവ്രമായ ഭാഷയിൽ സമർത്ഥിക്കുന്നു. പങ്കാളിത്ത മൂല്യങ്ങളിൽ അധിഷ്ഠിതമായ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പരിസ്ഥിതി സൃഷ്ടിച്ചെടുക്കുന്ന പ്രക്രിയയിൽ സഭയ്ക്ക് വലിയ പങ്കുണ്ട്. സാംസ്കാരിക തലത്തിൽ സംവദിക്കുവാൻ ധൈര്യപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്ന ഒരു മനോഭാവം സഭയെ കൂടുതൽ സമ്പുഷ്ടമാക്കുകയും പൊതുസമൂഹത്തിന്റെ മുമ്പിൽ സ്വീകാര്യയാക്കുകയും ചെയ്യും"

രാഷ്ട്രീയ -സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ പങ്കാളിത്ത ബദലുകൾ സമകാലിക ക്രൈസ്തവ സാക്ഷ്യത്തിന്റെ സാധ്യതകളും വെല്ലുവിളി

കളും എന്ന തലക്കെട്ടാണ് മാർട്ടിൻ ശങ്കുരിക്കലിന്റെ ലേഖനത്തിന് കൊടുത്തിരിക്കുന്നത്. ആ ലേഖനത്തിൽ ഒരു ക്യാപ്ഷൻ എഴുതിയിരിക്കുന്നത് താഴെ ചേർക്കുന്നു "സമകാലിക ഭാരതത്തിന്റെയും കേരളത്തിന്റെയും പശ്ചാത്തലത്തിൽ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ ക്രൈസ്തവ സാക്ഷ്യത്തിന്റെ പങ്കാളിത്ത സ്വഭാവം എന്തായിരിക്കണം എന്നതിലേക്കൊരു വിശകലന സ്വഭാവമുള്ള എത്തിനോട്ടമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ജനകീയ ബദലുകളുടെ അനിവാര്യമായ ഇടപെടൽ കാത്തിരിക്കുന്ന ഇന്ത്യൻ രാഷ്ട്രീയ രംഗത്തെ നവവസന്തമായ ആം ആദ്മി പാർട്ടിയുടെ നയരേഖകളും പ്രവർത്തനശൈലിയും ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് വിശകലന വിധേയമാക്കുന്നു. വല്ലാത്ത വർഗ്ഗീയ ധ്രുവീകരണം മൂലം മനസ്സുകൾ അകന്നുപോയ രാജ്യത്ത് ഒരുമയുടെ സിംഹണി സൃഷ്ടിക്കുവാൻ ക്രൈസ്തവർ സ്വീകരിക്കേണ്ട നിലപാടുകളിലേക്ക് വെളിച്ചം വീശുന്നതാണ് ലേഖനത്തിന്റെ രണ്ടാം ഭാഗം. ബൗദ്ധികമായ ഉപരിപ്ലവതയും സാംസ്കാരികമായ അസഹിഷ്ണുതയും എങ്ങനെ ക്രൈസ്തവരെ സാംസ്കാരിക ലോകത്തെ പങ്കാളിത്തത്തിൽ നിന്ന് അത്യാപൽക്കരിക്കുന്നുവെന്നതിലേക്കുള്ള അന്വേഷണമാണ് ലേഖനത്തിന്റെ മൂന്നാംഭാഗം. ആത്മവിമർശനപരമായ ഈ വിശകലനം ജ്ഞാന- കർമ്മങ്ങളുടെ പുതിയ തീരങ്ങളിലേക്ക് നമ്മളെ നയിക്കുമെന്നാണ് പ്രത്യാശ. (ലേഖകനെപ്പറ്റി ചെറുവിവരണംകൂടി കൊടുത്തിട്ടുണ്ട്. എറണാകുളം അങ്കമാലി അതിരൂപതാംഗമായ ഫാ. ജോർജ് മാർട്ടിൻ ശങ്കുരിക്കൽ ഇപ്പോൾ ലുവയിൽ കത്തോലിക്കാസർവ്വകലാശാലയിൽ തത്വശാസ്ത്രത്തിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നു. നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.)

ഈ വിശദീകരണങ്ങളും കുറിപ്പുകളും സശ്രദ്ധം ഞാൻ വായിച്ചു. കഴിഞ്ഞ കാലങ്ങളിലെ ക്രൈസ്തവ സമുദായത്തിന്റെ ചരിത്രത്തെപ്പറ്റി ഒരു ബോദ്ധ്യവുമില്ലാത്ത ഒരാളാണ് മാർട്ടിൻ ശങ്കുരിക്കൽ എന്ന് എനിക്ക് ബോദ്ധ്യം വന്നു. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ മറ്റിതര സമുദായങ്ങളെക്കാൾ മനുഷ്യസമൂഹത്തിന്റെ നന്മക്കുവേണ്ടി ക്രൈസ്തവർ ചെയ്ത സേവനങ്ങളെപ്പറ്റി അദ്ദേഹത്തിന് ഒന്നും അറിയാൻ പാടില്ലെന്ന് എനിക്കു മനസ്സിലായി. നമ്മുടെ രാജ്യത്ത് ഓരോ സമുദായവും തങ്ങളുടെ കാര്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് നിവേദനങ്ങൾ സമർപ്പിച്ചിരുന്ന ഒരു കാലഘട്ടത്തിൽ എല്ലാ വിഭാഗത്തിന്റെയും വിശിഷ്യ അധഃസ്ഥിതരുടെയും അവകാശങ്ങൾക്കുവേണ്ടി സ്വരമുയർത്തിയത് കത്തോലിക്കരാണെന്നുള്ള വസ്തുതയെപ്പറ്റി മാർട്ടിൻ അച്ചന് ഒന്നും അറിയില്ല. കഴിഞ്ഞ അഞ്ചു നൂറ്റാണ്ടിലെ സമുദായ ചരിത്രം ലേഖകൻ പഠിക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇത്ര അബദ്ധങ്ങൾ അദ്ദേഹം എഴുതുകയില്ലായിരുന്നു. ഇവിടുത്തെ സവർണ്ണസമുദായത്തിൽപ്പെട്ടവർ ക്രൈസ്തവരെ ആക്ഷേപിക്കുവാൻ വേണ്ടി എഴുതിയിട്ടുള്ള കഥകൾപോലും ശരിയാണെന്ന് ധരിച്ചു

വച്ചിട്ടുള്ള ഒരാളാണ് ലേഖകൻ. ആ കഥകൾ എഴുതിയവൻ പോലും അത് തമാശയായി എഴുതിയതാണെന്ന് തുറന്നുപറഞ്ഞിട്ടുപോലും പല ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിട്ടും അതൊന്നും വായിച്ചു മനസ്സിലാക്കാതെ അതെല്ലാം സത്യമാണെന്ന് വിചാരിച്ചു താൻ ജനിച്ചുവളർന്ന സമുദായത്തെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത് മനഃപൂർവ്വമാണെന്ന് ഞാൻ പറയുന്നില്ല. വിവരക്കേടുകൊണ്ടാണെന്നേ ഞാൻ പറയുന്നുള്ളു. ഞാൻ ധരിച്ചുവച്ചിരിക്കുന്നതെല്ലാം ശരിയാണെന്നുള്ള അഹന്തയാണ് അദ്ദേഹത്തെ നയിക്കുന്നത്. ആ ലേഖനത്തെപ്പറ്റി പലതും പറയാനുണ്ട്. അതൊന്നും പറയുന്നില്ല ആ ലേഖനത്തിലെ ഒരു ഭാഗം മാത്രം ഉദ്ധരിച്ച് അതിന് മറുപടി പറയാം.

"ഏതാണ്ട് നാലുവർഷം മുൻപ് ഇറങ്ങിയ ഒരു ഇടയലേഖനത്തിന്റെ പശ്ചാത്തലത്തിൽ പി.ഒ.സിയിൽ നടന്ന ഒരു സമ്മേളനത്തിൽ ഏതാനും അൽമായർ ചോദിച്ച ചോദ്യം വീണ്ടും പ്രസക്തമാവുകയാണ്. കേരളസഭയുടെ രാഷ്ട്രീയ നിലപാടുകളെക്കുറിച്ചും ചായ്‌വുകളെക്കുറിച്ചുമായിരുന്നു ആ ചോദ്യം" **"ക്രൈസ്തവരുടെ പേരിൽ അറിയപ്പെടുന്ന പാർട്ടികൾ ക്രൈസ്തവരുടേത് പോയിട്ട് സാധാരണ മനുഷ്യരുടെ അവകാശങ്ങൾ പോലും സാധിച്ചുകൊടുക്കാതെ കുടുംബാധിപത്യ പ്രവണതകളിൽ കുടുങ്ങുമ്പോൾ ആദർശ രാഷ്ട്രീയത്തെയല്ലേ സഭ പിന്തുണക്കേണ്ടത്. ഈ ചോദ്യം ഇന്നും പ്രസക്തമല്ലേ? ബഹുസ്വരത ജീവിത പ്രമാണമാക്കിയിരുന്ന ഒരു ജനത എളുപ്പത്തിൽ വർഗീയ ചായ്‌വുകൾക്ക് വിധേയമാകുന്നുണ്ടെങ്കിൽ സഭയും ആത്മപരിശോധന നടത്തി എന്റെ പിഴ ചൊല്ലേണ്ടേ? അതോ തിരുവനന്തപുരം മൃഗശാലയിലേക്ക് രണ്ടു ജിറാഫുകളെ കൊണ്ടുവരുന്നെന്ന് പറഞ്ഞപ്പോൾ അതിലൊന്ന് കത്തോലിക്കനായിരിക്കണമെന്ന് ശ്രീമുലം പ്രജാസഭയിൽ പറഞ്ഞ തരിയത് കുഞ്ഞിത്തൊമ്മനാണോ നമ്മുടെ രാഷ്ട്രീയ മാതൃക? ഇതര മതസ്ഥരുടെ പോലും ആദരവ് പിടിച്ചുപറ്റുംവിധം സുവിശേഷം ജീവിച്ച പൂർവ്വികരുടെ ഓർമ്മ കരിന്തിരി കത്തുന്ന സഭയുടെ സാമൂഹ്യാവബോധത്തെ പ്രോജ്വലമാക്കട്ടെ".** നിയമസഭയിൽ കുഞ്ഞിത്തൊമ്മൻ പറഞ്ഞുവെന്ന് പ്രചരിപ്പിക്കുന്ന കഥ ഫാ. മാർട്ടിൻ ഇന്നും ശരിയാണെന്ന് ധരിച്ചിരിക്കുന്നു! ഇതുപോലുള്ള വിഡ്ഢിത്തരം പറയുന്ന ഒരു വ്യക്തിയാണ് കുഞ്ഞിത്തൊമ്മനെന്ന് ഫാ. മാർട്ടിൻ ഉറച്ചുവിശ്വസിക്കുന്നു! അങ്ങനെയുള്ള പരമവിഡ്ഢികളെ വർഗീയവാദികളെ നമുക്ക് മാതൃകയാക്കുവാനും സാധിക്കുകയില്ലെന്നും മാർട്ടിനച്ചന് ബോദ്ധ്യം വന്നിരിക്കുന്നു! ഒരു ക്രിസ്ത്യൻ നേതാവിനെ തള്ളിപ്പറഞ്ഞാൽ താനൊരു പുരോഗമന വാദിയായി ഉയർത്തപ്പെടുമെന്ന തോന്നലായിരിക്കും ഫാ. മാർട്ടിൻ ഇപ്രകാരം എഴുതാൻ കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു.

ക്രൈസ്തവനായി ജനിച്ചവൻ എന്തു പറഞ്ഞാലും അതിനെ കണ്ണു

മടച്ചു എതിർക്കുന്ന കുറേ പുരോഗമനവാദികൾ ഇവിടെയുണ്ട്. ക്രൈസ്തവനെ തേജോവധം ചെയ്ത് എന്തെഴുതിയാലും അത് ശരിയാണെന്നു വിശ്വസിച്ചു ഏറ്റുചൊല്ലുന്നവരും ഇവിടെയുണ്ട്. തച്ചിൽമാത്തുത്തരകൻ തുടങ്ങി എത്രയെത്ര നേതാക്കളെയാണ് തേജോവധം ചെയ്ത് അപഹാസ്യരാക്കി തീർത്തിട്ടുള്ളത്. മാർട്ടിനച്ചനും ജീവധാരാ പ്രസിദ്ധീകരണക്കാരും വായിച്ചറിയുവാൻ വേണ്ടിമാത്രമാണ് ഞാൻ ഈ, ചെറുഗ്രന്ഥം തയ്യാറാക്കുന്നത്. കുഞ്ഞിത്തൊമ്മനെ മാത്രമല്ല എത്രയെത്ര ക്രൈസ്തവനേതാക്കളെയാണ് ക്രൈസ്തവ എഴുത്തുകാരും ക്രൈസ്ത പ്രസിദ്ധീകരണക്കാരുംകൂടി സമൂഹത്തിന്റെ മുൻപിൽ അപഹാസ്യരാക്കിയിട്ടുള്ളത്.

മാർട്ടിൻ അച്ചൻ വർഗീയവാദിയായി കണ്ടെത്തിയ കുഞ്ഞിത്തൊമ്മനെപ്പറ്റി ഇതരസമുദായത്തിൽപ്പെട്ടവർ എന്തു പറഞ്ഞിരിക്കുന്നുവെന്നതും മാർട്ടിനച്ചനെപ്പോലുള്ളവർ വായിച്ചറിയണം. അതിനുവേണ്ടിയാണ് ഈ ഗ്രന്ഥം.

## ജിറാഫ് കഥ

കുഞ്ഞിത്തൊമ്മനെപ്പറ്റി എന്നും എല്ലാവരും, കുഞ്ഞിത്തൊമ്മൻ ഒരു വർഗീയവാദിയാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ജിറാഫ്കഥ എടുത്ത് ഉദ്ധരിച്ചുകൊണ്ടാണ് (ജിറാഫിനെ കൊണ്ടുവരുന്ന കാര്യം ചർച്ച ചെയ്തപ്പോൾ അതിലൊന്ന് കത്തോലിക്കനായിരിക്കണമെന്ന് കുഞ്ഞിത്തൊമ്മൻ ചാടിയെഴുന്നേറ്റ് പറഞ്ഞുവെന്നാണ് കഥ). അത് കഥമാത്രമാണെന്ന് എത്രയോ തവണ ഞാൻ പ്രസിദ്ധീകരണങ്ങളിലൂടെ ആവർത്തിച്ചാവർത്തിച്ച് എഴുതിയിട്ടുണ്ട്. അതൊന്നും ആരും ശ്രദ്ധിക്കുന്നില്ല. കുഞ്ഞിത്തൊമ്മൻ വർഗീയവാദിയോ എന്ന ഗ്രന്ഥത്തിൽ കുഞ്ഞിത്തൊമ്മനെപ്പറ്റി മറ്റുള്ള സമുദായനേതാക്കൾ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ വിശദീകരിച്ച് ചേർത്തിട്ടുണ്ട്. കൂടാതെ മറ്റുചില പ്രസിദ്ധീകരണങ്ങൾ കുഞ്ഞിത്തൊമ്മനെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. മന്നത്തുപത്മനാഭൻ, പട്ടം താണുപിള്ള, കെ. അയ്യപ്പൻ, രാജരാജവർമ്മ, മുഹമ്മദ് ഇസ്മായിൽ, ചിത്രമെഴുത്ത്, കെ.എം. വർഗീസ്, ആനിമസ്ക്രീൻ തുടങ്ങിയവരുടെ അഭിപ്രായങ്ങൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. സത്യം ഗ്രഹിക്കുന്നതിനുതകുന്ന വിധത്തിൽ ചേർത്തിരിക്കുന്നു.

ജിറാഫ് കഥയുടെ വിവരങ്ങളും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. മാർട്ടിനച്ചനെപ്പോലെയുള്ള തത്വശാസ്ത്ര വിദ്യാർത്ഥികൾ സത്യംഗ്രഹിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം രചിച്ചത്.

(പ്രസിദ്ധീകരണം 28.12.2014)

# 12. തച്ചിൽ മാത്തുത്തരകൻ

തിരുവിതാംകൂർ ചരിത്രത്തിലും കേരളത്തിലെ സുറിയാനി സഭാചരിത്രത്തിലും നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിയാണ് തച്ചിൽ മാത്തുത്തരകൻ. അദ്ദേഹത്തെ വ്യക്തിപരമായി തേജോവധം ചെയ്ത് നശിപ്പിക്കുവാൻ ചില തല്പരകക്ഷികൾ -പ്രധാനമായും വേലുത്തമ്പിദളവ-അക്കാലത്ത് പ്രവർത്തിച്ചു. തിരുവിതാംകൂർ സർക്കാരിന് 200 വർഷം മുൻപ് 18 ലക്ഷം രൂപ കടം കൊടുത്ത് സഹായിച്ച ഒരു വലിയ ധനവാനായിരുന്നു തച്ചിൽമാത്യു തരകൻ. പക്ഷേ, അദ്ദേഹത്തിന്റെ ചെവി രണ്ടും ഛേദിച്ചു ജയിലിലടച്ചു. അതിക്രൂരമായ മർദനത്തിന് വിധേയനാക്കി. അദ്ദേഹത്തിന്റെ ഭവനം അഗ്നിക്കിരയാക്കി. ലക്ഷകണക്കിന് രൂപാ വില മതിക്കുന്ന അദ്ദേഹത്തിന്റെ തേക്കും തടി സർക്കാർ കൈവശപ്പെടുത്തി. ആ മഹാ പുരുഷന്റെ ജീവിതം എന്നെ വല്ലാതെ വേദനിപ്പിച്ചു. ശ്രീ.എം.ഒ.ജോസഫ് നെടുങ്കുന്നം എഴുതിയ തച്ചിൽ മാത്യു തരകൻ എന്ന ജീവചരിത്രഗ്രന്ഥം എന്നെ ആവേശം കൊള്ളിച്ചു.മാത്യു തരകന്റെ സേവനങ്ങളെ കേന്ദ്രമാക്കി നിരവധി ലേഖനങ്ങൾ എഴുതി. എന്തു പ്രയോജനമുണ്ടായി. ഒന്നുമുണ്ടായില്ലന്നേ പറയാനുള്ളു. എന്നുതന്നെയുമല്ല പാഠപുസ്തകങ്ങളിൽ മാത്യു തരകന് ആക്ഷേപകരമായ ഭാഗങ്ങൾ എഴുതിചേർത്തു. തരകനെ ദ്രോഹിച്ച വേലുത്തമ്പിയെ വീരപുരുഷനായി കൊണ്ടാടാൻ തുടങ്ങി. പാഠപുസ്തകങ്ങളിൽ വേലുത്തമ്പിയെ വീരപുരുഷനായി ചിത്രീകരിച്ചു. വേലുത്തമ്പിയുടെ കുണ്ടറ വിളംബരം യഥാർത്ഥത്തിൽ വർഗ്ഗീയ വിഷം വമിക്കുന്നതായിരുന്നു.

കത്തോലിക്ക പ്രസിദ്ധീകരണങ്ങളിൽവരെ വേലുത്തമ്പിയെ പ്രശംസിച്ചും മാത്യുതരകനെ രാജ്യദ്രോഹിയായിചിത്രീകരിച്ചും ലേഖനങ്ങൾ തുടരെ തുടരെ വന്നു കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് ഞാൻ തച്ചിൽ മാത്യു തരകന്റെ ജിവചരിത്രം രചിച്ചത്. ആഗ്രന്ഥത്തിന് എം.ഒ ജോസഫ് രചിച്ച തച്ചിൽ മാത്യു തരകൻ ജിവചരിത്രത്തോട് കടപ്പാട് ഉണ്ടെന്ന് പറയട്ടെ. ആ പുസ്തകത്തിന്റ ആമുഖവും ആപുസ്തകത്തിൽ ഡോ. സേവ്യർ കൂടപ്പുഴ എഴുതിയ അവതാരികയും താഴെ ചേർക്കുന്നു.

### ആമുഖം

"നൂറ്റി തൊണ്ണൂറ് വർഷങ്ങൾക്കുമുൻപ് ദിവംഗതനായ ഒരു രാജ്യസ്നേഹിയായിരുന്നു തച്ചിൽ മാത്തുത്തരകൻ. സഭയ്ക്കും സമുദായത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ച തച്ചിൽ മാത്തുത്തരകൻ എന്റെ മനസ്സിൽ വളരെ ചെറുപ്പം മുതലേ സ്ഥാനം പിടിച്ചിരുന്നു. ഞങ്ങളുടെ കണ്ടത്തിൽ

ഞാറു പറിക്കാനും ഞാറു നടാനും വന്നിരുന്ന സ്ത്രീകൾ തച്ചിൽമാത്തുത്തര കന്റെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ടുകൾ ഈണത്തിൽ ചൊല്ലുന്നത് കേട്ട് ഞാൻ അത്ഭുത സ്തബ്ധനായിട്ടുണ്ട്. അതിലെ ഏതാനും വരികൾ ഓർമ്മയിൽ നിന്നും താഴെ ചേർക്കുന്നു.

പാർത്തലത്തിലെത്രയും പ്രസിദ്ധമായിട്ടൊരു ദേശം
കുത്തിയതോടെന്ന ദിക്കെന്നറിഞ്ഞുകൊൾവിൻ
ആ സ്ഥലത്തിലെത്രയും പ്രസിദ്ധനായിട്ടൊരു മർത്യൻ
കൊച്ചു മാത്തുത്തരകനെന്നറിഞ്ഞുകൊൾവിൻ
പരിപൂർണ്ണൻ, ബലവീര്യൻ, മനുജരിൽ കൃപയുള്ളോൻ
പരിഷയെ പ്രതിമോദം വളരെയുള്ളോൻ
ബുദ്ധിയും ശക്തിയും വീര്യശൗര്യവും കാര്യബോധവും
ഇത്രയില്ലായിപ്പൊഴിപ്പരിഷയിലാർക്കും
വലഞ്ഞീടുന്നവർചെന്നാൽ പറഞ്ഞീടുന്നതുപോലെ
എഴുന്നീടുന്നൊരു ചികൽമണി അയ്യാളും."

തുടങ്ങിയ വരികൾ ചൊല്ലിക്കേട്ടപ്പോൾ ആ മഹാപ്രതാപശാലിയായ തരകനെപ്പററി കൂടുതൽ പഠിക്കണമെന്ന ആഗ്രഹം എനിക്കുണ്ടായി. പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന എനിക്ക് അതിനുള്ള സൗകര്യം ലഭിച്ചില്ല. എന്നാൽ ഞാൻ പിന്നീട് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് തരകനെപ്പററി പരാമർശിക്കുന്ന ഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ നിന്നും വായിക്കാനിടയായി. എനിക്ക് വലിയ ദുഃഖമുണ്ടായി. തരകനെ ദുർമാർഗിയും നിഷ്ഠൂരനും, അജ്ഞത, ധൂർത്ത്, അത്യാ ഗ്രഹം എന്നിവയുടെ പ്രതീകങ്ങളുമായാണ് പാഠപുസ്തകത്തിൽ ചിത്രീ കരിച്ചിരിക്കുന്നത്. എന്റെ കുട്ടിക്കാലത്ത് ഞാൻ തരകനെപ്പററി കേട്ടിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ അഭിപ്രായം. പാഠപുസ്തകങ്ങളിലെ ഈ ഭാഗം എല്ലാ വർഷവും പതിനായിരകണക്കിന് കുട്ടികൾ പഠിക്കുന്നു. കത്തോലിക്കരായ വൈദികരും കന്യാസ്ത്രീകളും അൽമായരും ഇത് പഠിപ്പിക്കുന്നു.

ഞാറു നടാൻ വന്ന പുലയസ്ത്രീകൾ പാടിയ പാട്ടിലെ കാര്യങ്ങളാണോ പാഠപുസ്തകങ്ങളിൽ കൂടി പഠിച്ച കാര്യങ്ങളാണോ ശരി. എന്നിൽ ഈ ചിന്ത ഒരു സംഘർഷമുണ്ടാക്കി. സത്യം ഗ്രഹിക്കാൻ ഞാൻ പല ശ്രമങ്ങളും നടത്തി. അങ്ങനെയിരിക്കെ ശ്രീ.എം.ഒ.ജോസഫ് നെടുംകുന്നം തച്ചിൽ മാത്തു ത്തരകന്റെ ജീവചരിത്രം എഴുതി. 1963 മെയ് 9-ാം തീയതി പ്രസിദ്ധീകരിച്ചതായി പത്രത്തിൽ ഒരു വാർത്തകണ്ടു. അത് വാങ്ങാൻ വേണ്ടി ഞാൻ കോട്ടയത്ത് നാഷണൽ ബുക്ക് സ്റ്റാളിൽ എത്തി. ക്രൗൺ നാലിലൊന്ന് സൈസിൽ 532 പേജുകളുള്ള ആ വലിയഗ്രന്ഥം നാലുരൂപാ വിലകൊടുത്തു വാങ്ങി. രണ്ടു ദിവസംകൊണ്ട് ആ പുസ്തകം മുഴുവൻ വായിച്ചു തീർത്തു. സത്യം ഞാൻ കണ്ടെത്തി. 18 ലക്ഷം രൂപാ തിരുവിതാംകൂർ സർക്കാരിൽ നിന്നും കിട്ടാനു ണ്ടായിരുന്ന തരകനോട്, മുപ്പതു വർഷക്കാലം ധർമ്മരാജാവിന്റെ വിശ്വസ്ത നായി സേവനം അനുഷ്ഠിച്ച തരകനോട്, ടിപ്പുസുൽത്താന്റെ ആക്രമണത്തെ

നേരിടുവാൻ തന്റെ പണവും ശക്തിയും വിനിയോഗിച്ച തരകനോട്, ബ്രിട്ടീഷു കാരുടെ നാവിക വിജയങ്ങൾക്ക് നിദാനമായ കപ്പലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ തടി ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് അയച്ചുകൊടുത്ത തരകനോട് വേലുത്തമ്പി ദളവയും റസിഡന്റ് മെക്കാളെയും ചെയ്ത ദ്രോഹങ്ങൾ വായിച്ച പ്പോൾ എന്നിൽ ഉണ്ടായ വികാരങ്ങൾ പറഞ്ഞറിയിക്കാൻ വാക്കുകളില്ല.

സത്യം ഞാൻ മാത്രം അറിഞ്ഞാൽ പോരല്ലോ. എന്നെപ്പോലെ സ്കൂ ളുകളിൽ പഠിച്ചിറങ്ങിയ ആയിരക്കണക്കിനാളുകളെ തിരുവിതാംകൂർ ജനതയെ വിശിഷ്യ സുറിയാനി ക്രിസ്ത്യാനികളെ മുഴുവൻ, സത്യം ഗ്രഹിപ്പിക്കണ മെന്നായി എന്റെ ചിന്ത. അതിനെന്താണ് മാർഗ്ഗം. ഈ ഗ്രന്ഥത്തിന്റെ കോപ്പി കൾ ഇന്ന് ലഭ്യമല്ല. ഇത് പുനഃപ്രസിദ്ധീകരിക്കാൻ പലരെയും സമീപിച്ചു. ചരിത്രപുസ്തകമല്ലെ. ആർക്കും വേണ്ട. നഷ്ടം സഹിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കണമോ? പലരും ചോദിച്ചു.

2000-മാണ്ട് മഹാജൂബിലി വർഷമായിരുന്നുവല്ലോ. ഈ മഹാജൂബിലി വർഷത്തിൽ എല്ലാ സുറിയാനിക്രിസ്ത്യാനി ഭവനങ്ങളിലും ഇതിന്റെ ഒരു കോപ്പി എത്തിച്ചാൽകൊള്ളാം എന്ന് ഒരു ആഗ്രഹം എനിക്കുണ്ടായി. എന്താണ് ഒരു മാർഗ്ഗം? ഞാൻ സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാർക്കും ഇത് സംബന്ധിച്ച് ഒരു കത്തെഴുതി. കേരളത്തിൽ കോഴിക്കോട്ടും, കോട്ടയത്തും, എറണാകുളത്തും മഹാജൂബിലി സമ്മേളനങ്ങൾ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. ഓരോ സമ്മേളനത്തിനും ലക്ഷക്കണക്കിന് രൂപാ ചിലവഴിച്ചു. സീറോ - മലബാർ സഭയിലെ മെത്രാന്മാരോട് ഞാൻ അഭ്യർത്ഥിച്ചത് ചുരു ങ്ങിയ വിലക്ക് സീറോ - മലബാർ സഭയിലെ എല്ലാ ഭവനങ്ങളിലും സ്ഥാപന ങ്ങളിലും ഇതിന്റെ ഓരോ കോപ്പി എത്തിക്കാനുള്ള നടപടിയെടുക്കണം. നിസ്സാരവിലയ്ക്ക് ഈ ബൃഹത്ഗ്രന്ഥം കൊടുക്കാൻ സാധിച്ചാൽ അത് വായിക്കുന്നവരിൽ സമുദായാഭിമാനം ആളിക്കത്തും. നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കുന്ന വൈദികരും കന്യാസ്ത്രീകളും അൽമായരും ഈ ഗ്രന്ഥം ഒരാവർ ത്തിവായിച്ചാൽ അവർ സത്യം ഗ്രഹിച്ചതിനുശേഷം പഠിപ്പിക്കും. പാഠപു സ്തകങ്ങളിൽ എഴുതിവച്ചത് വേദവാക്യമായി അവർ കണക്കാക്കുകയില്ല.

മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950-ാം വർഷം ആഘോഷിച്ചപ്പോഴും ഞാൻ ഈ നിർദ്ദേശം മുൻപോട്ടുവച്ചു. കാര്യമായ ചലനമുണ്ടാക്കാൻ ഈ നിർദ്ദേശത്തിന് സാധിച്ചില്ല.

The works of Dr. Swami Vivekanadan എന്ന ഗ്രന്ഥം 8 വാല്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആ എട്ടുവാല്യത്തിനും കൂടി ഇന്ന് 3000 രൂപാ വിലവച്ചാൽ ഒട്ടും അധികമാവുകയില്ല. പക്ഷെ അവർ വെറും 150രൂപായ്ക്ക് 8 വാല്യം കൂടി വിൽക്കുന്നു. വലിയ സബ്സിഡി നൽകിയാണ് സ്വാമിവിവേ കാനന്ദന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുവാൻ അവർ ശ്രമിക്കുന്നത്. അതേ ഒരു സമീപനം തച്ചിൽമാത്തുത്തരകന്റെ ജീവചരിത്രഗ്രന്ഥത്തിന്റെ കാര്യത്തി ലുമുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിച്ചത്. പക്ഷെ നടന്നില്ല. നാം വിചാരി

ക്കുന്നതുപോലെ എല്ലാ കാര്യങ്ങളും നടക്കണമെന്നില്ലല്ലോ. എങ്കിലും നിരാശപ്പെടാതെ ഞാൻ പരിശ്രമം തുടങ്ങി. മറ്റു പലരെയും സമീപിച്ചു. കാര്യങ്ങൾ മുന്നോട്ടു പോയില്ല.

ഇനിയും ദീർഘിപ്പിക്കുന്നത് ശരിയല്ലെന്ന് തോന്നിയതുകൊണ്ടും മാത്തുത്തരകനെപ്പററിയുള്ള സത്യം ജനങ്ങൾക്ക് അറിയിച്ചു കൊടുക്കണമെന്നുമുള്ള ആഗ്രഹംകൊണ്ടുമാണ് ഈ ഗ്രന്ഥ രചനയ്ക്ക് ഞാൻ തയ്യാറായത്. എന്റെ എല്ലാ പുസ്തകങ്ങളും പോലെ ഇതും ഭീമമായ നഷ്ടത്തിൽ കലാശിക്കുമെന്ന് എനിക്കറിയാം. നോവലോ ചെറുകഥയോ അല്പം അശ്ലീല കഥകളോ എഴുതിയാൽ ലാഭമുണ്ടാക്കാം. പക്ഷെ അതിനെനിക്ക് താല്പര്യമില്ല. കേരളത്തിൽ ജനിച്ച് വിവിധമേഖലകളിൽ പ്രവർത്തിച്ച് മഹത്തായ സംഭാവനകൾ നൽകി നൂററാണ്ടുകൾക്കു മുൻപേ മരിച്ചുപോയവരുൾപ്പെടെ 760 പേരുടെ ചരിത്രം 1500ഓളം പേജുകളിലായി രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ചതിന്റെ 300 കോപ്പികൾ പോലും വിററഴിക്കാൻ സാധിക്കാത്ത ഞാൻ വീണ്ടുമൊരു നഷ്ടകച്ചവടത്തിലേയ്ക്ക് പോകുന്നത് മാത്തുതരകനെപ്പററി എന്റെ തലമുറ വിശദമായി പഠിക്കണമെന്ന ഏക ആഗ്രഹം കൊണ്ടുമാത്രമാണ്. കേരളത്തിൽ സെമിനാരികൾ, കോളേജുകൾ, പ്രൊവിൻഷ്യൽ ഹൗസുകൾ, സന്യാസ സന്യാസിനീ ഭവനങ്ങൾ ഇടവകകൾ ഇവയെല്ലാം ഓരോ കോപ്പികൾ വാങ്ങിയാൽ 10000-ലധികം കോപ്പികൾ ചിലവാകും. പക്ഷെ അതിനൊന്നും ആർക്കും താല്പര്യമില്ല. ആ പണംകൊണ്ട് ഒരു ചാക്ക് സിമന്റ് വാങ്ങാമെന്ന് കണക്കുകൂട്ടുന്നവരാണ് നമ്മൾ.

ഈ ഗ്രന്ഥത്തിന് എത്ര പ്രചാരം കിട്ടുമെന്ന് ഞാൻ ചിന്തിക്കുന്നില്ല. സബ്സിഡികൊടുത്ത് പ്രചരിപ്പിക്കാൻ ഞാൻ അശക്തനുമാണ്. എല്ലാ ആളുകളുടെയും പിന്തുണ പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ ഗ്രന്ഥം രചിച്ച് പ്രസിദ്ധീകരിക്കുന്നത്. ഈ വിഷയത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുവാൻ ആരും ഉണ്ടെന്ന് ഞാൻ അവകാശപ്പെടുന്നുമില്ല. എല്ലാവരുടെയും അനുഗ്രഹവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നുവെന്നു മാത്രം.

## അവതാരിക - റവ. ഡോ. സേവ്യർ കൂടപ്പുഴ

വൃക്ഷങ്ങളുടെ വേരുപടലങ്ങൾ നമ്മൾ ഭൂമിയുടെ ഉപരിതലത്തിൽ കാണാറില്ലല്ലോ. എന്നാൽ വൃക്ഷങ്ങൾക്ക് ഉറപ്പും ശക്തിയും വളം വലിച്ചെടുത്തു വളരാനുള്ള സാത്മീകരണ ശക്തിയും നല്കുന്നത് ഈ അദൃശ്യവേരുകളാണ്. വേരിൽ നിന്നുള്ള ബന്ധം മുറിയുമ്പോൾ വൃക്ഷം വാടി ഉണങ്ങി താഴെവീണ് ദ്രവിക്കുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും സമുദായങ്ങളുടെയും ഗതിയുമിതു തന്നെ. കാലയവനികയ്ക്കുള്ളിൽ മൺമറിഞ്ഞ മഹാരഥന്മാരാണ് ഇന്നത്തെ സമൂഹത്തിന് ഊർജ്ജവും ചൈതന്യവും ആദർശങ്ങളും പകർന്ന് തന്നിട്ടുള്ളവർ. അവരെയും അവരുടെ സംഭാവനകളെയും വിസ്മരിച്ചാൽ ഇന്നത്തെ സമൂഹം വേരറ്റ വൃക്ഷം പോലെയാകും. ഇന്നത്തെ സമൂഹത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും അറിയാനും അപഗ്രഥിക്കുവാനും സ്ഥായിയായ പരിഹാരമാർഗ്ഗങ്ങൾ

കണ്ടെത്തുവാനും നമ്മെ സജ്ജമാക്കുന്നത് മഹാത്മാക്കളുടെ സംഭാവന നമുക്ക് കൈമാറുന്ന ചരിത്ര പഠനത്തിലൂടെയാണ്. ഇന്നലെകളുടെ വേരുകളിൽ ഉറച്ചു നിന്ന് വളരേണ്ടവരാണ് നമ്മൾ. ഒഴുക്കിനൊത്ത് ഉപരിതലത്തിൽ ഒഴുകുന്നവർക്ക് തനതായ സംഭാവനയൊന്നും നല്കാനാവില്ല. ജീവനുള്ള മത്സ്യം ഒഴിക്കിനെ ഭേദിച്ച് മുന്നേറുമ്പോൾ ചത്ത മത്സ്യം മലർന്ന് ഒഴുക്കിനൊത്തൊഴുകുന്നു. ഇന്നലെകളുടെ അനുഭവസമ്പത്താണ് ഇന്നത്തെ പ്രതിസന്ധികളെ സധൈര്യം തരണം ചെയ്യാൻ നമ്മെ പ്രാപ്തരാക്കുക.

മഹാന്മാരെ ആദരിക്കുവാനും അനുകരിക്കുവാനും സംസ്കാരചിത്തർക്കു മാത്രമേ സാധിക്കൂ. മഹാത്മാക്കളെ അനുസ്മരിക്കുന്നതിലൂടെ ഇന്നത്തെ സമൂഹം സംസ്കാരസമ്പന്നമാവുകയാണ്. സമൂഹത്തിൽ രണ്ടുതരക്കാരെ കാണാം. സ്വാർത്ഥമതികൾ സ്വന്തം പ്രശ്നം മറ്റുള്ളവരുടെ പ്രശ്നമാക്കുന്നു. എന്നാൽ, മഹാത്മാക്കൾ മറ്റുള്ളവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നമായി കാണുന്നു. അവയുടെ പരിഹാരത്തിന് ത്യാഗോജ്ജ്വല നേതൃത്വം നല്കുന്നു. ഇക്കൂട്ടർക്ക് സമൂഹത്തിന്റെയും സമുദായത്തിന്റെയുമൊക്കെ ഔന്നത്യവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. അതിനുവേണ്ടി ക്ലേശിക്കുന്നത് തങ്ങളുടെ കടമയായി അവർ കരുതുന്നു. കേരള സഭയിലും സമൂഹത്തിലും വിലപ്പെട്ട സേവനം കാഴ്ചവച്ചിട്ടുള്ള മഹാത്മാക്കളുടെ ചരിത്രവും സംഭാവനകളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുവാൻ യത്നിക്കുന്ന ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സേവനം മഹത്തരമാണ്. ഇതിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കുന്ന അദ്ദേഹത്തെ ആദരപൂർവ്വം അനുമോദിക്കുന്നു.

18-ാം നൂറ്റാണ്ടിലെ മാർത്തോമ്മാ നസ്രാണികളുടെ ചരിത്രത്തിലും തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിലും സമുന്നത സ്ഥാനമുണ്ട് തച്ചിൽ മാത്തുത്തരകന്. സ്വതസ്സിദ്ധമായ സാമർത്ഥ്യവും അനുസ്യൂതമായ അദ്ധ്വാനവും കൊണ്ട് മാത്തുത്തരകൻ തിരുവിതാംകൂർ രാജ്യത്തിലെ ഒന്നാംകിട ധനവാനായി. തേക്കിൻതടി, കുരുമുളക് മുതലായവയുടെ വിദേശവ്യാപാരത്തോടുകൂടിയാണ് തരകൻ കോടീശ്വരനായത്. ആലപ്പുഴ തുറമുഖം വളർത്തുന്നതിനും സർക്കാർ ഖജനാവിനു വലിയ വരുമാനമുണ്ടാക്കുന്നതിനും തരകൻ നേതൃത്വം നൽകി. തന്മൂലം ധർമ്മരാജാവ് എന്നറിയപ്പെടുന്ന ശ്രീ. കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ് അദ്ദേഹത്തിന് തരകൻ സ്ഥാനവും വീരശൃംഖലയും നൽകി ബഹുമാനിച്ചു. സഭാ നേതൃത്വത്തിന് അദ്ദേഹം താങ്ങും തണലുമായിരുന്നു. സഭൈക്യത്തിനുവേണ്ടിയും വിദേശമിഷനറിമാരുടെ സംസ്കാരശൂന്യവും അധാർമ്മികവുമായ പ്രവർത്തനങ്ങൾക്കെതിരെ അധികാരസ്ഥാനങ്ങളിൽ പരാതിപ്പെടാൻ റോമിലേക്കും പോർട്ടുഗലിലേയ്ക്കും ജോസഫ് കരിയാറ്റിയെയും പാറേമ്മാക്കൽ തോമ്മാ കത്തനാരെയും അയയ്ക്കുന്നതിനും പലവിധ സഹായങ്ങൾ മാത്തുത്തരകൻ ചെയ്തുകൊടുത്തു. വിദേശ മേല്ക്കോയ്മയ്ക്കെതിരെ മാർത്തോമ്മാ നസ്രാണികൾ നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ നയപ്രഖ്യാപനം എന്നു വിശേഷിപ്പിക്കാവുന്ന 'അങ്കമാലി പടിയോല' തയ്യാറാക്കുന്നതിനു

പിന്നിൽ ശക്തമായ പിന്തുണനല്കിയ അൽമായ നേതാവുമായിരുന്നു ഇദ്ദേഹം. പാറേമ്മാക്കൽ ഗോവർണദോറച്ചന്റെ ഭരണകാലത്ത് തരകൻ അദ്ദേഹത്തിന്റെ വലം കൈയായി വർത്തിച്ചു. പുത്തൻകൂർ സമുദായാദ്ധ്യക്ഷൻ ഒന്നാം ദിവന്നാസ്യോസിന്റെ (ആറാം മാർത്തോമ്മാ) നേതൃത്വത്തിലുള്ള പുനരൈക്യ കാര്യങ്ങളിലും നേതൃത്വം നൽകിയത് തരകൻ തന്നെയാണ്. 1799 ജൂലൈ 21 -ന് തത്തംപള്ളിയിൽ വച്ച് പുനരൈക്യം നടന്നെങ്കിലും വിദേശമിഷനറിമാരുടെയും അവരുടെ മെത്രാന്മാരുടെയും നിസ്സഹകരണവും എതിർപ്പും മൂലം സഭൈക്യത്തിൽ തുടരുക അസാദ്ധ്യമായി! നസ്രാണി സമുദായൈക്യത്തിനുവേണ്ടി യത്നിച്ചതുകൊണ്ട് വിദേശമിഷനറിമാരും പുനരൈക്യം പരാജയപ്പെട്ടതിനാൽ പുത്തൻകൂർ സമുദായവും തരകനെതിരായി. ബ്രിട്ടീഷ് റസിഡന്റിന്റെ പക്കൽ അവർ പരാതി നൽകി. തരകന്റെ ഉയർച്ചയിലും അധികാരകേന്ദ്രങ്ങളിലുള്ള സ്വാധീനത്തിലും അസൂയാലുവായിരുന്ന വേലുത്തമ്പി അദ്ദേഹത്തിനെതിരെ കരുക്കൾ നീക്കി. സർക്കാരിനെ സഹായിച്ചിരുന്ന തരകന്റെ സ്വത്തു കണ്ടുകെട്ടി ജയിലിലടച്ചു. അദ്ദേഹം പീഡനങ്ങൾക്ക് വിധേയനായി. അവസാനം നിരാലംബനായി മരണമടഞ്ഞു. മാത്തുത്തരകന് കൊടുക്കാനുണ്ടായിരുന്ന തുകയുടെ പലിശ വരാപ്പുഴ വികാരിഅപ്പസ്തോലിക്കായ്ക്കും പുത്തൻകൂർ സഭാദ്ധ്യക്ഷനും ലഭിക്കത്തക്കവിധം റസിഡന്റ് മെക്കാളെ നിക്ഷേപിച്ചതായി എം.ഒ. ജോസഫ് നെടുംങ്കുന്നം തെളിവുസഹിതം സ്ഥാപിക്കുന്നു.

ശ്രീ. എം.ഒ. ജോസഫ് രചിച്ച 'തച്ചിൽ മാത്തുത്തരകൻ' എന്ന ഗ്രന്ഥം 1963-ൽ കോട്ടയത്ത് പ്രസിദ്ധപ്പെടുത്തി. അത് നല്ലൊരു ഗവേഷണഗ്രന്ഥമാണ്. വടവാതൂർ സെമിനാരിയിലും മറ്റു ദൈവശാസ്ത്രപീഠങ്ങളിലും ഈ ലേഖകൻ അദ്ധ്യാപകനായിരുന്ന കാലത്ത് 'തച്ചിൽ മാത്തുത്തരകന്റെ' വിലപ്പെട്ട സംഭാവന ക്ലാസ്സുകളിൽ ചർച്ചാവിഷയമാക്കിയിട്ടുണ്ട്. 'തച്ചിൽ മാത്തുത്തരകൻ' എന്നൊരു നാടകവും വടവാതൂർ സെമിനാരിയിൽ അരങ്ങേറിയതാണ്. അത് കാണികളുടെ ശ്രദ്ധ ഹഠാദാകർഷിക്കുകയും ചെയ്തു. തച്ചിൽ കുടുംബക്കാർ മേൽപ്പറഞ്ഞ ഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണത്തിന് നേതൃത്വമെടുക്കുമെന്ന് കരുതി. എന്നാൽ അവർ തല്പരരല്ലാതിരുന്ന സാഹചര്യത്തിൽ ശ്രീ. ജോൺ കച്ചിറമറ്റം ഇത് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചത് സമയോചിതം തന്നെ. വരും തലമുറയ്ക്ക് ഈ ഗ്രന്ഥം ചൈതന്യം പകരുന്നു. വേലുത്തമ്പി ക്രൈസ്തവ സഭയ്ക്ക് എതിരെ പ്രവർത്തിച്ച വ്യക്തിയാണ്. ക്രൈസ്തവ നേതാക്കന്മാർക്കെതിരെയും അദ്ദേഹത്തിന്റെ കരുനീക്കങ്ങൾ ശക്തമായിരുന്നു. ഇതൊന്നുമറിയാതെ വേലുത്തമ്പിയെ ഒരു വീരപുരുഷനാക്കുന്ന പ്രവണതകൾ അടുത്തകാലത്ത് കാണുന്നുണ്ട്. ക്രൈസ്തവരും ഇക്കൂട്ടത്തിൽ പെടുന്നു എന്നതാണ് വിരോധാഭാസം!

തച്ചിൽ മാത്തുത്തരകൻ ദിവംഗതനായിട്ട് രണ്ടുനൂറ്റാണ്ടുകളായി. നാടിനും സഭയ്ക്കും സമുദായത്തിനും വിലപ്പെട്ട സേവനം ചെയ്തവരെ അനുസ്മരിക്കുകയും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക നമ്മുടെ

കടമയാണ്. അധികാരത്തിലിരിക്കുന്നവർക്ക് സ്തുതി പാടി മുഖസ്തുതി ഒരു വലിയ കലാരൂപമായി വളർന്നിരിക്കുകയാണിപ്പോൾ. സ്വാർത്ഥമതികളായ അനുചരവൃന്ദത്തിന്റെ പിൻബലം മൂഢസ്വർഗ്ഗം സൃഷ്ടിക്കുന്നു. സത്യവും നീതിയും ധാർമ്മികതയും ക്രൈസ്തവ സാക്ഷ്യവുമൊന്നും ഇക്കൂട്ടർക്ക് പ്രശ്ന മേയല്ല. അർഹർ അവഗണിക്കപ്പെടുകയും അനർഹർ ആദരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ആത്മാർത്ഥതയും ധാർമ്മികതയുമുള്ളവർക്കു ണ്ടാകുന്ന ആന്തരിക സംഘർഷം അതിരൂക്ഷമാണ്. അധാർമ്മികതയ്ക്കെ തിരെ പ്രതികരണശേഷിയില്ലാത്ത സമൂഹം മരവിച്ചതാണ്. മരവിച്ചവരുടെ നേതൃത്വവും അതേ ശൈലിയിൽ പെട്ടതു തന്നെ.

ത്യാഗോജ്ജ്വല ജീവിതത്തിലൂടെ വിലപ്പെട്ട സംഭാവന സഭയ്ക്കും സമൂ ഹത്തിനും കാഴ്ചവച്ചിട്ടുള്ളവർ ജീവിതകാലത്ത് തിരസ്കൃതരും അവഗണി തരുമായാലും പിൽക്കാലത്ത് അനേകർക്ക് പ്രചോദനകാരണമാകുന്നുവെന്നത് ചരിത്ര സത്യമാണ്. തച്ചിൽ മാത്തുത്തരകന്റെ രണ്ടാം ചരമശതാബ്ദി മാർ ത്തോമ്മാ നസ്രാണികൾ അനുസ്മരിക്കുമെന്നും ആഘോഷിക്കുമെന്നും പ്രത്യാ ശിക്കാം. യഥാർത്ഥ സ്വാതന്ത്ര്യചിന്തയും ആത്മാഭിമാനവും സമുദായത്തിലും സഭയിലും വളരാൻ ഇത് സഹായമാകും. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാർത്തോമ്മാ നസ്രാണികൾക്കും നാടിനും അമൂല്യ സംഭാ വനയും നേതൃത്വവും നല്കിയ നിധീരിക്കൽ മാണിക്കത്തനാരുടെ പ്രഥമ ചര മശതാബ്ദി അടുത്തയിടെ ആഘോഷിച്ചത് സുറിയാനി സമുദായത്തിന്റെ ഉയിർ ത്തെഴുന്നേല്പിന് കാരണമാകട്ടെ എന്ന ആശംസിക്കുന്നു. ഇതേ വികാരത്തോ ടെയാണ് തച്ചിൽ മാത്തുത്തരകന്റെ ചരമശതാബ്ദിയും കാണേണ്ടത്. എ.കെ. സി.സി. അതിന് നേതൃത്വം നല്കുമെന്ന് പ്രതീക്ഷിക്കുന്നു."

തച്ചിൽ മാത്യു തരകനെതിരായി പാഠപുസ്തകത്തിൽവന്ന തെറ്റായതും ആക്ഷേപാർഹവുമായ ഭാഗങ്ങൾ മാറ്റിക്കുവാൻ സമരപരിപാടികൾ ആസൂ ത്രണം ചെയ്തതും മെമ്മോറാണ്ടം സമർപ്പിച്ചതും ഈ ലേഖകൻ എ.കെ. സി.സി. ജനറൽ സെക്രട്ടറിയായിരിക്കുമ്പോഴാണ്. ഇതൊക്കെ ചെയ്തെങ്കിലും തുടരെതുടരെ മാത്യുതരകനെ സംബന്ധിച്ചും വേലുത്തമ്പിയെപ്പറ്റിയും കുണ്ടറ വിളമ്പരത്തെപ്പറ്റിയും പത്രങ്ങളിൽ കത്തോലിക്ക പ്രസിദ്ധീകരണങ്ങളിൽ വരുന്ന ലേഖനങ്ങളിൽ ഞാൻ ദുഃഖിക്കുന്നു. ആ പ്രസദ്ധീകരണങ്ങളെ ഞാൻ എതിർക്കുമ്പോൾ എന്നെ വിമർശിക്കുന്ന കത്തോലിക്ക പ്രസദ്ധീകരണസാര ഥികളെ ഓർത്ത് ഞാൻ വിലപിക്കുന്നു. ഈ സാഹചര്യത്തിലാണ് ഞാൻ വേലുത്തമ്പിയും കുണ്ടറവിളമ്പരവും എന്ന ഗ്രന്ഥം രചിച്ചത്. കുണ്ടറവിളമ്പര ത്തിന്റെ 200-ാം വാർഷികം വിപുലമായി ആഘോഷിക്കണമെന്ന് കത്തോലിക്ക പത്രങ്ങൾ എഴുതിരിയിക്കുന്നു! കുണ്ടറവിളമ്പരം പുർണ്ണമായി പ്രസദ്ധീ കരിച്ചപ്പോഴാണ് ആ പത്രാധിപർമാർ കാര്യം മനസ്സിലാക്കുന്നത് എന്നിട്ടും അതിനെപ്പറ്റി പശ്ചാത്താപിക്കുവാൻ അവർ തയ്യാറായിട്ടില്ല.

(പ്രസിദ്ധീകരണം 31.10.2004)

# 13. വേലുത്തമ്പിയും കുണ്ടറ വിളംബരവും

തച്ചിൽ മാത്യുത്തരകനെ ആക്ഷേപിച്ചും വേലുത്തമ്പിയെ പ്രശംസിച്ചും കുണ്ടറവിളംബരത്തെ വാനോളം പുകഴ്ത്തിയും കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ പലപ്രാവശ്യം ലേഖനങ്ങൾ വന്നിട്ടുണ്ട്. എന്റെ അറിവിൽപെട്ടിടത്തോളം ഞാൻ അതിനെ എതിർത്ത് ലേഖനങ്ങൾ എഴുതി. ആ പ്രസദ്ധീകരണങ്ങൾക്കു തന്നെ പ്രസദ്ധീകരണത്തിനായി അയച്ചു കൊടുത്തിരുന്നു. എന്റെ വിശദീകരണക്കുറിപ്പുകളിൽ പരുഷമായ വാക്കുകൾ വേദനയോടെ ഞാൻ ഉപയോഗിച്ചിട്ടുണ്ടാകാം. എന്നാൽ സത്യം ഗ്രഹിച്ച് തെറ്റുകൾ തിരുത്തുവാൻ ശ്രമിക്കാതെ തെറ്റുകൾ ചൂണ്ടികാട്ടിയ എന്നെ കുറ്റപ്പെടുത്തുവാനാണ് അവർ ശ്രമിച്ചത്. അളമുട്ടിയാൽ ചേരയും കടിക്കും എന്നാണല്ലോ ചൊല്ല് ഞാൻ അവസാനം എന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ആയിരകണക്കിന് രൂപാമുടക്കി ഒരു പുസ്തകം തന്നെ രചിക്കേണ്ടി വന്നു. ആ ഗ്രന്ഥത്തിൽ കുണ്ടറവിളംമ്പരം പൂർണ്ണ രൂപത്തിൽ ഞാൻ പ്രസിദ്ധീകരിച്ച്. കുണ്ടറ വിളംബരം ബ്രിട്ടിഷ്കാർക്കെതിരായിട്ടുള്ളതിനേക്കാൾ കൂടുതലായി ക്രൈസ്തവർക്കെതിരായിട്ടുള്ളതാണെന്ന് ബോദ്ധ്യപ്പെടുത്താൻ എനിക്ക് സാധിച്ചു. ആരെ ബോദ്ധ്യപ്പെടുത്താൻ എന്ന ചോദ്യം അവശേഷിക്കുന്നു. 23000 രൂപമുടക്കി ആ പുസ്തകം രചിച്ചിട്ട് 100 കോപ്പികൾ പോലും വാങ്ങിക്കുവാൻ ആളുണ്ടായില്ല എന്നതാണ് സത്യം. അടുത്ത തലമുറയെങ്കിലും ഈ തൊറ്റുകൾ ആവർത്തിക്കാതിരിക്കാൻ ഈ ഗ്രന്ഥത്തിലെ പ്രസക്തഭാഗങ്ങൾ സമുദായസ്നേഹികൾ വായച്ചു മനസ്സിലാക്കണമെന്നാണ് ഞാൻ ആഗ്രഹിച്ചത്.

## ആമുഖം

തിരുവിതാംകൂർ ദിവാനായിരുന്നു വേലുത്തമ്പിദളവ. അദ്ദേഹം സത്യസന്ധനായ ഒരു ഭരണാധികാരി യായിരുന്നുവെന്നും നിഷ്പക്ഷമായി ഭരണം നടത്തിയിരുന്നുവെന്നും ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ സമരം ചെയ്ത പ്രഥമ ഭാരതീയനാണെന്നുമാണ് പല ചരിത്രകാരന്മാരും അദ്ദേഹത്തെ വിശേഷിപ്പിച്ചുട്ടുള്ളത്. തിരുവിതാംകൂർ ചരിത്രത്തിൽ പാഠപുസ്തകങ്ങളിൽ അങ്ങനെയാണ് പണ്ട് രേഖപ്പെടുത്തിയിരുന്നത്. ഇന്ന് 50 വയസ്സിനു മുകളിലുള്ള സകല തിരുവിതാംകൂർകാരനും പ്രൈമറി ക്ലാസ്സിൽ പഠിച്ചിരുന്നത് ഈ വിധത്തിലുമാണ്.

വേലുത്തമ്പിയുടെ മഹിമ പ്രകീർത്തിച്ച ചരിത്രകാരന്മാർ അന്നത്തെ മഹാരാജാവ് ചപലനും കായികശക്തിയും മനശക്തിയും ഇല്ലാത്ത ആളാണെന്ന് ചിത്രീകരിക്കുവാൻ തയ്യാറായി. 30 വർഷക്കാലം രാജാവിനെയും രാജ്യ

ത്തെയും സ്തുത്യർഹമായി സേവിച്ച മാത്തുതരകനെ ദുഷ്ടനും ചതിയനും ദുർമാർഗ്ഗിയുമായി ചിത്രീകരിക്കുകയും വേലുത്തമ്പിയുടെ ആത്മഹത്യയെ ഒരു പുണ്യപ്രവർത്തിയായി വ്യാഖ്യാനിക്കുകയും ചെയ്തു. മരണത്തിന് ഏതാനും നാൾ മുൻപ് എഴുതി പ്രസിദ്ധീകരിച്ച കുണ്ടറ വിളംബരം വിദേശ മേധാവിത്വത്തിനെതിരെ നടന്ന ആദ്യ പ്രക്ഷോഭണമായി പാടിപുകഴ്ത്തി. ചരിത്രകാരന്മാരുടെ ഈ പരാമർശനങ്ങൾ എല്ലാം രാജാവാഴ്ചക്കാലത്ത് അംഗീകരിക്കപ്പെട്ടു. പാഠപുസ്തകങ്ങളിൽപോലും വേലുത്തമ്പിയെ പ്രശംസിച്ചുകൊണ്ടുള്ള ഭാഗങ്ങൾ ചേർത്തു. അതിനെ എല്ലാവരും ശിരസ് കുനിച്ച് സ്വീകരിച്ചു.

ബ്രിട്ടീഷ്കാരുടെ ഉത്തരവിനെ ചവിട്ടുകൊട്ടയിലേക്ക് വലിച്ചെറിഞ്ഞവനാണ് ബാലരാമവർമ്മ മഹാരാജാവ്. അദ്ദേഹം ചപലനായിരുന്നില്ല. വേലുത്തമ്പിയുടെ കാലത്ത് ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചനം നേടുവാനുള്ള സമരം ഇന്ത്യയിൽ ആരംഭിച്ചിരുന്നില്ല. നാട്ടുരാജ്യങ്ങളിൽ പലതും വിദേശ മേൽക്കോയ്മകളോട് വിധേയപ്പെട്ട് കഴിഞ്ഞു കൂടുകയായിരുന്നു. വേലുത്തമ്പിയുൾപ്പെടെയുള്ള പല ദിവാൻജിമാരും ബ്രിട്ടീഷ്കാരുടെ ആഗ്രഹങ്ങൾക്കൊത്ത് പ്രവർത്തിക്കുകയും മഹാരാജാക്കന്മാരെ ബ്രിട്ടീഷ്മേൽക്കോയ്മകളുടെ കീഴിൽ കൊണ്ടുപോയി എത്തിക്കുകയാണ് ചെയ്തിട്ടുള്ളത്.

## കുണ്ടറവിളംബരം

വേലുത്തമ്പിയേയും അദ്ദേഹം പുറപ്പെടുവിച്ച കുണ്ടറ വിളംബരത്തെയും പ്രശംസിച്ചുകൊണ്ട് ഇന്ന് പത്രമാസികകളിൽ നിരന്തരം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. കുണ്ടറ വിളംബരത്തിന്റെ 200-ാം വാർഷികം അതിഗംഭീരമായി ആഘോഷിക്കണമെന്നാണ് ദീപികയിൽ വന്ന ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്നത്. ദീപനാളവും ആ വഴിക്കുതന്നെ ചിന്തിക്കുന്നു.

വിളംബരം പുറപ്പെടുവിക്കാനുള്ള അവകാശം രാജാക്കാന്മാർക്ക് മാത്രമേയുള്ളൂ. ആ കീഴ്വഴക്കം ലംഘിച്ചുകൊണ്ട് വേലുത്തമ്പി പുറപ്പെടുവിച്ച വിളംബരത്തിന്റെ ജൂബിലിയാഘോഷിക്കണമെന്നവാദം ശരിയല്ല. ബ്രിട്ടീഷ്കാർക്കെതിരെയുള്ള ഒരു മഹാ പ്രക്ഷോഭണമാണ് കുണ്ടറ വിളംബരമെന്നാണ് ദീപികയുടെ അഭിപ്രായം. കുണ്ടറ വിളംബരത്തിന്റെ പൂർണ്ണരൂപം വായിച്ച് ഗ്രഹിച്ചിരുന്നുവെങ്കിൽ ഇതുപോലുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയില്ലായിരുന്നു.

കുണ്ടറ വിളംബരം ക്രിസ്ത്യാനികൾക്കെതിരായിട്ടുള്ള ഒരു വിളംബരമായിരുന്നു. വഞ്ചകനും തൻകാര്യ നോട്ടക്കാരനുമായിരുന്ന വേലുത്തമ്പി നൂറ്റാണ്ടുകളായി ഇവിടെ നിലനിന്ന സമുദായ മതസൗഹാർദ്ദത്തെ തകർത്ത് ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും തമ്മിൽ കലഹിപ്പിച്ച് മെക്കാളെ സായ്പിനെതിരെ പോരാടുവാൻ ഹിന്ദുക്കളെ അണിനിരത്തുവാനാണ് കുണ്ടറ വിളംബരം പ്രസിദ്ധീകരിച്ചത്. ആ സത്യം ഗ്രഹിക്കാതെ കുണ്ടറ വിളംബര

ത്തിന്റെ ജൂബിലിയാഘോഷിക്കുവാൻ വെമ്പൽ കൊള്ളുന്നവരും വേലുത്തമ്പിയുടെ "സേവനങ്ങളെ" പ്രശംസിക്കുന്നവരും ചരിത്രത്തിനുമുൻപിൽ എന്നെങ്കിലും കുറ്റക്കാരായി വിധിക്കപ്പെടുമെന്നിനിക്കുറപ്പുണ്ട്.

തിരുവിതാംകൂർ സർക്കാരിന് 18 ലക്ഷം രൂപാ 200 വർഷം മുൻപ് കടം കൊടുത്ത തച്ചിൽ മാത്തുത്തരകനെ, വേലുത്തമ്പിയെ പ്രശംസിക്കാൻ വെമ്പൽ കൊള്ളുന്നതിനിടയിൽ ആക്ഷേപിക്കാനും ഈ പ്രസിദ്ധീകരണങ്ങൾ ഇടം നൽകിയതിൽ ദുഃഖിക്കുന്നു.

പത്രങ്ങളിൽ വരുന്ന ലേഖനങ്ങൾ മുഖാന്തരം സത്യം ജനങ്ങൾ ഗ്രഹിക്കാതിരിക്കുന്നു. ഈ ദുരാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തിയേ മതിയാകൂ. വേലുത്തമ്പിയുടെ യഥാർത്ഥ മുഖം പുറത്തുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

## വേലുത്തമ്പിയുടെ തന്ത്രം

ഈ വിളംബരത്തിൽ വേലുത്തമ്പി അജ്ഞരും സാധുക്കളും കൃഷിവലന്മാരുമായിരുന്ന ജനങ്ങളിലേയ്ക്ക് മതവിദ്വേഷവും സാമുദായിക വൈരാഗ്യവും വർഗ്ഗീയചിന്തയും തട്ടി ഉണർത്തക്കവണ്ണം എല്ലാ അടവുകളും കുത്തിച്ചെലുത്തിയിരുന്നു. വിളംബരം തുടങ്ങുന്നത് നോക്കുക "മഹാബ്രാഹ്മണരും, ഉദ്യോഗസ്ഥന്മാരും ശൂദ്രരുമായ മഹത്തുക്കളെ" ഇതിനുശേഷം തിരുവിതാംകൂറിലുള്ള ക്രിസ്ത്യാനികൾ ഈഴവർ മുസ്ലീമങ്ങൾ, കമ്മാളർ മുതലായ എല്ലാവരെയും "പലചാതി കീഴപ്പരിഷകൾ" എന്നാണ് സംബോദന. ബ്രിട്ടീഷുകാർ "സർവ്വപ്രപഞ്ചത്തിനും ദ്രോഹവും വിശ്വാസ പാതകവും നിറഞ്ഞിരിയ്ക്കപ്പെട്ട ഒരു ജാതിയാണ്". "ചതിവ് അവരുടെ വംശപാരമ്പര്യമാണ്". ബ്രിട്ടീഷുകാർ ഇവിടെ ആധിപത്യം സ്ഥാപിച്ചാൽ "കോയിക്കൽ കൊട്ടാരം, കോട്ടപ്പടി" മുതലായവ അവരുടെ ഭരണത്തിൽ കീഴിലാക്കും. "ദേവാലയം ബ്രഹ്മാലയം സംബന്ധിച്ചുള്ള ചട്ടവട്ടങ്ങൾ" അതായത് അമ്പലങ്ങളിലെ പൂജ നിത്യനിദാനം ഉത്സവം മുതലായവ അവരുടെ ഭരണത്തിൽ കീഴിലാവും "ഇന്നുകാണുന്ന ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടിച്ച് എല്ലാക്ഷേത്രങ്ങളും ക്രിസ്ത്യൻ പള്ളികളാക്കി മാറ്റും "വർണ്ണഭേദമില്ലാതെ ബ്രാഹ്മണസ്ത്രീ മുതലായവരെ സംസർഗ്ഗം ചെയ്യും". ഇങ്ങനെസർവ്വത്ര അധർമ്മങ്ങളാക്കിത്തീർക്കും" ഇതിൽ എത്രമാത്രം അസത്യങ്ങളും അസംബന്ധങ്ങളും എഴുതിച്ചേർത്തിട്ടുണ്ടെന്ന് വായനക്കാർ വിധിച്ചുകൊള്ളുക. എന്തെഴുതിയാലും കുണ്ടറവിളംബരത്തിന്റെ 200-ാം വാർഷികം ആഘോഷിക്കണം!

(പ്രസിദ്ധീകരണം 28.12.2010)

# 14. എം.എം.വർക്കി

തിരുവിതാംകൂർ രാഷ്ട്രീയത്തിലെ വിസ്മരിക്കപ്പെട്ട ഒരുവിപ്ലവകാരി യാണ് ദാസൻ വർക്കി എന്നറിയപ്പെടുന്ന എം.എം.വർക്കി. യാക്കോബായ സമുദായത്തിൽ ജനിച്ച് മാർ ഇവാനിയോസ് തിരുമേനി കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതിന് 8 വർഷം മുൻപ് കത്തോലിക്കാ സഭയിൽ അംഗമായി സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരു ജീവിതമായിരുന്നു വർക്കിയുടേത്. പൗരസമത്വവാദപ്രക്ഷോഭണം തുടങ്ങി തിരുവിതാംകൂറിൽനടന്ന എല്ലാ ജനകീയപ്രക്ഷോഭണങ്ങളുടെയും മുന്നിൽ പ്രവർത്തിച്ച വർക്കിയുടെ ജീവിതം ഒരു ഇതിഹാസം തന്നെയാണ്. കാത്തലിക് ക്ലെയിംസ്, കാത്തലിക് ഗ്രീവൻസസ് തുടങ്ങിയ മെമ്മോറാണ്ടങ്ങളുടെ സൂത്രധാരനായിരുന്നു അദ്ദേഹം. നിവർത്തനപ്രക്ഷോഭണത്തിന്റെയും സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിന്റെയും ശക്തികേന്ദ്രമായിരുന്ന ദാസൻ വർക്കിയെന്ന എം.എം. വർക്കി

## പുതുപ്പള്ളി രാഘവൻ എഴുതിയിരിക്കുന്നു

"നിവർത്തന പ്രക്ഷോഭണത്തിന്റെയും സംയുക്ത രാഷ്ട്രീയസഭയുടെയും സ്റ്റേറ്റ് കോൺഗ്രസ്സ് സമരങ്ങളുടെയും കൂടെനിന്ന് പ്രവർത്തിച്ച ജയിലിൽ കയറാതെ, തിരുവിതാംകൂറിലെയും കൊച്ചിയിലെയും തുറന്ന ജയിലിൽ ജീവിച്ച ഒരു അസാധാരണ മനുഷ്യനാണ് ശ്രീ. എം.എം. വർക്കി. പൂമാലകൾക്കും പൂച്ചെണ്ടുകൾക്കും വേണ്ടി ശ്രീ. വർക്കി കഴുത്തും കൈയും നീട്ടിയില്ല.

തനിക്കായിട്ടൊരു പാഴ്മണൽത്തരി പോലും ആഗ്രഹിച്ചിട്ടുമില്ല. രാജ്യത്തിന്റെ ജനതയുടെ പൊതുവായ പുരോഗതി ഒന്നു മാത്രമാണ് അദ്ദേഹം ആഗ്രഹിച്ചത്. അതിനുവേണ്ടിയാണ് ഏതാണ്ട് അരനൂറ്റാണ്ടുകാലം അദ്ദേഹം അവിശ്രമം പ്രവർത്തിച്ചത്."

## പി.എം. നായർ എഴുതിയത് ശ്രദ്ധിക്കുക

"തിരുവിതാംകൂറിലെ സമരചരിത്രകാലം ദൈർഘ്യമുള്ളതല്ല. എന്നാൽ അത് ആദ്യന്തം വ്യാമിശ്രവും സംഭവസാന്ദ്രവുമാണ്. സമരചരിത്രത്തിലെ വിധിനിർണ്ണായകമായിരുന്ന കാലഘട്ടത്തിനെ സംബന്ധിക്കുന്ന രേഖകൾ ആദ്യം സംഭരിക്കണം. അതിനുവേണ്ട അത്യായാസം അനുസ്യൂതമായി നടത്തി. ആ പരിശ്രമത്തിനിടയിൽ ഈ രാജ്യത്തെ സ്വാതന്ത്ര്യപ്രേമികളും സ്വാതന്ത്ര്യ സമരത്തിന്റെ ഗുണഭോക്താക്കളും ക്രൂരമായി അവഗണിക്കുകയും വിസ്മരിക്കുകയും ചെയ്ത ഒരു ധീരദേശാഭിമാനിയെ ഞാൻ കണ്ടുമുട്ടി. നിവർത്തനപ്രസ്ഥാനത്തിന്റെയും സംയുക്തരാഷ്ട്രീയസഭയുടെയും സ്റ്റേറ്റ് കോൺഗ്രസ്സ് സമ

രങ്ങളുടെയും പിന്നിൽ നിന്നും പ്രവർത്തിച്ച, ജയിലിൽകയറാതെ വിശാലമായ തിരുവിതാംകൂറിലെയും കൊച്ചിയിലെയും തുറന്ന ജയിലിൽ ജീവിച്ച ഒരസാധാരണ പുരുഷൻ! തിരുവിതാംകൂറിനെ തടവറയായും, രോഗവും ദാരിദ്ര്യവും നേട്ടമായും കണക്കാക്കി ഇന്നും രോഗശയ്യയിൽ കഴിയുന്ന എം.എം. വർക്കി സമരകാലത്തെ പത്രവാർത്തകളും മറ്റ് ആധികാര പ്രസ്താവനകളും എന്നുവേണ്ട, സമരചരിത്രമെഴുതുന്നതിനുപകരിക്കുന്ന രേഖകളെല്ലാം അടുക്കടുക്കായി സൂക്ഷിച്ചുവച്ചതിന്റെ സുഖത്തിൽ ജീവിതസുഖം കണ്ടെത്തിയ ആ സുഹൃത് എനിക്കൊരാത്മമിത്രമായിരുന്നു. അദ്ദേഹവുമായി പരിചയപ്പെട്ട ആ മുഹൂർത്തം ഞാൻ മരിച്ചാലും എന്റെ ഓർമ്മയിൽ നിന്നും മറയുകയില്ല."

## അവതാരിക- ആർച്ച് ബിഷപ്പ് കാർഡിനൽ ബസലിയോസ് മാർ ക്ലിമീസ്

എം.എം. വർക്കി ആരാണ്? അദ്ദേഹത്തെപ്പറ്റി കേട്ടിട്ടുള്ളവരും അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവരും ഇന്ന് എത്ര പേരുണ്ട്? ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഒരുശതമാനം ആളുകൾപോലും അദ്ദേഹത്തെപ്പറ്റി കേട്ടിട്ടുണ്ടാവില്ല. കഴിഞ്ഞ തലമുറയിൽ ജീവിച്ച് പൊതുസമൂഹനന്മയ്ക്കുവേണ്ടി ജീവിതം അർപ്പിച്ച എം.എം.വർക്കിയെ ഇന്നത്തെ തലമുറക്കു മുൻപിൽ അവതരിപ്പിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ നാം കാണിച്ചിരിക്കുന്നു.

അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ജനവിഭാഗങ്ങളുടെ അവകാശസംരക്ഷണത്തിനായി കാൽനൂറ്റാണ്ടുകാലം നിരന്തരം സമരം ചെയ്ത ഒരു ധീരപോരാളിയായിരുന്നു അദ്ദേഹം. ജനങ്ങളിലേയ്ക്ക് അധികാരം കൈമാറുന്നതിനുവേണ്ടി നടന്ന ഉത്തരവാദഭരണപ്രക്ഷോഭണത്തിനുവേണ്ടി ജീവിതം ഹോമിച്ച ഒരു രക്തസാക്ഷിയായിരുന്നു വർക്കി. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീ. പുതുപ്പള്ളി രാഘവൻ എഴുതിയിരിക്കുന്നതുപോലെ "പൂമാലകൾക്കും പൂച്ചെണ്ടുകൾക്കുംവേണ്ടി ശ്രീ വർക്കി കഴുത്തും കൈയും നീട്ടിയില്ല. തനിക്കായിട്ടൊരു പാഴ്മണൽത്തരിപോലും ആഗ്രഹിച്ചിട്ടുമില്ല. രാജ്യത്തിന്റെ -ജനതയുടെ പൊതുവായ പുരോഗതി ഒന്നുമാത്രമാണ് അദ്ദേഹം ആഗ്രഹിച്ചത്. അതിനുവേണ്ടിയാണ് ഏതാണ്ട് അരനൂറ്റാണ്ടുകാലം അദ്ദേഹം അവിശ്രമം പ്രവർത്തിച്ചത്."

താൻ നടത്തിയ സമരം വിജയപഥത്തിലെത്തിയപ്പോൾ-അധികാരം ജനങ്ങളിലേയ്ക്ക് കൈമാറിയപ്പോൾ-അധികാരത്തിൽ പങ്കുചേരാൻ ആഗ്രഹിക്കാതെ-നിശ്ശബ്ദനായി മാറിനിന്ന ഒരു മഹാരാഷ്ട്രീയ പ്രേക്ഷിതനായിരുന്നു എം. എം. വർക്കി. താൻ നേതൃത്വം നല്കിയ ജനകീയ പ്രക്ഷോഭണങ്ങളെയും ഉത്തരവാദിത്വ ഭരണപ്രക്ഷോഭണത്തെയും അതിനു നേതൃത്വം നല്കിയ സ്റ്റേറ്റ് കോൺഗ്രസ്സിനെയും എതിർത്തവരിൽ പലരും കോൺഗ്രസ്സുകാരായി തകിടം മറിയുകയും എം.എൽ.എ.മാരും, എം.പി.മാരുമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തപ്പോൾ-നിലവിലുണ്ടായിരുന്ന കോൺഗ്രസ്സുകാരെയും കോൺഗ്രസ്സി

ലേയ്ക്ക് പുതുതായി വന്നവരെയും യോജിപ്പിച്ച് രാഷ്ട്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള തീവ്രയത്നത്തിലായിരുന്നു എം.എം. വർക്കി. 1947-ലെ സ്വാതന്ത്ര്യ പുലരിയിൽ അധികാരകൈമാറ്റത്തിന്റെ ആഘോഷചടങ്ങുകളിൽ പങ്കെടുക്കാതെ നവഖാലിയിൽ സമാധാന സന്ദേശവുമായി ഓടിനടന്ന ഗാന്ധിജിയെപ്പോലെയാണ് വർക്കിയും സ്വാതന്ത്ര്യനാളുകളിൽ പ്രവർത്തിച്ചത്."

## ആശംസ - ഡോ.എ.റ്റി.ദേവസ്യ

ശ്രീ കച്ചിറമറ്റത്തിന് കേരളത്തിൽ ഒരു പരിചയപ്പെടുത്തൽ ആവശ്യമില്ല. 'എന്റെ സമുദായം എന്റെ സഭ' എന്ന് സദാ ചിന്തിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന അദ്ദേഹം അഖിലകേരള കത്തോലിക്കാ കോൺഗ്രസ്, കേരള കത്തോലിക്കാ ഫെഡറേഷൻ, ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ കേരളീയർക്ക് സുപരിചിതനാണ്. വിശേഷണങ്ങൾ ഇനിയും പലത് ഉണ്ടെങ്കിലും ഭാവി തലമുറ അദ്ദേഹത്തെ സ്മരിക്കുക ചരിത്രകാരൻ എന്ന നിലയിലായിരിക്കുമെന്ന് തോന്നുന്നു. കാരണം, അദ്ദേഹത്തിന്റെ ചരിത്രകൃതികൾ നിലനിൽക്കും. കാലത്തിന്റെ കുത്തൊഴുക്കിൽ അവ ഒലിച്ചു പോകുകയില്ല.

ശ്രീ.കച്ചിറമറ്റം രചിച്ച ചരിത്ര ഗ്രന്ഥങ്ങളിൽ ബഹുഭൂരിപക്ഷവും മൺമറഞ്ഞ കത്തോലിക്കാ നേതാക്കളുടെ ജീവചരിത്രങ്ങളാണ്. ഒരു വ്യക്തിയുടെ ജീവിതത്തിലെ വിജയങ്ങളുടെയും പരാജയങ്ങളുടേയും നേട്ടങ്ങളുടെയും കോട്ടങ്ങളുടേയും കഥ എന്നാണ് ജീവചരിത്രത്തെ നിവർവചിക്കുക. ഒരാളുടെ ജീവിതത്തിലെ സംഭവങ്ങളുടെ ആകെത്തുകയാണ് ജീവചരിത്രം എന്നു പറയുന്ന പണ്ഡിതന്മാരും ഇല്ലാതില്ല. യൂറോപ്പിൽ ആദ്യമായി ജീവചരിത്രം എഴുതിയതു "ജീവചരിത്രങ്ങളുടെ പിതാവ്" എന്ന പേരിൽ അറിയപ്പെടുന്ന ഗ്രീക്ക് വംശജനായ മിസ്ട്രിയസ് പ്ലൂട്ടാർക്കസ് (45-125A.D )ആണ്. പ്ലൂട്ടാർക്ക് എന്ന നാമത്തിൽ ബാഹ്യലോകം അദ്ദേഹത്തെ അറിയുന്നു. നിരവധി പ്രശസ്ത വ്യക്തികളുടെ ജീവചരിത്ര സമാഹാരമായിരുന്നു ആ കൃതി. പേര് 'സമാന്തരജീവതങ്ങൾ'. ആധുനിക ചരിത്രകാരന്മാരിൽ അനേകർ പ്ലൂട്ടാർക്കിന്റെ പാതപിന്തുടരുന്നവരാണ്.

'എം.എം.വർക്കി, രാഷ്ട്രീയ നഭസ്സിലെ സൂര്യതേജസ്സ്' എന്ന കച്ചിറമറ്റം കൃതിക്ക് തന്റെ ഇതര കൃതികളുടെ സവിശേഷതകളെല്ലാമുണ്ട്. ഓരോന്നും ഏതെങ്കിലും വ്യക്തിയുടെ ജീവചരിത്രം മാത്രമല്ല പ്രസിദ്ധരും താരതമ്യേന അപ്രശസ്തരുമായ നിരവധി നേതാക്കളുടെ അപൂർണ്ണ ജീവചരിത്രങ്ങളും സംഭവങ്ങളുടെ വിവരണങ്ങളും കൂടിയാണ്. അവയെ എല്ലാം വർണ്ണ ശബളമായ ഒരു മാലയിലെന്ന പോലെ കോർത്തിണക്കി ഒരു കാലഘട്ടത്തിന്റെ കഥയാണ് അദ്ദേഹം പൊതുജനസമക്ഷം അവതരിപ്പിക്കുന്നത്. പ്രഗത്ഭനായ ഒരു ചിത്രകാരൻ വിശാല കാൻവാസിൽ കുറേയെറ വ്യക്തികളേയും സംഭവങ്ങളേയും ചിത്രീകരിക്കുന്നതു പോലെ, എന്റെ മുമ്പിലിരിക്കുന്ന പുസ്തകം ഇത്തരം

രചനാ വൈഭവത്തിന്റെ ഉത്തമ ഉദാഹരണമാണ്."

എം.എം.വർക്കിയുടെ ജീവചരിത്രം രചിക്കാൻ എന്നെ പ്രേരിപ്പിച്ചത് ആദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള കേട്ടറിവാണ്. എന്നെക്കാൾ 40 വയസ്സ് കുടുതലുണ്ട് വർക്കിക്ക്. എന്റെ 23-ാം വയസ്സിലാണ് ഞാൻ വർക്കിയെ ആദ്യം കാണുന്നത്. ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നത്തോടൊപ്പം. എം.എം. വർക്കിയെപ്പറ്റി എം.ഒ.പറഞ്ഞ് അറിയുന്ന കാര്യങ്ങൾ എന്റെ ഹൃദയത്തെ സ്പർശിച്ചു. കാത്തലിക് ക്ലെയിംസ്, കാത്തലിക് ഗ്രീവൻസസ് എന്നീ മെമ്മോറാണ്ടങ്ങൾ തയ്യാറാക്കിയ വർക്കി സമുദായത്തിനുവേണ്ടി, രാജ്യത്തിനു വേണ്ടി, ചെയ്ത സേവനങ്ങൾ ഞാൻ പഠിക്കുവാൻ ആഗ്രഹിച്ചു പലപ്പോഴും ഞാൻ അദ്ദേഹത്തെ തിരുവല്ലയിൽ എത്തി സന്ദർശിച്ചിരുന്നു. പൊതുപ്രവർത്തനത്തിലേർപ്പെട്ട അദ്ദേഹം വിവാഹം പോലും കഴിക്കാതെയാണ് കഴിഞ്ഞു കുടിയത്. അദ്ദേഹവുമായിട്ടുള്ള സമ്പർക്കം എന്റെ പൊതുപ്രവർത്തനത്തെ ഏറെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ഓർമ്മകളിലൂടെ എന്ന ആത്മകഥ എന്നിൽ വലിയ സ്വാധീനം ചെലുത്തി. അദ്ദേഹത്തിന്റെ പല ആവശ്യങ്ങളിലും ഞാൻ ഒരു സഹായിയായി മാറി. തന്റെ കുടുംബാംഗങ്ങളെല്ലാം യാക്കോബായ സഭയിൽ തന്നെയായിരുന്നു. നല്ല ചുറ്റുപാടുകളിൽ ആണ് അവർ കഴിഞ്ഞിരുന്നത്. എം.എം.വർക്കി അവസാന നാളുകളിൽ തിരുവല്ലയിലെ ക്ലർജി ഹോമിലാണ് ചിലവഴിച്ചത്. മരണത്തിന് ഏതാനും ആഴ്ചകൾക്കു മുൻപു തൃപ്പൂണിത്തറയിലെ തന്റെ സഹോദരന്റെ കൂടെ താമസിച്ചു. അവിടെ വച്ചും ഞാൻ പല പ്രവാശ്യം കണ്ടു. ഒരു ദിവസം 1986 നവംബർ 26-ന് വർക്കി ദിവാംഗതനായ വിവരം അറിഞ്ഞു. ഞാൻ തൃപ്പൂണിത്തുറ എത്തിയപ്പോൾ മൃതദേഹം തൃപ്പൂണിത്തറ പള്ളിയിൽ കൊണ്ടുവന്നുകഴിഞ്ഞു. അദ്ദേഹത്തിന്റെ മൃതദേഹം സന്ദർശിച്ചു. അദ്ദേഹത്തെ അടക്കം ചെയ്ത സ്ഥലം ഒരു കല്ലറ തീർത്ത് ഒരു മാർബിൾ സ്ലാബ് ഇടണമെന്ന് ഞാൻ ആഗ്രഹിച്ചു. വർക്കിയുടെ മരണത്തിൽ അനുശോചിക്കാൻ ഒരു യോഗം സംഘടിപ്പിക്കുവാനും എനിക്കു സാധിച്ചു.

അദ്ദേഹത്തിനെ ഒരു കല്ലറ തീർത്ത് അടക്കുന്നതിന് പോലും ആരും ശ്രമിച്ചില്ല. അദ്ദേഹത്തിന്റെ ഒരു സമ്പൂർണ്ണ ജീവചരിത്രം തയ്യാറാക്കി പ്രസദ്ധീകരിച്ചു. മലങ്കരസഭയുടെ മേജർ ആർച്ച് ബിഷപ്പ് ക്ലമീസ് ബാവ തിരുമേനി എന്റെ ഈ നടപടിയെ എല്ലാ അർത്ഥത്തിലും സഹായിച്ചു. പുസ്തകം തയ്യാറാക്കുന്നതിന് മുൻപ് ഞാനും ഡോ. എ.റ്റി.ദേവസ്യാസാറും ഡോ.സാബു ഡി.മാത്യുവും കൂടി അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ചു. അദ്ദേഹത്തിന്റെ പേരിൽ എല്ലാവർഷവും ഒരു അനുസ്മരണസമ്മേളനം നടത്തുവാനും സ്മാരകശില തൃപ്പൂണിത്തുറ സിമറ്ററിയിൽ സ്ഥാപിക്കു വാനും ആഗ്രഹിച്ചെങ്കിലും ഒന്നും നടന്നില്ല. ഒരു ജീവചരിത്രഗ്രന്ഥം കൊണ്ട് ഞാൻ തൃപ്തിയടയുന്നു. എന്റെ ആഗ്രഹം സഫലീകരിക്കുവാൻ ആരെങ്കിലും തയ്യാറായി മുന്നോട്ട് വരുന്ന കാഴ്ച കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

(പ്രസിദ്ധീകരണം 20.09.2012)

# 15. ശ്രീ.ബി.വെല്ലിംഗ്ടൺ

രാജഭരണകാലത്ത് നടന്ന ഉത്തരവാദിത്വഭരണപ്രക്ഷോഭണത്തിലും സ്വാതന്ത്ര്യപ്രാപ്തിക്കുംശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും നടുനായകത്വം വഹിച്ച വെല്ലിംഗ്ടൺ, ഫാ. വടക്കനോടൊപ്പം നിന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ നേതൃത്വം വഹിച്ച വെല്ലിംഗ്ടൺ, കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് ഒരുലക്ഷം വരുന്ന ക്രിസ്റ്റഫർ സേനയെ നയിച്ചുകൊണ്ട് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിലേക്ക് മാർച്ച് ചെയ്ത വെല്ലിംഗ്ടൺ, വിമോചന സമരകാലത്ത് കമ്മ്യൂണിസ്റ്റുകാരുടെ കുത്തേറ്റ് തിരുവനന്തപുരത്ത് പിടഞ്ഞുവീണ വെല്ലിംഗ്ടൺ, വിമോചനസമരത്തിനുശേഷം ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിനെ അധികാരത്തിലേറ്റാൻ മുഖ്യനേതൃത്വം നല്കിയ വെല്ലിംഗ്ടൺ, ഐക്യമുന്നണി ഗവണ്മെന്റിന്റെ ഭരണകാലത്ത് നടന്ന കുടിയിറക്കുകളെ എതിർക്കുകയും മലനാട് കർഷക യൂണിയനും കെ.ടി.പി.യും രൂപീകരിച്ചുകൊണ്ട് ഫാ. വടക്കന്റെ പിൻപിൽ ഉറച്ചുനിന്ന് പ്രവർത്തിച്ച ബി. വെല്ലിംഗ്ടൺ, കൊട്ടിയൂർ മേൽച്ചാർത്തിനും മലയോരകർഷകരുടെ അവകാശ സംരക്ഷണത്തിനുംവേണ്ടി ബഹുജനാഭിപ്രായം രൂപീകരിക്കുവാൻ കൊട്ടിയൂർ നിന്നും 46 ദിവസംകൊണ്ട് 450 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് കൊട്ടിയൂർ ജാഥയ്ക്ക് നേതൃത്വം നല്കിയ വെല്ലിംഗ്ടൺ, കുടിയിറക്ക് വിരുദ്ധ സമരത്തിന്റെ ഭാഗമായി 21 ദിവസം കൊട്ടിയൂരിൽ ഉപവാസം അനുഷ്ഠിച്ച വെല്ലിംഗ്ടൺ, എം.എൽ.എ., ആരോഗ്യമന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ച വെല്ലിംഗ്ടൺ, ആരോഗ്യവകുപ്പിൽ ഒട്ടേറെ പരിഷ്കാരങ്ങൾ നടത്തി ആരോഗ്യവകുപ്പിനെ ശുദ്ധീകരിച്ച വെല്ലിംഗ്ടൺ, രാഷ്ട്രീയ പ്രതിയോഗികളുടെയും പത്രങ്ങളുടെയും സംഘടിത അക്രമണത്തിന്റെ ഫലമായി ലോകം കണ്ട ഏറ്റം വലിയ അഴിമതിക്കാരനായി ചിത്രീകരിക്കപ്പെട്ട വെല്ലിംഗ്ടൺ, രാഷ്ട്രീയം വിട്ടപ്പോൾ ഒരു സാധാരണക്കാരനായ മനുഷ്യന് പ്രാപ്യമായ ജീവിതസൗകര്യങ്ങൾ പോലും ഇല്ലാതെ ജീവിക്കേണ്ടി വന്ന വെല്ലിംഗ്ടൺ, ഒരു സമ്പാദ്യവുമില്ലാതെ രോഗിയായി പാലക്കാട്ടെ സ്നേഹം ചാരിറ്റബിൾ ട്രസ്റ്റ് ആശുപത്രി അധികൃതരുടെ ഔദാര്യത്തെ ആശ്രയിച്ച് അനാഥനെപ്പോലെ കിടന്ന് മരണമടയേണ്ടി വന്നു.

വെല്ലിംഗ്ടൺ തിരുവനന്തപുരത്ത് മൂന്നുനില കെട്ടിടം നിർമ്മിച്ചുവെന്ന് അസംബ്ലിയിൽ ഒരു എം.എൽ.എ. പറഞ്ഞത് അതേപടി സകല പത്രങ്ങളും വലിയ പ്രാധാന്യം നല്കി പ്രസിദ്ധീകരിച്ചതും അത് തെറ്റായ ആരോപണമാണെന്ന് അറിഞ്ഞിട്ടും സത്യം പുറത്തുപറയാൻ ശ്രമിക്കാതിരുന്നതും ഒരു വൻ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. ഇങ്ങനെ അറിയപ്പെടുന്നവരും

അറിയപ്പെടാത്തവരുമായ നിരവധിയാളുകളുടെ ചരിത്രം നമുക്ക് മുൻപിലുണ്ട്.

ഒരുപൊതുപ്രവർത്തകനെന്ന നിലയിൽ ഏറെ ത്യാഗം അനുഭവിച്ച ഒരു വ്യക്തിയാണ് ശ്രീ. ബി. വെല്ലിംഗ്ടൺ. അദ്ദേഹത്തിന്റെ പേരിൽ എന്തെന്ത് അഴിമതിയാരോപണങ്ങളാണ് ഉന്നയിച്ചത്. രണ്ടാമത്തെ ഇ.എം.എസ്.മന്ത്രിസഭയെ തകർക്കാൻ വെല്ലിംഗ്ടനെ കരുവാക്കുകയായിരുന്നു. ആരോപണങ്ങൾ തുടരെ തുടരെ ഉന്നയിച്ച് വെല്ലിംഗ്ടനെ വ്യക്തിപരമായി തേജോവധം ചെയ്യാനാണ് ശ്രമിച്ചത്. അതിന് മുൻപിൽ നിന്നത് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും. വെല്ലിംഗ്ടൺ ഭരണത്തിലേറി ഏതാനും നാളുകൾക്കകം മൂന്നുനില കെട്ടിടം തിരുവനന്തപുരത്ത് നിർമ്മിച്ചു എന്ന് എഴുതി പിടിപ്പിച്ച പത്രങ്ങൾ സത്യം ഗ്രഹിച്ചിട്ടും സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ തയ്യാറായില്ല. വെല്ലിംഗ്ടൺ അഴിമതി കാണിച്ചില്ലെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുവാൻ സാധിക്കാത്തവിധം വെല്ലിംഗ്ടന്റെ മേൽ അഴിമതിയാരോപണം നിലനിൽക്കുകയാണ്.

ഈ സാഹചര്യത്തിലാണ് ശ്രീ. ബി. വെല്ലിംഗ്ടന്റെ സമ്പൂർണ്ണമായ ഒരു ജീവചരിത്രം രചിക്കുവാൻ ഞാൻ തയ്യാറായത്. തച്ചിൽ മാത്തൂത്തരകന്റെയും ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മന്റെയും ജീവചരിത്രം രചിച്ചതിന്റെ പിന്നിലെ ചേതോവികാരം സത്യം ജനങ്ങളെ ഗ്രഹിപ്പിക്കുകയെന്നതു മാത്രമായിരുന്നു. ആ നല്ല മനുഷ്യന്റെ ഹൃദയസ്പർശിയായ കഥയാണ് ഈ ഗ്രന്ഥത്തിൽ വരച്ചു കാട്ടിയിരിക്കുന്നത്.

## മോൺ. ഫെർഡിനാന്റ് കായാവിൽ

"ഈ സാമൂഹിക വിപ്ലവകാരിക്ക് രാഷ്ട്രീയം പ്രതിബദ്ധതയും സേവനം ആദർശവുമായിരുന്നതുകൊണ്ട് രാഷ്ട്രീയം വിട്ടപ്പോൾ സാധാരണക്കാരനായ ഒരു മനുഷ്യന് പ്രാപ്യമായ ജീവിതസൗകര്യങ്ങൾ പോലുമില്ലാതെ ജീവിക്കേണ്ടി വന്നു. അപ്പോഴും വെല്ലിംഗ്ടൻ സന്തോഷവാനായിരുന്നു. യേശുനാഥനും കർത്താവുമാണെന്ന് അടിയുറച്ച് വിശ്വസിച്ചയാൾ, ക്രൈസ്തവ വിശ്വാസ പ്രമാണങ്ങളെ പൊതുവേദികളിൽ, യാഥാസ്ഥിതികനായ ഒരു ദൈവശാസ്ത്ര പണ്ഡിതനുപോലും ഭിന്നാഭിപ്രായം പറയാൻ സാധിക്കാത്തവിധം അദ്ദേഹം വിശദീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. വെല്ലിംഗ്ടന്റെ പ്രഭാഷണം ഒരിക്കൽ കേട്ടാൽ പിന്നെയും കേൾക്കാൻ ആഗ്രഹിക്കാത്തവർ ഉണ്ടാവില്ല. ആശയധന്യത, പ്രസംഗകല, ഭാഷാസ്വാധീനം, ശബ്ദഭംഗി, ആരെയും പിടിച്ചുനിർത്തുന്ന വാഗ്ധോരണി എന്നീ ഗുണവിശേഷങ്ങൾ അദ്ദേഹത്തെ നാട്ടിലെ ശ്രദ്ധിക്കപ്പെട്ട പ്രഭാഷകരിൽ ഒരാളാക്കി മാറ്റി"

## പി. ഗോവിന്ദപിള്ള

"ഒരിക്കലും തെളിയിച്ചിട്ടില്ലാത്തതും തെളിയിക്കാനാവാത്തതുമായ അഴിമതി ആരോപണങ്ങൾ വെല്ലിംഗ്ടണെതിരെ അവർ ഉയർത്തി. പത്രങ്ങൾ

ഏറ്റുപിടിച്ചു. അവസാനകാലത്ത് മുണ്ടയ്ക്കലെ പൊളിഞ്ഞുവീഴാറായ ചായ്പിൽ ഓടാത്ത ക്ലോക്കിനെയും കർണശൂലയായ ഫാനിനെയും നോക്കി, അന്നത്തെ പത്രങ്ങളിൽ വന്ന വെണ്ടയ്ക്കാവലിപ്പത്തിലുള്ള അഴിമതിയാരോപണങ്ങൾ വലിച്ചിളക്കി കാണിക്കുമ്പോൾ കണ്ണിൽ നിന്ന് നീരൊഴുകുന്നുണ്ടായിരുന്നു. ആറുമാസത്തെ മന്ത്രിസ്ഥാനം കൊണ്ട് കോടീശ്വരന്മാരായി വിരാജിക്കുന്നവർ വാഴുന്ന ഈ നാട്ടിൽ ഭാര്യയ്ക്ക് മരുന്നിനും അത്താഴത്തിന് കഞ്ഞിക്കും സുരക്ഷിതമല്ലാത്ത ഒരു മുൻമന്ത്രി-ഒരു പത്തുരൂപാ നോട്ടുപോലും അവിഹിതമായി വാങ്ങാൻ കഴിവില്ലാതിരുന്ന ശുദ്ധഹൃദയനും ദൈവഭയക്കാരനുമായ-വെല്ലിംഗ്ടണെപ്പറ്റി അപവാദം പറഞ്ഞവരെ ശിക്ഷിക്കാൻ ദൈവം ഉണ്ടോ എന്തോ?"

## ഫാ. ജോസഫ് വടക്കൻ

"കൊട്ടിയത്ത് നടന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി യോഗത്തിൽ വച്ചാണ് വെല്ലിംഗ്ടണെ ഞാൻ ആദ്യമായി കാണുന്നത്. ആദർശദാർഢ്യത്തിന്റെയും നട്ടെല്ലുനിവർന്നുനിന്നു പോരാടാനുള്ള തയ്യാറെടുപ്പിന്റെയും ലക്ഷണങ്ങൾ വെല്ലിംഗ്ടന്റെ മുഖത്ത് ഞാൻ തെളിഞ്ഞു കണ്ടു. ഞാൻ ഏതെല്ലാം പ്രസ്ഥാനങ്ങൾക്കും സംരംഭങ്ങൾക്കും രൂപം കൊടുത്തുവോ അവയുടെയെല്ലാം സാരഥിയായി ഞാൻ വെല്ലിംഗ്ടണിനെയാണ് കണ്ടെത്താറ്."

വെല്ലിംഗ്ടൺ തിരുവന്തപുരത്ത് മൂന്നുനില കെട്ടിടം പണികഴിപ്പിച്ചെന്ന് നിയമസഭയിൽ പറഞ്ഞ എം.എൽ. എ യും അതിന് വലിയ പ്രസദ്ധീകരണം നൽകിയ പത്രങ്ങളും വെല്ലിംഗ്ടൺ ലോകത്തിലെ ഏറ്റവും വലിയ അഴിമതി വീരനായി വാഴ്ത്തിപ്പാടുകയാണ് ചെയ്തത്. അത് തെറ്റായ വാർത്തയാണെന്ന് അറിഞ്ഞിട്ടും സത്യം വെളിച്ചത്ത് കൊണ്ടുവരുവാൻ ഒരു പത്രവും തയ്യാറായില്ലയെന്നത് ഖേദകരമാണ്. ലോകത്തിലെ ഏറ്റവും വലിയ അഴിമതിക്കാരനെന്ന് എല്ലാവരും പാടി പുകഴ്ത്തിയ വെല്ലിംഗ്ടൺ പാലക്കാട്ടെ സ്നേഹം ചാരിറ്റിബിൾ ട്രസ്സിന്റെ ആശുപത്രിയിൽ ഒരു അനാഥനെപ്പോലെ കിടന്ന് മരിക്കുകയാണുണ്ടായത്.

ഫാ.വടക്കനും ബി.വെല്ലിംഗ്ടണും സാമുഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കോൺഗ്രസ്സ് സർക്കാർ കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തുവാനുമായിട്ടാണ് കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചത്. അന്ന് അവരെ ഒറ്റപ്പെടുത്താൻ ശ്രമിച്ചവർ, 1980-ൽ എം.എൽ.എ.ആകാനും മന്ത്രിയാകാനും വേണ്ടി കേരളാ കോൺഗ്രസ്സും ആന്റണി കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുകളുമായി കൈകോർത്തപ്പോൾ അതിനോട് സ്വീകരിച്ച സമീപനം കേരള ജനത വിലയിരുത്തുകതന്നെ വേണം. വെല്ലിംഗ്ടണെപ്പറ്റി ഒരു സമഗ്രപഠനം നടത്തുന്നതിനു വേണ്ടിയാണ് ഈ ഗ്രന്ഥം ഞാൻ പ്രസദ്ധീകരിച്ചത്. സത്യം വെളിച്ചത്തു കൊണ്ടുവരിക മാത്രമാണ് എന്റെ ലക്ഷ്യം.

(പ്രസിദ്ധീകരണം 28.12.2010)

# 16. ബാരിസ്റ്റർ ജോർജ് ജോസഫ്

ഇന്ത്യൻ രാഷ്ടീയത്തിലെ മുടിചൂടാമന്നനായിരുന്ന ബാരിസ്റ്റർ ജോർജ് ജോസഫ് മലയാളക്കരയിൽ ജനിച്ച്, ബ്രിട്ടനിൽ വിദ്യാഭ്യാസം പൂർത്തിയാക്കി മധുരയിൽ അഭിഭാഷകനായി പ്രവർത്തിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മോത്തിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു, മഹാത്മാഗാന്ധി, രാജഗോപാലാചാരി, എന്നിവരോടപ്പം നിന്നു പ്രവർത്തിച്ച ജോർജ് ജോസഫിന്റെ ജീവിതം ഒരു ഇതിഹാസം തന്നെയായിരുന്നു. തന്റെ അഭിപ്രായം ആരുടെ മുന്നിലും തുറന്നുപറയുവാൻ അദ്ദേഹം ധൈര്യം കാണിച്ചിരുന്നു. മഹാത്മാജിയുടെ നിലപാടുകളെ വിമർശിച്ചുകൊണ്ട് അദ്ദേഹം ലേഖനങ്ങൾ എഴുതിയിരുന്നു. ആരുടെ മുന്നിലും മുട്ടുമടക്കാത്ത നിർഭയനായ ഒരു പെതുപ്രവർത്തകനായിരുന്ന ആ മഹാപുരുഷന്റെ വ്യക്തിത്വത്തെപ്പറ്റി ഒരു പഠനം നടത്താൻ ആരും തയ്യാറായിട്ടില്ല.

1933-36 കാലഘട്ടത്തിൽ കോൺഗ്രസ്സിൽ നിന്നും ജോർജ് ജോസഫ് അകന്നുകഴിഞ്ഞിരുന്നു. അപ്പോഴും ഗാന്ധിജിയും ജോർജ് ജോസഫിനുമിടയിൽ അന്യോന്യം ഉണ്ടായിരുന്ന സ്നേഹവും ബഹുമാനവും അവർ അയച്ചിരുന്ന കത്തുകളിൽ നിന്നും മനസ്സിലാക്കാം. ഒരിക്കൽ മഹാത്മജി ജോർജ് ജോസഫിനെഴുതി "George Joseph why have you forsaken me. Bapuji"(നീ എന്തുകൊണ്ട് എന്നെ കൈവിട്ടു. ബാപ്പുജീ) എത്രയോ ഹൃദയവർജ്ജകമായ കത്തായിരുന്നു അത്. എഴുതിയ കത്തിന്റെ മൂല്യം എത്ര വലുതായിരുന്നു.

ജോർജ് ജോസഫ് ദിവംഗതനായപ്പോൾ ഗാന്ധിജി സൂസന്നയ്ക്ക് ഒരു ടെലഗ്രാം അയച്ചു courage (ധൈര്യമായിരിക്കുക) എന്നുമാത്രം. എറെ താമസിക്കാതെ സൂസന്ന മഹാത്മജിക്ക് കത്തെഴുതി. അതിനുള്ള മറുപടിയിൽ ഇ പ്രകാരം എഴുതി പ്രിയപ്പെട്ട സൂസൻ, എന്റെ മുന്നിൽ നിന്റെ ദുഃഖാകുല മായ കത്ത് ഇരിക്കുന്നു. മഹാദേവ് ദേശായിക്ക് എഴുതിയ നീണ്ടകത്തുകളും ഞാൻ കണ്ടു. നീ സങ്കടപ്പെടരുത്. അത് ദൈവത്തിലുള്ള വിശ്വാസകുറവിനെ കാണിക്കും. അദ്ദേഹം നൽകുന്നു തിരിച്ചെടുക്കുന്നു. ജോസഫിന്റെ കാര്യത്തിലും അങ്ങനെ തന്നെ. ആഗ്രഹം തോന്നുമ്പോൾ നിനക്ക് എന്റെ അടുക്കലേക്ക് വരാം. നിന്നെ ഒരു പ്രിയ പുത്രിയായി ഞാൻ സ്വീകരിക്കും.

മലയാളികളുടെ അഭിമാനഭാജനമായ ബാരിസ്റ്റർ ജോർജ് ജോസഫ് മലയാളികൾ അറിഞ്ഞിരിക്കേണ്ട ഒരു വ്യക്തിയാണ്. ഗാന്ധിജിയുടെ യംഗ് ഇന്ത്യയിലും ദ് ഇൻഡ്യപെൻഡലിലും ഹെറാൾഡ് പത്രത്തിലും ഒക്കെ എഴു

തിയ ലേഖനങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർക്കണമെന്ന് ഞാൻ വിചാരിച്ചു, പല കാരണങ്ങളാലും അത് സാധിച്ചില്ല.

## ആശംസ – ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്

തിരുവിതാംകൂറിൽ നിന്നും ഇൻഡ്യൻ ദേശീയതയിലേക്ക് വളർന്നുവന്ന ആദ്യനേതാക്കളിൽ ഒരാളായിരുന്നു ജോർജ്ജ് ജോസഫ്. നിർഭയനും ധീരനും സാഹസികനുമായ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രം ഇന്നത്തെ തലമുറയ്ക്ക് മാർഗ്ഗദർശനം നൽകും. ഈഗ്രന്ഥത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

## അവതാരിക– ഗവർണർ ഡോ. എം.എം. ജേക്കബ്ബ്

പ്രമുഖ അഭിഭാഷകനായി ചുരുങ്ങിയനാൾകൊണ്ട് പ്രസിദ്ധനായി തീർന്ന ജോർജ് ജോസഫ് റൗലക്ട് ആക്ടിനെതിരെയുള്ള പ്രക്ഷോഭണത്തിൽ പങ്കു ചേർന്നു. ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ച് അഭിഭാഷക വൃത്തിയുപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകി. മഹാത്മജിയുടെ യംഗ് ഇന്ത്യയുടെയും മോത്തിലാൽ നെഹ്റുവിന്റെ ദ ഇൻഡിപെൻഡന്റിന്റെയും പത്രാധിപത്യം ഏറ്റെടുത്തതോടെ ജോർജ് ജോസഫിന്റെ ഖ്യാതി ഇന്ത്യയിലെങ്ങും വ്യാപിച്ചു.

ഇന്ത്യയിൽ ആദ്യം തൊഴിലാളി യൂണിയൻ കെട്ടിപ്പെടുക്കുവാൻ ശ്രമിച്ചവരിൽ പ്രമുഖനായിരുന്നു അദ്ദേഹം. മധുരയിലെ മിൽ തൊഴിലാളികളെ സംഘടിപ്പിച്ച് ചരിത്രം കുറിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

ഇന്ത്യയിൽ നിലനിന്ന ജാതിവ്യവസ്ഥയോട് പൊരുത്തപ്പെടുവാൻ അദ്ദേഹത്തിന് ഒരിക്കലും സാധിച്ചിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ജാതിവ്യവസ്ഥക്കെതിരെ പോരാടാൻ തീരുമാനിച്ചതിൽ ജോർജ് ജോസഫ് സന്തുഷ്ടനായിരുന്നു. ആ തീരുമാനത്തിന്റെ അനന്തരഫലമായിരുന്നല്ലോ വൈയ്ക്കം സത്യാഗ്രഹം. വളരെയധികം സന്തോഷത്തോടെ വൈയ്ക്കം സത്യാഗ്രഹത്തിൽ പങ്കുചേർന്ന് അറസ്റ്റു വരിച്ചു. വൈയ്ക്കത്തെത്തിയ മഹാത്മജി വൈക്കം സത്യാഗ്രഹത്തിൽ ഹിന്ദുക്കൾ മാത്രമേ പങ്കെടുക്കാവൂ എന്ന് അഭിപ്രായപ്പെടുകയും മറ്റുള്ളവരോടെല്ലാം വൈയ്ക്കത്തുനിന്നും പിന്മാറുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഗാന്ധിജിയുടെ ഈ അഭിപ്രായം ജോർജ് ജോസഫിന് ഹിതകരമായിരുന്നില്ല.

ജോർജ് ജോസഫ് ഒരു ഇതിഹാസ പുരുഷനായിരുന്നു. അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം ശ്രീ ജോൺ കച്ചിറമറ്റം തയ്യാറാക്കിയത് ഈ തലമുറക്ക് അദ്ദേഹത്തെപ്പറ്റി പഠിക്കുവാൻ ഒരു അവസരമായി. അറിയപ്പെടാത്ത പല കാര്യങ്ങളും ഈ ഗ്രന്ഥത്തിൽ നിന്നും മനസ്സിലാക്കുവാൻ നമുക്ക് സാധിക്കും. തിരുവിതാംകൂർ എന്ന കൊച്ചുരാജ്യം ഭാരതത്തിന് നൽകിയ വലിയ സമ്മാനമാണ് ജോർജ് ജോസഫ്.

ഷർട്ടിട്ട ഒരു ഗാന്ധിജിയെ ഇന്നത്തെ തലമുറ ഓർക്കുന്നില്ല. എന്നാൽ അങ്ങനെയൊരു ഗാന്ധിജിയുണ്ടായിരുന്നു. ഷർട്ടും കോട്ടും വേണ്ടെന്നുവച്ച് ഇന്നത്തെ മഹാത്മജിയിലേക്ക്, ഗാന്ധിജിയെ നയിച്ചത് ഒരു മലയാളിയുടെ വീട്ടിൽ വച്ചായിരുന്നുവെന്ന കാര്യം ഇന്നാർക്കുംതന്നെ അറിയില്ല. എന്നാൽ ആ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചത് മധുരയിലെ ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ഭവനമായിരുന്നുവെന്നത് ഈ പുസ്തകത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

സ്വാതന്ത്ര്യം കിട്ടുന്നതിന് ഒൻപതു വർഷം മുൻപ് നിലച്ചുപോയൊരു ശബ്ദമാണ് ബാരിസ്റ്റർ ജോർജ് ജോസഫിന്റേത്. എന്നാൽ അദ്ദേഹത്തിന്റെ സഹോദരങ്ങൾ പോത്തൻ ജോസഫും പി.എം. ജോസഫും സ്വതന്ത്രഭാരത്തിന്റെ ചരിത്രത്തെ മാറ്റിയെഴുതിയവരാണെന്നത് ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു.

ദേശീയ രാഷ്ട്രീയത്തിലെന്ന പോലെ തിരുവിതാംകൂർ രാഷ്ട്രീയത്തിലും ബാരിസ്റ്റർ ജോർജ് ജോസഫ് ശ്രദ്ധചെലുത്തിയിരുന്നു. തിരുവിതാംകൂറിൽ നടന്ന നിവർത്തനപ്രക്ഷോഭണം, വൈക്കം സത്യാഗ്രഹം, തുടങ്ങിവയിൽ അദ്ദേഹം വഹിച്ച പങ്ക് അഭിമാനകരമായിരുന്നു. ബാരിസ്റ്റർ ജോർജ് ജോസഫ് -സമാനതകളില്ലാത്ത ദേശസേനഹിയെന്നാണ് ഗ്രന്ഥത്തിന്റെ പേര്- മലയാളികളുടെ അഭിമാനഭാജനമാണ് അദ്ദേഹം."

## നാം അറിയേണ്ട കാര്യം

പൊതുപ്രവർത്തനരംഗത്ത് സത്യസന്ധമായി പ്രവർത്തിച്ച പലരുടെയും അന്ത്യനാളുകൾ ദുരിതപൂർണ്ണമാണ്. അതുതന്നെയാണ് ബാരിസ്റ്റർ ജോർജ് ജോസഫിനും സംഭവിച്ചത്. ഇന്ത്യയിൽ ആദ്യമായി തൊഴിലാളി സംഘടനയുണ്ടാക്കിയ അദ്ദേഹം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനായി നല്ല ഒരു സംഖ്യ ചിലവഴിച്ചിട്ടുണ്ട്. തൊഴിലാളികൾ മാത്രമല്ല പാവപ്പെട്ടവർ ആരായാലും അദ്ദേഹത്തിന്റെ അടുത്തു ചെന്നാൽ അവരെ കാര്യമായി സഹായിക്കുമായിരുന്നു.

തന്റെ ജീവിതകാലത്ത് അദ്ദേഹം ഒന്നും സമ്പാദിച്ചില്ല. അദ്ദേഹം മരിക്കുമ്പോൾ കല്യാണം കഴിച്ചയച്ച മകളുടെ ആദരണങ്ങൾ പണയം വച്ചാണ് അന്നത്തെ ചിലവുകൾ വഹിച്ചത്. ആ മഹാപുരുഷൻ ഇന്നത്തെ പൊതുപ്രവർത്തകർക്ക് ഒരു മാതൃകയായിത്തീരട്ടെ.

(പ്രസിദ്ധീകരണം 20.09.2013)

# 17. എം.ഒ.ജോസഫ് നെടുങ്കുന്നം

എന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ച ഒരു വ്യക്തിയാണ് എം.ഒ. ജോസഫ് നെടുങ്കുന്നം. അദ്ദേഹത്തിന്റെ ഒരു ചെറുജീവചരിത്രം തയ്യാറാക്കി പ്രസദ്ധീകരിച്ചകാര്യം ആദ്യം പറഞ്ഞിട്ടുണ്ടല്ലോ. തച്ചിൽ മാത്യുതരകന്റെ ജീവ ചരിത്രം  തയ്യാറാക്കി നിലവിലുള്ള സവർണ്ണ ചരിത്രകാരന്മാർ കെട്ടിപ്പെടുത്ത ചരിത്രത്തിന്റെ കടയ്ക്കൽ ആഞ്ഞുവെട്ടുകയാണ് എം.ഒ.ജോസഫ് ചെയ്തത്. കത്തോലിക്ക കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റിയിൽ മൂന്നുവ്യാഴവട്ടക്കാലം അദ്ദേഹം അംഗമായിരുന്നു. ഒരു ടേമിൽ ജനറൽ സെക്രട്ടറിയുമായിരുന്നു. എ.കെ. സി.സി.വേദിയിൽ വച്ചാണ് ഞങ്ങൾ പരിചയപ്പെടുന്നത്.  ആ പരിചയം ഉടു മ്പൻ ചോലയിലും അമരാവതിയിലും ചുരുളികീരിത്തോട്ടും വച്ച് പുഷ്ടിപ്രാപിച്ചു.

എം.ഒ. എ.കെ.സി.സി ശക്തിപ്പെടാത്ത കാരണത്തെപ്പറ്റി ദീപികയിൽ ഒരു നീണ്ട ലേഖനം 1966-ൽ എഴുതി. ആ ലേഖനത്തിലെ പലഭാഗങ്ങളെയും എതിർത്തുകൊണ്ട് മൂന്ന് ലക്കങ്ങളിലായി നീണ്ട ഒരു ലേഖനം ഞാനും ദീപികയിൽ എഴുതി. തുടർന്ന് ഒരു ദിവസം യാദൃശ്ചികമായി കോട്ടയത്തു വച്ചു എം.ഒ.ജോസഫിനെ കണ്ടു. ഷെവ: വി.സി.ജോർജും കൂട്ടത്തിൽ ഉണ്ടാ യിരിന്നു. എന്റെ ലേഖനത്തെ പ്രശംസിച്ചുകൊണ്ട് ഷെവ: വി.സി.ജോർജും എം.ഒ.ജോസഫും എന്നോട് സംസാരിച്ചു. ഷെവ: വി.സി.ജോർജ് തുടർന്ന് പറഞ്ഞു. എം.ഒ.യുടെ ലേഖനത്തെ കച്ചിറമറ്റം വിമർശിച്ചെങ്കിലും ഭാവിയിൽ എം.ഒ.യുടെ ആരാധകനായി കച്ചിറമറ്റം മാറുമെന്ന് എനിക്കുറപ്പുണ്ട്.

ഞാൻ എ.കെ.സി.സി.ജനറൽ സെക്രട്ടറിയായിരിക്കുമ്പോൾ എം.ഒ. ജോസഫിന് കത്തോലിക്കാ കോൺഗ്രസ്സ്  ഒരു സാഹിത്യ അവാർഡ് നൽകു കയുണ്ടായി. തുടർന്ന് അദ്ദേഹത്തിന് കോട്ടയം പ്രസ് ക്ലബിൽ വച്ചും മാന്നാനം കെ.ഇ.കോളേജിൽ വച്ചും ഓരോ സ്വീകരണം നൽകി. സ്വീകരണ സമ്മേള നത്തിന് മറുപടി പറഞ്ഞുകൊണ്ട് സംസാരിക്കവേ എം.ഒ. പൊട്ടിക്കരഞ്ഞു. ആരുടെയും മുൻപിൽ കൂസാത്ത എം.ഒ.യ്ക്ക് നവജീവ പരിഷത്ത് അത്ലേത്ത ദ ഹെന്ദോ എന്ന ബഹുമതി നൽകി ആദരിച്ചു. എം.ഒ. 1976-ഏപ്രിൽ ദിവംഗ തനായി. കർദ്ദനാൾ പാറേക്കാട്ടിൽ അടക്കം വൻ ജനാവലി നെടുങ്കുന്നത്തെത്തി. അദ്ദേഹത്തിന്റെ മൃതുശരീരം നെടുങ്കുന്നം പള്ളിയിൽ പള്ളിചെലവിൽ കല്ലറ തീർത്ത് സംസ്കരിച്ചു. എം.എം. വർക്കിയുടെ ശവസംസ്കാരത്തിൽ പങ്കെ ടുത്തു തിരികെ പോരവേ നെടുങ്കുന്നം ഇടവകക്കാരെയും അന്നത്തെ അവി ടുത്തെ വികാരിയേയും ഞാൻ അനുസ്മരിച്ചു.

കേരള ഹിസ്റ്ററി കോൺഗ്രസ്സിന്റെ സ്ഥാപകനായിരുന്നു എം.ഒ.ജോസഫ്.

ഹിസ്റ്ററി കോൺഗ്രസ്സ് എം.ഒ.യുടെ പേരിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഹിസ്റ്ററി കോൺഗ്രസ്സ് സമ്മേളനത്തിൽ വച്ച് മുടക്കം കൂടാതെ അവാർഡു നൽകി വരുന്നു.

## ആശംസ - ബിഷപ്പ് മാർ മാത്യു അറയ്ക്കൽ

സ്വന്തമായി ഒന്നും നേടാനാഗ്രഹിക്കാത്ത എതിർപ്പുകളെ നേരിട്ട് വിജയപ്രഭ നേടിയ എം.ഒ. ജോസഫ് വരുംതലമുറകളുടെ മുൻപിൽ ഒരു കെടാവിളക്കായി നിലകൊള്ളുന്നതിന് ഈ ഗ്രന്ഥം സഹായമായിത്തീരും.

## പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ

"എം.ഒ.യുടെ ചിന്തകൾ യുക്തിഭദ്രമായിരുന്നു-നിർമ്മലമായ ഒരു മനഃസാക്ഷിയുടെ ഉടമയായിരുന്ന അദ്ദേഹത്തിൽ ദൈവാരൂപി സജീവമായി പ്രവർത്തിച്ചിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിലെ ഒരു സവിശേഷതയായിരുന്നു നിർഭയത്വം. എപ്പോഴും ആരുടെ മുമ്പിലും തലയുയർത്തിപ്പിടിച്ച് സംസാരിച്ചിരുന്ന അദ്ദേഹത്തെ ആദരവോടുകൂടിമാത്രമേ നമുക്ക് ഓർമ്മിക്കാൻ സാധിക്കൂ."

## ഫാ. ഹോർമീസ് സി. പെരുമാലിൽ സി.എം.ഐ.

"സാധാരണക്കാരുടെ തെറ്റുകുറ്റങ്ങൾ വെട്ടിത്തുറന്നുപറയുവാൻ പലരും തുനിഞ്ഞെന്നുവരാം. എന്നാൽ വിത്തപ്രതാപങ്ങൾകൊണ്ട് ഔന്നത്യത്തിലിരിക്കുന്ന വ്യക്തികളുടെ ധർമ്മച്യുതി അവരുടെ മുഖത്ത് നോക്കിപ്പറയാൻ പലരും ധൈര്യപ്പെട്ടെന്ന് വരില്ല. ഇക്കാര്യത്തിൽ അരണ്യനാദ കർത്താവായ എം.ഒ., സ്നാപകനെപ്പോലെ കർക്കശനും ധീരനും വിട്ടുവീഴ്ചയില്ലാത്തവനുമായ ഒരു വിമർശകനായിരുന്നു. ഈ അയവില്ലാത്ത മനോഭാവം അദ്ദേഹത്തിന് മിത്രങ്ങളെക്കാൾ ശത്രുക്കളെയും അഭിനന്ദനത്തെക്കാൾ അഭിശംസയെയുമാണ് നേടിക്കൊടുത്തതെന്നും വിസ്മരിച്ചുകൂടാ. എങ്കിലും അന്തിമ വിശകലനത്തിൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുവാനും സമൂഹം സന്നദ്ധമായി."

## സുകുമാരൻ പൊറ്റക്കാട്

" എം.ഒ. ജോസഫിന് സജീവമായ പങ്കാളിത്തമില്ലാത്ത ഒരു സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനവും പഴയകൊച്ചിയിൽ ഉണ്ടായിട്ടില്ല."

നെടുങ്കുന്നം പള്ളിവികാരിയായി ഫാ.ഫിലിപ്പ് നെൽപുരപറമ്പിൽ എത്തിയതിനുശേഷം എം.ഒ.യെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനു വേണ്ടി സജിവമായി പ്രവർത്തിക്കുന്നുവെന്ന് പറയുവാൻ ആഗ്രഹിക്കുന്നു. അതിൽ സന്തോഷമുണ്ട്.

(പ്രസിദ്ധീകരണം 26.06.2011)

# 18. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും

ദേശഭക്തൻ, സമുദായത്തിന്റെ നടുനായകൻ, സർവ്വസമുദായമൈത്രിയുടെ ദൂതൻ, ക്രൈസ്തവ പുനരൈക്യത്തിന്റെ പ്രേഷിതൻ, സാധുജനമിത്രം, വിവിധഭാഷാ പണ്ഡിതൻ, സാമൂഹ്യപരിഷ്കർത്താവ് എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തിതനായ കേരളക്രൈസ്തവരുടെ കിരീടംവയ്ക്കാത്ത രാജാവായ നിധീരിക്കൽ മാണിക്കത്തനാരെപ്പറ്റി കേൾക്കാത്തവരായി കേരളക്കരയിൽ ആരും തന്നെ ഉണ്ടാവുകയില്ല. അദ്ദേഹത്തെപ്പറ്റി എഴുതിയിട്ടുള്ള ലേഖനങ്ങളും ഗ്രന്ഥങ്ങളും വായിക്കുന്നതിൽ ചെറുപ്പംമുതലേ ഞാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ആ പ്രതിഭാശാലിയുടെ ഓരോ നീക്കങ്ങളും വായിച്ചുമനസ്സിലാക്കുമ്പോൾ അതിൽ അഭിമാനം കൊണ്ടിരുന്നു.

2004-ൽ ഫാ. ചാൾസ് പൈങ്ങോട്ട് സി.എം.ഐ രചിച്ച 'നിധീരിയച്ചൻ ചരിത്രരേഖകളിൽ' എന്ന ഗ്രന്ഥത്തിൽ ജാത്യൈക്യസംഘത്തിന്റെ നിയമാവലി(മലയാളത്തിൽ) പൂർണ്ണമായി പ്രസിദ്ധീകരിച്ചിരിക്കുന്നത് കാണുവാനിടയായി. ഏതാണ്ട് 120 വർഷം മുൻപ് തയ്യാറാക്കിയ ഈ നിയമാവലി ആധുനിക കാലഘട്ടത്തിലെ ഭരണകർത്താക്കൾക്കും പ്ലാനിംഗ് വിദഗ്ധർക്കും മാതൃകയാക്കാവുന്ന ഒരു വിലപ്പെട്ട രേഖയെന്ന് ആരും സമ്മതിക്കും. ഈ നിയമാവലിയുടെ സവിശേഷത ജനങ്ങൾ മുഴുവൻ മനസ്സിലാക്കണമെന്ന ഉദ്ദേശത്തോടെയാണ് ഈ ഗ്രന്ഥനിർമ്മാണത്തിന് ഞാൻ തയ്യാറായത്. നൂറ്റാണ്ടുകളെ പിന്നിലാക്കുന്ന ദൂരവീക്ഷണവും ഭാവനാവൈശിഷ്ട്യവും ഈ നിയമാവലിയിൽ ആദ്യന്തം പ്രകടമായി കാണുവാൻ സാധിക്കും.

ജാത്യൈക്യസംഘത്തെപ്പറ്റി വിശദമായി എഴുതുമ്പോൾ ആ പ്രസ്ഥാനത്തിന് രൂപം നൽകുന്ന കാലഘട്ടത്തെയും സഭയെപ്പറ്റിയും സഭകടന്നുപോന്ന വഴികളെപ്പറ്റിയും മാണിക്കത്തനാരുടെ നേതൃത്വത്തെപ്പറ്റിയും വ്യക്തിവൈശിഷ്ട്യത്തെപ്പറ്റിയും കൂടി പ്രതിപാദിക്കേണ്ടത് ആവശ്യമായിത്തോന്നി. ജാത്യൈക്യസംഘത്തിന്റെ തകർച്ചയ്ക്കുശേഷവും സഖ്യത്തിന്റെ ലക്ഷ്യം പ്രാവർത്തികമാക്കുവാൻ മാണിക്കത്തനാർ നടത്തിയ നിരന്തരശ്രമങ്ങളെപ്പറ്റിയും അതിന് അദ്ദേഹം നൽകേണ്ടിവന്ന കടുത്തവിലയെപ്പറ്റിയും കൂടി ഇതിൽ പ്രതിപാദിക്കേണ്ടത് ആവശ്യമായിത്തോന്നി. അങ്ങനെ ഈ ഗ്രന്ഥം ഉദ്ദേശിച്ചതിൽ വലിപ്പം കുടുതലുള്ളതായി.

## അവതാരിക-മാർ ജോസഫ് കല്ലറങ്ങാട്

മാണിക്കത്തനാർ എന്ന പ്രതിഭാശാലിയെപ്പറ്റി വരും തലമുറ പഠിക്കു

കയും അദ്ദേഹത്തിൽനിന്ന് ചൈതന്യം ഉൾക്കൊണ്ട് സഭയുടെയും രാജ്യത്തിന്റെയും പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ദൃഢപ്രതിജ്ഞയെടുക്കുകയും ചെയ്യേണ്ട സന്ദർഭമാണിത്. അതിന് ഏവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. മാണിക്കത്തനാർ രൂപം കൊടുത്ത ജാത്യൈക്യസംഘത്തിന്റെ നിയമാവലിയെ കേന്ദ്രീകരിച്ചാണ് ശ്രീ.ജോൺ കച്ചിറമറ്റം നിധീരിക്കലച്ചനും ജാത്യൈക്യസംഘവും എന്ന ഗ്രന്ഥം രചിച്ചിരിക്കുന്നത്. മാണിക്കത്തനാരുടെ ബഹുമുഖപ്രവർത്തനങ്ങളെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ജാത്യൈക്യസംഘത്തിന്റെ നിയമാവലിയിലെ ഓരോ വകുപ്പുകളെയുംപറ്റി പഠനം നടത്തി അദ്ദേഹത്തിന്റെ ഭാവനയും വിശാലവീക്ഷണവും ഈ കൃതിയിലൂടെ ജോൺ കച്ചിറമറ്റം വെളിപ്പെടുത്തിയിരിക്കുകയാണ്. 120 വർഷം മുൻപ് മാണിക്കത്തനാർ തയ്യാറാക്കിയ ആ നിയമാവലി ഒരു പ്രവാചകദൗത്യത്തോടെ തയ്യാറാക്കിയതാണെന്ന് ഈ ഗ്രന്ഥം വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും.

ഇന്ന് എക്യുമെനിസത്തിന്റെ കാലഘട്ടമാണെന്നു പറയാം. ആഗോളതലത്തിൽതന്നെ എക്യുമെനിസം അവ്യക്തമായ ഒരു വിദൂരസ്വപ്നം മാത്രമായിരുന്ന കാലത്ത് കേരളത്തിലെ എല്ലാവിഭാഗങ്ങളെയും ഒരേവേദിയിൽ അണിനിരുത്തുവാൻവേണ്ടി യത്നിച്ച മാണിക്കത്തനാരുടെ പരിശ്രമങ്ങൾ അത്ഭുതകരമായിരുന്നുവെന്ന് നമ്മുക്ക് മനസ്സിലാകും. അദ്ദേഹം രൂപീകരിച്ച ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങിയിരുന്നുവെങ്കിൽ കേരളത്തിലെ നസ്രാണി ക്രൈസ്തവരുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു.

ആധുനിക കാലഘട്ടത്തിലെ ഭരണകർത്താക്കൾക്കും പ്ലാനിംഗ് വിദ്ഗദ്ധർക്കും മാതൃകയാക്കാവുന്ന വിലപ്പെട്ട ഒരു രേഖയാണ് ജാത്യൈക്യസംഘം നിയമാവലിയെന്ന ഗ്രന്ഥത്തിലെ പരാമർശം നൂറുശതമാനം ശരിയാണെന്ന് പറയുന്നതിൽ തെറ്റില്ല.

കഴിഞ്ഞകാലസംഭവങ്ങൾ പലതും നാം വിസ്മരിച്ചു കളയുന്നു. അവ കണ്ടെത്തി ഇന്നത്തെ തലമുറയുടെ മുമ്പിൽ അവതരിപ്പിക്കുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ കേരളത്തിലെ സുറിയാനി സഭയിൽ തെളിഞ്ഞുനിന്ന നീധീരിക്കൽ മാണിക്കത്തനാരുടെ പ്രവർത്തനങ്ങളെപ്പറ്റി വെളിച്ചംവീശുന്ന ഈ ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ചരിത്ര-സാംസ്കാരിക-മതാത്മക മേഖലകളിൽ അനേകം ഗ്രന്ഥങ്ങൾ രചിച്ച ശ്രീ.ജോൺ കച്ചിറമറ്റം ഇതിനോടകം കേരളം ശ്രദ്ധിച്ച ഒരു ഗ്രന്ഥകാരനാണ്. മലയാളികൾക്ക് ഒരിക്കലും മറക്കാനാവാത്ത സംഭാവന നൽകിയ ആദർശധീരനാണ് ശ്രീ.ജോൺ സാർ. ചരിത്രത്തെ സ്നേഹിക്കുന്ന ശ്രീ.കച്ചിറമറ്റത്തിനെ ചരിത്രം ഒരിക്കലും മറക്കാതിരിക്കട്ടെ. ഗ്രന്ഥകാരന് അനുമോദനങ്ങൾ.

(പ്രസിദ്ധീകരണങ്ങൾ 28.12.2007)

# 19. തടവറയിലെ വടക്കനെച്ചൻ

കേരളം കണ്ട ഏറ്റം വലിയ വിവാദ പുരുഷനായിരുന്നു വടക്കനെച്ചൻ. ഫാ.വടക്കന്റെ പ്രസംഗം എവിടെയുണ്ടെന്ന് കേട്ടാലും കേൾക്കാൻ ഞാൻ പോകുമായിരുന്നു. ഉടുമ്പൻചോല കുടിയിറക്കും അമാരവതിയിലെ കുടിയിരുത്തും കേരളത്തിലെ ഒരു പ്രധാനവാർത്തായായിരുന്നു. ഫാ.വടക്കൻ അമരാവതിയിൽ എത്തുമ്പോൾ ഞാനവിടെയുണ്ടായിരുന്നു. അവിടെ വച്ചാണ് വടക്കനെച്ചനുമായി അടുത്തിടപഴകുന്നത്. അവിടെ ആരംഭിച്ച സൗഹൃദം 1998-ൽ അദ്ദേഹം മരണമടയുന്നതുവരെ നിലനിന്നു. ഈ കാലഘട്ടത്തിനിടയിൽ രണ്ടു പ്രശ്നങ്ങളിൽ ഞങ്ങൾ തമ്മിൽ വ്യത്യസ്ത ചേരിയിൽ നിന്ന് പ്രവർത്തിക്കേണ്ടിവന്നു. 1972-ലെ കോളേജു സമരത്തെ ഫാ. വടക്കൻ എതിർത്തപ്പോൾ കോളേജ് സമരത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ എനിക്കിടവന്നു. 1975-ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ വടക്കനെച്ചൻ വെയ്റ്റ് ആൻഡ്സി നയം പ്രഖ്യാപിച്ചപ്പോൾ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിക്കുകയാണ് ഞാൻ ചെയ്തത്. ഈ രണ്ടുപ്രശ്നങ്ങളിൽ ഞങ്ങൾ വ്യത്യസ്ത ചേരികളിലായിരുന്നുവെങ്കിലും ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിന് ഒരിക്കലും കോട്ടം തട്ടിയിട്ടില്ല. അവസാനനാളുകളിൽ അദ്ദേഹം നടത്തിയ മദ്യത്തിനെതിരായി നടന്ന വാഹനജാഥയ്ക്ക് ഇടുക്കി ജില്ലയിലും കോട്ടയം ജില്ലയിലും ക്രമീകരണങ്ങൾ ചെയ്തത് ഞാനായിരുന്നു. തിരുവനന്തപുരത്ത് സമാപന സമ്മേളനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തതും ഞാൻ തന്നെ. ആദിവാസി നിയമത്തിന്റെ പേരിൽ ആദിവാസികളെ കുടിയിറക്ക് നടത്താൻ നീക്കങ്ങൾ ആരംഭിച്ചപ്പോൾ മലയോര കർഷകഫെഡറേഷൻ രൂപീകരിച്ചുകൊണ്ട് രംഗത്തുവന്നപ്പോൾ വടക്കനെച്ചനെ ഫെഡറേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ആ ഫെഡറേഷന്റെ വൈസ് പ്രസിഡന്റായിരുന്നു ഞാൻ.

ഏതാണ്ട് നാലുദശവർഷക്കാലം ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചു. ഇതിനിടയിൽ അദ്ദേഹത്തെ എതിർക്കുവാൻ പല കാരണങ്ങളും കണ്ടെത്താൻ പലരും ശ്രമിച്ചു. അപ്പോഴൊക്കെ അചഞ്ചലനായി നിലകൊള്ളാൻ എനിക്കു സാധിച്ചു.

ഫാ.വടക്കന്റെ സമ്പൂർണ്ണ ജീവചരിത്രം തയ്യാറാക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. അതിനുള്ള മാറ്റർ ശേഖരിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു. അദ്ദേഹം ആരംഭിച്ച തൊഴിലാളി പത്രത്തിന്റെ കോപ്പികൾ പോലും ഉപയോഗശൂന്യമായി മാറി കഴിഞ്ഞു. ഫാ.വടക്കനെ കേന്ദ്രീകരിച്ച് ഏതാനും ഗ്രന്ഥങ്ങൾ രചിക്കണമെന്ന ആഗ്രഹം നിലനിന്നു. അതിന്റെ ഫലമായിട്ടാണ് തടവറയിലെ വടക്കനെച്ചൻ എന്ന ഗ്രന്ഥം രചിച്ചത്. ഫാ.വടക്കനെ പൊതുപ്രവർത്തനത്തിൽ നിന്നും നിരോധിച്ചുകൊണ്ട് കുരിയച്ചിറ പള്ളി വികാരിയായി നിയമിച്ചു. ആ

കാലഘട്ടം ഫാ.വടക്കന്റെ പ്രവർത്തനമേഖലയിലെ ഐശ്വര്യപൂർണ്ണമായിരുന്നു. തടവറയിൽ കിടന്നുകൊണ്ട് ഫാ.വടക്കൻ നടത്തിയ അഭിമാനകരമായ കാര്യങ്ങളാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്.

## ആമുഖം

ഈ ഗ്രന്ഥത്തിൽ വടക്കനച്ചന്റെ ജീവിതരേഖകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

നമ്മുടെ പ്രിയങ്കരനായ നെഹ്റുവിനെ ബ്രിട്ടീഷുകാർ ജയിലിലടച്ചു. അതുകൊണ്ടാണ് 'ഇന്ത്യയെ കണ്ടെത്തൽ' എന്ന കൃതി രചിക്കാൻ ഇടയായത്. അദ്ദേഹത്തെ കാരാഗൃഹത്തിലടച്ചില്ലായിരുന്നെങ്കിൽ ആ മഹത്തായ കൃതി വെളിച്ചം കാണുകയില്ലായിരുന്നു. പൊഖ്റാൻ ടെസ്റ്റിനുശേഷം അമേരിക്കയും എന്തിന് റഷ്യയും വരെ BARO, ISRO, DRDO തുടങ്ങിയ സ്ഥാപനങ്ങളിൽ ഉപരോധം ഏർപ്പെടുത്തിയിരുന്നു. വാസ്തവത്തിൽ ആ ഉപരോധങ്ങൾ നമ്മെ ഈ രംഗത്ത് സ്വയംപര്യാപ്തരാകാൻ സഹായിക്കുകയാണ് ചെയ്തത്. കാലാവസ്ഥാ പ്രവചനത്തിലും വാർത്താവിനിമയത്തിനും വേണ്ടിയാണ് നമ്മൾ സൂപ്പർ കംപ്യൂട്ടറുകൾക്ക് അമേരിക്കയെ സമീപിച്ചത്. ഉപരോധത്തിന്റെ ഭാഗമെന്ന നിലയിൽ അവർ അത് നിരസിച്ചു. ഈ തിരസ്കരണത്തിൽനിന്നുമാണ് 'പരം' പോലുള്ള സൂപ്പർ കംപ്യൂട്ടറുകൾ വികസിപ്പിച്ചെടുക്കാൻ നമുക്കു സാധിച്ചത്. റഷ്യപോലും ക്രിയോജനിക് എഞ്ചിനുകൾ തരാൻ വിസമ്മതിച്ചപ്പോഴാണ് നമ്മളിവിടെ സ്വന്തമായി അതു നിർമ്മിച്ചെടുത്തത്. അമേരിക്കയുടെയും റഷ്യയുടെയും ഉപരോധം ആണവ- ബഹിരാകാശ രംഗങ്ങളിലെല്ലാം സ്വയം പര്യാപ്തത നേടുവാൻ നമ്മെ സഹായിച്ചു. ആ ഉപരോധങ്ങൾ നമ്മെ വിജയത്തിലേക്കാനയിച്ചു.

കേരളത്തിൽ ഫാ. വടക്കൻ എന്നും ഒരു വിവാദപുരുഷനായിരുന്നു. ഫാ. വടക്കനെ കുരിയച്ചിറപള്ളി വികാരിയായി നിയമിച്ചത് അദ്ദേഹത്തെ രാഷ്ട്രീയ-സാമൂഹികപ്രവർത്തനങ്ങളിൽനിന്നും അകറ്റി നിർത്തുന്നതിനു വേണ്ടിയായിരുന്നു. എല്ലാം നന്മയ്ക്കുവേണ്ടിയാണ് സംഭവിക്കുക. ഫാ. വടക്കൻ കുരിയച്ചിറ പള്ളി വികാരി എന്ന നിലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംരംഭങ്ങൾ ഇടവക വൈദികന്റെ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാനം ദൃശ്യമാക്കി.

ഇടവകയിലെ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ രൂപവും ഭാവവും നൽകുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇടവകയിലെ കത്തോലിക്കരുടെ മാത്രമല്ല ഇടവകാതിർത്തിയിലുള്ള സകല ജനത്തിന്റെയും സമഗ്രപുരോഗതി ലക്ഷ്യമാക്കി അദ്ദേഹം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ലോകത്തിനു മുഴുവൻ ഒരു പുതിയ വെളിച്ചം പകർന്നു നൽകി. സംഭവബഹുലമായ പ്രസ്തുത പ്രവർത്തനങ്ങളെപ്പറ്റിയാണ് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നത്.

(പ്രസിദ്ധീകരണം 30.12.2008)

# 20. അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ - ഒന്നാം ഭാഗം

സമൂഹത്തിന് നന്മചെയ്തു കടന്നുപോയ നിരവധി വ്യക്തികളുണ്ട്. അതിനുസാക്ഷ്യം വഹിച്ച പല സംഭവങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളുമുണ്ട്. അത് പുതിയ തലമുറയുടെ മുൻപിൽ അവതരിപ്പിച്ച് അവരെ ആദർശധീരരായി വളരുവാൻ പ്രചോദനം നല്കണമെന്ന ഉദ്ദേശത്തോടെയാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

ഞാൻ ഒരു യോഗത്തിൽ പ്രസംഗിക്കവേ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്ന രാമൻ ഇളയതിന്റെയും റ്റി.കെ. മാധവന്റെയും അന്ത്യനാളുകളെപ്പറ്റി വിശദീകരിക്കുകയുണ്ടായി. അതുപോലെതന്നെ സത്യസന്ധതക്ക് മുൻതൂക്കം നല്കി പ്രവർത്തിച്ച ഐ.സി. ചാക്കോയുടെയും എ.ജെ. ജോണിന്റെയും കെ.എം. ചാണ്ടിയുടെയും ആർ.വി.തോമസിന്റെയും ജീവിതത്തിലെ ചില അനർഘനിമിഷങ്ങളെപ്പറ്റിയും സംസാരിക്കുകയുണ്ടായി. എന്റെ പ്രസംഗം കേട്ട എന്റെ ചെറുമക്കൾ ജോൺസും മരിയയും രാമൻ ഇളയതിന്റെയും റ്റി. കെ. മാധവന്റെയും ഒക്കെ ജീവിതകഥകൾ കേട്ട് ഇതുപോലുള്ള ജീവിതകഥകളും സംഭവങ്ങളും ചേർത്ത് ഒരുപുസ്തകം രചിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ ഗ്രന്ഥരചനയ്ക്ക് എനിക്ക് പ്രേരണയായത് അവരുടെ വാക്കുകളാണ്.

## അവതാരിക - ഡോ. സിറിയക് തോമസ്

ഡോ.സിറിയക്ക് തോമസ് ഇ ഗ്രന്ഥത്തിനു എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

“കത്തോലിക്കാ സമുദായത്തിന് കേരളത്തിൽ ഒട്ടേറെ നേതാക്കളുണ്ടായിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസിന് ഒട്ടനവധി പ്രസിഡന്റുമാരും. പലരും ഓരോ വിധത്തിൽ ചരിത്രം സൃഷ്ടിച്ചവരുമാണ്. സഭാരംഗത്തും സമുദായത്തിലും രാഷ്ട്രീയമേഖലകളിലും അധികാരമണ്ഡലങ്ങളിലുമൊക്കെ സ്വന്തപാദമുദ്രകൾ പതിച്ചവരാണ് അവരിൽ പലരും. എന്നാൽ അവരിലൊരാളായി നില്ക്കുമ്പോഴും എന്നും അവരിൽ നിന്നെല്ലാം വ്യത്യസ്തത പുലർത്തിയ നേതാവാണ് ശ്രീ. ജോൺ കച്ചിറമറ്റം. കാൽനൂറ്റാണ്ടുകാലം കത്തോലിക്കാ കോൺഗ്രസിന്റെ ജനറൽസെക്രട്ടറിയും പിന്നീടു എ.കെ.സി.സി.യുടെ പ്രസിഡന്റുമായിത്തീർന്ന കച്ചിറമറ്റം സാർ ഒരിക്കലും അധികാര രാഷ്ട്രീയത്തിന്റെ ആകർഷണവലയത്തിൽ വീണില്ല എന്നതു നമുക്കു അത്ഭുതകരമായ ഒരു വ്യത്യസ്താനുഭവമാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ നെടുംതൂണുകളാ

യിരുന്ന പലരും പാർലമെന്റിലേക്കും നിയമസഭയിലേക്കുമൊക്കെ മത്സരിച്ചപ്പോഴും ശ്രീ. കച്ചിറമറ്റം തനിക്കു ഒന്നിലേറെ തവണ വാഗ്ദാനം ചെയ്യപ്പെട്ട നിയമസഭാ സ്ഥാനാർത്ഥിത്വം നിരാകരിക്കുകയായിരുന്നു.

രാഷ്ട്രീയമല്ല തന്റെ 'സ്വക്ഷേത്ര' മെന്നു തിരിച്ചറിഞ്ഞു ശ്രീ. കച്ചിറമറ്റം. എന്നാൽ രാഷ്ട്രീയ വിഷയങ്ങളിൽ നിന്നും ഒരിക്കലും വിട്ടുനിന്നിട്ടുമില്ല. വിവാദവിഷയങ്ങൾ രാഷ്ട്രീയത്തിൽ കോളിളക്കങ്ങൾ സൃഷ്ടിച്ച സന്ദർഭങ്ങളിലൊക്കെ ജോൺസാർ സജീവമായി ഇടപെട്ടിരുന്നുവെന്നു മാത്രമല്ല സമുദായ താല്പര്യങ്ങളെ അടിസ്ഥാനമാക്കി ശക്തമായി പ്രതികരിക്കുവാനും മടിച്ചിട്ടില്ല. ആരുടെയും പ്രീതിയോ അപ്രീതിയോ സ്വന്തനിലപാടുകളിൽ നിന്നും ഒരിക്കലും അദ്ദേഹത്തെ വ്യതിചലിപ്പിച്ചിട്ടുമില്ല.

ബഹുമാനപ്പെട്ട ജോൺ കച്ചിറമറ്റം സാറിന്റെ സവിശേഷത അദ്ദേഹം ഒരേസമയം നല്ല അദ്ധ്യാപകനും നല്ല സംഘാടകനും നല്ല പ്രഭാഷകനും നല്ല എഴുത്തുകാരനുമായി എന്നതാണ്. ചരിത്രവും ചരിത്രപുരുഷന്മാരും എന്നും കച്ചിറമറ്റം സാറിന്റെ ബലഹീനതകളാണ്. പ്രസ്ഥാനങ്ങളുടെയും പ്രക്ഷോഭണങ്ങളുടെയും ചരിത്രം ജോൺസാറിന് മനഃപാഠമാണ്. കർദ്ദിനാൾമാരുടെയും മെത്രാന്മാരുടെയും സഭാനേതാക്കന്മാരുടെയും രാഷ്ട്രീയ പ്രമുഖരുടെയുമൊക്കെ ജീവിത കഥകളും ജോൺസാറിന് ഹൃദിസ്ഥം തന്നെ. കച്ചിറമറ്റം സാറിനെപ്പോലെ കാര്യങ്ങളറിയാവുന്നവർ വേറെയും ഉണ്ടാകാം. എന്നാൽ അതൊക്കെ എഴുതാനറിയാവുന്നവർ ജോൺസാറിനെപ്പോലെ അധികമുണ്ടാവുകയില്ല. സത്യങ്ങൾ തുറന്നെഴുതാൻ ധൈര്യപ്പെട്ടവരും ചുരുക്കമേയുള്ളു.

ജോൺകച്ചിറമറ്റംസാർ ഗ്രന്ഥങ്ങളെഴുതുന്നതു അദ്ദേഹത്തിന് കാലത്തോടും ചരിത്രത്തോടും താൻ ജനിച്ചു, ജീവിച്ച സമൂഹത്തോടും തനിക്കൊരു കടമയുണ്ടെന്ന ഉറച്ച ഉത്തമബോദ്ധ്യത്തിൽ നിന്നാണ്. ചരിത്രത്തോടുള്ള ഗ്രന്ഥകാരന്റെ ഈ പ്രതിബദ്ധതയാണ് അദ്ദേഹത്തിന്റെ എല്ലാഗ്രന്ഥങ്ങളുടെയും അടിസ്ഥാനചോദന. എണ്ണമറ്റ ഗ്രന്ഥങ്ങളാണ് കച്ചിറമറ്റം സാർ രചിച്ചിട്ടുള്ളത്. ആ ലിസ്റ്റിലെ പുതിയ ഗ്രന്ഥങ്ങളിലൊന്നാണ് അവിസ്മരണീയ വ്യക്തികൾ– അപൂർവ്വ സംഭവങ്ങൾ എന്ന പുസ്തകം. അതിന്റെ ഒന്നാംഭാഗമാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. ഒരു സ്ക്രീനിലെന്നപോലെയാണ് കടന്നുപോയ മഹാരഥന്മാരും ചരിത്രസംഭവങ്ങളും ഈ ഗ്രന്ഥത്തിലൂടെ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. സംഭവങ്ങളുടെ കാലഗണനയിലും വിശദാംശങ്ങളിലും മാത്രമല്ല നേതാക്കളുടെ സ്വഭാവാവലോകനത്തിലും ഗ്രന്ഥകാരൻ പുലർത്തുന്ന സൂക്ഷ്മത പ്രശംസനീയമെന്നു പറയേണ്ടതുണ്ട്. കച്ചിറമറ്റം സാറിന്റെ ഒരു സവിശേഷതയും ഈ സൂക്ഷ്മത തന്നെ.

സമൂഹത്തിൽ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും വിധേയരായവരെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽ ഗ്രന്ഥകാരൻ പ്രകടിപ്പിക്കുന്ന സത്യബോധവും ധൈര്യവും എടുത്തുപറയാതെയും തരമില്ല.

കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ കേരളീയ സമൂഹത്തെ സ്വാധീനിച്ചിട്ടുള്ള സംഭവങ്ങളും ജീവിതത്തിന്റെ വ്യത്യസ്തമേഖലകളിൽ മുദ്രപതിപ്പിച്ച നേതാക്കളുമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയം. വ്യക്തികളെക്കുറിച്ചു പറയുമ്പോൾ, പറയുന്ന കാര്യങ്ങൾക്കു പിൻബലമെന്നോണം അവരെക്കുറിച്ചു സമൂഹമറിയുന്ന സമകാലികരുടെ അഭിപ്രായങ്ങളും ചേർത്തിരിക്കുന്നു. കഴിഞ്ഞതലമുറയിലെ ത്യാഗമൂർത്തികളായ അനവധി നേതാക്കളെക്കുറിച്ചു ഗ്രന്ഥകാരൻ നല്കുന്ന വിവരങ്ങൾ യുവതലമുറക്കു മുൻകാലങ്ങളെക്കുറിച്ചു അറിവിന്റെ പുതിയ വാതായനങ്ങൾ തുറക്കുന്ന അനുഭവമാണ് പ്രദാനം ചെയ്യുന്നത്.

എഴുപത്തിയഞ്ചുവയസ്സിലെത്തുമ്പോഴും ബഹുമാനപ്പെട്ട ജോൺ കച്ചിറമറ്റം അക്ഷരദേവതയ്ക്കു മുന്നിൽ നിത്യപൂജയിലാണ് എന്നതുതന്നെ ഒരേ സമയം നമുക്കു അത്ഭുതവും അനുഗ്രഹവുമാണ്. ദൈവത്തിലും മൂല്യങ്ങളിലും മുറുകെപ്പിടിച്ചുകൊണ്ടാണ് കച്ചിറമറ്റം സാർ അദ്ദേഹത്തിന്റെ എല്ലാ രചനകളും നിർവഹിച്ചിട്ടുള്ളത്. ബോദ്ധ്യമില്ലാത്തതൊന്നും ജോൺസാർ ഇന്നുവരെ പറഞ്ഞിട്ടില്ല. ബോദ്ധ്യമുള്ളതു പറയുവാൻ മടിച്ചിട്ടുമില്ല. ഗ്രന്ഥകാരന്റെ എല്ലാ രചനകളും സത്യസന്ധമാണെന്നതാണു കച്ചിറമറ്റം സാറിന്റെ ഗ്രന്ഥങ്ങളുടെ സവിശേഷത.

നമ്മുടെ ചരിത്രഖനിയിലെ വിസ്മൃതിയിലാണ്ടുപോയ അനവധി വിശിഷ്ട രത്നങ്ങളെയാണ് ജോൺസാർ ഈ ഗ്രന്ഥത്തിലൂടെ നമ്മുടെ കാഴ്ചയിലേക്കു കൊണ്ടുവരുന്നത്. ഓരോന്നും വ്യത്യസ്ത ശോഭയുള്ള രത്നങ്ങളുമാണ്. വില തീരാത്ത രത്നങ്ങളെ ഖനനം ചെയ്തെടുത്ത ഗ്രന്ഥകാരനോടു എല്ലാ വായനക്കാരെയും കച്ചിറമറ്റം സാർ കടപ്പെടുത്തിയിരിക്കുന്നു. എല്ലാവർക്കും വേണ്ടി ജോൺ സാറിനോടു നന്ദി പറയുക എന്നതാണെന്റെ കടമയെന്നും ഞാൻ തിരിച്ചറിയുന്നുണ്ട്. ഈ അവതാരികയിലുടെ നിർവ്വഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നതും മറ്റൊന്നുമല്ല.

ഇത്രയേറെ മഹത്ജീവിതങ്ങളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും ഇതുപോലെ ആധികാരികമായി എഴുതുവാൻ കച്ചിറമറ്റം സാറിനേ കഴിയൂ.

ജോൺസാറിനു അഭിനന്ദനം വായനക്കാർക്കു ആശംസകളും.

(പ്രസിദ്ധീകരണം 20.09.2012)

# 21. അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ – രണ്ടാം ഭാഗം

അവിസ്മരണീയ വ്യക്തികൾ അപൂർവ്വസംഭവങ്ങൾ എന്ന പേരിൽ ഒരു പുസ്തകം 2012 സെപ്റ്റംബറിൽ ഞാൻ പ്രസിദ്ധീകരിക്കുകയുണ്ടായി. ഒന്നാംഭാഗമായിരുന്നു അത്. ആ പുസ്തകത്തിന്റെ രണ്ടാംഭാഗം ഉടനെതന്നെ പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. അതിപ്പോഴാണ് സാധിക്കുക.

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സംഭാവനകൾ നല്കിയ മഹാന്മാർ പലരും ഇന്ന് വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ പല പ്രസ്ഥാനങ്ങളും. അവയെപ്പറ്റിയെല്ലാം വിസ്തരിച്ച് ലേഖനങ്ങളോ ഗ്രന്ഥങ്ങളോ പ്രസിദ്ധീകരിക്കുന്നത് ഉചിതമാണ്. അതു സാധിച്ചെന്നു വരുകയില്ല. അതുകൊണ്ടാണ് പല മഹാന്മാരുടെയും ജീവിതത്തിലെ ചില സംഭവങ്ങൾ മാത്രം എടുത്തുകാണിച്ച് അവരെ സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കുവാനുള്ള ശ്രമം നടത്തിയത്. അവിസ്മരണീയ വ്യക്തികൾ അപൂർവ്വസംഭവങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തിൽ ചേർത്ത പല വ്യക്തികളെപ്പറ്റിയും സംഭവങ്ങളെപ്പറ്റിയും ഉള്ള വിവരണങ്ങൾ പലർക്കും ഇഷ്ടപ്പെട്ടെന്ന് മനസ്സിലായി. അവരിൽ പലരെപ്പറ്റിയും ഉള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ വളരെയധികം യുവജനങ്ങൾ ടെലഫോണിൽകൂടി ബന്ധപ്പെടുകയും ചെയ്തു. ഒന്നാംഭാഗത്തിൽ രാമൻ ഇളയതിനെപ്പറ്റിയും ടി.കെ. മാധവനെപ്പറ്റിയുമുള്ള വിവരങ്ങൾ ആകാംക്ഷയോടെയാണ് പലരും വായിച്ചതെന്ന് അറിയുവാനും സാധിച്ചു.

വരും തലമുറയ്ക്ക് പ്രചോദനമാകേണ്ട പല വ്യക്തികളെയും സംഭവങ്ങളെയുമാണ് ഈ രണ്ടാംഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നത്. കുറ്റങ്ങളും കുറവുകളും എല്ലാവരിലും കണ്ടെന്നു വരാം. ആ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിച്ച് അവരെ പൊതുസമൂഹത്തിൽ നിന്നും അകറ്റി നിർത്തുവാനല്ല, മറ്റുള്ളവർക്ക് മാതൃകയാകാവുന്ന നല്ല കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാനാണ് ഈ ഗ്രന്ഥത്തിൽ ശ്രമിച്ചിരിക്കുന്നത്. എല്ലാവരിലും നന്മയുടെ അംശങ്ങൾ ധാരാളമുണ്ട്. അവ കണ്ടെത്തി അവരെ ആദരിക്കുകയാണ് ചെയ്യേണ്ടത്.

മഹാത്മജിയുടെ ചരിത്രം നാം കാണുന്നുണ്ട്. ഒരു നീളൻവടിയും കുത്തിപ്പിടിച്ച് ഒരു ഷാളും പുതച്ച് നടന്നു നീങ്ങുന്ന മഹാത്മജി. അർദ്ധനഗ്നനായ ഫക്കീർ. അതേപ്പറ്റി നാം ആരും അധികം ചിന്തിക്കാറില്ല. എന്നാണ് ഗാന്ധിജിയിൽ ഈ മാറ്റം സംഭവിച്ചത്. കോട്ടും പാന്റും ധരിച്ച് ടൈ കെട്ടിയ ഒരു

ഗാന്ധിയെയാണ് അരനൂറ്റാണ്ടുകാലം നാം കണ്ടത്. അതിന് ഒരു മാറ്റം വരുത്തിയത് 1925-ൽ ഒരു മലയാളിയുടെ വീട്ടിൽ വച്ചാണ് അത് നമ്മളിൽ എത്ര പേർക്കറിയാം? ആ മലയാളി ആരാണ്?

## അവതാരിക– ഡോ. സാബു ഡി. മാത്യു

കാലം എന്നത് അത്ഭുതകരമായ ഒരു പ്രവാഹമാണ്. മനുഷ്യജീവിതത്തിലെ ഹ്രസ്വമായ വർഷങ്ങൾ പ്രപഞ്ചത്തിന് വെറും ഒരു കണിക മാത്രം. ഓരോ മനുഷ്യനും തന്റെ ജീവിതത്തിലൂടെ സുന്ദരമായ പ്രപഞ്ചശില്പം തീർക്കുകയാണെന്ന് പറയാറുണ്ട്. ശില്പികൾ കല്ലിലും തടിയിലും ലോഹത്തിലുമൊക്കെ ആഴത്തിൽ കോറിയിടുമ്പോഴാണല്ലോ ശില്പങ്ങൾ രൂപപ്പെടുന്നത്. ചരിത്രമാകുന്ന അസംസ്കൃത വസ്തു ഉപയോഗിച്ച് മനോഹരമായ ശില്പഗ്രന്ഥങ്ങൾ തീർക്കുന്നതിൽ എന്നും മികവു കാണിച്ചു പോന്നിട്ടുള്ള ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ ഏറ്റവും പുതിയ ഗ്രന്ഥമാണ്. 'അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ'രണ്ടാംഭാഗം.

ആധുനിക സമൂഹത്തിൽ ആളുകളെ കുറ്റപ്പെടുത്തുവാനും വിധിക്കുവാനും മുതിരുന്ന അനേകരുണ്ട്. ദൃശ്യമാധ്യമങ്ങൾ സജ്ജനങ്ങളെപ്പോലും ക്രൂരമായി പരിഹസിക്കുകയും അന്യായവിധി തീർപ്പുകൾക്ക് സാഹചര്യമൊരുക്കുകയും ചെയ്യുന്ന ഇക്കാലത്ത് മറ്റുള്ളവരിലെ നന്മകളെ അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന വ്യക്തി ആരായാലും അത് അദ്ദേഹത്തിന്റെ നന്മയുടെ ബഹിർസ്ഫുരണമെന്നത് സമ്മതിക്കാതെ വയ്യ. അതിനാൽത്തന്നെ ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ ഗ്രന്ഥം പ്രശംസയർഹിക്കുന്നു. പ്രകാശം പരത്തുന്നവരെ അവതരിപ്പിക്കുന്നതിലൂടെ സ്വയം ഒരു പ്രകാശമാകുവാനും അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു.

പാലാ രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ ദൈവശാസ്ത്ര വിശാരദത്വം വിളിച്ചോതുന്നതാണ് ആദ്യ ലേഖനം. പൗരസ്ത്യ സഭയിലെ പ്രശസ്തരും പ്രഗത്ഭരുമായിരുന്ന മൂന്നുദൈവശാസ്ത്രജ്ഞന്മാരെപ്പോലെ ആധുനികരായ മൂന്നു ദൈവശാസ്ത്രജ്ഞരെയാണ് ഈ ഗ്രന്ഥത്തിൽ ആദ്യം അവതരിപ്പിക്കുന്നത്. റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിലെ ദൈവശാസ്ത്ര തർക്കങ്ങൾ തീർക്കുവാൻ സീറോ-മലബാർ സഭയിലെ ഒരു മെത്രാനായ മാർ ജോസഫ് കല്ലറങ്ങാട്ടിനെ മാർപാപ്പാ നിയമിച്ചപ്പോൾ തന്റെ മാതൃസഭയ്ക്കുണ്ടായ നേട്ടത്തിൽ സഭാതാരമായ ജോൺ കച്ചിറമറ്റത്തിനുണ്ടായ സന്തോഷവും നമുക്ക് ദൃശ്യമാകും.

വ്യക്തികളിലേക്കും സംഭവങ്ങളിലേക്കുമുള്ള ഒരു പ്രവേശിക എന്ന നിലയിൽ ഈ ഗ്രന്ഥത്തിന് പ്രചുര പ്രചാരം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

(പ്രസിദ്ധീകരണം 28.12.2013)

# 22. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ

എന്റെ പ്രിയസഹോദരൻ ഡോ.കച്ചിറമറ്റം പാലാ രൂപതക്ക് വേണ്ടിയാണ് അഭിഷിക്തനായത്. പാലാരൂപതയിൽ പ്രവർത്തനം ആരംഭിച്ച അദ്ദേഹം ബൽഗാം രൂപതയിലും ആഫ്രിക്കയിലെ മഞ്ചക്കോസ്രൂപതയിലും അമേരിക്കയിലെ ന്യുയോർക്ക് ഡൻവർ രൂപതകളിലും സേവനം അനുഷ്ഠിച്ചു. അദ്ദേഹം നീലൂർ സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നപ്പോൾ എസ്.എസ്. എൽ .സി പരിക്ഷയിൽ നൂറു ശതമാനം വിജയം തുടർച്ചയായി നേടുവാൻ സാധിച്ചു. സ്പോർട്സിലും ഗെയിംസിലും ജില്ലാതലത്തിൽ ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കി. ബൽഗാം രൂപതയിലും വിദ്യാഭ്യാസരംഗത്താണ് പ്രധാനമായി പ്രവർത്തിച്ചത്. ബൽഗ്രാം ഹുബ്ലി സ്കുളുകളെയും സംസ്ഥാനതലത്തിൽ പ്രമുഖ വിദ്യാലയം ആക്കി തീർക്കാൻ സാധിച്ചു.

ഈ ഗ്രന്ഥത്തിൽ B.Winnes തയ്യാറാക്കിയ chronicles st.xavier H school എന്ന രേഖ പ്രസിദ്ധികരിച്ചിട്ടുണ്ട്. അത് ഡോ.കച്ചിറമറ്റത്തിന്റെ പ്ലാനും പദ്ധതിയും മനസ്സിലാക്കാൻ സാധിക്കും. ആഫ്രിക്കയിൽ ഏതാണ്ട് 24 മിഷൻ സ്റ്റേഷനുകളാണ് അദ്ദേഹത്തിന്റെ സേവനപരിധിയിൽ ഉണ്ടായിരുന്നത്. വൈദ്യുതിയും ഫോണും ഒന്നുമില്ലാതിരുന്ന ആഫ്രിക്കൻ ജീവിതം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തുവെന്ന് പറയാം. ആഫ്രിക്കയിൽ നിന്നും പോരുമ്പോൾ ഈ ഇടവകക്കാരാനായ ഫാ. മാത്യു മുതുപ്ലാക്കൽ ഏതാനും നാൾ അമേരിക്കയിൽ താമസിച്ചുപോകാമെന്ന് അഭിപ്രായപ്പെട്ടു. ഡോക്ടർമാരുടെ നിർദ്ദേശാനുസരണം ഡൻവർ തന്റെ പ്രവർത്തന മണ്ഡലമാക്കി കൊളറാഡോയിലെ സാമൂഹ്യസംസ്കാരിക രംഗങ്ങളിലെ സജീവ പ്രവർത്തകനായി മാറി. അമേരിക്കയിൽ നിന്നും തിരിച്ചെത്തിയ അച്ചൻ പാലാ അരുണാപുരം പള്ളി വികാരിയായി നിയമിതനായി. പള്ളിപണി നടന്നുകൊണ്ടിരിക്കെ 1993 മാർച്ച് 27-ന് നിര്യാതനായി.

മരണാനന്തരം അദ്ദേഹത്തിന്റെ റിക്കാർഡുകൾ മുഴുവൻ പരിശോധിച്ചപ്പോൾ അദ്ദേഹം കേരളത്തിലും വിദേശങ്ങളിലും ആയിരുന്നപ്പോൾ പള്ളികളിലും യുണിവേഴ്സിറ്റികളിലും വിവിധ സമ്മേളനങ്ങളിലും നടത്തിയ പ്രസംഗങ്ങളും അവതരിപ്പിച്ച പ്രബന്ധങ്ങളും കാണുവാനിടയായി. ആ പ്രസംഗങ്ങളും പ്രബന്ധങ്ങളും പുസ്തകരൂപത്തിൽ പ്രസദ്ധീകരിക്കണമെന്ന് പലരും അഭിപ്രായപ്പെട്ടു. ഒൻപതു വാല്യങ്ങളിലായി അവയെല്ലാം പ്രസദ്ധീകരിച്ചു. ആ പുസ്തകം പ്രസദ്ധീകരിക്കുമ്പോൾ മറ്റൊരു നിർദേശവും ഉയർന്നുവന്നു. അച്ചന്റെ ഒരു ജീവചരിത്രംകൂടി പ്രസദ്ധീകരിക്കണമെന്ന്. അച്ചനുമായി അടു

ത്തിടപെട്ടിട്ടുള്ളവരുടെ ലേഖനവുംകൂടി ഉൾപ്പെടുത്തിയതാണ് ഡോ. കച്ചിറ മറ്റം ചരിത്രസ്മൃതികൾ എന്ന ഗ്രന്ഥം. ഈ ഗ്രന്ഥം തയ്യാറാക്കുന്നതിന് ഗൗര വമായപങ്ക് വഹിക്കേണ്ടി വന്നില്ല. അച്ചന്റെ സുഹൃത്തുകളും സഹപ്രവർത്ത കരുമാണ് ഈ ഗ്രന്ഥം നിർമ്മിച്ചതിൽ പ്രധാന പങ്കുവഹിച്ചത്.

**Most Rev.Dr.J. Francis Stafford**, Arch Biship of Denver USA

ഡൻവർ അതിരൂപതയുടെ മെത്രപ്പോലീത്ത പാലാ രൂപതാമെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിന് എഴുതിയ കത്തിൽ Fr.Augustine has shown himself to be a fine priest here in the Archdiocese of Denver..... we are grateful for having had the opportunity to benefit from that Father's ministry here...

**Prof. K.M.Chandy** Former Governor

Dr.Augustine's speeches exude his pride in our glorious heritage, his confidence in our present strength, his delved deep into the past to understand the strength and magnificence of our cultural mosaic

**Les Fitzgerald-Colorado**

........you will never know how you have enriched our lives. We will never forget you...

## ആശംസ -കാർഡിനൽ മാർ ജോർജ്ജ് ആലഞ്ചേരി

ദിവംഗതനായ റവ. ഫാ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പൗരോഹിത്യ കനകജൂബിലി വർഷത്തോടനുബന്ധിച്ച് 'റവ. ഡോ. അഗസ്റ്റിൻ കച്ചിറ മറ്റം-ചരിത്രസ്മൃതികൾ' എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്. ഇന്ത്യയിലും ആഫ്രിക്കയിലും അമേരിക്കയിലും നിസ്തന്ദ്രമായ പ്രേക്ഷിത പ്രവർത്തനം നടത്തിയ കച്ചിറമറ്റം അച്ചന്റെ ജീവചരിത്രവും, എഴുതിയ പുസ്തകങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളുമാണീ ഗ്രന്ഥ ത്തിൽഎന്ന് മനസ്സിലാക്കുന്നു. 'നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന് ആഹ്വാനം ചെയ്ത യേശുക്രിസ്തുവിനെ അനുകരിച്ച് പ്രേഷിത തീക്ഷണതയാൽ ജ്വലിച്ച കച്ചിറമറ്റം അച്ചന്റെ ജീവിതം അനേകരെ പ്രേക്ഷിത പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലരാക്കുവാൻ ഇടയാക്കട്ടെ. സീറോമലബാർ സഭ പ്രേക്ഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസ രത്തിൽതന്നെ ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നത് വളരെ അർത്ഥ വത്താണ്.

## ബസേലിയോസ് മാർ ക്ലീമീസ്

ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കയ്യോ കഷ്ടം

എന്ന വി. പൗലോസ് ശ്ലീഹായുടെ ഉറച്ച ബോദ്ധ്യം ഉൾക്കൊണ്ട് ഭാരതത്തിൽ മാത്രമല്ല ആഫ്രിക്ക, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലും സുവിശേഷ ചൈതന്യമെത്തിച്ച മഹത് വ്യക്തിയാണ് ബഹു. അഗസ്റ്റിൻ അച്ചൻ. അദ്ധ്യാപകനെന്ന നിലയിലും വിദ്യാഭ്യാസ പ്രവർത്തകൻ എന്ന നിലയിലും അദ്ദേഹം സഭയ്ക്കും സമുദായത്തിനും നല്കിയിരുന്ന സേവനങ്ങൾ അവിസ്മരണീയമാണ്.

## ബിഷപ് ഡോ. ജോസഫ് കല്ലറങ്ങാട്

ചരിത്ര താളുകളിൽ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അടയാളമായി പതിയപ്പെട്ട ഒരു നാമമാണ് റവ. ഡോ. അഗസ്റ്റിൻ കച്ചിറമറ്റം. ദൈവവിളികളുടെ വിളനിലമായ കച്ചിറമറ്റം കുടുംബത്തിൽ മുളച്ചുപൊട്ടിയ അഗസ്റ്റിൻ അച്ചൻ 100 മേനി വിളവു നൽകിയ ഗോതമ്പുമണിയായിരുന്നു. കഠിനാദ്ധ്വാനവും അർപ്പണബോധവും വിനയവുമൊക്കെ അദ്ദേഹത്തിൽ തിളങ്ങി നിന്നിരുന്ന പുണ്യങ്ങളായിരുന്നു. പാലാ രൂപതക്കുവേണ്ടി വൈദികനായ അദ്ദേഹം ആഫ്രിക്കയിലും, അമേരിക്കയിലുമെല്ലാം തന്റെ ശുശ്രൂഷാമണ്ഡലം വ്യാപിപ്പിച്ചു. മിഷൻ രംഗത്തെന്നതുപോലെ വിദ്യാഭ്യാസ രംഗത്തും മികച്ച സംഭാവനകൾ നൽകിയ അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവർക്കെല്ലാം അദ്ദേഹമിപ്പോഴും ജീവനുള്ള ഒരു ഓർമ്മയാണ്. സീറോ മലബാർ സഭയുടെ നല്ല ഒരു പ്രേക്ഷിതനായിരുന്നു കച്ചിറമറ്റത്തിൽ അഗസ്റ്റിൻ അച്ചൻ. മദ്രാസ്, ബൽഗാം, ന്യൂയോർക്ക്, കാനഡ, ഡെൻവർ എന്നീ രൂപതകളിലും ആഫ്രിക്കയിലെ മച്ചാക്കോസ് രൂപതയിലും അച്ചൻ സേവനമനുഷ്ഠിച്ചു. യാതൊരു സൗകര്യങ്ങളുമില്ലാതെയുള്ള ആഫ്രിക്കയിലെ ജീവിതം ദുസ്സഹമായിരുന്നു. അഗസ്റ്റിനച്ചൻ നിത്യരോഗിയായിത്തീർന്നത് ആഫ്രിക്കയിലെ ജീവിതത്തെ തുടർന്നാണ്. ജീവിത സൗകര്യങ്ങൾ ഒന്നുമില്ലായിരുന്നെങ്കിലും അവിടുത്തെ ജനങ്ങളുടെയിടയിലെ ജീവിതം അച്ചൻ വളരെ ഇഷ്ടപ്പെട്ടിരുന്നു.

(പ്രസിദ്ധീകരണം 15.03.2011)

# 23. ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ

സീറോ - മലബാർ സഭ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ പുരസ്കാരത്തിന് സി.എം.ഐ. സഭാംഗമായ ഫാ. ജോർജ് കനീഷ്യസ് തിരഞ്ഞെടുക്കപ്പെട്ടുവെന്ന വാർത്ത വളരെയധികം സന്തോഷത്തോടെയാണ് ശ്രവിച്ചത്. ഛാന്ദാ രൂപതയിൽ കഴിഞ്ഞ 48 വർഷക്കാലമായി പ്രേഷിതരംഗത്ത് സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഫാ. ജോർജ് കനീഷ്യസച്ചന്റെ പ്രവർത്തനങ്ങളെപ്പറ്റി കേരളത്തിലോ അദ്ദേഹത്തിന്റെ ജന്മദേശത്തോ കാര്യമായ അറിവൊന്നും ആർക്കുമില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ബഹുമാനപൂർവ്വം പല വൈദീകരും പറയുന്നത് കേൾക്കാനിടവന്നിട്ടുണ്ട്. കനീഷ്യസച്ചനിൽനിന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി യാതൊരു വിവരവും വീട്ടുകാർക്കോ നാട്ടുകാർക്കോ കേൾക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മാതാവും സഹോദരന്മാരും നിര്യാതരായപ്പോൾപോലും നാട്ടിൽവന്ന് കുറേദിവസം താമസിക്കുവാൻ അദ്ദേഹം തയ്യാറായിട്ടില്ല. ഇവിടുത്തെ പരിപാടികൾ കഴിഞ്ഞാൽ എത്രയും വേഗം തന്റെ പ്രവർത്തന മേഖലയിലേയ്ക്ക് മടങ്ങി പോകാനുള്ള തിരക്കിലാണ് എന്നും അദ്ദേഹം. തന്റെ പ്രവർത്തന മേഖലയിലെ ജനങ്ങളുടെയിടയിൽ കഴിയുകയാണ് അദ്ദേഹത്തിനിഷ്ടം.

മിഷനറിമാരുടെ പ്രവർത്തനങ്ങളെ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുന്ന ഒരു വിഭാഗം ജനങ്ങൾ എവിടെയുമുണ്ട്. ഛാന്ദായുടെ സമീപ പ്രദേശങ്ങളിൽ നക്സലൈറ്റ് സ്വാധീനവും ഉണ്ട്. അവർക്കൊന്നും കനീഷ്യസച്ചനോട് യാതൊരു വിരോധവുമില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സമഗ്ര മോചനമാണ് അച്ചന്റെ ലക്ഷ്യമെന്ന് അവർ മനസ്സിലാക്കി കഴിഞ്ഞു.

തോളിൽ സഞ്ചിയും തൂക്കി പത്തും ഇരുപതും കിലോമീറ്റർ കാൽനട യാത്ര നടത്തുന്നതിൽ അച്ചൻ യാതൊരു പ്രയാസവും കാണിച്ചിട്ടില്ലന്നാണ് പലരും പറഞ്ഞു കേട്ടിട്ടുള്ളത്. ചെരുപ്പ് ഉപയോഗിക്കുന്ന ശീലവുമില്ല. കഷ്ടത നിറഞ്ഞ ഒരു ജീവിതമാണ് അദ്ദേഹം നയിക്കുന്നതെന്ന് ഛാന്ദായിലെ മിഷനിലെ പല പുരോഹിതരും പറഞ്ഞു കേട്ടിട്ടുണ്ട്. ആദിവാസികളുടെയിടയിലാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാത്തവരാണ് അവരിൽ ഭൂരിഭാഗവും. അവരുടെ സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിൽ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടു വരുന്നതിനും അച്ചൻ ശ്രമിച്ചു.

ഛാന്ദാ രൂപതയുടെ ബസ്റ്റ് മിഷനറിക്കുള്ള അവാർഡ് കഴിഞ്ഞ വർഷം കനീഷ്യസച്ചന് കിട്ടിയെന്ന വാർത്തപോലും റിസേർച്ച് സെന്ററിന്റെ പുരസ്കാരം ലഭിച്ചപ്പോഴാണ് അറിയുന്നത്. തനിക്കു ലഭിക്കുന്ന ബഹുമതികൾ മറ്റുള്ളവരെ അറിയിക്കുന്നതിൽ അദ്ദേഹം തൽപ്പരനല്ല.

രാമപുരത്തുനിന്നും ഛാന്ദായിൽ എത്തി മിഷനറി പ്രവർത്തനം നടത്തിയ ഫാ. കനീഷ്യസിന് സീറോ – മലബാർ റിസേർച്ച് സെന്ററിന്റെ പുരസ്കാരം കിട്ടിയെന്ന വാർത്ത വായിച്ചപ്പോഴാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി നാട്ടുകാർപോലും അറിയുന്നത്. നാട്ടുകാർക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന അറിവ് അൽപം മാത്രമാണ്.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി വീട്ടുകാരും നാട്ടുകാരും കുറെയെങ്കിലും കാര്യങ്ങൾ മനസ്സിലാക്കട്ടെയെന്നു കരുതിയാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. ഇതിലും വേണ്ടത്ര വിവരങ്ങൾ ചേർക്കുവാൻ സാധിച്ചിട്ടില്ല. കനീഷ്യസച്ചന്റെ കൈയ്യിൽ നിന്നും ഒരു മാറ്ററും കിട്ടുകയില്ല. നല്ല ഒരു ഫോട്ടോ പോലും അദ്ദേഹം എടുത്തു വച്ചിട്ടില്ല. അദ്ദേഹത്തിൽ നിന്നും ഒന്നും ലഭിക്കുകയില്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് ഈ ഗ്രന്ഥരചനയ്ക്ക് ഒരുങ്ങിപ്പുറപ്പെട്ടത്. ദീപനാളം പോലുള്ള പ്രസിദ്ധീകരണങ്ങളിൽ വന്ന വാർത്തകളാണ് – ലേഖനങ്ങളാണ് ഈ ഗ്രന്ഥരചനയ്ക്ക് സഹായകമായത്.

ഫാ. ജോർജ്ജ് കനീഷ്യസച്ചന്റെ മിഷൻ പ്രവർത്തനത്തെപ്പറ്റി സ്മരിക്കുമ്പോൾ കച്ചിറമറ്റം കുടുംബത്തിൽ നിന്നും വടക്കേ ഇന്ത്യയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച ഈശോ സഭാംഗമായ ഫാ. ദേവസ്യാ കച്ചിറമറ്റത്തെയും ഇംഫാൽ രൂപതയുടെ വികാർ ജനറാളായിരുന്ന മോൺ ജോസഫ് കച്ചിമറ്റത്തെയും സ്മരിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഈശോ സഭയിൽ പല ഉന്നത സ്ഥാനങ്ങളും വഹിച്ചിരുന്ന ഫാ. ദേവസ്യാ പാറ്റ്നായിലെ ആദ്യകാല മിഷനറിയായിരുന്നു. 1958 മുതൽ സജീവമായി മിഷൻ രംഗത്ത് പ്രവർത്തിക്കുന്ന മഹാമിഷനറിയാണ് മോൺ ജോസഫ് കച്ചിറമറ്റം. ഇവരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളാണ് കനീഷ്യസച്ചനെ മിഷൻരംഗത്ത് പ്രവർത്തന നിരതനാക്കിയതെന്ന് വിശ്വസിക്കാം.

## ആശംസ– ബിഷപ്പ് ഡോ.ജോസഫ് കല്ലറങ്ങാട്ട്

ഛാന്ദാജില്ലയിലെ ചന്ദ്രപ്പൂർ ജില്ലയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരംഗം. യാത്രാസൗകര്യം ഇല്ലാത്ത വനപ്രദേശം, പരിചയമില്ലാത്ത ഭാഷയും ജനങ്ങളും. അവരുടെ ഇടയിൽ പാന്റും ജുബ്ബയും ധരിച്ച്, തോളത്ത് ഒരു തുണിസഞ്ചിയും തൂക്കി യാത്ര ആരംഭിച്ചു. കുട്ടികളുടെയിടയിൽ കുട്ടികളെപ്പോലെയും യുവജനങ്ങളുടെയിടയിൽ അവരിൽ ഒരാളെപ്പോലെയും സഞ്ചരിച്ച ആ മിഷനറി ചുരുങ്ങിയ നാൾ കൊണ്ട് ആ വനവാസികളുടെ പ്രിയങ്കരനും സഹായിയും സംരക്ഷകനുമായി മാറി. വനവാസികളിൽ ഓരോരുത്തരുടെയും പേരു

ചൊല്ലിവിളിക്കാൻ ഏതാനും ദിവസം കൊണ്ട് അദ്ദേഹത്തിനു കഴിഞ്ഞു. കൃത്യനിഷ്ഠയിലും ലളിതജീവിതത്തിലും ദാനധർമ്മത്തിലും കനീഷ്യസച്ചൻ ചാവറ പിതാവിനെയാണ് അനുകരിച്ചത്.

## ആശംസ–ബിഷപ്പ് മാർ വിജയാനന്ദ് നെടുമ്പുറം

ഛാന്ദായുടെ പ്രേക്ഷിതരിൽ അഗ്രഗണ്യനാണ് ഫാ. കനീഷ്യസ് കച്ചിറമറ്റം സി.എം.ഐ. 1969-ൽ വിരൂർ ഗ്രാമത്തിൽ തുടങ്ങിയ അദ്ദേഹത്തിന്റെ പ്രേക്ഷിത യാത്ര ഇന്നുവരെ വിശ്രമം അറിഞ്ഞിട്ടില്ല.

പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അലട്ടുമ്പോഴും ദൈവാശ്രയബോധത്തോടെ വിനായാന്വിതനായി ആളുകൾക്ക് സംലഭ്യനായി മുന്നേറുന്നു. ഒരു ദശാബ്ദത്തോളമായി അദ്ദേഹം ജോലി ചെയ്തുവരുന്ന ഗോമതി മിഷൻ കേന്ദ്രത്തിലും പരിസരപ്രദേശങ്ങളിലും ഒന്നും കൊട്ടിഘോഷിക്കാതെ തനതായി വ്യക്തിമുദ്ര പതിപ്പിച്ച് 79-ാം വയസ്സിലും പ്രേഷിത തീഷ്ണതയുടെ പര്യായമായി അദ്ദേഹം നടന്നുനീങ്ങുന്നതിൽ അത്ഭുതവും അഭിമാനവും ഉള്ളുനിറയെ ദൈവത്തോടു നന്ദിയുമാണ്.

## അവതാരിക– ഫാ. അലക്സാണ്ടർ പൈകട

പലപ്പോഴും ഞാൻ സങ്കല്പിച്ചിട്ടുണ്ട്, ജോർജച്ചന്റെ സേവനരംഗം കേരളമായിരുന്നെങ്കിലെന്ന്. എങ്കിൽ പ്രസംഗിക്കാത്ത വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ നാട്ടിൽനിന്നുള്ള ജോർജ് കച്ചിറമറ്റം അച്ചൻ പതിനായിരക്കണക്കിന്, ലക്ഷക്കണക്കിനു ശ്രോതാക്കളെ തന്നിലൂടെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന വലിയൊരു വചനപ്രഘോഷകനാകുമായിരുന്നു. ചെറുപ്പത്തിൽ അത്ര ഗംഭീരമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗശൈലിയും ആശയവിനിമയപാടവവും. ശരിക്കും അതൊരു ഒഴുക്കായിരുന്നു; ശാന്തസുന്ദരമായ ഒഴുക്ക്. കേരളത്തിന് അദ്ദേഹത്തെ ശ്രവിക്കാൻ ഭാഗ്യമില്ലാതെപോയി. എന്നാൽ, ഛാന്ദാമിഷനിലെ കുഗ്രാമങ്ങൾക്ക് അതൊരു അനുഗ്രഹമായി; അവിടത്തെ നിഷ്കളങ്കരായ ഗ്രാമീണർ അനുഗൃഹീതരായി.

(പ്രസിദ്ധീകരണം 12.11.2013)

# 24. കുടിയേറ്റ ജനതയുടെ സൂര്യതേജസ് സി.ആനിജോൺ എഫ്.സി.സി.

പാലാരൂപതയിലെ പിഴക് (ഉറുമ്പുകാവ്)ഇടവകയിൽ ജനിച്ച് ക്ലാരസഭയിൽ ചേർന്ന് തലശ്ശേരി രൂപത യുടെ ആദ്യ കാലങ്ങളിൽ കുടിയേറ്റ മേഖലയിൽ പ്രവർത്തിച്ച ഒരു വ്യക്തിയാണ് ക്ലാരമഠാംഗമായ സി.ആനി ജോൺ കച്ചിറമറ്റം. 25 വർഷക്കാലം മലബാറിലെ മലമ്പ്രദേശങ്ങളിൽ സ്കൂളിലും ഇടവകയിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സി.ആനി ജോണിന്റെ ഒരു ജീവചരിത്രം തയ്യാറാക്കണമെന്ന് മലബാറിൽ നിന്നുള്ള സുഹൃത്തുക്കൾ പറയുകയുണ്ടായി. അതനുസരിച്ചാണ് ഈ ഗ്രന്ഥം തയ്യാറാക്കിയത്. സി. ആനി ജോണിനോട് ഒപ്പം പ്രവർത്തിച്ചവരാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ലേഖനങ്ങളുടെ രചയിതാക്കൾ.

## അവതാരിക - ആർച്ച് ബിഷപ്പു മാർ ജോർജ് വലിയമറ്റം

"സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും" (ലൂക്ക 1/48)

സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി ജീവിച്ച ഒരു സമർപ്പിതയെ കൃതജ്ഞതയോടെ അനുസ്മരിക്കാൻ തലമുറകൾക്ക് സഹായകമാകുന്ന ജീവചരിത്ര കുറിപ്പാണ് ഈ പുസ്തകം. സഭ സമർപ്പിതവർഷം ആചരിക്കുന്ന ഈ കാലഘട്ടത്തിൽ സി. ആനി ജോൺ എഫ്.സി.സി. എന്ന മഹാപ്രേഷിതയുടെ ധന്യമായ സമർപ്പിതജീവിതത്തെ മനസ്സിലാക്കുന്നത് തികച്ചും ഉചിതമാണ്. സന്യസ്തർക്കു മാത്രമല്ല, സകല വിശ്വാസികൾക്കും പ്രചോദനവും മാതൃകയുമാണ് ഈ ധന്യസഹോദരിയുടെ ജീവിതം.

'നല്ല വൃക്ഷം നല്ല ഫലം കായ്ക്കുന്നു. ഫലത്തിൽ നിന്നാണ് വൃക്ഷത്തെ അറിയുന്നത്' എന്ന ലോകതത്വത്തെ കർത്താവ് സുവിശേഷസത്യമായി പറയുന്നുണ്ടല്ലോ. രാമപുരം ഇടവകയിലെ കച്ചിറമറ്റം കുടുംബമാകുന്ന വംശവൃക്ഷത്തിൽ നിന്ന് സഭയ്ക്കും സമൂഹത്തിനും ലഭിച്ച നല്ല ഫലങ്ങൾക്ക് കണക്കില്ല. സി. ആനി ജോണും ആ വൃക്ഷത്തിന്റെ ഫലമാണെന്ന കാര്യം നമ്മെ ആനന്ദിപ്പിക്കുന്നു.

സീറോമലബാർ സഭയുടെ മലബാർ പ്രേഷിതത്വത്തിന്റെ പ്രാരംഭനാളുകളിൽ ഈ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത പൂർവ്വികരെ അത്ഭുതാദരങ്ങളോടെ വേണം നാം ഓർമ്മിക്കാൻ. അവരാണ് ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ട് മലബാറിന്റെ മലമടക്കുകളിൽ ഐതിഹാസികചരിത്രം രചിച്ച ആദ്യകാല കുടിയേറ്റ പിതാക്കന്മാരും അവർക്ക് താങ്ങും തണലുമായി ദിശാബോധം നൽകിക്കൊണ്ട്

ജീവിതം സമർപ്പിച്ച സന്ന്യസ്തരും വൈദികരും. അവരിൽ പ്രത്യേകം ഓർമ്മിക്കേണ്ട വ്യക്തിയാണ് സി. ആനി ജോൺ. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ അഭ്യർത്ഥനപ്രകാരം 1960-ൽ പാലായിൽ നിന്ന് കുടിയാന്മല യിലെത്തി അദ്ധ്യാപികയായി സേവനം തുടങ്ങി. മൂന്നു പതിറ്റാണ്ടോളം അവി ഭക്ത തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിലും സ്കൂളുകളിലും ശുശ്രൂഷ നിർവഹിച്ച സി. ആനി ജോണിന്റെ ജീവിതം എല്ലാ സമർപ്പിതർക്കും മാതൃകയും ആവേശവുമാണ്. അദ്ധ്യാപനത്തോടൊപ്പം ഭക്തസംഘടനകളുടെ നേതൃത്വവും ഭവനസന്ദർശനങ്ങളും കുട്ടികളുടെ ബഹുവിധ സർഗവാസനകളെ പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ഇടവകശുശ്രൂഷകളും സന്തോഷ പൂർവ്വം നിർവ്വഹിച്ചു. മിഷൻലീഗിന്റെ ഭാരവാഹിയെന്ന നിലയിലും സൺഡേ സ്കൂൾ പ്രവർത്തനങ്ങളിലും കുടുംബനവീകരണസംരംഭങ്ങളിലും മലബാ റിലെ കുടിയേറ്റ ജനതയുടെ ഇടയിലെ എന്റെ ആദ്യകാല അജപാല നശുശ്രൂഷയിൽ ഏറ്റം അടുത്ത സഹകാരികളിൽ ഒരാളായിരുന്നു സി. ആനി ജോൺ എന്ന കാര്യം ഒത്തിരി കടപ്പാടോടെ ഇവിടെ അനുസ്മരിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

വിശ്രുതഗ്രന്ഥകർത്താവും സഭാതാരവും സി. ആനി ജോണിന്റെ സഹോ ദരനുമായ ശ്രീ. ജോൺ കച്ചിറമറ്റം എഡിറ്റുചെയ്തു പ്രസിദ്ധം ചെയ്യുന്ന ഈ ഗ്രന്ഥം ഹൃദ്യമാകുന്നത് കുടുംബവും സമൂഹവും ആ സഹോദരിയെ സ്നേ ഹത്തോടെ അനുസ്മരിക്കുന്നതുകൊണ്ടാണ്. വീടിനും നാടിനും അഭിമാനമാ കുമ്പോഴാണല്ലോ നമ്മുടെ ജീവിതം ധന്യമാകുന്നത്. കുഞ്ഞുനാൾ മുതൽ ദൈവഭക്തിയിലും പ്രേക്ഷിതാഭിമുഖ്യത്തിലും വളർന്നുവന്ന കുട്ടിയമ്മ എന്ന മോനിക്ക (പിന്നീട് സി. ആനി ജോൺ എഫ്.സി.സി.) പഠനത്തിലും കലയിലും മികവ് പുലർത്തിയിരുന്നു. സന്യാസശുശ്രൂഷ നിർവഹിച്ച സ്ഥാപനങ്ങളിലും ഇടവകകളിലും സ്തുത്യർഹമായ വിധം സേവനം അനുഷ്ഠിക്കുവാൻ ഈ താലന്തുകൾ സിസ്റ്ററിനെ സഹായിച്ചിരുന്നു. വൈദികരും സന്യസ്തരും മേലധി കാരികളും സഹപ്രവർത്തകരും ബന്ധുജനങ്ങളും നടത്തുന്ന അനുസ്മര ണങ്ങൾ ഈ ജീവിചരിത്രത്തിന്റെ ആധികാരികതയെ ഉറപ്പിക്കുന്നു.

കുടിയേറ്റമക്കളുടെ കഷ്ടപ്പാടുകളിലും അദ്ധ്വാനത്തിലും പ്രാർത്ഥനാ പൂർവ്വം പങ്കുചേർന്ന സമർപ്പിതയെന്ന നിലയിൽ സി. ആനി ജോൺ മലബാ റിലെ അനേകം ആളുകളുടെ ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു. ദാരിദ്ര്യ ത്തിലും വിശപ്പിലും തീർത്തും പരിതാപകരമായ ഭൗതികസാഹചര്യങ്ങളിലും ആത്മസംതൃപ്തിയോടെയും സമർപ്പണബുദ്ധിയോടെയും ജീവിച്ച ഈ സഹോദരി മലബാറിലെ എന്നല്ല, എല്ലാ നാടുകളിലെയും, എല്ലാ കാല ങ്ങളിലെയും സന്യസ്തർക്ക് മാതൃകയും ആവേശവുമാണ്. തിരുസഭ സമർ പ്പിതവർഷം ആചരിക്കുന്ന ഈ അവസരത്തിൽ സി. ആനി ജോണിന്റെ ജീവിതം എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ സമർപ്പിതർക്കും പ്രചോദനമാകട്ടെ.

(പ്രസിദ്ധീകരണം 29.04.2015)

# 25. ഹെന്ദോ- ഇന്ത്യയിലെ സഭ

സീറോ-മലബാർ സഭയുടെ പൈതൃകത്തിലും സംസ്കാരത്തിലും അഭിമാനം കൊണ്ടിരുന്ന ഒരു വന്ദ്യവൈദികനായിരുന്നു സി.എം.ഐ. സഭാംഗമായ ഫാ. ജോൺ ബോസ്കോ തോട്ടക്കര. നിധീരിക്കൽ മാണിക്കത്തനാർ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ മുതലായ ധീരപുരുഷന്മാരുടെ ചൈതന്യം ഉൾക്കൊണ്ടു പ്രവർത്തിച്ച ബോസ്കോ അച്ചൻ സഭ അൽമായരുടേതാണെന്ന് ഉറക്കെ പറഞ്ഞിരുന്നു. അദ്ദേഹത്തിന് പ്രത്യേക സ്വാർത്ഥചിന്തകളൊന്നുമില്ലായിരുന്നു. അദ്ദേഹം നിർഭയനായിരുന്നു. ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കിയല്ല അദ്ദേഹം പ്രവർത്തിച്ചിരുന്നത്. മനഃസാക്ഷിയുടെ ഉൾപ്രേരണകൊണ്ടാണ് അദ്ദേഹം ഉറച്ച നിലപാടുകൾ സ്വീകരിച്ചത്.

അദ്ദേഹം സ്ഥാപിച്ച നവജീവ പരിഷത്ത് ഏർപ്പെടുത്തിയ പ്രഥമ അവാർഡ് ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നത്തിനായിരുന്നു നല്കിയത്. അവാർഡ് കത്തോലിക്കാ കോൺഗ്രസ്സിന്റെ പാലാ രൂപതാ വാർഷിക സമ്മേളനത്തിൽ വച്ചാണ് നല്കിയത്. അന്ന് രൂപതാ സെക്രട്ടറി ഈ ലേഖകനായിരുന്നു. അന്നു തുടങ്ങിയ സ്നേഹബന്ധം മരണം വരെ തുടർന്നു.

രണ്ടാംവത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത മെത്രാന്മാർക്ക് നവജീവ പരിഷത്ത് സമർപ്പിച്ച മെമ്മോറാണ്ടമാണ് ഹെന്ദോ-ഇന്ത്യയിലെ സഭ. സഭ ഒന്നാകെ കോളിളക്കം സൃഷ്ടിച്ച ഒരു മെമ്മോറാണ്ടമായിരുന്നു അത്. മെമ്മോറാണ്ടത്തിന്റെ പിൻപിൽ പ്രവർത്തിച്ചവർ ഒട്ടേറെ വിമർശനങ്ങൾക്ക് വിധേയമായി. അവർ നിഷ്ഠൂരമാംവിധം ശിക്ഷ ഏറ്റുവാങ്ങുകയും ചെയ്തു. അവർ ചെയ്ത നടപടിയിൽ അവർ സംതൃപ്തരായിരുന്നു. ആ മെമ്മോറാണ്ടത്തിന്റെ പേരിൽ അദ്ദേഹം അനുഭവിക്കേണ്ടി വന്ന വേദന ശരിക്കും മനസ്സിലാക്കാൻ എനിക്കു സാധിച്ചു. ഹെന്ദോ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങളാണ് ഇന്ന് സഭ നേടിയെടുത്തിരിക്കുന്നത്. അതിന്റെ കാരണക്കാരനായ ബോസ്കോ അച്ചൻ അനുദിനം വിസ്മരിക്കപ്പെടുന്നത് എന്നെ സംബന്ധിച്ചിടത്തോളം വേദനാജനകമായിരുന്നു. അദ്ദേഹം സ്ഥാപിച്ച നവജീവ പരിഷത് മലങ്കര ഇൻസ്റ്റിറ്റ്യൂട്ട്, നസ്രാണി പ്രസിദ്ധീകരണം തുടങ്ങിയവയെപ്പറ്റി പഠനം നടത്തി അത് പുസ്തക രൂപത്തിലാക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. ആ ആഗ്രഹം സാക്ഷാൽക്കരിക്കപ്പെടുവാൻ വർഷങ്ങൾ കഴിയേണ്ടി വന്നു. 1964 ഒക്ടോബർ 18-നാണ് ഈ മെമ്മോറാണ്ടം സമർപ്പിക്കുന്നത്. അതിന്റെ 49-ാം വാർഷികത്തിൽ കിട്ടാവുന്ന രേഖകൾ എല്ലാം ശേഖരിച്ച് "ഹെന്ദോ-ഇന്ത്യയിലെ സഭ ഫാ. ജോൺ ബോസ്കോയുടെ വീക്ഷണത്തിൽ" ഒരു പുസ്തകം തയ്യാറാക്കി.

വളരെ സന്തോഷത്തോടും അഭിമാനത്തോടുംകൂടിയാണ് ഈ കൃതി ഞാൻ രചിച്ചത്. ഒരു വിവാദ പുരുഷന്റെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച് എന്തിന് ഒരു പുസ്തകം രചിച്ചുവെന്ന് ചോദിച്ചവരുണ്ട്. പക്ഷെ, സീറോ-മലബാർ സഭയെപ്പറ്റി ശരിക്ക് അറിയാവുന്നവർ എന്റെ ഈ സംരംഭത്തെ പ്രശംസിച്ചു. പ്രശംസ ഏറ്റുവാങ്ങാനല്ല ഞാൻ ഈ ഗ്രന്ഥം രചിച്ചത്. എന്റെ ഒരു കടമ നിർവ്വഹിക്കുക മാത്രമാണ് ചെയ്തത്.

## അവതാരിക- കൂനമ്മാക്കൽ തോമ്മാക്കത്തനാർ

കരിയാറ്റിയൗസേപ്പ് മെത്രാപ്പോലീത്താ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, തച്ചിൽ മാത്തൂതരകൻ, കുടക്കച്ചിറ അന്തോനി കത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ, പ്ലാസിഡ് അച്ചൻ എന്നിവരുടെ പിൻഗാമിയായി ഗുരുയോഹെന്ദ് എന്നറിയപ്പെടുന്ന ജോൺബോസ്ക്കോ തോട്ടക്കര അച്ചൻ, പുന്നൂസ് എന്ന മാമ്മോദീസാപ്പേരിലും അറിയപ്പടുന്നു. മാർത്തോമ്മാ നസ്രാണികളുടെ ഐകൃത്തിനും ഉയർത്തെഴുന്നേൽപിനുംവേണ്ടി ആജീവനാന്തം പടപൊരുതിയ അദ്ദേഹം "എട്ടാമത്തെവ്യാകുലം" എന്നും അറിയപ്പെടുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ നാട്ടുമെത്രാൻമാരെ കിട്ടുവാൻ വേണ്ടി റോമായിലേയ്ക്കെഴുതി എന്ന കാരണത്താലാണല്ലോ ഏഴുവ്യാകുലങ്ങൾ സി. എം. ഐ. സഭയിൽ നിന്ന് പുറത്താക്കപ്പെടുന്നത്. മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ടാ, തുടങ്ങിയസ്ഥലങ്ങളിൽ പോയി പാർക്കുന്ന സീറോ മലബാർ അംഗങ്ങൾക്കുവേണ്ടി മെത്രാൻമാരെ നിയമിക്കുക എന്ന് ആദ്യം ആവശ്യപ്പെട്ടത് ഫാ. ജോൺ ബോസ്കോ സി.എം.ഐ. ആണ്. സിറോ മലബാർ സഭയ്ക്കുവേണ്ടി ഒരു പാത്രിയർക്കീസിനെ അഥവാ ഏറ്റം കുറഞ്ഞ പക്ഷം ഒരു മേജർ മെത്രാപ്പോലീത്തായെ എങ്കിലും നിയമിക്കുക എന്നാവശ്യപ്പെട്ടതും വേറാരുമല്ല. സീറോ മലബാർ സഭയ്ക്ക് ഇന്ത്യയിലുടനീളം പ്രേഷിത വേല ചെയ്യാൻ അനുവദിക്കുക എന്നാവശ്യപ്പെട്ടതും അദ്ദേഹംതന്നെ. പറങ്കികൾ വരുന്നതുവരെ അഖിലേന്ത്യാ മെത്രാപ്പോലീത്തായുടെയും അഖിലേന്ത്യാ അർക്കദിയാക്കോന്റെയും കീഴിൽ കഴിഞ്ഞിരുന്ന മാർതോമ്മാ നസ്രാണികളെ മദ്ധ്യകേരളത്തിന്റെ ചെറിയ കോണിൽ ചവിട്ടിക്കൂട്ടിയിട്ട് ഒരു ശ്ലൈഹികസഭയെ ഇല്ലാതാക്കുന്നതിനെതിരെ ദൈവം അയച്ച പ്രവാചകനാണ് അദ്ദേഹം. ചിതറിപ്പോയ മാർത്തോമ്മാ നസ്രാണികളെ ഒന്നിച്ചുകൂട്ടാൻ പടപൊരുതിയ ഒറ്റയാൾ പട്ടാളമായിരുന്നു അദ്ദേഹം. കർദിനാൾ ടിസ്റാങ്ങും, പ്ലാസിഡ് അച്ചനുംകൂടി 1952-ൽ പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ അടിമത്തത്തിൽ ഇട്ടിരുന്ന സീറോമലബാർസഭയുടെ കഴുത്തിലെ ചങ്ങല പൊട്ടിച്ചെറിഞ്ഞു. പറങ്കി പക്ഷപാതികൾ ഇടതടവില്ലാതെ പരാതിപ്രളയങ്ങൾ റോമയിലേയ്ക്ക് ഒഴുക്കികൊണ്ടിരുന്നു. ഇവയൊക്കെ പ്ലാസിഡ് അച്ചന്റെ വിശ്വസ്ത ശിഷ്യനായ ബോസ്ക്കോ അച്ചനെ പിടിച്ചു കുലുക്കി. 1960-61 വർഷങ്ങളിൽ അംബികാപ്പൂർ മിഷൻ നടത്താൻ വേണ്ടി ഫാദർ ബോസ്ക്കോ, ഫാദർ ദീയെഗോ, ഫാദർ

വിയാനി എന്നീ മൂന്നു സി. എം. ഐ വൈദികരെ ആ സ്ഥലത്തെ ലത്തീൻ മെത്രാൻ ക്ഷണിച്ചുവരുത്തി. എന്നാൽ ചുരുങ്ങിയ കാലഘട്ടം കൊണ്ട് അവർ ചെയ്തുതീർത്ത കാര്യങ്ങൾ കണ്ട് കർദ്ദിനാൾ വലേരിയൻ ഗ്രാഷ്യസ് പോലും അവരെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു. 'ഞങ്ങൾ ലത്തീൻകാർക്ക് ഇരുപത്തഞ്ചുകൊല്ലം കൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യം നിങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ ചെയ്തു തീർത്തിരിക്കുന്നു". സിറോ മലബാർ സഭയെ ഇന്ത്യയിലുടനീളം മിഷൻ പ്രവർത്തനത്തിനു വിട്ടാൽ ഇന്ത്യയിൽ ലത്തീൻ സഭ വേരുപിടിക്കുക ഇല്ലന്ന് മനസ്സിലാക്കി അംബികാപ്പൂർ മിഷൻ നിർത്തികളഞ്ഞു. അതിനു പകരം ചാന്ദാ മിഷൻ ചില നല്ല ലത്തീൻ മെത്രാൻമാരുടെ താൽപര്യപ്രകാരം സീറോമലബാർ സഭയ്ക്കു വിട്ടുകൊടുത്തു. തലശേരി രൂപത സ്ഥാപനം മുതൽ ബോസ്ക്കോ അച്ചനിൽ ആളിക്കത്തിക്കൊണ്ടിരുന്ന സഭാസ്നേഹവും അഭിമാനബോധവും സഭൈക്യചിന്തകളും മൂർത്തരൂപം പ്രാപിച്ചു അതാണ് 'നസ്രാണി നവജീവ പരിഷത്ത്' "Hendo The church of India" '1964 ഒക്ടോബർ 18-ാം തീയതി രണ്ടാംവത്തിക്കാൻ കൗൺസിലിൽ ബോംബുപോലെ ചെന്നു വീണു. ഇന്ത്യയിൽ എന്താണുനടക്കുന്നതെന്നു കൗൺസിലിൽ ചർച്ചാവിഷയമാക്കുവാൻ ഇതിടയാക്കി. Orientalium Ecclesiarum എന്ന പ്രമാണരേഖയുടെ രൂപീകരണത്തിന് അങ്ങനെ പുഞ്ഞാറുകാരൻ പുന്നൂസ് അർക്കദിയാക്കോൻ പങ്കാളിയായി. ഈ പുന്നൂസിനെ എനിക്കു പരിചയപ്പെടണം എന്നു പറഞ്ഞ് കൊണ്ട് ജർമ്മൻ പണ്ഡിതനായ Johannes Madey പ്ലാസിഡ് അച്ചനെ സമീപിച്ചു. ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഇതു ചർച്ചാവിഷയമായി. കർദിനാൾ വലേരിയൻ ഗ്രേഷ്യസിന്റെ കീഴിൽ ഇന്ത്യയിലെ കുറെ ലത്തീൻ മെത്രാൻമാരും നവജീവപരിഷത്തിനെതിരെ പടയൊരുക്കം ആരംഭിച്ചു. അവരുടെ സ്വാധീനത്തിൽപ്പെട്ട അന്നത്തെ, സി. എം. ഐ. അധികാരികൾ വിറപൂണ്ടു. എരിതീയിൽ എണ്ണയൊഴിച്ചുകൊണ്ട് അന്ന് ഇന്ത്യയിലെ പേപ്പൽ ഇന്റർനൂൺഷ്യോ റോബർട്ട് നോക്സ് 1965 ഒക്ടോബർ മാസം 12-ാം തീയതി ബോസ്ക്കോ അച്ചനെതിരെ ശിക്ഷയുടെ വാളുയർത്തി. "സഭയുടെ അടിത്തറ നിഷേധിക്കുന്ന ഈ ബോസ്ക്കോ ശിക്ഷിക്കപെടണം സഭയുടെ അടിസ്ഥാനമിട്ട അതിന്റെ സ്ഥാപകന്റെ ദൈവത്വം അയാൾ നിഷേധിച്ചിരിക്കുന്നു. അതുകൊണ്ട് അയാൾ ഒരു ക്രിസ്ത്യാനിയല്ല." ഇതിനിടെ ഹെന്ദോ രണ്ട്, ഹെന്ദോമൂന്ന്, എന്ന പേരിൽ വിജയപുരത്തെ ഒരു വൈദീകൻ നവജീവപരിഷത്തിന്റെ പേരിൽ എറണാകുളത്തുനിന്നും രണ്ട് രേഖകൾ പ്രസിദ്ധപ്പെടുത്തി. അതിന്റെയും ഉത്തരവാദിത്തം ബോസ്ക്കോ അച്ചന്റെ മേൽ ചുമത്തി. 1966 ഡിസംബർ 21-ാം തീയതി അന്വേഷണവും തെളിവെടുക്കലും വിചാരണയും കൂടാതെ അന്നത്തെ സി.എം. ഐ പ്രീയോർ ജനറാൾ ബോസ്കോ അച്ചനെ ഏകാന്തത്തടവിനു ശിക്ഷിച്ചു. ആ ശിക്ഷാ രേഖയുടെ കോപ്പി കർദിനാൾ Testa, കർദിനാൾ

Agagianian, കർദിനാൾ Valerian gracious അപ്പസ്തോലിക്ക് ഇന്റർന്യൂൺഷ്യോ, ഇന്ത്യയിലെ ലത്തിൻ ആർച്ചുബിഷപ്പുമാർ, ബിഷപ്പുമാർ എന്നിവർക്കും സി.എം ഐ സഭയിലെ എല്ലാ സുപ്പീരിയർമാർക്കും അയച്ചു കൊടുത്തു. 1967 ഫ്രെബ്രുവരി മാസം 6-ാം തീയതി ബോസ്കോ അച്ചന്റെ പ്രസിദ്ധമായ മറുപടി സി. എം ഐ അധികൃതർക്കു സമർപ്പിച്ചു. അതിന്റെ കോപ്പി തന്റെ ശിക്ഷാ രേഖ അയച്ചുകൊടുത്തിരുന്ന സകലർക്കും ബോസ്ക്കോ അച്ചൻ അയച്ചതോടെ വാദി പ്രതിയാകും എന്ന നില വന്നു. അതിനിടെ റോമയിൽ നിന്നു പ്ലാസിഡ് അച്ചനെ ഏകാംഗക്കമ്മീഷനായി അയച്ചു. പ്ലാസിഡ് അച്ചൻ ബോസ്കോ അച്ചനിൽനിന്നും കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി റിപ്പോട്ടു കൊടുത്തു. അതോടെ ആ പ്രശ്നം അവിടെ അവസാനിച്ചു. സി. എം.ഐ ക്കാർക്ക് അനുവദിച്ചിരിക്കുന്ന ഛാന്ദായിൽ ആരെയാണ് മെത്രാനാക്കേണ്ടത് എന്ന് പ്ലാസിഡ് അച്ചനോട് അന്നത്തെ സി.എം ഐ അധികൃതർ ചോദിച്ചു. അതിനു പ്ലാസിഡ് അച്ചന്റെ മറുപടി ഇപ്രകാരം ആയിരുന്നു. 'ഛാന്ദായിൽ ആരെ മെത്രാനാക്കിയാലും വേണ്ടില്ല മെത്രാഭിഷേകം നടക്കുന്ന വേദിയിൽ ബോസ്ക്കോ അച്ചന്റെ ഒരു പ്രതിമയുണ്ടാക്കി വയ്ക്കണം എന്നിട്ട് അതിന്റെ മുൻപിൽ വച്ചു നിങ്ങൾക്കാരെ വേണമെങ്കിലും അഭിഷേകം ചെയ്യാം."

(പ്രസിദ്ധീകരണം 18.12.2013)

# 26. വലിയ കപ്പിത്താനും ദേവസഹായംപിള്ളയും

തിരുവിതാംകൂറിലെ വലിയ കപ്പിത്താൻ എന്ന സ്ഥാനം വഹിച്ച ഒരു പ്രഗത്ഭനായ സർവ്വസൈന്യാധിപനാണ് യുസ്തേഷ്യസ് ബനഡിക്ട് ഡിലിനോയി. തിരുവിതാംകൂറും ഡച്ചുകാരുമായി നടന്ന യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഡിലിനോയിയുടെ സംഭവബഹുലമായ ജീവിതമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യങ്ങളിലൊന്ന്. അദ്ദേഹത്തിന്റെ ജീവിതമാതൃകയും ക്രൈസ്തവസാക്ഷ്യവും നേരിൽക്കണ്ട് ജ്ഞാനസ്നാനം സ്വീകരിച്ച ഒരു സൈന്യാധിപനായിരുന്നു നീലകണ്ഠപിള്ള. അദ്ദേഹം ലാസറസ് എന്ന പേരാണ് സ്വീകരിച്ചത്. ദേവസഹായം പിള്ള എന്നാണ് അദ്ദേഹം അറിയപ്പെട്ടത്. അദ്ദേഹം ക്രൈസ്തവ മതം സ്വീകരിച്ചതിനുശേഷം അനുഭവിക്കേണ്ടി വന്ന പീഡനങ്ങളെപ്പറ്റി ഈ ചെറുഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

(പ്രസിദ്ധീകരണം 30.10.2007)

# 27. എം.എം. ജേക്കബ്

മുൻ മേഘാലയ ഗവർണ്ണറും കേന്ദ്രമന്ത്രിയും കോൺഗ്രസ്സ് പാർട്ടി നേതാവും ആയ ശ്രീ.എം.എം. ജേക്കബിന്റെ ശതാഭിഷേകാഘോഷങ്ങൾ 2013 വിപുലമായ തോതിൽ ആഘോഷിച്ചു. 2015 ജനുവരിയിൽ ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻസിംഗ് ശതാഭിഷേക പരിപാടികളിൽ മുഖ്യാതിഥി യായിരുന്നു. അദ്ദേഹത്തിന്റെ ശതാഭിഷേക ആഘോഷങ്ങളോടനുബന്ധിച്ച് എം.എം.ജേക്കബിന്റെ ചരിത്രം നിരവധി ചിത്രങ്ങളോടുകൂടി തയ്യാറാക്കി പ്രസി ദ്ധീകരിച്ചു. എന്റെ പുസതകങ്ങൾ എല്ലാം ഞാൻ തന്നെ പണം മുടക്കി പ്രസി ദ്ധീകരിക്കുകയാണ് പതിവ്. എന്നാൽ ശതാഭിഷേക ആഘോഷ കമ്മറ്റിയാണ് ഈ ഗ്രന്ഥത്തിന്റെ ചിലവ് മുഴുവൻ വഹിച്ചത്. ഇതിന്റെ ഒരു ഇംഗ്ലീഷ് പതിപ്പും കമ്മറ്റി പ്രസിദ്ധീകരിച്ചു.

ബാല്യം, വിദ്യാഭ്യാസം, വഹിച്ചിട്ടുള്ള സ്ഥാനമാനങ്ങൾ എല്ലാം ഈ ചെറുഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. വോളിബോൾ, ഫുട്ബോൾ, സ്പോർട്സ് എന്നിവയിൽ അസാമാന്യ വൈഭവം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ദേശീയ സ്വാത ന്ത്ര്യസമരത്തിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ അദ്ദേഹം സജീവമായി പങ്കെടു ത്തിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും പ്രസംഗിക്കാനുള്ള കഴിവ് അദ്ദേഹ ത്തിനുണ്ടായിരുന്നു. ഭൂദാനപ്രസ്ഥാനം ഭാരത് സേവക് സമാജ് മുതലായ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി മുഴുവൻ സമയ സാമൂഹ്യപ്രവർത്തകനായി മാറി. യുനോസ്കോയുടെ യുവജന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സേവന ത്തിനും സമാധാനത്തിനും വേണ്ടി രൂപീകരിച്ച അന്താരാഷ്ട്ര ഏകോപനസമ തിയിലെ അംഗമെന്ന നിലയിൽ ലോകം മുഴുവൻ സഞ്ചരിക്കാൻ അദ്ദേഹത്തിനു സാധിച്ചു. 35 വയസ്സ് തികയുന്നതിനു മുൻപുതന്നെ. കോൺഗ്രസ്സിന്റെ ഔദ്യോഗിക പത്രമായ വീക്ഷണത്തിന്റെ മാനേജിംഗ് ഡയറക്ടർ, ഭാരത സേവ ക് സമാജ് ജേർണലിന്റെയും കോൺഗ്രസ്സ് റിവ്യൂ എന്ന പ്രസദ്ധീകരണത്തി ന്റെയും പത്രാധിപർ എന്ന നിലകളിലും പ്രവർത്തിച്ചു. 1982 മുതൽ 12 വർഷ ക്കാലം രാജ്യസഭാംഗമായി പ്രവർത്തിച്ചു. പല പാർലമെന്റു കമ്മറ്റിയിലും അംഗ മായിരുന്ന ജേക്കബ് രാജ്യസഭയുടെ ഉപാദ്ധ്യക്ഷൻ, പാർലമെന്ററികാര്യമന്ത്രി, ജലവിഭവകാര്യമന്ത്രി, കോൺഗ്രസ്സ് പാർട്ടിയുടെ ചിഫ് വിപ്പ്, രാജ്യാന്തര വകുപ്പ് സഹമന്ത്രി, എന്നീ നിലകളിലും പ്രവർത്തിച്ചു. 1995 മുതൽ 12 വർഷക്കാലം മേഘാലയ ഗവർണ്ണാറായി സേവനം അനുഷ്ഠിച്ചു. ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യൻ പ്രതിനിധിയായും പ്രവർത്തിച്ചു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടന്ന മഹാസമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

(പ്രസിദ്ധീകരണം 15.08.2013)

# 28. ടി.ജെ. സാർ

എന്റെ ഗുരുനാഥനാണ് ടി.ജെ. സാർ. സമാനതകളില്ലാത്ത പൊതുപ്രവർത്തകനായ ഗുരുശ്രേഷ്ഠൻ എന്നാണ് ഗ്രന്ഥത്തിന്റെ പേര്. നിരവധി സവിശേഷതകളുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ടി.ജെ. നർമ്മം തുളുമ്പുന്ന സംസാരശൈലിയും ഹൃദ്യമായ പെരുമാറ്റവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ലാളിത്യം ജീവിതചര്യയാക്കിയ മാതൃകാദ്ധ്യാപകൻ, ആഴമുള്ള കാഴ്ചപ്പാടുകളുടെ ഉടമ.

ആത്മാർത്ഥതയും സേവനസന്നദ്ധതയും മാത്രം കൈമുതലായി മുന്നേറിയ സാഹസികൻ, മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് സിദ്ധാന്തത്തിലൂടെ ഒരു സർവ്വോദയ സമൂഹം കെട്ടിപ്പെടുക്കുവാൻ ശ്രമിച്ച പ്രഗത്ഭനായ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകൻ ഇതെല്ലാമായിരുന്നു ടി.ജെ. എന്ന എന്റെ ഗുരുനാഥൻ.

മതാന്തരബന്ധങ്ങൾ പരിപോഷിപ്പിക്കുക, ഭാരതീയ ആദ്ധ്യാത്മികത പകർന്നുകൊടുക്കുക എന്നീ ലക്ഷ്യങ്ങളോടെ ജീവിതകാലം മുഴുവൻ പ്രവർത്തിച്ച ടി.ജെ. വ്യക്തിത്വത്തിൽ അതുല്യനും, പ്രകൃതത്തിൽ ശാന്തനും, സ്വഭാവത്തിൽ സ്നേഹമയനും, വീക്ഷണത്തിൽ ആധുനികനും, അറിവിൽ അത്യാധുനികനും ആയിരുന്നു.

എല്ലാവർക്കും എല്ലാമായി ജീവിച്ച-മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തിയ-സ്നേഹമയനായ ടി.ജെ. നമ്മളിൽ നിന്നും വേർപെട്ട് പോയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ആ വേർപാടിന്റെ ദുഃഖം അദ്ദേഹത്തിന്റെ ശിഷ്യരുടെയും സഹപ്രവർത്തകരുടെയും ഹൃദയത്തിൽ തളംകെട്ടി നിൽക്കുകയാണ്. ആ ദുഃഖത്തിന്റെ തീവ്രത വിവരിക്കുവാൻ വാക്കുകളില്ല.

## അവതാരിക- ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ

ആയിരക്കണക്കിന് ശിഷ്യരുടെ അകക്കണ്ണുകളിൽ അറിവിന്റെ വെളിച്ചം പകർന്ന് നൂതനങ്ങളായ കർമ്മപഥങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തിയ ആചാര്യശ്രേഷ്ഠനായിരുന്നു ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ. രാമപുരത്തെ എന്നും സ്നേഹിക്കുകയും അതിന്റെ ചരിത്രത്തിലും പ്രൗഢിയിലും അഭിമാനം കൊള്ളുകയും ചെയ്ത ടി.ജെ.ജോസഫ് രാമപുരത്ത് നടന്നിട്ടുള്ള എല്ലാ പൊതുപ്രവർത്തനങ്ങളുടെയും മുൻപന്തിയിൽ നിലയുറപ്പിച്ചിരുന്നു. ലളിതജീവിതവും ഉയർന്ന ചിന്തയുംകൊണ്ട് സഹപ്രവർത്തകരിലും വിദ്യാർ

ത്ഥികളിലും നല്ല മാതൃക കാഴ്ചവയ്ക്കുവാൻ ടി.ജെ.ക്കുസാധിച്ചു. പദവിയോ പ്രശസ്തിയോ ആഗ്രഹിക്കാതെ വിനയാന്വിതനായി സ്വന്തം കർമ്മപഥത്തിൽ നിസ്വാർത്ഥമായ സേവനം അർപ്പിച്ച കർമ്മയോഗിയായിരുന്നു ടി.ജെ.

## ആശംസ-ബിഷപ്പ് മാർജോസഫ് കല്ലറങ്ങാട്

ക്രിസ്തീയപാരമ്പര്യവും രാഷ്ട്രീയപാരമ്പര്യവുമുള്ള മുണ്ടയ്ക്കൽ തറവാടിന്റെ കുലീനതയും മഹത്വവും സാറിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളായിരുന്നു. സഭയുടെ ചരിത്രം വേണ്ടവിധത്തിൽ പഠിച്ചെടുത്ത റ്റി.ജെ. സാർ കുട്ടികളിൽ സഭാസ്നേഹവും ചരിത്രവീക്ഷണവും കരുപ്പിടിപ്പിച്ചു. ക്രിസ്തീയമൂല്യങ്ങളിൽ കുട്ടികൾ വളരണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. റ്റി.ജെ. സാർ ബുദ്ധിപരമായ മികവ് പുലർത്തിയിരുന്നു. ആലോചിച്ചും പഠിച്ചും മാത്രമേ തീരുമാനങ്ങൾ എടുത്തിരുന്നുള്ളു. പലരും അദ്ദേഹത്തോട് ആലോചനകൾ നടത്താറുമുണ്ടായിരുന്നു. ഭരണപാടവവും നവീന ചിന്തകളുംവഴി ഒരു 'വിദ്യാർത്ഥിസൗഹൃദ' സമീപനം പുലർത്തിയിരുന്നു. സാമ്പത്തികഭദ്രതയുള്ള കുടുംബത്തിൽ ജനിച്ചെങ്കിലും ജീവിതത്തിൽ ധാരാളിത്വം ഒരിക്കലും കാണിച്ചിരുന്നില്ല. മിതവ്യയശീലക്കാരനായിരന്ന റ്റി.ജെ. സാർ, മൂല്യാധിഷ്ഠിതചിന്തകളുടെ ഒരു കലവറ തന്നെയായിരുന്നു.

## ഡോ. ഞാറക്കുന്നേൽ

സഫലമായൊരു ജീവിതം. സാധാരണ മനുഷ്യർ ജന്മങ്ങൾ തപസ്സിരുന്നാലും എത്തിപ്പിടിക്കാൻ കഴിയാത്ത ഔന്നത്യമത്രേ ടി.ജെ. നേടിയത്. ടി.ജെ.യുടെ ജീവിതവഴികളിലൂടെ കടന്നുപോയാൽ -രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം യോഗപ്രതിനിധി, മാർ അഗസ്റ്റീനോസ് കോളേജ് ഭരണസമിതിയംഗം പിതൃവേദിയുടെ സ്ഥാപക പ്രസിഡന്റ്, ഇടവകയുടെ എല്ലാ സംരംഭങ്ങളിലും സജീവസാന്നിദ്ധ്യം, ഇടവകയിൽ നടന്ന എല്ലാ വലിയ സമ്മേളനങ്ങളുടെയും പിന്നിലെ സംഘാടകൻ, പ്രതിഭയും സൃഷ്ടിപരതയുമുള്ള പ്രാസംഗികൻ, രാമപുരം കണ്ട ഏറ്റം പ്രിയങ്കരനായ അദ്ധ്യാപകൻ, സഭയെ, സമുദായത്തെ സനേഹിക്കുകയും സമുദായത്തിനുവേണ്ടി സ്വയം സമർപ്പിച്ച ഉത്തമസഭാതനയൻ... ഇതെല്ലാമായിരുന്നു ടി.ജെ. സാർ.

(പ്രസിദ്ധീകരണം 26.1.2015)

# 29. ജിജി സെബാസ്റ്റ്യൻ പൊതുപ്രവർത്തനത്തിലെ സൂര്യ തേജസ്സ്

ജിജി എന്റെ ഒരു ആത്മസുഹൃത്താണ്. കാൽനൂറ്റാണ്ടു കാലമായി വിവിധ മേഖലകളിൽ ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ജിജി അമേരിക്കയിലായിരുന്നപ്പോഴും പല കാര്യങ്ങളിലും ഒന്നിച്ചു പ്രവർത്തിക്കുവാൻ സാധിച്ചിരുന്നു. താൻ സഞ്ചരിച്ച വഴികളെ വിസ്മരിക്കാത്ത ഒരു നല്ല പൊതുപ്രവർത്തകനായിരുന്നു ജിജി. പല പൊതുപ്രവർത്തകരും ഒരു നിലയിൽ എത്തിക്കഴിയുമ്പോൾ താൻ സഞ്ചരിച്ച വഴി വിസ്മരിക്കുകയും ഒന്നിച്ചുപ്രവർത്തിച്ചവരെ തള്ളിപറയുകയും ചെയ്യുന്ന അനുഭവം പലപ്പോഴും കണ്ടിട്ടുണ്ട്. ജിജിയിൽ നിന്നും അങ്ങനെയൊരനുഭവം ആർക്കും ഉണ്ടായിട്ടില്ല.

ചില നിർണ്ണായക സന്ദർഭങ്ങളിൽ നേരിൽകണ്ടും ടെലഫോൺവഴിയും ജിജി എനിക്കു നല്കിയ നിർദ്ദേശങ്ങൾ എന്റെ ഓർമ്മച്ചെപ്പിൽ ഞാൻ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ജിജി കത്തോലിക്കാ കോൺഗ്രസ്സിൽ എന്ന ഭാഗത്ത് ഞാൻ അത് രേഖപ്പെടുത്തിയിട്ടുണ്ട്.

നന്മ ചെയ്തു കടന്നുപോയവർ കാലങ്ങൾ കഴിയുമ്പോൾ വിസ്മരിക്കപ്പെടുക സാധാരണമാണ്. ജിജിയെ സംബന്ധിച്ചിടത്തോളം അതുണ്ടാകരുതെന്ന ആഗ്രഹമാണ് ഈ ഗ്രന്ഥനിർമ്മതിയ്ക്ക് എന്നെ പ്രേരിപ്പിച്ചത്.

## അവതാരിക–ഫാ. ജോസഫ് കടുപ്പിൽ

സ്രഷ്ടാവായ ദൈവം തന്റെ സവിശേഷ സൃഷ്ടിയായ മനുഷ്യനു മാത്രം നല്കിയിരിക്കുന്ന ഒന്നാണ് ഓർമ്മിക്കാനുള്ള കഴിവ്. നല്ല തീരുമാനങ്ങളെ കൈക്കൊള്ളാൻ ദൈവം നമ്മെ പ്രാപ്തരാക്കുന്ന ഒരു പ്രധാന ഘടകം നമ്മുടെ ഓർമ്മകളാണ്. വ്യത്യസ്ത വികാരങ്ങളാണല്ലോ ഓർമ്മകൾ നമ്മിലുണർത്തുന്നത്. ചില ഓർമ്മകൾ നമ്മിൽ ആനന്ദമുളവാക്കും. മറ്റു ചില ഓർമ്മകൾ നൊമ്പരമുണർത്തും. നൊമ്പരമുണർത്തുമെങ്കിലും നമ്മിൽ അഭിമാനമുണർത്തുന്ന ചില ഓർമ്മകളുണ്ട്. അത്തരം ഓർമ്മക്കു മുമ്പിലാണല്ലോ നാമിപ്പോൾ ആയിരിക്കുന്നത്.

ഏവർക്കും ഏറെ പ്രിയപ്പെട്ടവനായിരുന്നു അഡ്വ. ജിജി സെബാസ്റ്റ്യൻ നീലത്തുംമുക്കിൽ. മാനുഷികമായി പറഞ്ഞാൽ ഓർമ്മ മാത്രമായിട്ട് ഒരു വർഷം

തികയുന്നു. ജീവിതം ഒരു തീർത്ഥാടനമാണ്. ഈ തീർത്ഥാടനം എപ്പോൾ അതിന്റെ ലക്ഷ്യത്തിലെത്തുമെന്ന് ഒരു തീർത്ഥാടകനും അറിഞ്ഞുകൂടാ. അതിനാൽ അവനെ നിയോഗിച്ചവൻ മാത്രം അറിയുന്ന സ്നേഹ സമ്പന്നനായിരുന്നു അഡ്വ. ജിജി സെബാസ്റ്റ്യൻ. നാമൊക്കെ കണക്കുകൂട്ടി യതിനേക്കാൾ വളരെ മുമ്പേ തന്റെ ഈ ലോകതീർത്ഥാടനം വിജയകരമായി പൂർത്തിയാക്കി. തന്റെ ലക്ഷ്യത്തിലെത്തിചേർന്നിരിക്കുന്ന ഈ തീർത്ഥാടന ത്തിന്റെ ദൈർഘ്യം ഉടയവനായ ദൈവമാണ് തീരുമാനിക്കുന്നതെങ്കിൽ നമ്മുടെ ധർമ്മമോ അത് ഹ്രസ്വമായിരുന്നാലും വിശ്വസ്തതയോടുകൂടി നിർവ്വ ഹിക്കുക എന്നതുമാത്രം. വി. പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നതുപോലെ ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം കർത്താവിൽ നിന്നും അകലെയാണെന്ന് ഞങ്ങളറിയുന്നു. ശരീരത്തിൽ നിന്ന് അകന്നിരിക്കുവാനും കർത്താവിനോട് അടുത്തിരിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർന്ന് ശ്ലീഹാ പറയുന്നു "അടുത്തായാലും അകലെയായാലും അവിടുത്തെ പ്രസാദിപ്പിക്കുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം" (2 കൊറി 5/6–9)

ദൈവപരിപാലനയിൽ തനിക്ക് അനുവദിച്ച് കിട്ടിയ തീർത്ഥാടനസമയം അത് താരതമ്യേന ഹ്രസ്വമായിരുന്നെങ്കിലും നൂറുശതമാനം വിശ്വസ്തതയിൽ ദൈവത്തെ പ്രസാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഓടിയ ഒരു സാഹ സികനായിരുന്നു അഡ്വ ജിജി. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡ ലങ്ങളിൽ സർവ്വോപരി വിശ്വാസജീവിതമേഖലകളിൽ അനിതരസാധാര ണമായ മികവു കാട്ടിയ ഒരു ദൈവമകൻ. കുലീനകുടുംബത്തിൽ ജനിച്ച് മാതാ പിതാക്കളുടെ അചഞ്ചലമായ ഉത്തമവിശ്വാസപാരമ്പര്യത്തിൽ വളർന്ന് വിദ്യാർ ത്ഥിയായും മതാദ്ധ്യാപകനായും അഭിഭാഷകനായും പ്രവാസിയായും ഒക്കെ കരഗതമായ അനുഭവ സമ്പത്തുകൊണ്ട് പതം വന്ന ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. പ്രവർത്തനിരതനായിരുന്നു അദ്ദേഹം. സ്വദേശത്തായി രുന്നപ്പോഴും വിദേശത്തായിരുന്നപ്പോഴും തന്റെ ബുദ്ധികൊണ്ടും ശക്തി കൊണ്ടും മനസ്സുകൊണ്ടും ശരീരംകൊണ്ടും അനേകർക്ക് അനുഗ്രഹമായി മാറുവാൻ ആ മഹാമനസ്സിന് കഴിഞ്ഞു. ഈ പ്രിയമകനിൽ നിന്നും പിതാ വായ ദൈവം പ്രതീക്ഷിച്ചതെല്ലാം തിടുക്കത്തിൽ ചെയ്തതുകൊണ്ടാകാം അവിടുന്ന് നിത്യസമ്മാനത്തിനായി എത്രയും വേഗം അദ്ദേഹത്തെകൂട്ടി കൊണ്ടുപോയത്.

എനിക്ക് വ്യക്തിപരമായി അഡ്വ. ജിജി സെബാസ്റ്റ്യനുമായി പരിചയവും അടുപ്പവും ഉണ്ടായത് ഷിക്കാഗോ രൂപതയിൽ ശുശ്രൂഷ ചെയ്തിരുന്ന കാല ത്താണ്. ഫോണിലും നേരിട്ടും ഒക്കെ അദ്ദേഹവുമായി സംസാരിക്കുവാൻ അവസരമുണ്ടായപ്പോഴൊക്കെ എന്റെ മനസ്സിൽ തെളിഞ്ഞു വന്നിട്ടുള്ളത് സഭ യെയും സമുദായത്തെയും സമൂഹത്തെയും സ്നേഹിക്കുന്ന– –കുടുംബ ബന്ധങ്ങളെ ജീവനുതുല്യം കണക്കാക്കുന്ന വരുംതലമുറയുടെ വളർച്ചയെ വ്യഗ്രതയോടെ നോക്കിക്കാണുന്ന, പൊയ്മുഖമില്ലാത്ത ഒരു ഉത്തമ

വ്യക്തിയേയാണ്. ചികിത്സയിൽ കഴിയുമ്പോഴും ഞാൻ സംസാരിച്ചിട്ടുണ്ട്. രോഗത്തിന്റെ അസ്വസ്ഥതകളിൽ കഴിയുമ്പോഴും അദ്ദേഹത്തിന്റെ പ്രധാന ചർച്ചാ വിഷയം സഭയുടെ വാക്കുകളായിരുന്നു.

തൊട്ടുരുമ്മി നിൽക്കുന്നുവെങ്കിലും ജീവനും മരണവും രണ്ടു വൈരുദ്ധ്യ യാഥാർത്ഥ്യങ്ങളാണ്. പക്ഷെ വിശ്വാസിയെ സംബന്ധിച്ചിടത്തോളം മരണം ഒരു സന്ധിക്കലാണ്. അത് രണ്ട് വ്യത്യസ്ത തലങ്ങളിലുള്ള ജീവിതങ്ങൾ തമ്മിലുള്ള ബന്ധിക്കലാണ്. അവസാനിക്കുന്ന ഈ ലോകജീവിതവും ഒരിക്കലും അവസാനിക്കാത്ത നിത്യജീവിതവും തമ്മിലുള്ള കണ്ടുമുട്ടലാണ്. അതാണ് മരണത്തെക്കുറിച്ചുള്ള ക്രൈസ്തവ ദർശനത്തിന്റെ അനന്യത. നിത്യജീവൻ കൈവശമാക്കാൻ അവിടുന്നിൽ വിശ്വസിക്കണമെന്നും അവിടുത്തെ വചനം പാലിക്കണമെന്നും അവിടുത്തെ തിരുശരീര രക്തങ്ങളിൽ പങ്കുചേരണമെന്നും അവിടുത്തെ സുവിശേഷങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അവിടുന്നിൽ ആഴമായി വിശ്വസിച്ച് അവിടുത്തെ വചനങ്ങൾ അഭംഗുരം പാലിച്ച്, അവിടുത്തെ തിരുശരീരരക്തങ്ങളിൽ യോഗ്യതയോടെ പങ്കുചേർന്ന് ജീവിതം ധന്യമാക്കിയ സ്നേഹധനനായ അഡ്വ. ജിജി സെബാസ്റ്റ്യൻ അമർത്യതയുള്ള നാട്ടിൽ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടുന്ന മാലാഖമാരോട് ചേർന്ന് ദൈവപിതാവിന്റെ മുഖം ദർശിച്ച് യഥാർത്ഥവും സത്യവുമായ ദൈവാരാധനയിൽ അനവരതം പങ്കുചേരുന്നുവെന്ന് നമുക്ക് ആശ്വസിക്കാം.

ബഹുമുഖപ്രതിഭയായിരുന്ന ജിജി സെബാസ്റ്റ്യൻ നീലത്തുംമുക്കിൽ-പൊതുപ്രവർത്തനത്തിലെ സൂര്യതേജസ്സ് എന്ന പേരിൽ ഓർമ്മക്കുറിപ്പുകളായി ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഈ സദ്സംഗമത്തിന് മുൻകൈയെടുത്ത് ക്ഷമാപൂർവ്വം യത്നിച്ച സീറോ-മലബാർ സഭാതാരം എത്രയും ബഹുമാനപ്പെട്ട ജോൺകച്ചിറമറ്റം സാറിനെപ്പറ്റിയും ഒരു വാക്ക് പറയാതെ വയ്യ. ഊണിലും ഉറക്കത്തിലും സുബോധത്തിലും സ്വപ്നത്തിലും നടപ്പിലും എടുപ്പിലുമെല്ലാം സഭയേയും സമുദായത്തെയും നെഞ്ചിലേറ്റി നടക്കുന്ന ഒരു അത്ഭുത മനുഷ്യൻ. തന്റെ വ്യക്തിപരവും കുടുംബപരവുമായ ഉത്തരവാദിത്വങ്ങൾക്ക് ഒക്കെ അവധി കൊടുക്കാതെ തന്നെ സഭാ-സമുദായിക-സാമൂഹ്യസേവനത്തിന് സമയവും സൗകര്യവും കണ്ടെത്തുന്ന ഒരു ഉത്തമ വിശ്വാസി-താൻ വിശ്വസിക്കുന്ന സഭയേയും ഉൾപ്പെടുന്ന സമുദായത്തെയും പടുത്തുയർത്തേണ്ടത് തന്റെ ദൈവവിളിയെന്ന തിരിച്ചറിവിൽ നിരന്തരം കർമ്മോത്സുകനായിരിക്കുന്ന ഈ തീക്ഷ്ണമതിയായ പ്രേഷിതനെ മാർ കരിയാറ്റിക്കും നിധീരിക്കൽ മാണിക്കത്തനാർക്കും തച്ചിൽ മാത്തുത്തരകനുമൊപ്പമല്ലാതെ ആർക്ക് ചിന്തിക്കാൻ കഴിയും. അകാലത്തിൽ പൊലിഞ്ഞ ജിജിയെ – ആ ദിവ്യതേജസ്സിനെ ലോകത്തിന് പരിചയപ്പെടുത്തുവാൻ അതുല്യപ്രതിഭയായ ജോൺ സാർ കാണിക്കുന്ന ഔദാര്യത്തിന് നന്ദി.

(പ്രസിദ്ധീകരണം 05.08.2015)

# 30. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം

ഇന്നത്തെ പൊതുപ്രവർത്തകരുടെ പ്രവർത്തനശൈലിയെ നഖശിഖാന്തം വിമർശിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണിത്. സംഘടനാ പ്രവർത്തനത്തിൽ വന്ന തെറ്റായ പ്രവണതകൾ ഒന്നൊന്നായി ഈ പുസ്തകത്തിൽ കാണിക്കുന്നുണ്ട്. പൊതുപ്രവർത്തകർ പ്രസ്താവനകൾ ഇറക്കി സംതൃപ്തിയടയുന്നതിനെയും ഫ്ളക്സ്ബോർഡുകൾ സ്ഥാപിക്കുന്നതിനെയും അവാർഡുകൾ സംഘടിപ്പിക്കുന്നതിനെയും വ്യക്തിവിരോധം തീർക്കുന്നതിനുവേണ്ടി നടത്തുന്ന അക്രമങ്ങളെയും എല്ലാം വിമർശിക്കുന്ന ഈഗ്രന്ഥം ഓരോ പൊതുപ്രവർത്തകന്റെയും നേരെ വിരൽചൂണ്ടുകയാണ്.

## അവതാരിക- അഡ്വ. സി. ജോസ് ഫിലിപ്പ്

ആറരദശാബ്ദക്കാലത്തെ ത്യാഗപൂർണ്ണമായ പൊതുപ്രവർത്തനത്തിനുടമയാണ് ജോൺ കച്ചിറമറ്റം. ജീവിതത്തിന് എന്തെങ്കിലും അർത്ഥംവേണമെങ്കിൽ ജീവിതം മറ്റുള്ളവർക്കു വേണ്ടിയായിരിക്കണം എന്ന ചിന്താഗതിക്കാരനാണദ്ദേഹം. എല്ലാരംഗത്തും ആ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കച്ചിറമറ്റം പ്രവർത്തിച്ചിട്ടുള്ളത്. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം എന്ന ഗ്രന്ഥത്തിൽ കച്ചിറമറ്റത്തിന്റെ ഹൃദയവികാരങ്ങൾ ആണ് പ്രകടമാകുന്നത്.

പത്താമത്തെ വയസ്സിൽ ഭക്തസംഘടനകളിലൂടെ ആരംഭിച്ച പൊതുപ്രവർത്തനം പൂർണ്ണ ഉത്തരവാദിത്വത്തോടെ അദ്ദേഹം നിർവ്വഹിച്ചു. കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ നടന്ന കുടിയിറക്കിനെതിരെയും കൊട്ടിയൂരിലെ മേൽച്ചാർത്തിനെതിരെയും നടന്ന പ്രക്ഷോഭണത്തിൽ ഫാ,. വടക്കനോടും സഖാവ് എ.കെ. ഗോപാലനോടും ബി. വെല്ലിംഗ്ടണോടും ഒപ്പം കച്ചിറമറ്റം നേതൃത്വം നൽകിയിട്ടുണ്ട്. മലയോരങ്ങളിൽ ഓടി നടന്ന് - എല്ലാം ത്യജിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ പ്രതിഫലം ഒന്നും ഇച്ഛിച്ചുകൊണ്ടായിരുന്നില്ല - നിസ്വാർത്ഥ സേവനം മാത്രമായിരുന്നു.

അടിയന്തരാവസ്ഥകാലത്ത് - ആ കിരാതനടപടിക്കെതിരെ - രഹസ്യയോഗങ്ങൾ വിളിച്ചുകൂട്ടിയതും ജയിലിൽ അടക്കപ്പെട്ട രാഷ്ട്രീയ തടവുകാരുടെ കുടുംബാംഗങ്ങൾക്ക് എല്ലാ സഹായവും നൽകാൻ ഇറങ്ങിതിരിച്ചതും നമുക്കാർക്കും വിസ്മരിക്കാൻ സാദ്ധ്യമല്ല. അടിയന്തിരാവസ്ഥയെ എതിർക്കുന്നവരെ നിർദാക്ഷിണ്യം ജയിലിലടയ്ക്കുന്ന ഒരു കാലത്താണ് കച്ചിറമറ്റം ഈ

സാഹസപ്രവർത്തിക്ക് തയ്യാറായത്. അടിയന്തരാവസ്ഥ കാലത്തെ പ്രവർത്തനം കൊണ്ട് ഒരു മനുഷ്യാവകാശധർമ്മഭടൻ എന്ന പേരിന് കച്ചിറമറ്റം അർഹനായി.

ആൾ ഇന്ത്യാ കത്തോലിക് യൂണിയൻ, ആൾ ഇന്ത്യാ സീറോ മലബാർ കാത്തലിക് കോൺഗ്രസ്, അഖില കേരളകത്തോലിക്കാ കോൺഗ്രസ്സ്, കേരളാ കാത്തലിക് ഫെഡറേഷൻ, കേരളാ ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, മലനാട് കർഷക യൂണിയൻ തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് ദീർഘനാൾ അദ്ദേഹം നേതൃത്വം നൽകി. കത്തോലിക്കാ കോൺഗ്രസ്സ് ബുള്ളറ്റിന്റെ ചീഫ് എഡിറ്ററായി 32 വർഷവും കേരളസഭാ മാസികയുടെ ചീഫ് എഡിറ്ററായി 12 വർഷവും പ്രവർത്തിച്ചു. ഇക്കാലയളവിൽ ഒരു ലക്കം പോലും മുടങ്ങാതെ അവ പ്രസദ്ധീകരിക്കാൻ ശ്രമിച്ചു.

എ.കെ.സി.സി. പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും ബുള്ളറ്റിൻ ചീഫ് എഡിറ്ററുമായിരുന്ന കാലത്ത് ആഴ്ചയിൽ മൂന്നുദിവസം കോട്ടയത്ത് എ.കെ. സി.സി. ഓഫീസിൽ എത്തി രാത്രിമുഴുവൻ പ്രവർത്തന നിരതനായി കഴിഞ്ഞുകൂടി. സ്കൂളിലെ അദ്ധ്യാപക ജോലി കഴിഞ്ഞ് 6 മണിക്ക് കോട്ടയത്ത് ഓഫീസിൽ എത്തിയാൽ വെളുപ്പിനെ മൂന്നരമണിവരെ ഉറക്കമിളച്ച് ജോലി ചെയ്യും. തുടർന്ന് കഞ്ഞിക്കുഴിയിൽ നിന്നും രണ്ട് കിലോമീറ്റർ നടന്ന് ട്രാൻസ്പോർട്ട് സ്റ്റാൻഡിലെത്തി നാലുണിക്കുള്ള ബസ്സിന് കയറി വീട്ടിൽ എത്തും. ഒരു ഓട്ടോറിക്ഷാ പോലും ഉപയോഗിക്കാതെയുള്ള നടപ്പ് എല്ലാവരെയും അന്ന് ആശ്ചര്യപ്പെടുത്തിയിരുന്നു. പൊതു മുതൽ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിരുന്നു.

സംഘടനാ പ്രവർത്തനം ഒരു വീഴ്ചയും വരുത്താതെ കൃത്യമായി നടത്തിയിരുന്നു. യോഗം നടത്താതെ നടത്തിയെന്ന് പത്രത്തിൽ വാർത്തകൊടുക്കുന്ന ഈ കാലഘട്ടത്തിൽ അപ്രകാരമുള്ള സൂത്രപണിക്ക് ഒന്നും കച്ചിറമറ്റം തയ്യാറായിട്ടില്ല. ഈ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ പത്രപ്രസ്താവനകൾ നടത്തി പ്രസദ്ധിനേടാൻ ശ്രമിച്ചിട്ടില്ല. ഏതെങ്കിലും ഒരു പ്രശ്നത്തെപ്പറ്റി പ്രസ്താവനയിറക്കുന്നതിന് മുൻപ് ശരിക്കു പഠിക്കുകയും സംഭവസ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നു. ക്രൈസ്തവമിഷനറിമാർ ആക്രമിക്കപ്പെട്ട എല്ലാ സ്ഥലങ്ങളും തന്നെ കച്ചിറമറ്റം സന്ദർശിച്ചിട്ടുണ്ട്.

കുടിയിറക്കും കുടിയിരുത്തും നടന്ന ഉടുമ്പൻചോലയിലും അമരാവതിയിലും കൊട്ടിയൂരിലും പുൽപള്ളിയിലും ഗൂഡല്ലൂരുമെല്ലാം സന്ദർശിച്ചതിനുശേഷമാണ് അദ്ദേഹം പ്രസ്താവനയിറക്കിയിട്ടുള്ളത്.

രണ്ട് ഡസനിലധികം അവാർഡുകൾ സംസ്ഥാന-ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കച്ചിറമറ്റത്തിന് ലഭിച്ചിട്ടുണ്ട്. എത്ര അവാർഡുകളാണ് അദ്ദേഹം തിരസ്കരിച്ചിരിക്കുന്നത്. അദ്ദേഹം തിരസ്കരിച്ച അവാർഡുകൾ

എം.എൽ.എ.മാരും എം.പി.മാരും കേന്ദ്രസംസ്ഥാനമന്ത്രിമാരും വാങ്ങിയിട്ടുണ്ട്. അതിന്റെ പേരിൽ നിരവധി ഫ്ളക്സ് ബോർഡുകളും അവാർഡു ജേതാക്കൾ സ്ഥാപിച്ചിട്ടുണ്ട്.

ത്യാഗോജ്ജ്വലമായ പൊതുപ്രവർത്തനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന കച്ചിറമറ്റം ലക്ഷ്യത്തിൽ നിന്നും മാറി സഞ്ചരിക്കുന്ന പൊതു പ്രവർത്തകർക്കെതിരെ ഈ ഗ്രന്ഥത്തിൽ ആഞ്ഞടിച്ചിരിക്കുകയാണ്. പ്രസ്താവനകൾ ഇറക്കിയും അവാർഡുകൾ തട്ടിയെടുത്തും ഫ്ളക്സ് ബോർഡ് സ്ഥാപിച്ചും നേതാവായി ചമയുവാൻ പൊതുപ്രവർത്തകർ ഇന്ന് വെമ്പൽ കൊള്ളുകയാണ്. ഭൗതിക നേട്ടം, പ്രശസ്തി, അധികാരം സ്വാധീനം എന്നിവക്കു പിന്നാലെ ഭ്രാന്തമായ നെട്ടോട്ടം നടത്തുന്ന പൊതുപ്രവർത്തകർക്കുനേരെയാണ് ഈ ഗ്രന്ഥത്തിലൂടെ കച്ചിറമറ്റം പടപൊരുതുന്നത്. ഇരുപത്തിമൂന്ന് അദ്ധ്യായങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉള്ളത്. അവയെല്ലാം ഒന്നിനൊന്നു സമൂഹം അറിഞ്ഞിരിക്കേണ്ടതും പ്രത്യേകിച്ച് പൊതുരംഗത്ത് ഇറങ്ങുന്നവർ നിർബ്ബന്ധമായും മനസ്സിലാക്കിയിരിക്കേണ്ടതുമാണ്. തന്റെ ജീവിത യാത്രയിൽ സമൂഹത്തിനു വേണ്ടി മാറ്റിവെയ്ക്കപ്പെട്ട നിസ്വാർത്ഥ സേവനത്തിന്റെ കാലയളവിൽ കാലം പഠിപ്പിച്ച ജീവിത യാഥാർത്ഥ്യങ്ങളുടെ ചൂളയിൽ പാകപ്പെടുത്തി എടുത്ത കാര്യങ്ങളാണ് അദ്ദേഹം ഈ ഗ്രന്ഥത്തിലൂടെ സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നത്.

വിലകുറഞ്ഞ പ്രശസ്തിക്കുവേണ്ടി പരക്കംപായുന്ന പൊതുപ്രവർത്തകരെ ആ ശ്രമത്തിൽ നിന്ന് പിൻമാറ്റുവാനും അവരെ വളരെ പുച്ഛമായി വീക്ഷിക്കാൻ ജനങ്ങളെ സജ്ജമാക്കുവാനും വേണ്ടി തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം വഴിതെറ്റി പോകുന്ന പൊതുപ്രവർത്തകർക്ക് നേരെ എറിയുന്ന ഒരു അണുബോംബ് തന്നെയാണ്. ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേർന്നുകൊണ്ടും പൊതുപ്രവർത്തകരുടെ ഇന്നത്തെ പ്രവർത്തന ശൈലിയിൽ മാറ്റം വരുത്തുന്നതിന് ഈ ഗ്രന്ഥം സഹായകരമായി തീരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഈ ഗ്രന്ഥം സഹൃദയമക്ഷം സമർപ്പിച്ചുകൊള്ളുന്നു."

ഈ ഗ്രന്ഥത്തിന്റെ ആദ്യം ചില ചിന്താകുലങ്ങൾ കൂടി ചേർത്തിട്ടുണ്ട്. സുവിശേഷ്യവാക്യങ്ങളും ഗാന്ധിജിയും സ്വാമി വിവേകാനന്ദനും പറഞ്ഞ കാര്യങ്ങളുമൊക്കെയാണ് ആദ്യം പൊതുപ്രവർത്തകർ വായിച്ചറിയുന്നതിനുവേണ്ടി ചേർത്തിരിക്കുന്നത്.

(പ്രസിദ്ധീകരണം 01.06.2014)

# 31. സാർവ്വത്രിക സൂനഹദോസുകൾ

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ആരംഭിച്ചിട്ട് 50 വർഷം പൂർത്തിയായി കനക ജൂബിലിയാഘോഷിക്കുകയാണിപ്പോൾ. ഈ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് സാർവത്രികസുന്നഹദോസുകളെപ്പറ്റി ഒരു പഠനം നടത്തണമെന്ന് ഒരു ആഗ്രഹം ഉണ്ടായി. 21-ാമത്തെ സാർവ്വത്രിക സുന്നഹദോസാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. ഇതിന് മുൻപുനടന്ന 20 സാർവത്രിക സുന്നഹദോസുകളെപ്പറ്റിയും അതിനു മുൻപ് നടന്ന ജറുസലേം സമ്മേളനത്തെപ്പറ്റിയും ഒരു അറിവ് ഇന്നത്തെ തലമുറക്ക് നൽകണമെന്ന ഉദ്ദേശത്തോടെയാണ് ഈ ഗ്രന്ഥരചനക്ക് ഞാൻ മുതിർന്നത് ഇതിന് എനിക്ക് സഹായകരമായി തീർന്നത് തിരുസഭാചരിത്രഗ്രന്ഥങ്ങളാണ് അതിൽ പ്രധാനപ്പെട്ടത് റവ.ഡോ സേവ്യർ കൂടപ്പുഴ രചിച്ച തിരുസഭാ ചരിത്രവും ഫാ. ഹോർമിസു പെരുമാലിൽ എഡിറ്റ് ചെയ്ത് പ്രകാശനം ചെയ്ത "ക്രിസ്തുമതവും ഭാരതവും" എന്ന ഗ്രന്ഥവും എസ്.എച്ച്. ലീഗ് സാർവത്രിക സുന്നഹദോസിനെപ്പറ്റി മാത്രമായി തയ്യാറാക്കി പ്രസിദ്ധീകരിച്ച ഒരു ലക്കവും ആണ്. അവയിലെ ഏതാനും ഭാഗങ്ങൾ ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ചക്രവർത്തിമാരുടെ ഇടപെടലുകൾ കൂടാതെ നടന്ന ആദ്യത്തെ സൂനഹദോസാണ് ഒന്നാം വത്തിക്കാൻ കൗൺസിൽ

ഒന്നാം വത്തിക്കാൻ സൂനഹദോസ് പിരിച്ചുവിട്ട് ഏതാണ്ട് 90 വർഷങ്ങൾക്കുശേഷമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിക്കുന്നത്. കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ സഭാതലത്തിൽ ഏറ്റം ചർച്ച ചെയ്യപ്പെട്ട വിഷയവും രണ്ടാം വത്തിക്കാൻ സൂനഹദോസാണ്. കഴിഞ്ഞ 20 സൂനഹദോസുകളിൽ നിന്നും വ്യത്യസ്തമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. സഭയ്ക്ക് ഒരു നവജീവൻ പ്രദാനം ചെയ്യുകയെന്നതായിരുന്നു ഈ കൗൺസിലിന്റെ പരമപ്രധാനമായ ലക്ഷ്യം. കൗൺസിലിന്റെ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള ശ്രമവും നടന്നു. വിവിധ ഭാഷകളിൽ പ്രമാണരേഖകൾ പ്രസിദ്ധീകരിച്ചു. വിവിധ കേന്ദ്രങ്ങളിൽ നിരവധി ചർച്ചാസമ്മേളനങ്ങൾ നടന്നു.

ഭാരതത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സഭയെ പുനരുജ്ജീവിപ്പിക്കാൻ എന്തു നടപടികൾ സ്വീകരിക്കണമെന്ന കാര്യത്തെപ്പറ്റി സി.ബി.സി.ഐ. ചർച്ച ചെയ്തു. ആധുനിക ലോകത്തിൽ സഭയെക്കുറിച്ചുള്ള എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്ത വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ ഭാരതസഭയിൽ മാറ്റത്തിനുവേണ്ടി എന്തു ചെയ്യണമെന്ന് തീരുമാനിക്കാൻ ദേശീയതലത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നതിനും അതിന് മുൻപ് റീജയണൽ അടിസ്ഥാനത്തിലും രുപതാടിസ്ഥാന

ത്തിലും ഇടവകതലങ്ങളിലും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി അതിന്റെ റിപ്പോർട്ടും ശുപാർശകളും സി.ബി.സി.ഐ.കേന്ദ്രത്തിൽ എത്തിക്കണമെന്നുമായിരുന്നു തീരുമാനം.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇടവകതലത്തിൽ കാര്യമായ ചർച്ചകളൊന്നും നടന്നില്ല. രൂപതാതലത്തിൽ ചർച്ചകൾ നടന്നുവെന്ന് പറയാം. കേരള റീജയണൽ സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്ന 13 വിഷയങ്ങളിൽ മൂന്നോ നാലോ വിഷയങ്ങളെപ്പറ്റി മാത്രം പല രൂപതകളും ചർച്ച നടത്തി റീജയണൽ സെമിനാറിന് കളമൊരുക്കി.

റീജയണൽ സെമിനാർ 13 വിഷയങ്ങളെപ്പറ്റിയാണ് ചർച്ച ചെയ്തത്. ആ പതിമൂന്ന് വിഷയങ്ങളെപ്പറ്റിയും പഠനം നടത്തി വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി റീജയണൽ സെമിനാറിന് സമർപ്പിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഓരോ കമ്മറ്റിയെയും ചുമതലപ്പെടുത്തുകയുണ്ടായി. ആ കമ്മറ്റികൾ ഓരോന്നും പല പ്രാവശ്യം സമ്മേളിച്ച് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റീജയണൽ സെമിനാറിന്റെ ചുമതല വഹിക്കുവാൻ നിയോഗിച്ചത് പി.ഒ.സി.യെ ആയിരുന്നു.

റീജയണൽ സെമിനാറിൽ ആകെ 248 പേർ പങ്കെടുത്തിരുന്നു. വിവിധ സഭാവിഭാഗങ്ങളിൽപ്പെട്ടവരെയും വിവിധ മതവിഭാഗത്തിൽപ്പെട്ടവരെയും റീജയണൽ സെമിനാറിലേക്ക് പ്രത്യേകം ക്ഷണിച്ചിരുന്നു. പി.ഒ.സി.ഡയറക്ടർ ഫാ.ജോസഫ് കണ്ണാത്ത് സെമിനാർ നൂറു ശതമാനം വിജയിപ്പിക്കുവാൻ ശ്രമിച്ചുവെന്ന് തറപ്പിച്ചു പറയുവാൻ സാധിക്കും.

സെമിനാർ 1968 ഡിസംബർ അവസാനവാരത്തിൽ മംഗലപ്പുഴ സെന്റ് ജോസഫ് സെമിനാരിയിൽ ആണ് ചേർന്നത്. ഓരോവിഷയത്തെപ്പറ്റിയും വിദഗ്ദ്ധ സമിതിതയ്യാറാക്കിയ റിപ്പോർട്ട് സെമിനാറിൽ പങ്കെടുത്ത ഒരു ഗ്രൂപ്പു ചർച്ച ചെയ്യുകയും ഏതാനും നിർദ്ദേശങ്ങൾ പ്ലീനറിസമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്തു. സെമിനാർ അതിന്റെ വെളിച്ചത്തിൽ എടുത്തനിർദ്ദേശങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കിയെന്നുള്ളതിനെപ്പറ്റി ഒന്നു ചിന്തിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ ലക്ഷ്യം. റീജയണൽ സെമിനാർ ചർച്ച ചെയ്ത തീരുമാനങ്ങൾ ഈ ഗ്രന്ഥത്തിൽ ഏതാണ്ട് പൂർണ്ണമായും ചേർത്തിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ ശ്രമിക്കുമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് സെമിനാറിന്റെ സമാപനത്തിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു.

രണ്ടാംവത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ കനകജൂബിലിയോടനുബന്ധിച്ച് നിരവധി പരിപാടികൾ സഭ ആസൂത്രണം ചെയ്തിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ്സ് പാലാ രൂപതാ സംഘം നടത്തിയ മെഗാക്വിസ് അതിൽ ഏറ്റം പ്രാധാന്യം അർഹിക്കുന്നതാണ്. അതുപോലെ മറ്റു രൂപതകളിലും വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വത്തിക്കാൻ കൗൺസിലിനെപ്പറ്റിയുള്ള പഠനങ്ങളും കാര്യമായി നടക്കുന്നു. വളരെയധികം പ്രതീ

ക്ഷകളോടെയാണ് വത്തിക്കാൻ കൗൺസിലിനെ സഭ സ്വാഗതം ചെയ്തത്. സെമിനാറിന്റെ ചൈതന്യം സഭയുടെ വിവിധ ഘടകങ്ങളിലേക്ക് എന്തുമാത്രം കടന്നു ചെന്നുവെന്ന് ഒരു അവലോകനം നടത്തുകയാണ് ഇന്നത്തെ അടിയന്തിരമായ ആവശ്യം. പഠനം തുടരുന്നതോടൊപ്പം അനുദിന ജീവിതത്തിൽ സഭയിൽ എന്തു ചലനം സൃഷ്ടിക്കാൻ വത്തിക്കാൻ കൗൺസിലിന് സാധിച്ചുവെന്നതാണ് അടിയന്തിരമായി ചർച്ച ചെയ്യേണ്ടത്.

സെമിനാറിൽ പങ്കെടുത്തവരും സെമിനാറിനെ ആകാംഷപൂർവ്വം കാത്തിരുന്നവരും സെമിനാറിനുശേഷം ജനിച്ചവരും റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ എത്രമാത്രം നടപ്പിലാക്കിയെന്നുള്ളതിനെപ്പറ്റി ചിന്തിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കനക ജൂബിലി വർഷത്തിൽ പ്രസിദ്ധീകരിക്കുന്നത്. എന്റെ ഈ പരിശ്രമത്തിൽ പങ്കുകൊള്ളാൻ സമുദായ സ്നേഹികൾ ഏവരേയും സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു.

## അവതാരിക -റവ. ഡോ. സ്റ്റീഫൻ ആലത്തറ

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തതിന്റെ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ചാണ് സാർവത്രിക സൂനഹദോസുകളെക്കുറിച്ചുള്ള പുസ്തകം ശ്രീ ജോൺ കച്ചിറമറ്റം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിലെ മതപരമായ ഏറ്റവും വലിയ സംഭവമായിട്ടാണ് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിലിനെ വിശേഷിപ്പിച്ചത്. ക്രൈസ്തവവിശ്വാസത്തിന്റെ പാവനനിക്ഷേപം സുഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയെന്നതാണ് സാർവത്രിക സൂനഹദോസിന്റെ പരമപ്രധാനമായ ധർമ്മം. പരമ്പരാഗതമായി കുറവുകൂടാതെ സംരക്ഷിക്കപ്പെട്ട വിശ്വാസസത്യങ്ങൾ ക്രിസ്തീയതയുടെ പൊതുപൈതൃകമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പൊതുവിൽ അജപാലന സൂനഹദോസ് എന്നാണ് അറിയപ്പെടുന്നത്. കൗൺസിൽ ഒരു പുത്തൻ ഉണർവ് സഭയിലെങ്ങും പ്രദാനം ചെയ്തു. സഭയുടെ അജപാലനശുശ്രൂഷയ്ക്ക് ഉചിതമായ ഊന്നൽ കൊടുക്കാനും കൗൺസിൽ കാരണമായി. രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച നവീനങ്ങളായ ആശയങ്ങൾ എത്രമാത്രം നടപ്പിലാക്കാൻ കേരളസഭയ്ക്ക് സാധിച്ചുവെന്നതിനെക്കുറിച്ചുള്ള വിമർശനാത്മകമായ അവതരണം ശ്രീ കച്ചിറമറ്റത്തിന്റെ ഈ പുസ്തകത്തെ ഏറെ ശ്രദ്ധേയമാക്കുന്നു.

സൂനഹദോസുകളെക്കുറിച്ചുള്ള പൊതു ധാരണ നല്കുന്നതോടൊപ്പം ഇതുവരെ സഭയിൽ നടന്ന എല്ലാ സൂനഹദോസുകളെക്കുറിച്ചും ചരിത്രപരമായും വസ്തുനിഷ്ഠമായും പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ചും സൂനഹദോസിന്റെ പതിനാറ് പ്രമാണരേഖകളെക്കുറിച്ചും വിശദമായ വിവരണമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങൾ കേരള കത്തോലിക്കാസഭയിൽ നടപ്പിലാക്കുന്നതിന് 1968-ൽ ആലുവ

യിൽ നടന്ന റീജനൽ സെമിനാർ മുന്നോട്ടുവച്ച ആശയങ്ങൾ എങ്ങനെയാണ് കേരളസഭ സ്വീകരിച്ചത് എന്ന വിലയിരുത്തൽ പുസ്തകത്തിലുണ്ട്. പുസ്തകം വായിക്കുമ്പോൾ 1968-ലെ റീജിനൽ സെമിനാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾക്ക് ഇന്നും ഏറെ പ്രത്യേകതയുണ്ടെന്ന് മനസ്സിലാകും. സെമിനാറിന്റെ പല നിർദ്ദേശങ്ങളും കേരളസഭയിൽ നടപ്പിലാക്കാൻ സാധിച്ചുവെന്ന് ഗ്രന്ഥകാരൻ സമ്മതിക്കുന്നു. എങ്കിലും രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ 45 വർഷങ്ങൾക്കു മുമ്പ് ആലുവ മംഗലപ്പുഴ സെമിനാരിയിൽ വച്ച് "ഇന്നത്തെ ഇന്ത്യയിലെ സഭ" എന്ന വിഷയത്തെക്കുറിച്ച് നടത്തിയ സെമിനാറിന്റെ നിർദ്ദേശങ്ങൾ വേണ്ടവിധം കേരളസഭയിൽ നടപ്പിലാക്കാൻ സാധിച്ചോ എന്ന് വിലയിരുത്തണമെന്ന് അതിശക്തമായി ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണചൈതന്യം വളരെ ഏറെ ഉൾക്കൊള്ളാൻ കേരള സഭയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളസഭയിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് ശരിയായി മനസ്സിലാക്കണമെങ്കിൽ കൗൺസിലിന് മുമ്പുള്ള സഭയെ നാം മനസ്സിലാക്കണം. രണ്ടാം വത്തിക്കാൻ കൗൺസിൽ അജപാലനപരമായ ഊന്നൽ നല്കിയതുകൊണ്ട് അജപാലനപരമായ വലിയ മാറ്റങ്ങളാണ് കൗൺസിലിനെത്തുടർന്ന് സഭയിലുണ്ടായത്. കൗൺസിലിന്റെ നവീകരണം കേരളസഭയിൽ നടപ്പിലാക്കാൻ ആ കാലഘട്ടത്തിലെ ആധ്യാത്മികനേതൃത്വവും അല്മായനേതൃത്വവും ഒരുമിച്ച് പ്രവർത്തിച്ചിരുന്നുവെന്നത് ഏറെ അഭിമാനത്തിന് വക നല്കുന്ന കാര്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ച് ചില ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം 1965-ൽ കൗൺസിൽ സമാപിച്ചുവെങ്കിലും കൗൺസിലിന്റെ പ്രമാണരേഖകൾ സാവധാനത്തിലാണ് സഭ മനസ്സിലാക്കുന്നതും നടപ്പിലാക്കുന്നതും എന്നതാണ്. അതുകൊണ്ട് കൗൺസിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണജൂബിലി 'ആഘോഷിക്കുന്ന അവസരത്തിൽ കൗൺസിൽ മുന്നോട്ടുവച്ച ആശയങ്ങളും റീജനൽ സെമിനാറിന്റെ നിർദ്ദേശങ്ങളും പലതും കേരളസഭയ്ക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനത്തിന് പ്രസക്തിയുണ്ട്. ഈ വിമർശനത്തെക്കുറിച്ച് കേരളസഭയിലെ ആധ്യാത്മികനേതൃത്വത്തിന് അവബോധം ഉള്ളതുകൊണ്ടാണ് 2012 ജൂൺ മാസത്തിൽ പി.ഒ.സി. യിൽ കൂടിയ കെസിബിസിയുടെ വർഷകാല സമ്മേളനത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ എത്രമാത്രം കേരളസഭ നടപ്പിലാക്കി എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ സർവേ നടത്താനും അതിലേക്കായി മൂന്നംഗ മെത്രാൻ സമിതിയെ നിയോഗിക്കാനും തയ്യാറായത്. അതീവ പ്രാധാന്യത്തോടെയാണ് മെത്രാൻ സമിതി ഈ വിഷയത്തെ പരിഗണിച്ചു എന്നതിന് ഉത്തമ ഉദാഹരണമാണ് ബിഷപ്സ് കൗൺസിലിന്റെ ഈ തീരുമാനം.

(പ്രസിദ്ധീകരണം 18.10.2013)

# 32. കാത്തലിക് ഗ്രീവൻസസ്

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകൂർ മഹാരാജാവിന് 1931-ൽ സമർപ്പിച്ച ഒരു മെമ്മോറാണ്ടമാണ് കാത്തലിക് ഗ്രീവൻസസ്. ആ മെമ്മോറാണ്ടം പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭണങ്ങളുടെ സംഗ്രഹവും ഇതിൽ ചേർത്തിട്ടുണ്ട്.

കേരളത്തിലെ ക്രൈസ്തവരുടെ രാഷ്ട്രീയ നിലയുടെ ചരിത്രം തിരുവിതാംകൂർ സംസ്ഥാനത്തിലെ ക്രൈസ്തവരുടെ പൗരാവകാശലബ്ധിയുടെ ചരിത്രമാണ്. പൗരാവകാശങ്ങൾക്കായുള്ള വാദം ക്രൈസ്തവർ ആരംഭിച്ചതും തുടർന്നുകൊണ്ടുപോയതും തിരുവിതാംകൂറിലാണ്. കൊച്ചി സംസ്ഥാനത്തും കേരളത്തിന്റെ ബാക്കി ഭാഗത്തും ക്രൈസ്തവരുടെ സംഖ്യ കേരളത്തിലെ. ക്രൈസ്തവരുടെ മൂന്നിലൊന്നുപോലുമില്ലാതിരുന്നതിനാലും തിരുവിതാംകൂറിലെ ക്രൈസ്തവരുടെ സമരങ്ങളുടെ ഫലമായി ലഭിച്ച പൗരാവകാശങ്ങൾ കൊച്ചിയിലും സ്വീകരിക്കാൻ ഭരണകർത്താക്കൾ തയ്യാറായതിനാലും കേരള വ്യാപകമായ ഒരു സമരം ആവശ്യമായില്ല. എന്നാൽ തിരുവിതാംകൂറിലെ ക്രൈസ്തവരെയും വിശിഷ്യ കത്തോലിക്കരെയും സംബന്ധിച്ചിടത്തോളം പൗരാവകാശങ്ങൾ ഓരോന്നായും അല്പാല്പമായും പിടിച്ചു വാങ്ങേണ്ടി വന്നു.

പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിരവധി നിവേദനങ്ങൾ തിരുവിതാംകൂർ മഹാരാജാവിനു നൽകിയിട്ടുണ്ട്. തിരുവിതാംകൂറിലെ എല്ലാ സമുദായങ്ങളും കൂടിച്ചേർന്നും അവഗണിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത ജനവിഭാഗങ്ങൾ സംയുക്തമായും കത്തോലിക്കർ ഒറ്റക്കും നൽകിയ നിവേദനങ്ങൾ തിരുവിതാംകൂർ ചരിത്രത്തിലെ അവിസ്മരണീയ സംഭവങ്ങളാണ്. ഇന്നത്തേതുപോലെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് പ്രതിഷേധയോഗങ്ങളോ, പിക്കറ്റിംഗുകളോ, ഹർത്താലോ ഒന്നും അക്കാലത്ത് നടത്തിയിരുന്നില്ലല്ലോ. ചില പ്രധാനകേന്ദ്രങ്ങളിൽ ചിലപ്പോൾ പ്രതിഷധ യോഗങ്ങൾ നടത്തിയിട്ടുണ്ടാകാം. അതിൽ കവിഞ്ഞൊന്നുമില്ല.

10038 പേർ ഒപ്പിട്ട് സമർപ്പിച്ച മലയാളി മെമ്മോറിയലും രണ്ടര ലക്ഷം പേർ ഒപ്പിട്ട് സമർപ്പിച്ച വിദ്യാഭ്യാസ അവകാശ ഭീമഹർജിയുമെല്ലാം ചരിത്ര സംഭവങ്ങളാണ്. മലയാളി മെമ്മോറിയൽ സമർപ്പണത്തോടനുബന്ധിച്ച് പ്രധാനമായും 6 കേന്ദ്രങ്ങളിലാണ് പൊതുയോഗം സംഘടിപ്പിച്ചതെങ്കിൽ രണ്ടര ലക്ഷം പേർ ഒപ്പിട്ട് സമർപ്പിച്ച ഭീമഹർജിയോടൊപ്പം തിരുവിതാംകൂറിൽ ആയിരക്കണക്കിന് യോഗങ്ങളാണ് വിവിധ സ്ഥലങ്ങളിൽ നടത്തപ്പെട്ടത്. പൗരസമ

ത്വവാദപ്രക്ഷോഭരണത്തോടും നിവർത്തന പ്രക്ഷോഭരണത്തോടും ബന്ധപ്പെട്ട് രാജ്യത്താകമാനം പ്രതിഷേധയോഗങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ 1924 മുതൽ 1927 വരെയുള്ള കാലഘട്ടത്തിൽ നിവേദന സമർപ്പണത്തോടനുബന്ധിച്ച് പ്രതിഷേധയോഗങ്ങൾ ഒന്നും സംഘടിപ്പിച്ചിരുന്നില്ല. നിയമസഭയിലെയും പ്രജാസഭയിലെയും അംഗങ്ങൾ ചേർന്ന് സമർപ്പിച്ച നിവേദനങ്ങൾ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ആധികാരിക രേഖകളാണ്.

1924 ൽ സമർപ്പിച്ച രണ്ടു നിവേദനങ്ങളും അതോടനുബന്ധിച്ച് അവയെ സാധൂകരിക്കുന്ന അനേകം അനുബന്ധങ്ങളുംചേർത്ത് 1925 നവംബർ 10-ാം തീയതി ദാസൻ വർക്കി തിരുവിതാംകൂർ പബ്ലിക്ക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും എന്ന പേരിൽ ഒരു പുസ്തകം പ്രകാശനം ചെയ്തു. 1931 നവംബർ 26-ാം തീയതി നൽകിയ നിവേദനം കാത്തോലിക് ഗ്രീവൻസസ് എന്ന പേരിൽ ഇംഗ്ലീഷിലും കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ എന്ന പേരിൽ മലയാളത്തിലും അച്ചടിച്ച് പ്രസിദ്ധീകരിച്ചു. ആ നിവേദനങ്ങളും അതോടനുബന്ധിച്ച് ചേർത്തിരിയ്ക്കുന്ന അനുബന്ധങ്ങളും പരിശോധിച്ചാൽ ഒരു നിവേദനം സമർപ്പിക്കുന്നതിന് നമ്മുടെ പൂർവ്വികർ സഹിച്ച ത്യാഗവും കഷ്ടപ്പാടും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇന്നത്തെപ്പോലെ വിവരസങ്കേതിക സൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഇപ്രകാരമൊരു നിവേദനം സമർപ്പിക്കുവാൻ ശ്രമിച്ചവരെ ഇന്നത്തെ തലമുറക്ക് പരിചയപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ ഗ്രന്ഥം തയ്യാറാക്കിയത്.

## അവതാരിക- പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ

കത്തോലിക്കരുടെ ചരിത്രത്തിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന് അവരുടെ സഭാചരിത്രം. ബ.പ്ലാസിഡച്ചനും കൂടപ്പുഴയച്ചനും മത്തിയാസ് മുണ്ടാടനച്ചനും മാർത്തോമ്മാക്രിസ്ത്യാനികളുടെ കർത്താവായ ബർനാർദച്ചനുമെല്ലാം സഭാചരിത്രകാരന്മാരാണ്. ഒരു സമുദായമെന്ന നിലയിൽ അവരുടെ ചരിത്രം ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത് ആനുഷംഗികമായി മാത്രമാണ്. ശ്രീ. കച്ചിറമറ്റത്തിന്റെ കൃതികളെല്ലാം കത്തോലിക്കരുടെ സമൂഹചരിത്രത്തിന്റെ ഭാഗമാണ്. ഇതിൽ ഏറ്റവും പ്രധാനം ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന കൃതിയാണ്. തച്ചിൽ മാത്തുതരകൻ തര്യത്കുഞ്ഞിതൊമ്മൻ എന്നിവ ജീവചരിത്രങ്ങളാണെങ്കിലും അവ നമ്മുടെ സമുദായചരിത്രത്തിന്റെ സുപ്രധാന ഏടുകളാണ്. കേരള സഭാരത്നങ്ങളെന്ന ബ്രഹത് ഗ്രന്ഥാവലിയിലൂടെ ഉരുത്തിരിയുന്നത് കത്തോലിക്കാ സമുദായത്തിന്റെ തന്നെ കഴിഞ്ഞകാല ചരിത്രമാണ്. മൺമറഞ്ഞുപോയ നമ്മുടെ പൂർവ്വികരെക്കുറിച്ചുള്ള ഓർമ്മകളുടെ ഒരു അമൂല്യ നിധിയാണ്. സഭാരത്ന ഗ്രന്ഥാവലി. നമ്മുടെസമൂഹത്തിന്റെ ചരിത്രരചനയിൽ ഏർപ്പെട്ട പ്രതിഭാധനരായിരുന്നു ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം ഷെവ. വിസി ജോർജ്ജ് തുടങ്ങിയവർ. അവരോടൊപ്പം

എടുത്തുപറയാവുന്ന ഒരേ ഒരാൾ ഈ തലമുറയിൽ ശ്രീ ജോൺ കച്ചിറമറ്റം മാത്രമാണ്.

സമുദായ ചരിത്രത്തെസംബന്ധിച്ചിടത്തോളം ശ്രീ. കച്ചിറമറ്റത്തിന്റെ ഏറ്റവും വിലപ്പെട്ട സംഭാവനയായിരിക്കും കാത്തലിക് ഗ്രീവൻസസ് എന്ന ഈ പുസ്തകം.

ശ്രീ. തര്യത് കുഞ്ഞിത്തൊമ്മൻ, ശ്രീ. എം.എം. വർക്കി, ഷെവ. ഐ.സി ചാക്കോ, ശ്രീ. എം.ഒ ജോസഫ് നെടുങ്കുന്നം, ശ്രീ.ജോൺ നിധീരി തുടങ്ങിയ സഭാസ്നേഹികളുടെ നിരയിലാണ് ശ്രീ. കച്ചിറമറ്റം. സഭയിൽ നിന്ന് എന്തു ലഭിക്കും എന്നതിനെക്കാൾ സഭയ്ക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കും എന്നുള്ള ചേതോവികാരമാണ് ഇവരുടെ പൊതുജീവിതത്തെ മുമ്പോട്ടുകൊണ്ടു പോകുന്നത്.

ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സഭാസേവനം കഴിഞ്ഞനാലു പതിറ്റാണ്ടു കാലമായി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. രണ്ടു വള്ളത്തിൽ ചവിട്ടുന്ന സഭാസ്നേഹികൾ ധാരാളമുള്ള ഈ കാലത്ത് ശ്രീ. കച്ചിറമറ്റം വേറിട്ടു നിൽക്കുന്നു. ഈ സമുദായത്തിന് അദ്ദേഹത്തോട് വലുതായ ഒരു കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ പുസ്തകങ്ങളെല്ലാം തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചിരിക്കുന്നത് സ്വന്തം ചിലവിലാണ്. ഇതിന്റെ രചനയിൽ അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ക്ലേശങ്ങളെക്കുറിച്ച് എനിക്കു നന്നായിട്ടറിയാം. അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ ഓരോ പ്രതി എല്ലാസഭാസ്നേഹികളും-വൈദീക അല്മായ വ്യത്യാസംകൂടാതെ-വാങ്ങിക്കുകയും വായിക്കുകയും ചെയ്യേണ്ടതാണ്- വളർന്നു വരുന്ന തലമുറ അറിയേണ്ടതായി പലകാര്യങ്ങളും ഇതിലുണ്ട്.

കാത്തലിക്ക് ഗ്രീവൻസസ് എന്ന ഗ്രന്ഥം തയ്യാറാക്കുന്നതിന് ശ്രീ. കച്ചിറമറ്റത്തിന് ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നതായി എനിക്കറിയാം. സ്വന്തം ആരോഗ്യപ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടാണ് അദ്ദേഹം ഈ ഗ്രന്ഥത്തിന്റെ രചനയിലും പ്രസാധനത്തിലും ഏർപ്പെട്ടത്. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥത്തിന്റെ മൂല്യം വർദ്ധിച്ചിരിക്കുന്നു. എഴുപതാം വയസ്സിന്റെ പടിവാതിൽക്കലെത്തി നിൽക്കുന്ന അദ്ദേഹത്തിന് എന്റെ അഭിനന്ദനങ്ങളും സമുദായത്തിന്റെ പേരിലുള്ള ആശംസകളും"

(പ്രസിദ്ധീകരണം 28.12.2007)

# 33. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ

2013-ൽ കേരളനിയമസഭാസ്പീക്കർ ജി. കാർത്തികേയനെ എന്റെ സുഹൃത്തും ജി. കാർത്തികേയന്റെ വിശ്വസ്തമിത്രവുമായ സണ്ണി കാര്യപ്പുറവുമൊന്നിച്ച് തിരുവനന്തപുരത്തുവെച്ച് കാണുകയുണ്ടായി. ഞാൻ ഒരു രാഷ്ട്രീയക്കാരനല്ല. ജി.കാർത്തികേയൻ എന്നെ ഓർമ്മിക്കുമെന്നോ എന്നെ പരിചയമുള്ളതായിഭാവിക്കുമെന്നോ പ്രതീക്ഷിച്ചില്ല. അദേഹത്തിന്റെ ഭവനത്തിൽ എത്തിയപ്പോൾ സണ്ണി എന്നെ പരിചയപ്പെടുത്താൻ ശ്രമിച്ചു ജോൺ കച്ചിറമറ്റം എന്ന് പറയാൻ തുടങ്ങി. ആ വാക്ക് മുഴുവൻ പറഞ്ഞു തീർക്കുന്നതിന് മുൻപ് ജി.കാർത്തികേയൻ എന്നോട് ചോദിച്ചു എ.കെ.സി.സി. ബുള്ളറ്റിൽ ഇപ്പോൾ ഇല്ലേ? എനിക്ക് കിട്ടുന്നില്ലല്ലോ.ബുള്ളറ്റിനിൽ എഴുതിയിരുന്ന എഡിറ്റോറിയലുകൾ മുടങ്ങാതെ ഞാൻ വായിക്കുന്നയാളായിരുന്നു. ആ ബുള്ളറ്റിനിലെ പല എഡിറ്റോറിയലുകളും ഇംഗ്ലീഷിലേക്ക് തർജിമ ചെയ്തു കേന്ദ്രത്തിലേക്ക് അയച്ചിട്ടുള്ളതായി എനിക്കറിയാം. മുഖപ്രസംഗങ്ങളിലെ ചിലവിശകലനങ്ങൾ എന്നെ വലുതായി ആകർഷിച്ചിട്ടുണ്ട്".

ജി.കാർത്തികേയൻ ബുള്ളറ്റിൻ സ്ഥിരം വായിച്ചുകൊണ്ടിരുന്നതിനാലാണ് എന്റെ പേര് പറയാൻ തുടങ്ങിയപ്പോഴെ ബുള്ളറ്റിനെപ്പറ്റി സംസാരിക്കാനിടയായത്. അതല്ലാതെ ഓർമ്മിക്കുവാൻ മാത്രമുള്ള പരിചയം ഞങ്ങൾ തമ്മിലില്ല. ബുള്ളറ്റിനെപ്പറ്റിയുള്ള കാർത്തികേയന്റെ ഓർമ്മകൾ അഭിമാനത്തോടെയാണ് ഞാൻ കേട്ടത്. കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകരിൽ നിന്നുപോലും ഇതുപോലെ നല്ലവാക്കുകൾ കേൾക്കാനിടയായിട്ടില്ല. ആർച്ച് ബിഷപ്പ് പൗവത്തിൽ പലപ്പോഴും ബുള്ളറ്റിനെ പ്രശംസിച്ചിട്ടുണ്ട്.

കത്തോലിക്കാകോൺഗ്രസ്സ് ബുള്ളറ്റിൻ ആരംഭിക്കുന്നത് 1946 ലാണ്. എം. ഒ. ജോസഫ് നെടുങ്കുന്നവും ശ്രീ. ജെയിംസ് കണ്ടത്തിലുമായിരുന്നു ബുള്ളറ്റിന്റെ ആദ്യകാല സാരഥികൾ- അവർ തയ്യാറാക്കിയ ബുള്ളറ്റിൻ ഓരോ വർഷത്തെയും പ്രത്യേകം ബയിന്റ് ചെയ്തു വച്ചിരുന്നു. പിന്നീട് എ.കെ.സി.സി.ജനറൽ സെക്രട്ടറിമാരായിരുന്നു ബുള്ളറ്റിന്റെ ചുമതല വഹിച്ചിരുന്നത്. അവരും ബുള്ളറ്റിൻ ഭദ്രമായി ബയിന്റ് ചെയ്ത് സൂക്ഷിക്കുന്നതിൽ പ്രത്യേകം തല്പര്യമെടുത്തിരുന്നു. 1969 മുതൽ 1975 വരെ ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡിൽ ഞാൻ അംഗമായിരുന്നു. ബുള്ളറ്റിന്റെ ആധുനികവൽകരണത്തിനും ബുള്ളറ്റിന്റെ രജതജൂബിലി സ്മാരകമായി ഒരു സ്മരണിക പ്രസദ്ധീകരിക്കുന്നതിലും ശ്രദ്ധിച്ചു-വിജയംവരിച്ചു. ബുള്ളറ്റിൻ പ്രസിദ്ധീകരിച്ച ജൂബിലി സ്മരണിക ഒരു മികച്ച റഫറൻസ് ഗ്രന്ഥമാണെന്ന് സകലരും സമ്മതിക്കുകയുണ്ടായി.

1969 മുതൽ 75 വരെ ബുള്ളറ്റിന് മാറ്റർ തയ്യാറാക്കുന്നതിനും പലലേഖനങ്ങൾ തയ്യാറാക്കുന്നതിനും ഞാൻ സഹായിച്ചിട്ടുണ്ട്. 1975 മുതൽ 1979 വരെ ബുള്ളറ്റിന്റെ ചീഫ് എഡിറ്റർ ഞാനായിരുന്നു. ആദ്യ കാലഘട്ടത്തിലെ ബുള്ളറ്റിനുകൾ ഭംഗിയായി ബയിന്റ് ചെയ്തു ആഫീസിൽ സൂക്ഷിച്ചിരുന്നു. 1982-മുതൽ -96 വരെ ബുള്ളറ്റിന്റെ ചീഫ് എഡിറ്ററും 1996 മുതൽ 2003 വരെ മാനേജിംഗ് എഡിറ്ററുമായിരുന്നു. മാനേജിംഗ് എഡിറ്റർ ആയിരുന്ന കാലത്തും ബുള്ളറ്റിന്റെ ചുമതല പൂർണ്ണമായും ഞാനാണ് നിർവ്വഹിച്ചിരുന്നത്. 1986-ൽ മാർപാപ്പായുടെ കേരളസന്ദർശനത്തിന്റെ ഓർമ്മനിലനിറുത്താനായി മാർപ്പാപ്പ സന്ദർശനസ്മരണിക പ്രസദ്ധീകരിച്ചു. അതിന്റെ ചീഫ് എഡിറ്ററും ഞാനായിരുന്നു. മാർപ്പാപ്പ സന്ദർശനസ്മരണിക ഒരു ചരിത്രരേഖയെന്ന നിലയിൽ എന്നെന്നും നിലനിൽക്കുകതന്നെ ചെയ്യും. ആർക്കും സംശയമില്ല. 600-ൽ പരം പേജുള്ള സ്മരണിക ക്രൗൺ നാലിലൊന്ന് വലുപ്പത്തിലാണ് തയ്യാറാക്കിയത്. ആഗ്രന്ഥം ഒരു ചരിത്രരേഖയായിരിക്കണമെന്ന ആഗ്രഹം കൊണ്ട് പല വിഷയങ്ങളെപ്പറ്റിയും ലേഖനങ്ങൾ ഞാനും ജോൺ പെല്ലിശ്ശേരിയും കൂടിയാണ് എഴുതി തയ്യാറാക്കിയത്. സ്മരണികയിലെ 246 പേജ് മാറ്റർ തയ്യാറാക്കിയത് ഞാൻ തന്നെയാണ്. അതിൽ പല ലേഖനങ്ങളും മറ്റു പലരുടെയും പേരുകളിലാണ് പ്രസദ്ധീകരിച്ചത്. മാർപാപ്പാ സന്ദർശന സ്മരണിക തയ്യാറാക്കുന്നതിനു വേണ്ടി ഒന്നരമാസക്കാലം രാത്രി മുഴുവൻ ഞാൻ കോട്ടയത്ത് എ.കെ.സി.സി. ഓഫിസിൽ ചിലവഴിച്ചു എന്ന യാഥാർത്ഥ്യം ആര് മനസ്സിലാക്കിയിട്ടുണ്ട്. മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിച്ചിട്ടുമില്ല.

ഞാൻ ബുള്ളറ്റിന്റെ പത്രാധിപസമതിയിൽ അംഗമായിരുന്നപ്പോഴും ചീഫ് എഡിറ്ററും മാനേജിംഗ് എഡിറ്ററുമായിരുന്നപ്പോഴും തയ്യാറാക്കിയ മുഖപ്രസംഗങ്ങളാണ് തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ എന്ന ഗ്രന്ഥം. സമകാലീന സംഭവങ്ങളെപ്പറ്റിയും മറ്റുമുള്ള മുഖപ്രസംഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങളിൽ സംഘടനാപരമായിട്ടുള്ള കാര്യങ്ങളും പത്രത്തിൽ വന്നതും കൂടിചേർത്തിട്ടുണ്ട്. സംഘടനയെ സംബന്ധിച്ച് അഭിവന്ദ്യമെത്രാന്മാർക്ക് സമർപ്പിച്ച മെമ്മോറാണ്ടങ്ങളും സമുദായസംഘടന അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രതിസന്ധികളും പ്രതിസന്ധിഘട്ടത്തിൽ കത്തോലിക്ക കോൺഗ്രസ്സ് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും എല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗൂഡല്ലൂർ കൂടിയിറക്ക്, തിരുവനന്തപുരത്ത് എ.കെ.സി.സി. നടത്തിയ സമരം തുടങ്ങിയ വാർത്തകളും ഇതിൽ ചേർത്തിട്ടുണ്ട്. കഴിഞ്ഞ 32 വർഷക്കാലത്തെ സഭയുടെയും കത്തോലിക്ക കോൺഗ്രസ്സിന്റെയും ചരിത്രം പുസ്തകത്തിൽ കാണാം.

## അവതാരിക- ഷെവ: വർഗ്ഗീസ് കരിപ്പായിൽ

വളരെ അപൂർവ്വമായി മാത്രമേ ഇത്തരത്തിലുള്ള ചരിത്ര പ്രധാനമായ

ഗ്രന്ഥങ്ങൾ കാണാറുള്ളു, എന്നാൽ ഒരു ചരിത്ര രചനയായോ സാഹിത്യ സൃഷ്ടിയായോ ഈ ഗ്രന്ഥത്തെ പരിഗണിക്കേണ്ട. കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി കേരള ക്രൈസ്തവർ പൊതുവായും സുറിയാനി കത്തോലിക്കൻ പ്രത്യേകിച്ചും നേരിടേണ്ടിവന്ന സങ്കീർണ്ണപ്രശ്നങ്ങളുടെയും പരിഹാര നിർദേശങ്ങളുടെയും ഒരു വിലയിരുത്തലായിട്ടുവേണം ഈ ഗ്രന്ഥത്തെ വീക്ഷിക്കുവാൻ. കത്തോലിക്കാസഭാംഗങ്ങൾക്ക് പഠിക്കുവാനും ചിന്തിക്കുവാനും ഉതകുന്നവിധം ഒത്തിരി ഒത്തിരി ചരിത്രസംഭവങ്ങളും അനുഭവപാഠങ്ങളും മാർഗ്ഗ നിർദേശങ്ങളും ഈ ഗ്രന്ഥത്തിൽ നിന്നും സംലഭ്യമാകുമെന്നതിൽ തെല്ലും സംശയം വേണ്ട.

ആധുനികകാലത്ത് രാഷ്ട്രീയപ്രവർത്തനവും പത്രപ്രവർത്തനവും സാഹിത്യ രചനയും പ്രധാനമായും വ്യത്യസ്ഥങ്ങളായ രണ്ടു ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണല്ലോ. ആദർശം ലക്ഷ്യമാക്കിയുള്ളവർ ന്യൂനപക്ഷവും, ആദായം ലക്ഷ്യമാക്കിയുള്ളവർ ഭൂരിപക്ഷവും ആയിട്ടാണ് ഇന്ന് കാണപ്പെടുന്നത്. ഒരു ഡസനിലേറെ ഗ്രന്ഥങ്ങളും നൂറ് കണക്കിന് ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ച് കേരളക്രൈസ്തവർക്ക് കാഴ്ചവെച്ചിട്ടുള്ള ശ്രീ. ജോൺ കച്ചിറമറ്റം ആദായം ലക്ഷ്യം വച്ചുകൊണ്ടായിരുന്നില്ലാ അപ്രകാരം ചെയ്തതെന്ന്, കഴിഞ്ഞ നാല്പതുവർഷത്തെ ആദ്ദേഹവുമായുള്ള അടുത്ത പരിചയത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് സാക്ഷീകരിച്ച് പറയുവാൻ കഴിയും. പലപ്പോഴും ക്രിയാത്മക വിമർശനം (Constructive Criticism)ലേഖനങ്ങളിലൂടെ പ്രകടിപ്പിക്കുന്ന ശ്രീ. കച്ചിറമറ്റത്തിന് ഇന്നത്തെ തലമുറ ഒരുപക്ഷേ വേണ്ടത്ര അംഗീകാരം നൽകുന്നില്ലെങ്കിൽകൂടി പ്രബുദ്ധമായ ഭാവിതലമുറ അദ്ദേഹത്തെ ആദരിക്കുമെന്നുള്ളതിൽ എനിയ്ക്ക് തെല്ലും സംശയമില്ല.

## ആശംസ - ബി. വെല്ലിംഗ്ടൺ

കഴിഞ്ഞ രണ്ടുമൂന്ന് ദശകങ്ങൾക്കുള്ളിൽ ഇവിടുത്തെ ക്രിസ്തീയ സമൂഹം അഭിമുഖീകരിച്ചിട്ടുള്ള പല വെല്ലുവിളികളെയും പ്രശ്നങ്ങളെയും നേരിടുന്നതിൽ കച്ചിറമറ്റം സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കുടിയേറ്റ കർഷകർ, മത്സ്യത്തൊഴിലാളികൾ, ഹരിജനങ്ങൾ, ദളിത് ക്രൈസ്തവർ, ന്യൂനപക്ഷവിദ്യാഭ്യാസപ്രവർത്തകർ തുടങ്ങിയവർക്കെല്ലാം കച്ചിറമറ്റത്തിന്റെ സേവനം ലഭിച്ചിട്ടുണ്ട്. കച്ചിറമറ്റം വിളിച്ചുകൂട്ടിയിട്ടുള്ള നേതൃത്വസമ്മേളനങ്ങൾ സമൂഹത്തിൽ ഉളവാക്കിയിട്ടുള്ള ചലനങ്ങൾ സമകാലികർക്കൊക്കെ അറിയാം.

രാഷ്ട്രീയത്തിനതീതമായി സാമുദായിക പ്രശ്നങ്ങളിൽ ഇടപെടുവാൻ കച്ചിറമറ്റം കാണിച്ചിട്ടുള്ള വിവേകം പ്രത്യേക പരാമർശമർഹിക്കുന്നു. ദീർഘ കാലം കത്തോലിക്കാകോൺഗ്രസ്സിന്റെ സാരഥ്യം വഹിച്ച കച്ചിറമറ്റം ഒരിക്കൽ പോലും രാഷ്ട്രീയത്തെ സമുദായ പ്രവർത്തനവുമായി കൂട്ടിക്കുഴക്കുവാൻ

ശ്രമിച്ചിട്ടില്ലെന്ന് പ്രത്യേകം എടുത്തു പറയേണ്ടതാണ്. പേടികൂടാതെയും പ്രീതി നോക്കാതെയുമാണ് എന്നും കച്ചിറമറ്റം പ്രവർത്തിച്ചിട്ടുള്ളത്.

കൊട്ടിയൂർ നിന്നും എന്റെ നേതൃത്വത്തിൽ നടന്ന കൊട്ടിയൂർ കർഷകജാഥയ്ക്ക് പല പിതാക്കന്മാരും മുടക്കുകല്പലകൾ പുറപ്പെടുവിച്ചപ്പോൾ ആ ജാഥയ്ക്ക് എല്ലാവിധ പിന്തുണയും കച്ചിറമറ്റം നൽകിയത് പ്രീതി നോക്കാതെയും പേടികൂടാതെയും തന്നെയായിരുന്നു. കൊട്ടിയൂർ കർഷക സമരത്തിലും ചുരുളികീരിത്തോട് കർഷകപ്രക്ഷോഭണത്തിലും (1964) കച്ചിറമറ്റം നൂറുകണക്കിന് പോലീസുകാരുടെ ഭീഷണികളെ വെല്ലുവിളിച്ചുകൊണ്ട് പങ്കെടുത്തപ്പോഴും പ്രീതിനോക്കുകയോ പേടിക്കുകയോ ചെയ്തില്ല. ഗൂഡല്ലൂരിൽ എം.ജി. ആറിന്റെ സർക്കാരും കരുണാനിധിയുടെ സർക്കാരും കുടിയിറക്കുഭീഷണിയുമായി വന്നപ്പോൾ -നൂറുകണക്കിന് പോലീസുകാർ കുടിയിറക്കുമേഖലയിൽ റൂട്ടുമാർച്ച് നടത്തി ജനങ്ങളെ ഭയവിഹ്വലരാക്കിയപ്പോൾ അവിടെയെത്തി കർഷകസമരത്തിന് നേതൃത്വം നൽകിയത് ആരുടെയും പ്രീതിനോക്കാതെയും പേടികൂടാതെയും തന്നെയായിരുന്നു.

1975-ൽ ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായല്ലോ. പല വിപ്ലവകാരികളും അടിയന്തരാവസ്ഥക്കാലത്ത് പഞ്ചപുച്ഛമടക്കി ജീവിച്ചപ്പോൾ ധീരമായി പ്രവർത്തിച്ച ശ്രീ. ജോൺ കച്ചിറമറ്റം ഒരിക്കലും ആരുടെയും പ്രീതിനോക്കി പ്രവർത്തിച്ചിട്ടില്ലെന്നും ആരെയും പേടിക്കാതെ ധീരമായി പ്രവർത്തിച്ചിട്ടുണ്ടെന്നും പറയുവാൻ എനിക്ക് സാധിക്കും. മനുഷ്യാവകാശപ്രവർത്തകനും മുൻനാഗാലാന്റ് ഗവർണ്ണറുമായ ഡോ. എം.എ. തോമസ് ഇപ്രകാരം എഴുതിരിക്കുന്നു. 'I note that he was also in the forefront in organising people against the emergency in 1975, and in rendering help to the dependents of the detenues'.

എന്റെ മുഖപ്രസംഗങ്ങളിലെ പല അഭിപ്രായങ്ങളോടും വിയോജിപ്പുള്ളവരുണ്ടാകാം. ആ സത്യം തുറന്നുപറഞ്ഞുകാണിച്ചുതന്ന ആർച്ച് ബിഷപ്പുമാർ പൗവ്വത്തിലിനോട് എനിക്ക് എന്നും കടപ്പാടുണ്ട്. സമുദായ സംഘടന എന്തുകൊണ്ടു വളരുന്നില്ല? എന്ന എന്റെ ലേഖനം കുറെയൊക്കെ വിമർശനത്തിന് വിധേയമായിട്ടുള്ളതാണ്. അത് ചൂണ്ടി കാണിക്കാൻ ആരു തയ്യാറായില്ല.ഇത്രയും കടുപ്പിച്ച് എഴുതണമായിരുന്നോയെന്ന് പലരും ചോദിച്ചിട്ടുണ്ട്.

(പ്രസിദ്ധീകരണം 28.12.2004)

# 34. എന്റെ കലഹവും സംവാദവും

## ഒന്നാംഭാഗം

കഴിഞ്ഞ 50 വർഷത്തിനിടയിൽ കർഷക പ്രക്ഷോഭണങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഏതാനും പ്രസംഗങ്ങളും അടിന്തരാവസ്ഥയ്ക്കെതിരായി പ്രവർത്തിക്കാൻ കേരളത്തിലെ യുവക്രൈസ്തവ വൈദികരോട് ആഹ്വാനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗവുമാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1980-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിലെ ക്രമസമാധാനനിലയെപ്പറ്റി ചർച്ചചെയ്യുവാൻ കത്തോലിക്കാ കോൺഗ്രസ് നിയോഗിച്ചതനുസരിച്ച് ഞാൻ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. എന്തിനാണ് ഈ പഴയ പ്രസംഗങ്ങളും റിപ്പോർട്ടുകളും പുസ്തക രൂപത്തിൽ അച്ചടിക്കുന്നതെന്ന് പലരും ചോദിക്കാം.

1960 മുതൽ കേരളത്തിൽ നടന്ന കർഷക പ്രക്ഷോഭണങ്ങളിൽ എല്ലാം ഞാൻ പങ്കെടുത്തിട്ടുണ്ട്. ആ പ്രക്ഷോഭണങ്ങളെ എതിർത്തും കുടിയിറക്കുപോലുള്ള സംഭവങ്ങൾക്ക് കൂട്ടുനിന്നതും ആരാണെന്നും എനിക്കറിയാം. സത്യമെല്ലാം മറച്ചുവെച്ച് അന്നത്തെ കർഷക പ്രശ്നങ്ങൾക്ക് ഒരു പുതിയ വേഷം നൽകുവാൻ മനപ്പൂർവ്വം ശ്രമം നടക്കുന്നുണ്ട്. അതിന്റെ പിന്നിലുള്ളത് രാഷ്ട്രീയലക്ഷ്യം മാത്രമാണ്.

അയ്യപ്പൻ കോവിൽ കുടിയിറക്കു മുതൽ ചുരുളുകീരിത്തോടുവരെയുള്ള ഹൈറേഞ്ചിലെ കുടിയിറക്കു പ്രശ്നങ്ങളിൽ ഇവിടുത്തെ പ്രധാന ഭരണകക്ഷിയായ കോൺഗ്രസിലെ പ്രവർത്തകർ ഒരേ നിലപാടാണ് സ്വീകരിച്ചത്. കേരളാ കോൺഗ്രസ് രൂപീകരിച്ചുകൊണ്ട് കോൺഗ്രസ്സിൽ നിന്നും വിട്ടു പോന്നവരും കർഷക ദ്രോഹ നടപടികൾക്ക് കൂട്ടു നിൽക്കുകയാണ് ചെയ്തത്. ഒറ്റ കോൺഗ്രസുകാരനും ഭിന്നാഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പിൽക്കാലത്ത് കേരളാകോൺഗ്രസ് രൂപീകരിച്ചുകൊണ്ട് കോൺഗ്രസിൽ നിന്നും ഇറങ്ങിപ്പോന്നവർ അവരുടെ കാലുമാറ്റത്തിന് പുതിയ വ്യാഖ്യാനം കൊടുത്തു. മലയോര കർഷക പ്രശ്നത്തിന്റെ പേരിലാണ് ഞങ്ങൾ കോൺഗ്രസ്സ് വിട്ടുപോന്നത്. ആ വ്യാഖ്യാനം പല പ്രാവശ്യം ആവർത്തിച്ചു. അന്ന് ദുരുദ്ദേശത്തോടുകൂടിയാണ് ഈ പ്രചാരണം നടത്തിയത് എങ്കിൽ അത് പലരും ഇന്ന് ശരിയാണെന്നാണ് ധരിച്ചിരിക്കുന്നത്. ഒരു തെറ്റ് ശരിയാണെന്ന് സ്ഥാപിച്ചുകൊണ്ട് പലപ്രാവശ്യം ആവർത്തിച്ചാൽ അത് സ്വാഭാവികമായും ജനങ്ങൾ വിശ്വസിക്കും. അത് സ്വാഭാവികം മാത്രമാണ്.

കേരളാ കോൺഗ്രസ്സുകാർ കോൺഗ്രസ്സു വിട്ട് പോരുന്നതു വരെ കുടിയിറക്കിനെ അവർ പിന്താങ്ങുകയാണ് ചെയ്തത്. ആ വസ്തുത അടിവരയിട്ട് പറയുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. അതുപോലെ തന്നെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു സംഭവമാണ് മലനാട് ജില്ലാ രൂപീകരണം കേരളാകോൺഗ്രസിന്റെ ശ്രമഫലമായിട്ടാണ് എന്നുള്ള പ്രചരണം. സത്യം മറച്ചു വച്ച് അത് സ്ഥാപിക്കാൻ ചില പത്രങ്ങളും കൂട്ടുനിന്നു. ഒരു പത്രത്തിന്റെ പ്രതിനിധി എഴുതി 1962 ലാണെന്നു തോന്നുന്നു മലനാട് ജില്ലാ രുപീകരിക്കണമെന്ന് ശ്രീ. കെ. എം. ജോർജ്ജ് ആവശ്യപ്പെട്ടുവെന്നു. ആ തോന്നുന്നു എന്ന പ്രയോഗം മനഃപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി ഉപയോഗിച്ചതാണ്. 1967-ലെ മന്ത്രിസഭയുടെ കാലത്താണ് മലനാട് ജില്ലയും മലപ്പുറം ജില്ലയും രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായത്. അതിനുവേണ്ടി ശ്രമിച്ചത് ഫാ. വടക്കനും, ബി. വെല്ലിങ്ടണും ജോൺ മാഞ്ഞൂരാനും എം. എം. തോമസും ആണ്. കാളീശ്വരൻ കമ്മീഷന്റെ മുമ്പിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചതും മലനാട് കർഷക യൂണിയൻ ഭാരവാഹികളായിരുന്നു. ആ മഹാസംഭവവും കേരളാ കോൺഗ്രസുമായി യാതൊരു ബന്ധവുമില്ല. ഇ. എം. എസിന്റെ മന്ത്രിസഭയ്ക്കു ശേഷമാണ് മലനാട് ജില്ല രൂപീകരിക്കുന്നത്. അതിന്റെ എല്ലാ തീരുമാനങ്ങളും മുൻമന്ത്രിസഭയുടെ കാലത്തു നടന്നതാണ്. ആ മഹാസത്യം മറച്ചു വച്ച് മലനാട് ജില്ലയുടെ പിതൃസ്ഥാനം കേരളാ കോൺഗ്രസ്സിൽ അടിച്ചേൽപ്പിക്കാനാണ് പലരും ശ്രമിച്ചത്.

ഒരു കാര്യം ശരിയാണ് മലനാട് ജില്ല എന്ന പേര് മാറ്റി ഇടുക്കി ജില്ലായെന്നാക്കിയതിൽ കേരളാ കോൺഗ്രസിനും പങ്കുകാണും. മലനാട് ജില്ല എന്നു പേരുപറഞ്ഞാൽ വടക്കനച്ചന്റെ പേര് പെട്ടെന്ന് ജനങ്ങളുടെ ഓർമ്മയിൽ വരും. അതുകൊണ്ട് മലനാട് ജില്ലയെന്ന പേര് മാറ്റുവാൻ കേരളാകോൺഗ്രസ്സുകൾ ശ്രമിച്ചിരിക്കും. അല്ല ശ്രമിച്ചു.

ചരിത്രം മാറ്റി എഴുതുവാൻ വ്യാപകമായ ശ്രമം നടക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ചരിത്രരേഖയായി ഈ ഗ്രന്ഥത്തിലെ പ്രസംഗങ്ങളും പ്രബന്ധങ്ങളും നിലനിൽക്കട്ടെയെന്ന് കരുതിയാണ് പ്രസദ്ധീകരിച്ചത്.

ഇന്ത്യൻ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമാണല്ലോ അടിയന്തരാവസ്ഥ. അടിയന്തിരാവസ്ഥക്കെതിരെ ചെറുവിരൽ അനക്കാത്തവർപോലും ഇന്ന് അടിയന്തിരാവസ്ഥക്കെതിരെ പോരാടിയെന്ന് വരുത്തി തീർക്കാൻ ശ്രമിക്കുകയാണ്. ഞാൻ അന്നെഴുതിയ ലേഖനങ്ങളിൽ അടിയന്തിരാവസ്ഥയെ എതിർത്തുകൊണ്ടുള്ള സൂചനയുണ്ടായിരുന്നുവെന്ന അവകാശവാദമാണ് ഇന്ന് ചിലർ ഉന്നയിക്കുന്നത്. ഇവിടുത്തെ ക്രൈസ്തവസമുദായമായിരുന്നു അടിയന്തിരാവസ്ഥക്കെതിരെയുള്ള പോരാട്ടത്തിന് നേതൃത്വം നൽകേണ്ടിയിരുന്നത്. പക്ഷേ അത് നടന്നില്ലായെങ്കിലും ചിലർ ആ രംഗത്ത് പ്രവർത്തിച്ചു. ഏതാനും ക്രൈസ്തവരായ യുവവൈദികർ രംഗത്തുവന്നത് ഞാൻ വിസ്മരിക്കുന്നില്ല. ഡോ.എം.എം. തോമസായിരുന്നു അതിന് മുഖ്യനേതൃത്വം നൽകിയിരുന്നത്.

സി.എം.ഐ. വൈദികനായ ഫാ. ജോസഫ് ചിറയിൽ എന്നോടൊത്ത് അടിയന്തിരാവസ്ഥക്കെതിരെ പ്രവർത്തിച്ചത് അഭിമാനപൂർവ്വം ഞാൻ സ്മരിക്കുന്നു.

1980-ലെ മന്ത്രിസഭയിൽ കേരളാകോൺഗ്രസ്സും എ.കെ. ആന്റണിയുടെ കോൺഗ്രസ്സും അംഗമായിരുന്നു. 1957-ലെ മന്ത്രിസഭയുടെ കാലത്ത് ക്രമസമാധാനനില തകർന്നിരുന്നു. അതിനേക്കാൾ ഗുരുതരമായിരുന്നു 1980ൽ രൂപംകൊണ്ട മന്ത്രിസഭയുടെ കാലത്ത് കേരളത്തിലെ ക്രമസമാധാനനില. അധികാരത്തിൽ ഇരിക്കാൻ മാത്രം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ എല്ലാ ദ്രോഹങ്ങൾക്കും കൂട്ടുനിന്നവർ ഇന്ന് ജനാധിപത്യസംരംക്ഷണത്തെപ്പറ്റി വാചകമടിക്കുമ്പോൾ അന്നത്തെ ക്രമസമാധാനനിലയെപ്പറ്റിയുള്ള എന്റെ റിപ്പോർട്ട് ഒന്ന് വായിക്കുന്നത് നന്നായിരിക്കും.

ആകെ പതിനാല് പ്രസംഗങ്ങളും ഒരു റിപ്പോർട്ടും ആണ് ഈ ഗ്രന്ഥത്തിൽ. കുടിയിറക്കു സംബന്ധമായിട്ടുള്ള പ്രസംഗങ്ങളിൽ ദീപികയിലെ പല ഉദ്ധരണികളും ചേർത്തിട്ടുണ്ട്. ഒരേ ഉദ്ധരണികൾ തന്നെ ഒന്നിലധികം പ്രസംഗങ്ങളിൽ കാണും.

സ്വാർത്ഥ ലക്ഷ്യത്തോടുകൂടി ചരിത്രം മാറ്റിയെഴുതാൻ ശ്രമിക്കുന്നവരെ സത്യത്തിന്റെ വഴി തുറന്നു കാണിക്കുവാൻ വേണ്ടിയാണ് ഈ പ്രസംഗങ്ങളും പ്രബന്ധങ്ങളും ഞാൻ പ്രസിദ്ധീകരിക്കുന്നത്. സത്യം ഉയർത്തെഴുന്നേൽക്കുമെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടി ഈ ഗ്രന്ഥം സഹൃദയ സമക്ഷം സമർപ്പിക്കുകയുമാണ് ചെയ്തത്.

(പ്രസിദ്ധീകരണം 28.12.2014)

# 35. എന്റെ കലഹവും സംവാദവും

## രണ്ടാംഭാഗം

കത്തോലിക്കാ കോൺഗ്രസ്സ്, കേരള കാത്തലിക് ഫെഡറേഷൻ തുടങ്ങിയ സംഘടനകളുടെ ഭാരവാഹിയായിരുന്നപ്പോൾ വിവിധ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ ഞാൻ നടത്തിയ പ്രസംഗങ്ങളും പ്രബന്ധങ്ങളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സമുദായാംഗങ്ങളെ നമ്മുടെ സഭയുടെ ചരിത്രം പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പ്രസംഗങ്ങളും പ്രബന്ധങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്.

സഭാചരിത്രത്തിൽ ധാരാളം പണ്ഡിതന്മാർ നമ്മുടെ സഭയിൽ ഉണ്ട്. എന്നാൽ കഴിഞ്ഞകാലങ്ങളിലെ സമുദായചരിത്രത്തെപ്പറ്റി അവർക്ക് യാതൊരു നിശ്ചയവുമില്ല. കഴിഞ്ഞകാലത്തെ സമുദായചരിത്രം വരുന്ന തലമുറയെ പഠിപ്പിക്കുന്നതിനുള്ള യാതൊരു ശ്രമവും ഇന്ന് നടക്കുന്നില്ല. ഇത് ഏറെ ദുഃഖകരമാണ്. ഈ സാഹചര്യത്തിൽ ആണ് ഈ ഗ്രന്ഥം തയ്യാറാക്കിയത്.

(പ്രസിദ്ധീകരണം 28.12.2014)

# 36. വിമോചനസമരം ഒരു ആമുഖം

ലോകശ്രദ്ധമുഴുവൻ ആകർഷിച്ച ഒരു മഹാസംഭവമാണ് കേരളത്തിൽ 1959- ൽ നടന്ന വിമോചനസമരം. ആ മഹാസമരത്തിന്റെ കനക ജൂബിലി വർഷമായിരുന്നു 2009 - ആ സംഭവത്തിന്റെ കനകജൂബിലിയാഘോഷിക്കേണ്ട തിന്റെ ആവശ്യകതയെപ്പറ്റി ചൂണ്ടികാണിച്ചുകൊണ്ട് ഞാൻ ഒരു ലഘുലേഖ തയ്യാറാക്കി അതിന്റെ ആയിരം കോപ്പികൾ അച്ചടിപ്പിച്ചു. വിമോചനസമര ത്തിന്റെ കനക ജൂബിലിയാഘോഷിക്കണമെന്നുള്ള താല്പര്യം ആ സമര ത്തിന് നേതൃത്വം നൽകിയ വ്യക്തികൾക്കും, പ്രസ്ഥാനങ്ങൾക്കും പ്രസദ്ധീക രണങ്ങൾക്കും ഇല്ലായിരുന്നു. എന്റെ ലഘുലേഖക്ക് കാര്യമായ പ്രാധാന്യം ആരും നൽകിയില്ല. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഇ.കെ. നായനാരുടെ നേതൃത്വ ത്തിലുള്ള ഭരണമാണ് ഇവിടെ നടത്തിയിരുന്നത്. 50 വർഷം മുൻപു നടന്ന സമരത്തെപ്പറ്റി ഇനി ചർച്ചചെയ്ത് ബഹളമുണ്ടാക്കണമോയെന്ന ചോദ്യം പലരും ചോദിച്ചു. ആ ചോദ്യം എന്നെ സംബന്ധിച്ചിടത്തോളം വേദനാജന കവും ദുഃഖകരവും ആയിരുന്നു. ഉന്നതസ്ഥാനീയർ ആ ചോദ്യം ചോദിച്ച തിൽ ഞാൻ കുറ്റപ്പെടുത്തുന്നില്ല. വിമോചന സമരത്തിന് നേതൃത്വം നൽകിയ വരിൽ പലരും വിമോചനസമരത്തെ തള്ളിപ്പറയുന്ന കാലമായിരുന്നു. യുവതല മുറ ആ നേതാക്കന്മാരുടെ പിന്നാലെ നടന്ന്, തിരഞ്ഞെടുക്കപ്പെടുന്ന ഗവൺ മെന്റിനെ അട്ടിമറിച്ച സമരത്തെ എതിർക്കുകയും ചെയ്തിരുന്നു. ജനങ്ങളിൽ ആകെപ്പാടെ ഒരു ചിന്താക്കുഴപ്പം നേരിട്ടിരിക്കുന്ന സന്ദർഭത്തിൽ വിമോചന സമരത്തിന്റെ കനകജൂബിലിയാഘോഷിച്ച് പ്രശ്നം ഉണ്ടാക്കണ്ട എന്ന നിലയിൽ നേതാക്കന്മാർ എത്തിചേർന്നു. വിമോചനസമരത്തിന്റെ കനക ജൂബി ലിയാഘോഷത്തിന് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടി ഞാൻ ആസൂ ത്രണം ചെയ്തെങ്കിലും ഒരു ഉൽഘാടനം പോലും നടക്കുമെന്ന പ്രതീക്ഷ എനിക്കില്ലായിരുന്നു. ഈ കാര്യത്തിൽ ആരുടെയും സഹകരണം ലഭിക്കുക യില്ലെന്നും എനിക്കുബോദ്ധ്യമായി. വിമോചനസമരനാളുകളിലെ ഓരോ ദിവസത്തെയും പ്രധാനകാര്യങ്ങൾ ഉൾപ്പെടുത്തി ഒരു ലേഖന പരമ്പര തയ്യാ റാക്കി പ്രസദ്ധീകരണത്തിനായി പത്രത്തിൽ കൊടുത്തു. ആകെപ്പാടെ വിമോ ചനസമരം ഒരു പുലിവാലായി. അതിന് നേതൃത്വം കൊടുത്തവർതന്നെ സമ രത്തെ തള്ളിപ്പറയുന്നു. ഇനി നാം ഈ ജൂബിലിയാഘോഷിച്ച് സമൂഹത്തിന്റെ മുൻപിൽ പ്രശ്നങ്ങൾ ഉണ്ടാക്കാതിരിക്കുകയല്ലേ നല്ലതെന്ന് പത്രാധിപന്മാർ ചോദിച്ചു.

എന്താണ് ഇങ്ങനെ സംഭവിച്ചത്. സമൂഹം ഒറ്റക്കെട്ടായിനിന്ന് നടത്തിയ

വിമോചനസമരത്തെ ചിലർ തള്ളിപ്പറയുന്നു. മറ്റുചിലർ സത്യാവസ്ഥതുറന്നു പറയാൻ മടിക്കുന്നു. ചിലർ ഭയപ്പെടുന്നു.

എല്ലാമെത്രാന്മാർക്കും ഞാൻ തയ്യാറാക്കിയ ലഘുലേഖ അയച്ചുകൊടുത്തിരുന്നു. പലപിതാക്കന്മാരെയും നേരിൽ കണ്ട് ചർച്ച ചെയ്തിരുന്നു. എന്റെ ഈ സംരംഭത്തോട് അനുകൂലമായ നിലപാട് ആർച്ച് ബിഷപ്പുമാർ ജോസഫ് പൗവ്വത്തിൽ പ്രകടിപ്പിച്ചു. എന്തുകൊണ്ടാണ് ഇങ്ങനെയൊരു ചിന്താഗതി വളർന്നു വന്നത് എന്ന് ഞാൻ ചിന്തിച്ചു. അതിന്റെ കാരണവും ഞാൻ മറ്റുള്ളവരുമായി ചർച്ച ചെയ്തു. വിമോചനസമരം വിജയിച്ചതിന്റെ വാർഷികങ്ങൾ ആദ്യ ഒന്നും രണ്ടും വർഷങ്ങളിൽ നാം ആഘോഷിച്ചു. അന്നത്തെ സാഹചര്യം നാം വിശദീകരിക്കുകയും ചെയ്തു. അത് തുടർച്ചയായി എല്ലാവർഷവും നടത്തുവാൻ നാം തയ്യാറായില്ല. അതേ സമയം കമ്മ്യൂണിസ്റ്റ് പാർട്ടി എല്ലാ വർഷവും വിമോചനസമരത്തിന് എതിരായ കാര്യങ്ങൾ അവരുടെ അണികളെ പഠിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ വിമോചനസമരത്തിന് നേതൃത്വം നൽകിയവർ ആ രംഗത്ത് ഒന്നുംതന്നെ പ്രവർത്തിച്ചില്ല. നമുക്ക് എതിരായിവന്ന ഒരു ആരോപണത്തിന് മറുപടി പറയാൻ നാം തയ്യാറായില്ല. യുവതലമുറ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചരണത്തിൽ ആകൃഷ്ടരായി. വിമോചനസമരത്തിന് നേതൃത്വം നൽകിയ ചില നേതാക്കൾ വിമോചനസമരത്തെ തള്ളിപ്പറയുകയും ചെയ്തു.

വിമോചനസമരത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ യുവതലമുറയെ പഠിപ്പിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ ഞാനും നിങ്ങളും ഉൾപ്പെടുന്ന സമൂഹം കാണിച്ചുവെന്ന് പറയാതിരിക്കുവാൻ പറ്റുകയില്ല.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വിദ്യാലയ ദേശവൽക്കരണം ലക്ഷ്യമാക്കി കൊണ്ടുവന്ന വിദ്യാഭ്യാസ ബിൽ, വിദ്യാർത്ഥികൾ നടത്തിയ ഒരണാസമരം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴ്ഘടകങ്ങൾ വരെ നടത്തിയ സെൽഭരണം, പാഠപുസ്തകത്തിൽ കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ കയറ്റിവിടാൻ നടത്തിയശ്രമങ്ങൾ, കേരളത്തിലെ തകർന്ന ക്രമസമാധാനനില– ഇവയെല്ലാമാണ് വിമോചനസമരത്തിന് കളമൊരുക്കിയത് ഈ കാര്യങ്ങൾ യുവതലമുറയെ പറഞ്ഞു പഠിപ്പിക്കുന്നതിൽ നാം കാണിച്ച അലംഭാവം ആണ് വിമോചനസമരത്തെ തള്ളി പറയുവാൺ കാരണം. അന്ന് വിമോചന സമരം നടത്തി കമ്മ്യൂണിസ്റ്റു സർക്കാരിനെ താഴെയിറക്കിയില്ലായിരുന്നുവെങ്കിൽ കേരളം ഇന്ന് വിദ്യാഭ്യാസരംഗത്ത്, ബീഹാറോ, ഒറീസ്സായോ ആയി തീരുമായിരുന്നുവെന്ന വസ്തുത നാം വിസ്മരിച്ചു കളഞ്ഞു. നല്ല രീതിയിൽ വിമോചനസമരത്തിന്റെ കനകജൂബിലി ഉൽഘാടനം അങ്കമാലിയിലോ, വരന്തരപ്പള്ളിയിലോ, പുല്ലുവിളയോ, വെട്ടികാട്ടോ, ചെറിയതുറയിലോ വച്ച് നടത്തണമെന്നായിരുന്നു ആഗ്രഹിച്ചത്. അങ്ങനെയൊരു നല്ലസമ്മേളനം നടത്താനുള്ള സാഹചര്യം കാണാത്തതിനാൽ അടവ് ഒന്ന് മാറ്റുവാൻ തീരുമാനിച്ച് വിമോചനസമരത്തിന്റെ കനകജൂബിലി ഉൽഘാടനം കോട്ടയത്ത് വച്ച് നടത്തുക. വിമോചനസമരത്തിൽ പങ്കെ

ടുത്ത 50 പേർ തിരികൊളുത്തി പ്രതിജ്ഞയെടുക്കുക. തുടർന്ന് കേരളത്തിലെ പ്രധാന 50 കേന്ദ്രങ്ങളിൽ ജൂബിലി സമ്മേളനങ്ങൾ നടത്തുക, കേരളത്തിലും വിദേശത്തും മലയാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലെല്ലാം വിമോചന സമരത്തിന്റെ കനകജൂബിലിസമ്മേളനങ്ങൾ നടത്തുക. സമാപനസമ്മേളനം കേരളത്തിലെ ഏതെങ്കിലും കേന്ദ്രത്തിൽ വച്ച് നടത്തുക. ഈ രീതിയിലുള്ള പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ട് കനകജൂബിലിയാഘോഷം കോട്ടയത്ത് വച്ച് ലഘുവായ തോതിൽ ഉൽഘാടനം ചെയ്തു. വിമോചനസമരത്തിലെ മുന്നണിപോരാളിയായിരുന്ന എം.വി. ദേവൻ ആയിരുന്നു ഉൽഘാടനം നിർവ്വഹിച്ചത്. മുൻമന്ത്രി എം. പി.ഗോവിന്ദൻ നായർ, സമരം വിജയിച്ചപ്പോൾ സമാപന സന്ദേശം തയ്യാറാക്കിയ പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ തുടങ്ങി 50 പേരാണ് തിരിതെളിച്ച് പ്രതിജ്ഞ ഏറ്റുചൊല്ലിയത്.

ഈ സന്ദർഭത്തിൽ വിമോചസമരത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് സമുചിതമായിരിക്കുമെന്ന് തോന്നി. വിമോചനസമരത്തിന് ഒരു ആമുഖം എന്ന പേരിൽ 132 പേജിൽ ഒരു ഗ്രന്ഥം ഞാൻ തയ്യാറാക്കി. വിപുലമായ ഒരു ഗ്രന്ഥം പിന്നിട് തയ്യാറാക്കാമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് ഈ ചെറുപുസ്തം തയ്യാറാക്കിയത്. വിമോചനസമരജൂബിലി സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് നൽകാനായിട്ടാണ് ഈ പുസ്തകം തയ്യാറാക്കിയത്. പുസ്തകം പല സ്ഥലത്തും വിതരണം ചെയ്തു. എന്നാൽ ജൂബിലി ഉൽഘാടനത്തിന് പലവിധത്തിൽ സഹായിക്കാമെന്ന് പറഞ്ഞവർ ആരും തന്നെ സഹായിച്ചില്ല. കൂട്ടത്തിൽ പ്രവർത്തിച്ചവരും എല്ലാസഹായങ്ങളും വാഗ്ദാനം ചെയ്തവരും ഇതിന്റെ ചിലവിനെപ്പറ്റി അറിഞ്ഞ മട്ടുകാണിച്ചില്ലന്നതാണ് സത്യം. ആർക്കും വേണ്ടാത്ത ഒരു ജൂബിലി കെട്ടിപ്പെടുത്തതിന്റെ ശിക്ഷയായി ആ സാമ്പത്തികഭാരം ഞാൻ വഹിച്ചു.

2008 ജൂലൈ 31-ന് ആണ് കനകജൂബിലിയാഘോഷം ഔപചാരികമായി ഉൽഘാടനം നിർവ്വഹിച്ചത്. അന്ന് രാത്രി എല്ലാ കടബാദ്ധ്യതകളും തീർത്തതിനുശേഷം കുടുംബാംഗങ്ങളോടൊപ്പം വീട്ടിലേക്ക് പോവുകയായിരുന്നു. ഏറ്റുമാനൂരിനും പാലായ്ക്കും ഇടയ്ക്ക് എത്തിയപ്പോൾ എന്റെ ഫോൺ ബല്ലടിച്ചു. ഫോണെടുത്തു സംസാരിക്കാൻ തുടങ്ങി. വളരെ പരുഷമായ രീതിയിൽ ശകാരം തുടങ്ങി ആദ്യത്തെചോദ്യം ഇതായിരുന്നു. എത്ര പേർ പങ്കെടുത്തു ജൂബിലി പരിപാടിക്ക്. 80-ൽ പരം ആളുകൾ ഞാൻ മറുപടിപറഞ്ഞു. വിമോചനസമരത്തിന്റെ ജൂബിലി ഇത്രമോശമായി നടത്തിയത് ശരിയായില്ല. പതിനായിരം പേരെയെങ്കിലും പങ്കെടുപ്പിക്കേണ്ടതായിരുന്നു. നിങ്ങൾ ഈ സമൂഹത്തെ ആക്ഷേപിക്കുകയാണ് ചെയതത് എന്നു തുടങ്ങി 7 മിനിട്ട് ശകാരം തുടർന്നു. ഞാൻ വളരെ വിനീതമായി മറുപടി പറഞ്ഞു " നാം ഇന്ന് നടത്തിയത് ഉൽഘാടനം മാത്രമാണ്. അങ്ങ് വിഭാവനം ചെയ്യുന്നതുപോലെയുള്ള യോഗങ്ങൾ ഈ ജൂബിലി വർഷത്തിൽ പലസ്ഥലത്തും വച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്. പെട്ടന്നുള്ള പരിപാടിയായിരുന്നതുകൊണ്ടു 50 പേരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള

ഒരു പരിപാടിയാണ് നടത്തിയത്. നല്ല തയ്യാറെടുപ്പ് നടത്തി ഇനി നമ്മൾ അടുത്ത പരിപാടികൾ നടത്താമെന്നും പറഞ്ഞു .ഉൽഘാടസമ്മേളനത്തിലെ പോരായ്മകൾ പറഞ്ഞ് അദേഹം എന്നെ കുറ്റക്കാരനാക്കിയെന്ന് ചുരുക്കം.

ആരുടെയും സഹായമില്ലാതെയാണ് ഈ പരിപാടി ഞാൻ സംഘടിപ്പിച്ചത്. അന്ന് ഇപ്രകാരമൊരു പരിപാടി ഞാൻ നടത്തിയില്ലെങ്കിൽ ഒന്നും നടക്കുകയില്ലായിരുന്നു. ജൂബിലിസമ്മേളനത്തിന്റെ തുടക്കം കുറിക്കലിനെ കുറ്റപ്പെടുത്തി എന്നെ പ്രതിസ്ഥാനത്ത് നിറുത്തിയവരോട് എനിക്ക് വിരോധമില്ല. പരിഭവമില്ല അവർ ഒരു കാര്യം ചിന്തിക്കണം അവർ കുറ്റപ്പെടുത്തിയതല്ലാതെ ഇതിനു വേണ്ടി എന്തു ചെയ്തുവെന്ന്?

ഏതാനും നാളുകൾക്കുശേഷം എ.കെ.സി.സി. പാലാ രൂപതാ സംഘത്തിന്റെ അഭിമുഖ്യത്തിൽ ഒരു നല്ല ജൂബിലിസമ്മേളനം പാലായിൽ വച്ച് നടത്തി. പിന്നിട് പലസമ്മേളനങ്ങൾ നടത്തുന്നതിനെപ്പറ്റി പലപിതാക്കന്മാരും സാമൂഹ്യപ്രവർത്തകരുമായി ചർച്ചചെയ്തു. ആ സമയത്ത് പാർലമെന്റ് തിരഞ്ഞെടുപ്പ് നടക്കുകയായിരുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് മുന്നണി അമ്പേ പരാജയപ്പെട്ടു. ഈ സാഹചാര്യം വിമോചനസമരത്തിന്റെ കനകജൂബിലിയാഘോഷിക്കുന്നതിന് പലരെയും പ്രേരിപ്പിച്ചു. അതിനായി ധൈര്യപൂർവ്വം അവർ മുന്നോട്ടുവന്നു.

എറണാകുളത്ത് ഒരു വലിയ സമ്മേളനം നടന്നു. ചങ്ങനാശ്ശേരിയിലും കാഞ്ഞിരപ്പള്ളിയിലും മഹാസമ്മേളനങ്ങൾ നടന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോട്ടയായ കണ്ണൂർ നടന്ന ജൂബിലി സമ്മേളനത്തിൽ ആയിരകണക്കിനാളുകൾ പങ്കെടുത്തു. ഈ മഹാസമ്മേളനങ്ങൾ പലതിലും ഒരു പ്രസംഗകനായി ഞാനും ഉണ്ടായിരുന്നു. ഈ മഹായോഗങ്ങൾ പ്രാദേശികതലത്തിൽ പല യോഗങ്ങളും സംഘടിപ്പിക്കുന്നതിന് പ്രചോദനം നൽകി. പല സമ്മേളനങ്ങളും സംഘടിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ എനിക്കുസാധിച്ചുവെന്ന് പറയട്ടെ കേരളത്തിന് പുറത്ത് അഹമ്മദാബാദിലും മദ്രാസിലും ഡൽഹിയിലും മലയാളിസമ്മേളനങ്ങൾ വിളിച്ചു കൂടി ജൂബിലിയാഘോഷിക്കാനും ശ്രമിച്ചു. അമേരിക്കയിലെ മയാമിയിലും ഫിലാഡൽഫിയയിലും ജൂബിലി സമ്മേളനങ്ങൾ നടന്നു.

വിമോചനസമരം വിദ്യാഭ്യാസസമരത്തിൽ നിന്നും ഉടലെടുത്തതാണല്ലോ. വിദ്യാഭ്യാസസമരത്തിന് ആദ്യം നേതൃത്വം നൽകിയത് കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. മുണ്ടശ്ശേരി പദ്ധതിയേയും പാഠപുസ്തക- സിലബസ് കമ്മറ്റികളെയും മറ്റും കത്തോലിക്കാകോൺഗ്രസ്സ് എങ്ങനെ കൈകാര്യം ചെയ്തുവെന്ന് ഈ ചെറുഗ്രന്ഥത്തിൽ ഞാൻ വിശദികരിച്ചിട്ടുണ്ട്- വിമോചന സമരത്തിന്റെ ഒരു സമ്പൂർണ്ണ ചരിത്രം തയ്യാറാക്കി പ്രസദ്ധീകരിക്കുന്നതിനിടയാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. അതിനുള്ള ശ്രമം തുടരുകയാണ്.

(പ്രസിദ്ധീകരണം 31.07.2008)

# 37. യേശു ക്രിസ്തു മോസ്കോവിലോ ?

കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി സ്ഥാപിച്ചുകൊണ്ട് കേരളത്തിലെ അങ്ങോളമിങ്ങോളം ഒരു കൊടുങ്കാറ്റ് സൃഷ്ടിച്ച ഫാ.വടക്കൻ രചിച്ച ഒരു ഗ്രന്ഥമാണ് യേശുക്രിസ്തു മോസ്കോവിലോ എന്നത്. ഒൻപത് പതിപ്പു കളിലായി ഒരു ലക്ഷം കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യുവാൻ വടക്കനച്ചന് സാധിച്ചു. വടക്കനച്ചന്റെ എല്ലാ കൃതികളെയും ശക്തമായി എതിർത്ത് അതിനു മറുപടി എഴുതിയത് കെ.ദാമോദരൻ എന്ന കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു. അതുപോലെ മുൻ മുഖ്യമന്ത്രിയായിരുന്ന സി.അച്ചുതമേനോനും വടക്കനച്ചനെ നഖശിഖാന്തം എതിർത്തു. എന്നാൽ അവർ ഇരുവരും അവസാനകാലത്ത് വടക്കനച്ചന്റെ ചിന്താധാരകളോട് യോജിക്കുകയുണ്ടായി. അവസാന നാളുകളിൽ കെ.ദാമോദരൻ ദുഃഖത്തോടെ പറഞ്ഞു. എന്റെ ഏറ്റവും വലിയ ദുഃഖങ്ങളിലൊന്ന് കഥയറിയാതെ ആട്ടം കണ്ടതാണ്. വടക്കനച്ചൻ പറഞ്ഞത് മുഴുവൻ സത്യമാണ്. അപൂർണ്ണമായ സത്യം. സത്യങ്ങളിനിയും എത്രയോ പുറത്തുവരാനിരിക്കുന്നു.

യേശുക്രിസ്തു മോസ്കോവിലോ എന്ന ഗ്രന്ഥം പൂർണ്ണമായി ചേർ ത്തിട്ടുണ്ട്, ഈ ഗ്രന്ഥത്തിൽ കെ.ദാമോദരൻ അവസാനം പറഞ്ഞകഥകളും സി.അച്ചുതമേനോൻ പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയ ലേഖനങ്ങളും ചേർത്തിട്ടുണ്ട്. സി.അച്ചുതമേനോനും ഫാ.വടക്കന്റെ ചിന്താധാരയിൽ വന്ന് നിൽക്കുന്നതാണ് നാം അവസാനം കാണുന്നത്. ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു.

പ്രമുഖ കമ്മ്യൂണിസ്റ്റ് താത്വികനും സാഹിത്യകാരനുമായ സ. കെ. ദാമോ ദരൻ യേശുക്രിസ്തു മോസ്കോവിൽ എന്നൊരു ഗ്രന്ഥം രചിച്ചു. റഷ്യയ്ക്കും സ്റ്റാലിനുമെതിരെ ബ്രദർ വടക്കൻ നടത്തിയ പ്രസംഗങ്ങളേയും ലേഖനങ്ങ ളേയും നേരിടാനാണ് ആ പുസ്തകം രചിച്ചത്. അധികം താമസിയാതെ ബ്രദർ വടക്കൻ ഒരു മറുപടി എഴുതി. ആ ചെറുഗ്രന്ഥത്തിന്റെ പേര് 'യേശുക്രിസ്തു മോസ്കോവിലോ?' എന്നായിരുന്നു. കെ. ദാമോദരൻ ഉടൻ മറ്റൊരു ലഘു ലേഖ പ്രസിദ്ധീകരിച്ചു, 'യേശുക്രിസ്തു മോസ്കോയിൽത്തന്നെ.'

യേശുക്രിസ്തു മോസ്കോവിലോ എന്ന ഗ്രന്ഥത്തിന് ഒൻപത് പതിപ്പു കൾ ഇറങ്ങി. ആദ്യപതിപ്പ് 1952 ആഗസ്റ്റ് 8-ാം തീയതിയും രണ്ടാം പതിപ്പ് 1952 സെപ്റ്റംബർ 8-ാം തീയതിയും മൂന്നാം പതിപ്പ് 1953 ഫെബ്രുവരി 2-ാം തീയ തിയും. ഒൻപത് പതിപ്പുകളിലുമായി ഒരുലക്ഷം കോപ്പികൾ വിറ്റഴിഞ്ഞു. മൂന്നാം പതിപ്പിൽ യേശുക്രിസ്തു മോസ്കോവിൽത്തന്നെ എന്ന ലഘുലേഖയ്ക്കുള്ള മറുപടിയും ചേർത്തിട്ടുണ്ട്. ബ്രദർ വടക്കന്റെ ഈ ഗ്രന്ഥത്തിന്റെ പ്രസാധകർ ആലുവാ സെമിനാരിയിലെ എസ്.എച്ച്. ലീഗ് ആയിരുന്നു. ഈ പുസ്തകത്തിന്റെ

വില മൂന്ന് അണ. മൂന്നണയുടെ മൂല്യം എന്തെന്ന് ഇന്നത്തെ തലമുറയ്ക്ക് നിശ്ചയമുണ്ടാവില്ല. മൂന്നണ എന്നത് പതിനെട്ട് നയാപ്പൈസയാണ്. അന്ന് പതിനെട്ട് നയാപ്പൈസയ്ക്ക് നാടൻ രീതിയിൽ പറഞ്ഞാൽ 6 പരിപ്പുവട കിട്ടുമായിരുന്നു. ഇന്ന് 6 പരിപ്പുവടയ്ക്ക് (6 × 7) നാല്പത്തിരണ്ട് രൂപാ വിലയാകും. ചുരുക്കത്തിൽ അന്നത്തെ മൂന്നണയ്ക്ക് ഇന്നത്തെ 42 രൂപാ വിലവരും. എന്നിട്ടും ഒരുലക്ഷം കോപ്പികൾ വിറ്റഴിഞ്ഞു എന്നു പറയുമ്പോൾ ആ പുസ്തകത്തെ ജനങ്ങൾ എത്ര താല്പര്യത്തോടെയാണ് സ്വീകരിച്ചതെന്ന് വ്യക്തമാകും.

പിൽക്കാലത്ത് ബ്രദർ വടക്കൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ശരിയായിരുന്നുവെന്ന് കെ. ദാമോദരൻ പ്രസ്താവിച്ചു. പരിധിവിട്ട് വസ്തുതകൾ മനസ്സിലാക്കാതെ അദ്ദേഹം റഷ്യയേയും സ്റ്റാലിനേയും പുകഴ്ത്തിയതിൽ പരസ്യമായി ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകൾ വടക്കന്റെ ലേഖനങ്ങളിൽ അസംതൃപ്തരായിരുന്നു. വസ്തുതകളെ വസ്തുതകൾക്കൊണ്ട് നേരിടുവാനല്ല, ബലപ്രയോഗംകൊണ്ട് നേരിടുവാനാണ് ശ്രമിച്ചത്. അന്നും ഇന്നും ഭീഷണിയും അക്രമവുമാണല്ലോ കമ്മ്യൂണിസ്റ്റുകളുടെ കൈമുതൽ. വിദ്യാർത്ഥി കോർണറിൽ പ്രസംഗിച്ച വടക്കനെ കല്ലെറിഞ്ഞ് തലപൊട്ടിച്ചത് കമ്മ്യൂണിസ്റ്റുകളുടെ തനിനിറം വ്യക്തമാക്കുന്നതായിരുന്നു.

"ചൈനീസ് സംഭവവികാസങ്ങൾ എന്തുകൊണ്ട്" എന്നൊരു ലേഖനം കലാകൗമുദിയിൽ 1989 സെപ്റ്റംബർ 10-ന് മുൻമുഖ്യമന്ത്രി ശ്രീ. അച്ച്യുതമേനോൻ പിന്നീട് എഴുതുകയുണ്ടായി. റഷ്യയിലും ചൈനയിലും നടന്ന കമ്മ്യൂണിസ്റ്റ് ഭരണം ഇരുമ്പുമറയ്ക്കുള്ളിൽനിന്ന് ഉള്ളതായിരുന്നുവെന്നും അവിടുത്തെ യഥാർത്ഥ സ്ഥിതിഗതികൾ നാം അറിഞ്ഞിരുന്നില്ലെന്നും അച്യുതമേനോൻ ആ ലേഖനത്തിൽ തുറന്നുപറഞ്ഞിട്ടുണ്ട്. സോവിയറ്റ് യൂണിയനെപ്പറ്റി ഒരുപാട് നുണകളാണ് നമ്മെ പറഞ്ഞു പഠിപ്പിച്ചിരുന്നതെന്നും അദ്ദേഹം സമ്മതിച്ചു.

വടക്കനച്ചന്റെ നുണകൾ എന്ന് നാം വിശ്വസിച്ചിരുന്നതെല്ലാം നുണകളല്ലാ സത്യങ്ങളാണെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ശ്രീധരൻ ഒരു ലേഖനവും എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതെല്ലാംകൂട്ടി വായിക്കുമ്പോൾ വടക്കനച്ചന്റെ വിജ്ഞാനവും ഗവേഷണപാടവവും എത്ര വലുതാണെന്ന് നമുക്ക് ഊഹിക്കുവാൻ സാധിക്കും.

വടക്കനച്ചന്റെ യേശുക്രിസ്തു മോസ്കോവിൽ എന്ന ഗ്രന്ഥത്തെപ്പറ്റി ഇന്നത്തെ കാലഘട്ടത്തിൽ ഒരു പഠനം നടത്തണമെന്ന ഉൾപ്രേരണയുടെ ഫലമാണ് ഈ ഗ്രന്ഥം. ചൈനയ്ക്കുവേണ്ടി ഇന്ത്യയുടെ ആണവകരാറിനെ അട്ടിമറിക്കാൻ ശ്രമിച്ച ഇവിടുത്തെ വലത്-ഇടത് കമ്മ്യൂണിസ്റ്റുകൾ ഫാ. വടക്കന്റെയും, മുൻമുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റുകാരനുമായിരുന്ന സി. അച്യുതമേനോന്റെയും, പി. ശ്രീധരന്റെയും വാക്കുകൾ ശ്രദ്ധയോടെ വായിക്കണം. റഷ്യ ലോകത്തിലെ സ്വർഗ്ഗമാണെന്ന് നമ്മെ തെറ്റിദ്ധരിപ്പിച്ചു. ചൈനയിലെ ഭരണസംവിധാനത്തെയും അന്ധമായി നാം പുകഴ്ത്തുന്നു. അവരുടെ പുനർചിന്തനത്തിനുവേണ്ടിയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

(പ്രസിദ്ധീകരണം 31.07.2008)

# 38. കേരളം ചുവന്നതെങ്ങനെ?

ഫാ. വടക്കൻ 1957-ലെ തിരഞ്ഞെടുപ്പിനുശേഷം എഴുതിയ ഒരു ഗ്രന്ഥമാണ് കേരളം ചുവന്നതെങ്ങനെയെന്നത്.

ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയെ തുടർന്ന് 1956 നവംബർ 1-ാം തീയതിയാണ് കേരള സംസ്ഥാനം രൂപം കൊള്ളുന്നത്. കേരളത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 60സീറ്റുകൾ ലഭിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി പിന്താങ്ങിയ 5 സ്വാതന്ത്രന്മാരെയും കൂട്ടി സ.ഇ. എം. എസിന്റെ നേതൃത്വത്തിൽ 1957ഏപ്രിൽ 5-ന് കേരളത്തിലെ പ്രഥമ മന്ത്രിസഭ അധികാരത്തിലേറി. തിരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യം അധികാരത്തിലേറിയത് കേരളത്തിലായിരുന്നു. അതിനാൽ കേരളത്തിലെ തിരഞ്ഞെടുപ്പും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ അധികാരാരോഹണവും ലോകശ്രദ്ധ പിടിച്ചുപറ്റി.

തിരുവിതാംകൂറിലും, തിരുകൊച്ചിയിലും തിരഞ്ഞെടുപ്പ് അടുത്തുവരുമ്പോൾ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ സഖ്യത്തിനുള്ള ചർച്ചകൾ നടക്കുക സ്വാഭാവികമായിരുന്നു. 1957-ലെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് ഇതര കക്ഷികൾ ഒറ്റക്കു നിന്ന് മത്സരിക്കണമെന്നും അല്ലാത്തപക്ഷം കമ്മ്യൂണിസ്റ്റ് പാർട്ടി കേരളം ഭരിക്കുമെന്നും ആന്റി കമ്മ്യൂണിസ്റ്റ് ഫ്രണ്ടിന്റെ സ്ഥാപകൻ ഫാ. വടക്കൻ പറയുകയുണ്ടായി. കമ്മ്യൂണിസ്റ്റ് ഇതര കക്ഷികളുടെ ഐക്യത്തിനുവേണ്ടി ഫാ.വടക്കൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തു. ആ ശ്രമം ഫലമണിഞ്ഞില്ല. പ്രസ്തുത തിരഞ്ഞെടുപ്പിൽകോൺഗ്രസ്സ് പാർട്ടിക്ക് 2209291 വോട്ടുകൾ കിട്ടിയപ്പോൾ കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് 2059547 വോട്ടുകൾ ലഭിച്ചു. കോൺഗ്രസ്സിന് 37.40 ശതമാനം വോട്ടും കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് 34.98 ശതമാനം വോട്ടും. 34.98ശതമാനം വോട്ടും ലഭിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 60 സീറ്റുകൾ ലഭിച്ചപ്പോൾ 37.40 ശതമാനം വോട്ടു ലഭിച്ച കോൺഗ്രസ്സിന് 43 സീറ്റുകളാണ് ലഭിച്ചത്.6.28261 വോട്ടുലഭിച്ച പി.എസ്.പി.യ്ക്ക് 9 സീറ്റുകൾ ലഭിച്ചു.188553 വോട്ടു ലഭിച്ച ആർ. എസ്. പി.ക്ക് ഒരു സീറ്റും നേടാനായില്ല. മുസ്ലീംലീഗിന് 8 സീറ്റും ലഭിച്ചു. കമ്മ്യൂണിസ്റ്റ് ഇതര കക്ഷികൾ ഒറ്റമുന്നണിയായി നിന്നു മത്സരിച്ചെങ്കിൽ 35സീറ്റുകൾ മാത്രമേ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ലഭിക്കുമായിരുന്നുള്ളൂ. തിരഞ്ഞെടുപ്പുകഴിഞ്ഞപ്പോൾ കണക്കുകൾ കൊണ്ടുള്ള കസർത്താണ് ഓരോ രാഷ്ട്രീയ പാർട്ടികളും നടത്തിയത്. 34.98 ശതമാനം വോട്ടുകൾ മാത്രം ലഭിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഭരിക്കാൻ അവകാശമില്ലെന്ന് വാദിച്ചവരും ഉണ്ടായിരുന്നു. ലഭിച്ച സീറ്റുകൾ കണക്കിലെടുക്കുമ്പോൾ കമ്മ്യൂ

ണിസ്റ്റ് പാർട്ടിക്ക് ഭരിക്കാൻ അവകാശമുണ്ടെന്ന് എല്ലാവർക്കും ബോധ്യമുണ്ടെങ്കിലും അത് അംഗീകരിക്കാൻ തയ്യാറാകാതെ വാചക കസർത്ത് നടത്തുകയാണ് ചെയ്തത്.

കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇത്രയും വോട്ടുകൾ ലഭിച്ചത് എന്തുകൊണ്ടാണ്? ഇന്ത്യയിലെ ഏറ്റം വലിയ കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കേരള ഘടകത്തിനും മറ്റ് ജനാധിപത്യകക്ഷികൾക്കും വോട്ടുകുറയാൻ കാരണമെന്താണ് എന്നതിനെപ്പറ്റി അധികമാരും ചിന്തിച്ചില്ല. ജനാധിപത്യ കക്ഷികളുടെ പ്രവർത്തന ശൈലിയാണ് പരാജയത്തിന് കാരണമെന്ന് കണ്ടുപിടിക്കാൻ ആരും മെനക്കെട്ടുമില്ല.

ഈ സന്ദർഭത്തിലാണ് ഫാ. വടക്കൻ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറാൻ ഇടയായ സാഹചര്യത്തെപ്പറ്റി വിലയിരുത്തി. "കേരളം ചുവന്നതെങ്ങനെ" എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. അദ്ദേഹത്തിന്റെ വിലയിരുത്തൽ നടന്നിട്ട് 53 വർഷം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. കേരളത്തിൽ കൂടെ കൂടെ കമ്മ്യൂണിസ്റ്റ് മുന്നണി ഭരണത്തിൽ കേറികൊണ്ടിരിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസ്റ്റ് മുന്നണി കൂടെ കൂടെ ഭരണത്തിലേറാനുള്ള സാഹചര്യത്തെപ്പറ്റി വിലയിരുത്തലാണ് ഈ ഗ്രന്ഥം.

ഒ.ചന്തുമേനോൻ ശാരദ എന്ന നോവൽ എഴുതി പൂർത്തിയാക്കാതെയാണല്ലോ നിര്യാതനാകുന്നത് ശാരദയുടെ രണ്ടാം ഭാഗം എഴുതി പൂർത്തിയാക്കിയത് സി. അന്തപ്പായി ആണ്.

കൂടെ കൂടെ കമ്മ്യൂണിസ്റ്റ് സർക്കാർ കേരളം ഭരിക്കാനിടവരുന്ന സാഹചര്യത്തെപ്പറ്റി ഫാ.വടക്കൻ ഇന്നുണ്ടായിരുന്നവെങ്കിൽ വിലയിരുത്തുമായിരുന്നു. സി.അന്തപ്പായിയുടെ ദൗത്യം ഫാ.വടക്കന്റെ കാര്യത്തിൽ ഈ ലേഖകൻ ഏറ്റെടുക്കുകയാണ്. യഥാർത്ഥത്തിൽ ഫാ.വടക്കന്റെ കേരളം ചുവന്നതംങ്ങനെയെന്ന ഗ്രന്ഥത്തിന്റെ രണ്ടാംഭാഗമാണ് ഈ ഗ്രന്ഥം. ഫാ.വടക്കൻ രചിച്ച ഒന്നാംഭാഗം ഇതിൽ പൂർണ്ണമായി ചേർത്തിട്ടുണ്ട്. എന്റെ ഈ വിലയിരുത്തൽ തുറന്ന ചർച്ചക്കുവേണ്ടിയാണ് അവതരിപ്പിക്കുന്നത്.

1957-നുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒറ്റക്ക് ഭരിക്കാൻ ഒരിക്കലും അവസരം ലഭിച്ചിട്ടില്ല. മുന്നണി സംവിധാനത്തിലൂടെ മാത്രമാണ് ഭരണം കയ്യാളിയത്. 1957-നുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കേരളത്തിൽ ഒരു വളർച്ചയും ഉണ്ടായില്ലെന്നതാണ് സത്യം. ഐക്യമില്ലായ്മയും ജനക്ഷേമം കണക്കിലെടുക്കാതെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി ജനങ്ങൾക്കിടയിൽ യു.ഡി.എഫിനോടുണ്ടായ വെറുപ്പും ആണ് കൂടെ കൂടെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവൺമെന്റ് രൂപീകരിക്കാൻ സഹായകരമായിട്ടുള്ളത്.

ഈ സഹചര്യത്തെപ്പറ്റി ഒരു പഠനവും വിശകലനവുമാണ് ഈ ഗ്രന്ഥം. ഈ പഠനത്തിൽ പങ്കുചേരാൻ എല്ലാ സഹൃദയരെയും ക്ഷണിക്കുന്നു.

ഫാ.ജോസഫ് വടക്കൻ കേരളം ചുവന്നതെങ്ങനെയെന്ന 1957 ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ നിന്നും ഉള്ള ഒരുഭാഗം താഴെ ചേർക്കുന്നു.

"കേരളത്തിൽ അങ്ങോളമിങ്ങോളം പാവങ്ങളുടെ സാമൂഹികസാമ്പത്തിക സമരം സജീവമായും, പ്രക്ഷോഭണാത്മകമായും മുന്നോട്ടുനയിക്കുന്നതിൽ കമ്മ്യൂണിസ്റ്റ് നേതാക്കൾ മുൻനിരയിൽ നിന്നു. കർഷകരുടെയും തൊഴിലാളികളുടെയും നെടുനിശ്വാസം കമ്മ്യൂണിസ്റ്റ് കണ്ഠങ്ങളിലൂടെ ഉച്ചത്തിൽ പുറത്തുവന്നു. പോലീസിന്റെയും ജന്മിമുതലാളിവർഗ്ഗത്തിന്റെയും മർദ്ദനങ്ങൾക്ക് വിധേയരായി കമ്മ്യൂണിസ്റ്റ് നേതാക്കൾ കാരാഗ്രഹങ്ങളിലേക്ക് പോകുന്നത് നാട്ടുകാർ കണ്ടു. തന്മൂലം കമ്മ്യൂണിസത്തിന്റെ തത്വസംഹിതയെ വെറുക്കുന്ന തൊഴിലാളികളും കർഷകരും കൂടി കമ്മ്യൂണിസ്റ്റുകളുടെ സാമൂഹിക ഹൃദയത്തെ സ്തുതിക്കാൻ തുടങ്ങി."

തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണ പ്രക്ഷോഭത്തെ എതിർത്തവരും സർ.സി.പിയുടെ ക്രൂരഭരണത്തെ അനുകൂലിച്ചവരും സ്വാതന്ത്ര്യാനന്തരം നടന്ന ആദ്യതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി രംഗപ്രവേശം ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടു കാരാഗ്രഹവാസം അനുഭവിച്ചവരും, പീഡനങ്ങൾ ഏറ്റവരും സാധാരണ ജനങ്ങളും അതേസമയം ദുഃഖിതരും നിസ്സഹായരുമായി കഴിഞ്ഞുകൂടേണ്ടിവന്നു............

വിമോചനസമരത്തിനുശേഷം അധികാരമേറ്റെടുത്ത ഐക്യമുന്നണി സർക്കാരിന്റെ ഭരണകാലത്തുനടന്ന കുടിയിറക്കുകളും, മേൽച്ചാർത്തുകളും കർഷകദ്രോഹനടപടികളും യു.ഡി.എഫിനെതിരായി നിലകൊള്ളാൻ കേരള ജനതയെ പ്രേരിപ്പിച്ചു. കോൺഗ്രസ്സ് ഉൾപ്പെടെയുള്ള രാഷ്ട്രീയപാർട്ടികൾ ന്യൂനപക്ഷങ്ങളോടും സ്വകാര്യവിദ്യാലയങ്ങളോടും സ്വീകരിച്ച നയം ജനാധിപത്യവിശ്വാസികളിൽ അസംതൃപ്തിയുളവാക്കി. പലതവണ കമ്മ്യൂണിസ്റ്റുകളുടെ നേതൃത്വത്തിൽ കേരളത്തിൽ ഭരണം നടന്നിട്ടുണ്ടെങ്കിലും കമ്മ്യൂണിസ്റ്റുപാർട്ടി കേരളത്തിൽ ഒട്ടും തന്നെ വളർന്നിട്ടില്ല. ബഹുഭൂരിപക്ഷം ഈശ്വര വിശ്വാസികൾ അധിവസിക്കുന്ന കേരളത്തിൽ പാർട്ടി വളരാനും സാധ്യതയില്ല. സ്ഥാനത്തും അസ്ഥാനത്തും മെത്രാൻമാരേയും ക്രൈസ്തവരേയും എതിർക്കുന്ന കമ്മ്യൂണിസ്റ്റുകൾ ഇന്ത്യാമഹാരാജ്യം ഭരിക്കാനിടവന്നാൽ ഇവിടുത്തെ ജനങ്ങൾക്കറിയാം എന്തു സംഭവിക്കുമെന്ന്.

കിഴക്കൻ യൂറോപ്പ് മുഴുവൻ കയ്യടക്കി ലക്ഷക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കുകയും കാർഡിനാൽ മിൻസേന്തിയടക്കം നിരവധിയാളുകളെ തടങ്കൽ പാളയത്തിൽ അടയ്ക്കുകയും ചെയ്ത കമ്മ്യൂണിസ്റ്റ്പാർട്ടി ഇന്ത്യാമഹാരാജ്യത്തിന്റെ ഭരണം പിടിച്ചെടുത്താൽ കമ്മ്യൂണിസത്തിനും നിരീശ്വരത്വത്തിനുമെതിരെ നിരന്തരം പോരാടിക്കുന്ന ആർച്ച് ബിഷപ്പ് മാർ. ജോസഫ് പവ്വത്തിലിനെ കാരാഗ്രഹത്തിലടയ്ക്കും നൂറുകണക്കിന് മിൻസേന്തിമാർ ഇവിടെയുണ്ടാകും- സംശമില്ല. ഈ സാഹചര്യം വിശകലനം ചെയ്യാനാണ് ഈ ഗ്രന്ഥത്തിൽ ഞാൻ ശ്രമിച്ചിരിക്കുന്നത്.

(പ്രസിദ്ധീകരണം 28.12.2010)

# 39. നായർ ഈഴവ ഐക്യം

നായർ ഈഴവ ഐക്യം എന്ന ഗ്രന്ഥം പ്രസദ്ധീകരിക്കുന്നതിന് പ്രേരകമായത് ദീപനാളം പത്രാധിപരായിരുന്ന ഫാ. സെബാസ്റ്റ്യൻ അടുപ്പശ്ശേരിയുടെ ഒരു ഫോൺകോളാണ്. കേരളത്തിലെ രണ്ടു പ്രബലസമുദായങ്ങളായ നായർ സമുദായവും ഈഴവസമുദായവും തമ്മിൽ ഐക്യത്തിൽ കഴിയുന്നതിനെപ്പറ്റിയുള്ള ചർച്ച ഒരു പത്തുവർഷം മുൻപ് വളരെ സജീവമായി. ഇരു സമുദായ സംഘടനകളുടെയും നേതാക്കൾ നായർ ഈഴവ ഐക്യം ആവർത്തിച്ച് ആവർത്തിച്ച് പറയുകയും ആ കൂട്ടത്തിൽ ക്രൈസ്തവർക്കെതിരായ പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഒരു ദിവസം രാത്രിയിൽ ഫാ. അടുപ്പശ്ശേരി എന്നെ വിളിച്ച് ഇപ്പോൾ സജീവമായി കൊണ്ടിരിക്കുന്ന നായർ ഈഴവഐക്യത്തെപ്പറ്റി ഒരു ലേഖനം എഴുതിതരണമെന്നാവശ്യപ്പെട്ടു. ഞാൻ എഴുതികൊടുത്ത ലേഖനം ദീപനാളത്തിൽ പ്രസദ്ധീകരിച്ചു. ആ ലേഖനം വായിച്ച പലരും നായർ ഈഴവ ഐക്യത്തിന്റെ വിവിധങ്ങളായ വശങ്ങളെ കേന്ദ്രീകരിച്ച് ഒരു പുസ്തകം തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടു. ആ ബഹുജനാഭിപ്രായം കണക്കിലെടുത്ത് നായർ ഈഴവ ഐക്യം എന്ന ഗ്രന്ഥം 2005-ലെ അംബേദ്കറുടെ ജന്മദിനത്തിൽ പ്രകാശനം ചെയ്തു. ഈ ഗ്രന്ഥം പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച ധീരനും സാഹസികനുമായ ഡോ. പൽപ്പുവിനാണ് സമർപ്പിച്ചത്.

ഇന്ത്യയിലെ സവർണ്ണരും അവർണ്ണരും തമ്മിൽ 3000 വർഷക്കാലമായി നിലനിൽക്കുന്ന ചരിത്രം വിശദമായി ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നായർ ഈഴവസമുദായങ്ങൾ പലഘട്ടങ്ങളിലും ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. എല്ലാസന്ദർഭങ്ങളിലും ഈഴവസമുദായത്തെ നായർ സമുദായം വഞ്ചിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരിക്കൽ പോലും ഈഴവ സമുദായത്തിന്റെ ഉന്നതിക്കുവേണ്ടിയുള്ള പരിശ്രമങ്ങളെ നായർ സമുദായം പിന്തുണച്ചിട്ടില്ല. എന്നും എതിർക്കുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്

ഇന്ത്യയിലെ ഈഴവരാദിപിന്നോക്ക സമുദായങ്ങളും അവർണ്ണരും കഴിഞ്ഞകാലങ്ങളിൽ അനുഭവിച്ച പീഢനങ്ങളുടെ കഥ അവർ മനസ്സില്ലാക്കേണ്ടത് ആവശ്യമാണ്. നായർ ഈഴവ ഐക്യം, വിശാലഹിന്ദുമുന്നണി തുടങ്ങി മുദ്രാവാക്യങ്ങളുടെ പുറകേ പോയി പരക്കം പായുമ്പോൾ ഈ വക കാര്യങ്ങളെപ്പറ്റി പിന്നോക്ക ജനവിഭാഗം ശരിക്കു പഠിക്കുകതന്നെ വേണം ചവുട്ടിതാഴ്ത്തപ്പെട്ട ലക്ഷക്കണക്കിനുള്ള അദ്ധ്വാനിക്കുന്ന പാവങ്ങളുടെ ഹൃദയരക്തത്താൽ സുഖലോലുപതയിൽ താലോലിക്കപ്പെട്ട് അവരെക്കുറിച്ച് ഒരിക്കൽ പോലും സ്മരിക്കാത്തവരെ ചതിയൻ എന്നാണ് സ്വാമിവിവേകാനന്ദൻ

വിളിച്ചത്. തങ്ങളുടെ പ്രതാപത്തിന്റെ, ശക്തിയുടെ ജീവരക്തം ആരോരുവരുടെ മുഖം അരച്ചു കുലുക്കിയാണോ ഉണ്ടാക്കിയത്, ആ പാവങ്ങളെക്കുറിച്ച് എപ്പോഴാണ് ചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലാണ് നിങ്ങളുടെ ആഢ്യന്മാരോ, സവർണ്ണരോ, പുരോഹിതരോ, പ്രഭുക്കന്മാരോ സ്മരിച്ചിട്ടുള്ളത് എന്ന് വിവേകാനന്ദന്റെ ചോദ്യം ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതാണ് ഈ ഗ്രന്ഥനിർമ്മിതിക്ക് എന്നെ പ്രേരിപ്പിച്ചത് .

ഈ ഗ്രന്ഥത്തിൽ ഒന്നാം അദ്ധ്യായം നായർ ഈഴവഐക്യം എന്നതാണ്. അതിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ഇന്ന് സമൂഹത്തിൽ ധാരാളമുണ്ട്. എങ്ങനെയും പണം ഉണ്ടാക്കണമെന്നുമാത്രമാണവരുടെ ലക്ഷ്യം. പണം സമ്പാദിക്കുന്നതിന് ഏതുമാർഗ്ഗവും സ്വീകരിക്കുവാൻ അവർ തയ്യാറാണ്. വിസ തട്ടിപ്പ്, നോട്ടിരട്ടിപ്പ്, പെൺവാണിഭം തുടങ്ങി പലക്രൂരതകളും ചെയ്യുവാൻ അവർ മടികാട്ടുകയില്ല.

വിസ വാങ്ങികൊടുക്കാമെന്ന് കാണിച്ച് പലരുടെയും അടുത്തുനിന്ന് ആയിരങ്ങൾ വാങ്ങിയതിനുശേഷം മുങ്ങുന്നവരുടെ ചരിത്രം പത്രങ്ങളിൽ പലപ്പോഴും കാണാം. എന്നാലും അത്തരക്കാരുടെ കമ്പളിപ്പിക്കലിൽ വീണ്ടും വീണ്ടും ആളുകൾ ചെന്ന് വീഴുന്നതുകാണാം. എങ്ങിനെയും നേട്ടമുണ്ടാക്കാൻ നിയമരഹിതമായി പ്രവർത്തിക്കുവാൻ അവർ തയ്യാറാണ്. അവരുടെ ആ മനോഭാവത്തെ തന്ത്രപൂർവ്വം ചൂഷണം ചെയ്യുകയാണ് തട്ടിപ്പുകാർ. ഇരുകൂട്ടരും ചെയ്യുന്നത് തെറ്റാണ്. അതുകൊണ്ട് തട്ടിപ്പ് നടത്തിയവനും തട്ടിപ്പിന് വിധേയമായവനും വിവരം പുറത്ത് ആരും അറിയാതിരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ രഹസ്യം കാക്കൽ കൂടുതൽ തട്ടിപ്പിന് വഴിയൊരുക്കുകയും ചെയ്യുന്നു.

നോട്ടിരട്ടിപ്പ് മറ്റൊരു തന്ത്രമാണ്. കൊടുക്കുന്ന തുകയുടെ ഇരട്ടി തുക കൊടുക്കും എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പണം തട്ടിയെടുക്കുകയാണ്. എങ്ങനെ ഇരട്ടിക്കുന്നുവെന്ന് ഒന്നും ചിന്തിക്കാതെ ഇരട്ടിപ്പിക്കുവാൻ രൂപകൊടുക്കും. രൂപാകൊടുക്കുന്നവന്റെ ജീവൻപോലും പലപ്പോഴും നഷ്ടപ്പെടുകയാണ് പതിവ്. ചിലർക്ക് ഒന്നുരണ്ടു നോട്ടുകൾക്ക് അകത്ത് കടലാസ് വച്ച് കളിപ്പിക്കുകയായിരിക്കും പതിവ്. അബദ്ധം പറ്റുന്നവൻ പുറത്ത് പറയുകയില്ല.

നോട്ടിരട്ടിപ്പിക്കലിലെ, കളിപ്പിക്കലിനെപ്പറ്റിയുള്ള ചരിത്രം പലപ്പോഴും പത്രത്തിൽ കാണാം. എന്നിരുന്നാലും വീണ്ടും വീണ്ടും ആളുകൾ നോട്ടിരട്ടിപ്പിക്കാൻ പോകുന്നു.

നായരീഴവഐക്യം എന്നു കേൾക്കുമ്പോൾ ഈ തട്ടിപ്പിന്റെ കഥയാണ് ആദ്യം ഓർമ്മയിൽ എത്തുക. ഇതിൽ തട്ടിപ്പ് നടത്തുന്നത് എൻ.എസ്സ്.എസ്സും, തട്ടിപ്പിന് വിധേയരാകുന്നത് എന്നും എസ്സ്.എൻ.ഡി.പി.യുമാണ്. എത്ര തട്ടിപ്പിന് വിധേയമായാലും അതുമനസ്സിലാക്കാതെ വീണ്ടും വീണ്ടും തട്ടിപ്പിന് നിന്നു

കൊടുക്കുന്നത് പിന്നോക്ക സമുദായങ്ങൾക്ക് കൂടുതൽ അപകടകരമാകു മെന്നതിൽ സംശയം വേണ്ട. പിന്നോക്ക സമുദായങ്ങളെ മൊത്തകച്ചവടം നടത്തി സമുദായത്തെ വഞ്ചിക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങളായിരിക്കാമിത്. ആ ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്നവർക്ക് ചില താൽക്കാലിക നേട്ടങ്ങളു ണ്ടാകാം. ഒരു സമൂഹത്തെ മുഴുവൻ ഒറ്റികൊടുത്തുകൊണ്ട് സ്വന്തം താല്പ ര്യങ്ങൾ മാത്രം സംരക്ഷിക്കുവാൻ ശ്രമിക്കുന്നത് ആത്മഹത്യാപരമായിരിക്കും.

നായർ ഈഴവഐക്യത്തിന്റെ ചരിത്രവും നായർ സമുദായം ഈഴവ സമുദായത്തോട് എന്നും സ്വീകരിച്ച ക്രൂരതയും ഈ ഗ്രന്ഥത്തിൽ വിസ്തരിച്ചു ചേർത്തിട്ടുണ്ട്. വിശാലഹിന്ദുമുന്നണിയും നായരീഴവ ഐക്യവും എന്നൊക്കെ പറയുന്നത് ഏതെങ്കിലും ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിന്റെ പേരിലല്ലാ. കുറേപ്പേരെ എതിർക്കുവാൻ തട്ടിക്കൂട്ടുന്ന ചിലതന്ത്രങ്ങൾ മാത്രം ഈ വാദ ഗതികളുമായി വരുന്നവർ ഒരിക്കലും ഇന്ത്യൻ ജനതയെ ഒന്നായികാണാൻ കഴിവുള്ളവരല്ല. വിഭാഗിയതവളർത്തി ജനങ്ങളെ തമ്മിൽ കലഹിപ്പിച്ച് സ്വാർ ത്ഥതല്പര്യം സംരക്ഷിക്കുവാൻ ശ്രമിക്കുന്നവർ ആണ്, സവർണ്ണർ എന്നെ ങ്കിലും പിന്നോക്കക്കാരെ കൂട്ടുപിടിച്ച് പിന്നോക്കക്കാരുടെ താല്പര്യത്തിനു വേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ. ഒരിക്കലുമില്ല വീണ്ടും വീണ്ടും പിന്നോക്കക്കാരെ കൂട്ടുപിടിച്ച്, ഹൈന്ദവവികാരം ആളിക്കത്തിച്ച് അധികാരം പിടിച്ചെടുക്കാനും. അധികാരത്തിൽ കയറിക്കഴിഞ്ഞ് പിന്നോക്കക്കാരനെ പുറംകാൽ കൊണ്ട് തൊഴിക്കാനുമുള്ള നീക്കം മാത്രമാണിത്.

വെള്ളാപ്പള്ളിനടേശൻ അധികാര രാഷ്ട്രീയത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത് എസ്. ആർ. പിയെ ഉയർത്തികൊണ്ടുവരാൻ സാധിക്കുക യില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. അതു കൊണ്ട് മറ്റുതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നവെന്നുമാത്രം. സ്വന്തമായി ഒരു പാർട്ടിയുണ്ടാക്കിയാൽ സൗകര്യമാണെന്ന് നടേശൻ തീരുമാനിച്ചു. നിലവിലുള്ള ജെ. എസ്സ്. എസ്സിനെ കൈയിലൊതുക്കാൻ കുറുക്കുവഴികൾ പലതും നോക്കി. കെ.ആർ. ഗൗരിയെ ഒതുക്കാമെന്ന് കണക്കുക്കൂട്ടി പ്രവർത്തിച്ച നടേശൻ ആ കാര്യത്തിൽ പരാജയപ്പെട്ടു. 2003 സെപ്റ്റംബറിൽ കേരള ജനകീയ മുന്നണി എന്ന പേരിൽ ഒരു മുന്നണിയുണ്ടാക്കുമെന്ന് നടേശൻ പ്രഖ്യാപിച്ചു. ശ്രീനാരായണഗുരുവിന്റെ ജന്മദിനത്തിലാണ് ഈ പ്രഖ്യാപനം നടത്തിയത്. ഇന്ന് ആജനകിയമുന്ന ണിയുടെ ഭാവി അറിയണമെങ്കിൽ ജ്യോത്സ്യനെ സമീപിക്കണം

എല്ലാ നടപടികളും വിപരീതഫലമാണുളവാക്കിയതെന്ന് മനസ്സിലാക്കിയ നടേശൻ ശിവസേനയുമായി ഒരു മുന്നണിയുണ്ടാക്കി മലബാർ മുഴുവൻ പിടിച്ചടക്കാനാണ് പിന്നീട് ശ്രമം നടത്തിയത്. മലബാറിലെ ഈഴവരെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ നിന്നും മോചിപ്പിച്ച് നടേശാധിപത്യം സ്ഥാപിക്കാൻ ഒരു ശ്രമം നടത്തി. ഫലമുണ്ടായില്ല. പിന്നീട് പിന്നോക്കസമുദായ മുന്നണി രൂപീകരിക്കുമെന്നുള്ള പ്രഖ്യാപനം നടന്നു. അതിനും കാര്യമായ ഒരു ചലനം

ഉണ്ടാക്കാൻ സാധിച്ചില്ല. അപ്പോഴാണ് നരേന്ദ്രൻ കമ്മീഷൻ പ്രശ്നം ചിന്തയിൽ വന്നത്. ഈഴവന് ഉദ്യോഗരംഗത്ത് കിട്ടേണ്ടത് മുഴുവൻ കിട്ടിയെന്ന് നരേന്ദ്രൻ കമ്മീഷൻ രേഖപ്പെടുത്തി. ലത്തീൻ ക്രിസ്ത്യാനിക്കും ദളിത് ക്രൈസ്തവനും, ധീവരനും, മുസ്ലീംങ്ങൾക്കും അർഹിക്കുന്നത് കിട്ടിയില്ല. അർഹിക്കുന്നതിന്റെ യടുത്തുപോലും എത്തിയില്ല. പിന്നോക്കസമുദായമുന്നണി രൂപീകരിക്കാൻ ബദ്ധപ്പെട്ട നടേശൻ നരേന്ദ്രൻ കമ്മീഷന് എതിരായി. പിന്നോക്ക സമുദായങ്ങളെ കൂട്ടുപിടിച്ചത് ഘടകസമുദായങ്ങളുടെ ശക്തികാണിച്ച് ഈഴവ താല്പര്യങ്ങൾ നേടാൻ വേണ്ടി മാത്രമാണ്. പിന്നോക്ക സമുദായങ്ങളോട് താല്പര്യം ഉണ്ടായിരുന്നുവെങ്കിൽ തങ്ങളെപ്പോലെ മററുള്ളവരും അർഹരായിത്തീരാൻ വേണ്ടി അവരോടൊത്ത് നിൽക്കുമായിരുന്നു.

അതിനു തയ്യാറാകാതെ പിന്നോക്ക സമുദായങ്ങളെ തഴഞ്ഞ് സവർണ്ണരുമായി കൂട്ടുകൂടി നായരീഴവ ഐക്യത്തിന് വെള്ളാപ്പള്ളി നടേശൻ ശ്രമിക്കുന്നത് ആത്മഹത്യാപരമായിരിക്കും. കഴിഞ്ഞ 125 വർഷത്തെ നായർ – ഈഴവ സഖ്യത്തിന്റെ ചരിത്രം പഠിക്കുന്നവർക്ക് ഇത് മഹാ വിഡ്ഢിത്തമാണെന്ന് ബോദ്ധ്യമാകും. 1951–52 കാലത്തെ ഹിന്ദു മഹാമണ്ഡലം മറ്റിതരസമുദായങ്ങളെ ആക്ഷേപിക്കാനും ആക്രമിക്കാനുമാണ് ശ്രമിച്ചത്. നാരായണപ്പണിക്കർ വെള്ളാപ്പള്ളിയെക്കൊണ്ട് മറ്റിതരസമുദായങ്ങളെ തല്ലിക്കാനാണ് ഇപ്പോൾ മുന്നണിയുണ്ടാക്കുന്നത്.

സി.കേശവന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നു. *“നായന്മാർ ഒരു ഈഴവനെ പുകഴ്ത്തുന്നുവെങ്കിൽ കരുതിക്കൊള്ളുക ആ ഈഴവൻ സ്വന്ത സമുദായത്തിന് എന്തോ കടുത്ത ദ്രോഹം ചെയ്യുകയാണെന്ന്”.* വെള്ളാപ്പള്ളി നടേശനെ പി.കെ. നാരായണക്കുറുപ്പ് പ്രശംസിക്കുമ്പോൾ സി.കേശവന്റെ ഈ വാക്കുകൾ ആണ് നമ്മുടെ സ്മരണയിൽ ഓടിയെത്തുക.

ഇന്ന് നായർ ഈഴവ ഐക്യത്തിലേക്ക് നീങ്ങുമ്പോൾ ഈ ചരിത്രം ഈഴവ സഹോദരങ്ങൾ മനസ്സിലാക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത് 1951–ൽ ഹിന്ദുമഹാമണ്ഡലം രൂപീകരിച്ചുകൊണ്ട് മന്നവും ശങ്കറും രാജ്യം മുഴുവൻ ചുറ്റി സഞ്ചരിച്ച് ക്രിസ്ത്യാനികൾക്കെതിരെ പ്രസംഗപരമ്പര തന്നെ നടത്തി. ക്രിസ്ത്യാനികളും ഹിന്ദുക്കളും രണ്ട് എന്ന ചിന്താഗതി വളർത്തി. വളരെ ഐക്യമായി കഴിഞ്ഞിരുന്ന ജനങ്ങളെ ജാതിയുടെ പേരിൽ ഇവർ അകറ്റി.

ഇന്ന് നായർ ഈഴവ ഐക്യത്തെപ്പറ്റി ചർച്ച നടക്കുമ്പോൾ എൻ.എസ്സ്.എസ്സ്., വെള്ളാപ്പള്ളി നടേശനെക്കൊണ്ട് ക്രിസ്ത്യാനികൾക്കും മുസ്ലിംങ്ങൾക്കും എതിരായി പ്രസ്താവന പുറപ്പെടുവിപ്പിക്കുകയാണ്. ഹിന്ദുമഹാമണ്ഡലത്തിന്റെ ചരിത്രം ആവർത്തിക്കുന്നുവെന്നേ പറയാനുള്ളു.

എങ്ങിനെയെങ്കിലും രാഷ്ട്രീയാധികാരം പിടിച്ചെടുക്കാനാണ് നായരീഴവമുദ്രാവാക്യവുമായി രംഗത്തുവന്നിരിക്കുന്നത്. വെള്ളാപ്പള്ളിയെക്കൊണ്ട്

മറ്റിതരസുദായങ്ങളെ അസഭ്യം പറയിപ്പിക്കാനാണ് നാരായണപണിക്കരുടെ നീക്കം.

## അവതാരിക -അഡ്വ. എം.ജി. മാത്യു എം.എ., എൽ.എൽ.ബി.

മാനവരാശിയെ ഏക കുടുംബമായി കരുതി സ്നേഹിക്കുന്ന, വിചാരപ്പെടുന്ന, ഏതാനും പേരെങ്കിലും നമ്മുടെ സമൂഹങ്ങളിൽ ഉണ്ട്. അവരിൽ ഒരാളാണ് ബഹുമാനപ്പെട്ട ജോൺ കച്ചിറമറ്റം. അദ്ദേഹത്തെ എനിക്ക് മുൻപരിചയമില്ല. 'നായർ ഈഴവ ഐക്യം' എന്ന പുസ്തകത്തിന്റെ കോപ്പിയുമായി അദ്ദേഹം എന്റെ മുൻപിൽ വന്നപ്പോൾ ഇപ്പോഴത്തെ പൊതുജനങ്ങളിൽ നിന്ന് അല്പം വ്യത്യസ്തനായ ഒരു വ്യക്തിയെ എനിക്ക് കാണാൻ കഴിഞ്ഞു. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ആശയം സ്വായത്തമാക്കിയ ഒരാൾ. 'നായർ ഈഴവ ഐക്യം' എന്ന വിഷയത്തെക്കുറിച്ച് സമയമെടുത്ത് പഠിച്ച്, ചിന്തിച്ച് തയ്യാറാക്കിയ പുസ്തകം. ഇത് എല്ലാവരും വാങ്ങി വായിക്കണമെന്നാണ് എന്റെ ആഗ്രഹം.

സവർണ്ണരുടെ ദൃഷ്ടിയിൽ മ്ലേച്ഛജാതികളിൽപെട്ട ഒരു വിഭാഗമാണ് ഈഴവർ. അവരോടൊപ്പമുള്ള മ്ലേച്ഛ ജാതികളാണ് പറയൻ, പുലയൻ, വെളുത്തേടൻ, മറവൻ, കുറവൻ ഇത്യാദി. ഈഴവർ സംബന്ധം പുലർത്തേണ്ടത് ഈ അവർണ്ണ വർഗ്ഗത്തോടാണ്, അവരെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്ന ശൂദ്രരോടല്ല. നായർ ഈഴവ സഖ്യം ഒരു അവിഹിത ബന്ധമാണ്. അവർണ്ണ വിഭാഗത്തിൽപെട്ട അനേകരോടല്ലയോ ഈഴവർ മമത പുലർത്തേണ്ടത്? പക്ഷെ, എന്തുകൊണ്ട് ഈഴവരിലെ ഒരുവിഭാഗം എൻ.എസ്.എസിനോട് കൂട്ടുകൂടാൻ ശ്രമിക്കുന്നു? ഇതിലെ പന്തികേട് മനസ്സിലാക്കുവാൻ ബഹുമാനപ്പെട്ട ജോൺ കച്ചിറമറ്റത്തിന്റെ 'നായർ ഈഴവ ഐക്യം' എന്ന രചനവായിച്ചിരിക്കേണ്ടതാണ്. ഇന്ത്യൻ സമൂഹത്തോട് സ്നേഹമോ പ്രതിബദ്ധതയോ ഉള്ളവർ പിൽക്കാല ചരിത്രമറിയേണ്ടതിന് ഈ പുസ്തകം വാങ്ങുകയും മറ്റുള്ളവർക്ക് വിതരണം ചെയ്യുകയും വേണം. ചരിത്ര സത്യങ്ങൾ മനസ്സിലാക്കി തിരുത്തേണ്ടവതിരുത്തുവാൻ ഈ വിധകൃതികൾ എല്ലാവരും, പ്രത്യേകിച്ച് യുവജനങ്ങൾ, വായിച്ച് അറിഞ്ഞിരിയ്ക്കേണ്ടതാണ്. ഇരുപത്തി ഒന്ന് ചെറിയ അദ്ധ്യായങ്ങളിലായി കേരളത്തിന്റെ സാമൂഹ്യ നിലവാരത്തെ വിലയിരുത്തുവാൻ വായനക്കാരെ പ്രാപ്തന്മാരാക്കത്തക്കവണ്ണം ലളിതമായി പ്രധാന പ്രശ്നങ്ങളെ വിവരിച്ചു തരുവാൻ ശ്രീ. ജോൺ കച്ചിറമറ്റത്തിനു സാധിച്ചിരിക്കുന്നു. സമൂഹത്തിന്റെ ഉദ്ധാരണത്തിനും ഉന്നമനത്തിനും ഉതകുന്ന ചിന്തകൾ ഒട്ടും മറച്ചുവയ്ക്കാതെ വെളിച്ചത്തു കൊണ്ടുവരുന്നതിന് ഗ്രന്ഥകാരനെ ദൈവം കരങ്ങളിലെടുത്തു ഉപയോഗിക്കട്ടെ.

(പ്രസിദ്ധീകരണം 14.04.2006)

# 40. പാപ്പായുടെ നാട്ടിൽ

1989-ൽ അമേരിക്കൻ ഐക്യനാടുകൾ സന്ദർശിക്കാനുള്ള ക്ഷണം എനിക്കു ലഭിച്ചു. അമേരിക്കൻ യാത്ര റോമിൽക്കൂടിയാകട്ടെയെന്ന് തീരുമാനിച്ചു. ലോക ധാർമ്മികസാമ്രാട്ടായ മാർപാപ്പായുടെ ആസ്ഥാനംസന്ദർശിക്കുന്നത് ഒരു ഭാഗ്യമായി കണക്കാക്കുകയും ചെയ്തു. എന്റെ പിതൃസഹോദരൻ മോൺ ജോൺ കച്ചിറമറ്റം റോമിലാണ് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയത്. അന്ന് റോമിൽ നിന്നും വീട്ടിലേക്കെഴുതിയ കത്തുകൾ ഞങ്ങളുടെ തറവാട് വീട്ടിൽ സൂക്ഷിച്ചുവച്ചിരുന്നു. ആ കത്തുകൾ വായിച്ച് റോമിനെപ്പറ്റി കുറെ വിവരങ്ങൾ മനസ്സിലാക്കുവാൻ സാധിച്ചു.

റോമിനെപ്പററികൂടുതൽ അറിയണം, അവിടെ കാണേണ്ട സ്ഥലങ്ങളെപ്പററി ഒരു ധാരണയുമുണ്ടാകണം എന്നു കരുതി ഇതര റോമൻ സഞ്ചാരികളുടെ യാത്രാവിവരണ ഗ്രന്ഥങ്ങൾ പലതും വാങ്ങി വായിച്ചു നോക്കി. അവിടെ കണ്ട കാര്യങ്ങൾ ചിലരൊക്കെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റോമിനെപ്പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ ആ ഗ്രന്ഥങ്ങളിൽ നിന്നും ലഭിച്ചില്ല. റോമിൽ ചെന്നാൽ കാണേണ്ട സ്ഥലങ്ങളെപ്പറ്റിയും സ്ഥാപനങ്ങളെപ്പററിയും എന്റെ സഹോദരൻ ജോസ് എന്നെ എഴുതി അറിയിച്ചിരുന്നു. ആ വിവരങ്ങളാണ് എനിക്ക് ഏറെ സഹായകമായത്.

ഫാ. ജോർജ്ജ് കൂവയ്ക്കലും, ശ്രീ കോശി പാറപ്പാട്ടം, ഫാ. സോണി പുളിയ്ക്കനും ജോസ് തന്ന വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് എന്റെ യാത്ര ക്രമീകരിച്ചത്. ഞാൻ റോമിൽ കണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു യാത്രാ വിവരണം തയ്യാറാക്കണമെന്നും എനിക്ക് ഉദ്ദേശമുണ്ടായിരുന്നു. കണ്ടവ മാത്രം ഉൾപ്പെടുത്തി ഒരു യാത്രാവിവരണം തയ്യാറാക്കിയാൽ റോമിനെപ്പററിയുള്ള സമ്പൂർണ്ണ വിവരങ്ങൾ അതിലുണ്ടാവുകയില്ലെന്ന് എനിക്കു ബോദ്ധ്യം വന്നു. ഒരു ഉദാഹരണം പറയാം. റോമിൽ ചെല്ലുന്നവരെ ഇന്ന് ഏററവും ആകർഷിക്കുന്നത് കൊളോസ്യമാണ്. ഇന്ന് കൊളോസ്യം കാണാൻ എത്തുന്നവർക്ക് കൊളോസ്യത്തിന്റെ വൃത്താകൃതിയിലുള്ള പൊട്ടിപ്പൊളിഞ്ഞ ചുവന്ന പുറം മതിൽ വളരെ അകലെനിന്നേ കാണുവാൻ സാധിക്കും. നൂററാണ്ടുകൾക്കു മുൻപ് നിർമ്മിച്ച കൊളോസിയത്തിന്റെ അനേകം ഭാഗങ്ങൾ തകർന്നടിഞ്ഞു കിടക്കുന്നു. ഇത്രയും കാര്യങ്ങൾ എഴുതിയാൽ യാത്രാവിവരണമായി. പക്ഷേ കൊളോസിയത്തെപ്പററി അറിയേണ്ട പല കാര്യങ്ങളും ഉണ്ട്. കൊളോസ്യം ആരു സ്ഥാപിച്ചു? അതിന്റെ ചരിത്രം എവിടെയാരംഭിക്കുന്നു? അതിന്റെ നിർമ്മാണം എങ്ങിനെ? കാണികളെ ആകർഷിക്കാനായി നടത്തിയിരുന്ന ക്രൂരവിനോദങ്ങൾ, ദ്വന്ദ്വയുദ്ധങ്ങൾ, അവിടെ നടന്നിരുന്ന ചരിത്ര പ്രധാനമായ

നാവിക പരിശീലനങ്ങൾ, ഇവയെല്ലാംകൂട്ടിച്ചേർത്ത് എഴുതിയെങ്കിൽ മാത്രമേ എന്റെ യാത്രാവിവരണം കൊണ്ട് വായനക്കാർക്ക് പ്രയോജനമുണ്ടാവുകയുള്ളു വെന്ന് എനിക്കു ബോദ്ധ്യം വന്നു. ഈ യാത്രാവിവരണഗ്രന്ഥം ഭാവിയിൽ റോം സന്ദർശിക്കുന്നവർക്ക് ഒരു റഫറൻസ് ഗ്രന്ഥമായിരിക്കണമെന്നുള്ള ആഗ്രഹമാണ് റോമിൽ കണ്ടതും കാണാത്തതുമായ കാര്യങ്ങൾ കൂട്ടിച്ചേർത്ത് ഒരു ഗ്രന്ഥം രചിക്കാൻ എന്നെ പ്രേരിപ്പിച്ചത്. റോമിൽ പോകാൻ സാധിക്കാത്ത മലയാളികൾക്ക് ഈ ഗ്രന്ഥം കൊണ്ട് പ്രയോജനമുണ്ടാകണം. ചുരുക്കത്തിൽ ഇതൊരുയാത്രാവിവരണഗ്രന്ഥം എന്നു പറയാം.

## അവതാരിക- ഫാ. ജേക്കബ്ബ് തെക്കേപ്പറമ്പിൽ

കത്തോലിക്കാലോകത്തിന്റെ തലസ്ഥാനമായ റോമിലേക്കുള്ള തന്റെ തീർത്ഥയാത്രാസ്മരണകളാണ് ഇതിലദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. റോമായാത്രയെപ്പററി പലരും പുസ്തകങ്ങളെഴുതിയിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാനപ്പുസ്തകം തന്നെ ഒരു റോമാ യാത്രയുടെ വിവരണമാണല്ലോ.. ക്രൈസ്തവസമുദായ ചരിത്രത്തിലെ ഒരു അമൂല്യ നിധിയായി കരുതപ്പെടുന്ന വർത്തമാനപ്പുസ്തകം ഭൂമിശാസ്ത്രം സഭാചരിത്രം കഥാകഥനവൈഭവം പാത്രചിത്രീകരണം മുതലായ നിരവധി സവശേഷതകളാൽ ഒരു ക്ലാസ്സിക്കൽ കൃതിയുടെ സ്ഥാനത്തേക്കുയർന്നിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ഗദ്യഗ്രന്ഥവും കൂടിയാണത്. പരുമലത്തിരുമേനിയുടെ ഊർശലേം യാത്രയാണ് ആദ്യം അച്ചടിക്കപ്പെട്ട യാത്രാവിവരണമെന്നു പറയാമെങ്കിലും രചനയുടെ കാലഘട്ടവും ഇതരസവിശേഷതകളും മുൻനിർത്തി പ്രഥമസ്ഥാനം നൽകപ്പെടേണ്ട കൃതി വർത്തമാനപ്പുസ്തകം തന്നെയാണ്.

ശ്രീ. കച്ചിറമററത്തിന്റെ യാത്രാവിവരണം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. കേരളസഭാചരിത്രവുമായുള്ള ബന്ധമോ ഇതരസാഹിത്യ ഗുണങ്ങളോ അല്ല ഈ ഗ്രന്ഥത്തെ കൂടുതൽ ശ്രദ്ധേയമാക്കുന്നത്. റോമയുടെ ചരിത്രത്തിനുനേരെ പിടിച്ച ഒരു കണ്ണാടിയാണ് പാപ്പായുടെ നാട്ടിൽ എന്ന ഗ്രന്ഥം. താൻ സന്ദർശിച്ച ഓരോ സ്ഥലത്തിന്റെയും സ്ഥാപനത്തിന്റെയും, നഷ്ടാവശിഷ്ടങ്ങളുടെയും ചരിത്രപരമായ പശ്ചാത്തലവും പ്രാധാന്യവും തേടിപ്പിടിച്ചുവിവരിക്കുന്ന ഗ്രന്ഥം വായനക്കാരന് ചരിത്രത്തിലേക്കുള്ള ഒരു തീർത്ഥയാത്രയുടെ അനുഭവം കൂടി ഉളവാക്കുന്നു. റോമിലെത്തുന്ന ഒരു സഞ്ചാരി അവശ്യം കണ്ടിരിക്കേണ്ട സ്ഥലങ്ങളേതൊക്കെയാണെന്നും, അവയുടെ സഭാപരവും ചരിത്രപരവുമായ പ്രാധാന്യമെന്തെന്നും ആധികാരികരേഖകളുടെ സഹായത്തോടെ വെളിപ്പെടുത്തുന്ന ഈ ഗ്രന്ഥം തീർത്ഥാടകർക്കുള്ള ഒരു ഉത്തമഗൈഡാണെന്നുകൂടി പറയാം.

റഫറൻസുഗ്രന്ഥങ്ങളുടെ ദൗർലഭ്യവും ഇതരപരിമിതികളും കൊണ്ട്

കണ്ടതിനെയും കാണേണ്ടതിനെയും കുറിച്ചെല്ലാം പറയേണ്ടതൊക്കെപ്പറയാൻ തനിക്കു കഴിഞ്ഞിട്ടില്ലല്ലോ എന്നു ഗ്രന്ഥകാരൻ കുണ്ഠിതപ്പെടുന്നുണ്ട്. എന്നാൽ മലയാളികളായ വായനക്കാർക്ക് തീർത്തും അലഭ്യമായ പല അറിവുകളും അവരുടെ കയ്യിലെത്തിച്ചുകൊടുത്തു എന്നു തീർച്ചയായും ഗ്രന്ഥകാരന് അവകാശപ്പെടാം. പൊളിഞ്ഞമതിലിന്റെ കഷണങ്ങളും കാടുകയറിയ അങ്കണവുമായവശേഷിക്കുന്ന കൊളോസിയത്തിന്റെ പൂർവ്വചരിത്രം വിവരിക്കുന്നതുതന്നെ ഉദാഹരണമാണ്.

വെൺകുളിർ കല്ലാൽത്തീർത്ത റോമിലെഗ്ഗംഭീരമാ-
മങ്കശാലയിലിപ്പോൾ കുറുക്കൻ കൂത്താടുന്നു

എന്ന വൈലോപ്പള്ളിയുടെ വരികൾ വായിക്കുമ്പോൾ ആ മല്ലയുദ്ധക്കളത്തിന്റെ അന്നത്തെ പ്രതാപവും ഇന്നത്തെ ദയനീയസ്ഥിതിയും തമ്മിൽ അവശ്വസനീയമായ വിടവുണ്ടാക്കിയ ചരിത്രത്തിന്റെ വികൃതികളെപ്പററി അറിയാൻ തീർച്ചയായും ഏതൊരു കേരളീയ സഹൃദയനും ആഗ്രഹമുണ്ടാകും. ആ ആഗ്രഹമാണ് ശ്രീ. കച്ചിറമററം സഫലമാക്കിക്കൊടുത്തിരിക്കുന്നത്. റോമിലെ ഭൂഗർഭഗൃഹങ്ങളെക്കുറിച്ചും വിശ്രുത ദേവാലയങ്ങളെക്കുറിച്ചുമൊക്കെ ഇതു തന്നെ പറയാം. റോമിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തുവാനേ എനിക്കു കഴിഞ്ഞിട്ടുള്ളു. അതിനുമുമ്പ് ഇതുപോലൊരു ഗ്രന്ഥം കൈയിൽ കിട്ടിയിരുന്നെങ്കിൽ എന്നു ഞാനാശിച്ചു പോകുകയാണ്.

ഒരു സാമുദായികസംഘടനാ പ്രവർത്തകനായി അറിയപ്പെടുന്ന ശ്രീ. ജോൺ കച്ചിറമററം എന്ന അദ്ധ്യാപകൻ തന്റെ തിരക്കേറിയ ജീവിതത്തിനിടയിൽ ശാശ്വതമൂല്യമുള്ള നിരവധി ഗ്രന്ഥങ്ങൾ ഒന്നിനുപിമ്പേ മറ്റൊന്നായി ഭാഷയ്ക്കു സംഭാവനചെയ്യുന്നതു കാണുമ്പോൾ അദ്ദേഹത്തിന്റെ പ്രയത്നശീലത്തെ ആരാണഭിനന്ദിക്കാതിരിക്കുക? സാമുദായിക പ്രവർത്തനത്തിന്റെ ജലരേഖകൾ മാഞ്ഞുപോകും. ഇത്തരം ഗ്രന്ഥങ്ങൾ ശിലാരേഖകളായി അവശേഷിക്കുകയും ചെയ്യും. ശ്രീ. ജോൺ കച്ചിറമററം താല്ക്കാലിക യശസ്സോ ലാഭമോ കിട്ടാനില്ലാത്ത വ്യയഹേതുകമായിത്തീരാവുന്ന ഇത്തരം ഗ്രന്ഥങ്ങളുടെ രചനയിലേക്കു തന്റെ ശിഷ്ടായുസ്സു നീക്കിവച്ചുകാണുവാനാണ് ഞാനാഗ്രഹിക്കുന്നത്. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും ഞാൻ സർവ്വവിജയങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു."

(പ്രസിദ്ധീകരണം 12.06.2004)

# 41. അണികളെ ആവശ്യമുണ്ട്

ഈ ഗ്രന്ഥത്തിലെ പ്രഥമ ലേഖനം വിപ്ലവത്തിനൊരുങ്ങുകയെന്നതാണ് 1914-ൽ ഗദർ എന്ന പ്രസദ്ധീകരണത്തിന്റെ മുൻപേജിൽ ലാലാഹർദയൻ വളരെ ശ്രദ്ധേയമായ ഒരു പരസ്യം കൊടുത്തു, അത് ഇതാണ്. ഇന്ത്യയിൽ വിപ്ലവം ഉത്തേജിപ്പിക്കുന്നതിന് ധീരരായ യുവജനങ്ങളെ ആവശ്യമുണ്ട്. ശമ്പളം.... മരണം, സമ്മാനം....രക്തസാക്ഷിത്വം, പെൻഷൻ....സ്വാതന്ത്ര്യം, യുദ്ധഭൂമി.... ഇന്ത്യാ. ഈ പരസ്യം നിരർത്ഥകമായില്ല. ഒരുപാട് യുവാക്കൾ മരണമെന്ന ശമ്പളം വാങ്ങാൻ തയ്യാറായി മുന്നോട്ടു വന്നു. തുടർന്നുള്ള ലേഖനങ്ങളെല്ലാം ആദർശപ്രേരിതമാണ്. രാജ്യത്ത് നടമാടുന്ന അനീതിക്കും അധർമ്മത്തിനും ഭരണാധികാരികളുടെ സ്വാർത്ഥതകൾക്കുമെതിരെ വിപ്ലവത്തിന് സമയ മായിയെന്ന പ്രഖ്യാപനമാണ് മറ്റൊരു ലേഖനം. ഇന്ന് ഉദ്യോഗസ്ഥ മേധാ വിത്വം നടമാടുകയാണ്. ശമ്പളവർദ്ധനവും ആനുകൂല്യങ്ങളും വർദ്ധിപ്പി ക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ശ്രമിക്കുകയാണ്. സാധാരണ ക്കാരുടെ വിഷയത്തിൽ അവരാരും ശ്രദ്ധിക്കാറില്ല. ഇ സാഹചര്യത്തിൽ ശമ്പളം വെട്ടിക്കുറയ്ക്കുക മാത്രമാണ് ഏക ആശ്രയം.

ഒരു മുന്നണി വിട്ട് മറ്റൊരു മുന്നണിയിലും പാർട്ടിയിലും ചേരുന്നവർക്ക് ചുരുങ്ങിയത് 10 വർഷത്തേക്കെങ്കിലും ജനപ്രതിനിധിസഭയിലേക്ക് മത്സരിക്കുവാൻ ഒരു പാർട്ടിയും സ്വാനാർത്ഥിത്വം നൽകാൻ പാടില്ലന്നാണ് മറ്റൊരു ലേഖനത്തിലെ പ്രതിപാദ്യം. മറ്റൊരു ലേഖനത്തിൽ പറയുന്നു. ആധുനിക ഇറ്റലിയുടെ സ്ഥാപകനായ ഗാർബാൾഡിയുടെ ദുഃഖമായിരിക്കണം നമ്മുടെയും ദുഃഖം എന്നോടൊപ്പം യുദ്ധം ചെയ്തു വീരചരമം പ്രാപിച്ച അനേകരുടെ ഓർമ്മനിലനിർത്തുവാൻ ഒരു കല്ലുപോലും എടുത്തുവയ്ക്കാൻ സാധിച്ചില്ലെന്ന ദുഃഖം എന്നെ വേട്ടയാടുകയാണ്. വിസ്മരിക്കപ്പെടുന്ന വ്യക്തികളെയും സംഭവങ്ങളെയും പുതിയ തലമുറയ്ക്കു മുൻപിൽ അവത രിപ്പിക്കുവാൻ നാം പരിശ്രമിക്കുന്നില്ലെങ്കിൽ അത് കുറ്റകരമായ അനാ സ്ഥയാണെന്ന് മറ്റൊരു ലേഖനത്തിൽ പറയുന്നു.

പൊതു പ്രവർത്തനത്തിലെ മൂല്യച്യുതിക്കെതിരെയുള്ള പോരാട്ടമാണ് ഈ പുസ്തകത്തിൽ ആദ്യന്തം കാണുക.

ഇന്നത്തെ പൊതുപ്രവർത്തകരിൽ വർദ്ധിച്ചുവരുന്ന മൂല്യച്യുതിയും മുന്നണിമാറ്റവും പാർട്ടിമാറ്റവും അവസരവാദപരമാണ്. ഇതിനെതിരെ ജനങ്ങളെ അണിനിരത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം രചിച്ചത്.

(പ്രസിദ്ധീകരണം 01.06.2014)

# 42. അൽമായരും കാലിക പ്രശ്നങ്ങളും

സെന്റ് തോമസിനാൽ സ്ഥാപിതമായ ഒരു ക്രൈസ്തവ സമൂഹമാണ് സീറോ മലബാർ സഭ. ആഴമായ വിശ്വാസവും തീവ്രമായ സഭാസ്നേഹവും ഈ സഭയെ ചൈതന്യ ധന്യമാക്കി. വിശുദ്ധതോമ്മാശ്ലീഹാ വളർത്തിയെടുത്ത സഭാ ജീവിതശൈലിയെ തോമ്മായുടെ മാർഗ്ഗമെന്നാണ് നമ്മുടെ പൂർവ്വികർ വിശേഷിപ്പിച്ചത്. ഈ മാർഗ്ഗമാണ് നമ്മുടെ സഭാ ജീവിതത്തിന് ചുക്കാൻ പിടിച്ചത്.

സീറോ-മലബാർ സഭയിലെ അൽമായ പങ്കാളിത്തം എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷവും നമ്മുടെ പഴയ ഉറവിടങ്ങളിലേക്കുള്ള യാത്ര വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. ഈ സത്യം ജനങ്ങളെ ഓർമ്മപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് "അല്മായരും കാലിക പ്രശ്നങ്ങളും" എന്ന ഗ്രന്ഥം രചിച്ചത്. ഞാൻ കേരളത്തിലും കേരളത്തിനു വെളിയിലും അവതരിപ്പിച്ച പ്രബന്ധങ്ങളും വിവിധ പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങളുമാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സീറോ-മലബാർ സഭയിലെ അൽമായ പങ്കാളിത്തം, പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും, എന്തായിരുന്നുവെന്ന് ഈ തലമുറയെ പഠിപ്പിക്കണമെന്നും, സഭയിലെ അച്ചടക്കം തകർക്കാനും വി. കുരിശിനോടുള്ള ആദരവ് ഇല്ലാതാക്കാനുമുള്ള ചില ഗൂഢശക്തികളുടെ നീക്കങ്ങളെ പരാജയപ്പെടുത്തണമെന്നും ഞാൻ ആഗ്രഹിച്ചിരുന്നു. അതു സംബന്ധമാ.യ പ്രബന്ധങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്.

ക്രിസ്തു ലോകത്തിലേക്കു വന്നത് ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാനും ബന്ധിതർക്ക് മോചനം നൽകുവാനും അടിച്ചമർത്തപ്പെട്ടവർക്ക് സ്വീകാര്യമായവത്സരം പ്രഖ്യാപിക്കുവാനും വേണ്ടിയായിരുന്നു. അതേ ലക്ഷ്യത്തോടെയാണ് ക്രൈസ്തവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഭാരതത്തിലെ നല്ലൊരു വിഭാഗം ജനങ്ങൾക്കും എഴുത്തും വായനയും അറിയില്ല. കോടിക്കണക്കിനാളുകൾ അടിമത്വത്തിൽ കഴിയുന്നു. ചൂഷണത്തിന് വിധേയരാകുന്നു, അവരുടെയിടയിൽ നല്ല വാർത്ത-സുവിശേഷം-എത്തിക്കുക എന്നതു മാത്രമാണ് ക്രൈസ്തവധർമ്മം. ഭാരതത്തിലെ എല്ലാ ജനതകളും ബന്ധനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും മോചിതരാകണമെന്ന് മാത്രമാണ് ക്രൈസ്തവരുടെ ആഗ്രഹം. മതപരിവർത്തനം ലക്ഷ്യമാക്കിയല്ല ഈ വക പ്രവർത്തനങ്ങൾക്ക് ക്രൈസ്തവർ നേതൃത്വം കൊടുക്കുന്നത്.

കാലിക പ്രശ്നങ്ങളെപ്പറ്റിയുള്ള ലേഖനങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. ആർ.എസ്സ്.എസ്സ്. ക്രൈസ്തവ ചർച്ച, തമിഴ്നാട്ടിലെ മതപരിവർത്തന നിയമം, വിശാല ഹിന്ദുമുന്നണിയുടെ നീക്കങ്ങൾ, ഭാരതത്തിലെ മുസ്ലിം സഹോദരങ്ങളുടെ നിലപാട്, മാർക്സിസ്റ്റ് പാർട്ടിയുടെ വിളനശിപ്പിക്കൽ സമരം തുടങ്ങിയവയെപ്പറ്റിയെല്ലാമുള്ള എന്റെ വിലയിരുത്തലുകളും ഈ ഗ്രന്ഥത്തിൽ ഉണ്ട്. ക്രൈസ്തവ യുവാക്കൾ സത്യം ഗ്രഹിച്ചു പ്രവർത്തിക്കുവാൻ ഈ ഗ്രന്ഥം സഹായകമാകുമെന്നാണ് എന്റെ അഭിപ്രായം.

ഇന്ന് കേരളം ഭരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ്. ഇവരെ അധികാരത്തിലേറ്റുന്നതിൽ അറിഞ്ഞോ അറിയാതെയോ ക്രൈസ്തവനേതൃത്വം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. അതിനെപ്പറ്റി ഒരു കുറ്റ വിചാരണ നടത്തി, 2004-ൽ ഞാൻ എഴുതിയ ലേഖനം ഒട്ടേറെ വിമർശനങ്ങൾക്കിട നൽകിയിട്ടുണ്ട്. എങ്കിലും ഒരു കുറ്റബോധം നമ്മൾക്കുണ്ടായിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്. ആ ലേഖനം വായിച്ച് നിഷ്പക്ഷമായ ഒരു വിലയിരുത്തൽ നടത്തണമെന്നാണ് ക്രൈസ്തവരോട് എന്റെ അഭ്യർത്ഥന.

കേരള കത്തോലിക്കരുടെ ഒരു പൊതു സമുദായ സംഘടനയായിരുന്നു അഖില കേരളകത്തോലിക്കാ കോൺഗ്രസ്സ്. അഭിവന്ദ്യപിതാക്കന്മാരുടെ നിർബന്ധത്തിന് വഴങ്ങി കത്തോലിക്കാ കോൺഗ്രസ്സിനെ സീറോ-മലബാർ സഭയുടേതാക്കി തീർത്തു. സമുദായ സംഘടന ശക്തിപ്പെടാത്തതിന്റെ കാര്യകാരണങ്ങളിലേക്ക് വിരൽ ചൂണ്ടി കൊണ്ട് ഞാൻ എഴുതിയ ലേഖനം ഇന്നും കാലികപ്രസക്തിയുള്ളതാണ്. സഭാ നേതൃത്വത്തിന്റെയും അൽമായ സഹോദരങ്ങളുടെയും ശ്രദ്ധ ഈ ലേഖനത്തിലേക്ക് തിരിയണം.

ക്രൈസ്തവർ ഈ നാടിന്റെയും ഈ നാട്ടിലെ ജനങ്ങളുടെയും പുരോഗതിക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ അവിസ്മരണീയങ്ങളാണ്. അത് അംഗീകരിച്ചിരുന്ന ഒരു തലമുറയുണ്ടായിരുന്നു. ഇന്ന് അതെല്ലാം മാറി. കത്തോലിക്കർ ഏറ്റം വലിയ പിന്തിരിപ്പന്മാരാണെന്ന പ്രചരണം ശക്തമായിരിക്കുന്നു. സത്യം ജനങ്ങളെ ഗ്രഹിപ്പിക്കണം.

എന്റെ പുസ്തകത്തിലെ ഒരു ലേഖനം അതേപടി ഒരു അൽമായ നേതാവ് ഒരു കത്തോലിക്ക പ്രസദ്ധീകരണത്തിൽ തന്റേതായി അവതരിപ്പിച്ചു. എന്റെ ലേഖനത്തിൽ പ്രമുഖദൈവശാസ്ത്രജ്ഞനായ കെ.റ്റി.സെബാസ്റ്റ്യന്റെ ലേഖനത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചിരുന്നു. ആ ഉദ്ധരണികളും തന്റേതാക്കിമാറ്റിയാണ് അൽമായ നേതാവ് പ്രസദ്ധീകരിച്ചത്. ഈ നടപടികൾക്കെതിരെ ഒരു വക്കീൽ നോട്ടിസെങ്കിലും അയയ്ക്കണമെന്ന് എന്നോട് പലരും അഭിപ്രായപ്പെട്ടു. ഞാൻ അതിന് തയ്യാറായില്ല. ഒരു അൽമായ നേതാവിനെ ആക്ഷേപിക്കരുതല്ലോയെന്ന് കരുതിയാണ് ഞാൻ വക്കീൽ നോട്ടിസ് കൊടുക്കാത്തത്. ഈ കോപ്പിയടി അറിഞ്ഞില്ലെന്ന ഭാവത്തിലാണ് ആ സമുദായനേതാവ് ഇപ്പോഴും കഴിഞ്ഞുകൂടുന്നത്.

(പ്രസിദ്ധീകരണം 14.10.2008)

# 43. പ്രസിഡണ്ടിന്റെ കത്തുകൾ

കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡന്റ് എന്ന നിലയിൽ എന്റെ സഹപ്രവർത്തകർക്ക് എ.കെ.സി.സി. ബുള്ളറ്റിനിലൂടെ എഴുതിയ ഏതാനും കത്തുകളാണ് ഇതിന്റെ ഉള്ളടക്കം. സമകാലീന പ്രശ്നങ്ങളെപ്പറ്റി വിലയിരുത്തിയും സംഘടനപ്രവർത്തകരെയും കുടുംബജീവിതക്കാരെയും ബന്ധപ്പെടുത്തിയും കത്തോലിക്ക കോൺഗ്രസ്സ് പ്രവർത്തകർക്കെഴുതിയ ഈ കത്തുകളിലൂടെ ചില ചിതറിയചിന്തകളാണ് ഞാൻ അവതരിപ്പിക്കുന്നത്. പാലാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ദൈവശാസ്ത്രകോഴ്സിന്റെ ബിരുദം നൽകികൊണ്ട് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഇപ്രകാരം പ്രസ്താവിച്ചു. "കത്തോലിക്ക കോൺഗ്രസ്സ് ബുള്ളറ്റിനിൽ ജോൺ കച്ചിറമറ്റം എഴുതികൊണ്ടിരിക്കുന്ന പ്രസിഡണ്ടിന്റെ കത്തുകൾ വളരെയധികം ശ്രദ്ധാർഹമാണ്. അതിൽ ധാരാളം ദൈവശാസ്ത്രചിന്തകൾ അടങ്ങിയിട്ടുണ്ട്."

## അവതാരിക- പ്രൊഫ. മാത്യു ഉലകംതറ

ശ്രീ. ജോൺ കച്ചിറമററം അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരിക്കെ എ.കെ.സി.സി. ബുള്ളറ്റിൻ വഴി സംഘടനാംഗങ്ങൾക്കയച്ച കത്തുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. കേരളത്തിൽ ഒരു സംഘടനാ പ്രസിഡണ്ടും ഇത്തരം കത്തുകൾ തുടരെ എഴുതിക്കൊണ്ടിരിക്കുന്നതായോ സമാഹരിച്ചു പുസ്തകമാക്കിയതായോ അറിവില്ല. അങ്ങനെയൊരു അനന്യാദൃശത്വം ഈ കത്തുകൾക്കുണ്ട്. മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി, കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ മുതലായ കത്തോലിക്കാസഭാദ്ധ്യക്ഷന്മാർ കുട്ടികൾക്കയച്ച ഉപദേശരൂപത്തിലുള്ള കത്തുകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ട്. ചില രൂപതാദ്ധ്യക്ഷന്മാരുടെ ഇടയലേഖനങ്ങളും പുസ്തകരൂപത്തിലാക്കിയിട്ടുണ്ട്. ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ കുട്ടികൾക്കുവേണ്ടി ഇത്തരം കത്തുകളെഴുതുന്നുണ്ടെങ്കിലും ഇതുവരെ പുസ്തകരൂപത്തിലാക്കിയിട്ടില്ല. ഇടയലേഖനങ്ങളും മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങളും വിശ്വാസികൾക്കുള്ള കത്തുകളുടെ രൂപത്തിൽത്തന്നെയാണ് എഴുതപ്പെടുന്നത്. അവയുടെ മൂലരൂപം തേടിപ്പോകുമ്പോൾ വിശുദ്ധപൗലോസ് റോമക്കാർക്കും, കൊറിന്ത്യർക്കും, കൊളോസിയർക്കും, തിമോത്തിക്കും, തിത്തൂസിനുമൊക്കെ എഴുതിയ കത്തുകളിൽ നാം ചെന്നെത്തും. ആദ്ധ്യാത്മികമോ ദൈവശാസ്ത്രപരമോ ആയ പ്രാധാന്യംകൊണ്ട് അവയിൽ പലതും ലോകചരിത്രത്തിൽത്തന്നെ സ്ഥാനം പിടിച്ചു കഴിഞ്ഞു. അവയോടൊന്നും താരതമ്യം ചെയ്യാനാവില്ലെങ്കിലും ശ്രീ. ജോൺ

കച്ചിറമററത്തിന്റെ കത്തുകൾക്കും കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ - കത്തോലിക്കാ സമുദായത്തിന്റെ ചരിത്രത്തിൽ - ചില പ്രാധാന്യങ്ങളുണ്ട്.

പുസ്തകം വായനക്കാരന്റെ കൈയിലിരിക്കുമ്പോൾ അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് അവതാരകൻ അധികം പ്രസംഗിക്കേണ്ട ആവശ്യമില്ല. സമകാലിക സംഭവങ്ങളുടെ രേഖകളെന്ന നിലയ്ക്കാണ് ചിലകത്തുകൾ ശ്രദ്ധാർഹമാകുന്നത്. സംഘടനാപ്രവർത്തകർക്കാവശ്യമായ നേതൃഗുണങ്ങളെക്കുറിച്ചുള്ള സ്റ്റഡിക്ലാസ്സുപോലെ ചിലതുപ്രത്യക്ഷപ്പെടുന്നു. പൂർവ്വസൂരികളുടെ വിസ്മൃതസേവനങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു ചിലതെങ്കിൽ അംഗത്വസംഖ്യ വർദ്ധിപ്പിക്കുന്നതിന് ചിട്ടയായ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണു മററുചിലത്. ഇത്തരം കാര്യങ്ങൾ ഏതു സംഘടനാപ്രസിഡണ്ടിൽനിന്നും പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ സ്വഭാവശുദ്ധിയും ധർമ്മനിഷ്ഠയുമുള്ളവരായിരിക്കാൻ ആഹ്വാനം നൽകുന്ന ലേഖനങ്ങൾ സംഘടനാപ്രവർത്തകരോടു മാത്രമുള്ളവയായി കരുതാനാവില്ല. ഒരുപടികൂടി മുന്നോട്ടുകടന്ന് തത്ത്വചിന്തയും ജീവിതനിരീക്ഷണവും പ്രതിഫലിപ്പിക്കുന്ന ചില കത്തുകൾ കത്തോലിക്കാസമുദായ പരിധിയും കടന്ന് സർവ്വജന സ്വീകാര്യമായ ആദർശമേഖലകളിലേയ്ക്കു പ്രവേശിക്കുന്നു. ആദ്ധ്യാത്മികവും ധ്യാനാത്മകവുമായ ചിന്തകൾകൊണ്ട് ദൈവശാസ്ത്രമേഖലയെ സ്പർശിക്കുന്ന ചില കത്തുകളും ഇവയ്ക്കിടയിലുണ്ട്. ഒരു വിശ്വാസാധിഷ്ഠിത സമൂഹത്തിന്റെ നേതൃത്വത്തിന് തികച്ചും അർഹനാണു താനെന്ന് മൂകഭാഷയിൽ വിളിച്ചുപറയുന്നവയാണ് കച്ചിറമററത്തിന്റെ താദൃശരചനകൾ. അങ്ങനെ നോക്കിയാൽ ഭൗതികജീവിത വിജയത്തിന് സഹായകമാകുന്ന ചിന്തകളും ആദ്ധ്യാത്മികാഭിവൃദ്ധിക്കുതകുന്ന നിർദ്ദേശങ്ങളും യഥോചിതം അനുസന്ധാനം ചെയ്തു സ്വാനുഭവത്തിന്റെ ചൂടും ചൂരും കലർത്തി രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം കത്തോലിക്കാ കോൺഗ്രസ്സു പ്രവർത്തകനോ ക്രൈസ്തവമത വിശ്വാസിക്കോ മാത്രമല്ല മൂല്യത്തകർച്ചകൊണ്ടു മനുഷ്യാസ്തിത്വം തന്നെ അർത്ഥരഹിതമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിന്റെ വിമോചനദാഹത്തിൽ ഭാഗഭാക്കാകുന്ന ഏതൊരു മനുഷ്യനും ഒരു പരിധിവരെ പ്രയോജനകരമായനുഭവപ്പെടും. കടന്നുപോയ ഏതാനും സംവത്സരങ്ങളിലെ സാമൂഹിക ജീവിതത്തിന്റെയും സമുദായപ്രശ്നങ്ങളുടെയും മാനുഷികാവസ്ഥകളുടെയും മുന്നിൽ ശ്രീ ജോൺ കച്ചിറമററം എന്ന കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ഉയർത്തിപ്പിടിക്കുന്ന ഈ മുഖക്കണ്ണാടിയെ സസന്തോഷം ഞാൻ അനാച്ഛാദനം ചെയ്തുകൊള്ളുന്നു."

ആദ്യം തുടങ്ങി തുടർച്ചയായി ഈ കത്തുകൾ ഞാൻ എഴുതുകയുണ്ടായി. ഒരിക്കൽ പോലും കത്തുകൾ മുടക്കേണ്ടിവന്നിട്ടില്ല. പലരും ഒന്നുംരണ്ട് കത്തുകളോ തുടർലേഖനങ്ങളോ എഴുതുവാൻ തുടങ്ങിയിട്ട് തുടരുവാൻ സാധിച്ചിട്ടില്ലാത്തതും എനിക്കറിയാം.

(പ്രസിദ്ധീകരണം 10.03.2004)

# 44. വിദ്യാഭ്യാസ സമരം കേരളത്തിൽ

കേരളത്തിൽ വിദ്യാഭ്യാസസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള സമരങ്ങളുടെ നീണ്ട ചരിത്രം പലരും അഭിമാനപൂർവ്വം പറയുന്നത് കേട്ടിട്ടുണ്ട്. സർ സി.പിയുടെ വിദ്യാലയദേശസാൽക്കരണ നീക്കം, പനമ്പള്ളി പദ്ധതി, മുണ്ടശ്ശേരിപദ്ധതി, 1972-ലെ കേരള സർവ്വകലാശാലാനിയമം ഇവയെപ്പറ്റിയെല്ലാം മുതിർന്ന തലമുറ ആവേശത്തോടെ പറയുന്നത് കേൾക്കാം. സ്വാശ്രയം നിയമം കൊണ്ടുവന്നപ്പോഴും പഴയകാലസ്മരണകൾ പുതുക്കി പലരും സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസസമരത്തിന്റെ ഗൗരവം മനസ്സിലാക്കുന്ന വിധത്തിൽ ആർക്കും ഒന്നും അറിയാൻ പാടില്ലായിരുന്നു.

കേരളത്തിൽ നടന്ന ആദ്യത്തെ വിദ്യാഭ്യാസ സമരം തൃശൂർ രൂപതയിലാണ് നടന്നത്. സമരത്തിന്റെ നീണ്ട പട്ടിക നിരത്തുന്നവർക്ക് തൃശൂർ 1933-ൽ നടന്ന വിദ്യാഭ്യാസസമരത്തെപ്പറ്റി ഒന്നും അറിയത്തില്ല. ഇന്ന് തൃശൂർ രൂപതക്കാർക്ക്പോലും അത് അറിയാമെന്ന വിശ്വാസം എനിക്കില്ല. മതപഠനത്തെ നിയന്ത്രിക്കാനും അദ്ധ്യാപകരുടെ ജോലിസ്ഥിരത നഷ്ടപ്പെടുത്താനും മതപഠനത്തെ നിയന്ത്രിക്കാനും കരുതികൂട്ടികൊണ്ടുവന്ന ഒരു പദ്ധതിയായിരുന്നു ചാമ്പ്യൻസ്കീം - അതിനെതിരായി നടന്ന പ്രക്ഷോഭണമാണ് കേരളത്തിൽ നടന്ന ആദ്യവിദ്യാഭ്യാസസമരം. ആ സമരത്തിന്റെ നേതൃത്വം വഹിച്ചത് രാമപുരംകാരനും തൃശൂർ രൂപതയിലെ ഒരു വൈദികനുമായിരുന്ന ബഹു ചെറുനിലത്ത് മത്തായി അച്ചനായിരുന്നു. അന്നു തുടങ്ങിനാളിതുവരെ നടന്ന എല്ലാ വിദ്യാഭ്യാസസമരങ്ങളെയും വിശദീകരിച്ചു ഒരു പുസ്തകം തയ്യാറാക്കണമെന്ന് ഞാൻ ചിന്തിച്ചു. കാളാശ്ശേരി തിരുമേനിയുടെ ഇടയലേഖനം അതേതുടർന്ന് കാളാശ്ശേരിതിരുമേനിയെ അറസ്റ്റുചെയ്യാനുള്ള സർക്കാരിന്റെ ഉത്തരവ്, രണ്ടര ലക്ഷംപേർ ഒപ്പിട്ട് തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച ഭീമഹർജി, എ.കെ.സി.സി.പ്രസിഡന്റ് ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ ജയിലിലിടക്കപ്പെട്ടത് ഇവയെല്ലാം വിശദീകരിച്ച് ഒരു രേഖയായി വയ്ക്കണമെന്നുള്ള ആഗ്രഹമാണ് ഈ ഗ്രന്ഥരചനയ്ക്ക് എന്നെ പ്രേരിപ്പിച്ചത്. സ്വാശ്രയനിയമത്തെ പിന്താങ്ങിയ പലരാഷ്ട്രീയക്കാരും 1972-ലെ കോളേജുസമരത്തെ അനുകൂലിച്ചവരാണ്. അവരുടെ ഇരട്ടത്താപ്പ് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാന്നും ഈ ചരിത്ര ഗ്രന്ഥം ഉപയോഗപ്പെടും.

കഴിഞ്ഞ കാലസംഭവങ്ങൾ കുറേ കഴിയുമ്പോൾ നാം വിസ്മരിക്കപ്പെടും. സർ.സി.പിയുടെ വിദ്യാലയദേശസാൽക്കരണനിയമത്തിനെതിരായി നടത്തിയ

മഹാസമരം നടത്തിയത് കത്തോലിക്കാകോൺഗ്രസ്സ് നിയമിച്ച 350 പേരടങ്ങിയ സമരസമതിയാണെന്നുള്ള വസ്തുത പലരും ഇന്ന് വിസ്മരിച്ചു കഴിഞ്ഞിരിക്കുന്നു. ഈ മറവിക്ക് ഒരു മരുന്ന് എന്ന നിലയിലാണ് ഈ ഗ്രന്ഥം.

## അവതാരിക-മാർ പവ്വത്തിൽ

ഈ പുസ്തകം തയ്യാറാക്കിയതുകൊണ്ട് എന്തുപ്രയോജനം എന്നു ചോദിച്ചവരുണ്ട്. അങ്ങനെ ചോദിക്കാത്ത ഒരാളെക്കൊണ്ട് ഈ പുസ്തകത്തിന് ഒരു അവതാരിക എഴുതിക്കണമെന്നാണ് ഞാൻ വിചാരിച്ചത്. അതിന് ഞാൻ കണ്ടെത്തിയത് ആർച്ച് ബിഷപ്പു മാർ ജോസഫ് പൗവ്വത്തിലിനെയാണ്. വിദ്യാഭ്യാസ പ്രശ്നത്തിൽ സജീവമായി എന്നും പ്രവർത്തിക്കുന്ന മാർ ജോസഫ് പൗവത്തിൽ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"നമ്മുടെ നാട്ടിലെ ഭരണഘടന, സ്വയം സംരക്ഷിക്കാൻ സാധിക്കാത്ത ഭാഷാ, മതന്യൂനപക്ഷങ്ങൾക്ക്, തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുള്ള സ്വാതന്ത്ര്യം മൗലികാവകാശമായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ അതിനുശേഷവും സർക്കാരുകൾ ഈ അവകാശം നിഷേധിച്ച് വിദ്യാലയങ്ങളെ കൈപ്പിടിയിലൊതുക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇതിനെതിരായി ക്രൈസ്തവസമൂഹം കാലകാലങ്ങളിൽ പ്രതികരിച്ചിട്ടുണ്ട്. പക്ഷേ ആ പ്രതികരണം ബലഹീനമായപ്പോൾ കയ്യേറ്റം കുറെ നടന്നിട്ടുണ്ട്. ഉദാഹരണമായി സ്വാശ്രയകോളേജുകളിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന വിദ്യാർത്ഥി പ്രവേശനത്തിലെ സർക്കാരിന്റെ കയ്യേറ്റം തെറ്റാണെന്ന് വിദ്യാഭ്യാസത്തിനുള്ള ന്യൂനപക്ഷ കമ്മീഷന്റെ അദ്ധ്യക്ഷൻ തന്നെ ഈയിടെ ചൂണ്ടികാട്ടിയിട്ടുണ്ടല്ലോ. ജാഗ്രതയും പോരാടാനുള്ള കെല്പും ഉണ്ടെങ്കിലെ പിടിച്ചു നില്ക്കാനാവൂ.

കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പോരാട്ടത്തിന്റെ ചരിത്രം സത്യസന്ധതയോടെ രേഖപ്പെടുത്താനാണ് ശ്രീ.കച്ചിറമറ്റം ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. ചരിത്രം നേരെയാക്കാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന വ്യക്തിയാണ് ജോൺ കച്ചിറമറ്റം. അദ്ദേഹത്തിന്റെ "വിദ്യാഭ്യാസ സമരം കേരളത്തിൽ" എന്ന ഗ്രന്ഥം ചരിത്രത്തിൽ സത്യം കണ്ടെത്താൻ ശ്രമിക്കുന്നവർക്ക് വലിയൊരു മുതൽക്കൂട്ടാകും. ശരിയായ ഓർമ്മകളുടെ അടിസ്ഥാനത്തിൽ ഭാവിയെ നേരിടാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നതിൽ സംശയമില്ല. ഇത് കഴിയുന്നത്ര ആളുകളുടെ കയ്യിൽ എത്തിക്കേണ്ടതാണ് എന്ന പറയേണ്ടിരിക്കുന്നു."

ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ എത്രപേർ വാങ്ങിക്കുമെന്നോ വായിക്കുമെന്നോ ഞാൻ ചിന്തിക്കാതെയാണ് അച്ചടിച്ച് പ്രസദ്ധീകരിക്കുന്നത്. ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ സഭാനേതൃത്വം മുന്നിട്ട് നിന്ന് പ്രസദ്ധീകരിക്കേണ്ടതാണ്. അവരാരും ഈ വഴിക്ക് ചിന്തിക്കാത്തതുകൊണ്ടാണ് ഞാൻ ഈ സാഹസത്തിന് മുതിരുന്നത്.

(പ്രസിദ്ധീകരണം 30.12.2013)

# 45. പനമ്പള്ളി പദ്ധതി സത്യമെന്ത് ?

പനമ്പള്ളി വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ ഒരു ബില്ലുകൊണ്ടുവന്നു. സ്വകാര്യവിദ്യാലയങ്ങളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരിക അദ്ധ്യാപക നിയമനം സർക്കാർ നിയന്ത്രണത്തിലാക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന ആ ബില്ല് പനമ്പള്ളി പദ്ധതിയെന്നാണ് അറിയപ്പെട്ടത്. ആ പദ്ധതിയെപ്പറ്റി വിശദമായി ഒരു പഠനം നടത്തി ഒരു പുസ്തകം രചിക്കണമെന്ന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല എന്നാൽ പനമ്പള്ളി പദ്ധതിയെന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ബാദ്ധ്യസ്ഥനായി. അതിന്റെ കാരണങ്ങളിലേക്ക് അല്പം കടക്കാം

2008 മാർച്ചിൽ പാലായിൽ നിരീശ്വരത്വവും കമ്മ്യൂണിസവും എന്ന വിഷയത്തെപ്പറ്റി ഒരു സെമിനാർ നടന്നു. തിരുവിതാംകൂറിലും തിരു-കൊച്ചിയിലും കേരളത്തിലും കഴിഞ്ഞ ആറര ദശാബ്ദങ്ങൾക്കുള്ളിൽ ഉണ്ടായ വിദ്യാഭ്യാസ പ്രതിസന്ധികളെപ്പറ്റി ഞാൻ സംസാരിക്കുകയുണ്ടായി. സർ.സി.പി.യുടെ വിദ്യാലയ ദേശസാല്ക്കരണം, പനമ്പിള്ളി പദ്ധിതി, മുണ്ടശ്ശേരി പദ്ധതി, 1972ലെ സർവ്വകലാശാലാ ബിൽ തുടങ്ങിയവയെപ്പറ്റി എന്റെ പ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചു. പനമ്പിള്ളി പദ്ധതിയും സി.പി.യുടെ വിദ്യാഭ്യാസ പദ്ധതിയും മുണ്ടശ്ശേരി പദ്ധതിയുമെല്ലാം ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിക്കുന്നവയായിരുന്നുവെന്ന് പ്രസ്താവിച്ചപ്പോൾ, പനമ്പിള്ളി പദ്ധതിയെപ്പറ്റി ഞാൻ പ്രസ്താവിച്ചതുമുഴുവൻ തെറ്റാണെന്നും അദ്ധ്യാപകരുടെ ശമ്പളവർദ്ധനവായിരുന്നു ആ പദ്ധതിയുടെ ലക്ഷ്യമായിരുന്നതെന്നും റിട്ടയാർഡ് ഹെഡ്മാസ്റ്റർ കൂടിയായ ശ്രീ. കെ. എം. ചുമ്മാർ എഴുന്നേറ്റ് നിന്ന് പ്രസ്താവിച്ചു. മാനേജ്മെന്റ് 8 രൂപ ശമ്പളം നല്കിയപ്പോൾ സർക്കാർ 40 രൂപ ശമ്പളം നല്കിയിരുന്നുവെന്നും അത് ഏകീകരിക്കുക മാത്രമായിരുന്നു പനമ്പിള്ളിയുടെ ലക്ഷ്യമെന്നും തുടർന്നു ചുമ്മാർ പറയുകയുണ്ടായി. അദ്ധ്യാപക നിയമനത്തിൽ നിയന്ത്രണമേർപ്പെടുത്തുകയെന്നതായിരുന്നു പനമ്പിള്ളി പദ്ധതിയുടെ മുഖ്യലക്ഷ്യമെന്ന് ഞാൻ തറപ്പിച്ച് പറഞ്ഞപ്പോൾ വീണ്ടും ചുമ്മാർ എന്റെ അഭിപ്രായത്തെ എതിർക്കുകയും ബഹു. വില്യമച്ചൻ പനമ്പിള്ളി പദ്ധതിയെ അനുകൂലിക്കുകയാണുണ്ടായതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്തവർ ഞങ്ങളിൽ ആരു പറഞ്ഞതാണ് ശരിയെന്ന് സംശയിക്കുകയും ചെയ്തു. എന്നേക്കാൾ സീനിയറായ ചുമ്മാർ സാർ വില്യമച്ചന്റെ പിന്താങ്ങു കൂടിയുണ്ടെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായമായിരിക്കും ശരിയെന്ന് ആരെങ്കിലും വിചാരിച്ചെങ്കിൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല

ല്ലോ. കൂടുതൽ തെളിവുകൾ ഹാജരാക്കി സംസാരിക്കുവാൻ സെമിനാറിൽ സാധിക്കുകയുമില്ലല്ലോ.

സെമിനാറിലെ അംഗങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടുകാണുമെന്ന് ഞാൻ ധരിച്ചു. പഴയസംഭവങ്ങൾക്ക് വലിയ പ്രാധാന്യം കല്പിക്കാത്ത ഇന്നത്തെ തലമുറ പിന്നീട് അതേപറ്റി ഗൗരവമായി ചിന്തിച്ചും കാണുകയില്ല. സെമിനാറിൽ പങ്കെടുത്തവരെ സത്യം ഗ്രഹിപ്പിക്കണമെന്ന ആഗ്രഹം എന്നിൽ ശക്തിയായി നിലകൊണ്ടു. പഴയ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ എന്റെ നിലപാട് ആണ് ശരിയെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. അതുപോരല്ലോ, സത്യം എല്ലാവരെയും ബോദ്ധ്യപ്പെടുത്തണമല്ലോ. ഞാൻ സത്യം കണ്ടെത്താനുള്ള കൂടുതൽ തെളിവുകൾക്കായി എറണാകുളത്തെ മലബാർ മെയിൽ പത്രത്തെ ആശ്രയിച്ചു അവിടെ ചെന്നപ്പോൾ സത്യദീപത്തിന്റെ ഇന്നത്തെ പത്രാധിപർ വളരെ താല്പര്യത്തോടെ മലബാർ മെയിലിന്റെ പഴയ ലക്കങ്ങൾ എന്റെ പഠനത്തിനായി തുറന്നു തന്നു. നാലുദിവസം ഓഫീസിൽ ഇരുന്ന് ആവശ്യമായ ഭാഗങ്ങൾ നോട്ടു ചെയ്തു. പിന്നീട് ഞാൻ നോട്ടുചെയ്ത ഭാഗം ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിന് നിശ്ചയിച്ചു. രണ്ടുദിവസംകൊണ്ട് 600ലധികം പേജുകൾ ഫോട്ടോസ്റ്റാറ്റ് എടുത്തു. പത്രത്തിൽ നിന്നും ഫോട്ടോസ്റ്റാറ്റ് എടുക്കുക ക്ലേശകരമാണ് എങ്കിലും ആ ജോലി ഭംഗിയായി നിർവ്വഹിച്ചു തന്നു. 1872 രൂപാ ഫോട്ടോസ്റ്റാറ്റ് എടുത്തതിന്, അഞ്ചാറ് ദിവസത്തെ അദ്ധ്വാനവും മറ്റു ചിലവുകളും വേറെ. മാറ്റർ ശേഖരിച്ച വകയിൽ ചിലവ് 4000 രൂപയോളമായി. ശേഖരിച്ച തെളിവുകൾ എല്ലാം കൂട്ടിച്ചേർത്ത് ഒരു ഗ്രന്ഥം രചിച്ചാൽ ആയിരത്തിലധം പേജുകൾ വരും. അത്രയും വലിയ ഒരു ഗ്രന്ഥം രചിക്കേണ്ട ആവശ്യമില്ലെന്നും വസ്തുതകൾ മനസ്സിലാക്കാനുള്ള ഏതാനും കാര്യങ്ങൾ മാത്രം ചേർത്ത് ഒരു ചെറുഗ്രന്ഥം തയ്യാറാക്കിയാൽ മതിയെന്നും പൊതു അഭിപ്രായമുണ്ടായി. അങ്ങനെ തയ്യാറാക്കിയ ഒരു ഗ്രന്ഥമാണിത്.

പനമ്പള്ളി പദ്ധതിയെ ഷെവ. ഐ.സി. ചാക്കോ പിന്താങ്ങിയതായി എനിക്കു മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ ചുമ്മാർ സാർ പറഞ്ഞ വില്യമച്ചൻ അനുകൂലിച്ചതായി ഒരിടത്തും കണ്ടെത്താൻ സാധിച്ചില്ല. പഴയതലമുറയിലെ പലരുമായി ഞാൻ ഇക്കാര്യത്തെപ്പറ്റി സംസാരിച്ചു. എനിക്കു ലഭിച്ച വിവരം താഴെ പറയുന്നവയാണ്. പനമ്പള്ളിപദ്ധതിയിലെ ഒരു പ്രധാനവ്യവസ്ഥ കുട്ടികളിൽ നിന്നും പിരിക്കുന്ന ഫീസ് മാനേജർ ട്രഷറിയിൽ അടയ്ക്കണമെന്നുള്ള നിർദ്ദേശത്തെ ഫാ.വില്യം സ്വാഗതം ചെയ്തു. അദ്ധ്യാപകനിയമനം സർക്കാർ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നു മാത്രമേ എടുക്കാവൂ എന്ന വ്യവസ്ഥയെ അദ്ദേഹം അംഗീകരിച്ചില്ല. ഇതായിരിക്കും സത്യം. പനമ്പിള്ളി പദ്ധതിയെ പിന്താങ്ങിയ കോൺഗ്രസ്സുകാർ വില്യമച്ചന്റെ ഭാഗികമായ പിന്താങ്ങലിനെ വളച്ചൊടിച്ചതായിരിക്കാം പുതിയ വ്യാഖ്യാനം.

ഈ സാഹചര്യത്തിൽ ഞാൻ ശ്രീ. കെ.എം. ചുമ്മാറിന് ഒരു കത്തയച്ചു. ഫാ. വില്യം പനമ്പിള്ളിയെ പൂർണ്ണമായി പിന്താങ്ങിയെന്നുള്ളതിന് എന്തെങ്കിലും തെളിവുകൾ ഉണ്ടെങ്കിൽ അത് അറിയിക്കണം എന്നു കാണിച്ച്. അങ്ങനെ അറിയിക്കുകയാണെങ്കിൽ ആ വിവരവും കൂടി ഞാൻ തയ്യാറാക്കുന്ന പനമ്പിള്ളി പദ്ധതിയെന്ന ചെറുഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. ചുമ്മാർ സാർ യാതൊരു തെളിവും നല്കിയില്ല.

എനിക്ക് ലഭിച്ച തെളിവുകൾ വച്ചാണ് ഈ ചെറുഗ്രന്ഥം ഞാൻ തയ്യാറാക്കിയിരിക്കുന്നത്. പാലായിലെ സെമിനാറിൽ പങ്കെടുത്തവർ സത്യം ഗ്രഹിക്കണമെന്ന് മാത്രമേ എനിക്ക് ആഗ്രഹമുള്ളൂ. അതിനാണ് ഈ ചെറുഗ്രന്ഥം.

ഞാൻ കാരണം സെമിനാറിൽ പങ്കെടുത്തവർ തെറ്റിദ്ധരിക്കപ്പെട്ടോ, എന്നൊരു സംശയം എനിക്കുണ്ടായി. എന്റെ വാക്കുകളിൽ അതിശയോക്തി കലർന്നതായി ചിലരെങ്കിലും ചിന്തിച്ചുവെന്നും എനിക്കു തോന്നി. ഈ സാഹചര്യത്തിലാണ് കഴിയുന്നത്ര മാറ്ററുകൾ ശേഖരിച്ചത്. സമുദായം ഒറ്റക്കെട്ടായി പനമ്പള്ളി പദ്ധതിയെ എതിർത്തു. ആർച്ച് ബിഷപ്പു മാർ ഇവാനിയോസ് , തൃശൂർബിഷപ്പ്, എറണാകുളം ആർച്ചു ബിഷപ്പ്, വരാപ്പുഴ മെത്രാപ്പോലീത്ത തുടങ്ങിയവരുടെ ഇടയലേഖനങ്ങളും, നാഷണൽ ക്രിസ്ത്യൻ കൗൺസിൽ, മലങ്കര ഓർത്തഡോക്സു സഭ തുടങ്ങിയവയുടെ പ്രസ്താവനകളും, സർ.എ. ലക്ഷ്ണ സ്വാമി മുതിലിയാർ, എ.കെ.സി.സി. പ്രസിഡന്റ് ഇ.പി.വർഗീസ്, എം.ഒ. ജോസഫ് നെടുംകുന്നം, ഷെവ: ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ, ഷെവ. സി.ജെ വർക്കി തുടങ്ങിയവരുടെ ലേഖനങ്ങളും ഒക്കെ ഞാൻ തയ്യാറാക്കിയ ഗ്രന്ഥത്തിൽ ഉൾപ്പെട്ടിരുന്നു. കത്തോലിക്കാകോൺഗ്രസ്സ് നിയോഗിച്ച സബ് കമ്മറ്റിയുടെ റിപ്പോർട്ടും ആ പുസ്തകത്തിൽ ചേർത്തു. കെ.എം. ചുമ്മാറിന്റെ അഭിപ്രായങ്ങൾ ശരിയല്ലന്ന് സ്ഥാപിക്കുവാൻ ആവശ്യത്തിലധികം മാറ്റർ ശേഖരിക്കുവൻ സാധിച്ചു.

ഈ വിവരം അന്നത്തെ സെമിനാറിൽ പങ്കെടുത്തവരെയെല്ലാം എഴുത്തുകൾ മുഖാന്തിരം അറിയിച്ചു. കൂടാതെ പാലാ രൂപതയിലെ എല്ലാ ബഹു. വികാരിമാരെയും വിവരം അറിയിച്ചു. പ്രിന്റിംഗ് ചാർജും പോസ്റ്റൽ ചാർജുമിനത്തിൽ 26000 രൂപാചിലവാക്കിയത് മിച്ചം. ഒരൊറ്റയാൾ പോലും സത്യം ഗ്രഹിക്കാൻ താല്പര്യം കാണിച്ചില്ല. ഒരു കോപ്പിപോലും വാങ്ങിയില്ല. ഒരു വിവാദപ്രസ്താവനയ്ക്ക് ഇടനൽകിയിട്ടും അതിലെ സത്യാവസ്ഥ എന്താണെന്ന് മനസ്സിലാക്കാൻ താല്പര്യം പ്രകടിപ്പിക്കാത്ത സമുദായത്തിലെ അംഗങ്ങളുടെ നിസംഗതാവസ്ഥ എന്നെ വേദനിപ്പിച്ചു. സെമിനാറിൽ പങ്കെടുത്തവരിൽ ഒരൊറ്റയാൾ പോലും ഈ പുസ്തകം വാങ്ങിവായിക്കുവൻ തയ്യാറായില്ല. എന്ത് പറഞ്ഞാലും എന്തെഴുതിയാലും അതൊന്നും എന്നെ ബാധിക്കുകയില്ലന്ന മനോഭാവം വരുത്തിവയ്ക്കുന്ന അപകടം ഗുരുതരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

(പ്രസിദ്ധീകരണം 30.12.2008)

# 46. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും

മാർ കരിയാറ്റി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിന് നേതൃത്വം നല്കിയത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സാണ്. ഇന്നുവരെ ആരും ചോദ്യം ചെയ്യപ്പെടാത്ത ഒരു വസ്തുതയാണിത്. "മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിന് ഹൈരാർക്കി നടത്തിയ ശ്രമങ്ങളോട് കത്തോലിക്കാ കോൺഗ്രസ് സഹകരിക്കുകയാണ് ചെയ്തത്" എന്ന് പറയുന്നതായിരിക്കും ശരിയെന്ന് ഒരഭിപ്രായം ഈയടുത്തകാലത്ത് ചിലർ ഉന്നയിക്കുകയുണ്ടായി. ഇത് ഒരിക്കലും ശരിയല്ല. പുനഃസംസ്കാര ചടങ്ങിനോടനുബന്ധിച്ച് സത്യദീപം പ്രസിദ്ധപ്പെടുത്തിയ സ്പെഷ്യൽ വായിച്ചാൽ സത്യം ഗ്രഹിക്കാം. ഇനി അതുപോരെങ്കിൽ എറണാകുളം മിസ്സം 1961 സെപ്റ്റംബറിൽ പുറപ്പെടുവിച്ച മിസം സ്പെഷ്യൽ വായിച്ചാൽ മാതി. പുനഃസംസ്കാര ചടങ്ങ് നടക്കുമ്പോൾ എറണാകുളം അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയായിരുന്നല്ലോ. അദ്ദേഹം തന്റെ ആത്മകഥയിൽ തറപ്പിച്ചു പറയുന്നു. കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്നതെന്ന്. മാർ പാറേക്കാട്ടിൽ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "കാറും കോളും നേരിട്ട ജീവിതനൗകയിൽ ഇരുന്നുകൊണ്ട് പുറകോട്ട് നോക്കുമ്പോൾ എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി വലിയ പ്രാധാന്യം ഇല്ലാത്തവയാണെങ്കിലും സഭാതലത്തിലും അതിരൂപതാതലത്തിലും പ്രാധാന്യമുള്ള പല സംഭവങ്ങൾക്കും ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്-നേതൃത്വം നല്കിയിട്ടുണ്ട്. അവയിലൊന്നാണ് മാർ കരിയാറ്റി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങളുടെ പുനഃസംസ്കരണം...... മടങ്ങിവരുംവഴി ആകസ്മികമായി ഗോവയിൽ വച്ച് നിര്യാതനാവുകയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു. അവിടെ നിന്നും അവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ അന്നത്തെ പ്രസിഡന്റ് ശ്രീ. വി.സി. ജോർജ്ജിന്റെ നേതൃത്വത്തിലുള്ള ഒരു പന്ത്രണ്ടംഗക്കമ്മിറ്റിയാണ്. പരേതനായ മോൺ ജോൺ കച്ചിറമറ്റമാണ് ഈ ആശയം ആദ്യം മുന്നോട്ടുവച്ചതും അതിന് പ്രസിദ്ധി നല്കിയതും." ഇതിൽ കവിഞ്ഞ് എന്തു തെളിവുകൾ വേണം. ഹൈരാർക്കി നടത്തിയ ശ്രമങ്ങളോട് കത്തോലിക്കാ

കോൺഗ്രസ് സഹകരിക്കുക മാത്രമാണ് ചെയ്തതെന്ന് ആരെങ്കിലും പറഞ്ഞാൽ അത് അംഗീകരിക്കുവാൻ സാദ്ധ്യമല്ല. ഇന്നത്തെ കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം പോലും കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനമാണെന്ന് ഉറക്കെ പറയാൻ തയ്യാറാകുമെന്ന് എനിക്കു പ്രതീക്ഷയില്ല. കാരണം എ.കെ.സി.സി. അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരല്ല അവർ. നോമിനേറ്റഡ് ഭാരവാഹികളാണവർ. നോമിനേറ്റ് ചെയ്തവർ എന്ത് പറഞ്ഞാലും അത് അംഗീകരിക്കാൻ മാത്രമേ അവർക്കു സാധിക്കുകയുള്ളു. കായംകുളം കൊച്ചുണ്ണിയാണ് കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിച്ചതെന്നു പറഞ്ഞാൽ ഇപ്പോഴത്തെ ഭാരവാഹികൾ അതും അംഗീകരിച്ചുവെന്ന് വരാം. കൊച്ചുണ്ണിയാരെന്നോ, കത്തോലിക്കാ കോൺഗ്രസ് എന്തു ചെയ്തുവെന്നോ അവർക്ക് യാതൊരു നിശ്ചയവുമില്ല.

ചരിത്രം ചരിത്രമായി തന്നെ നിലനിൽക്കണം. സത്യത്തെ മൂടിവയ്ക്കാൻ ആരും കൂട്ടുനിൽക്കരുത്. ഓരോരോ വ്യാഖ്യാനങ്ങൾ നല്കി ചരിത്രത്തെ തെറ്റായി രചിക്കാൻ നടത്തുന്ന ശ്രമങ്ങളെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കണം. അതിനുള്ള ആർജ്ജവം കത്തോലിക്കാ കോൺഗ്രസ്സിന് ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. കത്തോലിക്കാ കോൺഗ്രസിന്റെ ജനാധിപത്യ സ്വഭാവത്തെ തകർത്തപ്പോൾ അതിന് കൂട്ടുനിന്ന ഭാരവാഹികൾക്ക് സത്യത്തിന് വേണ്ടി നിലകൊള്ളാൻ ശക്തി പകരണമേയെന്നാണ് എന്റെ പ്രാർത്ഥന.

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിച്ചത് കത്തോലിക്കാ കോൺഗ്രസ്സാണ് എന്ന വസ്തുത അടിവരയിട്ട് അവതരിപ്പിക്കുന്നതിനാണ് ഈ ഗ്രന്ഥം രചിച്ചത്. ചെയ്ത കാര്യങ്ങളെ ലഘൂകരിക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ ആരും ശ്രമിക്കരുത്.

(പ്രസിദ്ധീകരണം 28.01.2015)

# 47. ചവറ്റുകുട്ടയിൽ നിന്നും സത്യം ഉയർത്തെഴുന്നേൽക്കും

വിമോചനസമരത്തെപ്പറ്റിയോ അതിന്റെ പശ്ചാത്തലത്തെപ്പറ്റിയോ ഇന്നത്തെ തലമുറക്ക് കാര്യമായ വിവരമൊന്നുമില്ല. അതിനെപ്പറ്റി പഠിക്കണമെന്നാഗ്രഹമുള്ളവരും വിരളമാണ്. നമ്മുടെ പത്രപ്രവർത്തകർക്ക് എങ്കിലും ഈവകകാര്യങ്ങളെപ്പറ്റി ഒരു ഗ്രാഹ്യം ഉണ്ടാകേണ്ടതാണ്. അത് ഇല്ലാത്തതുകൊണ്ട് ലേഖനങ്ങൾ എഴുതി കൊടുക്കുന്നവർ എഴുതുന്നത് അതേപടി പ്രസദ്ധീകരിക്കുന്നു. അത് സമുദായത്തിന് അപമാനകരമാണോ, സത്യത്തിന് വിരുദ്ധമാണോയെന്നൊന്നും അവർ ചിന്തിക്കുന്നില്ല.

കേരളത്തിൽ നടന്നവിമോചനസമരം വിദ്യാഭ്യാസസമരത്തിന്റെ തുടർച്ചയായിരുന്നുവെന്നും കേരളത്തിലെ അഭിവന്ദ്യപിതാക്കന്മാർ 1957 മേയ് 28-ന് എഴുതിയ സംയുക്ത ഇടയലേഖനം ആണ് ആദ്യം സർക്കാരിനെതിരെ ആഞ്ഞടിച്ചതെന്നും ആരും സമ്മതിക്കും. തർക്കമറ്റ ഒരുസംഗതിയാണ്. ആ സമരത്തിന് ആദ്യന്തം ശക്തിപകർന്നു നൽകിയത് ദീപികപത്രമാണ്. ആ സത്യം എല്ലാം മറച്ചു വച്ചുകൊണ്ട് "മാതൃഭൂമിയിൽകൂടി സുകുമാർ അഴിക്കോട് 1957 -സെപ്റ്റംബർ 20-ന് എഴുതിയ ലേഖനമാണ് വിമോചനസമരത്തിന്റെ ആദ്യവെടിപൊട്ടിച്ചതെന്ന് ഒരു കത്തോലിക്കാ പ്രസിദ്ധീകരണം എഴുതിയിരിക്കുന്നു. ദീപികയും അഭിവന്ദ്യപിതാക്കന്മാരും എഴുതിയ സംയുക്ത ഇടയലേഖനവും ഒന്നും ലേഖനകർത്താവ് ചുമ്മാർ അറിഞ്ഞ മട്ടുപോലുമില്ല. ഈ വകകാര്യങ്ങളെല്ലാം ചൂണ്ടികാണിച്ചുകൊണ്ട് ആ പ്രസദ്ധീകരണത്തിന് ഞാൻ ഒരു മറുപടി എഴുതികൊടുത്തു. ദീർഘമാണെന്ന് പറഞ്ഞ് അത് പ്രസദ്ധീകരിച്ചില്ല. ഞാൻ എഴുതിയ മറുപടിയിൽ ഒരു തെറ്റും ഉള്ളതായി പറഞ്ഞുമില്ല. ആ പ്രസദ്ധീകരണത്തിന്റെ മാനേജിംഗ് എഡിറ്റർ എന്റെ മറുപടി ചവിട്ടുകൊട്ടയിലേക്ക് എറിഞ്ഞുവെന്ന് ഏതാനും പേരുടെ മുൻപിൽ വച്ച് എന്നോടുപറഞ്ഞു ഞാൻ പത്രാധിപർക്ക് അയച്ച കത്തുകളും കെ.എം. ചുമ്മാറിന്റെ ലേഖനത്തെപ്പറ്റിയുള്ള എന്റെ മറുപടിയും പുസ്തകരൂപത്തിൽ പ്രസദ്ധീകരിക്കേണ്ടിവന്നു. ഞാൻ ആ പുസ്തകം സമർപ്പിച്ചിരിക്കുന്നത് മൂന്നു പേർക്കാണ്. സമർപ്പണം താഴെ ചേർക്കുന്നു."വിമോചനസമരത്തിന്റെ ശക്തി സ്രോതസു ദീപിക പത്രമായിരുന്നു. ദീപികയെ ധീരമായി നയിച്ച മാനേജിംഗ് എഡിറ്റർ ഫാ. ആന്റണി നരിതൂക്കിൻ സി. എം.ഐ, ആവേശോജ്ജ്വലമായ മുഖപ്രസംഗങ്ങളിലൂടെ കേരള ജനതയെ സമരരംഗത്തേക്ക് നയിച്ച പത്രാധിപർ അഡ്വ. കെ.എം.ജോസഫ്, വിമോചനസമരത്തിന്റെ പിന്നിൽനിന്ന് പടനയിച്ച കേരളം കണ്ടസംഘാടക ശ്രേഷ്ടരിൽ പ്രമുഖനായ ഫാ.ജേക്കബ് മണ്ണനാൻ എന്നിവരുടെ പാവന സ്മരണക്കുമുമ്പിൽ ഈ

ചെറുഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

ആ പ്രസദ്ധീകരണത്തിന്റെ മാനേജിംഗ് എഡിറ്റർക്ക് ഞാനയച്ച കത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

എല്ലാവരെയും വിമർശിക്കുന്നവർ എല്ലാവരാലും വിമർശിക്കപ്പെടും എന്നെനിക്കറിയാം. എല്ലാകാലത്തും എല്ലാവരാലും വിമർശിക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടന്നാൽ മൂർച്ചയുള്ള ഒരു വിമർശനം കൊണ്ട് വിട്ട് പോകാത്ത ഒരു മാരക വ്യാധിയും മനുഷ്യരിലില്ല. വ്യക്തി വിരോധമല്ല നിർമ്മലനിയോഗം നിറഞ്ഞ വിരോചിത പരസ്നേഹമാവണം വിമർശകനെ വിരചിക്കുന്നത്. ആരെയും വിമർശിക്കാതെയും വേദനിപ്പിക്കാതെയും പുരോഗതികൈവരില്ല.

വിമർശനത്തിൽ നിന്ന് വേദനയുണ്ടാകുന്നതുപോലെ വേദനയിൽ നിന്ന് വിമർശനവും ഉണ്ടാകുന്നു. വേദനിക്കുന്നവരുടെ വിമർശന ശൈലിക്ക് മാർദ്ദവം കുറയും. ഓർക്കാപ്പുറത്ത് ഉഗ്രപരുഷത അവരുടെ ആത്മാവിലൂടെ ഒഴുകി വരും. മൃദുല വസ്ത്രങ്ങൾ ധരിച്ചവരല്ല പ്രവാചകന്മാർ. മൃദുല ഭാഷയിൽ അവർ സംസാരിക്കാറുമില്ല. പാറ തകർക്കുന്ന പരുഷശകാരങ്ങളാണ് അവർ മുഴക്കാറ്.

കുറ്റമറ്റവനാകാൻ കാത്തുനിന്നാൽ മരണമടയേണ്ടിവരുമെന്ന് ഞാൻ ഭയപ്പെടുന്നു. തന്മൂലം കുറ്റവാളിയെങ്കിലും കുറ്റമറ്റവനെപ്പോലെ ഞാൻ മറ്റുള്ളവരെ ഭയപ്പെടുത്തുന്നു. ആശയങ്ങളും അഭിലാഷങ്ങളും മുഴുവനായി പ്രകാശിപ്പിക്കുവാൻ നഷ്ടധൈര്യർക്കും അപരാധബോധത്തിന്റെ അടിമകൾക്കും കഴിയുകയില്ല. ആത്മാർത്ഥമായ പ്രവാചക ദൗത്യനിർവഹണത്തെ വിവേകം നശിച്ച അഹന്തയായി വ്യാഖ്യാനിക്കരുത്. ...

....ഞാൻ വിദഗ്ദ്ധരാൽ അംഗീകരിക്കപ്പെട്ട ഒരു ചരിത്രകാരനോ സാഹിത്യകാരനോ അല്ല...

....ദൈവശാസ്ത്രജ്ഞാനമില്ലാത്ത സാധാരണക്കാരനായ ഒരു ദാവീദിനെപ്പോലെ അതിശക്തരും അത്യുഗ്രരുമായ ഗോലിയാത്തുമാരുടെ നെറ്റിത്തടങ്ങളിലേക്ക് എന്റെ വിനീത കവിണിയിൽ കല്ലിട്ടുകൊണ്ട് ഞാൻ ജീവൻ മരണചോദ്യം എറിയുകയാണ്. ...

... എന്റെ പരമഗുരുവായ ക്രിസ്തുവിനെപ്പോലെ സകല അധർമ്മ ശക്തികളെയും വ്യക്തികളെയും നിരന്തരം എതിർത്തവനും തകർത്തവനുമായ മറ്റൊരുവ്യക്തിയെ ഞാൻ ചരിത്രത്തിൽ കണ്ടിട്ടില്ല. ആ ക്രിസ്തുവാണ് എന്റെ ഈ വിമർശനലേഖനങ്ങൾക്ക് എന്നും എനിക്കു പ്രചോദനം. ...

തെറ്റ് ചെയ്യുന്ന ആരെയും സംരക്ഷിക്കേണ്ടതില്ല. വ്യക്തികളെ നോക്കി തെറ്റുകളെ വിലയിരുത്തിയ നമ്മുടെ തെറ്റുകളാണ് ഇന്നത്തെ വിനാശത്തിന് കാരണം എന്റെ ലേഖനത്തിൽ തെറ്റുകളുണ്ടെങ്കിൽ അത് ചവിട്ട് കൊട്ടയിൽ തന്നെ എറിയണം. സത്യം ഗ്രഹിക്കാതെ ചവിട്ടുകൊട്ടയിൽ ഇട്ടാൽ ചവിട്ടു കൊട്ടയിൽനിന്നും ആ സത്യം ഉയർത്തെഴുന്നേൽക്കും.

(പ്രസിദ്ധീകരണം 31.10.2009)

# 48. സത്യത്തിന് നേരെ കണ്ണടയ്ക്കരുത്

നായർ ഈഴവഐക്യം ചീറ്റിപ്പോയി. വർഷങ്ങൾ പലതുകഴിഞ്ഞു നായരും ഈഴവരും ഭിന്നവഴികളിലൂടെ യാത്രചെയ്തു. ഭിന്നസ്വരത്തിൽ സംസാരിക്കാനും തുടങ്ങി. വർഷങ്ങൾ അങ്ങനെ പിന്നിട്ടു. 2012- ൽ ആയപ്പോഴേക്കും വീണ്ടും നായർ ഈഴവസമുദായങ്ങൾ ഒന്നിക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനും വർഗ്ഗീയത വളർത്തുവാനും ഉള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. ഈ സന്ദർഭത്തിൽ "സത്യത്തിന് നേരെ കണ്ണടയ്ക്കരുത് സുകുമാരൻ നായരോടും വെള്ളാപ്പള്ളിയോടും സ്നേഹപൂർവ്വം ഒരഭ്യർത്ഥന" എന്ന ഗ്രന്ഥം ഞാൻ എഴുതി പ്രസദ്ധീകരിച്ചു. ആ പുസ്തകം 32 പേജുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു മാസത്തിനകം ഈ ഗ്രന്ഥത്തിന് മൂന്നു പതിപ്പുകൾ വേണ്ടിവന്നു. അധികാരമോഹികളായ മതസമുദായശക്തികളെ സ്വാധീനിച്ച് ഭരണമണ്ഡലത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്നു. മതസമുദായ ശക്തികൾ അവർ പറയുന്ന ആളുകളെ അധികാരത്തിന്റെ താക്കോൽ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു. ഈ നടപടി അധികാരത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതിന് തുല്യമാണ് ഈ നടപടിയെ എതിർക്കാൻ ഒരു രാഷ്ട്രീയകക്ഷിയും ഇന്നു തയ്യാറാകുന്നില്ല.

കുറേക്കാലമായി എൻ.എസ്സ്.എസ്സ്, എസ്.എൻ.ഡി.പി. നേതാക്കൾ നടത്തുന്ന കൊലവിളികൾ അധികാരത്തിലിരിക്കുന്നവർ കണ്ടില്ലെന്ന് നടിക്കുകയാണ്. ഇതിനെതിരെ പരസ്യമായി പ്രതികരിച്ച ആലപ്പുഴ ഡി.സി.സി. ഭാരവാഹികളെ കൈയ്യേറ്റം ചെയ്യാൻ വരെ മതസമുദായ ശക്തികൾ ധൈര്യം കാണിച്ചത് നാം കണ്ടു കഴിഞ്ഞു. നായർ ഈഴവ ഐക്യം സമദൂര സിദ്ധാന്തം വിശാല ഹിന്ദു മുന്നണി തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിക്കാട്ടി മറ്റുള്ളവരെ ഭയപ്പെടുത്താമെന്നാണ് അവർ വിചാരിക്കുന്നത്. ഈ നീക്കത്തെ എതിർക്കാനുള്ള ആർജ്ജവം ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഇടതു വലതു മുന്നണികൾ യോജിച്ച് കാണിക്കേണ്ടതാണ്.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നായർ ഈഴവ സമുദായങ്ങൾ ഒറ്റയ്ക്കും യോജിച്ചും നടത്തിയിട്ടുള്ള പ്രസ്താവനകളും നീക്കങ്ങളും ഇവിടെ സമുദായവൈരം വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അൻപതുകളിലെ ഹിന്ദുമഹാമണ്ഡല പ്രവർത്തനങ്ങളും ഒരു ദശകക്കാലമായി മുഴക്കുന്ന നായർ ഈഴവ ഐക്യമുദ്രാവക്യങ്ങളും സമദൂര സിദ്ധാന്ത പ്രഖ്യാപനവുമെല്ലാം ജനങ്ങളെ വിഡ്ഢികളാക്കാനുള്ള ശ്രമങ്ങളാണ്.

ഈഴവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കുവാൻ

എന്നെങ്കിലും സവർണ്ണർ തയ്യാറായിട്ടുണ്ടോ? ഇതൊക്കെ മറന്ന് ഈഴവർ, സവർണ്ണരുടെ പുറകേ പോകുന്നതും അവരുടെ പ്രേരണയനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് എതിരെ ജിഹാദ് വിളിക്കുന്നതും ആത്മഹത്യാപരമായിരിക്കും. എൻ.ഡി.പി.യും എസ്സ്.ആർ.പി.യും രൂപീകരിച്ച് മന്ത്രിസ്ഥാനം നേടിയതുപോലെ ഇനിയും നേട്ടങ്ങൾ കൊയ്യുവാനാണ് ഇരു സമുദായ നേതാക്കളും ശ്രമിക്കുന്നത്. സ്വന്തം അണികളെ ആവേശം കൊള്ളിച്ച് സ്വന്തം കാര്യം കാണാൻ ശ്രമിക്കുന്ന നേതാക്കളുടെ നടപടികൾ സമുദായ സൗഹാർദ്ദം നശിപ്പിക്കുകയാണ്. കഠിനാദ്ധ്വാനംകൊണ്ട് നേട്ടങ്ങൾ നേടിയെടുത്ത ക്രൈസ്തവരെയും മുസ്ലീംങ്ങളെയും അധിക്ഷേപിക്കുന്നത് ഒരിക്കലും ശരിയല്ല. അവരുടെ നേട്ടങ്ങൾ രാജ്യത്തിനു പൊതുവിൽ ഉപകരിച്ചിട്ടുണ്ട്. അതിൽ അസൂയപ്പെടേണ്ട കാര്യമില്ല.

നായർ ഈഴവ നേതാക്കൾ ഒന്നിച്ച് കൂടുമ്പോൾ ന്യൂനപക്ഷമായ ക്രൈസ്തവർ നേട്ടങ്ങൾ കൊയ്യുന്നുവെന്ന് പ്രസ്താവിക്കാറുണ്ട്. അതിൽ ഒരു യാഥാർത്ഥ്യവുമില്ല കാലാകാലങ്ങളിൽ ഭരണാധികാരികളെ സ്വാധീനിച്ചും ഭീഷണിപ്പെടുത്തിയും കാര്യങ്ങൾ നേടിയിട്ടുള്ളത് ക്രൈസ്തവരല്ല നായർ ഈഴവ സമുദായങ്ങളാണ്. തിരുവനന്തപുരത്തും കൊല്ലത്തും ചങ്ങനാശ്ശേരിയിലും കോളജുകൾ സ്ഥാപിക്കുവാൻ സി.പി.യെ കൂട്ടുപിടിച്ച് എത്രയെത്ര സ്ഥലങ്ങളാണ് തട്ടിയെടുത്തത്. എത്ര ലക്ഷം രൂപയാണ് തട്ടിയെടുത്തത്. അതെല്ലാം മറച്ചുവച്ചുകൊണ്ട് ക്രൈസ്തവർക്കു നേരെ സമരകാഹളം മുഴുക്കുന്നത് ശരിയല്ല.

എൻ.എസ്സ്.എസ്സും., എസ്.എൻ.ഡി.പി.യും കീരിയും പാമ്പും പോലെയാണ് കഴിഞ്ഞ കാലങ്ങളിൽ പെരുമാറിയിരുന്നത്. അയിത്തം നിലനിർത്താനും മനുഷ്യാവകാശ ധ്വംസനം തുടരുവാനും എൻ.എസ്സ്. എസ്സ്. എപ്പോഴും ശ്രമിച്ചിരുന്നു. കിട്ടിയ സന്ദർഭങ്ങളിലെല്ലാം ഈഴവരുടെ ഡിമാന്റുകൾ എല്ലാം അംഗീകരിപ്പിക്കാതിരിക്കാൻ നായർ സമുദായം കിണഞ്ഞു പരിശ്രമിച്ചു പോന്നു. മലയാളി മെമ്മോറിയൽ സമരകാലത്ത് മാത്രമാണ് ഇരുവിഭാഗവും ഒന്നിച്ചു പ്രവർത്തിച്ചത്. സമരം വിജയിച്ചപ്പോൾ ഈഴവരെ തഴഞ്ഞു നായന്മാർ നേട്ടം കൊയ്തു. ഈഴവ മുന്നേറ്റത്തെ എന്നും എതിർത്ത എൻ.എസ്സ്. എസ്സിന്റെയടുത്ത് വെള്ളാപ്പള്ളി നടേശൻ ഈഴവ സമുദായത്തെ കൊണ്ടുപോയി പണയംവയ്ക്കുവാൻ ശ്രമിക്കുകയാണ്. പണയ ഉരുപ്പടിപോലും തിരികെ കിട്ടുവാൻ പ്രയാസമായിരിക്കുമെന്നോർക്കുക. ചരിത്രം അതാണ്.

മാധ്യമലോകത്ത് ഈ ഗ്രന്ഥം വളരെ ചർച്ചാവിഷയമായി. ഈ ഗ്രന്ഥം പൂർണ്ണമായും ഭാഗീകമായും പല പ്രസദ്ധീകരണങ്ങളിലും പ്രസിദ്ധീകരിച്ചു.

അധികാരത്തിൽ കയറിപ്പറ്റാനുള്ള കുറുക്കുവഴികളുമായി യാത്രപുറപ്പെട്ട നടേശൻ ഇപ്പോൾ ബി.ജെ.പി., ബജ്റംഗ് ദൾ, ശിവസേന തുടങ്ങിയ പ്രസ്ഥാനങ്ങളുമായി ചങ്ങാത്തം സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ കഥകളെല്ലാം വിവരിക്കുന്ന ഒരു ഗ്രന്ഥമാണിത്. (പ്രസിദ്ധീകരണം 31.10.2012)

# 49. സമുദായ സ്നേഹികളെ ഉണരുക

ശതോത്തര രജതജൂബിലിവേളയിൽ ദീപികക്കുവേണ്ടി നടത്തിയ ഒരു ആഹ്വാനമാണിത്.

കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ ദീപികയുടെ സാരഥിയായിരുന്നപ്പോൾ ഒരുപാട് കഥകളും കെട്ടുകഥകളും പ്രചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. അതിൽ എന്തുമാത്രം ശരിയുണ്ടെന്ന് അന്വേഷിക്കണമെന്ന് ഞാൻ തീരുമാനിച്ചു. ദീപികയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഒരു ബിസിനസ്സുകാരനായ ഫാരീസിനെ ദീപികയിലേക്ക് കൊണ്ടുവന്നുവെന്നും അദ്ദേഹത്തിന് ദീപികയിൽ വലിയ സ്ഥാനം നല്കിയെന്നും ദീപിക അദ്ദേഹത്തിന്റെ കൈപ്പടയിൽ ആയിയെന്നും ആയിരുന്നു പ്രചരണം. അതിന്റെ മുഴുവൻ ഉത്തരവാദിത്വവും മാർ അറയ്ക്കലിന്റെ പേരിൽ കെട്ടിവയ്ക്കാൻ ഗൂഢശ്രമം നടത്തി. രാഷ്ട്രദീപിക മിനിട്സ് പരിശോധിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി. മാർ അറയ്ക്കലിനെയും എം.എം. ഫാരിസിനെയും ഡയറക്ടർ ബോർഡിലേക്ക് എടുത്തത് ഒരു ദിവസം ആയിരുന്നുവെന്നും ഫാ. കരിയിൽ സി.എം.ഐ. ചെയർമാനും ശ്രീ പട്ടാറ മാനേജിംഗ് ഡയറക്ടറുമായിരുന്ന കാലത്താണ് അത് നടന്നതെന്നും. അതുപോലെതന്നെ ദീപികക്കുണ്ടായിരുന്ന സ്ഥലം മുഴുവൻ മാർ അറയ്ക്കലും ഫാരിസുംകൂടി വിറ്റുവെന്നായിരുന്നു അടുത്ത പ്രചരണം. അത് ശരിയോഎന്ന് ഞാൻ അന്വേഷിച്ചു. മാർ മാത്യു അറയ്ക്കലും ഫാരിസും ദീപിക ഡയറക്ടർ ബോർഡിൽ വരുന്നതിന് അനേകം മാസങ്ങൾക്കു മുമ്പ് സ്ഥലം വിൽക്കാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചതാണ്. ആ തീരുമാനം നടപ്പിലാക്കിയത് മാർ അറയ്ക്കൽ ചെയർമാനായിരുന്ന കാലത്താണ്. ഈ സത്യം പുറത്തുപറയാതെ പിൻവാതിലിൽ കൂടെ മാർ അറയ്ക്കലിനെ ആക്ഷേപിക്കാൻ കരുക്കൾ നീക്കിയത് അപലപനീയമാണ്. യഥാർത്ഥത്തിൽ സ്ഥലം വില്പനയ്ക്ക് അറയ്ക്കൽ പിതാവല്ല ഉത്തരവാദിയെന്ന് എനിക്കു ബോദ്ധ്യമായി.

## വി.ആർ.എസ്.

ദീപികയിലെ 200-ലധികം ജോലിക്കാരെ വി.ആർ.എസ്. എടുപ്പിച്ച് നിർബന്ധമായി പിരിച്ചുവിട്ടു. മാർ അറയ്ക്കൽ ഡയറക്ടർ ബോർഡിൽ വരുന്നതിന് ഏതാണ്ട് എട്ടുമാസം മുൻപാണ് ആ തീരുമാനം എടുത്തത്. വി.ആർ.എസ്. എടുപ്പിക്കുന്നതിന്റെ വിശദാംശങ്ങൾ തയ്യാറാക്കിയത് അന്നത്തെ ചീഫ് എഡിറ്ററുമായിരുന്നു. പക്ഷേ പ്രചരണം നടത്തിയത് മാർ അറയ്ക്കലാണ് വി.ആർ.എസ്. നടപ്പിലാക്കാൻ തീരുമാനിച്ചതെന്നാണ്. മാർ അറയ്ക്കൽ

ഡയറക്ടർ ബോർഡിൽ വരുന്നതിന് എത്രയോ മാസം മുൻപ് ആണ് ഈ തീരുമാനം എടുത്തതെന്നുള്ള വിവരം പുറത്തുപറയാതെ മാർ അറയ്ക്കലിന്റെ പേരിൽ കുറ്റം ചുമത്തിയവരുടെ മനസ്സാക്ഷി ഭയങ്കരം തന്നെ.

## ന്യൂസ് വേ

ദീപികയെ ജനങ്ങളുടെ മുൻപിൽ അപഹാസ്യമാക്കിയത് ന്യൂസ് വേ പദ്ധതിയാണ്. ദീപികയുടെ വരിക്കാർ ന്യൂസ് വേ, ദീപികയുടെ ഒരു പ്രോജക്ട് ആണെന്നാണ് ധരിച്ചത്. അടിസ്ഥാനപരമായി അത് ചൂതുകളിയിനത്തിൽപ്പെട്ട നിയമവിരുദ്ധമായ മണി ചെയിൻ പരിപാടിയായിരുന്നു. ദീപികയുടെ സത്പേരും ബ്രാൻഡും ഉപയോഗിച്ച് ഇങ്ങനെ ഒരു പരിപാടി ആസൂത്രണം ചെയ്തത് അധാർമ്മികമായിരുന്നു. ന്യൂസ് വേ പദ്ധതിക്കുവേണ്ടി ദീപിക പത്രത്തിൽ നല്കിയ പരസ്യങ്ങൾ ദീപിക വായനക്കാരെ ഈ പദ്ധതിയിൽ ചേർക്കുന്നതിന് പ്രേരിപ്പിച്ചു. ദീപികയും ന്യൂസ്വേയും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്ന് പിന്നീടാണറിയുന്നത്. ദീപിക കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആയ പ്പോൾ ന്യൂസ് വേയിലൂടെ അടിച്ചുമാറ്റിയ തുകയിൽ 50 ശതമാനം ദീപികക്കു നല്കിയിരുന്നുവെങ്കിൽ ദീപിക രക്ഷപെടുമായിരുന്നു. ഈ തട്ടിപ്പ് പ്രസ്ഥാന ത്തിന് ദീപിക നല്കിയ പരസ്യം എത്ര ലക്ഷം രൂപയ്ക്കുള്ളതായിരുന്നു. മാർ അറയ്ക്കൽ ദീപികയിൽ വരുന്നതിന് മുൻപാണ് ഈ നാടകം നടന്നത്. ന്യൂസ്വേ എന്ന കളിപ്പിക്കൽ പ്രസ്ഥാനത്തിൽ അകപ്പെട്ടവരെ സഹായി ക്കേണ്ടത് മാർ അറയ്ക്കലിന്റെ ബാദ്ധ്യതയായി.

മാർ അറയ്ക്കൽ ദീപികയിൽ വരുന്നതിന് മുമ്പാണ് ന്യൂസ്വേ പദ്ധതി നടന്നതെങ്കിലും അദ്ദേഹം ദീപിക ചെയർമാനായതിനുശേഷം ന്യൂസ് വേയിലൂടെ 50 കോടി രൂപാ മാർ അറയ്ക്കൽ തട്ടിയെടുത്തുവെന്ന് ഒരു പത്രത്തിൽ ലേഖനം വന്നു. ആ കള്ളപ്രചരണം നടത്തിയവരെപ്പറ്റി നമുക്ക് എന്തു പറയാനുണ്ട്?

ഈ ആരോപണങ്ങൾ സമൂഹമദ്ധ്യത്തിൽ ശക്തമായി പ്രചരിച്ചപ്പോൾ ഞാൻ എഴുതിയ ഒരു ചെറുപുസ്തകമാണ് സമുദായ സ്നേഹികളെ ഉണരുക യെന്നത്. ഈ പുസ്തകം പൊതുജനങ്ങളുടെയിടയിൽ വിറ്റിരുന്നുവെങ്കിൽ ആയിരക്കണക്കിന് കോപ്പികൾ വിറ്റഴിക്കാമായിരുന്നു. ഞാൻ അത് ശ്രമിച്ചില്ല. ഈ വിവരങ്ങൾ എല്ലാം കേരളത്തിലെ അഭിവന്ദ്യ പിതാക്കന്മാരെ അറിയിക്കു വാൻ മാത്രമാണ് ഞാൻ ശ്രമിച്ചത്. ദീപികയുടെ ഡയറക്ടർ ബോർഡ് മെമ്പർ മാർക്കും ഇതിന്റെ കോപ്പി കൊടുത്തു.

സത്യം ബന്ധപ്പെട്ടവരെയെങ്കിലും അറിയിക്കണമെന്ന ലക്ഷ്യത്തോടെ യാണ് ഞാൻ ഇതു ചെയ്തത്. മേൽ പറഞ്ഞ കാര്യങ്ങളിൽ തെറ്റുചെയ്യാത്ത മാർ അറയ്ക്കലിനെ ഇഞ്ച ചതയ്ക്കുന്നതുപോലെ ചില തല്പരകക്ഷികൾ ചതക്കുന്നത് ശരിയല്ലല്ലോയെന്ന ചിന്തയാണ് ഈ ഗ്രന്ഥ നിർമ്മിതിക്ക് എന്നെ പ്രേരിപ്പിച്ചത്. ഈ നിലപാട് വ്യക്തിപരമായി നഷ്ടമോ ലാഭമോ എന്ന് എന്നോട് ചോദിച്ചവരുണ്ട്. ലാഭനഷ്ടം നോക്കിയല്ല ഞാൻ എഴുതുന്നും പറയുന്നതും.

(പ്രസിദ്ധീകരണം 10.03.2012)

# 50. സമുദായസംഘടനകളുടെ നാൾവഴികൾ

വെറും 88 പേജുകൾ മാത്രമുള്ള ഒരു ഗ്രന്ഥമാണിത്. ഈ പുസ്തകത്തിന്റെ കോപ്പികൾ പൊതുവിതരണത്തിന് നല്കിയിട്ടില്ല. കേരളത്തിലെ അഭിവന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാർക്ക് മാത്രമാണ് നല്കിയത്. മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ജോർജ്ജ് ആലഞ്ചേരിക്കും മുൻ ലെയ്റ്റി കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലിനും 2014 നവംബർ 5-ാംതിയതിയും 8-ാം തീയതിയുമായി നൽകി. എന്റെ ഈ പുസ്തകത്തിലെ പ്രതിപാദ്യങ്ങളിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ ചൂണ്ടികാണിക്കണമെന്നും അതിനുശേഷം മാത്രമേ, ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ അടിക്കുകയുള്ളുവെന്നും ഞാൻ പറഞ്ഞിരുന്നു. യാതൊരു നിർദേശങ്ങളും തരാത്തതിനാൽ ഞാൻ അവ പൂർണ്ണമായി അച്ചടിച്ചു. സീറോ- മലബാർ സഭയിലെ എല്ലാ മെത്രാന്മാർക്കും ഇതിന്റെ കോപ്പി അയച്ചുകൊടുത്തു. ഒരു കത്തോടു കൂടി. കൂടാതെ എ.കെ.സി.സി. യുടെ ഡയറക്ടർ ഫാ.ജേക്കബ്ബ് പാലയ്ക്കാപ്പള്ളിയച്ചനും കെ.സി.എഫ്. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ.ജോസ് കോട്ടയിലിനും അയച്ചു കൊടുത്തു.

സമുദായസംഘടനകളുടെ നാൾ വഴികൾ എന്ന ഗ്രന്ഥം രചിക്കാൻ ഇടയായ കാര്യങ്ങൾ അല്പമൊന്ന് വിശദീകരിക്കട്ടെ. കത്തോലിക്കാകോൺഗ്രസ്സ് 1918-ൽ ആണ് സ്ഥാപിതമാകുന്നത്. അതിന് മുൻപ് കത്തോലിക്കാ ക്രിസ്തീയ മഹാജനസഭയും തിരുവിതാംകൂർ -കൊച്ചി സിറിയൻ കത്തോലിക്കാ അസോസിയേഷനും നസ്രാണിസംഘവും രൂപീകരിക്കുകയും ചെയ്തു. ആ സംഘടനക്കൊന്നും പിടിച്ചു നിൽക്കാൻ സാധിക്കാതെവന്നതിന്റെ കാരണം ഇപ്പോഴത്തെ മെത്രാന്മാരെ അറിയിക്കണമെന്ന ആഗ്രഹമാണ് ഈ ഗ്രന്ഥ രചനയ്ക്ക് പ്രേരിപ്പിച്ചത്. 1918-ൽ രൂപീകരിച്ച കത്തോലിക്കാ കോൺഗ്രസ്സ് നേരിടേണ്ടി വന്നിട്ടുള്ള പ്രതിസന്ധികളും അഭിവന്ദ്യപിതാക്കന്മാർ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.

കത്തോലിക്കാകോൺഗ്രസിന് 1947-ന് മുൻപ് ഒരു വലിയ ചരിത്രമുണ്ട്. അത് അവകാശ സംരക്ഷണ പോരാട്ടങ്ങളുടെ ചരിത്രമാണ്. 1947-ന് ശേഷം ഒരു പ്രതിരോധനിരയെന്ന നിലയിലാണ് കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തിച്ചത്. കത്തോലിക്കാകോൺഗ്രസ്സിന്റെ ഇക്കഴിഞ്ഞ 97 വർഷത്തെ പ്രവർത്തനങ്ങളപ്പറ്റി അറിയാവുന്ന ഒരു മെത്രാനും ഇന്നില്ലെന്നതാണ് സത്യം. അതറിയാവുന്ന വൈദികരും ഇന്നില്ല. അതുകൊണ്ട് അവർപൊതുവേദികളിൽ

പ്രസംഗിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ കത്തോലിക്കാകോൺഗ്രസ്സ് ഒന്നും ചെയ്തിട്ടില്ലെന്ന് വലിയ ആരോപണങ്ങൾ പരസ്യമായി പറയുക നിത്യസംഭവമായി. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനങ്ങളെപ്പറ്റി ഒന്നും അറിയാൻ പാടില്ലാത്ത കൊച്ചച്ചന്മാരെ കത്തോലിക്കാ കോൺഗ്രസ്സ് സ്പിരിച്വൽ ഡയറക്ടർമാരായി നിയമിച്ചു. കത്തോലിക്കാകോൺഗ്രസ്സിന്റെ കഴിഞ്ഞകാല ചരിത്രം അറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ ഒരു നിർജീവസംഘടനയായി കത്തോലിക്കാ കോൺഗ്രസ്സിനെ അവർ വിശേഷിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന് അദ്ധ്യാത്മികോപദേഷ്ടാവ് അല്ല ഡയറക്ടർ ആണ് വേണ്ടതെന്ന് അവർ പ്രചരണം നടത്തി. അതിനനുസരണമുള്ള ഭരണ ഘടനാ ഭേദഗതി അവതരിപ്പിച്ചു. ആ ഭേദഗതിയെ എതിർത്ത് ഞാൻ സംസാരിച്ചു. എന്റെ നിലപാടിനെ പ്രതിനിധി സഭാംഗങ്ങൾ പൂർണ്ണമായി പിന്താങ്ങി. എന്നാൽ ഭീഷണിപ്പെടുത്തി ആഭേദഗതി അംഗീകരിപ്പിച്ചു. അങ്ങനെ കത്തോലിക്കാ കോൺഗ്രസ്സ് ബിഷപ്പു ഡലഗേറ്റായ മാർ മാത്യു ആനിക്കുഴിക്കാട്ടിനെയും എ.കെ.സി.സി. ഭാരവാഹികളെയും സാക്ഷിനിർത്തി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കനക ജൂബിലി വർഷത്തിൽ ആദ്ധ്യാത്മികോപദേഷ്ടാവിനെ മാറ്റി ഡയറക്റ്ററെ നിയമിച്ചു. ഇത് ചരിത്രത്തിലെ കറുത്ത അദ്ധ്യായമാണെന്ന് ഭാവിചരിത്രകാരന്മാർ വിധിയെഴുതും. കത്തോലിക്കാ കോൺഗ്രസ്സിനെ ഒരു നോമിനേറ്റഡ് സംഘടനയാക്കി. അതിന്റെ ജനാധിപത്യസ്വഭാവം നഷ്ടപ്പെടുത്തി. വാർഷികയോഗങ്ങളിൽ വരവുചിലവു കണക്കുകൾ അവതരിപ്പിക്കുന്ന കീഴ്വഴക്കം കഴിഞ്ഞ 6 വർഷമായി നടന്നിട്ടില്ല. അതിനെപ്പറ്റിയൊന്നും ചിന്തിക്കാതെ- സംഘടനപ്രവർത്തനത്തിന്റെ അന്തഃസത്തയെ തകർക്കുന്ന നിത്യ സംഭവങ്ങൾക്ക് കൂട്ടുനിൽക്കുന്ന പിതാക്കന്മാരും പിതാക്കന്മാരെ സന്തോഷിപ്പിച്ച് വരവുചിലവു കണക്കുകൾ പോലും അവതരിപ്പിക്കാതെ മുന്നോട്ട് നീങ്ങുന്ന എ.കെ.സി.സി. ഭാരവാഹികളും എന്നെങ്കിലും സമുദായത്തിന്റെ മുൻപിൽ കണക്കുപറയേണ്ടിവരുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

കത്തോലിക്കാകോൺഗ്രസ്സ് ഒന്നും കഴിഞ്ഞ കാലങ്ങളിൽ ചെയ്തില്ലെന്ന് പറയുന്ന പിതാക്കന്മാരോട് ഒരു കാര്യം പറയട്ടെ 1891-ൽ തിരുവിതാംകൂർ മഹാ രാജാവിന് സമർപ്പിച്ച മലയാളി മെമ്മോറിയലിന് നേതൃത്വം നൽകിയത് നിധീരിക്കൽ മാണിക്കത്തനാരും അന്നത്തെ അൽമായ പ്രമുഖരും മറ്റു സമുദായനേതാക്കളുമായിരുന്നു. ആ മെമ്മോറിയൽകൊണ്ടു ഫലമുണ്ടായത് നായർ സമുദായത്തിനുമാത്രമായിരുന്നു. നായരേതരസമുദായങ്ങളെ ഇത് വല്ലാതെ വേദനിപ്പിച്ചു. ഈഴവർ ഒരു ഈഴവ മെമ്മോറിയൽ നൽകി അവരുടെ താല്പര്യം സംരക്ഷിക്കാൻ ശ്രമിച്ചു. കത്തോലിക്കർക്ക് ഈ വക കാര്യങ്ങൾ എല്ലാം നിർവ്വഹിക്കാൻവേണ്ടിയാണ് 1903-1905- ലും സമുദായ സംഘടനകൾ സ്ഥാപിച്ചത്. ആ സംഘടനകളെ നിരോധിച്ചുകൊണ്ട് മെത്രാൻ

കല്പന പുറപ്പെടുവിച്ചു. ഒരു മെമ്മോറാണ്ടം പോലും കൊടുക്കുവാൻ ഒരു സംഘടന സ്ഥാപിക്കുവാൻ മെത്രാന്മാർ സമ്മതിച്ചില്ല. പൗരസമത്വവാദ പ്രക്ഷോഭണം നടത്തുവാൻ കത്തോലിക്കർക്ക് ഒരു സംഘടനയില്ലായിരുന്നു. വർഷം തോറും നടന്നു വന്ന സാമൂഹ്യസമ്മേളനങ്ങൾ ഒരു സംഘടന സ്ഥാപിക്കാൻ ആഗ്രഹിച്ചെങ്കിലും മെത്രാന്മാരുടെ സമ്മതം ലഭിച്ചില്ല. 1918–ൽ സാമൂഹ്യ സമ്മേളന തീരുമാനമനുസരിച്ച് ഒരു ഭരണഘടന തയ്യാറാക്കി മാർ ളൂയിസ് പഴേപറമ്പിലിന്റെ പക്കൽ അംഗീകാരത്തിനായി സമർപ്പിച്ചു. അംഗീകാരം നൽകിയില്ല. പിന്നീട് രണ്ടു വ്യവസ്ഥകൾക്കുകീഴിൽ ഭരണഘടനക്ക് അംഗീകാരം പഴേപറമ്പിൽ തിരുമേനി നൽകി. രണ്ടു വ്യവസ്ഥകളിൽ ഒന്ന് സംഘടനയുടെ പ്രസിഡണ്ടായി എന്നെ തിരഞ്ഞെടുക്കണം രണ്ട് സഭാ സംബന്ധമായ കാര്യങ്ങളിൽ ഇടപെടരുത്. ഈ രണ്ടു വ്യവസ്ഥകളും അംഗീകരിച്ചു കൊണ്ടാണ് കത്തോലിക്ക കോൺഗ്രസ്സ് സ്ഥാപിതമാകുന്നത്.

കത്തോലിക്ക കോൺഗ്രസ്സ് എല്ലാസമുദായങ്ങളെയും കൂട്ടുപിടിച്ച് പൗരസമത്വവാദപ്രക്ഷോഭണം നടത്തി. സമരം വിജയിച്ചു. പക്ഷേ കത്തോലിക്കർക്ക് പ്രയോജനമുണ്ടായില്ല. യാക്കോബായ മാർത്തോമ്മാ വിഭാഗങ്ങൾക്ക് മാത്രമാണ് നേട്ടം. കത്തോലിക്കരെ പ്രത്യേകസമുദായമായി അംഗീകരിച്ചെങ്കിൽ മാത്രമേ കത്തോലിക്കർക്ക് രക്ഷയുള്ളുവെന്ന് കത്തോലിക്കാ കോൺഗ്രസ്സിന് ബോദ്ധ്യമായി. ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ ജഡ്ജിയായി നിയമിക്കുക- സർക്കാർ സർവ്വീസുകളിൽ ജനസംഖ്യാനുപാതിക പ്രാതിനിദ്ധ്യം ലഭിക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി കത്തോലിക്ക കോൺഗ്രസ്സ് മെമ്മോറാണ്ടം നൽകി. അതിൽ രണ്ടു മെമ്മോറിയൽ ഉൾപ്പെടുത്തി കാത്തലിക് ക്ലെയിംസ് എന്ന പേരിൽ ഒരു പുസ്തകം പ്രസദ്ധീകരിച്ചു. കത്തോലിക്കർ തിരുവിതാംകൂറിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ ലോകസമക്ഷം അവതരിപ്പിച്ചത് ഈ മെമ്മോറിയലുകളുടെ പ്രകാശനത്തോടുകൂടിയാണ്. പല അവശതകളും പരിഹരിക്കാൻ സാധിച്ചു. വീണ്ടും പലപ്രശ്നങ്ങൾ അവശേഷിച്ചു. ദേവാലയങ്ങളും സെമിത്തേരികളും സ്ഥാപിക്കുന്നതിനും വേണ്ടി നടത്തിയ സമരമായിരുന്നു കാത്തലിക് ഗ്രീവൻസസ്. തിരുവിതാംകൂറിൽ അന്നു 22 ഡിപ്പാർട്ടുമെന്റുകൾ ഉണ്ടായിരുന്നു. ഇവിടുത്തെ ജനസംഖ്യ ഉദ്ധരിച്ചു കൊണ്ട് കത്തോലിക്കർക്ക് അന്നു ലഭിച്ചിരുന്ന ഉദ്യോഗങ്ങൾ പരസ്യപ്പെടുത്തി ഇനി ലഭിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് നൽകിയ നിവേദനമായിരുന്നു കാത്തലിക് ഗ്രീവൻസസ്. തുടർന്ന് 1933–ൽ ആരംഭിച്ച നിവർത്തന പ്രക്ഷോഭണത്തിന് മുഖ്യ നേതൃത്വം നൽകി. നിവർത്തനപ്രക്ഷോഭണാനന്തരം നടന്ന ഉത്തരവദഭരണ പ്രക്ഷോഭണത്തിലും കത്തോലിക്കർ നിർണ്ണായക പങ്കുവഹിച്ചു. ഈ കാലഘട്ടങ്ങളിൽ ഏതാണ്ട് രണ്ടുദശാബ്ദക്കാലം കത്തോലിക്ക കോൺഗ്രസ്സ് കത്തോലിക്കരുടെ അവകാശ സംരക്ഷണത്തിനു വേണ്ടി നടത്തിയ പോരാട്ടം ഇന്നത്തെ

മെത്രാന്മാർക്ക് അറിയില്ല. അതുകൊണ്ടാണ് തുടരെതുടരെ എ.കെ.സി.സി. സേവനങ്ങളെ തള്ളി പറയുന്നത്. ആ വസ്തുത മെത്രാന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് സമുദായ സംഘടനകളുടെ നാൾ വഴികൾ മെത്രാന്മാർക്കു നൽകുന്നതിനായി പ്രസദ്ധീകരിച്ചത്. ഒരു കാര്യം കൂടി പറയട്ടെ, ഈ സമരങ്ങളിൽ ഒന്നും ഹൈരാർക്കിയുടെ ഭാഗങ്ങളിൽ നിന്നും യാതൊരു പിന്തുണയും കത്തോലിക്ക കോൺഗ്രസ്സിന് ലഭിച്ചിട്ടില്ല. അതുകൊണ്ടായിരിക്കും എ.കെ.സി.സിയുടെ പ്രവർത്തനങ്ങളെ പിതാക്കന്മാർ തമസ്കരിച്ച് സംസാരിക്കുന്നത്.

പിതാക്കന്മാർ, കത്തോലിക്ക കോൺഗ്രസ്സ് നടത്തിയ സമരങ്ങളിൽ വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളോട് മാത്രമാണ് സഹകരിച്ചിട്ടുള്ളത്. ഈ കാര്യങ്ങൾ ഒന്ന് ക്രോഡീകരിച്ച് പിതാക്കന്മാർക്ക് സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പുസ്തകം തയ്യാറാക്കിയത്. പല സന്ദർഭങ്ങളിലും അഭിവന്ദ്യ പിതാക്കന്മാരുടെ സമീപനം കത്തോലിക്ക കോൺഗ്രസ്സിനെ അപഹാസ്യപ്പെടുത്തുന്നതായിരുന്നുവെന്ന് ഞാൻ സൂചിപ്പിച്ചിട്ടുള്ളത്. ഇതെല്ലാം പിതാക്കന്മാർ അറിയേണ്ടകാര്യങ്ങളാണ്.

(പ്രസിദ്ധീകരണം 05.11.2014)

## സാഹിത്യകാരനായ വഴി- പ്രൊഫ. ഡോ.കെ.വി. ജോസഫ്

ശ്രീ. കച്ചിറമറ്റം സാഹിത്യകാരനായ വഴി ഓർക്കുമ്പോൾ ആഖ്യായികാകാരനായ ചന്തുമേനോന്റെ കഥയാണ് കൺമുന്നിൽ വരുന്നത്. ഭാര്യയ്ക്ക് വായിക്കാൻ വേണ്ടി ഹെന്റീറ്റാ ടെംപിളിന്റെ കഥ മലയാളത്തിൽ എഴുതി കൊടുക്കുവാൻ ശ്രമിച്ചിട്ട് അദ്ദേഹം നോവൽ രചനയിലേക്ക് വഴുതി വീഴുകയായിരുന്നു എങ്കിലും നോവൽ രംഗത്തെ അതികായകനായി തീരുകയും ചെയ്തു. അതുപോലെ സമുദായപ്രവർത്തകനായ ശ്രീ. കച്ചിറമറ്റം തന്നെപ്പോലുള്ളവരുടെ ചരിത്രമെഴുതി സമുദായസമക്ഷം സമർപ്പിക്കാനുള്ള ശ്രമത്തിൽ നല്ലൊരു ചരിത്രപഠിതാവും വലിയ ഒരു എഴുത്തുകാരനുമായിത്തീർന്നു. ബോധപൂർവ്വകമായ പ്രയത്നം കൊണ്ടല്ലാതെതന്നെ ജന്മായത്തമായ പ്രതിഭയുടെ ബലത്തിൽ ഉജ്ജ്വലമായ ഗദ്യം രചിക്കുന്നതിനുള്ള വൈഭവം അദ്ദേഹം സ്വായത്തമാക്കി. നിരന്തരമായ രചന കാരണം ശ്രീ. കച്ചിറമറ്റത്തിന്റെ ഭാഷ അതിപ്രൗഢമായിത്തീരുന്നതിന്റെ അനേകം ഉദാഹരണങ്ങൾ ഈ കൃതിയിൽ നമുക്ക് കണ്ടെത്താൻ കഴിയും.

(ശ്രീ. കച്ചിറമറ്റത്തിന്റെ ഗുരുനാഥനായ പ്രൊഫ. കെ.വി. ജോസഫ് കേരളസഭാരത്നങ്ങൾ എന്ന ഗ്രന്ഥത്തിന് എഴുതിയ അഭിവാദനത്തിൽ നിന്ന്)

# 51. പുനരൈക്യസ്മരണാകിരണങ്ങൾ - ഒരു പഠനം

പുനരൈക്യ പ്രസ്ഥാനം സഭാചരിത്രത്തിലെ ഒരു മഹാസംഭവമാണ്. 1930-ൽ നടന്ന ആ മഹാസംഭവം ലോകപ്രസിദ്ധമായിരുന്നു. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ അവർ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ വർണ്ണനാതീതമാണ്. പുനരൈക്യം ലക്ഷ്യമാക്കി മാർ കരിയാറ്റിയോട് ഒത്ത് പ്രവർത്തിച്ച പാറേമ്മാക്കൽ ഗോവർണ്ണദോറച്ചൻ രാമപുരം ഇടവകക്കാരനായിരുന്നു. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ സീറോ-മലബാർ സമുദായാംഗങ്ങൾ അതിന്റെ വളർച്ചക്കുവേണ്ടി വിലപ്പെട്ട സേവനങ്ങൾ നടത്തിയിട്ടുണ്ട്. അകൂട്ടത്തിൽ ഒരു പ്രമുഖനായിരുന്നു എന്റെ പിതൃസഹോദരൻ മോൺ. ജോൺ കച്ചിറമറ്റം. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നു പലരും മലങ്കര റീത്തിൽ ചേർന്ന് സേവനം അനുഷ്ഠിച്ചു. മോൺ കച്ചിറമറ്റം തിരുവല്ലാരൂപതക്കുവേണ്ടി 1938-ൽ പൗരോഹിത്യം സ്വീകരിച്ചു. പിന്നീട് രൂപതക്കുവേണ്ടി വിവിധനിലകളിൽ പ്രവർത്തിച്ചു. വിദ്യാഭ്യാസരംഗത്തായിരുന്നു പ്രധാന പങ്ക്.

പുനരൈക്യത്തിന്റെ 20-ാം വർഷിക സമയത്ത് മോൺ ജോൺ കച്ചിറമറ്റം തിരുവല്ലാ അരമനയിൽ താമസിച്ചു കൊണ്ട് ഇരുവള്ളിപ്രാസ്കൂളിൽ പ്രധാനാദ്ധ്യാപകനായി സേവനമനുഷ്ടിച്ചു വന്നു. അന്ന് പുനരൈക്യ പ്രസ്ഥാനത്തിന്റെ 20-ാം വർഷികത്തോടനുബന്ധിച്ച് പുനരൈക്യസ്മരണാകിരണങ്ങൾ എന്ന പേരിൽ ഒരു സ്മരണിക പ്രകാശനം ചെയ്തു.

മലങ്കരസഭയുടെ പല സമ്മേളനങ്ങളിലും പങ്കെടുക്കുമ്പോൾ പുനരൈക്യസ്മരണാകിരണങ്ങളെപ്പറ്റി പ്രശംസിച്ച് പലരും സംസാരിക്കുന്നതും ആ സ്മരണികയിലെ പല കാര്യങ്ങളും ഉദ്ധരിക്കുന്നതും കേൾക്കാനിടയായിട്ടുണ്ട്. ഏതാനും മാസങ്ങൾക്ക് മുൻപ് എന്റെ സുഹൃത്ത് ഗ്രന്ഥകാരനും ചരിത്രകാരനും സഭാസ്നേഹിയുമായ ജോമി തോമസ് കലയപുരം പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തിന്റെ മുഴുവൻ ഭാഗവും ഫോട്ടോസ്റ്റാറ്റ് എടുത്ത് എനിക്കയച്ചു തന്നു. അപ്പോഴാണ് ഈ ഗ്രന്ഥം പൂർണ്ണമായും ഞാൻ കാണുന്നത്.

പുനരൈക്യ സ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം തയ്യാറാക്കിയത് മോൺ ജോൺ കച്ചിറമറ്റമാണെന്ന് പറഞ്ഞ് അദ്ദേഹത്തെ പ്രശംസിക്കുന്നത് കേട്ടിട്ടുണ്ട്. ഈ സ്മരണിക പ്രകാശനം ചെയ്ത് 8 വർഷങ്ങൾക്കു ശേഷം അദ്ദേഹം ദിവംഗതനായി.

പഴയ കാലഘട്ടത്തെ അനുസ്മരിക്കുന്നതിനും നമ്മുടെ പൂർവ്വികർ നട

ത്തിയ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാക്കുന്നതിനും ഇത് സഹായിക്കും.

## അവതാരിക- കാർഡിനൽ മാർ ക്ലീമീസ് കത്തോലിക്കാ

തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ. ജോൺ കച്ചിറമറ്റമാണ് പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ശിൽപി. പുനരൈക്യ സ്മരണാകിരണങ്ങൾ ഒരു പഠനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത് മോൺ. ജോൺ കച്ചിറമറ്റത്തിന്റെ സഹോദരപുത്രൻ ശ്രീ. ജോൺ കച്ചിറമറ്റമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയെപ്പറ്റിയും സഭയിലെ പ്രമുഖനേതാക്കളെപ്പറ്റിയും നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിച്ച ശ്രീ. ജോൺ കച്ചിറമറ്റം ഈ ഗ്രന്ഥത്തിന്റെ പുനപ്രസിദ്ധീകരണം വഴി ചെയ്യുന്ന സേവനം വിലപ്പെട്ടതാണ്.

ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ മഹാത്മജിയോടും ജവഹർലാൽ നെഹ്റുവിനോടും മോത്തിലാൽ നെഹ്റുവിനോടും ഒപ്പം നിന്ന് പ്രവർത്തിച്ച മലങ്കര സഭയുടെ അഭിമാനമായ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ സംഭവബഹുലമായ ജീവിതം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചത് ജോൺ കച്ചിറമറ്റമാണ്. തിരുവിതാംകൂർ രാഷ്ട്രീയത്തിലെ അതികായനായ സ്വാതന്ത്ര്യ സമരസേനാനി എം.എം. വർക്കി മലങ്കര സഭയുടെ ഒരു ശ്രേഷ്ഠപുത്രനാണ്. തിരുവിതാംകൂറിൽ പൗരസമത്വ പ്രക്ഷോഭണത്തിനുശേഷം നടന്ന എല്ലാ ജനകീയ പ്രക്ഷോഭണങ്ങളുടേയും മുന്നണിപ്പോരാളിയായിരുന്നു ശ്രീ. വർക്കി. ദാസൻ വർക്കി എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്. ആ സാമൂഹ്യ വിപ്ലവകാരിയുടെ ജീവചരിത്രം രചിച്ചതും ശ്രീ. ജോൺ കച്ചിറമറ്റം തന്നെ. ഈ രണ്ടു ഗ്രന്ഥങ്ങളും പ്രകാശനം ചെയ്തത് പുനരൈക്യ വാർഷിക സമ്മേളനത്തിൽ വച്ചാണ് എന്നത് പ്രത്യേകം എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

പുനരൈക്യ സ്മരണാ കിരണങ്ങൾ - ഒരു പഠനം പ്രകാശനം ചെയ്യുവാൻ ഇരുവള്ളിപ്രായിൽ നടക്കുന്ന പുനരൈക്യ വാർഷികവേദി തന്നെ തിരഞ്ഞെടുക്കപ്പെട്ടതിൽ സന്തോഷമുണ്ട്.

1950-ലാണ് പുനരൈക്യ സ്മരണാകിരണങ്ങൾ പ്രകാശനം ചെയ്തത്. 1950 മലങ്കര സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന വർഷമാണ്. പുനരൈക്യത്തിന്റെ 20-ാം വാർഷികം മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി, മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ബഥനി സന്യാസിനീ സഭയുടെ സ്ഥാപനത്തിന്റെ രജതജൂബിലി, തിരുവല്ലാ രൂപതയുടെ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ റോമാ സന്ദർശനം, സാർവ്വത്രികസഭ പ്രഖ്യാപിച്ച വിശുദ്ധ വർഷാചരണം തുടങ്ങി പല സുപ്രധാന സംഭവങ്ങളുടെ സ്മരണികയാണ് പുനരൈക്യ സ്മരണാകിരണങ്ങൾ.

## ആശംസ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്

സഭയുടെ സംഭാവനകൾ പൊതു സമൂഹത്തിൽ തമസ്കരിക്കാനുള്ള കുത്സിത ശ്രമങ്ങൾ നടക്കുമ്പോൾ അവയെ ആർജ്ജവത്തോടെ സുമനസുകളുടെ മുമ്പിൽ എത്തിക്കുന്നതിന് ശ്രീ. ജോൺ സാറിന്റെ നാവിനും തൂലികയ്ക്കും എന്നും കഴിഞ്ഞിട്ടുണ്ട് എന്ന യാഥാർത്ഥ്യം സന്തോഷ സമേതം ഇവിടെ രേഖപ്പെടുത്തുന്നു. ഈ വലിയ സഭാസ്നേഹി പൊതു താല്പര്യങ്ങളുടെ കാവൽക്കാരൻ, മറവിയുടെ മാറാപ്പിൽ നിന്നും മഹാരഥന്മാരെകണ്ടെത്തുന്ന ചരിത്രബോധമുള്ള അന്വേഷകൻ, വാക്കിലും പ്രവർത്തിയിലും അകലങ്ങളില്ലാത്ത സാത്വികൻ. ഈ നിലകളിലെല്ലാം എന്റെ ഗുരുസ്ഥാനീയനായ ജോൺ സാറിന്റെ ഈ മഹത്തായ ഉദ്യമത്തിന് ഒരായിരം ആശംസകൾ നേർന്നകൊണ്ടും, ഈ സ്മരണികയിലെ പരാമർശങ്ങൾ ഒരു കാലഘട്ടത്തിന്റെ ഇരുണ്ട അനുഭവങ്ങളാണെന്നും അവയെ മറന്ന് യേശു സ്നേഹത്തിൽ മാത്രം കൈകോർത്ത് ഒരു പുതിയ നാളയെ സൃഷ്ടിക്കുവാൻ സഭൈക്യത്തിന്റെ ശംഖുനാദം മുഴക്കുവാൻ എല്ലാവരും തങ്ങളുടെ സുരക്ഷിത തീരങ്ങൾ വീണ്ടുവിചാരണ ചെയ്യണമെന്നും സവിനയം ഓർമ്മിപ്പിച്ചുകൊണ്ടും ജോൺ കച്ചിറമറ്റം രചിച്ച 50-ാമത്തെ ഗ്രന്ഥം പുനരൈക്യ വാർഷികത്തിൽ വച്ച് പ്രകാശനം ചെയ്യുന്നതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു. എല്ലാ ആശംസകളും നേരുന്നു.

## വിലയിരുത്തൽ - ജോമി തോമസ് കലയപുരം

"അറുപത്തഞ്ചാണ്ടുകൾ പിന്നിട്ടിട്ടും ഈ ഗ്രന്ഥം ചർച്ച ചെയ്യുന്ന കാര്യങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ജീവരക്തമായി കരുതുന്ന ഓരോ വിശ്വാസിയും പാഠപുസ്തകം പോലെ വായിക്കേണ്ട ഒരു ചരിത്ര ഗ്രന്ഥമാണിത്. തിരുവല്ല അതിരൂപതയുടെ ആർക്കൈവ്സിൽ നിന്നും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സെക്രട്ടറി പദം വഹിക്കുന്ന വേളയിൽ എനിക്ക് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ അനുവാദത്തോടെ ഈ വിലപ്പെട്ട ഗ്രന്ഥത്തിന്റെ പഴയ കോപ്പി കണ്ടെടുക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ ഗ്രന്ഥം പുനപ്രസിദ്ധീകരിക്കാൻ സന്മനസ്സുകാട്ടിയ ബഹു. ജോൺ കച്ചിറമറ്റം സാറും ഇക്കാര്യത്തിൽ അഭിനന്ദനം അർഹിക്കുന്നു."

ഈ ഗ്രന്ഥത്തിന് അനുബന്ധമായി ഫാ.ജോർജ് തേക്കടിയുടെ ഒരു പഠനവും കൂടിചേർത്തിട്ടുണ്ട്. പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം തയ്യാറാക്കിയത് മോൺ ജോൺ കച്ചിറമറ്റമാണന്ന് നേരത്തെ പറഞ്ഞിരുന്നല്ലോ. മോൺ കച്ചിറമറ്റത്തിന്റെ ലഘുജീവചരിത്രവും അദേഹത്തെപ്പറ്റി സുഹൃത്തുകളും സഹപ്രവർത്തകരും എഴുതിയ ലേഖനങ്ങളും ഈ പുസ്തകത്തിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(പ്രസിദ്ധീകരണം 20.09.2015)

# 52. പ്രതികരണങ്ങൾ

ഞാൻ രചിച്ച 50 ഗ്രന്ഥങ്ങളെപ്പറ്റിയും അവ രചിക്കുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങളെപ്പറ്റിയും എന്റെ പുസ്തകങ്ങളോട് സമൂഹം എങ്ങനെ പ്രതികരിച്ചുവെന്നതിനെപ്പറ്റിയും രേഖപ്പെടുത്തുവാനാണ് ഈ അദ്ധ്യായത്തിൽ ഉദ്ദേശിക്കുന്നത്. ചരിത്രത്തോട് വലിയ താല്പര്യമില്ലാത്തവരാണല്ലോ നമ്മളിൽ പലരും അതേ കാരണത്താൽ എന്റെ പുസ്തകത്തിന് വലിയ സ്വീകാര്യത ലഭിക്കുകയില്ലന്നു അറിഞ്ഞു കൊണ്ടു തന്നെയാണ് ഞാൻ ഈ രചനകൾ നടത്തിയത്.

നമ്മുടെ പല കത്തോലിക്കാപ്രസദ്ധീകരണങ്ങളിലും വന്നിട്ടുള്ള തെറ്റായ കാര്യങ്ങളെ വിമർശിച്ചുകൊണ്ട് എഴുതിയ ഗ്രന്ഥങ്ങളും ഈ കൂട്ടത്തിൽ ഉണ്ട്. സത്യമാണ് പറഞ്ഞതെങ്കിലും ആ വിമർശനം വേണമായിരുന്നോ എന്ന് ചോദിച്ചവരുമുണ്ട്. ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കിയല്ല ചരിത്രം എഴുതേണ്ടത് എന്ന് ബോദ്ധ്യം എനിക്കുണ്ട് ഞാൻ എഴുതിയ കാര്യങ്ങളെ വിമർശിക്കുന്നവർ ധാരാളം ഉണ്ട്. അതിൽ എനിക്ക് പരാതിയോ പരിഭവമോയില്ല പ്രീതി നോക്കാതെയും പേടി കൂടാതെയും ഞാൻ എഴുതുകയാണ് ചെയ്തത്. എന്റെ നിലപാടിനോട് യോജിച്ചവരും ഉണ്ടെന്ന് പറയുവാൻ ആഗ്രഹിക്കുന്നു. ന്യൂനപക്ഷമാണെങ്കിലും.

## ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

2000 ലാണ് എന്റെ പ്രഥമ ഗ്രന്ഥം ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും (അതിന് മുൻപ് യാദൃശ്ചികമായി മൂന്നു ഗ്രന്ഥങ്ങൾ രചിച്ചത് ഞാൻ വിസ്മരിക്കുന്നില്ല) പ്രസദ്ധീകരിക്കുന്നത്. ഞാൻ അതിന്റെ ഒരു കോപ്പിയുമായി അന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ ആയിരുന്ന മാർ ജോസഫ് പവ്വത്തിൽ പിതാവിനെ സന്ദർശിച്ചു കൊടുത്തു. ആ പുസ്തകത്തിന്റെ 20 കോപ്പികൾ അയച്ചു തരുവൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ഞാൻ രചിച്ച കേരളസഭാരത്നങ്ങൾ എന്ന ഗ്രന്ഥം പ്രകാശനം ചെയ്തത് പവ്വത്തിൽ തിരുമേനിയാണ്. 1200 ഓളം പേജുകളുള്ള ആഗ്രന്ഥത്തിന്റെ 50 കോപ്പികൾ ഓർഡർ ചെയ്യുകയും പ്രകാശനചടങ്ങിന്റെ അവസാനം വരെ 3 മണിക്കൂർ യോഗത്തിൽ സന്നിഹിതനാവുകയും ചെയ്തു. ഞാൻ എ.കെ.സി.സി. പ്രസിഡന്റായിരുന്ന കാലത്ത് കത്തോലിക്കാ വിദ്യാഭ്യാസ സമരചരിത്രം സ്പെഷ്യൽ ഇറക്കി. അതിന്റെ 500 കോപ്പികൾ വാങ്ങി പവ്വത്തിൽ പിതാവ് വിതരണം ചെയ്തു. അതിന് രണ്ടാമതൊരു പതിപ്പ് വേണ്ടി വന്നു. 1458 പേജുകൾ ഉള്ള കേരള സഭാപ്രതിഭകൾ എന്നഗ്രന്ഥത്തിന്റെ 15 കോപ്പികളും നായർ ഈഴവ ഐക്യം

എന്ന ഗ്രന്ഥത്തിന്റെ 75 കോപ്പികളും വാങ്ങി. എന്റെ മറ്റുപലഗ്രന്ഥങ്ങളുടെയും ഏതാനും കോപ്പികളും തിരുമേനി വാങ്ങിയിട്ടുണ്ട്. ഇതിനൊക്കെയപ്പുറം എന്നെപ്പറ്റി അദ്ദേഹം പറഞ്ഞ നല്ലവാക്കുകൾ ഞാൻ എന്നും സ്മരിക്കുന്നു. കേരള വികസനവും ക്രൈസ്തവസംഭാവനകളും എന്ന ഒരു ഗ്രന്ഥത്തിന് പവ്വത്തിൽ പിതാവ് എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു."ചരിത്രം വിശദമായി പഠിച്ച് പ്രസദ്ധീകരിക്കുന്ന ചരിത്രകാരന്മാർ ക്രൈസ്തവരുടെയിടയിൽ കുറവാണെന്നു പറയാം. സഭാചരിത്രരചനാരംഗത്ത് ബഹു. സേവ്യർ കൂടപ്പുഴ, ബഹു. മുണ്ടാടൻ സി.എം.ഐ. തുടങ്ങി ഏതാനും പേരെ മാത്രമേ ചൂണ്ടിക്കാട്ടാനുള്ളൂ. അവരാകട്ടെ ക്രൈസ്തവരുടെ സമൂഹ്യസാമ്പത്തിക സംസ്കാരിക രംഗത്തെ സംഭാവനകളും ചരിത്രവും അധികം കണക്കിലെടുത്തിട്ടില്ല. ഈ രംഗത്ത് കുറെയെങ്കിലും ചെയ്യുന്നത് ജോൺ കച്ചിറമറ്റം മാത്രമാണെന്ന് പറയാം"

പവ്വത്തിൽ പിതാവിന്റെ ഈ വാക്കുകളിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്റെ പുസ്തകത്തിന് എഴുതിയ അവതാരികയിലല്ല മറ്റൊരു പുസ്തകത്തിന് എഴുതിയ അവതാരികയിൽ ആണ് എന്നെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയത് എന്ന വസ്തുത എനിക്ക് അഭിമാനകരമാണ്. പവ്വത്തിൽ പിതാവിന്റെ മുൻപിൽ ഏത് അഭിപ്രായവും തുറന്നുപറയാം വളച്ചുകെട്ടില്ലാതെ അതിനോട് തിരുമേനിപ്രതികരിക്കും തുറന്ന് പറയുന്നതിന്റെ പേരിൽ അദ്ദേഹം ഒരിക്കലും ആരോടും വെറുപ്പുകാട്ടുകയുമില്ല.

## മാർ ജോർജ് ആലഞ്ചേരി, മോൺഫെർഡിനാന്റ് കായാവിൽ ഫാ.ജോസഫ് പുത്തൻകുളം

പവ്വത്തിൽ പിതാവിന് ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും കൊടുത്തിട്ട് ഞാൻ അന്ന് വൈകിട്ട് വീട്ടിൽ എത്തിയപ്പോൾ തക്കല ബിഷപ്പു മാർ ജോർ ആലഞ്ചേരിയും പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനായ കൊല്ലം രൂപതയിലെ മോൺ ഫെർഡിനാന്റ് കായാവിലും 10 പുസ്തകങ്ങൾ വീതം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ വന്നിരിക്കുന്നു. അന്നുരാത്രി 10 മണിയായപ്പോൾ കോതമംഗലം രൂപതയിൽ നിന്നും ഫാ. ജോസഫ് പുത്തൻകുളം 10 കോപ്പികൾ അയച്ചുതരണമെന്ന് ഫോണിൽ വിളിച്ചു പറഞ്ഞു ഇതൊക്കെ എനിക്ക് സന്തോഷത്തിന് വക നൽകി. മോൺ ഫെർഡിനാന്റ് കായാവിൽ എന്റെ പല പുസ്തകങ്ങളുടെയും ഒന്നിലധികം കോപ്പികൾ വിലക്കുവാങ്ങിയിട്ടുണ്ട്. എന്റെ സപ്തതി കോട്ടയത്തുവച്ച് എന്റെ സുഹൃത്തുക്കൾ ആഘോഷിച്ചപ്പോൾ മോൺ ഫെർഡിനാന്റ് കായാവിൻ ഏതാനും സുഹൃത്തുക്കളെ കൂട്ടിക്കൊണ്ട് കോട്ടയത്തെത്തുകയും എന്റെ പുസ്തപ്രകാശന ചിലവുകൾക്കായി ഒരു തുക തരികയും ചെയ്തു. സപ്തതിയഘോഷ വാർത്ത പത്രത്തിൽ കണ്ടാണ് അദേഹം വന്നത്. ഇതിന് എങ്ങനെയാണ് നന്ദിപറയേണ്ടത് എനിക്കുവാക്കുകൾ ഇല്ല.

ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിന്റെ കോപ്പികൾ വാങ്ങിയ പുത്തൻ കുളത്തച്ചൻ ക്രൈസ്തവ വിദ്യാഭ്യാസ സമരചരിത്രത്തിന്റെ 100 കോപ്പികൾ വാങ്ങി. അദ്ദേഹം അകാലത്തിൽ നിര്യാതനായി. എന്റെ ആത്മ സുഹൃത്തായ അദ്ദേഹത്തിന്റെ മരണം എന്നെ വല്ലാതെ വിഷമിപ്പിച്ചു.

## മേജർ ആർച്ച് ബിഷപ്പ് മാർ കാർഡിനൽ ബസേലിയോസ് മാർ ക്ലിമിസ് കാതോലിക്ക ബാവ

ഞാൻ രചിച്ച എം.എം.വർക്കിയുടെയും ബാരിസ്റ്റർ ജോർജ് ജോസഫി ന്റെയും ജീവചരിത്രഗ്രന്ഥങ്ങളും പുനരൈക്യസ്മരണാകിരണങ്ങൾ ഒരു പഠനം എന്ന ഗ്രന്ഥവും പ്രകാശനം ചെയ്തത് കാർഡിനൽ ബസേലിയാസ് മാർക്ലിമീസ് കത്തോലിക്കാ ബാവായാണ്. ശ്രീ.വർക്കിയുടെ ജീവചരിത്രഗ്രന്ഥം രചിക്കുന്നതിന് വലിയ സഹായം ബാവാ തിരുമേനി നൽകുകയും ചെയ്തു. അവയെല്ലാം ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

എന്റെ ആദ്യകാലഗ്രന്ഥങ്ങളിൽ പലതും കേരളത്തിലെ ബിഷപ്പുമാ രിൽ പലരും വാങ്ങിയിട്ടുണ്ട്. പിന്നീട് ഇറക്കിയ ഗ്രന്ഥങ്ങളെപ്പറ്റി ആരെയും അറിയിക്കാൻ സാധിച്ചില്ല. എന്നാൽ മെത്രാന്മാർക്കു പുറമേ പല വൈദികരും അൽമായരും ആദ്യകാലഗ്രന്ഥങ്ങൾ വാങ്ങിച്ചിട്ടുണ്ട്. അതുകൊണ്ട് മൊത്തം ചിലവായ തുകയുടെ 20 ശതമാനം പോലും ലഭിച്ചില്ലെന്നതാണ് പരമാർത്ഥം.

ഈ സാഹചര്യത്തിലാണ് എന്റെ 50 പുസ്തകങ്ങളുടെ ലിസ്റ്റും അവ യുടെ വിലയും കാണിച്ച് കേരളത്തിലെ മെത്രാന്മാർക്കും കത്തോലിക്കാ സെമി നാരിയധികൃതർക്കും കോളേജ്, ആശുപത്രി അധികൃതർക്കും പ്രൊവിൻഷ്യൽ അധികാരികൾക്കുമായി ഞാൻ 387 പേർക്ക് കത്തയച്ചു. 10 ശതമാനം ആളുക ളെങ്കിലും പ്രതികരിക്കുമെന്ന് ഞാൻ പ്രതിക്ഷിച്ചിരുന്നു. അത് 3 ശതമാനമായി കുറഞ്ഞു. ആകെ 11 പേർ എന്റെ കത്തിനോട് പ്രതികരിച്ചു ചിലർ പൂർണ്ണ മായി ഒരു സെറ്റ് വാങ്ങി. മറ്റുചിലർ ഏതാനും പുസ്തകങ്ങൾ മാത്രം. ഏതാ യാലും എല്ലാവരെയും വിവരം അറിയിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. പതിനൊന്ന് പേരുടെ പ്രതികരണം മാത്രം ലഭിച്ചെങ്കിലും എനിക്ക് യാതൊരു ദുഃഖവുമില്ല. കർത്താവ് എന്നെ ഉള്ളം കൈയിലെടുത്ത് വച്ചിട്ടുണ്ടെന്നും അപ്ര തീക്ഷിതമായി എന്നെ സഹായിക്കുമെന്നും എനിക്ക് ബോധ്യമുണ്ട്.

## മാർ ആനിക്കുഴിക്കാട്ടിൽ

ഒരു ദിവസം ഇടുക്കി രൂപതയിലെ കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്ത കരെ ഞാൻ എറണാകുളത്ത് പി.ഒ.സി.യിൽ വച്ച് കണ്ടു. അവർ പറഞ്ഞു. കച്ചി റമറ്റം സാറിന്റെ ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും, കേരളസഭാരത്ന ങ്ങൾ, ഇലഞ്ഞിക്കൽ ഷെവ. തര്യതു കുഞ്ഞിതൊമ്മൻ എന്നീ ഗ്രന്ഥങ്ങൾ ഞങ്ങളുടെ കൈയ്യിൽ ഉണ്ട് എന്നു പറഞ്ഞു. എവിടെ നിന്നുലഭിച്ചുവെന്ന് ഞാൻ ചോദിച്ചു. ആനിക്കുഴിക്കാട്ടിൽ പിതാവ് സാറിനോട് വാങ്ങിച്ച പുസ്ത

കങ്ങൾ എല്ലാം എ.കെ.സി.സി.പ്രവർത്തകർക്കു നല്കുകയായിരുന്നുവെന്ന് പറഞ്ഞു. പല ഗ്രന്ഥങ്ങളും ആനിക്കുഴിക്കാട്ടിൽ പിതാവ് വാങ്ങിയിട്ടുണ്ട്.

## മാർ ജോസഫ് കല്ലറങ്ങാട്ട്

മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് എന്റെ പല പുസ്തകങ്ങളുടെയും നിരവധി കോപ്പികൾ വാങ്ങിയിട്ടുണ്ട്. അതുപോലെ തന്നെ കല്ലറങ്ങാട്ടുപിതാവും. ഒരു ദിവസം ഞാൻ അരമനയിൽ ഒരു യോഗത്തിൽ പങ്കെടുക്കാൻ ചെന്നപ്പോൾ എന്റെ കത്തുകിട്ടിയിരുന്നുവെന്നും കുറേ പുസ്തകങ്ങൾ എനിക്കുവേണമെന്നും പറഞ്ഞു. ദൈവത്തിന്റെ അദൃശ്യകരങ്ങൾ എന്റെ മേൽ നീളുന്നുവെന്ന് ഞാൻ മനസ്സിലാക്കി. കേരളസഭാ പ്രതിഭകൾ എന്ന ഗ്രന്ഥത്തിന്റെ 15 കോപ്പികളും അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ 75 കോപ്പികൾ വീതവും സത്യത്തിന് നേരേ കണ്ണടയ്ക്കരുത് എന്ന ഗ്രന്ഥത്തിന്റെ 250 കോപ്പികളും ഇടിമുഴക്കം കേട്ടതെപ്പോൾ എന്ന ഗ്രന്ഥത്തിന്റെ 100 കോപ്പികളും കല്ലറങ്ങാട്ട് പിതാവ് വാങ്ങി സഹായിച്ചിട്ടുണ്ട്.

## മാർ ജോസഫ് പെരുന്തോട്ടം

കല്ലറങ്ങാട്ട് പിതാവിനെ കണ്ടതിനുശേഷം ഞാൻ വീട്ടിൽ എത്തിയപ്പോൾ എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കത്തു വന്നിരിക്കുന്നു. പിതാവിന്റെ നിർദ്ദേശാനുസരണം പ്രൊക്യുറേറ്റർ ഫാ. തയ്യിൽ അവർകളുടെ കത്താണ്. ആ കത്തു വായിച്ചപ്പോൾ എനിക്ക് വിശ്വസിക്കുവാൻ സാധിച്ചില്ല. ഞാൻ തിരിച്ചും മറിച്ചും നോക്കി 50 സെറ്റ് പുസ്തകമാണ് ആവശ്യപ്പെട്ടത്. എന്തൊരു അത്ഭുതമാണ്. എന്റെ കത്തിനോട് 5 ശതമാനം ആളുകൾ പോലും പ്രതികരിച്ചില്ല. അതിനെയൊക്കെ അതിശയിക്കുന്ന വിധത്തിലുള്ള സഹായമാണ് പെരുന്തോട്ടം പിതാവിൽ നിന്നും ലഭിച്ചത്. സത്യത്തിന് നേരെ കണ്ണടക്കരുതെന്ന എന്റെ പുസ്തകത്തിന്റെ 500 കോപ്പികളാണ് പെരുന്തോട്ടം പിതാവ് വാങ്ങി വിതരണം ചെയ്തത്. ഒച്ചപ്പാടുകൾക്കൊന്നും ഇടംകൊടുക്കാതെ ശാന്തമായി പ്രവർത്തിക്കുന്ന പെരുന്തോട്ടം പിതവിന്റെ സഹകരണം പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു.

## കൊട്ടിയൂർ പള്ളി വികാരി

ഒരുകാലത്ത് കർഷക പ്രക്ഷോഭണ കേന്ദ്രമെന്ന നിലയിൽ പ്രസിദ്ധിയാർജിച്ച ഒരു പ്രദേശമാണ് കൊട്ടിയൂർ. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ, ഫാ. ജേക്കബ് ചിറയത്ത് എന്നിവർ നയിച്ച സമരമാണ് കൊട്ടിയൂരിലെ 6000–ലധികം കുടുംബങ്ങൾക്ക് മണ്ണിലുള്ള അവകാശം ലഭിക്കാൻ കാരണമായത്. വർഷം 55 കഴിഞ്ഞു. പഴയസമരത്തിന്റെ കഥ ഇന്നത്തെ തലമുറക്ക് അറിയാൻ പാടില്ല. അവരെ പഴയകാല സംഭവങ്ങൾ

പഠിപ്പിക്കുവാനും അവരുടെ പൂർവ്വികർ നേരിട്ട വെല്ലുവിളികളെപ്പറ്റി മനസ്സിലാക്കിക്കുവാനും ഇപ്പോഴത്തെ കൊട്ടിയൂർപള്ളി വികാരി ചെയ്യുന്ന സേവനങ്ങൾ അഭിമാനകരമാണ്. ആരാണ് കൊട്ടിയൂർ പള്ളി വികാരി? എന്റെ എഴുത്ത് ഒരു പ്രതിസന്ധിയിലായപ്പോൾ എന്റെ എല്ലാ പുസ്തകത്തിന്റെയും 41 കോപ്പികൾ വിലയ്ക്കെടുത്ത് വിതരണം ചെയ്ത് എന്നെ സഹായിച്ച മുൻ മാനന്തവാടി രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. വടക്കുംചേരിയിൽ ആണ് കൊട്ടിയൂർ പള്ളി വികാരി. അദ്ദേഹത്തെപ്പറ്റി ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് 22-ാം പേജിൽ ഞാൻ എഴുതിയിട്ടുണ്ട്.

ഒരുദിവസം എന്നെ ഫോണിൽ വിളിച്ച് എന്റെ എല്ലാ പുസ്തകത്തിന്റെയും 5 സെറ്റ് കോപ്പികളും ശ്രീ. ബെല്ലിംഗ്ടന്റെ ജീവചരിത്രഗ്രന്ഥത്തിന്റെ 50 കോപ്പികളും, അയച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ആ ഇടവകയിലെ യുവാക്കളോട് സംസാരിക്കുവാൻ കൊട്ടിയൂർ ചെല്ലണമെന്നും അച്ചൻ പറഞ്ഞു. ഞാൻ കൊട്ടിയൂരിൽ എത്തി. അവിടുത്തെ യുവാക്കളോട് ഒരു സംവാദത്തിനാണ് എന്നെ ക്ഷണിച്ചത്. എന്റെ എല്ലാ പുസ്തകങ്ങളും ഒരു ഹാളിൽ നിരത്തി വച്ചിരിക്കുകയാണ്. ഒരാഴ്ചയായി അവിടുത്തെ യുവാക്കൾ ആ പുസ്തകം എടുത്ത് വായിച്ച് വിശദീകരണം ചോദിക്കുവാൻ തയ്യാറെടുത്തു നിൽക്കുകയായിരുന്നു. കൊട്ടിയൂർ മേൽച്ചാർത്ത് പ്രക്ഷോഭണവും എല്ലാം അവർ എന്റെ പുസ്തകം വായിച്ച് മനസ്സിലാക്കിയിരുന്നു. സംവാദം നാലര മണിക്കൂർ നീണ്ടുനിന്നു. അവർ സംഘടിതമായി ഒരു കാര്യം പറഞ്ഞു "മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി, ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ, ഫാ. ചിറയത്ത് തുടങ്ങിയ മഹാത്മാക്കളുടെ പരിശ്രമഫലമായിട്ടാണ് ഇന്നിവിടെ ഞങ്ങൾക്ക് നിലനില്പുണ്ടായത്. കൊട്ടിയൂർ ജനത ആ മഹാത്മാക്കളോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. അവർക്ക് ഒരു സ്മാരകം കൊട്ടിയൂർ ഉണ്ടാകേണ്ടതാണ്" ഒരു ജനതയെ അവരുടെ ചരിത്രം പഠിപ്പിക്കുവാനും അവരെ ആവേശം കൊള്ളിക്കുവാനും കൊട്ടിയൂർ പള്ളിവികാരി റവ. ഫാ. റോബിൻ വടക്കുംചേരിയിൽ സ്വീകരിച്ച മാർഗ്ഗങ്ങൾ എത്ര ശ്ലാഘനീയമാണ്. എന്റെ ഏതാണ്ട് 35000 രൂപയുടെ പുസ്തകങ്ങൾ വാങ്ങി ഇടവകയിലെ ജനങ്ങൾക്ക് വിതരണം ചെയ്തു. സഭാചരിത്രപരമായ ഗ്രന്ഥങ്ങളാണ് ഞാൻ രചിച്ചിട്ടുള്ളതെല്ലാം. ചരിത്രപരമായ കാര്യങ്ങളെല്ലാം ഇടവകയിലെ യുവതലമുറയെ പഠിപ്പിക്കുവാൻ വികാരിയച്ചൻ സ്വീകരിച്ച മാർഗ്ഗം എന്നെ വികാരാധീനനാക്കിയെന്നു പറയാം. സഭയ്ക്കെതിരായി വന്നിട്ടുള്ള എല്ലാ ആരോപണങ്ങളെയും നിഷേധിച്ചുകൊണ്ടുള്ള എന്റെ ഗ്രന്ഥങ്ങൾ, ഇടവക വികാരിമാർ വിചാരിച്ചാൽ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും. പല വികാരിമാരെയും ഞാൻ സമീപിച്ചിട്ടുണ്ട്. യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ബഹു. വികാരിമാർ മനസ്സുവച്ചാൽ ഈ രംഗത്ത് വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ളതിന്റെ തെളിവാണ് വടക്കുംചേരിയിൽ റോബിനച്ചന്റെ ഈ നടപടി.

റോബിനച്ചനിൽ നിന്നും പല സന്ദർഭങ്ങളിലും ലഭിച്ചിട്ടുള്ള സഹായ സഹകരണങ്ങളുടെ മുൻപിൽ ഞാൻ ശിരസ് നമിക്കുന്നു. നമ്മുടെ വികാരി മാരും, സെമിനാരി അധികൃതരും, സ്ഥാപനാധികാരികളും മനസ്സുവച്ചാൽ ഈ രംഗത്ത് അത്ഭുതം സൃഷ്ടിക്കുവാൻ സാധിക്കും.

## ഫാ. മാത്യു വാണിശ്ശേരിയും ഫാ. ജോൺ മേലേപ്പുറവും

കാൽനൂറ്റാണ്ടുകാലമായി അടുത്ത് ഇടപെടുന്ന ഒരു വന്ദ്യവൈദികനാണ് ഫാ. മാത്യു വാണിശ്ശേരി. അദ്ദേഹത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അദ്ദേഹം അമേരിക്കയിൽ നിന്നും നാട്ടിൽ വരുന്ന സമയങ്ങളിലെല്ലാം ഞങ്ങൾ തമ്മിൽ ബന്ധപ്പെടാറുണ്ട്. എല്ലാ പുസ്തകങ്ങളുടെയും കോപ്പികൾ അദ്ദേഹം വാങ്ങിയിട്ടുണ്ട്.

ഫാ. ജോൺ മേലേപ്പുറവുമായി കാൽനൂറ്റാണ്ടുകാലമായി പരിചയമുണ്ട്. ആളൂർബറ്റൽ ലൈഫ് സെന്ററിന്റെയും കേരളസഭാ സെമിനാറിന്റെയും കേരള സഭാ മാസികയുടെയും പ്രവർത്തനങ്ങളിൽ ഞങ്ങൾ ഒന്നിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ഏതോ മാസികയുമായി അദ്ദേഹം അമേരിക്കയിലേക്കു പോയി. അവിടെയും ഞങ്ങളുടെ സ്നേഹബന്ധം തുടർന്നു. എന്റെ സഹോദരൻ ഡോ. കച്ചിറമറ്റം എഴുതിയ ഒൻപത് ഗ്രന്ഥങ്ങൾ അദ്ദേഹം വാങ്ങി. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിന്റെ നിരവധി കോപ്പികൾ അമേരിക്കയിൽ നിന്നും വാങ്ങി. പിന്നീട് ഞാൻ രചിച്ച എല്ലാ ഗ്രന്ഥങ്ങളുടെയും കോപ്പികൾ വാങ്ങിക്കുകയും ചെയ്തു.

എന്റെ പുസ്തക രചനയെ പ്രോത്സാഹിപ്പിച്ച നിരവധിയാളുകളുണ്ട്. പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ ചങ്ങനാശ്ശേരി, പ്രൊഫ. മാത്യു ഉലകംതറ, ഷെവ. വർഗീസ് കരിപ്പായിൽ, മോൺ മാത്യു ചാലിൽ (തലശ്ശേരി) മോൺ ഫിലിപ്പ് ഞരളക്കാട്ട്, പാലാ, ഫാ. കുര്യൻ മാതോത്ത്, ഫാ. ജോസ് കോട്ടയിൽ, ഫാ. സിറിയക് കുന്നേൽ, കൂനമ്മാക്കൽ തോമ്മാക്കത്തനാർ, ഫാ. തച്ചിൽ എറണാകുളം, എന്റെ ഗുരുനാഥൻ ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ, ഡോ. കുര്യാക്കോസ് കുമ്പളക്കുഴി തുടങ്ങിയവരെ ഞാൻ പ്രത്യേകം സ്മരിക്കുന്നു.

എന്റെ എല്ലാപുസ്തകങ്ങളും വിലയ്ക്കുവാങ്ങി വിതരണം ചെയ്യുന്ന തിലും മാറ്റർ ശേഖരിച്ചു തരുന്നതിലും പ്രത്യേകം താല്പര്യമെടുത്ത രണ്ടു സുഹൃത്തുക്കളാണ് ശ്രീ. മാത്യു കണ്ടം (തലശ്ശേരി), ശ്രീ. ബൻസ് ആളൂക്കാരൻ (തൃശൂർ) എന്നിവർ. ഇവരുടെയൊക്കെ സേവനങ്ങളെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

# മൂന്നാംഭാഗം
# അച്ചടിയിലിരിക്കുന്ന ഗ്രന്ഥങ്ങൾ

## 53. എഴുത്തിന്റെ ചരിത്രം

അച്ചടിയിലിരിക്കുന്ന ഒരു ഗ്രന്ഥമാണ് എഴുത്തിന്റെ ചരിത്രം. കഴിഞ്ഞ 15 വർഷം കൊണ്ട് ഞാൻ 50 പുസ്തകങ്ങൾ രചിച്ചു. 1488 പേജുവരെയുള്ള വലിയ ഗ്രന്ഥങ്ങൾ അതിൽപെടും. 50 ഗ്രന്ഥങ്ങൾ ഓരോന്നും രചിക്കാനിടയായ സാഹചര്യങ്ങളെപ്പറ്റിയാണ് ഈ ഗ്രന്ഥത്തിൽ പ്രധാനമായും പ്രതിപാദിക്കുക. ക്രൈസ്തവർക്കെതിരായി പല പ്രസദ്ധീകരണങ്ങളിലും പ്രസദ്ധീകരിക്കുന്ന ലേഖനങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി അവയോട് പ്രതികരിക്കുകയാണ് ഞാൻ ചെയ്തിരിക്കുന്നത്.

കത്തോലിക്കാപ്രസദ്ധീകരണങ്ങളിൽവരെ കത്തോലിക്കാനേതാക്കളെ ആക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങൾ വരുന്നു. അതിനെ എതിർത്ത് എഴുതാൻ ആർക്കും ധൈര്യമില്ല. ഈ സാഹചര്യത്തിലാണ് എന്റെ പല പുസ്തകങ്ങളും രചിക്കപ്പെട്ടത്. സത്യം തുറന്നുപറയുവാൻ ആരും ധൈര്യപ്പെടുന്നില്ല. സംയുക്തമായി അതിനെ ചെറുക്കാൻ പോലും ആരും കൂടുകയില്ല. എന്തിന് ആ പ്രസദ്ധീകരണങ്ങളുടെ ശത്രുത ഞാൻ ഏറ്റുവാങ്ങുന്നുവെന്ന് ചിന്തിക്കുന്നവരാണധികം. പ്രീതി നോക്കാതെയും പേടികൂടാതെയും കാര്യങ്ങൾ തുറന്നുപറയണമെന്ന മാർപടിയറപിതാവിന്റെ വാക്കുകളാണ് എന്റെ പല പുസ്തകങ്ങളും രചിക്കാൻ എന്നെ പ്രേരിപ്പിച്ചത്. എന്റെ 50 പുസ്തകങ്ങൾ ഓരോന്നും രചിക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി ഈ ഗ്രന്ഥത്തിൽ ഞാൻ തുറന്നെഴുതിയിട്ടുണ്ട്. അതിന്റെ പേരിൽ കുറെയധികം വേദനകൾ ഞാൻ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. സത്യം തുറന്നു പറയുവാൻ ആരും ധൈര്യപ്പെടാത്തതുകൊണ്ട് ഞാൻ ആ കൃത്യം നിർവ്വഹിക്കുന്നുവെന്നുമാത്രം. അതിന്റെ ലാഭനഷ്ടത്തെപ്പറ്റി ഞാൻ ചിന്തിച്ചിട്ടില്ല.

വേലുത്തമ്പിയുടെ കുണ്ടറവിളംബരത്തിന്റ 200-ാം വാർഷികം ഗംഭീരമായി ആഘോഷിക്കണമെന്ന് പല കത്തോലിക്കാ പ്രസദ്ധീകരണങ്ങളിലും തുടരെതുടരെ ലേഖനങ്ങൾ വന്നു. ഈ രാജ്യത്തെ സവർണ്ണ ചരിത്രകാരന്മാർ തയ്യാറാക്കിയ ചരിത്രം മാത്രം പഠിച്ചിട്ടുള്ളവരാണ് നമ്മളിൽ അധികം പേരും. . ഈ കുണ്ടറവിളംബരം ക്രിസ്ത്യാനികൾക്കെതിരായി ജനങ്ങളെ അണിനിരത്തുന്നതിന് വേലുത്തമ്പി തയ്യാറാക്കിയതാണ് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ് കുണ്ടറവിളംബരം ഞാൻ പ്രസദ്ധീകരിച്ചത്. (പ്രസിദ്ധീകരിക്കുന്നത് 31.10.2016-ൽ)

# 54. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും വിപുലീകരിച്ച പതിപ്പ്

ഒന്നാംപതിപ്പ് 31.10.2000-ൽ ആണ് പ്രസിദ്ധീകരിച്ചത്. ആ ഗ്രന്ഥത്തിന് നാല് അവാർഡുകൾ ലഭിച്ചു. ഒന്നാംപതിപ്പ് പ്രസിദ്ധീകരിച്ചതിനുശേഷമുള്ള കാര്യങ്ങളും ഒന്നാംപതിപ്പിൽ ചേർക്കാൻ വിട്ടുപോയ കാര്യങ്ങളും ഉൾപ്പെടുത്തിയാണ് പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിക്കുന്നത്.

ഒന്നാംപതിപ്പ് 540 പേജുകൾ ഉണ്ട്. 12 പോയിന്റ് ടൈപ്പിലാണ് അച്ചടിച്ചത്. പരിഷ്കരിച്ച പതിപ്പ് 11 പോയിന്റ് ടൈപ്പിലാണ്. എന്നിട്ടും 700-ഓളം പേജുകൾ വരും. ചുരുക്കത്തിൽ ഒന്നാംപതിപ്പിന്റെ ഒന്നര ഇരട്ടി മാറ്റർ ഈ ഗ്രന്ഥത്തിൽ ഉണ്ടാകും. ഈ ഗ്രന്ഥം എല്ലാ സമുദായാംഗങ്ങളും വായിച്ചിരിക്കണമെന്നാണ് എന്റെ ആഗ്രഹം. (പ്രസിദ്ധീകരിക്കുന്നത് 31.10.2016-ൽ)

# 55. കൂനമ്മാക്കൽ തോമ്മാകത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ - ഒരു പഠനം

ഗോവർണ്ണദോറച്ചന്റെ കാലടികൾ പിന്തുടരുന്ന സഭാസ്നേഹിയാണ് രാമപുരം സ്വദേശിയായ കൂനമ്മാക്കൽ തോമ്മാകത്തനാർ, സീറോ-മലബാർസഭയുടെ തനിമയും പാരമ്പര്യവും അഭംഗുരം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു സമർപ്പിത ജീവിതം നയിക്കുന്ന തോമ്മാകത്തനാർ വേറിട്ടൊരു വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹം എഴുതിയ മിക്ക ലേഖനങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. അതിനെപ്പറ്റിയെല്ലാം വിശദമായി പഠനം നടത്തണമെന്നാണ് ആഗ്രഹം. മറ്റുപലരും പറയുവാൻ ഭയപ്പെടുന്ന കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുവാൻ കൂനമ്മാക്കൽ തോമ്മാക്കത്തനാർ കാണിക്കുന്നധൈര്യം അഭിമാനകരമാണ്.

തോമ്മാക്കത്തനാരുടെ ഏഴു ലേഖനങ്ങളെപ്പറ്റിയുള്ള പഠനം ആണ് ഒന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നത് ഒരിക്കലും കാലിടറാതെ പ്രവർത്തിക്കുന്ന ഫാ. പ്ലാസിഡച്ചന്റെയും ഹെന്ദോമെമ്മോറാണ്ടത്തിന്റെ സൂത്രധാരകനായ തോട്ടക്കര ജോൺബോസ്കോ അച്ചന്റെയും ആരാധകനും ഉത്തമ അനുയായിയും ആണ് തോമ്മാകത്തനാർ.

സ്വാർത്ഥ ചിന്തകളൊന്നുമില്ലാത്ത നിർഭയനായ ഒരു സഭാ സ്നേഹിയാണ് കൂനമ്മാക്കൽ തോമ്മാകത്തനാർ. അദേഹത്തിന്റെ ലേഖനങ്ങളെപ്പറ്റി ഒരു പഠനം നടത്താൻ ശ്രമിക്കുന്നത് അഭിമാനത്തോടെയാണ്.

(ഈ നാലുപുസ്തകങ്ങൾ ഒക്ടോബർ 31-ന് പ്രസിദ്ധീകരിക്കണമെന്നാണ് ആഗ്രഹം) (പ്രസിദ്ധീകരിക്കുന്നത് 31.10.2016-ൽ)

# 56. എന്നെ വഴിനടത്തിയവർ

അച്ചടിയിലിരിക്കുന്ന മറ്റൊരു ഗ്രന്ഥമാണ് എന്നെ വഴിനടത്തിയവർ. സുഖദുഃഖ സമ്മിശ്രമാണല്ലോ നമ്മുടെ ജീവിതം നമ്മുടെ ഒരോരുത്തരുടെയും ജീവിതത്തിലെ ഓരോ സംഭവങ്ങളും നമ്മളെ സന്തോഷിപ്പിക്കുകയും, ദുഃഖിപ്പിക്കുകയും ചെയ്യുന്നതാണ്. എന്റെ ജീവിതത്തിലും അതു സാധാരണമാണ്.

ആ പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് എന്നെ മുന്നോട്ടുനയിച്ചത് ആരാണ് എന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. 1960 കളിൽ കുടിയിറക്കുകൾക്കും മേൽച്ചാർത്തിനുമെതിരായി കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് ഞാൻ സമരത്തിനിറങ്ങിയപ്പോൾ ഒട്ടേറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. അപ്പോഴൊക്കെ എനിക്ക് ധൈര്യം നൽകിയത് പഴയനിയമത്തിലെ തോബിത്തിന്റെയും ജോബിന്റെയും കഥകളാണ്. ഹരിശ്ചന്ദ്രകഥയും എനിക്ക് പ്രചോദനം നൽകി.

ചിലതെറ്റുകൾക്കെതിരെ ഞാൻ ശക്തമായി നിലപാടെടുത്തിട്ടുണ്ട്. അതിന് എന്നെ ധൈര്യപ്പെടുത്തിയത് വി. സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമികളിൽക്കൂടി അനീതിക്കെതിരെ നടത്തിയ ഗർജ്ജനങ്ങളാണ് നമുക്ക് അവനോടുകൂടി പോയി മരിക്കാം എന്നു പറഞ്ഞുകൊണ്ട് മറ്റു ശ്ലീഹന്മാർക്ക് ധൈര്യം പകർന്നുനൽകിക്കൊണ്ട് മുന്നോട്ടുനീങ്ങിയ വി. തോമ്മാശ്ലീഹായുടെ വാക്കുകൾ എനിക്ക് ഊർജ്ജം നല്കി.

ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥിതിയുടെ ചരിത്രത്തിൽ കറുത്തലിപികളിൽ എഴുതപ്പെടേണ്ട സംഭവമാണല്ലോ ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥപ്രഖ്യാപനം. ആ അടിയന്തരാവസ്ഥകാലത്ത് അതിനെതിരെ രഹസ്യയോഗങ്ങൾ സംഘടിപ്പിക്കുന്നതിലും മറ്റും ഞാൻ സജീവമായി പങ്കുചേർന്നു എനിക്കതിന് ശക്തിപകർന്നത് സിയന്നായിലെ വി. കത്രീനയുടെ വാക്കുകളാണ്.

ഐക്യമുന്നണി സർക്കാരിന്റെ ഭരണകാലത്ത് നടന്ന കുടിയിറക്കുകൾക്കും മേൽചാർത്തിനുമെതിരെ നടന്ന സമരത്തിൽ ഫാ. വടക്കനോടും എ.കെ.ജിയോടും ഒപ്പം നിന്ന് പോരാടുവാൻ എനിക്ക് ശക്തിതന്നതും വി. സ്നാപകയോഹന്നാന്നും, വി.തോമ്മാശ്ലീഹായും ഒക്കെയാണ്. സഭയിലെ-സമുദായത്തിൽപെട്ട പലരും എന്റെ പ്രവർത്തനങ്ങളെ ശക്തമായി എതിർത്തപ്പോൾ ആ ഭീഷണികളെയെല്ലാം അതിജീവിച്ച് മുന്നേറുവാൻ എനിക്ക് ധൈര്യം നൽകിയതും അവർ തന്നെയാണ്. എന്തെന്തു പ്രതിസന്ധികളെ നേരിടേണ്ടിവന്നുവെന്നത് ഓർക്കുമ്പോൾ ഇന്ന് അത്ഭുതം തോന്നും.

വളരെ സുഖമായ ജീവിതം നയിച്ച തോബിതും ജോബും അനുഭവിച്ച ദുരിതങ്ങളെപ്പറ്റിയും അവർ അവസാനം അനുഭവിച്ച സന്തോഷത്തിന്റെയും കഥകൾ നമ്മുടെ ജീവിതം പ്രത്യാശ പൂരിതമാക്കുന്നു. ഇവയെപ്പറ്റിയെല്ലാം തുറന്നമനസ്സോടെ ഈ ഗ്രന്ഥത്തിൽ ഞാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

(പ്രസിദ്ധീകരിക്കുന്നത് 10.03.2017-ൽ)

# 57. ഉപസംഹാരം

അൻപതുപുസ്തകങ്ങൾ ഇതിനകം ഞാൻ പ്രസിദ്ധീകരിച്ചു. നാലു പുസ്തകങ്ങൾ ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇത്രയും പുസ്തകങ്ങൾ ഞാൻ രചിക്കുമെന്ന് പ്രതിക്ഷിച്ചതല്ല. ഓരോ സാഹചര്യങ്ങൾ ഓരോ പുസ്തകവും രചിക്കുവാൻ എന്നെ പ്രേരിപ്പിച്ചു.

എന്റെ ചില ഗ്രന്ഥങ്ങളിലെ ശൈലി കഠിനമാണെന്ന് അഭിപ്രായപ്പെട്ടവരുണ്ട് തിരിച്ച് അഭിപ്രായമുള്ളവരുമുണ്ട്. എന്റെ സമുദായത്തെയും സമുദായനേതാക്കളെയും മനഃപൂർവ്വം ആക്ഷേപിക്കുവാൻ പലരും ശ്രമിക്കുന്നുണ്ട്. തച്ചിൽ മാത്തുതരകനെയും ഷെവഃ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മനെയും ആക്ഷേപിക്കുന്നതിൽ ചില സവർണ്ണചരിത്രകാരന്മാർ മത്സരിക്കുകയാണ്. അവരുടെ ചരിത്രരചന ശരിയാണെന്ന് വിശ്വസിച്ചുകൊണ്ട് ചില കത്തോലിക്കാ പ്രസദ്ധീകരണങ്ങളും അത് ഏറ്റു പാടുകയും ചെയ്യുന്നു. ആ ചരിത്രകാരന്മാരോടും അവരുടെ ചരിത്രം ശരിയാണെന്ന് വിശ്വസിച്ച് അത് ഏറ്റുപാടുന്ന ക്രൈസ്തവപ്രസദ്ധികരണക്കാരോടും മയത്തിൽ പെരുമാറുവാൻ എനിക്കു സാധിക്കുകയില്ല. അവർ ഉന്നയിക്കുന്ന ആരോപണങ്ങളെ അതേ ഭാഷയിൽ തന്നെ എതിർക്കുവാൻ ഞാൻ പലപ്പോഴും നിർബന്ധിതനായിതീർന്നിട്ടുണ്ട്.

## മോൺ. തോമസ് വടശ്ശേരി

എന്റെ ഈ പുസ്തകം ഞാൻ സമർപ്പിച്ചിരിക്കുന്നത് കേരളാ ഗിബ്ബൺസ് എന്ന പേരിലറിയപ്പെടുന്ന പ്രമുഖ ചരിത്രകാരനായ മോൺ. തോമസ് വടശ്ശേരിക്കാണ്. അദ്ദേഹം തിരുവല്ല രൂപതയുടെ വികാരി ജനറാളായിരുന്നു. അദ്ദേഹം രചിച്ച കത്തോലിക്കാസഭയും യാക്കോബായാ വാദങ്ങളും എന്ന ഗ്രന്ഥത്തിലെ ഭാഷ ശക്തമായിരുന്നു. ആ ശൈലി മാറ്റണമെന്ന് മാർ സെവേറിയോസ് തിരുമേനി ആവശ്യപ്പെട്ടു. അതിന് മോൺ. വടശ്ശേരി തയ്യാറായില്ല. അതിനെ തുടർന്ന് വികാരി ജനറാൾ സ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കം ചെയ്യുകയും ഇടവക ഭരണത്തിന് നിയോഗിക്കുകയും ചെയ്തു. വികാരി ജനറാൾ എന്ന നിലയിൽ ലഭിച്ച മോൺ. സ്ഥാനം അതോടെ നഷ്ടപ്പെട്ടു. അതിൽ അദ്ദേഹം ദുഃഖിച്ചില്ല.

മോൺ. വടശ്ശേരിയുടെ ജീവചരിത്രകാരനായ ഫാ. വർഗ്ഗീസ് കിളിച്ചിമല മോൺ. വടശ്ശേരിയുടെ വാദമുഖങ്ങളെ ഇങ്ങനെയാണ് സംഗ്രഹിച്ചിരിക്കുന്നത്. "വിമർശനങ്ങൾ നടത്തുന്നത് വിദ്വേഷബുദ്ധി കൊണ്ടല്ല. അനീതിയേയും അസത്യത്തെയും അധർമ്മത്തെയും എല്ലാ മഹാത്മാക്കളും നിശിതമായി വിമർശിച്ചിട്ടുണ്ട്. ക്രിസ്ത്രുവിന്റെയും യോഹന്നാൻ മാംദാനയുടെയും കഥ പ്രസ്താവ്യമാണ്. അണലികളുടെ സന്താനമേ എന്ന് സ്നാപകൻ ഫരിസേ

യരെ വിളിച്ചു. ക്രിസ്തു നിയമജ്ഞരെയും ഫരിസേയരെയും അപഹസിച്ചു. ഉന്നതസ്ഥാനികളുടെ തെറ്റുകളും തെറ്റുതന്നെയാണ്.

മറ്റുള്ളവർക്ക് അതൃപ്തിയുണ്ടാകുമെന്ന് കരുതി കത്തോലിക്കാ സത്യം പ്രസംഗിക്കാൻ മടിക്കരുത്. അത്തരക്കാർ ചിലപ്പോൾ മനപൂർവ്വം സത്യം പറയാതിരിക്കാം. സത്യം പറയുന്നതിൽ നിന്ന് ചിലപ്പോൾ സൂത്രം പ്രയോഗിച്ച് ഒഴിഞ്ഞു മാറും. വേറെ ചിലർ സത്യവും അസത്യവും കൂട്ടിക്കുഴച്ച് സംസാരിക്കും. പാഷണ്ഡതക്കും അസത്യത്തിനുമെതിരായി സഭാസന്താനങ്ങൾ നടത്തിയ സമരത്തിന്റെ കഥയാണ് സഭാചരിത്രം. (മോൺ. തോമസ് വടശ്ശേരി ജീവചരിത്രം പേജ് 105-106)

ഞാൻ മോൺ. വടശ്ശേരിയെ ആദരിക്കുന്നു. അദ്ദേഹത്തിന്റെ നിലപാടിനെ അനുകൂലിക്കുകയും ചെയ്യുന്നു. ചെറുപ്പത്തിൽ തന്നെ എന്നെ ഏറെ സ്വാധീനിച്ച പുരോഹിതനാണ് ഫാ. വടശ്ശേരി. പിൽക്കാലത്ത് അദ്ദേഹത്തിന് മോൺ. സ്ഥാനം ലഭിച്ചപ്പോൾ ഏറെ സന്തോഷിച്ചയാളാണ് ഈ ലേഖകൻ.

എന്റെ പല ഗ്രന്ഥങ്ങളിലും നിശിതമായ വിമർശനം നടത്തേണ്ടിവന്നിട്ടുണ്ട്. അപ്പോഴെല്ലാം ഞാൻ മോൺ. വടശ്ശേരിയെ സ്മരിക്കും. കത്തോലിക്കാ പ്രസദ്ധീകരണങ്ങളിൽ- കുണ്ടറവിളംബരത്തിന്റെ ജൂബിലിയാഘോഷിക്കണമെന്ന് എഴുതിയപ്പോൾ എനിക്ക് ക്ഷോഭം വന്നു. ഞാൻ അതിന് മറുപടി എഴുതിയപ്പോൾ എന്റെ ശൈലി എന്റെ പദപ്രയോഗങ്ങൾ അല്പം കടന്നുപോയിരിക്കാം. അതുപോലെ തച്ചിൻ മാത്യൂതരകനെയും ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മനെയും ആക്ഷേപിച്ച് എഴുതിയവർക്കെതിരെ എന്റെ പദപ്രയോഗങ്ങൾ അല്പം കടന്നുപോയിരിക്കാം. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ ആണ് അത്തരം ലേഖനങ്ങൾ വന്നതെങ്കിൽ എന്റെ ക്ഷോഭം പതിന്മടങ്ങാകും. എന്റെ വിമർശനത്തിന്റെ ഗ്രാഫ് ഉയരും. അതു മനഃപൂർവ്വമല്ല. എന്റെ സമുദായത്തോടും സമുദായനേതാക്കളോടുമുള്ള എന്റെ ആദരവാണ് അതിനു കാരണം. ക്ഷമിക്കുക.

**എന്റെ പുസ്തകരചനകൾ കൊണ്ട് എനിക്ക് ഒരു കാര്യം മനസ്സിലായി. കത്തോലിക്കാ സമുദായത്തെയും സമുദായനേതാക്കളെയും ആക്ഷേപിച്ച് ആര് എന്ത് എഴുതിയാലും ഈ സമുദായത്തിൽപ്പെട്ട ജനങ്ങൾക്ക് ഒരു വേദനയും ഇല്ലന്ന്-** സമുദായംഗങ്ങളിൽ വർദ്ധിച്ചുവരുന്ന ഈ നിസംഗതാമനോഭാവം എന്നുമാറും? എങ്ങനെ മാറ്റും?

മുസ്ലീം സമുദായത്തെപ്പറ്റിയോ, ഈഴവസമുദായത്തെപ്പറ്റിയോ നായർ സമുദായത്തെപ്പറ്റിയോ അവരുടെ നേതാക്കളെപ്പറ്റിയോ ആക്ഷേപിച്ച് എഴുതിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുക്കൾ എന്തായിരിക്കുമെന്ന് കത്തോലിക്കർ ചിന്തിക്കുന്നത് നന്നായിരിക്കും.

ഞാൻ സത്യം പറഞ്ഞപ്പോൾ എന്റെ ശൈലി അല്പം കടന്നു പോയിട്ടുണ്ടെങ്കിൽ വായനക്കാർ ക്ഷമിക്കണം.

MALANKARA
LIBRARY



ജോൺ കച്ചിറമറ്റം

# എന്റെ എഴുത്തിന്റെ ചരിത്രം

ശ്രീ ജോൺ കച്ചിറമത്തിന്റെ കഴിവും കാരകശക്തിയും കേരളചരിത്രത്തിന്റെ ഇരുൾ പുരണ്ട ഏടുകളിലേയ്ക്കു തിരിഞ്ഞതു കേരളത്തിന്റെ ഭാഗ്യമെന്നു പറയാം. കേരളത്തിന്റെ പൗരാണിക ചരിത്രത്തിലേയ്ക്കു വെളിച്ചം വീശിക്കൊണ്ടു ഇവിടുത്തെ വിവിധ സമുദായങ്ങളുടെയും വിശിഷ്ട വ്യക്തികളുടെയും വസ്തുനിഷ്ടമായ കഥ അനാവരണം ചെയ്യുവാൻ കച്ചിറമറ്റം കാട്ടിയ അധ്വാനവും ഗവേഷണവും മറക്കുവാനോ മറയ്ക്കുവാനോ സാധ്യമല്ല. കേരളചരിത്രത്തിന്റെ താളുകളിൽ ഒളിഞ്ഞുകിടന്ന സംഭവങ്ങളെയും പ്രത്യേക പ്രതിഭകളുടെ സംഭാവനകളെയും അനന്തര തലമുറയ്ക്കു വിശദീകരിക്കുന്ന കച്ചിറമറ്റം, ഉദാത്തമായ ചരിത്ര പാണ്ഡിത്യത്തിന്റെ ഉടമയാണ്.

ഒരു സാധാരണ അധ്യാപകൻ, ജീവിതം സേവനവും സേവനം ജീവിതവുമാക്കി അടങ്ങാത്ത ആവേശവും ഒടുങ്ങാത്ത മനഃധൈര്യവുമായി കേരളചരിത്രത്തിന്റെ ഉള്ളുകളളികൾ തൊട്ടറിഞ്ഞ ആധികാരിക ചരിത്രകാരനായി മാറി. നമ്മുടെ രാഷ്ട്രീയ. സാമുദായിക, സാമൂഹ്യ ചരിത്രം മുഴുവൻ ആചമനം ചെയ്ത ആഗസ്ത്യമുനിയായി ഇദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്.

റവ. പ്രൊഫ. മാത്യു വാണിശ്ശേരി, കുടമാളൂർ, കോട്ടയം.

സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് കച്ചിമറ്റം എഴുത്ത് ആരംഭിച്ചത്. സംഘടനാ പ്രവർത്തനകാലഘട്ടത്തിൽ തന്റെ സമുദായത്തെ ആക്ഷേപിച്ചും അധിക്ഷേപിച്ചും മറ്റിതരസമുദായത്തിൽപ്പെട്ടവരും എന്തിന് സ്വസമുദായത്തിൽപ്പെട്ടവരും സംസാരിക്കുന്നതും എഴുതുന്നതും കച്ചിറമറ്റം ശ്രദ്ധിക്കുകയുണ്ടായി. ഈ ആക്ഷേപങ്ങളിൽ എന്തെങ്കിലും സത്യമുണ്ടോയെന്നറിയാൻ നടത്തിയ ഗവേഷണങ്ങളുടെ ഫലമാണ് അദ്ദേഹം എഴുതിയ ചരിത്രഗ്രന്ഥങ്ങൾ എല്ലാം.

ബൻസ് ആളൂക്കാരൻ, അരണാട്ടുകര, തൃശൂർ

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 655 കോട്ടയം